# ഇന്ത്യൻ സമൂഹം

## (സമൂഹശാസ്ത്രം)

ഭാഗം - 1

XII

കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2019

***First Edition***
*March 2006 Chaitra 1928*

***Reprinted***
*June 2014*

**PD 45T MJ**

***© National Council of Educational Research and Training, 2006***

**ALL RIGHTS RESERVED**

- No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise without the prior permission of the publisher.
- This book is sold subject to the condition that it shall not, by way of trade, be lent, re-sold, hired out or otherwise disposed of without the publisher's consent, in any form of binding or cover other than that in which it is published.
- The correct price of this publication is the price printed on this page. Any revised price indicated by a rubber stamp or by a sticker or by any other means is incorrect and should be unacceptable.

**Rs. .....**

*Printed on 80 GSM paper*

Published by the SCERT, Thiruvananthapuram
Department of Education,
Government of Kerala
&
Printed at:
Centre for Advanced Printing and Training (C-apt),
(Government of Kerala), Thiruvananthapuram

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികതനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്ന നിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ.ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

# FOREWORD

The National Curriculum Framework (NCF) 2005, recommends that children's life at school must be linked to their life outside the school. This principle marks a departure from the legacy of bookish learning which continues to shape our system and causes a gap between the school, home and community. The syllabi and textbooks developed on the basis of NCF signify an attempt to implement this basic idea. They also attempt to discourage rote learning and the maintenance of sharp boundaries between different subject areas. We hope these measures will take us significantly further in the direction of a child centred system of education outlined in the National Policy on Education (1986).

The success of this effort depends on the steps that school principals and teachers will take to encourage children to reflect on their own learning and to pursue imaginative activities and questions. We must recognise that, given space, time and freedom, children generate new knowledge by engaging with the information passed on to them by adults. Treating the prescribed textbook as the sole basis of examination is one of the key reasons why other resources and sites of learning are ignored. Inculcating creativity and initiative is possible if we perceive and treat children as participants in learning, not as receivers of a fixed body of knowledge.

These aims imply considerable change in school routines and mode of functioning. Flexibility in the daily time-table is as necessary as rigour in implementing the annual calendar so that the required number of teaching days are actually devoted to teaching. The methods used for teaching and evaluation will also determine how effective this textbook proves for making children's life at school a happy experience, rather than a source of stress or boredom. Syllabus designers have tried to address the problem of curricular burden by restructuring and reorienting knowledge at different stages with greater consideration for child psychology and the time available for teaching. The textbook attempts to enhance this endeavour by giving higher priority and space to opportunities for contemplation and wondering, discussion in small groups, and activities requiring hands-on experience.

The National Council of Educational Research and Training (NCERT) appreciates the hard work done by the textbook development committee responsible for this book. We wish to thank the Chairperson of the advisory group in Social Sciences, Professor Hari Vasudevan and the Chief Advisor for this book, Professor Yogendra Singh for guiding the work of this committee. Several teachers contributed to the development of this textbook; we are grateful to their principals for making this possible. We are indebted to the institutions and organisations which have generously permitted us to draw upon their resources, material and personnel. We are especially grateful to the members of the National Monitoring Committee, appointed by the Department of Secondary and Higher Education, Ministry of Human Resource Development under the Chairpersonship of Professor Mrinal Miri and Professor G.P. Deshpande, for their valuable time and contribution. As an organisation committed to systemic reform and continuous improvement in the quality of its products, NCERT welcomes comments and suggestions which will enable us to undertake further revision and refinement.

***Director***
National Council of Educational
Research and Training

New Delhi
*20 December 2005*

## TEXTBOOK DEVELOPMENT COMMITTEE

**CHAIRPERSON, ADVISORY COMMITTEE FOR SOCIAL SCIENCE TEXTBOOKS AT THE HIGHER SECONDARY LEVEL**

Hari Vasudevan, *Professor*, Department of History, University of Kolkata, Kolkata

**CHIEF ADVISOR**

Yogendra Singh, *Emeritus Porfessor*, Centre for the Study of Social Systems, Jawaharlal Nehru University, New Delhi

**MEMBERS**

Anjan Ghosh, *Fellow*, Centre for Studies in Social Sciences, Kolkata

Arshad Alam, *Lecturer*, Centre for Jawaharlal Nehru Studies, Jamia Milia Islamia, New Delhi

Arvind Chouhan, *Professor*, Department of Sociology, Barkatullah University, Bhopal

**Debal Singh Roy, *Professor*, Department of Sociology, Indira Gandhi National Open University, New Delhi**

Dinesh Kumar Sharma, *Professor*, Department of Education in Social Sciences and Humanities, NCERT

Jitendra Prasad, *Professor*, Department of Sociology, Mahrishi Dayanand University, Rohtak

M.N. Karna, *Professor (Retd.)*, Department of Sociology, North Eastern Hill University, Shillong

Maitrayee Chaudhuri, *Professor*, Centre for the Study of Social Systems, Jawaharlal Nehru University, New Delhi

Manju Bhatt, *Professor*, Department of Education in Social Sciences and Humanities, NCERT

Pushpesh Kumar, *Doctoral Fellow*, Institute of Economic Growth, University of Delhi, Delhi

Rajesh Mishra, *Professor*, Department of Sociology, Lucknow University, Lucknow

Rajiv Gupta, *Professor*, Department of Sociology, University of Rajasthan, Jaipur

S. Srinivasa Rao, *Assistant Professor*, Zakir Husain Centre for Educational Studies, Jawaharlal Nehru University, New Delhi

Satish Deshpande, *Professor*, Department of Sociology, University of Delhi, Delhi

Soumendra Mohan Patnayak, *Professor*, Department of Anthropology, University of Delhi, Delhi

Subhangi Vaidya, *Assistant Director*, Regional Service Division, Indira Gandhi National Open University, New Delhi

**MEMBER-COORDINATOR**

Sarika Chandrawanshi Saju, *Assistant Professor*, Department of Education in Social Sciences and Humanities, NCERT

# പാഠപുസ്തക വിവർത്തനം

## ശില്പശാലയിൽ പങ്കെടുത്തവർ

**അജിത് ആർ. പിള്ള**
എച്ച്.എസ്.എസ്.ടി, ഡി.ബി.എച്ച്.എസ്.എസ്. പത്തനംതിട്ട

**പ്രവീൺകുമാർ സി.ഡി.**
എച്ച്.എസ്.എസ്.ടി., പി.ടി.എം.എച്ച്.എസ്.എസ്. താഴേക്കോട്, മലപ്പുറം

**ജൻകേഷ് കെ.**
എച്ച്.എസ്.എസ്.ടി., ഇരിട്ടി എച്ച്.എസ്.എസ്. കണ്ണൂർ

**ഫൈസൽ കെ.**
എച്ച്.എസ്.എസ്.ടി., ഇ.എം.ഇ.എ.എച്ച്.എസ്.എസ്. കൊണ്ടോട്ടി, മലപ്പുറം

**സാനു കെ. സുഗതൻ**
എച്ച്.എസ്.എസ്.ടി., ടി.കെ.എം.എച്ച്.എസ്.എസ്. വാണിയംകുളം

## വിദഗ്ധർ

**ഡോ. സജി പി. ജേക്കബ്**
പ്രിൻസിപ്പൽ, ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ് തിരുവനന്തപുരം

**ജിഷ ചാക്കുണ്ണി (സിസ്റ്റർ ജ്യോതി)**
അസി. പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യോളജി കാർമൽ കോളേജ്, മാള

**ഡോ. കെ.എം. ഭരതൻ**
പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കൾച്ചറൽ ഹെറിറ്റേജ് മലയാളം യൂണിവേഴ്സിറ്റി

## പ്രൂഫ്

**പി. യഹിയ**
ജി.ജി.എം.ജി. എച്ച്.എസ്.എസ്., ചാലപ്പുറം, കോഴിക്കോട്

## ചിത്രങ്ങൾ

**സന്തോഷ് വെളിയന്നൂർ**

## അക്കാദമിക് കോർഡിനേറ്റർ

**അഞ്ജന വി. ആർ. ചന്ദ്രൻ,** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

Z6J1V4

# ഉള്ളടക്കം


1. ഇന്ത്യൻ സമൂഹത്തെ പരിചയപ്പെടുത്തൽ
2. ഇന്ത്യൻ സമൂഹത്തിന്റെ ജനസംഖ്യാപരമായ ഘടന
3. സാമൂഹികസ്ഥാപനങ്ങൾ: തുടർച്ചയും മാറ്റവും
4. വിപണി ഒരു സാമൂഹിക സ്ഥാപനമെന്ന നിലയിൽ
5. സാമൂഹിക അസമത്വത്തിന്റെയും ബഹിഷ്കരണത്തിന്റെയും രീതികൾ
6. സാംസ്കാരിക വൈവിധ്യത്തിന്റെ വെല്ലുവിളികൾ
7. പ്രോജക്ട് പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

**ഈ പുസ്തകത്തിൽ സൗകര്യത്തിനായി**
**ചില മുദ്രകൾ ഉപയോഗിച്ചിരിക്കുന്നു.**

| | |
|---|---|
|  | പ്രവർത്തനം |
|  | ചോദ്യങ്ങൾ |
|  | ആധാരഗ്രന്ഥങ്ങൾ |



പാഠം 1

# ഇന്ത്യൻ സമൂഹത്തെ പരിചയപ്പെടുത്തൽ

# INTRODUCING INDIAN SOCIETY

W8Y4Z1

**ഒ**രർഥത്തിൽ സമൂഹശാസ്ത്രത്തിന് നിങ്ങൾ പഠിച്ച മറ്റു വിഷയങ്ങളിൽനിന്നു ചില വ്യത്യാസങ്ങളുണ്ട്. ഈ വിഷയപഠനത്തിൽ ആരും പൂജ്യത്തിൽ ആരംഭിക്കുന്നില്ല. സമൂഹത്തെക്കുറിച്ച് എല്ലാവർക്കും എന്തെങ്കിലും അറിയാം. മറ്റു വിഷയങ്ങൾ അഭ്യസിക്കപ്പെട്ടവയാണ്. എന്തെന്നാൽ അവ വിദ്യാലയത്തിലോ വീട്ടിലോ മറ്റിടങ്ങളിലോ പഠിപ്പിക്കുന്നു. എന്നാൽ സമൂഹത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് ആർജിതമായത് വ്യക്തമായ അഭ്യസിപ്പിക്കലിലൂടെയല്ല. വളർച്ചയുടെ അവിഭാജ്യഘടകമെന്ന നിലയിൽ സമൂഹത്തെ അറിയുക എന്നത് തികച്ചും സ്വാഭാവികമോ സ്വയമേവയോ ഉളവാകുന്ന ഒന്നാണ്. ഒരു കുട്ടിയും വിദ്യാലയത്തിലേക്കു വരുമ്പോൾതന്നെ ചരിത്രം, ഭൂമിശാസ്ത്രം, മനശ്ശാസ്ത്രം, ധനതത്ത്വശാസ്ത്രം എന്നിവയെക്കുറിച്ച് എന്തെങ്കിലും അറിഞ്ഞിരിക്കണമെന്ന് ആരും കരുതുന്നില്ല. എന്നാൽ സമൂഹത്തെയും സാമൂഹികബന്ധങ്ങളെയും കുറിച്ച് ആറുവയസ്സുകാരി/ആറുവയസ്സുകാരനുപോലും കുറച്ചെങ്കിലും അറിവുകളുണ്ടാകും. അതുകൊണ്ട് ഒരു പതിനെട്ടുകാരി/പതിനെട്ടുകാരൻ എന്ന നിലയ്ക്ക്, നിങ്ങൾ വളരുന്ന സമൂഹത്തെക്കുറിച്ച് അഭ്യസിപ്പിക്കപ്പെടാതെതന്നെ ഏറെ ധാരണകൾ നിങ്ങൾക്കുണ്ട് എന്നത് സത്യമാണ്.

സമൂഹത്തെക്കുറിച്ചുള്ള മുൻധാരണ അല്ലെങ്കിൽ പരിചയം സമൂഹശാസ്ത്ര (Sociology) പഠനത്തിന് ഒരേസമയം അനുകൂലവും പ്രതികൂലവുമായി ഭവിക്കുന്നു. കുട്ടികൾ പൊതുവേ സമൂഹശാസ്ത്രം അത്ര പ്രയാസമേറിയ പഠനവിഷയമായി പരിഗണിക്കുന്നില്ല എന്നതാണ് അനുകൂലാവസ്ഥ. അവർ സമൂഹശാസ്ത്രപഠനത്തെ ഭയപ്പെടുന്നില്ല. നമ്മൾ സമൂഹത്തെക്കുറിച്ച് അറിഞ്ഞത് (മുൻധാരണ) മറക്കാൻ പഠിക്കേണ്ടത് (Unlearn) സമൂഹശാസ്ത്രപഠനത്തിന് അനിവാര്യമായി വരുന്നു എന്നതാണ് പ്രതികൂലാവസ്ഥ. പഠിച്ചത് മറക്കുക, മാറ്റി പഠിക്കുക എന്നതാണ് സത്യത്തിൽ സമൂഹശാസ്ത്രപഠനത്തിന്റെ പ്രാരംഭഘട്ടം. സമൂഹത്തെക്കുറിച്ചുള്ള നമ്മുടെ മുൻധാരണ-സാമാന്യബോധം (Commonsense) ഒരു പ്രത്യേക വീക്ഷണകോണിൽ (View point) നിന്നാണ് രൂപീകരിക്കപ്പെടുന്നത്. സാമൂഹിക സംഘങ്ങളെക്കുറിച്ചും സാമൂഹികപരിതസ്ഥിതിയെക്കുറിച്ചുമുള്ള ഈ വീക്ഷണകോണുകളി ലേക്കാണ് നമ്മൾ സാമൂഹീകരിക്കപ്പെടുന്നത്. സാമൂഹികസാഹചര്യങ്ങളാണ് സമൂഹത്തെക്കുറിച്ചും സാമൂഹികബന്ധങ്ങളെക്കുറിച്ചുമുള്ള നമ്മുടെ അഭിപ്രായങ്ങളും വിശ്വാസങ്ങളും പ്രതീക്ഷകളും രൂപീകരിക്കുന്നത്. വിശ്വാസങ്ങൾ എല്ലായ്പ്പോഴും തെറ്റാവണമെന്നില്ല. അവ 'ഭാഗികം' ('Partial') ആയേക്കാവുന്നതാണ് പ്രശ്നം. നമ്മുടെ സാമാന്യബോധം സാമൂഹിക യാഥാർഥ്യത്തിന്റെ ഒരു ഭാഗം മാത്രം കാണാൻ ഇടയാക്കുന്നു. മാത്രവുമല്ല, അവ നമ്മുടെ സാമൂഹികസംഘത്തിന്റെ താൽപ്പര്യങ്ങളിലേക്കും കാഴ്ചപ്പാടിലേക്കും വിധേയത്വം (Liable) പ്രകടിപ്പിക്കുകയും ചെയ്യുന്നു.

പൂർണമായും പക്ഷപാതരഹിതമായി യാഥാർഥ്യത്തെ കാണാനുതകുന്ന ഒരു പരിപ്രേക്ഷ്യം സമൂഹശാസ്ത്രം നൽകുന്നില്ല. യഥാർഥത്തിൽ അത്തരം ശ്രേഷ്ഠമായ ശുഭാപ്തി വിശ്വാസമുണർത്തുന്ന നില (Vantage point) ഇല്ല എന്ന് സമൂഹശാസ്ത്രജ്ഞർ കരുതുന്നു. ഏതെങ്കിലും ഒരു സ്ഥാനത്തുറച്ചു നിന്നു മാത്രമേ നമുക്ക് എന്തിനെയും കാണാൻ കഴിയൂ. ഏതു സ്ഥാനവും ഭാഗിക ലോകവീക്ഷണം മാത്രമേ നൽകൂ. ലോകത്തെ വ്യത്യസ്ത നിലപാടിൽ നിന്ന് കാണാൻ പഠിക്കാൻ സമൂഹശാസ്ത്രം അവസരം നൽകുന്നു. നമ്മുടേതു മാത്രമല്ല, നമ്മളിൽനിന്നു വ്യത്യസ്തരായ മറ്റുള്ളവരുടെ നിലപാടിൽനിന്നു കൂടി കാണാൻ സമൂഹശാസ്ത്രം സഹായിക്കുന്നു. ഓരോ നിലയും ഭാഗികമായ കാഴ്ച മാത്രമേ നൽകുകയുള്ളൂ. എന്നാൽ വ്യത്യസ്തതരം ജനങ്ങളുടെ കാഴ്ചയിൽ ലോകം എങ്ങനെ കാണപ്പെടുന്നു എന്നത് താരതമ്യം ചെയ്യുന്നതിലൂടെ നിരീക്ഷണവിധേയമാകുന്ന വിഷയത്തിന്റെ ആകത്തുക എങ്ങനെയെന്ന് ഒരു ധാരണയുണ്ടാകുന്നു. ഒപ്പം ഓരോ വീക്ഷണനിലയിലെയും കാഴ്ചകളിൽ നിന്ന് മറയ്ക്കപ്പെടുന്നവ എന്താണെന്നും തിരിച്ചറിയാൻ സാധിക്കുന്നു.

നിങ്ങൾ മറ്റുള്ളവരുടെ കാഴ്ചയിൽ എങ്ങനെ എന്നത് സമൂഹശാസ്ത്രത്തിന് നിങ്ങളെ ബോധ്യപ്പെടുത്താൻ കഴിയുന്നു എന്നത് കൂടുതൽ രസാവഹമാണ്. ബാഹ്യമായ നിലയിൽ സ്വയം നിങ്ങൾക്ക് എങ്ങനെ നോക്കിക്കാണാമെന്നും പഠിപ്പിക്കുന്നു. 'സ്വയംപ്രതിഫലനം' (Self


reflexivity) അല്ലെങ്കിൽ പ്രതിഫലനം (Reflexivity) എന്നാണ് ഇത് അറിയപ്പെടുന്നുത്. സ്വയം മനനം ചെയ്യാനുള്ള കഴിവാണിത്. നിങ്ങളുടെ സൂക്ഷ്മനോട്ടം (Gaze) നിങ്ങളിലേക്ക് (സാധാരണ ഇത് പുറമേക്കാണ് ലക്ഷ്യമിടുക) തിരിച്ചുവയ്ക്കുക എന്നതാണിത്. എന്നാൽ ഈ സ്വയം പരിശോധന ഗുണദോഷഭേദവിചാരത്തോടെ ആയിരിക്കണം. അത് ത്വരിതവിമർശനവും സാവധാനമുള്ള സ്വയംപ്രശംസയും ആയിരിക്കും.

ഇന്ത്യൻ സമൂഹത്തെയും ഘടനയെയും മനസ്സിലാക്കുന്നതിലൂടെ നമ്മുടെ സ്ഥാനം നിർണയിക്കാൻ സാധിക്കുന്ന ഒരു സാമൂഹികചിത്രണം (Social map) ലഭ്യമാക്കുന്നു. ഒരു ഭൂപടത്തിലെന്നപോലെ സാമൂഹികചിത്രണത്തിൽ ഒരാളുടെ സ്ഥാനം നിർണയിക്കാൻ കഴിയുന്നതിലൂടെ സമൂഹത്തിൽ മറ്റുള്ളവരുമായുള്ള ബന്ധത്തിൽ സ്വയം എവിടെയാണ് എന്നറിയാൻ അത് സഹായിക്കുന്നു. ഉദാഹരണത്തിന് നിങ്ങൾ അരുണാചൽപ്രദേശിൽ ജീവിക്കുന്നു എന്നിരിക്കട്ടെ. ഭൂപടത്തിൽ നിങ്ങളുടെ സ്ഥാനം ഇന്ത്യയുടെ വടക്കുകിഴക്ക് മൂലയിൽ സ്ഥിതിചെയ്യുന്നു എന്നു കാണാം. ഉത്തർപ്രദേശ്, മധ്യപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ വലുപ്പമേറിയ സംസ്ഥാനങ്ങളെ താരതമ്യം ചെയ്യുമ്പോൾ നിങ്ങളുടെ സംസ്ഥാനം ചെറുതാണെന്നും എന്നാൽ മണിപ്പൂർ, ഗോവ, ഹരിയാന, പഞ്ചാബ് തുടങ്ങിയവയേക്കാൾ വലുതാണെന്നും കാണാം. ഭൗതികഭൂപടത്തിൽ അരുണാചൽപ്രദേശിന്റെ (കുന്നുകളും വനങ്ങളും) ഭൂപ്രദേശം മറ്റുള്ള സംസ്ഥാനങ്ങളും ഇന്ത്യൻ പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എങ്ങനെയെന്നും എന്തെല്ലാം പ്രകൃതിവിഭവങ്ങളാൽ സമ്പന്നമാണെന്നും മറ്റും സൂചിപ്പിക്കുന്നു.

താരതമ്യേന ഒരു സാമൂഹികചിത്രണം സമൂഹത്തിൽ നിങ്ങൾ എവിടെ സ്ഥിതിചെയ്യുന്നു എന്നു പറയുന്നു. ഉദാഹരണത്തിന്, പതിനേഴുകാരി അല്ലെങ്കിൽ പതിനെട്ടുകാരി എന്ന നിലയിൽ നിങ്ങൾ 'യുവജനം' (Young people) എന്ന സാമൂഹികസംഘത്തിൽപ്പെടുന്നു എന്നു കാണാം. നിങ്ങളുടെയോ അതിൽ കുറവായവരുടെയോ പ്രായഗണത്തിൽപ്പെടുന്നവരാണ് ഇന്ത്യൻ ജനസംഖ്യയുടെ നാൽപ്പതുശതമാനം. കേരളത്തിൽനിന്നുള്ള മലയാളിയെപ്പോലെയോ ആന്ധ്രയിൽനിന്നുള്ള തെലുങ്ക് സംസാരിക്കുന്നവരെപ്പോലെയോ ഗുജറാത്തിൽനിന്നുള്ള ഗുജറാത്തിയെപ്പോലെയോ നിങ്ങൾ ഒരു പ്രാദേശിക അംഗമോ ഭാഷാടിസ്ഥാന സമുദായ അംഗമോ ആയിരിക്കാം. രക്ഷിതാക്കളുടെ തൊഴിലിന്റെയോ കുടുംബവരുമാനത്തിന്റെയോ അടിസ്ഥാനത്തിൽ നിങ്ങൾ ഉയർന്ന വർഗമോ മധ്യവർഗമോ താഴ്ന്ന വർഗമോ ആയിത്തീരുന്നു. ഒരു പ്രത്യേക മതസമുദായത്തിലെയോ ജാതിയിലെയോ ഗോത്രത്തിലെയോ സാമൂഹികസംഘ അംഗമാകാൻ നിങ്ങൾക്കു സാധിക്കുന്നു. ഇതുപോലെയുള്ള ഓരോ സ്വത്വവും (Identities) സാമൂഹികചിത്രണത്തിലെയും സാമൂഹികബന്ധജാലികയിലെ (Web of social relationships) യും നിങ്ങളുടെ സ്ഥാനത്തെ നിർണയിക്കുന്നു. സമൂഹത്തിൽ ഏതെല്ലാം തരത്തിലുള്ള സംഘങ്ങളും വർഗീകരണവുമുണ്ടെന്ന് സമൂഹശാസ്ത്രം ചൂണ്ടിക്കാട്ടുന്നു. ഒപ്പം, അവയുടെ പരസ്പരബന്ധങ്ങൾ എങ്ങനെയെന്നും അത് നിങ്ങളുടെ ജീവിതത്തിൽ എന്ത് അർത്ഥം നൽകുന്നുവെന്നും വിശദീകരിക്കുന്നു.

വ്യത്യസ്ത സാമൂഹികസംഘങ്ങളുടെ ഇടം വിശദീകരിക്കുക എന്ന കേവലധാരണയിൽ നിങ്ങളുടെയും മറ്റുള്ളവരുടെയും സ്ഥാനനിർണയത്തിനു സഹായിക്കുക എന്നതിനപ്പുറം സമൂഹശാസ്ത്രത്തിന് ഏറെ ഉത്തരവാദിത്വങ്ങളുണ്ട്. വ്യക്തിപരമായ പ്രശ്നങ്ങൾ (Personal trouble), സാമൂഹികപ്രശ്നങ്ങൾ (Social issues) എന്നിവ തമ്മിലുള്ള ശൃംഖലയും ബന്ധങ്ങളും ചിത്രണം ചെയ്യാൻ സമൂഹശാസ്ത്രം സഹായിക്കുന്നു എന്ന് പ്രശസ്ത അമേരിക്കൻ സമൂഹശാസ്ത്രജ്ഞനായ സി. റൈറ്റ് മിൽസ് (C. Wright Mills) നിരീക്ഷിച്ചു. വ്യക്തിപരമായ വിഷയങ്ങൾ എന്നതുകൊണ്ട് മിൽസ് അർത്ഥമാക്കുന്നത് എല്ലാവർക്കുമുള്ള വൈയക്തികമായ ആകുലതകൾ, പ്രശ്നങ്ങൾ, ഉത്കണ്ഠകൾ എന്നിവയാണ്. ഉദാഹരണത്തിന്, സഹോദരങ്ങളോ സുഹൃത്തുക്കളോ വീട്ടിലെ മുതിർന്നവരോ നിങ്ങളെ പരിഗണിക്കുന്ന രീതിയിൽ നിങ്ങൾ അസംതൃപ്തരായിരിക്കാം. ഭാവിയെക്കുറിച്ചോ ലഭിക്കാവുന്ന തൊഴിലിനെപ്പറ്റിയോ നിങ്ങൾ വ്യാകുലപ്പെടുന്നതുപോലെത്തന്നെ വൈയക്തിക സ്വത്വ (Individual identity) ത്തിന്റെ മറ്റു

വശങ്ങളായ അഭിമാനത്തിന്റെ സ്രോതസ്സുകൾ, സംഘർഷം, ആത്മവിശ്വാസം, പലതരത്തിലുള്ള അപമാനം എന്നിവയെക്കുറിച്ചുള്ള വേവലാതികളും ഉളവാക്കുന്നു. പക്ഷേ, ഇവയെല്ലാം വ്യക്തിഗത വീക്ഷണകോണിൽ മാത്രം അർഥവത്താകുന്ന സ്വകാര്യമായ പ്രശ്നങ്ങളാണ്. മറ്റൊർഥത്തിൽ, ഒരു സാമൂഹികപ്രശ്നം എന്നത് സമൂഹത്തെ രൂപീകരിക്കുന്ന വ്യക്തികളെക്കാളുപരി വലിയ സംഘങ്ങളെക്കുറിച്ചുള്ളവയാണ്. നിരവധി സമൂഹങ്ങളിലും കാലഘട്ടങ്ങളിലും പൊതുവായി നിലനിന്ന ഒരു സാമൂഹികപ്രതിഭാസമാണ് മുതിർന്ന തലമുറയും പുതുതലമുറയും തമ്മിലുള്ള ഉരസൽ അല്ലെങ്കിൽ തലമുറവിടവ് (Generation gap). തൊഴിലില്ലായ്മയും മാറുന്ന തൊഴിൽഘടനയും ലക്ഷക്കണക്കിന് മനുഷ്യരെ ബാധിക്കുന്ന സാമൂഹികപ്രശ്നമാണ്. കാർഷിക തൊഴിലിനോടുള്ള കുറഞ്ഞുവരുന്ന ആഭിമുഖ്യം, അതേസമയം വിവരസാങ്കേതിക വിദ്യാരംഗത്തെ വർധിച്ചുവരുന്ന തൊഴിൽസാധ്യത എന്നിവയും ഇതിൽ ഉൾപ്പെടുന്നു. വർഗീയതയുടെ പ്രശ്നങ്ങൾ, ഒരു മതസമുദായത്തിന് മറ്റൊന്നിനോടുള്ള



വൈരഭാവം, ഒരു ജാതി മറ്റു ജാതിയെ ബഹിഷ്കരിക്കുകയോ അടിച്ചമർത്തുകയോ ചെയ്യുന്ന ജാതീയത എന്നിവ സമൂഹം മുഴുവൻ ബാധിക്കുന്ന പ്രശ്നങ്ങളാണ്. വ്യക്തികൾ അവരവരുടെ സാമൂഹികസ്ഥാനങ്ങൾക്കനുസരിച്ച് വ്യത്യസ്ത പങ്കുവഹിച്ച് അവയിൽ ഇടപെടുന്നു. താഴ്ന്ന വരെന്നു വിളിക്കപ്പെട്ട ജാതിയിൽ ജനിച്ചവരെ അധമരായി പരിഗണിക്കുന്നു. ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിക്കാർ അതിക്രമകാരികളായി ജാതീയതയിൽ പങ്കാളികളാകുന്നു. അതിനാൽ താഴ്ത്തപ്പെട്ട ജാതിക്കാർ ഇരകളായി ഭവിക്കുന്നു. അതുപോലെ വ്യത്യസ്ത സാമൂഹികസംഘങ്ങൾ എന്ന നിലയിൽ സ്ത്രീയും പുരുഷനും ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനത്തിൽ വ്യത്യസ്തരീതിയിൽ ഇരകളാകുന്നു.

സാമൂഹീകരണ പ്രക്രിയയിലൂടെ ബാല്യത്തിൽത്തന്നെ നമുക്ക് അത്തരത്തിലുള്ള ചിത്രണം നൽകപ്പെട്ടിരിക്കുന്നു. നമ്മൾക്കു ചുറ്റുമുള്ള ലോകത്തെക്കുറിച്ച് ധാരണ ഉണ്ടാക്കാൻ ഇതുവഴി പഠിപ്പിക്കുന്നു. ഇതാണ് സാമാന്യബോധ ചിത്രണം (Commonsense map). നേരത്തേ സൂചിപ്പിച്ചപോലെ ഇത്തരം ചിത്രണങ്ങൾ വഴിതെറ്റിക്കുന്നതും ഒപ്പം വളച്ചൊടിക്കപ്പെട്ടവയുമാകാം. നമ്മുടെ സാമാന്യചിത്രണം ഉപേക്ഷിക്കപ്പെടുമ്പോൾ പകരംവയ്ക്കാൻ മറ്റൊന്നില്ലാതാവുന്നു. കാരണം, നമ്മൾ ഒന്നിലേക്ക് മാത്രമാണ് സാമൂഹീകരിക്കപ്പെടുന്നത്; വ്യത്യസ്ത സാമൂഹികസംഘങ്ങളിലേക്കോ പലതിലേക്കോ അല്ല. നമ്മൾക്ക് മറ്റു തരത്തിലുള്ള ചിത്രണങ്ങൾ ആവശ്യമാണെങ്കിൽ അവ നിർമിക്കാൻ നമ്മൾ പഠിക്കണം. സമൂഹശാസ്ത്ര പരിപ്രേക്ഷ്യം (Sociological perspective) സാമൂഹികചിത്രണങ്ങൾ എങ്ങനെ നടത്താമെന്നു പഠിപ്പിക്കുന്നു.

## 1.1 ആമുഖത്തിന് ഒരു ആമുഖം (Introducing an Introduction)

ഇന്ത്യൻസമൂഹത്തെ ഒരു സാമാന്യബോധകാഴ്ചപ്പാടിലല്ലാതെ സമൂഹശാസ്ത്ര കാഴ്ചപ്പാടിൽ കാണാൻ ഈ പുസ്തകത്തിലുടനീളം ശ്രമിക്കുന്നു. ആമുഖത്തിന് ഒരു ആമുഖം എന്ന തലത്തിൽ എന്താണ് പറയാൻ കഴിയുക? ഇന്ത്യൻ സമൂഹരൂപീകരണത്തിൽ പ്രവർത്തിച്ച് ബൃഹത്തായ പ്രക്രിയകളെ തുടക്കത്തിൽത്തന്നെ സൂചിപ്പിക്കുന്നത് അനുയോജ്യമായിരിക്കും. തുടർന്നുവരുന്ന ഭാഗങ്ങളിൽ അവ കൂടുതൽ വിശദമായി കാണാൻ നിങ്ങൾക്ക് സാധിക്കും.


ഒരു സവിശേഷ ഇന്ത്യൻ അവബോധം രൂപംകൊണ്ടത് കോളനികാലഘട്ടത്തിലാണെന്ന് പൊതുവെ പറയാം. ആദ്യമായി ഇന്ത്യയെ ഏകീകരിക്കുകയും ആധുനികീകരണത്തിന്റെയും മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെയും മാറ്റത്തിന്റെ ശക്തികളെ കൊണ്ടുവരുകയും ചെയ്തത് കോളനിഭരണമാണ്. ആ മാറ്റങ്ങൾ ഏറെക്കുറേ തിരിച്ചുനടത്താവുന്നവയല്ല. ഒരു സമൂഹത്തിന് മുൻപുണ്ടായിരുന്ന അവസ്ഥയിലേക്ക് ഒരിക്കലും മടങ്ങാൻ കഴിയില്ല. കോളനിഭരണത്തിൽ ഇന്ത്യൻ സാമ്പത്തിക, രാഷ്ട്രീയ, ഭരണ ഏകീകരണം സാധ്യമായത് വൻവില കൊടുത്താണ്. കോളനിഭരണത്തിന്റെ ചൂഷണവും ആധിപത്യവും ഇന്ത്യൻസമൂഹത്തെ പലവിധത്തിൽ മുറിവേൽപ്പിച്ചു. എന്നാൽ കോളനിഭരണം അതിന്റെ ശത്രുവായ 'ദേശീയതയ്ക്ക്' (Nationalism) ജന്മം നൽകി എന്നത് ഒരു വിരോധാഭാസമായി നിലനിൽക്കുന്നു.

ഇന്ത്യൻ ദേശീയത ബ്രിട്ടീഷ്കോളനിഭരണത്തിൽ രൂപംകൊണ്ടു എന്നതു ചരിത്രമാണ്. കോളനിയധിനിവേശത്തിന്റെ പൊതു അനുഭവം ഇന്ത്യൻസമുദായത്തിലെ വ്യത്യസ്ത വിഭാഗങ്ങളെ ഏകീകരിക്കുകയും ഊർജസ്വലമാക്കുകയും ചെയ്തു എന്നതാണ്. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ സഹായത്താൽ ഉയർന്നുവന്ന മധ്യവർഗം കോളനിഭരണത്തെ അതിന്റെ മടയിൽ വെച്ചുതന്നെ വെല്ലുവിളിക്കാൻ തുടങ്ങി. കോളനിഭരണവും പാശ്ചാത്യ വിദ്യാഭ്യാസവും പാരമ്പര്യത്തിന്റെ (Tradition) കണ്ടെത്തലിനുള്ള ഉത്തേജനം നൽകി എന്നത് മറ്റൊരു വിരോധാഭാസമായി. ദേശീയവും പ്രാദേശികവുമായ തലങ്ങളിൽ പുതിയ സമുദായരൂപങ്ങളുടെ ആവിർഭാവത്തിനുവേണ്ട സാംസ്കാരിക -സാമൂഹിക മുന്നണി വികസിപ്പിക്കാൻ ഇവ സഹായിച്ചു.

പിൽക്കാലചരിത്രത്തിൽ നിർണായക പങ്കുവഹിക്കാൻ ഇടയായ പുതിയ വർഗങ്ങളെയും സമുദായങ്ങളെയും കോളനിഭരണം സൃഷ്ടിച്ചു. ദേശീയതയുടെ പ്രധാന പതാകവാഹകരായിരുന്ന നാഗരിക മധ്യവർഗം (Urban middle classes) സ്വാതന്ത്ര്യത്തിന്റെ പ്രചാരകരായി മാറി. മതജാതി അടിസ്ഥാനത്തിലുള്ള സമുദായങ്ങളെ ദൃഢമാക്കിയതും (Crystalized) കോളനിഭരണമാണ്. ഇവയെല്ലാം ഇന്ത്യയുടെ അനന്തരചരിത്രത്തിൽ പ്രധാന പങ്കുവഹിച്ചു. സമകാലിക ഇന്ത്യയുടെ പരിണാമത്തിന്റെ സങ്കീർണവഴികൾ തുടർന്നുവരുന്ന അധ്യായങ്ങളിൽ കാണാവുന്നതാണ്.


## 1.2 ഈ പുസ്തകത്തിന്റെ പൂർവദർശനം (Preview of this Book)


രണ്ട് സാമൂഹശാസ്ത്ര പാഠപുസ്തകങ്ങളിൽ ആദ്യത്തേതാണിത്. ഇതിൽ ഇന്ത്യൻ സമൂഹത്തിന്റെ അടിസ്ഥാനഘടന പരിചയപ്പെടുത്തുന്നു (ഇന്ത്യൻ സാമൂഹികമാറ്റത്തിലും വികസനത്തിലും രണ്ടാം പാഠപുസ്തകം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.)





ഇന്ത്യയുടെ ജനസംഖ്യാശാസ്ത്രഘടനയെക്കുറിച്ചുള്ള ഒരു ചർച്ചയിലൂടെയാണ് നമ്മൾ ആരംഭിക്കുന്നത് (അധ്യായം 2). നിങ്ങൾക്ക് അറിവുള്ളതുപോലെ ജനസംഖ്യയുടെ കാര്യത്തിൽ ലോകത്തിലെ രണ്ടാമത് രാജ്യമാണ് ഇന്ത്യ. ഏതാനും വർഷങ്ങൾക്കുള്ളിൽ ചൈനയെ മറികടന്ന് നാം ഏറ്റവും ജനസംഖ്യയുള്ള രാജ്യമായിത്തീരുമെന്ന് പ്രവചിക്കപ്പെട്ടിരുന്നു. ജനസംഖ്യയെക്കുറിച്ച് സമൂഹശാസ്ത്രജ്ഞരും ജനസംഖ്യാശാസ്ത്രജ്ഞരും ഏതെല്ലാം രീതിയിലാണ് പഠിക്കുന്നത്? ജനസംഖ്യയുടെ ഏതെല്ലാം ഭാവങ്ങളാണ് സാമൂഹികമായി പ്രബലമായത്? ഒപ്പം ഇന്ത്യൻ സാഹചര്യത്തിൽ ആ മുന്നണിയിൽ എന്തെല്ലാമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? നമ്മുടെ ജനസംഖ്യ, വികസനത്തിന് കേവലം ഒരു തടസ്സം മാത്രമാണോ? അതോ ഏതെങ്കിലും തരത്തിൽ അത് വികസനത്തിൽ സഹായിക്കുന്നുണ്ടോ? ഇവയാണ് ഈ പാഠഭാഗം ചർച്ചചെയ്യാൻ ശ്രമിക്കുന്ന ചോദ്യങ്ങൾ.

ഇന്ത്യൻ സമൂഹത്തിന്റെ അടിസ്ഥാന നിർമാണഘടകങ്ങളായ ജാതി, ഗോത്രം, കുടുംബം എന്നിവയെ സാമൂഹികസ്ഥാപനങ്ങൾ എന്ന രൂപത്തിൽ മൂന്നാം അധ്യായത്തിൽ വീണ്ടും ചർച്ച ചെയ്യുന്നുണ്ട്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ അനന്യമായ ലക്ഷണമെന്ന നിലയിൽ ജാതി, പണ്ഡിതോചിതമായ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. നൂറ്റാണ്ടുകളിലൂടെ ഈ സാമൂഹിക സ്ഥാപനത്തിന് എങ്ങനെ മാറ്റം സംഭവിച്ചു? ഇന്ന് 'ജാതി' എന്നതിന്റെ ശരിയായ അർഥം എന്താണ്? 'ഗോത്രം' എന്ന സങ്കൽപ്പനം ഏതു സാഹചര്യത്തിലാണ് ഇന്ത്യയിൽ അവതരിപ്പിക്കപ്പെട്ടത്? ഗോത്രങ്ങൾ എന്നത് ഏതുതരം സമുദായങ്ങളായാണ് (Community) കരുതപ്പെടുന്നത്? എന്ത് അടിസ്ഥാനത്തിലാണ് അവരെ അങ്ങനെ നിർവചിക്കുന്നത്? സമകാലിക ഇന്ത്യയിൽ ഗോത്രസമുദായങ്ങൾ എങ്ങനെ നിർവചിക്കപ്പെടുന്നു? ഇക്കാലത്തു സംഭവിക്കുന്ന ത്വരിതവും തീവ്രവുമായ സാമൂഹികമാറ്റങ്ങളാൽ കുടുംബം സാമൂഹികസ്ഥാപനം എന്ന നിലയിൽ ബൃഹത്തായ സമ്മർദത്തിന് വിധേയമാകുന്നത് എങ്ങനെ? ഇന്ത്യയിൽ നിലനിൽക്കുന്ന വ്യത്യസ്ത കുടുംബരൂപങ്ങളിൽ എന്തു മാറ്റങ്ങളാണ് നമ്മൾ കാണുന്നത്? ജാതി, ഗോത്രം, കുടുംബം എന്നിങ്ങനെ പൂർവനിശ്ചയം ചെയ്യപ്പെട്ട ഇന്ത്യൻ സമൂഹത്തിന്റെ സ്വഭാവസവിശേഷതകൾ കൂടുതലായി പഠിക്കുന്നതിനുള്ള അടിസ്ഥാനമൊരുക്കുക കൂടിയാണ് മൂന്നാം അധ്യായത്തിൽ ചെയ്തിട്ടുള്ളത്.







ലോകചരിത്ര മാറ്റത്തിന്റെ മാധ്യമമായി വർത്തിച്ച വിപണി (Market) എന്ന ശക്തമായ സാമൂഹികസ്ഥാപനത്തിന്റെ സാമൂഹിക-സാംസ്കാരിക മാനങ്ങളെക്കുറിച്ച് നാലാമത് അധ്യായം ഗഹനമായി ചർച്ചചെയ്യുന്നു. വ്യാപകവും ത്വരിതവുമായ സാമ്പത്തികമാറ്റങ്ങൾ, ആദ്യം കോളനിഭരണവും തുടർന്ന് വികസനപദ്ധതികളും നടപ്പാക്കി എന്നതിന്റെ അടിസ്ഥാനത്തിൽ എങ്ങനെ ഇന്ത്യയിൽ വ്യത്യസ്തതരം വിപണികൾ പരിണമിച്ചു എന്നും അവയുടെ തുടർചലനങ്ങൾ എന്തൊക്കെയെന്നും ഈ ഭാഗത്തു ചർച്ചചെയ്യുന്നു.




സമൂഹത്തിന്റെ ഏറ്റവും ആശങ്ക ഉളവാക്കുന്ന ലക്ഷണങ്ങളിൽ പ്രത്യക്ഷമായ ഒന്ന് അതിന്റെ പരിധിയില്ലാത്ത അസമത്വത്തിന്റെയും ബഹിഷ്കരണത്തിന്റെയും ഉൽപ്പാദനമാണ്. അഞ്ചാം അധ്യായം പ്രാധാന്യമേറിയ ഈ മേഖലയുടെ ചർച്ചയ്ക്കായി നീക്കിവച്ചിരിക്കുന്നു. ഈ ഭാഗം ജാതി, ഗോത്രം, ലിംഗപദവി (Gender), അംഗപരിമിതർ (Disabled) എന്നിവയുടെ പശ്ചാത്തലത്തിൽ അസമത്വത്തെയും ബഹിഷ്കരണത്തെയും നോക്കിക്കാണുന്നു. വിഭജനത്തിന്റെയും അനീതിയുടെയും കുപ്രസിദ്ധ ഉപകരണമെന്ന നിലയിൽ ജാതി എന്നത് പരിഷ്കരിക്കപ്പെടേണ്ടതോ ഇല്ലാതാക്കപ്പെടേണ്ടതോ ആയ ഒരു വിഷയമാക്കി ഭരണകൂടവും അടിച്ചമർത്തപ്പെട്ടവരും സംഘടിതമായി പരിഗണിച്ചു. ഈ പരിഗണനകൾ നേരിട്ട പ്രത്യക്ഷ പ്രശ്നങ്ങളും വിവാദങ്ങളും എന്തെല്ലാമാണ്? ഇന്നലെകളിൽ ജാതിവിവേചനത്തെ എതിർത്ത പ്രസ്ഥാനങ്ങൾ എത്രമാത്രം വിജയിച്ചു?

ഗോത്രവർഗപ്രസ്ഥാനങ്ങൾ നേരിട്ട പ്രത്യേകപ്രശ്നങ്ങൾ എന്തെല്ലാം? ഏതു സാഹചര്യത്തിലാണ് ഇന്ന് ഗോത്രസ്വത്വം പുനഃസ്ഥാപിക്കപ്പെടുന്നത്? ലിംഗഭേദ ബന്ധങ്ങളുടെയും അംഗപരിമിതിയുടെയും സാഹചര്യങ്ങൾ സമാന ചോദ്യങ്ങൾ നേരിടുന്നു. അംഗപരിമിതരുടെ ആവശ്യങ്ങൾക്ക് നമ്മുടെ സമൂഹം എത്രമാത്രം ഉത്തരവാദിത്വമേറ്റെടുക്കുന്നു? സ്ത്രീകളെ അടിച്ചമർത്തിയ സാമൂഹികസ്ഥാപനങ്ങൾക്ക് എത്രമാത്രം ആഘാതമേൽപ്പിക്കാൻ സ്ത്രീപക്ഷ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു?

ഇന്ത്യൻ സമൂഹത്തിന്റെ അതിബൃഹത്തായ വൈവിധ്യം ഉയർത്തുന്ന ബുദ്ധിമുട്ടേറിയ വെല്ലുവിളികൾ ആറാം അധ്യായം ചർച്ചചെയ്യുന്നു. നമ്മുടെ സാധാരണവും സ്വാസ്ഥ്യം നൽകുന്നതുമായ ചിന്തകളിൽനിന്ന് പുറത്തുകടക്കാൻ ഈ ഭാഗം നമ്മെ ക്ഷണിക്കുന്നു. ഇന്ത്യ നാനാത്വത്തിൽ ഏകത്വം നിറഞ്ഞുനിൽക്കുന്ന രാജ്യം എന്ന പറഞ്ഞുപഴകിയ ശൈലിക്കും മുദ്രാവാക്യങ്ങൾക്കും കഠിനവും സങ്കീർണവുമായ വശംകൂടിയുണ്ട്. എല്ലാ പരിമിതികൾക്കും പരാജയങ്ങൾക്കും അപ്പുറം ഇന്ത്യ ആ മുന്നണിയിൽ അത്ര മോശമല്ലായിരുന്നു. എന്താണ് നമ്മുടെ ശക്തിയും ദൗർബല്യവും? വർഗീയസംഘർഷം, പ്രാദേശികവും സങ്കുചിതവുമായ ഭാഷാസ്നേഹം, ജാതീയത (Casteism) തുടങ്ങിയ പ്രശ്നങ്ങൾ ഇല്ലാതാക്കാൻ ശ്രമിക്കുകയോ അവയാൽ പൂർണമായും കീഴടക്കപ്പെടുകയോ ചെയ്യാതെ അവയെ ചെറുപ്പക്കാർക്ക് നേരിടാൻ കഴിയുന്നത് എങ്ങനെ? തങ്ങൾ സുരക്ഷിതരല്ലെന്നും അപകടസാധ്യതയിലാണെന്നും ഇന്ത്യയിലെ ന്യൂനപക്ഷത്തിന് തോന്നാതിരിക്കേണ്ടത് ഒരു ദേശം (Nation) എന്ന നിലയിലുള്ള സംഘടിത (Collective) ഭാവിക്ക് പ്രധാനമാണെന്നു പറയുന്നതെന്തുകൊണ്ട്?



ഏഴാമധ്യായത്തിൽ നിങ്ങളുടെ പഠനത്തിന്റെ പ്രായോഗിക ഘടകത്തെക്കുറിച്ച് ചിന്തിക്കാൻ നിങ്ങൾക്കും അധ്യാപകർക്കുമുള്ള ചില നിർദേശങ്ങൾ നൽകിയിരിക്കുന്നു.



പാഠം 2



# ഇന്ത്യൻ സമൂഹത്തിന്റെ ജനസംഖ്യാഘടന

# DEMOGRAPHIC STRUCTURE OF INDIAN SOCIETY

ചിട്ടയായ ജനസംഖ്യാപഠനമാണ് ജനസംഖ്യാശാസ്ത്രം (Demography). ഈ പദം ഗ്രീക്ക് പദങ്ങളായ (Demos) ജനങ്ങൾ, (Graphain) വിശദീകരിക്കുക എന്നിവ ചേർന്നുണ്ടായതാണ്. ജനങ്ങളെക്കുറിച്ചുള്ള വിവരണത്തെയാണിത് സൂചിപ്പിക്കുന്നത്. ജനസംഖ്യയുടെ മാറ്റങ്ങൾ, ജനനം, മരണം, കുടിയേറ്റമാതൃക, ഘടന, സ്ത്രീകളുടെയും പുരുഷന്മാരുടെയും മറ്റു പ്രായമായവരുടെയും ജനസംഖ്യാഘടന എന്നിങ്ങനെ ജനങ്ങളുമായി ബന്ധപ്പെട്ട ധാരകളെയും പ്രക്രിയകളെയും കുറിച്ചുള്ള പഠനമാണ് ഡെമോഗ്രാഫി. പലതരത്തിലുള്ള ജനസംഖ്യാശാസ്ത്രങ്ങളുണ്ട്. അളവുകൾക്കു കൂടുതൽ പ്രാധാന്യം നൽകുന്ന ഔപചാരിക ജനസംഖ്യാശാസ്ത്രവും സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക രീതികൾക്കു പ്രാധാന്യം നൽകുന്ന സാമൂഹികജനസംഖ്യാശാസ്ത്രവും. ഒരു പ്രദേശത്തു താമസിക്കുന്ന ജനങ്ങളുടെ ചിട്ടയായ ദത്തശേഖരണത്തിലൂന്നിയുള്ള സർവേ, സെൻസസ് തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് എല്ലാ ജനസംഖ്യാപരമായ പഠനങ്ങളും നടക്കുന്നത്.

സമൂഹശാസ്ത്രത്തിൽ ജനസംഖ്യാശാസ്ത്രത്തിന് പ്രത്യേക സ്ഥാനമുണ്ട്. സത്യത്തിൽ സമൂഹശാസ്ത്രം ഒരു പാഠ്യവിഷയമെന്ന നിലയിൽ വിജയകരമായി സ്ഥാനമുറപ്പിക്കുന്നതിൽ ജനസംഖ്യാശാസ്ത്രത്തിന് ഏറെ പങ്കുണ്ട്. ദേശ-രാഷ്ട്രം (Nation-State) രാഷ്ട്രീയ സംഘടനയുടെ പ്രധാന രൂപമായി വളർന്നതും സ്ഥിതിവിവരക്കണക്കെന്ന (Statistics) ആധുനികശാസ്ത്രത്തിന്റെ ഉദയവും പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനപകുതിയിൽ സംഭവിച്ച രണ്ട് പ്രധാനപ്പെട്ട പ്രക്രിയകളാണ്. ആധുനികരാഷ്ട്രം ഇവയുടെ പങ്കും പ്രവർത്തനവും വികസിപ്പിച്ച് പൊതുജന ആരോഗ്യപരിപാലനത്തിലും കൃഷിയും വ്യവസായവുമായി ബന്ധപ്പെട്ട സാമ്പത്തിക നയങ്ങളിലും നികുതി, വരുമാനം, നഗരഭരണം തുടങ്ങിയവയിലും സജീവ താൽപ്പര്യമെടുത്തു തുടങ്ങി.

സമ്പത്തിന്റെയും ജനസംഖ്യയുടെയും വ്യത്യസ്തതലങ്ങളിലുള്ള പരിമാണാത്മകദത്തവും (Quantitative) അല്ലെങ്കിൽ സാമൂഹിക സ്ഥിതിവിവരണക്കണക്കുകളുടെ ദത്തസമ്പ്രദായവും പുതിയതും സ്ഥിരമായി വളർന്നുകൊണ്ടിരിക്കുന്നതുമായ രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമാണ്. രാഷ്ട്രം പണ്ടു മുതൽതന്നെ സാമൂഹിക സ്ഥിതിവിവരക്കണക്കുകൾ എടുത്തിരുന്നുവെങ്കിലും ഇത് ആധുനികരൂപം കൈവരിച്ചത് പതിനെട്ടാം നൂറ്റാണ്ടിലാണ്. 1790-ൽ അമേരിക്കയിൽ നടന്ന കാനേഷുമാരിയായിരിക്കാം (Census) ആദ്യത്തേത്. അധികം താമസിയാതെ ഇത് 1800-ൽ യൂറോപ്പിൽ നടപ്പിലാക്കി. ഇന്ത്യയിൽ 1867 നും 1872 നും ഇടയ്ക്ക് ബ്രിട്ടീഷുകാരാണ് കാനേഷുമാരി ആരംഭിച്ചത്. ഇന്ത്യയിൽ 1881 മുതൽ പത്തുവർഷത്തിലൊരിക്കൽ (ദശാബ്ദം) കാനേഷുമാരി നടത്തി. സ്വതന്ത്ര ഇന്ത്യയും ഇതു തുടർന്നു. ഏറ്റവും അവസാനം നടത്തിയത് 2011-ലാണ്. ഇന്ത്യൻ കാനേഷുമാരിയാണ് ലോകത്തിലെ ഏറ്റവും വലുത് (ചൈന ഇന്ത്യയെക്കാൾ ജനസംഖ്യയിൽ മുകളിലാണെങ്കിലും, അവർ ക്രമമായി കാനേഷുമാരി നടത്താറില്ല). സാമ്പത്തിക വളർച്ചയ്ക്കും പൊതുക്ഷേമത്തിനുമായുള്ള നയരൂപീകരണത്തിനും നടത്തിപ്പിനും ജനസംഖ്യാപരമായ ദത്തം വളരെ പ്രധാനപ്പെട്ടതാണ്. സമൂഹശാസ്ത്രമെന്ന പുതിയ പഠനശാസ്ത്രത്തിന്റെ ന്യായീകരണത്തിനും സാമൂഹിക സാംഖികശാസ്ത്രം സഹായകമായി. മൊത്തം സ്ഥിതിവിവരക്കണക്കുകൾ ലക്ഷോപലക്ഷം ജനങ്ങൾ അടങ്ങുന്ന വലിയ ശേഖരത്തെ സൂചിപ്പിക്കുന്ന സാമൂഹികപ്രതിഭാസങ്ങളെ സാധൂകരിക്കുന്നു. ഉദാഹരണത്തിന്, ദേശീയ-സംസ്ഥാന തലങ്ങളിൽ 1000-ത്തിൽ എത്ര എന്ന തോതിൽ നടക്കുന്ന മരണം (മരണനിരക്ക്) എന്ന സാമൂഹികപ്രതിഭാസം, സാമൂഹികതലത്തിലാണ് വിശദീകരിക്കപ്പെടുന്നത്. ദുർഖൈമിന്റെ പുസ്തകത്താളിലെ വ്യത്യസ്ത രാജ്യങ്ങളിലെ ആത്മഹത്യാനിരക്കിലെ മാറ്റങ്ങളെക്കുറിച്ചുള്ള പഠനം ഇതിന് നല്ലൊരു ഉദാഹരണമാണ്. ഓരോ ആത്മഹത്യക്കു പിന്നിലും വ്യക്തിഗതമായ കാരണങ്ങളുണ്ടെങ്കിലും ആത്മഹത്യാനിരക്ക് (ജനസംഖ്യയിലെ ഒരു ലക്ഷം പേരിൽ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം) സാമൂഹികകാരണങ്ങളാൽ മാത്രമേ വിശദീകരിക്കാൻ കഴിയൂ എന്ന് അദ്ദേഹം വാദിച്ചു.



# 11

ഔപചാരികമായ ജനസംഖ്യാ ശാസ്ത്രത്തെയും (Formal demography) സാമൂഹിക ജന സംഖ്യാപഠന(Social demography) ത്തിന്റെ വിശാലമേഖലകളെയും ചിലപ്പോൾ വേർതിരിച്ചു കാണേണ്ടിവരും. ഔപചാരിക ജനസംഖ്യാശാസ്ത്രത്തിൽ ജനസംഖ്യാമാറ്റത്തിന്റെ ഘടകങ്ങളെ അളക്കുകയും വിശകലനം നടത്തുകയും ചെയ്യുന്നു. ജനസംഖ്യാവളർച്ചയുടെയും മാറ്റത്തിന്റെയും പഠനത്തിന് വികസിപ്പിക്കപ്പെട്ട അനുയോജ്യമായ ഗണിതശാസ്ത്രരീതി ഉപയോഗിച്ചുള്ള പരിമാണാത്മക വ്യാഖ്യാനമാണ് നടത്തുന്നത്. എന്നാൽ ജനസംഖ്യാപഠനങ്ങൾ അല്ലെങ്കിൽ സാമൂഹിക ജനസംഖ്യാശാസ്ത്രം ജനസംഖ്യയുടെ ഘടനയുടെയും അവയുടെ മാറ്റത്തിന്റെയും വിശാലമായ കാരണങ്ങളെയും അനന്തരഫലങ്ങളെയും അന്വേഷിക്കുന്നു. സാമൂഹികപ്രക്രിയകളും ഘടനകളും ജനസംഖ്യാശാസ്ത്രപ്രക്രിയയെ നിയന്ത്രിക്കുന്നുവെന്ന് സാമൂഹിക ജനസംഖ്യാശാസ്ത്രജ്ഞർ വിശ്വസിക്കുന്നു. സമൂഹശാസ്ത്രജ്ഞരെപ്പോലെ സാമൂഹികജനസംഖ്യാശാസ്ത്രജ്ഞരും ജനസംഖ്യാപ്രവണതകളുടെ സാമൂഹികകാരണങ്ങൾ കണ്ടെത്താനാണ് ശ്രമിക്കുന്നത്.

## 2.1 ജനസംഖ്യാശാസ്ത്രത്തിലെ ചില സിദ്ധാന്തങ്ങളും സങ്കൽപ്പനങ്ങളും (Some Theories and Concepts in Demography)

### ജനസംഖ്യാവർധനവിനെക്കുറിച്ചുള്ള മാൽത്തൂസിന്റെ സിദ്ധാന്തം

ജനസംഖ്യാശാസ്ത്രത്തിലെ പ്രസിദ്ധമായ സിദ്ധാന്തങ്ങളിൽ ഒന്ന് ഇംഗ്ലണ്ടിലെ രാഷ്ട്രീയ-സാമ്പത്തികശാസ്ത്രജ്ഞനായ തോമസ് റോബർട്ട് മാൽത്തൂസിന്റേതാണ് (1766-1834). ജനസംഖ്യയെക്കുറിച്ചുള്ള ഒരു പ്രബന്ധ (An essay on population -1798) ത്തിലാണ് മാൽത്തൂസിന്റെ സിദ്ധാന്തം അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഏറെക്കുറേ അശുഭാപ്തിവിശ്വാസം നിറഞ്ഞ സിദ്ധാന്തമായിട്ടാണ് ഇത് കണക്കാക്കുന്നത്. മനുഷ്യന്റെ ഉപജീവനമാർഗങ്ങളുടെ (Subsistance) (ഭക്ഷണം, വസ്ത്രം, കാർഷികോൽപ്പന്നങ്ങൾ തുടങ്ങിയവ) വളർച്ചാനിരക്കിനേക്കാൾ വേഗത്തിൽ ജനസംഖ്യ വളരുന്നുവെന്ന് അദ്ദേഹം വാദിച്ചു . കാർഷികോൽപ്പന്നവളർച്ചയെ ജനസംഖ്യാവളർച്ച മറികടക്കുന്നതിനാൽ മനുഷ്യവർഗം ദരിദ്രരായി ജീവിക്കേണ്ടിവരുമെന്ന് അദ്ദേഹം പറഞ്ഞു. ജനസംഖ്യാവർധനവ് ജ്യാമിതീയ ശ്രേണിയിലാകു (Geometrical Progression) മ്പോൾ (2, 4, 8, 16, 32 തോതിൽ) കാർഷികോൽപ്പന്നങ്ങൾ വർധിക്കുന്നത് സമാന്തരശ്രേണിയിലാണ് (Arithemetic Progression ) (4, 6, 8, 10 തുടങ്ങിയവ). ഉപജീവനത്തിനുള്ള വിഭവങ്ങളുടെ ഉൽപ്പാദനത്തെ പിന്തള്ളുന്നതിനാൽ ജനസംഖ്യാവളർച്ച നിയന്ത്രിക്കുന്നതിലൂടെ മാത്രമേ മനുഷ്യരാശിയുടെ നന്മ സാധ്യമാവുകയുള്ളൂവെന്ന് മാൽത്തൂസ് വിശ്വസിച്ചു. നിർഭാഗ്യവശാൽ മനുഷ്യരാശിക്ക് ജനസംഖ്യ നിയന്ത്രിക്കുന്നതിലുള്ള നിയന്ത്രണരീതിയിൽ (Preventive check) (വിവാഹം വൈകിപ്പിക്കൽ, ബ്രഹ്മചര്യം) പരിമിതമായ കഴിവുകളേയുള്ളൂ എന്നതിനാൽ സ്വാഭാവികനിയന്ത്രണങ്ങളായ (Positive check) യുദ്ധം, ക്ഷാമം, രോഗങ്ങൾ എന്നിവ ജനസംഖ്യയും ഭക്ഷ്യവിതരണവും തമ്മിലുള്ള അസന്തുലിതാവസ്ഥ ഇല്ലാതാക്കുന്നുവെന്ന് മാൽത്തൂസ് വിശ്വസിച്ചു.

മാൽത്തൂസിന്റെ സിദ്ധാന്തം ഏറെക്കാലം നിലനിന്നെങ്കിലും സാമ്പത്തികവളർച്ച ജനസംഖ്യാവളർച്ചയെ മറികടക്കുമെന്ന് വാദിച്ച സൈദ്ധാന്തികർ ഇതിനെ വെല്ലുവിളിച്ചു.

യൂറോപ്യൻ രാജ്യങ്ങളുടെ അനുഭവങ്ങൾ അദ്ദേഹത്തിന്റെ സിദ്ധാന്തത്തിന് നിരാസമായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഭാഗങ്ങളിലും ജനസംഖ്യാവളർച്ചയുടെ രീതി മാറാൻ തുടങ്ങി. ജനനനിരക്ക് കുറയുകയും പകർച്ചവ്യാധികൾ നിയന്ത്രിക്കപ്പെടുകയും ചെയ്തു. ദ്രുതഗതിയിലുള്ള ജനസംഖ്യാവളർച്ചയുണ്ടായിട്ടും ഭക്ഷ്യോൽപ്പാദനം വർധിച്ചതും ജീവിതനിലവാരം ഉയർന്നതും മാൽത്തൂസിന്റെ പ്രവചനം തെറ്റാ

**Box 2.1**

ഭൂമിയിലെ മനുഷ്യനിലനിൽപ്പിനാവശ്യമായ ഉൽപ്പാദനശേഷിയേക്കാൾ പതിൻമടങ്ങാണ് ജനസംഖ്യയുടെ ശേഷി. ഇത് അകാലമരണം അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ മനുഷ്യവംശത്തെ ബാധിക്കും. മാനവരാശിയുടെ തിന്മകൾ സജീവവും അത് ജനസംഖ്യ കുറയ്ക്കുന്നതിന് നേതൃത്വം നൽകുന്ന മുഖ്യ കാരണവും ആകുന്നു. ചിലപ്പോൾ മനുഷ്യരാശിയുടെ നാശത്തിനുതന്നെ കാരണമാകുന്ന ഭയാനകമായ പ്രവൃത്തിയുടെ വിളംബരക്കാരും അവർ തന്നെയാണ്. ആയിരങ്ങളെ ഇല്ലാതാക്കുന്ന മഹാമാരികൾ, പകർച്ചവ്യാധികൾ, പ്ലേഗ് എന്നീ പരീക്ഷണങ്ങളിൽ അവർ തോൽക്കുന്നു. വിജയം ഇനിയും അകലെയാണോ? ധാന്യത്തിന്റെ മഹാക്ഷാമം നമ്മെ പിന്തുടരുന്നുണ്ടോ? ശക്തമായ ജനസംഖ്യയുടെ അളവിനെയും ലോക ഭക്ഷ്യധാന്യത്തിന്റെ അളവിനെയും തുല്യമാക്കുന്നതിലേക്ക് എത്തിക്കുമോ?

*(തോമസ് റോബർട്ട് മാൽത്തൂസ് - 1798 - ജനസംഖ്യയെക്കുറിച്ചുള്ള ഉപന്യാസം)*

**തോമസ് റോബർട്ട് മാൽത്തൂസ്**
**(1766-1834)**



കാംബ്രിഡ്ജിൽ ക്രിസ്ത്യൻ പാതിരിയാകാൻ പരിശീലനം ലഭിച്ച വ്യക്തിയാണ് മാൽത്തൂസ്. രാഷ്ട്രീയ - സാമ്പത്തികശാസ്ത്രത്തിന്റെയും ചരിത്രത്തിന്റെയും അധ്യാപകനായി ലണ്ടനിൽ ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ഹെയ്‌ലിബറി കോളേജിൽ നിയമിതനായി. ഇത് പൗരസേവനത്തിനായി നിയമിക്കുന്ന ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന സ്ഥാപനമാണ്.

ണെന്ന് ബോധ്യമാക്കി. ജനസംഖ്യാവളർച്ച കാരണമാണ് ദാരിദ്ര്യം ഉണ്ടാകുന്നതെന്ന മാൽത്തൂസിന്റെ കാഴ്ചപ്പാടിനെ ഉദാരവാദികളും മാർക്സിസ്റ്റ് പണ്ഡിതരും വിമർശിച്ചു. സാമ്പത്തികവിഭവങ്ങളുടെ അസമമായ വിതരണം കാരണമാണ് ദാരിദ്ര്യവും പട്ടിണിയും ഉണ്ടാകുന്നതെന്ന് അവർ വാദിച്ചു. നീതിയുക്തമല്ലാത്ത സമൂഹം വിശേഷാവകാശമുള്ള ഒരു ചെറിയ വിഭാഗത്തിന് സുഖപ്രദമായ ജീവിതവും വലിയ വിഭാഗത്തിന് ദാരിദ്ര്യവും ഉണ്ടാക്കുന്നു.

## ജനസംഖ്യാ പരിവർത്തനസിദ്ധാന്തം (The theory of Demographic Transition)

ജനസംഖ്യാശാസ്ത്രത്തിലെ മറ്റൊരു പ്രധാനപ്പെട്ട സിദ്ധാന്തമാണ് ജനസംഖ്യാ പരിവർത്തനസിദ്ധാന്തം. സമൂഹവും ജനസംഖ്യാവർധനവുമായി ബന്ധപ്പെട്ട് ഓരോ സവിശേഷ വികസനമാതൃക ഓരോ സമൂഹവും അനുവർത്തിക്കുന്നുവെന്നും ജനസംഖ്യാവർധനവ് സർവതലസ്പർശിയായ സാമ്പത്തികവികസനവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും ഈ സിദ്ധാന്തം അഭിപ്രായപ്പെടുന്നു. ജനസംഖ്യാവർധനവിന് മൂന്ന് അടിസ്ഥാന ഘട്ടങ്ങളുണ്ടെന്ന് ജനസംഖ്യാശാസ്ത്ര പരിവർത്തനസിദ്ധാന്തം പറയുന്നു. ഒന്നാം ഘട്ടത്തിൽ, സാങ്കേതികമായി പിന്നാക്കാവസ്ഥയിലുള്ളതും അവികസിതവുമായ ഒരു സമൂഹത്തിൽ താഴ്ന്ന ജനസംഖ്യാവളർച്ചയാണുള്ളത്. ജനനനിരക്കും മരണനിരക്കും വളരെ കൂടുതലായതിനാൽ അവയുടെ വ്യത്യാസം കുറവായിരിക്കുകയും അറ്റ വളർച്ചാനിരക്ക് കുറവായിരിക്കുകയും ചെയ്യും. മൂന്നാമത്തെ (അവസാനത്തെ) ഘട്ടത്തിലും വർധനവ് കുറവായിരിക്കും. വികസിതസമൂഹത്തിൽ മരണനിരക്കും ജനനനിരക്കും താരതമ്യേന കുറവായതിനാൽ അവ തമ്മിലുള്ള വ്യത്യാസവും കുറവായിരിക്കും. ഈ രണ്ടു ഘട്ടത്തിനുമിടയിലുള്ള പരിവർത്തനഘട്ടത്തിൽ പിന്നാക്കാവസ്ഥയിൽനിന്ന് മുന്നാക്കാവസ്ഥയിലേക്ക് സമൂഹം നീങ്ങുന്നു. വലിയ തോതിലുള്ള ജനസംഖ്യാവർധനവ് ഈ ഘട്ടത്തിന്റെ സവിശേഷതയാണ്.

പൊതുജനാരോഗ്യം, മികച്ച പോഷകാഹാരനയം, രോഗനിയന്ത്രണം എന്നിവയിലുള്ള മാറ്റം മരണനിരക്ക് ഗണ്യമായി കുറച്ചത് ജനസംഖ്യാവിസ്ഫോടനത്തിനു കാരണമായി. എന്നാൽ ഈ



**2.1**

ബോക്സ് 2-1 ൽ തന്നിരിക്കുന്ന മാൽത്തൂസിന്റെ അഭിപ്രായം വായിക്കുക.
കാർഷിക ഉൽപ്പാദനത്തിലുള്ള കാതലായ വർധനവാണ് മാൽത്തൂസിന്റെ കാഴ്ചപ്പാട് തെറ്റാണെന്നു സൂചിപ്പിക്കാൻ ഒരു കാരണം. എങ്ങനെയാണ് കാർഷിക ഉൽപ്പാദനത്തിൽ വർധനവുണ്ടായതെന്ന് നിങ്ങൾക്ക് വിശദീകരിക്കാൻ സാധിക്കുമോ? ഏതെല്ലാം ഘടകങ്ങൾ ഇതിന് സഹായിച്ചു? മാൽത്തൂസിന്റെ സിദ്ധാന്തം തെറ്റാണെന്ന് പറയാനുള്ള മറ്റു കാരണങ്ങൾ ഏവ? സഹവിദ്യാർഥികളുമായി ചർച്ചചെയ്ത് അധ്യാപകന്റെ സഹായത്തോടെ ഒരു പട്ടിക തയാറാക്കുക.

മാറ്റം പ്രത്യുൽപ്പാദന സ്വഭാവത്തിന്റെയും (ദാരിദ്ര്യത്തിന്റെയും ഉയർന്ന മരണനിരക്കിന്റെയും കാലഘട്ടത്തിൽ) പുരോഗതിയുടെയും ജീവിത ദൈർഘ്യത്തിന്റെയും പുത്തൻ സാഹചര്യങ്ങൾക്കനുസൃതമായി മാറാനും ക്രമപ്പെടുത്താനും സമൂഹം ദീർഘകാലമെടുത്തു. ഇത്തരത്തിലുള്ള പരിവർത്തനം പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും പശ്ചിമയൂറോപ്പിലാണ് സംഭവിച്ചത്. ഏറെക്കുറേ ഇത്തരത്തിലുള്ള പുതിയ സാഹചര്യങ്ങൾ അനുസരിച്ച് ജനനനിരക്ക് മരണനിരക്കിന്റെ കുറവിനനുസൃതമായി കുറച്ചുകൊണ്ടുവരാൻ അവികസിതരാജ്യങ്ങളും ഇതേ മാതൃക പിന്തുടരുന്നു. ഇന്ത്യയിലും ജനസംഖ്യാ പരിവർത്തനം ഇനിയും പൂർത്തിയായിട്ടില്ല. മരണനിരക്ക് കുറഞ്ഞതിനനുസരിച്ച് ജനനനിരക്ക് കുറയ്ക്കാൻ രാജ്യത്തിന് കഴിയാത്തതാണിതിനു കാരണം.

## പൊതുസങ്കൽപ്പനങ്ങളും സൂചകങ്ങളും (Common concepts and Indicators)

ജനസംഖ്യാപരമായ സങ്കൽപ്പനങ്ങൾ മിക്കതും അനുപാതത്തിന്റെയും നിരക്കുകളുടെയും രൂപത്തിലാണ് സൂചിപ്പിക്കുന്നത്. ഇതിൽ രണ്ടു സംഖ്യകളുടെ സാന്നിധ്യമുണ്ട്. അതിലൊന്ന് ഏകകമെന്ന നിലയിൽ ഒരു പ്രത്യേക ഭൂപ്രദേശത്തിന്റെ, ഭരണപരമായ പ്രദേശത്തിന്റെ സറിതിവിവരക്കണക്കാണ്. അടുത്തത് താരതമ്യത്തിനുള്ള ഒരു മാനദണ്ഡമാണ്. ഉദാഹരണം:- ജനനനിരക്ക് - ഒരു നിശ്ചിത കാലയളവിൽ ഒരു പ്രത്യേക പ്രദേശത്ത് (രാജ്യം, സംസ്ഥാനം, ജില്ല അല്ലെങ്കിൽ ഒരു ഭൂപ്രദേശം) ജീവനോടെ ജനിക്കുന്നവരുടെ എണ്ണത്തെ മൊത്തം ജനസംഖ്യയെ ആയിരത്തിലാക്കി ഹരിക്കുന്നതിനെയാണ് ജനനനിരക്കെന്നു പറയുന്നത്. മറ്റൊരു രീതിയിൽ ജനസംഖ്യയിലെ ഓരോ ആയിരത്തിനും ജീവനോടെ ജനിക്കുന്നവരുടെ എണ്ണമാണ് ജനനനിരക്ക്. ജനനനിരക്കുപോലെയുള്ള ഒരു സറിതിവിവരക്കണക്കാണ് മരണനിരക്കും. ഒരു പ്രത്യേക പ്രദേശത്ത് നിശ്ചിത സമയത്തിൽ ജനസംഖ്യയിലെ ഓരോ ആയിരത്തിലും മരിക്കുന്നവരുടെ എണ്ണമാണിത്. ഇത്തരം കണക്കുകൾ കുടുംബങ്ങൾ ജനനമരണങ്ങൾ അറിയിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഇന്ത്യയടക്കമുള്ള ഒട്ടുമിക്ക രാജ്യങ്ങളിലും ജനനമരണങ്ങൾ യഥാസമയം അധികാരികളെ അറിയിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. ഗ്രാമങ്ങളിൽ പ്രാദേശിക പോലീസ് കാര്യാലയത്തിലോ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലോ അറിയിക്കാം. നഗരങ്ങളിലും പട്ടണങ്ങളിലും അതത് മുനിസിപ്പാലിറ്റികളിൽ അറിയിക്കുന്നു.

സ്വാഭാവിക വളർച്ചാനിരക്ക് അല്ലെങ്കിൽ ജനസംഖ്യയുടെ വളർച്ചാനിരക്ക് എന്നത് ജനനനിരക്കും മരണനിരക്കും തമ്മിലുള്ള വ്യത്യാസമാണ്. ഈ വ്യത്യാസം പൂജ്യമാകുമ്പോൾ (ചെറുതാകുമ്പോൾ) ജനസംഖ്യ സറിരത കൈവരിച്ചുവെന്നും അല്ലെങ്കിൽ പുനഃസറാപന (Replacenet level) നിലയിലെത്തിയെന്നും പറയുന്നു. മരിച്ചവർക്കുപകരം പുതിയ തലമുറ വരുന്നതിനെയാണിത് സൂചിപ്പിക്കുന്നത്. ചിലപ്പോൾ സമൂഹത്തിൽ വിപരീത വളർച്ചാനിരക്ക് കാണിക്കാറുണ്ട്. ഉൽപ്പാദനനിരക്ക് പുനസറാപനനിരക്കിന്റെ താഴെ വരുന്നതിനെയാണിത് സൂചിപ്പിക്കുന്നത്. കിഴക്കൻ യൂറോപ്പ്, ഇറ്റലി, റഷ്യ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലും പ്രദേശങ്ങളിലും ഈ അവസ്ഥയാണ്. ജനസംഖ്യാപരിവർത്തനം കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ ചില സമൂഹങ്ങളിൽ ഉയർന്ന വളർച്ചാനിരക്കും കാണിക്കുന്നു.

15 മുതൽ 49 വർഷം വരെയുള്ള ഗർഭധാരണസാധ്യതാ കാലഘട്ടത്തിൽ ഓരോ ആയിരം സ്ത്രീകളിലും ജീവനോടെ ജനിക്കുന്ന കുട്ടികളുടെ എണ്ണത്തെ ഉൽപ്പാദനക്ഷമതയുടെ നിരക്ക്

(Fertility rate) എന്നു പറയുന്നു. മുൻ പേജുകളിൽ ചർച്ചചെയ്ത മരണനിരക്കിനെയും ജനന നിരക്കിനെയും പോലെ ഇതും ഒരു അസംസ്കൃത (Crude rate) നിരക്കാണ്. വിവിധ പ്രായവിഭാഗങ്ങളിലെ വ്യത്യാസങ്ങൾ കണക്കിലെടുക്കാതെ മൊത്തം ജനസംഖ്യയുടെ ഏകദേശ ശരാശരി മാത്രമാണിത്. ഈ സൂചകത്തെ ചിലപ്പോൾ വിവിധ പ്രായവിഭാഗത്തിലെ വ്യത്യാസങ്ങൾ ബാധിക്കുന്നു. ഒരു സ്ത്രീ അവരുടെ ഗർഭധാരണ പ്രായവിഭാഗത്തിലൂടെ കടന്നുപോകുമ്പോൾ ഓരോ പ്രായവിഭാഗത്തിലും ഉണ്ടാകുന്ന ജീവനുള്ള പ്രസവങ്ങൾ അല്ലെങ്കിൽ പ്രായസവിശേഷ ഉൽപ്പാദനക്ഷമതയുടെ ആകത്തുകയെ ഒരു പ്രത്യേക പ്രദേശത്തിന്റെ മൊത്തം ഉൽപ്പാദനക്ഷമത എന്നു പറയുന്നു. മറ്റൊരു രീതിയിൽ ഒരു സ്ത്രീക്ക് അവരുടെ ഗർഭധാരണ ഘട്ടത്തിന്റെ അവസാനം (ഒരു കാലഘട്ടത്തിന്റെ സവിശേഷ തോതിനനുസരിച്ച് കണക്കാക്കുന്നു) ഉണ്ടാകുന്ന ശരാശരി ജീവനുള്ള മക്കളുടെ എണ്ണത്തെ സൂചിപ്പിക്കാം.



## 2.2

ജനനനിരക്ക് സാവധാനത്തിൽ മാത്രം കുറയുമ്പോൾ മരണനിരക്ക് വേഗത്തിൽ കുറയാനുള്ള കാരണം കണ്ടെത്തുക. ഒരു കുടുംബത്തിൽ കുട്ടികളുടെ എണ്ണത്തിൽ തീരുമാനമെടുക്കുന്നതിൽ ഭാര്യാഭർത്താക്കന്മാരെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏവ? പഴയകാലത്ത് കുടുംബങ്ങളിൽ കൂടുതൽ കുട്ടികളുണ്ടായിരുന്നതിന്റെ കാരണങ്ങൾ അന്വേഷിക്കുക.

ഒരു വർഷത്തിൽ ആയിരം ജീവനോടെയുള്ള ജന്മങ്ങളിൽ ഒരു വയസ്സിനുള്ളിൽ മരണപ്പെടുന്ന ശിശുക്കളുടെ എണ്ണത്തെ ശിശുമരണനിരക്ക് (Infant mortality)എന്നു പറയുന്നു. അതുപോലെ ഒരുവർഷത്തെ ആയിരത്തിൽ പ്രസവസമയത്ത് മരിക്കുന്ന സ്ത്രീകളുടെ എണ്ണത്തെ മാതൃമരണനിരക്ക് (Maternal mortality) എന്നു പറയുന്നു. ഉയർന്ന ശിശുമരണനിരക്കും മാതൃമരണനിരക്കും പിന്നാക്കാവസ്ഥയുടെയും ദാരിദ്ര്യത്തിന്റെയും നിസ്സന്ദേഹസൂചകങ്ങളാണ്. വികസനത്തെ പിൻപറ്റി ആരോഗ്യസൗകര്യങ്ങൾ, വിദ്യാഭ്യാസനിലവാരം, ബോധവൽക്കരണം എന്നിവയിൽ പുരോഗതി ഉണ്ടാകുമ്പോൾ ഈ നിരക്കുകളിൽ ഗണ്യമായ കുറവു സംഭവിക്കുന്നു. സങ്കീർണമായ ഒരു സങ്കൽപ്പനമാണ് ആയുർദൈർഘ്യം (Life expectancy). ശരാശരി ഒരു മനുഷ്യൻ എത്രകാലം ജീവിച്ചിരിക്കും എന്നതാണിതു സൂചിപ്പിക്കുന്നത്. ഒരു നിശ്ചിത പ്രദേശത്തെ ഓരോ പ്രായവിഭാഗത്തിലെയും മരണനിരക്കിന്റെ സ്ഥിതിവിവരക്കണക്കടിസ്ഥാനത്തിലാണിത് തീരുമാനിക്കുന്നത്.

ഒരു നിശ്ചിത കാലയളവിൽ ഒരു പ്രത്യേക പ്രദേശത്തെ ആയിരം പുരുഷന്മാർക്ക് എത്ര സ്ത്രീകളുണ്ട് എന്നു കണക്കാക്കുന്നതിനെയാണ് ലിംഗാനുപാതം (Sex ratio) എന്നു പറയുന്നത്. ചരിത്രപരമായി ലോകത്തെല്ലായിടത്തുമുള്ള ഭൂരിഭാഗം രാജ്യങ്ങളിലും സ്ത്രീകളുടെ എണ്ണം പുരുഷന്മാരെക്കാൾ അൽപ്പം കൂടുതലായാണ് കാണുന്നത്. യഥാർഥത്തിൽ പെൺകുട്ടികളെക്കാൾ കൂടുതൽ ആൺകുട്ടികളാണ് ജനിക്കുന്നത്. ആയിരം ആൺകുട്ടികൾക്ക് 943 മുതൽ 952 വരെ പെൺകുട്ടികളാണ് ജനിക്കുന്നത്. എന്നാൽ സ്ത്രീ-പുരുഷ അനുപാതം പെൺകുട്ടികൾക്ക് അനുകൂലമാകുന്നതിന് രണ്ടു കാരണങ്ങളാണുള്ളത്. ഒന്ന് കുട്ടിക്കാലത്ത് പെൺകുട്ടികൾക്ക് രോഗപ്രതിരോധശേഷി ആൺകുട്ടികളെ അപേക്ഷിച്ച് കൂടുതലാണ്. രണ്ടാമതായി പുരുഷൻമാരേക്കാൾ ആയുർദൈർഘ്യം മിക്ക സമൂഹങ്ങളിലും സ്ത്രീകൾക്കാണുള്ളത്. അതിനാൽ വൃദ്ധന്മാരേക്കാൾ കൂടുതൽ വൃദ്ധകളെയാണ് കാണപ്പെടുന്നത്. ഈ രണ്ടു ഘടകങ്ങളും മിക്ക രാജ്യങ്ങളിലും സ്ത്രീ-പുരുഷ അനുപാതം 1000 പുരുഷന്മാർക്ക് 1050 സ്ത്രീകൾ എന്നതിലേക്കെത്തിക്കുന്നു. എന്നാൽ സ്ത്രീ-പുരുഷ അനുപാതം ചൈന, ദക്ഷിണകൊറിയ, പ്രത്യേകിച്ചും ഇന്ത്യയിലും കുറയുന്നതായാണ് കാണുന്നത്. ഈ പ്രതിഭാസം ആൺകുട്ടികൾക്ക് പ്രാധാന്യം നൽകുകയും പെൺകുട്ടികളെ അവഗണിക്കുകയും ചെയ്യുന്ന സാമൂഹികവഴക്കങ്ങൾക്കു പ്രാധാന്യം നൽകുന്ന മൂല്യങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു.

ആപേക്ഷികമായി വ്യത്യസ്ത പ്രായവിഭാഗത്തിലുള്ള വ്യക്തികളുടെ അനുപാതത്തെയാണ് ജനസംഖ്യയുടെ പ്രായഘടന (Structure of the population) എന്നു പറയുന്നത്. പുരോഗതി, ശരാശരി ആയുർദൈർഘ്യം എന്നിവയിലുള്ള മാറ്റങ്ങൾ പ്രായഘടനയെ ബാധിക്കുന്നു. തുടക്ക

ത്തിൽ ശോചനീയമായ ആരോഗ്യസംരക്ഷണവും, രോഗങ്ങളും മറ്റു ഘടകങ്ങളും ശരാശരി ആയുർദൈർഘ്യം കുറയുന്നതിന് കാരണമായി. കൂടാതെ ശിശു - മാതൃ മരണനിരക്ക് കൂടിയതും പ്രായഘടനയെ സ്വാധീനിച്ചു. വികസനത്തോടെ ജീവിതനിലവാരം ഉയരുകയും ആയുർദൈർഘ്യം വർധിക്കുകയും ചെയ്തു. താരതമ്യേന പ്രായം കൂടിയ വിഭാഗത്തിന്റെ അനുപാതം ചെറുപ്രായക്കാരേക്കാൾ കൂടിവരുന്ന പ്രായഘടനയെയാണ് വാർധക്യബാധിതജനത (Ageing population) എന്നു വിളിക്കുന്നത്.

ജനസംഖ്യയിലെ ആശ്രിതവിഭാഗത്തെയും ജോലിയെടുക്കുന്ന ജനവിഭാഗത്തെയും താരതമ്യം ചെയ്യുന്ന മാനദണ്ഡത്തെ ആശ്രിത അനുപാതം എന്നു പറയുന്നു. സാധാരണയായി 15 നും 64 നും ഇടയിലുള്ള വിഭാഗത്തെയാണിത് സൂചിപ്പിക്കുന്നത്. 15-നു താഴെയും 64 ന് മുകളിലും പ്രായം വരുന്ന ജനസംഖ്യയെ 15 നും 64 നും ഇടയിലുള്ള ജനസംഖ്യകൊണ്ട് ഹരിച്ചാൽ കിട്ടുന്നതാണ് ആശ്രിത അനുപാതം. ഇത് ശതമാനത്തിലാണ് സൂചിപ്പിക്കാറുള്ളത്. ആശ്രിത അനുപാതം വർധിക്കുന്നത് വാർധക്യം ബാധിക്കുന്ന ജനതയെ അഭിമുഖീകരിക്കുന്ന രാജ്യത്തെ കൂടുതൽ പ്രശ്നങ്ങളിൽ എത്തിക്കുന്നു. ജോലിചെയ്യാൻ പ്രാപ്തിയുള്ള ചെറുവിഭാഗം അതിനു കഴിയാത്ത വലിയൊരു വിഭാഗത്തിന്റെ ഭാരം ഏറ്റെടുക്കേണ്ട ബാധ്യത ഉണ്ടാകുന്നു. ആശ്രിത അനുപാതം കുറയുന്നത് രാജ്യത്തിന്റെ സാമ്പത്തികപുരോഗതിക്ക് കാരണമാകുന്നു. ജോലിയെടുക്കുന്നവരുടെ എണ്ണം ജോലിയെടുക്കാത്തവരുടെ എണ്ണത്തെക്കാൾ കൂടുതലാവുന്നതാണ് ഇതിനു കാരണം. ഇതിനെ ജനസംഖ്യാ ലാഭവിഹിതം (Demographic Dividend) അല്ലെങ്കിൽ പ്രായഘടനയിലെ മാറ്റത്തിന്റെ നേട്ടം എന്നു വിളിക്കുന്നു. ജോലിയെടുക്കുന്നവർ ക്രമേണ ജോലിയെടുക്കാൻ പ്രാപ്തിയില്ലാത്തവരായി മാറുന്നതിനാൽ ഇത് സ്ഥായിയായി നിൽക്കുന്നില്ല.

## 2.2 ഇന്ത്യൻ ജനസംഖ്യയുടെ വലുപ്പവും വളർച്ചയും (Size and Growth of Indian population)

ചൈന കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാഷ്ട്രം ഇന്ത്യയാണ്. 2011 ലെ സെൻസസ് അനുസരിച്ച് ഇന്ത്യയിൽ ജനസംഖ്യ 121 കോടി (1.21 ബില്യൻ) ആണ്. പട്ടിക 1 അനുസരിച്ച് ഇന്ത്യയുടെ ജനസംഖ്യാവളർച്ച എന്നും ഉയർന്നതല്ലെന്ന് മനസ്സിലാക്കാം. 1901 നും 1951 നും ഇടയിൽ ജനസംഖ്യയുടെ ശരാശരി വളർച്ചാനിരക്ക് 1.33 ശതമാനത്തിൽ കൂടിയിട്ടില്ല. ഇത് മിതമായ വളർച്ചാനിരക്കാണ്. വാസ്തവത്തിൽ 1911 നും 1921നും മധ്യേ ഇന്ത്യയുടെ ജനസംഖ്യ വളർച്ചാനിരക്ക് 0.33 എന്ന വിപരീത വളർച്ചാനിരക്കിലെത്തുന്നു. 1918-19 കാലഘട്ടത്തിൽ ഇന്ത്യയിലുണ്ടായ പകർച്ചപ്പനി 12.5 മില്യൻ ജനങ്ങളുടെ, അതായത് ഇന്ത്യയുടെ ജനസംഖ്യയുടെ 5 ശതമാനത്തിന്റെ മരണത്തിനിടയാക്കി. (Visaria and visaria 2003-191). ഇന്ത്യക്ക് ബ്രിട്ടീഷുകാരിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷമുള്ള 1961-1981 കാലഘട്ടത്തിൽ ജനസംഖ്യയുടെ വളർച്ചാനിരക്ക് 2.2 ശതമാനം എത്തി. അതിനുശേഷം വാർഷികജനസംഖ്യാവളർച്ചാനിരക്ക് കുറഞ്ഞെങ്കിലും വികസ്വരരാജ്യങ്ങളിലെ ഏറ്റവും ഉയർന്ന ജനസംഖ്യയുള്ള രാജ്യങ്ങളിലൊന്നായി നിലകൊള്ളുന്നു. ചാർട്ട്-1 ഇന്ത്യയുടെ ജനനമരണനിരക്കുകൾ സൂചിപ്പിക്കുന്നു.

1921 മുതൽ 1931 വരെയുള്ള ഒരു പതിറ്റാണ്ടിനുശേഷമുണ്ടായ മാറ്റം ഇന്ത്യയുടെ ജനസംഖ്യാ പരിവർത്തനഘട്ടത്തിലുണ്ടാക്കിയ സ്വാധീനം ഗ്രാഫിൽ വ്യക്തമാണ്.


1931 നു മുമ്പ് ജനനനിരക്കും മരണനിരക്കും ഒരുപോലെ ഉയർന്നതായിരുന്നു. എന്നാൽ പരിവർത്തനഘട്ടത്തിൽ മരണനിരക്ക് കുത്തനെ കുറഞ്ഞെങ്കിലും ജനനനിരക്ക് നേരിയ തോതിലേ കുറഞ്ഞുള്ളൂ.

**ടേബിൾ - 1: ഇന്ത്യയുടെ ജനസംഖ്യയും ഇരുപതാംനൂറ്റാണ്ടിലെ വളർച്ചയും**

| Year | Total Population (in millions) | Average Annual Growth Rate (%) | Decadal Growth Rate (%) |
|---|---|---|---|
| 1901 | 238 | | |
| 1911 | 252 | 0.56 | 5.8 |
| 1921 | 251 | -0.03 | -0.3 |
| 1931 | 279 | 1.04 | 11.0 |
| 1941 | 319 | 1.33 | 14.2 |
| 1951 | 361 | 1.25 | 13.3 |
| 1961 | 439 | 1.96 | 21.6 |
| 1971 | 548 | 2.22 | 24.8 |
| 1981 | 683 | 2.20 | 24.7 |
| 1991 | 846 | 2.14 | 23.9 |
| 2001 | 1028 | 1.93 | 21.5 |
| 2011 | 1210 | 1.64 | 17.6 |

*Source: Census of India 2011 (Provisional).*
*website: http//censusindia.gov.in*

**പട്ടിക - 1 ഇന്ത്യയിലെ ജനനമരണനിരക്ക് 1901-2001**




Total birth rate was reported to be 20.8 and death rate as 6.5 in India in 2015.
**Source:** *SRS Bulletin, Registrar General of India. 2016*

**Source:** *National Commission on Population, Government of India.*
*website: http://populationcommission.nic.in/facts1.htm#*

1921 നു ശേഷം മരണനിരക്ക് കുറയാനുണ്ടായ കാരണം ക്ഷാമം, പകർച്ചവ്യാധി എന്നിവയുടെ നിയന്ത്രണത്തിലുള്ള വർധനവാണ്. ഇതിൽ പകർച്ചവ്യാധിയുടെ നിയന്ത്രണത്തിനാണ് കൂടുതൽ പ്രാധാന്യമുള്ളത്.

പലതരത്തിലുള്ള പനികൾ, പ്ലേഗ്, വസൂരി, കോളറ എന്നിവയാണ് പഴയകാലത്തെ പകർച്ചവ്യാധികൾ. ഇതിൽ 1918-19 ലെ പകർച്ചപ്പനിയായിരുന്നു ഏറ്റവും വലിയ പകർച്ചവ്യാധി. അന്ന് പനി 125 ലക്ഷംപേരുടെ മരണത്തിന് ഇടയാക്കി. അതായത് അന്നത്തെ മൊത്തം ജനസംഖ്യയുടെ 5% മരിച്ചു. ഏറ്റവും മാരകമായ ഒരു ദുരന്തമായിരുന്നു അത് (മരണത്തിന്റെ കണക്കിൽ ചിലപ്പോൾ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവാം). സ്പാനിഷ് മഹാമാരി എന്നും അത് അറിയപ്പെടുന്നു. ഈ പകർച്ചപ്പനി ഒരു ആഗോളപ്രതിഭാസമായിരുന്നു. (ബോക്സ് കാണുക.) ഒരു വലിയ ഭൂപ്രദേശത്താകെ പകർച്ചവ്യാധി പ്രതിഫലനമുണ്ടാക്കുന്നുവെന്ന് പദകോശം വ്യക്തമാക്കുന്നു.)

**Box 2.2**

**1918-19 ൽ ആഗോളതലത്തിൽ ബാധിച്ച പകർച്ചപ്പനി എന്ന മഹാമാരി**
**(The Global Influenza Pandemic of 1918-19)**

ശ്വസനവ്യവസ്ഥയുടെ മുകൾഭാഗമായ മൂക്ക്, തൊണ്ട, ശ്വാസനാളം എന്നിവയിലും ചിലപ്പോൾ ശ്വാസകോശത്തിലും വൈറസ് ആക്രമണമുണ്ടാകുമ്പോഴാണ് പകർച്ചപ്പനി ഉണ്ടാകുന്നത്. ജീനിലുണ്ടാകുന്ന മാറ്റങ്ങൾ പകർച്ചപ്പനിവൈറസിൽ വലിയ ജൈവികമാറ്റമുണ്ടാക്കുകയും ഇത് ഇന്നുള്ള മരുന്നുകളെ പ്രതിരോധിക്കുന്നതിന് ശക്തിനൽകുകയും ചെയ്യുന്നു. ഈ കഴിഞ്ഞ നൂറ്റാണ്ടിൽ മൂന്നു തവണ പകർച്ചപ്പനിവൈറസിന് ജൈവികമാറ്റങ്ങളുണ്ടായി. ഇത് ആഗോളതലത്തിൽ പകർച്ചവ്യാധിയുണ്ടാക്കുന്നതിനും അസുഖത്തിന്റെയും മരണത്തിന്റെയും രൂപത്തിലുള്ള വലിയ നഷ്ടത്തിനും കാരണമായി. 1918-19 കാലഘട്ടത്തിൽ ലോകത്തിലെ പല ഭാഗങ്ങളിലായി 40 മില്യൺ പേരുടെ മരണത്തിനു കാരണമായത് സ്പാനിഷ് മഹാമാരിയാണ്.

1957 ൽ പടർന്നുപിടിച്ച മഹാമാരി (ഏഷ്യൻ പകർച്ചപ്പനി), 1968 ലെ ഹോങ്കോങ് പകർച്ചപ്പനി എന്നിവയും രോഗാവസ്ഥയെയും മരണനിരക്കിനെയും ആഗോളതലത്തിൽ കാര്യമായി ബാധിച്ചു.

1918 ലെയോ 1919 ലെയോ സ്പാനിഷ് പകർച്ചപ്പനിക്ക് ശേഷമുള്ള മരണനിരക്ക് അറിയില്ലെങ്കിലും അത് ലോകജനസംഖ്യുടെ 2.5നും 5 ശതമാനത്തിനും ഇടയിലാണെന്ന് കണക്കാക്കുന്നു. ഇത് ലോകജനസംഖ്യയുടെ 20 ശതമാനത്തിനു ബാധിച്ചിട്ടുണ്ട്. 25 വർഷം കൊണ്ട് എയ്ഡ്സ് മൂലം 25 മില്യൺ ആളുകൾ മരിച്ചതുമായും 25 ആഴ്ചകൊണ്ട് 25 മില്യൺ ആളുകളുടെ മരണത്തിന് കാരണമായ പനിയുമായും ഇതിനെ താരതമ്യം ചെയ്യാം.

ലോകത്താകെ വ്യാപിച്ച പകർച്ചപ്പനി 6 മാസംകൊണ്ട് 25 മില്യൺ ജനങ്ങളെ കൊന്നു. ചില കണക്കുകൾ ഇതിന്റെ 2 മടങ്ങു മരണപ്പെട്ടുവെന്നും ചിലപ്പോൾ 100 മില്യൺ മരണമുണ്ടാകാമെന്നും സൂചിപ്പിക്കുന്നു.

അമേരിക്കൻ ജനസംഖ്യയുടെ 28 ശതമാനത്തിനും പകർച്ചപ്പനി പിടിപെട്ടു. ഇതിൽ 5,00,000 ത്തിനും 6,75,000 ത്തിനും ഇടയിൽ മരണം നടന്നു. ബ്രിട്ടണിൽ 2,00,000 ആളുകൾ മരണപ്പെട്ടു. ഫ്രാൻസിൽ 4,00,000 ത്തിൽ കൂടുതൽ മരണം സംഭവിച്ചു. അലാസ്കയിലും ആഫ്രിക്കയിലും മുഴുവൻ ഗ്രാമങ്ങളും ഇല്ലാതായി. ആസ്ത്രേലിയയിൽ ഏതാണ്ട് 10,000 ആളുകളും ഫിജിയിൽ ജനസംഖ്യയുടെ 14 ശതമാനവും രണ്ടാഴ്ചകൊണ്ട് മരണമടഞ്ഞു. പശ്ചിമേഷ്യയിൽ ഇത് 22 ശതമാനമാണ്. ഇന്ത്യയിൽ 17 മില്യൺ പേർ മരിച്ചെന്ന് കണക്കാക്കുന്നു. ആ കാലഘട്ടത്തിലെ ഇന്ത്യൻ ജനസംഖ്യയുടെ 5 ശതമാനമാണിത്. ബ്രിട്ടനിലെ ഇന്ത്യൻ ആർമിയിലെ 22 ശതമാനം പട്ടാളക്കാരും മരണമടഞ്ഞു. ഒന്നാം ലോകയുദ്ധത്തിലുണ്ടായ രാസായുധപ്രയോഗവും പട്ടാളക്യാമ്പിലെ സമ്മർദങ്ങളും പട്ടാളക്കാരുടെ രോഗപ്രതിരോധശേഷി കുറച്ചതാണ് പനി പടരാൻ കാരണം.


*Source: Compiled from Wikipedia, and World Health Organisation; Webpages:*
http://en.wikipedia.org/wiki/Spanish_flu
http://www.who.int/mediacentre/factsheets/fs211/en/

ഇത്തരം രോഗങ്ങൾക്കുള്ള ചികിത്സാരീതിയിലെ പുരോഗതി, ബഹുജനാരോഗ്യ പ്രതിരോധ പരിപാടികൾ, കുത്തിവയ്പ്, പൊതുശുചീകരണം ഉയർത്താനുള്ള പരിശ്രമം എന്നിവ പകർച്ച വ്യാധികൾ തടയുന്നതിന് സഹായകമായി. എന്നാൽ മലേറിയ, ക്ഷയം, അതിസാരം, രക്താതിസാരം എന്നീ രോഗങ്ങൾ ഇന്നും ജനങ്ങളുടെ മരണത്തിനു കാരണമാകുന്നുണ്ടെങ്കിലും, മരണസംഖ്യ പഴയതുപോലെ ഉയർന്നതല്ല. 1994 സെപ്തംബറിൽ സൂറത്തിൽ പ്ലേഗ് കാണപ്പെട്ടു, ഡെങ്കിപ്പനിയും ചിക്കുൻഗുനിയയും 2006 ൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും കണ്ടെത്തി.

ക്ഷാമമാണ് (Famine) മരണനിരക്കിന്റെ ഉയർച്ചയ്ക്കുള്ള മറ്റൊരു കാരണം. മഴയിലെ വ്യതിയാനങ്ങൾ മൂലം കാർഷികമേഖലയിലുണ്ടായ തകർച്ച വലിയ തോതിൽ നിത്യദാരിദ്ര്യത്തിനും പോഷകാഹാരക്കുറവിനും ക്ഷാമത്തിനും കാരണമായി. ഗതാഗത-വാർത്താവിനിമയ രംഗത്തെ പിന്നാക്കാവസ്ഥയും സർക്കാരിന്റെ അനാസ്ഥയും ക്ഷാമത്തിന്റെ ചില കാരണങ്ങളാണ്. എന്നാൽ പദാർഥങ്ങളുടെ ഉൽപ്പാദനത്തിലുള്ള കുറവല്ല സാധനങ്ങൾ നേടുന്നതിലുള്ള പരാജയമാണ്, അല്ലെങ്കിൽ ഭക്ഷണം നേടാനോ വാങ്ങാനോ ഉള്ള ജനങ്ങളുടെ കഴിവില്ലായ്മയാണ് ക്ഷാമങ്ങൾക്ക് കാരണമാവുന്നതെന്ന് അമർത്യാ സെന്നിനെപ്പോലുള്ള പണ്ഡിതർ വാദിച്ചു. ഇന്ത്യയുടെ കാർഷിക ഉൽപ്പാദനത്തിലുള്ള വളർച്ച (പ്രത്യേകിച്ചും ജലസേചനരീതിയിലുള്ള മാറ്റം) യിലൂടെ വാർത്താവിനിമയരംഗത്തെ പുരോഗതിയും സംസ്ഥാനങ്ങളുടെ കൂടുതൽ കാര്യക്ഷമമായ സമാശ്വാസ-പ്രതിരോധ നടപടികളും ക്ഷാമത്തെ തുടർന്നുള്ള മരണം വലിയ തോതിൽ കുറയ്ക്കാൻ സഹായിച്ചു. ഇന്ത്യയുടെ പട്ടിണിമരണങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഗ്രാമത്തിലെ വിശപ്പും പട്ടിണിയും ഇല്ലാതാക്കാൻ സ്വീകരിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (National Rural Employment Guarantee Act). മരണനിരക്കുപോലെ ജനനനിരക്ക് കാര്യമായി കുറയുന്നില്ല. ജനനനിരക്ക് ഒരു സാമൂഹിക-സാംസ്കാരിക പ്രതിഭാസമായതാണ് ഇതിനു കാരണം. വർധിച്ച തലത്തിലുള്ള പുരോഗതി ജനനനിരക്ക് താഴേക്ക് കൊണ്ടുവരാൻ സഹായിച്ചു. ശിശുമരണനിരക്ക് കുറയുന്നതും വിദ്യാഭ്യാസവും ബോധവൽക്കരണവും കുടുംബങ്ങളുടെ വലുപ്പം കുറയുന്നതിന് കാരണമായി. ചാർട്ട് രണ്ടിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ഫലപുഷ്ടിനിരക്ക് സൂചിപ്പിച്ചിരിക്കുന്നു. കേരളം, തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ അതിന്റെ മൊത്തം ഫലപുഷ്ടിനിരക്ക് (TFR). 1-7 ലേക്ക് ക്രമീകരിച്ചിരിക്കുന്നു (2009). അതായത് തമിഴ്നാട്ടിലെയോ കേരളത്തിലെയോ ഒരു സ്ത്രീ ശരാശരി 1.7 കുട്ടികളെയാണ് പ്രസവിക്കുന്നത്. പുനഃസ്ഥാപനനിരക്കിന് (Replacement Level) താഴെയാണിത്. കേരളത്തിലും പുനഃസ്ഥാപനനിരക്കിന് താഴെയായി മൊത്ത ഫലപുഷ്ടിനിരക്ക് വരുന്നുവെന്നത് ഭാവിയിൽ ജനസംഖ്യ കുറയുമെന്ന് കാണിക്കുന്നു. മറ്റു പല സംസ്ഥാനങ്ങളിലും (ഉത്തർപ്രദേശ്, ബംഗാൾ, കർണാടക, മഹാരാഷ്ട്ര തുടങ്ങി) മൊത്ത ഫലപുഷ്ടിനിരക്ക് കുറവാണ്. എന്നാൽ ബിഹാർ, മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ ഇത് വളരെ കൂടുതലാണ്. 2009 കണക്കനുസരിച്ച് 3.9, 3.3, 3.3, 3.7 എന്നിങ്ങനെയാണിത്. 2011 ലെ കണക്കനുസരിച്ച് ഇന്ത്യയിലെ മൊത്ത ജനസംഖ്യാനിരക്ക് 22.1 ആണ്. ഇതിൽ ഗ്രാമത്തിൽ 24.7 ഉം നഗരത്തിൽ 18-മാണ്.


ഉത്തർപ്രദേശിലും (28.3) ബിഹാറിലു (28.1) മാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനനനിരക്കുള്ളത്. ഇത് 2026 വരെയുള്ള ഇന്ത്യൻ ജനസംഖ്യയുടെ വർധനവിന്റെ പകുതി (50%) യാണ്. ഉത്തർപ്രദേശ് മാത്രം ഇതിന്റെ കാൽഭാഗത്തിന് അൽപ്പം കുറവ് (22%) സംഭാവന നൽകുന്നു. ചാർട്ട് 3 പ്രാദേശികവിഭാഗങ്ങൾ ജനസംഖ്യയിൽ നൽകുന്ന ആപേക്ഷിക സംഭാവന സൂചിപ്പിക്കുന്നു.

## ഇന്ത്യയുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള ജനനനിരക്ക് – 2016




*Source: Sample Registration System Bulletin. Government of India. July 2016*

**2026 വരെ പ്രതീക്ഷിത ജനസംഖ്യയിലെ പ്രാദേശിക പങ്ക്**




*Source: Computed from 2001 Census figures and the Report of the Technical Group on Population Projections of the National Commission on Population. 2006.*

## 2.3 ഇന്ത്യൻ ജനസംഖ്യയുടെ പ്രായഘടന (Age Structure of the Indian Population)

ഇന്ത്യയിലെ ജനസംഖ്യ യുവത്വമുള്ളതാണ്. അതായത് ഇവിടെ ഭൂരിപക്ഷം ജനങ്ങളും യുവാക്കളാണ്. ശരാശരി പ്രായം മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് കുറവാണ്. പട്ടിക 2-ൽ നിന്ന് 15 വയസ്സിനു താഴെയുള്ളവരുടെ ജനസംഖ്യ 1921 ൽ 42% എന്ന വലിയ വിഹിതത്തിൽനിന്ന് 2001 ൽ 35% ലേക്ക് താഴ്ന്നതായും 15-60 വരെയുള്ള പ്രായസംഘം 53% ത്തിൽ നിന്ന് 59 ശതമാനത്തിലേക്ക് ഉയർന്നതായും കാണാം. എന്നാൽ 60ന് മുകളിലുള്ളവർ വളരെ കുറവാണെങ്കിലും ശതമാനം ഉയരുന്നതായും (ഏതാണ്ട് 5 % മുതൽ 7 % വരെ) ഇതേ കാലഘട്ടത്തിൽ കാണിക്കുന്നു. എന്നാൽ അടുത്ത രണ്ടു പതിറ്റാണ്ടിൽ ഇന്ത്യയുടെ പ്രായഘടനയ്ക്ക് ഗണ്യമായ മാറ്റമുണ്ടാകുമെന്ന് കണക്കാക്കുന്നു. മാറ്റങ്ങൾ കൂടുതലും ജനസംഖ്യ ഘടയാരൂപം രണ്ടറ്റത്തുമായിരിക്കും സംഭവിക്കുക. പട്ടിക രണ്ടിൽ 0-14 വരെയുള്ളവരുടെ പങ്ക് 11% (2001 ൽ 34% എന്നത് 2026 ൽ 23% എന്നാകും), 60 ന് മുകളിലുള്ളവരുടെ പങ്ക് 5% (2001 ൽ 7% എന്നത് 2026 ൽ 12% എന്നാകും) എന്നു കാണിക്കുന്നു. പട്ടിക നാലിൽ 1961 മുതൽ 2016 വരെയുള്ള പ്രവചിക്കപ്പെട്ട ജനസംഖ്യയുടെ 'ജനസംഖ്യാ പിരമിഡ്' സൂചിപ്പിക്കുന്നു.


**പട്ടിക 2: ഇന്ത്യൻ ജനസംഖ്യയുടെ പ്രായഘടന, 1961-2026**


| Year | Age Groups | | | Total |
|---|---|---|---|---|
| | 0–14 Years | 15–59 Years | 60+ Years | |
| 1961 | 41 | 53 | 6 | 100 |
| 1971 | 42 | 53 | 5 | 100 |
| 1981 | 40 | 54 | 6 | 100 |
| 1991 | 38 | 56 | 7 | 100 |
| 2001 | 34 | 59 | 7 | 100 |
| 2011 | 29 | 63 | 8 | 100 |
| 2026 | 23 | 64 | 12 | 100 |

Age Group columns show percentage shares; rows may not add up to 100 because of rounding


*Source: Based on data from the Technical Group on Population Projections (1996 and 2006) of the National Commission on Population.*
*Webpage for 1996 Report: http://populationcommission.nic.in/facts1.htm*

## Chart 4: പ്രായസംഘ പിരമിഡുകൾ, 1961, 1981, 2001 and 2026




## ഇന്ത്യ 2001




## ഇന്ത്യ 2026




*Source: Based on data from relevant volumes of the Census of India (1961, 1981 & 2001) and the Report of the Technical Group on Population Projections (2006) of the National Commission on Population.*

## ചാർട്ട് 4-ന്റെ പ്രവർത്തനങ്ങൾ


പട്ടികയിൽ നൽകിയ ദത്തങ്ങളുടെ ഒരു വിശദീകരണമാണ് ചാർട്ട് 4 നൽകുന്നത്. ഇതിൽ പുരുഷന്മാരെക്കുറിച്ചുള്ള ദത്തങ്ങളും (ഇടതുഭാഗത്ത്) സ്ത്രീകളെക്കുറിച്ചുള്ള (വലതുഭാഗത്ത്) ദത്തങ്ങളും വേർതിരിച്ച് പ്രായഗ്രൂപ്പുകളുമായി നൽകിയിരിക്കുന്നു. തിരശ്ചീനമായി സ്ത്രീ-പുരുഷ ദത്തങ്ങളിൽനിന്ന് ഒരുവർഷത്തെ പ്രായഘടന മനസ്സിലാക്കാൻ സാധിക്കുന്നു. പ്രായസംഖ്യ 0-4 വരെയുള്ളതിൽനിന്ന് തുടങ്ങി 80-ഉം അതിനു മുകളിലുമുള്ളവരുടെയും സംഘത്തിൽ അവസാനിക്കുന്നു. 1961, 1981, 2001, 2026 ദശവർഷ കാനേഷുമാരിക്ക് നാല് വ്യത്യസ്ത പിരമിഡുകളാണുള്ളത്. പഴയ പ്രായസംഘങ്ങളുടെ വളർച്ചാനിരക്കടിസ്ഥാനപ്പെടുത്തി 2026 ലെ പിരമിഡ് ഭാവിയിലെ പ്രായഘടനയെ സൂചിപ്പിക്കുന്നു. അത്തരം കണക്കുകളെ പ്രവചനം (Projections) എന്നു പറയുന്നു.


ഈ പിരമിഡുകൾ ജനനനിരക്കിന്റെ സാവകാശമുള്ള കുറവ് ജീവിതനിലവാരത്തിന്റെ ഉയർച്ചയെ സ്വാധീനിക്കുന്നുവെന്ന് മനസ്സിലാക്കിത്തരുന്നു. പ്രായമുള്ളവരുടെ എണ്ണം വർധിക്കുന്നതിനനുസരിച്ച് പിരമിഡിന്റെ മുകൾഭാഗത്തിന്റെ വീതി വർധിക്കുന്നു. താരതമ്യേന ജനങ്ങൾ കുറയുന്നതിനാൽ താഴെ ഭാഗം മെലിഞ്ഞുവരുന്നു. 1961 നും 1981 നും ജനനനിരക്കിന്റെ കുറവ് സാവകാശമായതിനാൽ ഈ കാലയളവിൽ താഴെ ഭാഗം കാര്യമായി മെലിയുന്നില്ല. മൊത്തം ജനസംഖ്യയിൽ മധ്യപ്രായക്കാരുടെ പങ്ക് വർധിക്കുന്നതിനാൽ മധ്യഭാഗം കൂടുതൽ വലുതായിവരുന്നു. 2026 ലെ പിരമിഡിന്റെ മധ്യഭാഗത്ത് ഒരു തള്ളൽ കാണുന്നതാണ്. ഇതിനെ ജനസംഖ്യാലാഭവിഹിതം (Demographic Dividend) എന്നു പറയുന്നു. ഇത് അധ്യായത്തിൽ പിന്നീട് വിശദമാക്കുന്നുണ്ട്. ചാർട്ട് വിശദമായി പരിശോധിക്കുക. തന്നിരിക്കുന്ന പിരമിഡിൽ 1961 ലെ ശിശുക്കൾക്ക് (0.4 പ്രായസംഘം) വർഷങ്ങൾ മുന്നോട്ടു പോകുംതോറും എന്തു സംഭവിക്കുന്നുവെന്ന് അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തുക.

- 1961 നു ശേഷം 0-4 പ്രായസംഘത്തിന്റെ സ്ഥാനം എവിടെയാണ്?
- 1961-2026 പിരമിഡിൽ ഏറ്റവും വ്യാപ്തിയിൽ കാണുന്ന ഭാഗം ഏത്? (ഏതു പ്രായഘടന?)
- 2051 ലും 3001 ലും ഈ പിരമിഡിന്റെ ആകൃതി എന്തായിരിക്കുമെന്ന് നിങ്ങൾ കരുതുന്നു?

നിരക്കിനെപ്പോലെ പ്രായഘടനയിലും പ്രാദേശികമായി വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്. എന്നാൽ കേരളംപോലുള്ള സംസ്ഥാനങ്ങൾ വികസിതരാജ്യങ്ങളിലുള്ളതുപോലെ ഒരു പ്രായഘടന ആർജിക്കാൻ തുടങ്ങിയിരിക്കുകയാണ്. യുവജനങ്ങളുടെ പ്രായസംഘത്തിന്റെ അനുപാതം കുറഞ്ഞ ഉത്തർപ്രദേശ് ഒരു വ്യത്യസ്ത ചിത്രമാണ് നൽകുന്നത്. ഇന്ത്യയുടെ മൊത്തം ജനസംഖ്യ പരിശോധിക്കുമ്പോൾ അതിന്റെ സ്ഥാനം മധ്യഭാഗത്താണ്. കാരണം ഇന്ത്യയിൽ ഉത്തർപ്രദേശിനെപ്പോലുള്ള സംസ്ഥാനങ്ങളും കേരളം പോലുള്ള സംസ്ഥാനങ്ങളുമുണ്ട്. 2026 ൽ കേരളത്തിലും ഉത്തർപ്രദേശിലും ഉണ്ടാകാനിടയുള്ള ജനസംഖ്യാ പിരമിഡാണ് ചാർട്ട് 5 സൂചിപ്പിക്കുന്നത്. കേരളത്തിന്റെയും ഉത്തർപ്രദേശിന്റെയും വീതികൂടിയ പിരമിഡിന്റെ ഭാഗങ്ങൾ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുക.

## Chart 5: പ്രായസംഘ പിരമിഡുകൾ, 2026




*Source: Report of the Technical Group on Population Projections (2006) of the National Commission on Population.*

പ്രായഘടനയിൽ യുവത്വത്തിലേക്കുള്ള ചായ്‌വ് ഇന്ത്യക്ക് ഒരു അനുഗ്രഹമായിട്ടാണ് കണക്കാക്കുന്നത്. കഴിഞ്ഞ പതിറ്റാണ്ടിലെ പൂർവേഷ്യൻ സമ്പദ്‌വ്യവസ്ഥകൾ പോലെയും ഇപ്പോഴത്തെ അയർലൻഡിനെപ്പോലെയും ഇന്ത്യക്കും ജനസംഖ്യാ ലാഭവിഹിതംകൊണ്ട് ഗുണമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ജോലിചെയ്യുന്ന യുവജനങ്ങളുടെ എണ്ണം താരതമ്യേന വലുതും അവരെ ആശ്രയിച്ചു ജീവിക്കുന്നവരുടെ എണ്ണം താരതമ്യേന കുറവുമായതിനാലാണ് ലാഭവിഹിതം ഉയരുന്നത്. ഇതു സ്വയമേവ സംഭവിക്കുന്നതല്ല, ബോധപൂർവമായ നടപടികളിലൂടെയാണെന്ന് താഴെ തന്നിരിക്കുന്ന ബോക്സിൽ വിശദീകരിച്ചിരിക്കുന്നു.

**Box 2.3**

**മാറുന്ന പ്രായഘടന ഇന്ത്യക്ക് ജനസംഖ്യാ ലാഭവിഹിതം നൽകുന്നുണ്ടോ?**

Does the changing age structure offer a 'demographic dividend' for India?

ജനസംഖ്യാപരമായ നേട്ടം അല്ലെങ്കിൽ ലാഭവിഹിതം ഉൽപ്പാദിപ്പിക്കുന്നത് പ്രായഘടനയിൽ നിന്നായതിനാൽ (അത് കുറച്ചു കാലത്തേക്ക് നിലനിൽക്കുന്നതുമായതിനാൽ) ലോകത്തിലെ യുവരാജ്യങ്ങളിലൊന്നായി ഇന്ത്യ മാറിയിട്ടുണ്ട്. 2000–ൽ ഇന്ത്യയുടെ മൂന്നിലൊന്ന് ജനസംഖ്യ 15 വയസ്സിനു താഴെയുള്ളവരായിരുന്നു. 2020–ൽ ശരാശരി പ്രായം 29. ചൈനയിലും അമേരിക്കയിലും 37 -20. യൂറോപ്പിൽ 45 ഉം ജപ്പാനിൽ 48 ഉം എന്നതിനോട് താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിൽ അത് 29 വയസ്സ് ആയിരിക്കും. ഇത് വലുതും വളർന്നുകൊണ്ടിരിക്കുന്നതുമായ തൊഴിൽശക്തികളെ സൂചിപ്പിക്കുന്നു. ഇത് അപ്രതീക്ഷിതവളർച്ചയും അഭിവൃദ്ധിയും ഉണ്ടാക്കുന്നു.

എന്നാൽ ഇത് ശരിയായ വളർച്ചയ്ക്ക് കാരണമാകണമെങ്കിൽ ജോലിചെയ്യുന്നവരുടെ വളർച്ചയ്ക്കാനുപാതികമായി വിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയും തലങ്ങൾ വർധിക്കണം. പുതിയ തൊഴിൽശക്തിക്ക് ശരിയായ രീതിയിലുള്ള വിദ്യാഭ്യാസം നൽകിയില്ലെങ്കിൽ അവരുടെ ഉൽപ്പാദനശേഷി വളരെ കുറവായിരിക്കും. അവർ തൊഴിൽരഹിതരായാൽ അവർക്ക് സമ്പാദിക്കാൻ സാധിക്കാതെവരുകയും സമ്പാദിക്കുന്നവരെക്കാൾ ആശ്രയിക്കുന്നവരുടെ എണ്ണം വർധിക്കുകയും ചെയ്യുന്നു. ശരിയായ പദ്ധതികളോടുകൂടിയുള്ള വികസനമില്ലെങ്കിൽ ജനസംഖ്യാഘടനയിലെ മാറ്റം ഗുണകരമാകില്ല. ആശ്രിതനിരക്ക് ജോലിചെയ്യാത്തവരും ജോലിചെയ്യുന്നവരും തമ്മിലുള്ള അനുപാതം എന്ന രീതിയിൽ നിർവചിക്കുന്നതിനേക്കാൾ നല്ലത് ജോലി ചെയ്യാൻ കഴിയുന്ന പ്രായഘടനയും ജോലിചെയ്യാൻ കഴിയാത്ത പ്രായഘടനയും തമ്മിലുള്ള ജനസംഖ്യ അനുപാതമായി കണക്കാക്കാവുന്നതാണ്. ഇത് തൊഴിലില്ലായ്മയുടെയും ഒരു ഭാഗം തൊഴിലാളികളെ ഉൽപ്പാദനപ്രക്രിയയിൽ നിന്നു മാറ്റി നിർത്തിയതിന്റെയും വ്യത്യാസത്തിന്റെ വ്യാപ്തിയാണ് സൂചിപ്പിക്കുന്നത്. ഇത് ജനസംഖ്യാ ലാഭവിഹിതം എങ്ങനെ ഉപയോഗിക്കാൻ സാധിക്കുന്നുവെന്നും മറ്റുള്ളവർക്ക് സാധിക്കുന്നില്ലെന്നും കാണിക്കുന്നു. ഇന്ത്യക്ക് ജനസംഖ്യാ ലാഭവിഹിതത്തിലെത്താൻ ധാരാളം സാധ്യതകളുണ്ട്. ഇന്ത്യൻ ജനസംഖ്യയിലെ പ്രായഘടന, ആശ്രിത അനുപാതം എന്നിവ ജനസംഖ്യാപ്രവണതയുടെ ലാഭസ്വാധീനത്തെ സൂചിപ്പിക്കുന്നു. 1970 -ൽ 79 ആയിരുന്ന ആശ്രിത അനുപാതം 2005 ൽ 64 ആയി കുറഞ്ഞു. ഈ നൂറ്റാണ്ടിൽ ഈ പ്രക്രിയ തുടർന്നാൽ ജനനനിരക്ക് കുറയുന്നതിനേക്കാൾ 2025 ൽ പ്രായത്തിനടിസ്ഥാനമായ ആശ്രിതനിരക്ക് 48 ആയി കുറയുകയും



## 2.3

പ്രായഘടനയ്ക്ക് തലമുറകൾ തമ്മിലുളള ബന്ധത്തിൽ എന്ത് സ്വാധീനമാണുണ്ടാക്കാൻ സാധിക്കുക? ആശ്രിതനിരക്ക് വർധിക്കുന്നത് യുവാക്കൾക്കും വൃദ്ധർക്കുമിടയിലുള്ള സംഘർഷം വർധിപ്പിക്കുന്നുണ്ടോ? അതോ, അവർ തമ്മിലുള്ള ബന്ധം കൂടുതൽ അടുപ്പമുളളതും ശക്തിയുള്ളതുമാക്കുകയാണോ ചെയ്യുന്നത്? ക്ലാസിൽ ചർച്ചചെയ്ത് അതിന്റെ പരിണതഫലങ്ങളും കാരണങ്ങളും കണ്ടെത്തുക.

വൃദ്ധ പ്രായഘടന കൂടുന്നതിനാൽ 2050 ആകുമ്പോൾ ഇത് 50 ആകുകയും ചെയ്യും. ഇത് തൊഴിലിന്റെ പ്രശ്നമാണ്. 1999 - 2000 ലെ ദേശീയ സാമ്പിൾ സർവേ: 2001 ലെ കാനേഷുമാരിയിലെ ദത്തങ്ങളിൽനിന്ന് ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും തൊഴിൽസാധ്യതയിൽ ഉണ്ടാകുന്ന കുറവ് കാണിക്കുന്നു. 1987-ന്റെയും 1994 ന്റെയും മധ്യേ 15-30 പ്രായഘടനയിലുള്ളവരുടെ ഗ്രാമ-നഗര തൊഴിൽനിരക്കിന്റെ വർധനവ് 2,4ശതമാനം എന്നത് 1994 - 2004 ൽ ഗ്രാമത്തിൽ 0,7 എന്നും നഗരത്തിൽ 0,3 എന്നുമായി കുറഞ്ഞു. യുവതൊഴിലാളികളുടെ വർധനവിനെ ചൂഷണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. വിപണിശക്തികളുടെ സമ്മർദം മാത്രം ഇത്തരം പദ്ധതികൾ നിലവിൽ വരുത്തില്ലെന്ന് ഇന്ത്യയുടെ അടുത്ത കാലത്തെ അനുഭവങ്ങൾ സൂചിപ്പിക്കുന്നു. പുതിയവഴികൾ കണ്ടെത്തിയില്ലെങ്കിൽ രാജ്യത്തിന്റെ താൽക്കാലികമായ മാറുന്ന പ്രായഘടനയുടെ ശക്തി നമുക്ക് നഷ്ടപ്പെട്ടുപോകും.

*[Source: Adapted from an article by C.P. Chandrashekhar in* Frontline *Volume 23 - Issue 01, January 14-27. 2006]*

## 2.4 കുറയുന്ന ഇന്ത്യൻ സ്ത്രീ-പുരുഷാനുപാതം (The Declining Sex ratio in India )

ലിംഗ അനുപാതത്തിന് ജനസംഖ്യയുടെ ലിംഗ സന്തുലിതാവസ്ഥയിൽ വലിയ പങ്കുണ്ട്. നേരത്തേ സൂചിപ്പിച്ചതുപോലെ ചരിത്രപരമായി സ്ത്രീ-പുരുഷാനുപാതം സ്ത്രീകൾക്ക് അനുകൂലമാണ്. അതായത് സാധാരണയായി 1000 പുരുഷന്മാർക്ക് 1000-ത്തിൽ കൂടുതൽ സ്ത്രീകൾ എന്ന അനുപാതമാണുണ്ടാകേണ്ടത്. എന്നാൽ ചാർട്ട് 3-ൽ നിന്ന് ഇന്ത്യയിൽ സ്ത്രീപുരുഷാനുപാതം കുറവാണെന്ന് കാണുന്നു. 20-ാം നൂറ്റാണ്ടിൽ ആയിരം പുരുഷന്മാർക്ക് 972 എന്നത് 21-ാം നൂറ്റാണ്ടിൽ 933 ആയി കുറഞ്ഞു. നാല് പതിറ്റാണ്ടിൽ ഇത് ഭീതിയുളവാക്കുന്നതായിരുന്നു. 1961-ൽ 941 എന്ന ലിംഗാനുപാതം 1991-ൽ 927 ആയി കുറഞ്ഞു. 2001-ൽ അൽപ്പം വർധനവുണ്ടായി. 2011 ലെ കാനേഷുമാരിയനുസരിച്ച് ലിംഗാനുപാതം വർധിച്ച് 1000 പുരുഷന് 940 സ്ത്രീകൾ എന്ന നിലയിലെത്തി.

ജനസംഖ്യാ ശാസ്ത്രജ്ഞരെയും സാമൂഹികപ്രവർത്തകരെയും നയകർത്താക്കളെയും അക്ഷരാർഥത്തിൽ അദ്ഭുതപ്പെടുത്തിയ വസ്തുത ശിശുലിംഗാനുപാതത്തിലെ കുറവാണ്. 1961-ലാണ് പ്രായവുമായി ബന്ധപ്പെട്ട ലിംഗാനുപാതം കണക്കാൻ തുടങ്ങിയത്. ചാർട്ട് 3-ൽ സൂചിപ്പിച്ചതുപോലെ 0-6 പ്രായവിഭാഗത്തിൽപ്പെട്ട കുട്ടികളുടെ (കുട്ടിപ്രായലിംഗാനുപാതം അഥവാ ശിശുലിംഗാനുപാതം (Child sex ratio)) പൊതുവെ മറ്റെല്ലാ പ്രായവിഭാഗങ്ങളേക്കാളും ഗണ്യമായി ഉയർന്നതായിരുന്നത് നിർഭാഗ്യവശാൽ കുത്തനെ താഴേക്ക് വന്നുകൊണ്ടിരുന്നു. 1991-2001 ദശവർഷ കാലഘട്ടത്തിൽ സ്ത്രീ-പുരുഷ അനുപാതം 6-ശതമാനം വർധിച്ച് 927-ൽ നിന്ന് 933 ലെത്തി എക്കാലത്തെയും ഉയർന്ന നിലയിലായി. എന്നാൽ ശിശുലിംഗാനുപാതം ചരിത്രത്തിലാദ്യമായി 18 പോയിന്റ് കുറഞ്ഞ് 945 ൽ നിന്ന് 927 ലേക്ക് കുറഞ്ഞു. 2011 ലെ കാനേഷുമാരിയനുസരിച്ച് ശിശുലിംഗാനുപാതം 13 പോയിന്റ് കുറഞ്ഞ് 914 ആയി.

സംസ്ഥാനതലത്തിലുള്ള ശിശുലിംഗാനുപാതം കൂടുതൽ ആശങ്കാജനകമാണ്. ആറോളം സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും 1000 പുരുഷന്മാർക്ക് 900-ൽ താഴെ സ്ത്രീകൾ

**പട്ടിക 3: കുറയുന്ന ഇന്ത്യൻ സ്ത്രീ - പുരുഷാനുപാതം, 1901–2011**

| Year | Sex ratio (all age groups) | Variation over previous decade | Child Sex ratio (0–6 years) | Variation over previous decade |
|---|---|---|---|---|
| 1901 | 972 | | | |
| 1911 | 964 | 8 | | |
| 1921 | 955 | 9 | | |
| 1931 | 950 | 5 | | |
| 1941 | 945 | 5 | | |
| 1951 | 946 | +1 | | |
| 1961 | 941 | 5 | 976 | |
| 1971 | 930 | 11 | 964 | 12 |
| 1981 | 934 | +4 | 962 | 2 |
| 1991 | 927 | 7 | 945 | 17 |
| 2001 | 933 | +6 | 927 | 18 |
| 2011* | 940 | +7 | 914 | –13 |
| 2017 | 945 | | 919 | |


*Note: The sex ratio is defined as the number of females per 1000 males*
*Data on age-specific sex ratios is not available before 1961*

**Source:** **Census of India 2011 (Provisional) Government of India*

എന്ന നിലയിലാണ്. ഏറ്റവും പരിതാപകരമായ ശിശുലിംഗാനുപാതം 793 എന്ന നിലയിൽ പഞ്ചാബും (800-ൽ താഴെയുള്ള ഏക സംസ്ഥാനം) ശേഷം ഹരിയാന, ഛണ്ഡിഗഡ്, ഡൽഹി, ഗുജറാത്ത്, ഹിമാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളും വരുന്നു. ചാർട്ട് 6-ൽ കാണുന്നതുപോലെ ഉത്തരാഞ്ചൽ, രാജസ്ഥാൻ, ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ഹരിയാന, ഛണ്ഡിഗഡ് എന്നീ സംസ്ഥാനങ്ങളിലും ശിശുലിംഗാനുപാതം 925 ന് താഴെയാണ്. എന്നാൽ മധ്യപ്രദേശ്, ഗോവ, ജമ്മു കാശ്മീർ, ബിഹാർ, തമിഴ്നാട്, കർണാടക, ഒറീസ എന്നിവിടങ്ങളിൽ ശരാശരി 927 നേക്കാൾ കൂടുതലും 950-നേക്കാൾ താഴെയുമാണ്. കേരളത്തിൽപ്പോലും ഏറ്റവും മികച്ച ലിംഗാനുപാതമുണ്ടായിട്ടും ശിശുലിംഗാനുപാതനിരക്ക് 964 എന്നത് ഏറ്റവും കൂടുതൽ ശിശുലിംഗാനുപാതനിരക്കായ 986-ഉള്ള സിക്കിമുമായി നോക്കുമ്പോൾ അത്ര മെച്ചപ്പെട്ടതല്ല. ജനസംഖ്യാശാസ്ത്രജ്ഞരും സമൂഹശാസ്ത്രജ്ഞരും ഇന്ത്യയുടെ സ്ത്രീ-പുരുഷാനുപാതം കുറയുന്നതിന് പല കാരണങ്ങളും പറയുന്നുണ്ട്. ഗർഭധാരണമാണ് പുരുഷന്മാരിൽനിന്ന് വ്യത്യസ്തമായി സ്ത്രീകളെ ബാധിക്കുന്ന ആരോഗ്യപ്രശ്നങ്ങളിൽ മുഖ്യമായുള്ളത്. ലിംഗാനുപാതം കുറയുന്നതിനുള്ള കാരണം, പ്രസവത്തോടെ മാതാവിനുണ്ടാകുന്ന മരണമാണോ എന്ന ചോദ്യം പ്രസക്തമാണ്. എന്നാൽ പോഷകാഹാരം, പൊതുവിദ്യാഭ്യാസം, ബോധവൽക്കരണം, വൈദ്യസഹായം, വാർത്താവിനിമയരംഗം എന്നിവയിലുണ്ടായ പുരോഗതി മാതൃമരണനിരക്ക് ഗണ്യമായി കുറയ്ക്കുമെന്ന് കരുതാം. അന്തർദേശീയ അളവുമായി താരതമ്യം ചെയ്യുമ്പോൾ മാതൃമരണനിരക്ക് കൂടുതലാണെങ്കിലും തീർച്ചയായും കുറയുന്നതായി കാണാം. അതുകൊണ്ട് ലിംഗാനുപാതത്തെ കൂടുതൽ മോശമാക്കുന്നതിൽ മാതൃമരണനിരക്കിനുള്ള പങ്ക് കാണാൻ പ്രയാസമാണ്.

ശിശുലിംഗാനുപാതം പൊതു ലിംഗാനുപാതത്തേക്കാൾ കുറയുന്നുവെന്നത് ഇതിനോടൊപ്പം കാണേണ്ടതാണ്. പെൺകുട്ടികളോടുള്ള പെരുമാറ്റത്തിലുള്ള വ്യത്യാസങ്ങളാണിതിനു കാരണമെന്ന് സമൂഹശാസ്ത്രജ്ഞർ വിശ്വസിക്കുന്നു.

## ചാർട്ട് 6: വിവിധ സംസ്ഥാനങ്ങളിലെ ശിശുലിംഗാനുപാതം 2011




Source: Census Report of 2011

ശിശുലിംഗാനുപാതം കുറയുന്നതിന് പല കാരണങ്ങളുണ്ട്. ശൈശവത്തിൽ പെൺകുട്ടികൾ നേരിടുന്ന കടുത്ത അവഗണന മരണനിരക്ക് വർധിപ്പിക്കുന്നു. പെൺകുട്ടികൾ പിറക്കുന്നതു തടയാൻ പെൺഭ്രൂണഹത്യയും (ഭ്രൂണപരിശോധന നടത്തി പെൺകുട്ടിയാണെങ്കിൽ ഗർഭച്ഛിദ്രം നടത്തുന്ന രീതി) പെൺശിശുഹത്യയും (മതത്തിന്റെയും സംസ്കാരത്തിന്റെയും മറവിൽ പെൺകുട്ടികളെ കൊല്ലുന്നു) ശിശുലിംഗാനുപാതം കുറയുന്നതിനു കാരണമാണ്. ഈ ഓരോ കാരണവും വലിയ സാമൂഹികപ്രശ്നത്തിനു കാരണമാകുന്നു. ഇത്തരം പ്രശ്നങ്ങളെല്ലാം ഇന്ത്യയിൽ ഉണ്ടെന്നതിന് ചില ഉദാഹരണങ്ങൾ നമുക്ക് കാണാൻ സാധിക്കും. പെൺശിശുഹത്യ ഇന്ത്യയിൽ പലഭാഗത്തും നടക്കുന്നുണ്ട്. ഗർഭാവസ്ഥയുടെ പ്രാരംഭത്തിൽത്തന്നെ കുട്ടിയുടെ ലിംഗം നിർണയിക്കാൻ സാധിക്കുന്ന ആധുനിക സാങ്കേതികവിദ്യ വന്നതോടെ ഭ്രൂണാവസ്ഥയിൽത്തന്നെ പെൺകുട്ടികളെ ഇല്ലാതാക്കുന്നത് പ്രശ്നമായി മാറി. സോണോഗ്രാം (എക്സ്റേ പോലെ ഉള്ള രോഗനിർണയ ഉപകരണം) യന്ത്രത്തിൽ ശിശുവിന്റെ ജനിതക തകരാറുകൾ, മറ്റു പ്രശ്നങ്ങൾ എന്നിവ തിരിച്ചറിയുന്നതിനു വികസിപ്പിച്ചെടുത്തതാണെങ്കിലും ലിംഗനിർണയം വഴി പെൺഭ്രൂണഹത്യ നടത്താൻ ഇത് ദുരുപയോഗം ചെയ്യുന്നു.

പ്രാദേശികതലത്തിലുള്ള ശിശുലിംഗാനുപാതം ഈ വാദത്തെ ശരിവയ്ക്കുന്നു. ഇന്ത്യയിലെ ഏറ്റവും സമൃദ്ധമായ പ്രദേശങ്ങളിലാണ് ഏറ്റവും കുറഞ്ഞ ശിശുലിംഗാനുപാതം ഉള്ളതെന്നത് ശ്രദ്ധേയമാണ്. 2011 ലെ കാനേഷുമാരി അനുസരിച്ച് ഇപ്പോഴും മഹാരാഷ്ട്രയിലാണ് ഏറ്റവും ആളോഹരി വരുമാനമുള്ളത്. ഇപ്പോൾ മഹാരാഷ്ട്ര, പഞ്ചാബ്, ഹരിയാന, ചണ്ഡിഗഢ്, ഡൽഹി, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലാണ് കൂടുതൽ ആളോഹരിവരുമാനവും കുറഞ്ഞ ശിശുലിംഗാനുപാതവുമുള്ളത്. അവഗണനയോ ദാരിദ്ര്യമോ അജ്ഞതയോ വിഭവങ്ങളുടെ അഭാവമോ അല്ല പെൺഭ്രൂണഹത്യയുടെ കാരണം. ഉദാഹരണത്തിന്, സ്ത്രീധനം പോലുള്ള സമ്പ്രദായത്തിൽ മാതാപിതാക്കൾക്ക് വലിയ സ്ത്രീധനം കൊടുക്കേണ്ടിവരുന്നുണ്ടെങ്കിലും സമ്പന്നരായ മാതാപിതാക്കളെ ഇത് ബാധിക്കുന്നില്ല. എന്നാലും ഏറ്റവും സമ്പന്നമായ പ്രദേശങ്ങളിലാണ് ലിംഗാനുപാതം ഏറ്റവും കുറവ് കാണുന്നത്. ഈ പ്രദേശത്തെക്കുറിച്ച് ഇപ്പോഴും പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സമ്പന്നകുടുംബത്തിൽപ്പെട്ടവർ ചിലപ്പോൾ രണ്ടു കുട്ടികൾ മാത്രം മതിയെന്ന് തീരുമാനിക്കുന്നു. ഇവർ കുട്ടികളുടെ ലിംഗം പോലും തീരുമാനിക്കാൻ സാധ്യതയുണ്ട്. കർശനമായ നിയമങ്ങളും നിരോധനങ്ങളും വലിയ പിഴയും ജയിൽവാസം പോലുള്ള ശിക്ഷകളും നിർദേശിക്കുന്നുണ്ടെങ്കിലും അൾട്രാ സൗണ്ട് സാങ്കേതികവിദ്യ ഇതിനായി ഉപയോഗിക്കപ്പെടുന്നു. 1996 ൽ നിലവിൽ വന്ന പ്രീ നാറ്റൽ ഡയഗ്നോസ്റ്റിക് ആക്ട് (Regulation and prevention of mis-uses act) എന്ന നിയമം 2003-ൽ കൂടുതൽ ശക്തമാക്കി. എന്നാൽ നിയമങ്ങൾക്കതിൽ സഹായിക്കാൻ കഴിയുമെങ്കിലും പെൺകുട്ടികളോടുള്ള സമൂഹത്തിന്റെ മനോഭാവത്തിലാണ് മാറ്റം വരേണ്ടത്.




*സ്ത്രീകളുടെ സമരങ്ങൾ*

## 2.5 സാക്ഷരത (Literacy)

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനഘടകമെന്ന നിലയിൽ സാക്ഷരത ശാക്തീകരണ ഉപകരണമാണ്. ജനങ്ങൾ എത്രകണ്ട് സാക്ഷരരാകുന്നുവോ അത്രകണ്ട് അവരുടെ തൊഴിൽസാധ്യതയും വർധിക്കുന്നു. ജ്ഞാനസമ്പദ്‌വ്യവസ്ഥയിൽ സജീവമായി പങ്കെടുക്കാനും ഇതവരെ സഹായിക്കുന്നു. സാക്ഷരത ജനങ്ങളിൽ ആരോഗ്യ അവബോധമുണ്ടാക്കി സാംസ്കാരിക-സാമ്പത്തിക ക്ഷേമത്തിനുള്ള പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം സാക്ഷരതാനിരക്ക് വർധിച്ച് ഏകദേശം മുന്നിൽ രണ്ടു ഭാഗവും ഇപ്പോൾ സാക്ഷരരാണ്. പക്ഷേ, സാക്ഷരതാനിരക്കിലുള്ള വർധനവ് നിലനിർത്തുന്നതിന് ഇന്ത്യയുടെ ജനസംഖ്യാവളർച്ചയുമായി പോരാടേണ്ടിവരും. പുതിയ തലമുറകൾക്ക് സാക്ഷരത ഉറപ്പുവരുത്തുന്നതിന് കഠിന പ്രയത്നം ചെയ്യേണ്ടിവരും. (ഈ അധ്യായത്തിലെ ആദ്യഭാഗം വിശദീകരിച്ച പിരമിഡ് ആകൃതിയിലുള്ള ജനസംഖ്യാ പ്രായഘടന ഓർക്കുക).

ലിംഗം, പ്രദേശം, സംഘങ്ങൾ എന്നിവയ്ക്കനുസരിച്ച് സാക്ഷരത വ്യത്യാസപ്പെട്ടിരിക്കുന്നു. പട്ടിക നാലിൽനിന്ന് സ്ത്രീകളുടെ സാക്ഷരതാനിരക്ക് പുരുഷന്മാരേക്കാൾ കുറവാണെന്ന് മനസ്സിലാക്കാം (2011 കണേഷുമാരി). എന്നാൽ സ്ത്രീസാക്ഷരതാനിരക്ക് പുരുഷ സാക്ഷരതാനിരക്കിനേക്കാൾ വേഗത്തിൽ വർധിക്കുന്നു. താരതമ്യേന താഴ്ന്ന തലത്തിൽനിന്ന് തുടങ്ങിയതാവാം ഇതിനു കാരണം. 2001-നും 2011-നും ഇടയിൽ സ്ത്രീസാക്ഷരതാനിരക്ക് ഉയർന്നത് 11 ശതമാനമാണെങ്കിൽ പുരുഷസാക്ഷരതാനിരക്കിന്റെ വർധനവ് 6.2 ആണ്. ആകെ സാക്ഷരതാനിരക്കിലുള്ള മാറ്റം 9 ശതമാനമാണ്. സ്ത്രീസാക്ഷരതാനിരക്ക് ഏകദേശം 10 ശതമാനം ഉയർന്നപ്പോൾ പുരുഷസാക്ഷരതാനിരക്ക് ഏകദേശം 6 ശതമാനം ഉയർന്നു. വീണ്ടും സ്ത്രീസാക്ഷരതാനിരക്ക് നോക്കുമ്പോൾ പുരുഷസാക്ഷരതയെക്കാൾ കൂടുതൽ വേഗത്തിൽ വർധിച്ചു. സാമൂഹികവിഭാഗങ്ങൾക്ക് അനുസരിച്ചും സാക്ഷരതാനിരക്ക് വർധിച്ചുകൊണ്ടിരിക്കും. ചരിത്രപരമായി അവഗണന അനുഭവിക്കുന്ന പട്ടികജാതി - വർഗങ്ങളിൽ താഴ്ന്ന സാക്ഷരതാനിരക്കാണുള്ളത്. ഈ വിഭാഗങ്ങളിൽ സ്ത്രീസാക്ഷരത വളരെ കുറവായിരിക്കും. പ്രാദേശികമായ വ്യത്യാസങ്ങളും സാക്ഷരതയിൽ വ്യത്യാസമുണ്ടാക്കുന്നു. കേരളം സമ്പൂർണ സാക്ഷരത നേടിയപ്പോൾ ബിഹാർ പോലുള്ള സംസ്ഥാനങ്ങൾ വളരെ പിന്നിലാണ്. സാക്ഷരതാ നിരക്കിലുള്ള അസമത്വം തലമുറകളോളം നിലനിൽക്കുന്നതിനാൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. നിരക്ഷരരായ മാതാപിതാക്കൾക്ക് അവരുടെ മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകാൻ സാഹചര്യമില്ലാത്തത് അസമത്വങ്ങളിലേക്കു നയിക്കുന്നു.

**പട്ടിക 4: ഇന്ത്യയിലെ സാക്ഷരതാനിരക്ക്**

**(Percentage of population 7 years of age and above)**

| Year | Persons | Males | Females | Male-Female gap in literacy rate |
|---|---|---|---|---|
| 1951 | 18.3 | 27.2 | 8.9 | 18.3 |
| 1961 | 28.3 | 40.4 | 15.4 | 25.1 |
| 1971 | 34.5 | 46.0 | 22.0 | 24.0 |
| 1981 | 43.6 | 56.4 | 29.8 | 26.6 |
| 1991 | 52.2 | 64.1 | 39.3 | 24.8 |
| 2001 | 65.4 | 75.9 | 54.2 | 21.7 |
| 2011* | 74.0 | 82.1 | 65.4 | 16.7 |

*Source: Bose (2001:22) *Census of India 2011 (Provisional).*

## 2.6 നഗര-ഗ്രാമ വ്യത്യാസങ്ങൾ (Rural-Urban Differences)

ഇന്ത്യൻ ജനസംഖ്യയുടെ ഭൂരിഭാഗവും താമസിക്കുന്നത് ഗ്രാമങ്ങളിലാണ്. 2011 ലെ കാനേഷുമാരി (താൽക്കാലികം) അനുസരിച്ച് കൂടുതൽ ആളുകൾ ഗ്രാമങ്ങളിലാണ് ജീവിക്കുന്നതെങ്കിലും നഗരത്തിലും ജനസംഖ്യാവർധനവുണ്ട്. ഇപ്പോൾ 68.8 ശതമാനം ഗ്രാമപ്രദേശങ്ങളിലും 31.2 ശതമാനം നഗരപ്രദേശങ്ങളിലും ജീവിക്കുന്നു (പട്ടിക 5-ൽ സൂചിപ്പിക്കുന്നു). ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ 11 ശതമാനം എന്നതിൽ നിന്ന് ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ 28 ശതമാനം എന്നതിലേക്ക് നഗരജനസംഖ്യ കുത്തനെ വർധിക്കുന്നു. ഈ വർധനവ് ഏകദേശം രണ്ടര ഇരട്ടിയാണ്. ഇത് വെറും എണ്ണത്തിന്റെ മാത്രം പ്രശ്നമല്ല. ആധുനിക വികസനപ്രക്രിയ കാർഷിക-ഗ്രാമീണ ജീവിതരീതിയുടെ സാമ്പത്തിക -സാമൂഹിക പ്രാധാന്യം കുറയ്ക്കുകയും വ്യാവസായിക-നാഗരിക ജീവിതത്തിന് പ്രാധാന്യം വർധിപ്പിക്കുകയും ചെയ്തു. ഇത് ലോകത്താകെയെന്ന പോലെ ഇന്ത്യയിലും സത്യമാണ്.

**പട്ടിക 5: ഗ്രാമ - നഗര ജനസംഖ്യ**

| Year | Population (Millions) | | Percentage of Total Population | |
|---|---|---|---|---|
| | Rural | Urban | Rural | Urban |
| 1901 | 213 | 26 | 89.2 | 10.8 |
| 1911 | 226 | 26 | 89.7 | 10.3 |
| 1921 | 223 | 28 | 88.8 | 11.2 |
| 1931 | 246 | 33 | 88.0 | 12.0 |
| 1941 | 275 | 44 | 86.1 | 13.9 |
| 1951 | 299 | 62 | 82.7 | 17.3 |
| 1961 | 360 | 79 | 82.0 | 18.0 |
| 1971 | 439 | 109 | 80.1 | 19.9 |
| 1981 | 524 | 159 | 76.7 | 23.3 |
| 1991 | 629 | 218 | 74.3 | 25.7 |
| 2001 | 743 | 286 | 72.2 | 27.8 |
| 2011* | 833 | 377 | 68.8 | 31.2 |

*Source: India 2006, A Reference Annual *Census of India 2011 (Provisional)*

ഇക്കാലമത്രയും കൃഷിയായിരുന്നു ഇന്ത്യൻ സാമ്പത്തിക -ഉൽപ്പാദനത്തിന്റെ മുഖ്യ പങ്കും സംഭാവനചെയ്തിരുന്നത്. എന്നാൽ ഇന്ന് മൊത്തം തദ്ദേശീയ ഉൽപ്പാദനത്തിന്റെ നാലിലൊന്നു മാത്രമാണ് കൃഷി സംഭാവനചെയ്യുന്നത്. ഇന്ത്യയിലെ ഭൂരിഭാഗം ജനങ്ങളും ഗ്രാമപ്രദേശങ്ങളിൽ ജീവിച്ച് അവരുടെ ഉപജീവനമാർഗം കൃഷിയിൽ ഊന്നുന്നു. അതിനാൽ അവരുടെ ഉൽപ്പന്നങ്ങളുടെ ആപേക്ഷിക-സാമ്പത്തികമൂല്യം വളരെ കുറഞ്ഞിരിക്കുകയാണ്. ഇതുകൂടാതെ ഗ്രാമങ്ങളിൽ ജീവിക്കുന്ന കൂടുതൽ ആളുകളും കൃഷിപ്പണി സ്വീകരിക്കാതെയാവുകയും ഗ്രാമങ്ങ



ളിൽ തൊഴിലെടുക്കുന്നതുപോലും ഉപേക്ഷിക്കുകയും ചെയ്യുന്നു. (ഫോട്ടോ പേജ്-34). ഗതാഗതസേവനങ്ങൾ, ബിസിനസ്സ് സംരംഭങ്ങൾ, കരകൗശല നിർമ്മാണം എന്നീ കാർഷികേതര തൊഴിലുകളിൽ ഗ്രാമത്തിലെ ജനങ്ങൾ കൂടുതൽ ഏർപ്പെടാൻ തുടങ്ങി. ഗ്രാമങ്ങളിൽ താമസിച്ച് നിത്യേന അടുത്തുള്ള നഗരങ്ങളിലേക്ക് യാത്രചെയ്ത് തൊഴിൽ ചെയ്യുന്ന രീതി സ്വീകരിച്ചു.

ബഹുജനമാധ്യമങ്ങളും (Mass media) വാർത്താവിനിമയമാർഗങ്ങളും വഴി ഇപ്പോൾ നഗരജീവിതവും നഗര ഉപഭോഗരീതികളും ഗ്രാമങ്ങളിൽ എത്തിത്തുടങ്ങി. ഇതിന്റെ ഫലമായി നഗരജീവിത വഴക്കങ്ങളും നിലവാരവും ഉൾഗ്രാമങ്ങളിൽ പോലും സുപരിചിതമായി. ഇത് പുതിയ ഉപഭോഗങ്ങളും അഭിലാഷങ്ങളും ആശകളും ഗ്രാമീണരിലുണ്ടാക്കി. ബഹുജനമാധ്യമങ്ങളും വിനിമയമാർഗങ്ങളും ഗ്രാമ-നഗര പ്രദേശങ്ങളെ തമ്മിൽ അടുപ്പിച്ചു. പണ്ടുമുതൽ ഗ്രാമപ്രദേശങ്ങൾ കമ്പോളശക്തികൾക്ക് അപ്രാപ്യമായിരുന്നില്ല. എന്നാൽ ഇന്ന് അത് ഉപഭോഗവിപണിയായി. വിപണിയുമായി കൂടുതൽ അടുത്തു. (അധ്യായം 4-ലെ വിപണിയുടെ സാമൂഹികപങ്ക് എന്ന ഭാഗം ഇത് ചർച്ചചെയ്യുന്നുണ്ട്).



## 2.4

നിങ്ങളുടെ കൂട്ടുകാരിൽ എത്ര പേർ നഗരത്തിലേക്ക് ജീവിതം (എത്ര തലമുറകൾ മുമ്പ്) മാറ്റിയെന്ന് ഒരു കണക്കെടുക്കുക. ഇത് ക്ലാസിൽ ചർച്ചചെയ്യുക. നിങ്ങളുടെ കണക്കെടുപ്പ് ഗ്രാമ-നഗര കുടിയേറ്റത്തെക്കുറിച്ച് എന്ത് സൂചന നൽകുന്നുവെന്ന് തിരിച്ചറിയുക.


നഗരകാഴ്ചപ്പാടിൽ, നഗരങ്ങൾ ഒരു കാന്തം പോലെ പ്രവർത്തിച്ച് ഗ്രാമീണരെ ആകർഷിച്ച് നഗരവൽക്കരണപ്രക്രിയയുടെ ആക്കം വർധിപ്പിച്ചു. ഗ്രാമങ്ങളിൽ തൊഴിൽ കണ്ടെത്താൻ സാധിക്കാത്തവർ നഗരങ്ങളിൽ തൊഴിൽ തേടിയെത്തുന്നു. പൊതുകുളങ്ങൾ, കാടുകൾ, പുൽമേടുകൾ എന്നിവയുടെ കുറവ് ഗ്രാമത്തിൽനിന്ന് നഗരത്തിലേക്കുള്ള കുടിയേറ്റം ത്വരിതപ്പെടുത്തുന്നതിൽ സഹായിച്ചു. കുറച്ചു ഭൂമിയുള്ളവരും തീരെ ഇല്ലാത്തവരുമായ പാവപ്പെട്ട ഗ്രാമീണർക്ക് ഗ്രാമങ്ങളിൽ ജീവിക്കാനുള്ള ഏക ആശ്രയം ഇത്തരം പൊതുവിഭവങ്ങളായിരുന്നു. ഇപ്പോൾ അവ ഇല്ലാതാവുകയോ സ്വകാര്യസ്വത്തായി മാറുകയോ ചെയ്തു. (ജലാശയങ്ങൾ വറ്റുക, ആവശ്യത്തിന് മത്സ്യം ലഭിക്കാത്ത അവസ്ഥ, കാടുകൾ അപ്രത്യക്ഷമാകുക..). ഈ വിഭവങ്ങൾ നഷ്ടപ്പെടുകയും മുമ്പ് വെറുതെ ലഭിച്ചിരുന്ന വസ്തുക്കൾ വിപണിയിൽനിന്ന് വാങ്ങേണ്ടതായും വന്നത് (ഇന്ധനമായ വിറക്, അനുബന്ധ ഭക്ഷ്യപദാർഥങ്ങൾ) അവരുടെ കഷ്ടപ്പാടുകൾ വർധിപ്പിച്ചു. ഗ്രാമീണരിൽ വരുമാനം പണമായി ലഭിക്കുന്ന അവസര കുറഞ്ഞത് അവിടെ കഷ്ടപ്പാടുകൾ വർധിപ്പിക്കാൻ കാരണമായി.

നഗരങ്ങൾ തിരഞ്ഞെടുക്കുന്നതിൽ പ്രത്യേകിച്ചും അപരിചിതത്വം (Anonymity) സാമൂഹിക കാരണങ്ങളിൽ ഒന്നാണ്. നഗരജീവിതത്തിൽ അപരിചിതരുമായി ഇടപഴകുന്നത് പല കാരണങ്ങളാലും നേട്ടമാണ്. സാമൂഹികമായി അടിച്ചമർത്തപ്പെട്ട പട്ടികജാതി -പട്ടികവർഗത്തിലെ ആളുകളുടെ ജാതി അറിയുന്നതിനാൽ ഗ്രാമത്തിൽ ദിവസേനയെന്നോണം പലതരം അവഹേളനത്തിന് ഇരയാകാനുള്ള സാധ്യത അധികമാണ്. നഗരത്തിലാകട്ടെ അപരിചിതത്വം അവർക്ക് ഭാഗികസംരക്ഷണം നൽകുന്നു. ഗ്രാമത്തിലെ സാമൂഹികമായി ഉയർന്ന വിഭാഗത്തിൽപ്പെട്ട സാമ്പത്തിക പിന്നാക്കാവസ്ഥയുള്ളവർക്ക് നഗരത്തിൽ സാമൂഹികമായി താഴ്ന്ന പദവിയുള്ള തൊഴിലുകൾ എടുക്കുന്നതിനും അപരിചിതത്വം സഹായിക്കുന്നു. ഇത്തരം കാരണങ്ങൾ നഗരങ്ങളെ ഗ്രാമീണരുടെ ആകർഷകമായ ലക്ഷ്യമാക്കുന്നതിന് കാരണമായി. വീർത്തുവികസിക്കുന്ന നഗരങ്ങൾ ഈ ജനസംഖ്യയുടെ ഒഴുക്കിനെ സാക്ഷ്യപ്പെടുത്തുന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ നഗരവൽക്കരണപ്രക്രിയയുടെ അതിവേഗം ഇതിൽ നിന്ന് വ്യക്തമാണ്.

നഗരവൽക്കരണപ്രക്രിയ അതിവേഗത്തിൽ നടന്നുകൊണ്ടിരിക്കുന്ന വൻ നഗരങ്ങൾ അല്ലെങ്കിൽ മെട്രോപോളിസുകളിലാണ് ഇത് വളരെ വേഗത്തിൽ സംഭവിക്കുന്നത്. ഈ വൻനഗരങ്ങൾ ഗ്രാമങ്ങളിൽനിന്നും ചെറുനഗരങ്ങളിൽനിന്നും ആളുകളെ ആകർഷിക്കുന്നു. ഇന്ത്യയിലെ 5, 161 പട്ടണങ്ങളിലും നഗരങ്ങളിലുമായിട്ടാണ് 286 മില്യൺ ആളുകൾ ജീവിക്കുന്നത്. ഒരു മില്യ

ണിനേക്കാൾ കൂടുതൽ ജനസംഖ്യയുള്ള 27 വലിയ നഗരങ്ങളിലായിട്ടാണ് ഇന്ത്യയിലെ മൂന്നിൽ രണ്ടുഭാഗം നഗരജനസംഖ്യയും ഉള്ളതെന്നത് അദ്ഭുതകരമായ വസ്തുതയാണ്. വലിയ നഗരങ്ങളിലെ കെട്ടിട-ഗതാഗത സൗകര്യങ്ങളിൽ വളർച്ചയുടെ തോതിനേക്കാൾ വലിയ തോതിലാണ് ഇന്ത്യയിലെ നഗരങ്ങളുടെ വളർച്ച നിൽക്കുന്നത്. ഇത്തരം നഗരങ്ങളിൽ നമ്മുടെ ബഹുജനമാധ്യമങ്ങൾ ശ്രദ്ധകൊടുക്കുന്നതിനാൽ ഇന്ത്യക്ക് അതിന്റെ ഗ്രാമീണ പൊതുമുഖം നഷ്ടപ്പെട്ട് നാഗരികമായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്. എന്നാൽ രാഷ്ട്രീയ അധികാരത്തിന്റെ ശക്തികേന്ദ്രമെന്ന നിലയിൽ ഗ്രാമപ്രദേശത്തിന് ഇപ്പോഴും നിർണായകമായ സ്ഥാനമുണ്ട്.

## 2.7 ഇന്ത്യയിലെ ജനസംഖ്യാനയം (Population Policy in India)




ഈ അധ്യായത്തിൽ ചർച്ച ചെയ്ത ജനസംഖ്യാചലനാത്മകത (Population dynamics) ഒരു രാഷ്ട്രത്തിന്റെ പ്രതീക്ഷകളെയും ആരോഗ്യത്തെയും ക്ഷേമത്തെയും ബാധിക്കുന്നു. ഇത്തരം പ്രത്യേക വെല്ലുവിളികൾ നേരിടുന്ന വികസ്വരരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേക പരിഗണനയുള്ള വിഷയമാണിത്. ഏകദേശം അരനൂറ്റാണ്ടിനു മുമ്പുതന്നെ ഇന്ത്യക്ക് ഒരു ജനസംഖ്യാനയമുണ്ടായിരുന്നു. 1952 ൽത്തന്നെ ഒരു ജനസംഖ്യാനയം പ്രഖ്യാപിച്ച ആദ്യ രാജ്യം ഇന്ത്യയായിരിക്കും.

ദേശീയ കുടുംബാസൂത്രണത്തിൽ ഊന്നിയ ഒരു ജനസംഖ്യാനയമാണ് ഇന്ത്യക്കുള്ളത്. ഇന്ത്യയുടെ ജനസംഖ്യാവളർച്ചയും അതിന്റെ രീതിയും സാമൂഹികമായി യോജിച്ചതാക്കി മാറ്റിയെടുക്കുക എന്നതാണ് ഇതിന്റെ വിശാല അർഥത്തിലുള്ള ലക്ഷ്യം. ആദ്യകാലഘട്ടത്തിൽ, ഇന്ത്യക്ക് ജനസംഖ്യാവളർച്ച, വ്യത്യസ്ത ജനനനിയന്ത്രണ രീതികളിലൂടെയും പൊതുജന ആരോഗ്യം വർധിപ്പിക്കുന്നതു വഴിയും പൊതു ബോധവൽക്കരണത്താലും കുറയ്ക്കുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. ബോക്സ് 2-4 ൽ ചുരുക്കി പറഞ്ഞതുപോലെ കഴിഞ്ഞ അരനൂറ്റാണ്ടിൽ ജനസംഖ്യാനിയന്ത്രണത്തിൽ വലിയ നേട്ടങ്ങളുണ്ടാക്കാൻ ഇന്ത്യക്ക് സാധിച്ചിട്ടുണ്ട്.

അടിയന്തരാവസ്ഥ കാലഘട്ടത്തിൽ (1975-76) കുടുംബാസൂത്രണപദ്ധതിക്ക് വലിയ തിരിച്ചടികൾ നേരിട്ടു. പ്രതിനിധിസഭയും ചർച്ചയും നിയമനടപടികളും ഈ കാലയളവിൽ മാറ്റിവയ്ക്കുകയുണ്ടായി. പ്രത്യേക അജണ്ടകളിലൂടെയും നിയമങ്ങളിലൂടെയും ഈ കാലത്ത് ഭരണനിർവഹണം നടത്തി (നിയമനിർമാണ സഭയിൽ പാസാക്കാതെ). ഈ കാലത്ത് വളർച്ചാനിരക്ക് കുറയ്ക്കാനുള്ള പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകി. ഈ കാലഘട്ടത്തിൽ ഗവൺമെന്റ് ജനസംഖ്യാനിരക്ക് കുറക്കുന്നതിന് ബലംപ്രയോഗിച്ച് കൂട്ടവന്ധ്യംകരണം നടപ്പിലാക്കി. ഇവിടെ വന്ധ്യംകരണം എന്നത് ഗർഭധാരണം തടയാൻ പുരുഷന്മാരിൽ വാസക്ടമിയും സ്ത്രീകളിൽ

Box 2.4

### ഇന്ത്യയുടെ ജനസംഖ്യാശാസ്ത്രപരമായ നേട്ടങ്ങൾ (India's Demographic Transition)

ദേശീയ കുടുംബക്ഷേമ പദ്ധതി നടപ്പിലാക്കി അരനൂറ്റാണ്ടിനു ശേഷം

- അസംസ്കൃത ജനസംഖ്യ 40.8 (1951) ൽനിന്ന് 24.1 (2004) ആയി കുറഞ്ഞു. ശിശുമരണ നിരക്ക് 1000 ജീവനോടെയുള്ള ജനനത്തിൽ 146 ൽനിന്ന് (1951) 1000 ജീവനോടെയുള്ള ജനനത്തിൽ 58 ആയി (2004) കുറഞ്ഞു.
- ഇണകളുടെ സംരക്ഷണത്തിന് 10.4% (1971) ൽനിന്ന് 44% (1999) ലേക്ക് കൂടി.
- മരണനിരക്ക് 25 (1951) ൽനിന്ന് 7.5 (2004) ലേക്ക് കുറഞ്ഞു.
- ജീവിതദൈർഘ്യം 25 വർഷം വർധിച്ച് 37-ൽനിന്ന് 62 ആയി.
- സാർവത്രിക കുടുംബാസൂത്രണത്തിന്റെ ഗുണങ്ങൾ, രീതികൾ എന്നിവ ജനങ്ങളിലെത്തിക്കാൻ സാധിച്ചു.
- മേൽഫലപുഷ്ടിനിരക്ക് 6(1950) ൽനിന്ന് 3 (2004) എന്നതിലെത്തിച്ച് പകുതിയാക്കി.

Box 2.5

### 2010 ലെ സാമൂഹിക ജനസംഖ്യാശാസ്ത്രപരമായ ലക്ഷ്യങ്ങൾ (National Socio-Demographic Goals for 2010)

- പൂർത്തീകരിക്കാത്ത അടിസ്ഥാനപരമായ പ്രത്യുൽപ്പാദന-ശിശു ആരോഗ്യം, വിതരണവും സൗകര്യങ്ങൾ ഉണ്ടാക്കലും
- 14 വയസ്സുവരെ നിർബന്ധിത സൗജന്യവിദ്യാഭ്യാസം നടപ്പിലാക്കി, ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കൊഴിഞ്ഞുപോക്ക് 20 ശതമാനത്തിലേക്ക് കുറയ്ക്കുക.
- മാതൃമരണനിരക്ക് 1,00,000 ജനനത്തിൽ 100 ൽ താഴെയാക്കുക.
- പ്രതിരോധിക്കാവുന്ന അസുഖങ്ങൾക്ക് കുട്ടികളിൽ പ്രതിരോധ കുത്തിവയ്പ്പ് സാർവത്രികമാക്കുക.
- 18 വയസ്സിനു മുമ്പുള്ള പ്രായപൂർത്തിയാകാത്തവരുടെ വിവാഹം 20-ന് മുകളിലേക്ക് എത്തിക്കുക.
- 80 ശതമാനം പ്രസവങ്ങളും സ്ഥാപനങ്ങളിലേക്കും 100ശതമാനം പ്രസവങ്ങളും പരിശീലനം ലഭിച്ചവർ നടത്തുന്നതിലേക്കും എത്തിക്കുക.
- നിർദേശങ്ങൾ, ഉപദേശങ്ങൾ, ഫലപുഷ്ടിക്കുള്ള നിയന്ത്രണങ്ങൾ, നിയന്ത്രണരീതികൾ എന്നിവയിലുള്ള ധാരാളം സാധ്യതകൾ സാർവത്രികമായി ലഭിക്കാനുള്ള അവസരം
- ജനനം, മരണം, വിവാഹം, ഗർഭധാരണം എന്നിവയുടെ സമ്പൂർണ രജിസ്ട്രേഷൻ.
- ലൈംഗികബന്ധത്തിലൂടെ പകരുന്ന രോഗങ്ങൾ (STI, AIDS തുടങ്ങിയവയെ) നിയന്ത്രിക്കുന്നതിനുള്ള സംഘടനകളുടെ ബന്ധം വർധിപ്പിക്കുക.
- പകർച്ചവ്യാധികൾ നിയന്ത്രിക്കുകയും തടയുകയും ചെയ്യുക.
- പ്രത്യുൽപ്പാദനരംഗത്ത് ശിശു ആരോഗ്യത്തിൽ ഇന്ത്യൻ വൈദ്യശാസ്ത്രത്തെ ഉപയോഗിക്കുക. (ISM)
- ചെറിയ കുടുംബം എന്ന നിയമം പ്രാവർത്തികമാക്കാനുള്ള ശ്രമം.
- ജനകീയപദ്ധതി എന്ന നിലയിൽ കുടുംബക്ഷേമപദ്ധതിയിലൂടെ വിവിധ ഫലങ്ങൾ നടപ്പിലാക്കുക.

*Source: National Commission on Population.*




നിങ്ങൾ അഭിമാനിക്കുന്നില്ലേ? ലോകത്തെ വലുപ്പമേറിയ ജനാധിപത്യമാണ് നമ്മുടേത് താമസിയാതെ അത് കുറേക്കൂടി വലിയ ജനാധിപത്യമാകും.

ട്യൂബെക്ടമിയും ചെയ്ത് കുട്ടികളുണ്ടാകുന്നതു തടയലാണ്. ദരിദ്രരും നിരാലംബരുമായ ധാരാളം പേരെ നിർബന്ധപൂർവം വന്ധ്യംകരണശസ്ത്രക്രിയാ ക്യാംപുകളിൽ എത്തിക്കുന്നതിന് താഴേക്കിടയിലുള്ള ഗവൺമെന്റ് ഉദ്യോഗസ്ഥരെ നിയമിച്ചു. വളരെ വ്യാപകമായ പ്രതിഷേധം ഇതിനെതിരെ ഉണ്ടായി. അടിയന്തരാവസ്ഥയ്ക്കുശേഷം അധികാരത്തിലെത്തിയ പുതിയ സർക്കാർ ഈ ശ്രമം ഉപേക്ഷിച്ചു. അടിയന്തരാവസ്ഥയ്ക്കു ശേഷം ദേശീയ കുടുംബാസൂത്രണ പദ്ധതി ദേശീയ കുടുംബക്ഷേമപദ്ധതിയെന്ന് പുനർനാമകരണം ചെയ്തു. നിർബന്ധിതരീതി പിന്നീട് ഉപയോഗിച്ചിട്ടില്ല. ഇപ്പോൾ ഇതിന് സാമൂഹിക - ജനസംഖ്യാ ശാസ്ത്രപരമായ ലക്ഷ്യമുണ്ട്. ദേശീയ ജനസംഖ്യാനയത്തിന്റെ ഭാഗമായി പുതിയ നിർദേശങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. 2010 ലെ ലക്ഷ്യങ്ങൾ എന്ന നിലയിൽ ഇത് ബോക്സ് 2-5 ൽ ചുരുക്കി എഴുതിയിട്ടുണ്ട്.

ജനസംഖ്യാപരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു രാഷ്ട്രത്തിന് ധാരാളം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് ഇന്ത്യയുടെ ദേശീയ കുടുംബക്ഷേമപദ്ധതിയുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. പല ജനസംഖ്യാപരമായ ഘടകങ്ങളും (പ്രത്യേകിച്ച് ഫലപുഷ്ടി മാറ്റുന്നതുമായി ബന്ധപ്പെട്ട) അവസാനം സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ മാറ്റങ്ങൾക്ക് കാരണമാകുന്നു.



**അൽപ്പംകൂടി...**

പ്രകൃതിശാസ്ത്രങ്ങളും (Natural Sciences) സാമൂഹികശാസ്ത്രങ്ങളും (Social Sciences) ജനസംഖ്യശാസ്ത്ര (Demograpy) സംബന്ധിയായ പ്രശ്നങ്ങളെ വ്യത്യസ്ത വീക്ഷണകോണിൽനിന്ന് പഠിക്കാൻ ശ്രമിക്കുന്നു. ജനസംഖ്യ ജീവശാസ്ത്രപരമായ ഒന്നുമാത്രമല്ല. അതിന് സമൂഹശാസ്ത്രപാരമ്പര്യമില്ലാതെ നിലനിൽപ്പില്ല. അവന്ധ്യത (Fertility), മരണനിരക്ക് (Mortality), കുടിയേറ്റം (Migration) എന്നിവ വലിയ പരിധിവരെ സാമൂഹികമായി നിർണയിക്കപ്പെട്ടതാണെന്ന് കിങ്സ്ലി ഡേവിസ് (1949) (Kigsley Davis) ചൂണ്ടിക്കാട്ടുന്നു. ജനസംഖ്യാനിരക്കിനെയും ലക്ഷണങ്ങളെയും നിർണയിക്കുന്ന സാമൂഹിക-സാംസ്കാരിക ഘടകങ്ങളിൽ സമൂഹശാസ്ത്രം ശ്രദ്ധയൂന്നുന്നു. ഈ ചലനാങ്കങ്ങൾ (Variables) പ്രത്യക്ഷത്തിൽത്തന്നെ മാനദണ്ഡങ്ങൾ (Norms), മൂല്യങ്ങൾ (Values), ശീലങ്ങൾ (Habits), സാമൂഹികരീതി (Social Patterns) കളായും സ്വാധീനിക്കപ്പെടുന്നു.

സമൂഹശാസ്ത്രജ്ഞരെ സംബന്ധിച്ചിടത്തോളം ജനസംഖ്യയുടെ വലുപ്പം, വിതരണം, പട്ടിണി, നിരക്ഷരത, ആരോഗ്യം, കുടുംബഘടന തുടങ്ങിയ പ്രത്യേകതകൾ പ്രാധാന്യമേറിയവയാണ്.

എമിൽ ദുർഖൈം 'സോഷ്യൽ മോർഫോളജി' (Social Morphology) എന്ന കൃതിയിൽ ജനസംഖ്യയുടെ വലുപ്പത്തെ പഠിക്കാൻ ശ്രമിക്കുന്നു. അദ്ദേഹം ജനസംഖ്യയുടെ സാന്ദ്രതയെയും വ്യാപ്തിയെയും ഊന്നിപ്പറഞ്ഞു. ഇവ രണ്ടും ഒരു സമൂഹത്തിന്റെ ഘടനയെ സ്വാധീനിക്കുന്നു. തൊഴിൽവിഭജനത്തെ (Division of Labour) ക്കുറിച്ച് ചർച്ചചെയ്യുമ്പോൾ സമൂഹത്തിന്റെ ഭൗതികവും (Material) ധർമികവും (Moral) ആയ സാന്ദ്രതയിൽ (Density) തിരിച്ചറിയണമെന്ന് ചൂണ്ടിക്കാട്ടുന്നു. ഭൗതിക ജനസാന്ദ്രത എന്നത് ജനസാന്ദ്രതയാണ്. അതായത്, സമൂഹത്തിലെ ജനങ്ങളുടെ പാരസ്പര്യത്തെയാണിത് സൂചിപ്പിക്കുന്നത്. ജനസാന്ദ്രതാവർധനവ്മൂലമുണ്ടാകുന്ന ജനങ്ങൾക്കിടയിലെ തീവ്രപാരസ്പര്യത്തിന്റെ അളവിനെയാണ് ധാർമികസാന്ദ്രത എന്നുപറയുന്നത്.

http://www.britanica.com



1. ജനസംഖ്യാപരിവർത്തനസിദ്ധാന്തത്തിന്റെ അടിസ്ഥാനവാദങ്ങൾ വിശദീകരിക്കുക. പരിവർത്തനകാലഘട്ടം എന്തുകൊണ്ട് ജനസംഖ്യാവിസ്ഫോടനവുമായി ബന്ധപ്പെട്ടിരിക്കുന്നു?
2. ദാരുണദുരന്തങ്ങളായ ക്ഷാമവും പകർച്ചവ്യാധികളും വലിയ അളവിൽ ജനങ്ങളുടെ മരണത്തിന് കാരണമാകുമെന്ന് എന്തുകൊണ്ടാണ് മാൽത്തൂസ് വിശ്വസിച്ചത്?
3. എന്താണ് 'ജനനനിരക്ക്', 'മരണനിരക്ക്'? മരണനിരക്കിന് ആനുപാതികമായി ജനനനിരക്ക് കുറയാത്തതിന് കാരണമെന്ത്?
4. ഇന്ത്യയിലെ ഏതു സംസ്ഥാനമാണ് ജനസംഖ്യയുടെ അളവ് പുനസ്ഥാപനനിലയ്ക്കടുത്തെത്തിച്ചിരിക്കുന്നത്? ഏതിനാണ് ഇപ്പോഴും വലിയ ജനനനിരക്കുള്ളത്? നിങ്ങളുടെ അഭിപ്രായത്തിൽ ഈ പ്രാദേശികവ്യത്യാസത്തിനു കാരണമെന്താണ്?
5. ജനസംഖ്യയുടെ പ്രായഘടന എന്നാലെന്ത്? ഇത് സാമ്പത്തികപുരോഗതിക്കും വളർച്ചയ്ക്കും പ്രാധാന്യം നൽകുന്നതെന്തുകൊണ്ട്?
6. ലിംഗാനുപാതം എന്നാലെന്ത്? ലിംഗാനുപാതം കുറയുന്നതിനുള്ള കാരണങ്ങൾ ഏവ? ഇപ്പോഴും രക്ഷിതാക്കൾ പെൺകുട്ടികളേക്കാൾ ആൺകുട്ടികളെ ആഗ്രഹിക്കുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഈ പരിഗണനകൾക്കുള്ള കാരണമെന്താണെന്നാണ് നിങ്ങളുടെ അഭിപ്രായം?

## REFERENCES




Bloom, David. 2011. '7 Billion and Counting'. *Science*, Vol. 333, No.562, doi:10.1126/science.1209290 (accessed on 8 December, 2017)

Bose, Ashish. 2001. *Population of India, 2001 Census Results and Methodology*. B.R. Publishing Corporation, Delhi.

Davis, Kingsley. 1951. *The Population of India and Pakistan*. Russel and Russel, New York.

India. 2006. *A Reference Annual*. Publications Division, Government of India, New Delhi.

Kirk, Dudley. 1968. 'The Field of Demography', in Sills, David. ed. *International Encyclopedia of the Social Sciences*. The Free Press and Macmillan, New York.

Visaria, Pravin and Visaria, Leela. 2003. 'India's Population: Its Growth and Key Characteristics', in Das, V. ed. *The Oxford India Companion to Sociology and Social Anthropology*. Oxford University Press, Delhi.


**Websites**

*http://populationcommission.nic.in/facts1.htm*

*http://en.wikipedia.org/wiki/spanish_flu*

*http://www.who.int/mediacenter/factsheets/fs211/en/*

*http://censusindia.gov.in*




പാഠം 3

# സാമൂഹിക സ്ഥാപനങ്ങൾ: തുടർച്ചയും മാറ്റവും

# SOCIAL INSTITUTIONS: CONTINUITY AND CHANGE

അധ്യായം രണ്ടിൽ ഇന്ത്യയിലെ ജനസംഖ്യയുടെ ഘടനയെയും ചലനാത്മകതയെയും കുറിച്ച് മനസ്സിലാക്കി. ഇനി നമുക്ക് സാമൂഹികസ്ഥാപനങ്ങളെക്കുറിച്ച് ചർച്ചചെയ്യാം. ജനസംഖ്യ എന്നത് വേർതിരിഞ്ഞ, പരസ്പരബന്ധമില്ലാത്ത വ്യക്തികളുടെ ഒരു കൂട്ടമല്ല. സ്പഷ്ടവും എന്നാൽ പരസ്പരബന്ധിതവുമായ, പലതരത്തിലുള്ള വർഗങ്ങളും സമുദായങ്ങളും ചേർന്നുണ്ടായ ഒരു സമൂഹമാണ്. ഈ സമുദായങ്ങളെ സുസ്ഥിരമാക്കുന്നതും നിയന്ത്രിക്കുന്നതും സാമൂഹിക സ്ഥാപനങ്ങളും സാമൂഹികബന്ധങ്ങളുമാണ്. ഇന്ത്യൻസമൂഹത്തിലെ മുഖ്യ സാമൂഹിക സ്ഥാപനങ്ങളായ ജാതി, ഗോത്രം, കുടുംബം എന്നിവയെ കുറിച്ചാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

## 3.1 ജാതിയും ജാതിവ്യവസ്ഥയും (Caste and the Caste System)

ആയിരക്കണക്കിനു വർഷങ്ങളായി ഇന്ത്യൻചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമായുള്ള ഒരു പുരാതന സാമൂഹികസ്ഥാപനമാണ് 'ജാതി'. ജാതി എന്നു വിളിക്കപ്പെടുന്ന വ്യവസ്ഥ ഇന്നും ഇന്ത്യൻ സമൂഹത്തിന്റെ ഘടകമാണെന്ന് 21-ാം നൂറ്റാണ്ടിൽ ജീവിക്കുന്ന ഏതൊരു ഇന്ത്യക്കാരനെയുംപോലെ നിങ്ങൾക്കുമറിയാം. ഭൂതകാലത്തിലും വാർത്തമാനകാലത്തുമുള്ള 'ജാതി'കൾ സമാനമാണോ എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താനാണ് ഈ ഭാഗത്ത് ശ്രമിക്കുന്നത്.

### ജാതി ഭൂതകാലത്ത് (Caste in the Past)

ഇന്ത്യൻ ഉപഭൂഖണ്ഡവുമായി മാത്രം ചേർന്നുനിൽക്കുന്ന ഒരു സ്ഥാപനമാണ് ജാതി. ജാതിക്ക് സമാനമായ മറ്റു സാമൂഹികക്രമീകരണങ്ങൾ ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ നിലനിൽക്കുന്നുണ്ടെങ്കിലും ജാതിയുടെ തനതുരൂപം മറ്റെവിടെയും കാണാൻ കഴിയില്ല. ഈ സ്ഥാപനം ഹൈന്ദവസമൂഹത്തിന്റെ സവിശേഷതയായിരുന്നെങ്കിലും ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ പ്രധാന ഹൈന്ദവേതര സമുദായങ്ങളായ മുസ്ലിംകൾ, ക്രിസ്ത്യാനികൾ എന്നിവർക്കിടയിലേക്കും അതു വ്യാപിച്ചിട്ടുണ്ട്.

ശുദ്ധയിനം (Pure Breed) എന്നർഥം വരുന്ന 'Casta' എന്ന പോർച്ചുഗീസ് വാക്കിൽനിന്നാണ് 'Caste' എന്ന ഇംഗ്ലീഷ്പദം ഉരുത്തിരിഞ്ഞത്. ഇന്ത്യൻ ഭാഷകളിൽ (പ്രാചീന സംസ്കൃത ഭാഷയിൽ തുടങ്ങി) വർണം, ജാതി എന്നീ രണ്ട് വ്യത്യസ്ത പദങ്ങൾകൊണ്ട് സൂചിപ്പിക്കുന്ന സ്ഥാപനപരമായ ഒരു വിശാലക്രമീകരണമാണ് ജാതി. പ്രാചീനസംസ്കൃതത്തിൽ നിന്നുദ്ഭവിച്ച 'വർണം', 'ജാതി' എന്നീ രണ്ടു പദങ്ങൾകൊണ്ടാണ് ജാതിയെന്ന വിശാലമായ സാമൂഹിക ക്രമീകരണത്തെ സൂചിപ്പിച്ചുപോരുന്നത്. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെയുള്ള ചതുർഘട്ട വിഭജനത്തിനാണ് *നിറം* എന്നർഥം വരുന്ന വർണം എന്ന് പേരു നൽകിയിരിക്കുന്നത്. പുറംജാതികൾ (Out Caste), അന്യനാട്ടുകാർ, അടിമകൾ, കീഴടക്കപ്പെട്ട ജനത തുടങ്ങിയവർ ഉൾപ്പെട്ട സമൂഹത്തിലെ വലിയൊരു വിഭാഗം ഈ വർണവ്യവസ്ഥയിൽ ഉൾപ്പെട്ടിരുന്നില്ല. വർണവ്യവസ്ഥയിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്ന ഈ വിഭാഗങ്ങളെ പഞ്ചമർ (Panchamas) അഥവാ അഞ്ചാംവിഭാഗം എന്നു വിളിക്കാറുണ്ട്. അചേതനമായ വസ്തുക്കൾ മുതൽ സസ്യങ്ങൾ, മൃഗങ്ങൾ, മനുഷ്യൻ എന്നിവയെ സൂചിപ്പിക്കുന്ന പൊതുവായ പദമാണ് ജാതി. ഇന്ത്യൻ ഭാഷകളിൽ ജാതി എന്ന സ്ഥാപനത്തെ സൂചിപ്പിക്കുന്നതിനാണ് ഈ പദം പൊതുവെ ഉപയോഗിക്കാറുള്ളത്. ഇന്ത്യൻ ഭാഷ സംസാരിക്കുന്നവരും കാസ്റ്റ് എന്ന ഇംഗ്ലീഷ് പദം കൂടുതലായി ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ടെന്നത് ശ്രദ്ധേയമാണ്.

വർണവും ജാതിയും തമ്മിലുള്ള കൃത്യമായ ബന്ധം പണ്ഡിതർക്കിടയിൽ ധാരാളം അനുമാനങ്ങളുള്ള ഒരു സംവാദവിഷയമാണ്. വർണത്തെക്കുറിച്ചുള്ള പൊതുവായ വ്യാഖ്യാനം ഇത് വിശാലമായ ഇന്ത്യയിൽ മൊത്തത്തിലുള്ള വർഗീകരണമാണ് എന്നതാണ്. അതേസമയം ജാതി ഓരോ പ്രദേശത്തും നൂറുകണക്കിനോ ആയിരക്കണക്കിനോ ജാതി-ഉപജാതികളായി വിഭജിക്കപ്പെട്ട സങ്കീർണമായ ഒരു വ്യവസ്ഥയാണ്. ചതുർവർണവർഗീകരണം ഇന്ത്യയിൽ

എവിടെയും കാണാം. എന്നാൽ ജാതിശ്രേണി പ്രദേശത്തിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും.


ജാതിവ്യവസ്ഥയുടെ പഴക്കത്തെക്കുറിച്ചും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ചതുർവർണവിഭജനം നിലവിൽ വന്നത് ഏതാണ്ട് മൂവായിരം വർഷങ്ങൾക്കു മുമ്പാണെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടതാണ്. എന്നാൽ ജാതിവ്യവസ്ഥ വ്യത്യസ്തകാലങ്ങളിൽ വ്യത്യസ്ത രീതിയിലും ലക്ഷ്യത്തോടെയുമാണ് നിലനിന്നിരുന്നത്. അതുകൊണ്ട് മൂവായിരം വർഷങ്ങളായി ഒരേ വ്യവസ്ഥ തുടർന്നുപോരുന്നുവെന്ന് ചിന്തിക്കുന്നത് അബദ്ധധാരണയാണ്.

ആദ്യ കാലഘട്ടത്തിൽ, ബി.സി 900–500 നും ഇടയിലായി കണക്കാക്കപ്പെടുന്ന പൂർവവേദകാലത്തിന്റെ അന്ത്യഘട്ടത്തിൽ ജാതിവ്യവസ്ഥ വർണവ്യവസ്ഥയെപ്പോലെത്തന്നെ നാലു വലിയ വിഭാഗങ്ങളായിരുന്നു. ഈ വിഭജനങ്ങൾ അത്ര വിപുലമോ ഇടുങ്ങിയതോ ആയിരുന്നില്ല. അവ ജന്മത്താൽ നിർണയിക്കപ്പെട്ടവയുമായിരുന്നില്ല. ഒരു വിഭാഗത്തിൽ നിന്നു മറ്റൊന്നിലേക്കുള്ള മാറ്റവും സാധാരണമായിരുന്നു. പിൽക്കാല വേദകാലഘട്ടത്തിൽ മാത്രമാണ് ജാതി ദൃഢമായ ഒരു സ്ഥാപനമായി ത്തീർന്നതെന്ന് നിർവചനങ്ങളിൽനിന്നു നമുക്കറിയാം.

ജാതിയുടെ എടുത്തുപറയപ്പെടുന്ന സവിശേഷതകൾ താഴെ പറയുന്നവയാണ്.

1. ജനനമാണ് ജാതി തീരുമാനിക്കുന്നത്. ഒരു കുട്ടി രക്ഷിതാക്കളുടെ ജാതിയിലാണ് ജനിച്ചുവീഴുന്നത്. ജാതി ഒരിക്കലും തിരഞ്ഞെടുക്കാൻ പറ്റുന്നതല്ല. ഒരാൾക്ക് തന്റെ ജാതി മാറാനോ ഉപേക്ഷിക്കാനോ അല്ലെങ്കിൽ അതിൽ ചേരാതിരിക്കാനോ കഴിയില്ല. എങ്കിലും ജാതിയിൽനിന്ന് വ്യക്തികളെ പുറത്താക്കുന്ന സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്.

**അയ്യങ്കാളി**
**(1863 - 1914)**




കേരളത്തിൽ ജനിച്ച അയ്യങ്കാളി താഴ്ന്നവരെന്നുവിളിക്കപ്പെട്ട ജാതിക്കാരുടെയും ദലിതരുടെയും നേതാവായിരുന്നു. ദലിതർക്ക് പൊതുനിരത്തിൽ നടക്കാനും ദലിത് കുട്ടികൾക്ക് സ്കൂൾ പ്രവേശനം നൽകാനും കഴിഞ്ഞത് ഇദ്ദേഹത്തിന്റെ മഹാപരിശ്രമം കൊണ്ടാണ്.

2. ജാതിയിലെ അംഗത്വം വിവാഹത്തെക്കുറിച്ച് കർശനമായ നിയമങ്ങൾ അടങ്ങിയതാണ്. ജാതിവ്യവസ്ഥ സ്വഗണവിവാഹം (Endogamy) മാത്രമേ അനുവദിക്കുന്നുള്ളൂ. അതായത് വിവാഹം ഗണത്തിലെ അംഗങ്ങൾക്കിടയിൽ പരിമിതപ്പെടുത്തിയിരിക്കുന്നു.
3. ജാതിവ്യവസ്ഥ ആഹാരത്തെക്കുറിച്ചും ആഹാരം പങ്കുവയ്ക്കുന്നതിനെക്കുറിച്ചുമുള്ള നിയമങ്ങൾ അടങ്ങിയതാണ്. ജാതിയിലെ അംഗങ്ങൾ ഏതുതരത്തിലുള്ള ഭക്ഷണം കഴിക്കണമെന്നും ഏതെല്ലാം കഴിക്കാൻ പാടില്ലെന്നും ഭക്ഷണം ആരെല്ലാമായി പങ്കുവയ്ക്കാമെന്നും നിജപ്പെടുത്തിയിട്ടുണ്ട്.
4. ഓരോ വ്യക്തിക്കും ജാതിയുണ്ട്. ജാതിവ്യവസ്ഥ സമൂഹത്തിലെ സ്ഥാനത്തിന്റെയും പദവിയുടെയും അടിസ്ഥാനത്തിലുള്ള വ്യക്തമായ ക്രമീകരണമാണ്. ഓരോ ജാതിക്കും ഈ ക്രമീകരണത്തിൽ ഒരു നിശ്ചിതസ്ഥാനമുണ്ട്. അധികാര ശ്രേണീവ്യവസ്ഥയിലെ വിവിധ ജാതികളുടെ സ്ഥാനക്രമം (പ്രത്യേകിച്ച്, ഉയർന്നതോ താഴ്ന്നതോ അല്ലാത്ത മധ്യപദവിജാതികളുടെ) ഓരോ പ്രദേശത്തും വ്യത്യാസപ്പെട്ടിരിക്കും.
5. ജാതിക്കകത്ത് ഉപവിഭാഗങ്ങളുണ്ട്. അതായത് ജാതികൾക്ക് മിക്കവാറും ഉപജാതികളും ഉപജാതികൾക്ക് ചിലപ്പോൾ ഉപവിഭാഗങ്ങളുമുണ്ടായിരിക്കും. ഇതിനെ ഒരു ഖണ്ഡസംവിധാന (Segmental Organisation) മായാണ് പരാമർശിക്കുന്നത്.
6. ജാതികൾ പരമ്പരാഗതമായി തൊഴിലുകളുമായി ബന്ധിതമാണ്. ഒരു ജാതിയിൽ ജനിച്ച വ്യക്തി ആ ജാതിയുമായി ബന്ധപ്പെട്ട തൊഴിൽ മാത്രമേ ചെയ്യാൻ പാടുണ്ടായിരുന്നുള്ളൂ.

അതുകൊണ്ട് തൊഴിലുകൾ പരമ്പരാഗതമാണ്. അതായത്, അതു തലമുറകളായി കൈമാറുന്നു. ഓരോ ജാതിയുമായി ബന്ധപ്പെട്ട പ്രത്യേക തൊഴിലിലേക്ക് മറ്റുജാതികളിലെ അംഗങ്ങൾക്ക് പ്രവേശിക്കാൻ കഴിഞ്ഞിരുന്നില്ല.

ഈ സവിശേഷതകൾ പുരാതന വിശുദ്ധഗ്രന്ഥങ്ങൾ അനുശാസിക്കുന്ന നിയമങ്ങളാണ്. ഈ നിയമങ്ങളും ശാസനകളും പലപ്പോഴും പാലിക്കപ്പെടാറില്ലാത്തതിനാൽ അക്കാലത്തു ജീവിച്ചിരുന്നവർ എത്രത്തോളം ജാതിയുടെ യഥാർഥ അർഥം ഉൾക്കൊണ്ടിരുന്നു എന്നു പറയാൻ കഴിയില്ല. ജാതിയനുശാസനങ്ങളിൽ ഭൂരിഭാഗവും പല തരത്തിലുള്ള വിലക്കുകളോ നിയന്ത്രണങ്ങളോ ആയിരുന്നു. ജാതി ഒരു അസമമായ സമ്പ്രദായ സ്ഥാപനമായിരുന്നുവെന്ന് ചരിത്രത്തെളിവുകളിൽനിന്നു വ്യക്തമാണ്. അതായത് ചില ജാതികൾ ജാതിവ്യവസ്ഥയിൽനിന്നു വലിയ നേട്ടമുണ്ടാക്കിയപ്പോൾ മറ്റുള്ളവർ ജീവിതാന്ത്യം വരെ തൊഴിൽ ചെയ്യാനും കീഴ്പ്പെട്ടു ജീവിക്കാനും വിധിക്കപ്പെട്ടു. ജന്മംകൊണ്ട് ഒരിക്കൽ ജാതി നിർണയിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നീട് ഒരിക്കലും സ്വന്തം ജീവിത സാഹചര്യങ്ങൾ മാറ്റിയെടുക്കാൻ അവർക്കു സാധിക്കില്ല. അർഹതയുണ്ടെങ്കിലും ഇല്ലെങ്കിലും ഉയർന്നവരെന്നു പറയപ്പെട്ട ജാതിക്കാരനായ വ്യക്തിക്ക് സമൂഹത്തിൽ ഉന്നതസ്ഥാനം ലഭിക്കുകയും താഴ്ന്ന ജാതിയിൽപ്പെട്ടവർ എന്ന് പരിഗണിച്ചവർ താഴ്ന്ന പദവിയിൽത്തന്നെ നിലനിൽക്കുകയും ചെയ്തു.

**ജ്യോതിറാവു ഗോവിന്ദറാവു ഫൂലെ (1827-1890)**



ജ്യോതിറാവു ഗോവിന്ദറാവു ഫൂലെ ജാതിസമ്പ്രദായത്തെ തള്ളിപ്പറയുകയും ശുദ്ധാശുദ്ധനിയമങ്ങളെ തിരസ്കരിക്കുകയും ചെയ്തു. താഴ്ത്തപ്പെട്ടവരുടെ സാമൂഹികനീതിക്കും മനുഷ്യാവകാശങ്ങൾക്കും വേണ്ടി നിലകൊണ്ട ഫൂലെ, 1873-ൽ സത്യശോധക് സമാജം (Truth Seeking Society) സ്ഥാപിച്ചു.

സൈദ്ധാന്തികമായി ജാതിവ്യവസ്ഥ രണ്ടുതരത്തിലുള്ള തത്ത്വങ്ങളുടെ ഒരു സങ്കലനമായി മനസ്സിലാക്കാം. അതിലൊന്ന് *വ്യത്യസ്തത, അകൽച്ച* (Difference and Seperation) എന്നിവയെ അടിസ്ഥാനമാക്കിയുള്ളതും മറ്റൊന്ന് *ആകമാനത, അധികാരശ്രേണി* (Wholism and Hierarchy) എന്നിവയെ അടിസ്ഥാനമാക്കിയുള്ളതുമാണ്. ഇതനുസരിച്ച് ഓരോ ജാതിയും മറ്റൊരു ജാതിയിൽനിന്ന് വ്യത്യസ്തമാണെന്നാണ് കരുതപ്പെട്ടിരുന്നത്. അതിനാൽ മറ്റു ജാതികളിൽനിന്ന് അവ കർശനമായി അകന്നുനിൽക്കുമെന്ന് സങ്കൽപ്പിക്കപ്പെട്ടു. വിവാഹം, ഭക്ഷണം പങ്കിടൽ, തൊഴിൽ തുടങ്ങിയ കാര്യങ്ങളിലെല്ലാം നിയന്ത്രണങ്ങൾ രൂപപ്പെടുത്തി. ജാതികൾ തമ്മിലുള്ള ഇടപഴകൽ തടയുകയെന്ന ലക്ഷ്യത്തോടെയാണ് ജാതിയുടെ മിക്ക പ്രാമാണികനിയമങ്ങളും രൂപകൽപ്പന ചെയ്യപ്പെട്ടത്. അതേസമയം വ്യത്യസ്തവും വേർപെട്ടതുമായ ജാതികൾക്ക് ഒറ്റപ്പെട്ട് നിലനിൽപ്പില്ല. എല്ലാ ജാതികളും ഉൾപ്പെട്ട മൊത്തം സമൂഹത്തിന്റെ ഒരു ഭാഗമായി മാത്രമേ അവയ്ക്ക് നിലനിൽക്കാൻ കഴിയുകയുള്ളൂ. കൂടാതെ മൊത്തത്തിലുള്ള സമൂഹം അഥവാ വ്യവസ്ഥ സമത്വാധിഷ്ഠിതമല്ല, ശ്രേണീക്രമമാണ്. മുകളിൽനിന്ന് താഴേക്ക് ക്രമീകരിച്ചിരിക്കുന്ന ശ്രേണിയിൽ ഓരോ ജാതിക്കും അവരുടെ സാമൂഹികപദവിക്കനുസരിച്ച് പ്രത്യേക സ്ഥാനം നൽകപ്പെട്ടു.

ജാതിശ്രേണിയിലെ ഈ ക്രമീകരണത്തിന്റെ അടിസ്ഥാനം ശുദ്ധം-അശുദ്ധം (Purity and Pollution) എന്ന വേർതിരിവാണ്. വിശുദ്ധിയോടടുത്തു നിൽക്കുന്നത് ശുദ്ധവും അകന്നു നിൽക്കുന്നത് അല്ലെങ്കിൽ എതിരായത് അശുദ്ധവും. ആചാരപരമായി ശുദ്ധമെന്ന് കണക്കാക്കപ്പെടുന്ന ജാതികൾക്ക് ഉന്നതമായ സ്ഥാനവും അശുദ്ധമായി കണക്കാക്കപ്പെടുന്ന ജാതികൾക്ക് താഴ്ന്ന സ്ഥാനവുമാണുണ്ടായിരുന്നത്. എല്ലാ സമൂഹങ്ങളിലും ഭൗതികമായ അധികാരം (സാമ്പത്തിക, സൈനികാധികാരം) സാമൂഹികപദവിയുമായി ബന്ധപ്പെട്ട ഒന്നായതുകൊണ്ട് ഉയർന്ന സാമൂഹികപദവിയുള്ളവർക്ക് മാത്രമേ ഇത്തരം അധികാരം കൈവരുകയുള്ളൂ. തിരിച്ചും അങ്ങനെത്തന്നെയാണ്. യുദ്ധത്തിൽ പരാജിതരായവർക്ക്

പലപ്പോഴും താഴ്ന്ന ജാതിപദവിയാണ് നൽകിയിരുന്നതെന്ന് ചരിത്രകാരർ വിശ്വസിക്കുന്നു.

ആചാരങ്ങളുടെ അടിസ്ഥാനത്തിൽ തുല്യതയില്ലെന്നു മാത്രമല്ല, അവ പരസ്പരം പൂരകമായിരിക്കണമെന്നും പരസ്പരം മത്സരിക്കുന്ന വിഭാഗങ്ങളാകാൻ പാടില്ലെന്നും കരുതപ്പെടുന്നു. മറ്റൊരർഥത്തിൽ ജാതി വ്യവസ്ഥയിൽ ഓരോ ജാതിക്കും അതിന്റേതായ സ്ഥാനമുണ്ട്. അത് മറ്റൊരു ജാതിക്ക് അവകാശപ്പെടാൻ കഴിയില്ല. ജാതി തൊഴിലുമായി ബന്ധപ്പെട്ട ഒരു സാമൂഹികസ്ഥാപനമായതുകൊണ്ട് സാമൂഹികമായ തൊഴിൽവിഭജനത്തിന്റെ അടിസ്ഥാനത്തിലാണ് ജാതിവ്യവസ്ഥ പ്രവർത്തിക്കുന്നത്. തത്ത്വത്തിൽ ജാതിയിൽ ചലനാത്മകത (Mobility) അനുവദനീയമല്ല.

ഭൂതകാലത്തെക്കുറിച്ചുള്ള, പ്രത്യേകിച്ച് പുരാതനകാലത്തെ കുറിച്ചുള്ള നമ്മുടെ അറിവിന്റെ സ്രോതസ്സുകൾ പരിമിതമാണ്. അക്കാലത്ത് കാര്യങ്ങൾ എന്തൊക്കെയായിരുന്നെന്നും ചില സ്ഥാപനങ്ങളും സമ്പ്രദായങ്ങളും എങ്ങനെയാണ് സ്ഥാപിതമായതെന്നും നമുക്കു തീർത്തുപറയാൻ കഴിയില്ല. അവയെക്കുറിച്ചെല്ലാം അറിയാൻ കഴിഞ്ഞാൽ പോലും അവയെ ഇന്ന് എന്തു ചെയ്യണമെന്ന കാര്യവും നമുക്ക് പറയാൻ കഴിയില്ല. ഭൂതകാലത്തു സംഭവിച്ച കാര്യങ്ങൾ അല്ലെങ്കിൽ നമ്മുടെ പാരമ്പര്യങ്ങൾ എക്കാലത്തും ശരിയായിക്കൊള്ളണമെന്നില്ല അതേപോലെത്തന്നെ തെറ്റായിക്കൊള്ളണമെന്നുമില്ല. ഓരോ കാലവും അത്തരം ചോദ്യങ്ങളെക്കുറിച്ച് പുതുതായി ചിന്തിക്കുകയും അതിന്റെ സാമൂഹികസ്ഥാപനങ്ങളെക്കുറിച്ച് കൂട്ടായ തീരുമാനത്തിൽ എത്തുകയും വേണം.

## സാവിത്രിബായി ഫൂലെ (1831-1897)




പൂനെയിൽ,രാജ്യത്ത് പെൺകുട്ടികൾക്കായി സ്ഥാപിച്ച ആദ്യത്തെ വിദ്യാലയത്തിന്റെ പ്രധാനാധ്യാപികയായിരുന്നു. ശൂദ്രരുടെയും ആദിശൂദ്രരുടെയും വിദ്യാഭ്യാസത്തിനായി ജീവിതം സമർപ്പിച്ചു. കൃഷിക്കാർക്കും തൊഴിലാളികൾക്കുമായി ഒരു നിശാപാഠശാല സ്ഥാപിച്ചു. പ്ലേഗ്ബാധിതരെ പരിപാലിച്ചുകൊണ്ടിരിക്കെ മരണപ്പെട്ടു.

## കൊളോണിയൽവാഴ്ചയും ജാതിയും (Colonialism and Caste)

പുരാതനകാലവുമായി താരതമ്യം ചെയ്യുമ്പോൾ സമീപകാല ഘട്ടത്തിലെ ജാതിയെക്കുറിച്ച് നമുക്ക് കൂടുതൽ അറിയാൻ കഴിയുന്നുണ്ട്. ആധുനികചരിത്രത്തിന്റെ ആരംഭം 19-ാം നൂറ്റാണ്ടിലാണ്. 1947-ലെ ഇന്ത്യൻ സ്വാതന്ത്ര്യം വരെ കൊളോണിയൽ കാലഘട്ടം (ഏകദേശം 150 വർഷം - 1800 മുതൽ 1947 വരെ) എന്നും സ്വാതന്ത്ര്യാനന്തര കാലഘട്ടം അഥവാ കോളനീയനന്തര (Post Colonial) ഘട്ടം ( 1947 മുതൽ ഇന്നുവരെയുള്ള ഏഴു പതിറ്റാണ്ട്) എന്നും വിളിക്കുന്നു. ഒരു സാമൂഹികസ്ഥാപനം എന്ന രീതിയിൽ ജാതിയെ രൂപപ്പെടുത്തിയെടുക്കുന്നതിൽ കൊളോണിയൽ കാലഘട്ടവും സ്വതന്ത്ര ഇന്ത്യയിലെ ത്വരിതഗതിയിലുള്ള മാറ്റങ്ങളും പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

കൊളോണിയൽ കാലഘട്ടത്തിൽ എല്ലാ വലിയ സാമൂഹികസ്ഥാപനങ്ങളും, പ്രത്യേകിച്ച് ജാതി വലിയ മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ടെന്ന് പണ്ഡിതർ അംഗീകരിക്കുന്നു. ഇന്നു കാണുന്ന ജാതി പുരാതന ഇന്ത്യൻപാരമ്പര്യത്തിന്റെ ഭാഗമല്ലെന്നും അത് യഥാർഥത്തിൽ കൊളോണിയലിസത്തിന്റെ സൃഷ്ടിയാണെന്നും ചില പണ്ഡിതർ വാദിക്കുന്നു. ഈ മാറ്റങ്ങളെല്ലാം ബോധപൂർവം കൊണ്ടുവന്നതായിരുന്നില്ല. തുടക്കത്തിൽ രാജ്യത്തെ കാര്യക്ഷമമായി ഭരിക്കുന്നതിന്റെ ഭാഗമായാണ് ബ്രിട്ടീഷ് ഭരണകർത്താക്കൾ ജാതിയുടെ സങ്കീർണതകളെക്കുറിച്ച് പഠിക്കാനാരംഭിച്ചത്. തുടർന്ന് ഇന്ത്യയിലെ ഗോത്രങ്ങളുടെയും ജാതിയുടെയും ആചാരങ്ങൾ, രീതികൾ എന്നിവയെക്കുറിച്ച് ആഴത്തിലുള്ള നിരവധി പഠനങ്ങൾ സംഘടിപ്പിക്കപ്പെടുകയും അവയുടെ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. വംശീയ പഠനതൽപ്പരരായ ബ്രിട്ടീഷ് ഭരണകർത്താക്കൾ അത്തരം സർവേകളിലും പഠനങ്ങളിലും വലിയ പ്രാധാന്യം കണ്ടു.

### പെരിയാർ (ഇ.വി. രാമസ്വാമി നായ്ക്കർ) (1879-1973)



ഇദ്ദേഹം യുക്തിവാദിയും ദക്ഷിണേന്ത്യയിലെ കീഴ്ജാതി പ്രസ്ഥാനങ്ങളുടെ നേതാവുമായിരുന്നു. എല്ലാ മനുഷ്യരും തുല്യരാണെന്നും സ്വാതന്ത്ര്യവും സമത്വവും ഓരോ വ്യക്തിയുടെയും ജന്മാവകാശമാണെന്നും അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചു.

ജാതിയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കാനുള്ള ഔദ്യോഗികമായ ശ്രമങ്ങളിൽ പ്രധാനപ്പെട്ടത് സെൻസസ് ആയിരുന്നു. 1860-ലാണ് സെൻസസ് ആരംഭിച്ചത്. 1881 മുതൽ ഓരോ പത്തുവർഷം കൂടുമ്പോഴും ബ്രിട്ടീഷ് സർക്കാർ കൃത്യമായി സെൻസസ് നടത്താൻ തുടങ്ങി. 1901-ൽ ഹെർബർട്ട് റിസിലിയുടെ (Herbert Risely) നേതൃത്വത്തിൽ നടന്ന സെൻസസ് ജാതിയുടെ സാമൂഹികശ്രേണിയെ അടിസ്ഥാനമാക്കി വിവരം ശേഖരിക്കാൻ ശ്രമിച്ചത് ശ്രദ്ധേയമായി. ഇതിലൂടെ ഓരോ പ്രദേശത്തെയും സാമൂഹികശ്രേണിയിൽ ഓരോ ജാതിക്കും നൽകപ്പെട്ടിരുന്ന പദവിയും മുൻഗണനാക്രമവും കണ്ടെത്താൻ ഈ സർവേ ശ്രമിച്ചു. ഈ പരിശ്രമം ജാതിയെക്കുറിച്ചുള്ള സാമൂഹികവീക്ഷണത്തിൽ വലിയ സ്വാധീനം ചെലുത്തി. വിവിധ ജാതികളുടെ പ്രതിനിധികൾ അവരുടെ ജാതികൾക്ക് സാമൂഹികശ്രേണിയിൽ ഉയർന്ന സ്ഥാനം ആവശ്യപ്പെട്ട് നൂറുകണക്കിന് നിവേദനങ്ങൾ നൽകി. തങ്ങളുടെ അവകാശവാദം തെളിയിക്കുന്നതിന് ചരിത്രവും വിശുദ്ധ ഗ്രന്ഥതെളിവുകളും സഹിതം സെൻസസ് കമ്മീഷണർക്ക് അവ സമർപ്പിച്ചു. ജാതികളുടെ എണ്ണം തിട്ടപ്പെടുത്താനും പദവി ഔദ്യോഗികമായി രേഖപ്പെടുത്താനുമുള്ള ഈ പ്രത്യക്ഷ ശ്രമം ജാതി എന്ന സ്ഥാപനത്തെതന്നെ മാറ്റിമറിച്ചു. ഈ രീതിയിലുള്ള ഇടപെടലുകൾക്കുമുമ്പ് ജാതീയമായ സ്വത്വങ്ങൾ (Caste Identities) അത്ര കർക്കശമായിരുന്നില്ല. ഒരിക്കൽ അവയെ പരിഗണിക്കുകയും പദവികൾ രേഖപ്പെടുത്തുകയും ചെയ്തപ്പോൾ ജാതിക്ക് ഒരു പുത്തൻ ജീവിതം കൈവരാൻ തുടങ്ങി.

ജാതിയെന്ന സ്ഥാപനത്തിൽ സ്വാധീനമുണ്ടാക്കിയ മറ്റ് ഇടപെടലുകളും കൊളോണിയൽ ഭരണകൂടം നടത്തി. ഭൂനികുതി വ്യവസ്ഥകൾ ഉന്നതരായി ഗണിക്കപ്പെട്ട ജാതികളുടെ പരമ്പരാഗത ജാതിയടിസ്ഥാനത്തിലുള്ള അവകാശങ്ങൾക്ക് നിയമപരമായ അംഗീകാരം നൽകി. ഇതോടെ ഈ 'ഉന്നതജാതികൾ' ഭൂവുടമകളായിത്തീർന്നു. മുമ്പ് ഭൂമിയുടെമേൽ ഉടമസ്ഥാവകാശം ഒന്നുമില്ലാത്ത ഫ്യൂഡൽ വർഗങ്ങളിൽനിന്നു വ്യത്യസ്തമായി ഭൂനികുതി പിരിക്കാനും വിവിധയിനം കപ്പങ്ങൾ ഈടാക്കാനുള്ള അവകാശംകൂടി അവർക്ക് ലഭിച്ചു. പഞ്ചാബിലെ ജലസേചനപദ്ധതികൾ പോലുള്ള വൻകിടപദ്ധതികൾ നടപ്പിലാക്കപ്പെട്ടപ്പോഴും അതോടൊപ്പം ജനങ്ങളെ മാറ്റിപ്പാർപ്പിക്കാനുള്ള ശ്രമം നടന്നപ്പോഴും ഇതിനൊരു ജാതീയ മാനം ഉണ്ടായിരുന്നു. അതേസമയം തന്നെ കൊളോണിയൽ കാലഘട്ടത്തിന്റെ അന്ത്യത്തിൽ അധഃസ്ഥിതവർഗങ്ങൾ (Depressed Classes) എന്ന് അക്കാലത്തു വിളിക്കപ്പെട്ടിരുന്ന കീഴ്ജാതിക്കാരാക്കപ്പെട്ടവരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളിലും ഗവൺമെന്റ് താൽപ്പര്യമെടുത്തു. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി 1935 ഇന്ത്യാ ഗവൺമെന്റ് നിയമം (Government of India Act 1935) പാസാക്കുകയും തയാറാക്കിയ ജാതികളുടെ പട്ടികയ്ക്ക് നിയമപരമായ അംഗീകാരം നൽകുകയും പട്ടികയിൽപ്പെട്ട ജാതികൾക്കും ഗോത്രങ്ങൾക്കും സവിശേഷ പരിഗണന നൽകുകയും ചെയ്തു. ഇവർ പട്ടികജാതികൾ, പട്ടികവർഗങ്ങൾ എന്നീ പേരുകളിൽ അറിയപ്പെടാൻ തുടങ്ങി. ജാതിശ്രേണിയുടെ അടിത്തട്ടിലുള്ള കടുത്ത വിവേചനം അനുഭവിച്ചിരുന്ന എല്ലാ ജാതികളെയും പട്ടികജാതിയിൽ ഉൾപ്പെടുത്തിയിരുന്നു (തൊട്ടുകൂടായ്മയെക്കുറിച്ചും ഇതിനെതിരെയുള്ള പോരാട്ടങ്ങളെക്കുറിച്ചും അഞ്ചാം അധ്യായത്തിൽ നിങ്ങൾക്ക് കൂടുതൽ വായിക്കാം).

ഈ രീതിയിൽ ജാതി എന്ന സ്ഥാപനത്തിൽ കൊളോണിയലിസം വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. ഒരുപക്ഷേ ജാതി എന്ന സ്ഥാപനം അടിസ്ഥാനപരമായ മാറ്റങ്ങൾക്കു വിധേയമായതും കൊളോണിയൽ കാലഘട്ടത്തിലാണെന്ന് കൂടുതൽ കൃത്യമായി പറയാൻ സാധിക്കും. ഇന്ത്യ മാത്രമല്ല, ലോകം മുഴുവനും ഇക്കാലത്ത് മുതലാളിത്തത്തിന്റെയും ആധുനികതയുടെയും വ്യാപനംമൂലം ത്വരിതഗതിയിലുള്ള മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയായിരുന്നു.


## ജാതി വർത്തമാനകാലത്ത് (Caste in the Present)

1947-ലെ ഇന്ത്യൻ സ്വാതന്ത്ര്യം കൊളോണിയൽ ഭൂതകാലത്തിൽ നിന്നുള്ള ഭാഗികമായ മോചനം മാത്രമായിരുന്നു. ദേശീയ പ്രസ്ഥാനത്തിൽ ജനങ്ങളെ അണിനിരത്തുന്നതിൽ ജാതീയ പരിഗണനകൾ ഒഴിച്ചുകൂടാനാവാത്ത പങ്കുവഹിച്ചിരുന്നു. അധഃസ്ഥിത വർഗങ്ങളെ, പ്രത്യേകിച്ച് അയിത്തജാതിക്കാരെ സംഘടിപ്പിക്കാനുള്ള ശ്രമത്തിന് ദേശീയപ്രസ്ഥാനത്തിനു മുമ്പ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽത്തന്നെ തുടക്കം കുറിച്ചിരുന്നു. ജാതിശ്രേണിയുടെ രണ്ടറ്റത്തുള്ളവർ ഈ തുടക്കത്തിന് ഒരുപോലെ ശ്രമിക്കുകയുണ്ടായി-പശ്ചിമേന്ത്യയിലെ ജ്യോതിബാ ഫൂലെയും ബാബാ സാഹിബ് അംബേദ്കറും ദക്ഷിണേന്ത്യയിലെ അയ്യങ്കാളിയും ശ്രീനാരായണഗുരുവും ഇത്തരത്തിൽ വിവിധ പ്രസ്ഥാനങ്ങൾ നയിച്ചു. ഇയോതിദാസും പെരിയാറും (ഇ.വി.രാമസ്വാമി നായ്ക്കർ) മഹാത്മാഗാന്ധിയും അംബേദ്കറും തൊട്ടുകൂടായ്മയ്ക്കെതിരെയുള്ള പോരാട്ടങ്ങൾ 1920-കൾ മുതൽ സംഘടിപ്പിക്കാൻ തുടങ്ങിയിരുന്നു. തൊട്ടുകൂടായ്മയ്ക്കെതിരെയുള്ള പരിപാടികൾ കോൺഗ്രസ് അജണ്ടയിലെ ഒരു പ്രധാന ഭാഗമായിത്തീർന്നതുകൊണ്ട് സ്വാതന്ത്ര്യം ഇന്ത്യയുടെ പടിവാതിൽക്കലെത്തിയ സമയത്ത് ജാതീയമായ വിവേചനങ്ങൾ അവസാനിപ്പിക്കണമെന്ന ഒരു ധാരണ ദേശീയ പ്രസ്ഥാനത്തിന്റെ നേതാക്കൾ എടുത്തിരുന്നു. ജാതിയെ ഒരു സാമൂഹികതിന്മയായും ഇന്ത്യക്കാരെ ഭിന്നിപ്പിക്കാനുള്ള കൊളോണിയൽ തന്ത്രമായും ദേശീയപ്രസ്ഥാനത്തിലെ പ്രബലർ വിലയിരുത്തി. മഹാത്മാഗാന്ധിയെ പോലുള്ള ദേശീയനേതാക്കൾ കീഴ്ജാതികളാക്കപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുകയും തൊട്ടുകൂടായ്മയും മറ്റു ജാതിനിയന്ത്രണങ്ങളും അവസാനിപ്പിക്കുന്നതിന് വാദിക്കുകയും ചെയ്തു. അതേസമയം ഭൂവുടമകളായ ഉന്നത വിഭാഗക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാമെന്നും ഉറപ്പുനൽകി.

സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ഭരണകൂടം ഈ വൈരുധ്യങ്ങളെ പാരമ്പര്യസിദ്ധമായെടുക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്തു. ഒരുഭാഗത്ത് ജാതി ഇല്ലാതാക്കുന്നതിൽ രാഷ്ട്രം പ്രതിജ്ഞാബദ്ധമാവുകയും ഭരണഘടനയിൽ വ്യക്തമായി എഴുതിവയ്ക്കുകയും ചെയ്തു. മറ്റൊരുതരത്തിൽ, ജാതീയ അസമത്വത്തിന്റെ അടിത്തറ തകർക്കുന്ന പരിഷ്കാരങ്ങൾ കൊണ്ടുവരാനുള്ള കഴിവോ സമ്മതമോ രാഷ്ട്രത്തിന് ഉണ്ടായിരുന്നില്ല. കൂടാതെ, ജാതിക്കെതിരെ അന്ധമായി പ്രവർത്തിച്ചാൽ ജാതിയെ അടിസ്ഥാനമാക്കിയുള്ള ആനുകൂല്യങ്ങളും ക്രമേണ ജാതി എന്ന സ്ഥാപനവും നശിക്കുമെന്ന് രാഷ്ട്രം ഭയപ്പെട്ടു. ഉദാഹരണത്തിന്, സർക്കാർജോലികളിലേക്കുള്ള നിയമനങ്ങളിൽ ജാതി പരിഗണിച്ചില്ലെങ്കിൽ വിദ്യാസമ്പന്നരായ ഉന്നതരെന്നു പറയപ്പെട്ട ജാതിക്കാരും വിദ്യാരഹിതരോ നിരക്ഷരരോ ആയ കീഴ്ജാതികളാക്കപ്പെട്ടവരും തുല്യവ്യവസ്ഥകളിൻമേൽ മത്സരിക്കേണ്ട അവസ്ഥയുണ്ടാകും. ഇതിനുള്ള ഏക അപവാദം പട്ടികജാതി - പട്ടികവർഗ വിഭാഗങ്ങൾക്കുള്ള സംവരണമായിരുന്നു. സ്വാതന്ത്ര്യത്തിനുശേഷമുള്ള പതിറ്റാണ്ടുകളിലും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ ഉന്നതരെന്നു പറയപ്പെടുന്ന ജാതിക്കാരും കീഴ്ജാതികളാക്കപ്പെട്ടവരും തമ്മിലുള്ള അസമത്വം കൈകാര്യം ചെയ്യാനുള്ള പരിശ്രമങ്ങളൊന്നും രാഷ്ട്രത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല.

രാഷ്ട്രത്തിന്റെ വികസനപ്രവർത്തനങ്ങളും സ്വകാര്യവ്യവസായങ്ങളുടെ വളർച്ചയും പരോക്ഷമായി സാമ്പത്തികമാറ്റത്തെ ത്വരിതപ്പെടുത്തി. ആധുനികവ്യവസായങ്ങൾ ജാതിപരമായ

**ശ്രീ നാരായണഗുരു (1856-1928)**



കേരളത്തിൽ ജനിച്ചു. സർവ സാഹോദര്യം പ്രചരിപ്പിക്കുകയും ജാതിവ്യവസ്ഥയ്ക്കും ദുഷ്പ്രവണതകൾക്കുമെതിരെ പോരാടുകയും ചെയ്തു. നിശ്ശബ്ദവും പ്രസക്തവുമായ വിപ്ലവം നയിച്ച ഗുരു *ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്* എന്ന സന്ദേശം പ്രചരിപ്പിച്ചു.

നിയമങ്ങൾ ബാധകമല്ലാത്ത രീതിയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. നഗരവൽക്കരണവും (Urbanisation) വിവിധ ജാതികളിൽപ്പെട്ടവർ ഇടപഴകി ജീവിക്കുകയും വഴി ജാതീയമായ ആചാരങ്ങൾ അനുസരിച്ചുള്ള ജീവിതം അസാധ്യമായി. മറ്റൊരുതരത്തിൽ ആധുനികവിദ്യാഭ്യാസം ലഭിച്ച ഇന്ത്യക്കാർ ഉദാര ആശയങ്ങളായ വ്യക്തിവാദം (Individualism), അർഹതാവാദം (Meritocracy) എന്നിവയിൽ ആകൃഷ്ടരായി കടുത്ത ജാത്യാചാരങ്ങൾ ഉപേക്ഷിക്കാൻ തുടങ്ങി. എന്നാൽ പൂർവസ്ഥിതി വീണ്ടെടുക്കാൻ ജാതിയും പരിശ്രമം നടത്തി. ഉദാഹരണത്തിന്, വ്യവസായശാലകളിലേക്ക് തൊഴിലാളികളുടെ നിയമനത്തിൽ ഇടനിലക്കാർ സ്വന്തം ജാതിയിൽ നിന്നുള്ളവരെയും ദേശത്തു നിന്നുള്ളവരെയും തിരഞ്ഞെടുത്ത് എത്തിക്കാൻ തുടങ്ങി. ബോംബെയിലെ തുണിമില്ലുകളിലും കൽക്കത്തയിലെ ചണമില്ലുകളിലും മറ്റു നഗരങ്ങളിലെ വ്യവസായശാലകളിലും സ്ഥാപനങ്ങളിലും പല വകുപ്പുകളുടെയും ഓഫീസുകളിലും പ്രത്യേക ജാതിയിൽപ്പെട്ടവർ ഇതോടെ മേധാവിത്വം സ്ഥാപിക്കാനിടയായി. നഗരങ്ങളിലും തൊട്ടുകൂടായ്മ നിലനിന്നിരുന്നുവെങ്കിലും ഗ്രാമങ്ങളെ അപേക്ഷിച്ച് അതിന്റെ കാഠിന്യം കുറവായിരുന്നു

ജാതി കരുത്തു തെളിയിച്ചത് സാംസ്കാരിക - ഗാർഹികമണ്ഡലങ്ങളിലാണെന്നത് ആശ്ചര്യജനകമല്ല. ആധുനികവൽക്കരണവും മറ്റു മാറ്റങ്ങളും സ്വഗണവിവാഹത്തെ (Endogamy) അഥവാ ജാതിക്കകത്തുനിന്നു തന്നെയുള്ള വിവാഹസമ്പ്രദായത്തെ ബാധിച്ചില്ല. മിശ്രവിവാഹങ്ങളുടെ എണ്ണം വർധിച്ചിട്ടുണ്ടെങ്കിലും മിക്ക വിവാഹങ്ങളും ഇപ്പോഴും നടക്കുന്നത് ജാതിയുടെ അതിരുകൾക്കുള്ളിൽത്തന്നെയാണ്. ഒരേ സാമൂഹിക - സാമ്പത്തിക പദവികളുള്ള ജാതിവിഭാഗങ്ങൾ തമ്മിൽ വിവാഹബന്ധങ്ങൾ, ഉദാഹരണത്തിന് ഉന്നതരെന്ന പറയപ്പെടുന്ന ജാതിക്കാർ തമ്മിലുള്ള മിശ്രവിവാഹങ്ങൾ (ബ്രാഹ്മണ - രജപുത്രർ) മുമ്പത്തേക്കാൾ കൂടുതൽ നടക്കുന്നുണ്ടെങ്കിലും പിന്നാക്കജാതികളിലോ പട്ടികജാതികളിലോ ഉള്ളവരുമായുള്ള വിവാഹം ഇപ്പോഴും അപൂർവമാണ്. ആഹാരം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട ജാതിനിയമങ്ങളും വലിയ മാറ്റങ്ങളില്ലാതെ നിലനിൽക്കുന്നു.

ഒരുപക്ഷേ ഏറ്റവും സംഭവബഹുലവും പ്രധാനവുമായ മാറ്റം സംഭവിച്ചിട്ടുള്ളത് രാഷ്ട്രീയ മണ്ഡലത്തിലാണ്. സ്വതന്ത്ര ഇന്ത്യയിൽ തുടക്കം മുതൽക്കുതന്നെ ജനാധിപത്യരാഷ്ട്രീയത്തെ രൂപപ്പെടുത്തിയത് ജാതിയാണ്. ഇതോടെ ജാതി-രാഷ്ട്രീയബന്ധങ്ങൾ കൂടുതൽ സങ്കീർണമാവുകയും പ്രവചനാതീതമായ തിരഞ്ഞെടുപ്പുരാഷ്ട്രീയത്തിൽ ജാതി നിർണായകശക്തിയായി മാറുകയും ചെയ്തു. 1980-കൾ മുതൽ ജാതിയെ അടിസ്ഥാനമാക്കിയുള്ള രാഷ്ട്രീയപ്പാർട്ടികളും ഉയർന്നുവരാൻ തുടങ്ങി. ആദ്യകാല പൊതുതിരഞ്ഞെടുപ്പുകളിൽ ജാതീയ ഐക്യങ്ങൾ തിരഞ്ഞെടുപ്പുവിജയത്തിൽ നിർണായകമായിരുന്നു. പക്ഷേ, രാഷ്ട്രീയകക്ഷികൾ ഒരേതരത്തിലുള്ള ജാതിസമവാക്യങ്ങൾ ഉപയോഗിച്ചുകൊണ്ട് മത്സരിക്കാൻ തുടങ്ങിയപ്പോൾ സാഹചര്യം കൂടുതൽ സങ്കീർണമായി. മാറ്റത്തിന്റെ ഈ പ്രക്രിയകൾ മനസ്സിലാക്കുന്നതിന് സമൂഹശാസ്ത്രജ്ഞരും നരവംശശാസ്ത്രജ്ഞരും ധാരാളം പുതിയ സങ്കൽപ്പനങ്ങൾ (Concepts) നിർമിക്കുകയുണ്ടായി. എം.എൻ. ശ്രീനിവാസ് അവതരിപ്പിച്ച സംസ്കൃതവൽക്കരണം, പ്രബലജാതി എന്നീ സങ്കൽപ്പനങ്ങൾ വ്യാപകമായി ചർച്ചചെയ്യപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.


ഒരു ജാതിയിലെ (സാധാരണയായി ഇടത്തരം അല്ലെങ്കിൽ കീഴ്ജാതികളാക്കപ്പെട്ടവർ) അംഗങ്ങൾ അവരുടെ സാമൂഹികപദവി ഉയർത്തുന്നതിനായി മേൽജാതിക്കാരുടെ ആചാരങ്ങളും ജീവിതരീതികളും സാമൂഹികസമ്പ്രദായങ്ങളും സ്വീകരിക്കുന്ന പ്രക്രിയയാണ് 'സംസ്കൃതവൽക്കരണം' (Sanskritisation). വളരെ പഴക്കമുള്ള ഈ പ്രതിഭാസം കൊളോണിയൽ കാലഘട്ടത്തിനു മുമ്പുതന്നെ ഇന്ത്യയിൽ നിലനിന്നിരുന്നുവെങ്കിലും സമീപകാലത്താണ് ശക്തിയാർജിച്ചത്. ഈ പ്രക്രിയയിൽ ബ്രാഹ്മണ-ക്ഷത്രിയ ജാതികളുടെ മാതൃകകളാണ് മിക്കപ്പോഴും അനുകരിക്കപ്പെട്ടിരുന്നത്. സസ്യാഹാരം, പൂണൂൽധാരണം, പ്രത്യേകമായ പ്രാർഥനകൾ, മതപരമായ ചടങ്ങുകളും അനുഷ്ഠാനങ്ങളും എല്ലാം അനുകരിക്കപ്പെട്ടു. സംസ്കൃതവൽക്കരണത്തിന്റെ ഫലമായി ആ പ്രക്രിയക്ക് ശ്രമിച്ച

ജാതികളുടെ സാമ്പത്തികപദവിയിലും ഉയർച്ച യുണ്ടായി. പിന്നീട് നടന്ന ഗവേഷണങ്ങൾ ഈ സങ്കൽപ്പത്തിൽ ധാരാളം ഭേദഗതികളിലേക്കും പരിഷ്കരണങ്ങളിലേക്കും നയിച്ചു. കീഴ്ജാതിക്കാരാക്കപ്പെട്ടവർ മുമ്പ് പല ആചാരങ്ങളും സാമൂഹിക ആനുകൂല്യങ്ങളും (ഉദാഹരണം, പൂണൂൽധാരണം - കീഴ്ജാതിക്കാരാക്കപ്പെട്ടവർ പൂണൂൽ ധരിച്ചാൽ കടുത്ത ശിക്ഷ നൽകിയിരുന്നു) അനുവദിച്ചിരുന്നില്ല. ഇങ്ങനെ തങ്ങൾക്ക് വിലക്കപ്പെട്ട കാര്യങ്ങൾ അവകാശപ്പെടുകയാണ് അവർ ചെയ്തത്. അല്ലാതെ അനുകരിക്കുകയല്ല എന്ന വാദവുമുണ്ട്.

സ്വാതന്ത്ര്യാനന്തരം നടപ്പിലാക്കിയ ഭൂപരിഷ്കരണങ്ങളിലൂടെ ഭൂവുടമസ്ഥാവകാശം ലഭിച്ച വലിയ ജനസംഖ്യയുള്ള ജാതികളെയാണ് പ്രബലജാതി (Dominant Caste) എന്നു വിശേഷിപ്പിക്കുന്നത്. ഭൂപരിഷ്കരണനിയമങ്ങൾ ഉന്നതരെന്നു വിളിക്കപ്പെട്ട ജാതിക്കാരായ വൻകിട ജന്മികളുടെ ഭൂവുടമസ്ഥാവകാശം എടുത്തുകളഞ്ഞു. പാട്ടം അവകാശപ്പെടുക എന്നതൊഴികെ കാർഷികസമ്പദ്‌വ്യവസ്ഥയിൽ യാതൊരു പങ്കും ഇല്ലാത്ത ഇവർ സ്ഥലത്തില്ലാത്ത ഭൂവുടമകൾ (Absentee Landlords) എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇവർ ഗ്രാമങ്ങളിൽ താമസിച്ചിരുന്നില്ല, നഗരങ്ങളിലും പട്ടണങ്ങളിലുമാണ് കേന്ദ്രീകരിച്ചിരുന്നത്. ഭൂവുടമകളിൽനിന്നു പിടിച്ചെടുത്ത ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ച അടിത്തട്ടിലുള്ള അവകാശികൾ കർഷകരായിരുന്നില്ല, കൃഷിയുടെ നടത്തിപ്പുകാരായിരുന്നു. ഈ ഇടത്തരം ജാതികൾ ഭൂമിയിൽ പണിയെടുക്കുന്നതിനും പരിപാലിക്കുന്നതിനും അയിത്തജാതികൾ എന്നു വിളിക്കപ്പെട്ടവർ ഉൾപ്പെടെയുള്ളവരെയാണ് ആശ്രയിച്ചിരുന്നത്. ഭൂവുടമസ്ഥാവകാശം ലഭിച്ചതോടെ അവർക്ക് ഗണ്യമായ സാമ്പത്തികാധികാരം കൈവന്നു. സാർവത്രിക പ്രായപൂർത്തിവോട്ടവകാശം അടിസ്ഥാനമാക്കിയുള്ള തിരഞ്ഞെടുപ്പുരാഷ്ട്രീയത്തിൽ സംഖ്യാബലംകൊണ്ട് അവർ രാഷ്ട്രീയാധികാരം നേടിയെടുത്തു. അങ്ങനെ ഈ ഇടത്തരം ജാതികൾ പ്രബലജാതിയായി മാറുകയും ഗ്രാമപ്രദേശങ്ങളിൽ മേധാവിത്വം സ്ഥാപിക്കുകയും പ്രാദേശിക രാഷ്ട്രീയത്തിലും കാർഷികസമ്പദ്‌വ്യവസ്ഥയിലും നിർണായക പങ്കുവഹിക്കുകയും ചെയ്തു. ബിഹാറിലെയും ഉത്തർപ്രദേശിലെയും യാദവ, കർണാടകത്തിലെ വൊക്കലിംഗ, ആന്ധ്രപ്രദേശിലെ റെഡ്ഡിമാരും ഖമ്മൻമാരും, മഹാരാഷ്ട്രയിലെ മറാഠികൾ, പഞ്ചാബ്, ഹരിയാന, പടിഞ്ഞാറൻ ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ ജാട്ടുകൾ, ഗുജറാത്തിലെ പട്ടിദാർമാർ എന്നിവർ ഇത്തരത്തിലുള്ള പ്രബലജാതികൾക്ക് ഉദാഹരണങ്ങളാണ്.

വർത്തമാനകാല ജാതിവ്യവസ്ഥയിൽ സംഭവിച്ച വിപരീതസ്വഭാവമുള്ള മാറ്റങ്ങളിൽ പ്രധാനപ്പെട്ടതാണ് ഉന്നതരെന്ന് അറിയപ്പെട്ട ജാതികളിലും നഗരങ്ങളിലെ മധ്യ-ഉപരിവർഗങ്ങളിലും ജാതി അദൃശ്യമായ (Invisible) ഒന്നായി മാറി എന്നത്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ വികസനങ്ങളിൽനിന്ന് കൂടുതൽ നേട്ടങ്ങൾ ലഭിച്ച ഇവർ ജാതികൊണ്ടുള്ള നേട്ടങ്ങൾ എല്ലാം അനുഭവിച്ചുകഴിഞ്ഞു. സർക്കാർ നടപ്പിലാക്കിയ ത്വരിതഗതിയിലുള്ള വികസനപദ്ധതികൾ സൃഷ്ടിച്ച അവസരങ്ങൾ പൂർണമായും മുതലെടുക്കാനാവശ്യമായ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ശേഷി അവരുടെ ജാതിപദവി അവർക്ക് ഉറപ്പു വരുത്തിയിരുന്നു. സർക്കാരിന്റെ ധനസഹായത്തോടെയുള്ള പൊതുവിദ്യാഭ്യാസത്തിന്റെ, പ്രത്യേകിച്ച് ശാസ്ത്രം, സാങ്കേതികവിദ്യ, വൈദ്യശാസ്ത്രം, മാനേജ്മെന്റ് തുടങ്ങിയ പ്രഫഷണൽ വിദ്യാഭ്യാസത്തിന്റെ എല്ലാ പ്രയോജനങ്ങളും അവർക്കു ലഭിച്ചു. അതേസമയം, സ്വാതന്ത്ര്യത്തിനു ശേഷമുള്ള ആദ്യ പതിറ്റാണ്ടുകളിൽ പൊതുമേഖലയിലെ തൊഴിലു

**എം.എൻ. ശ്രീനിവാസ്**
**(1916-1999)**



മൈസൂർ നരസിംഹാചാർ ശ്രീനിവാസ് ഇന്ത്യയിലെ പ്രമുഖ സമൂഹശാസ്ത്രജ്ഞനും സാമൂഹികനരവംശശാസ്ത്രജ്ഞനുമാണ്. ജാതിവ്യവസ്ഥയെക്കുറിച്ചുള്ള പഠനങ്ങളായ *സംസ്കൃതവൽക്കരണം, പ്രബലജാതി* എന്നീ സംജ്ഞകളിലൂടെയാണ് അദ്ദേഹം പ്രസിദ്ധനായത്. അദ്ദേഹത്തിന്റെ *Remembered Village* എന്ന ഗ്രാമപഠനം സാമൂഹികനരവംശശാസ്ത്രത്തിലെ മികച്ച ഗ്രന്ഥങ്ങളിലൊന്നാണ്.

കളിലുണ്ടായ വ്യാപനം മുതലെടുക്കാനും അവർക്ക് കഴിഞ്ഞു. പ്രാരംഭഘട്ടത്തിൽ അവർക്ക് ഗൗരവമായ മത്സരമൊന്നും നേരിടേണ്ടി വന്നില്ല. രണ്ടും മൂന്നും തലമുറകൾ പിന്നിട്ടപ്പോൾ അവരുടെ വിശേഷപദവി മെച്ചപ്പെടുകയും തങ്ങളുടെ പുരോഗതിക്കും മുന്നേറ്റത്തിനും ജാതിയുമായി യാതൊരു ബന്ധവുമില്ലെന്ന് വിശ്വസിക്കാൻ തുടങ്ങുകയുമുണ്ടായി. ജാതിയുടെ ഈ വിഭാഗത്തിലെ മൂന്നാം തലമുറയിൽപ്പെട്ടവർക്ക് മികച്ച ജീവിതാവസരങ്ങൾ കരസ്ഥമാക്കാൻ വേണ്ടത്ര സാമ്പത്തികശേഷിയും വിദ്യാഭ്യാസവും ഉണ്ടായിരുന്നു. അനുഷ്ഠാനങ്ങൾ, ബന്ധുത്വം, വിവാഹം തുടങ്ങിയ സ്വകാര്യമണ്ഡലങ്ങളിൽ ജാതി പരിമിതപ്പെട്ടിരിക്കുന്നതിനാൽ പൊതുജീവിതത്തിൽ അതിന് യാതൊരു പങ്കും വഹിക്കാനില്ലെന്ന് അവർക്ക് തോന്നിത്തുടങ്ങി. അതേസമയം ഉന്നതരെന്നു ഗണിക്കപ്പെട്ട ജാതികൾ വിശേഷാവകാശമുള്ള വിഭാഗമായിരുന്നു വെങ്കിലും അതിലെ എല്ലാ അംഗങ്ങൾക്കും ഈ ആനുകൂല്യം ഉണ്ടായിരുന്നില്ല. അവരിൽ ദരിദ്രരും ഉണ്ടായിരുന്നു.

പട്ടികജാതി -പട്ടികവർഗങ്ങൾ, പിന്നാക്കജാതി എന്നിവർക്ക് നേർവിപരീതമായാണ് സംഭവിച്ചത്. അവർക്ക് ജാതി ദൃശ്യമായിത്തീർന്നു. ഉന്നതരെന്നു വിളിക്കപ്പെട്ട ജാതിക്കാരെപ്പോലെ അവർക്ക് സാമ്പത്തികശേഷിയോ വിദ്യാഭ്യാസമോ മൂലധനമോ പൂർവികമായി ഉണ്ടായിരുന്നില്ല. എല്ലാ മേഖലകളിലും മുമ്പുതന്നെ സ്ഥാനം ലഭിച്ചിരുന്ന ഉന്നതരെന്നു വിളിക്കപ്പെട്ട ജാതി വിഭാഗങ്ങളോടുള്ള മത്സരത്തിൽ ജാതി മാത്രമേ അവർക്ക് ഉണ്ടായിരുന്നുള്ളു. മാത്രമല്ല, പലതരത്തിലുള്ള വിവേചനങ്ങളും അവർക്ക് സഹിക്കേണ്ടിവന്നു. രാഷ്ട്രീയസമ്മർദ്ദത്തിന് വഴങ്ങി രാഷ്ട്രം നടപ്പിലാക്കിയ സംവരണവും വിവേചനങ്ങളിൽനിന്ന് പരിരക്ഷയേകുന്ന മറ്റു നിയമങ്ങളുമാണ് അവരുടെ രക്ഷാമാർഗങ്ങൾ. ഈ രക്ഷാമാർഗം ജാതിയെ പ്രധാനമാക്കുകയും പലപ്പോഴും അവരുടെ സ്വത്വത്തിന്റെ (Identity) ഏകവശമായി ലോകം തിരിച്ചറിയുകയും ചെയ്തു.

ഉപരിജാതി വിഭാഗങ്ങൾക്ക് ജാതി അദൃശ്യമാണ്. എന്നാൽ കീഴ്ജാതികളാക്കപ്പെട്ടവരിൽ ജാതി പ്രധാനവും ദൃശ്യവുമാണ്. വർത്തമാനകാലത്തെ ജാതിസ്ഥാപനത്തിന്റെ മുഖ്യവശങ്ങളിലൊന്ന് ഈ രണ്ട് വിഭാഗങ്ങളുടെ സാമീപ്യമാണ്.

## 3.2 ഗോത്രസമുദായങ്ങൾ (Tribal Communities)

ഉപഭൂഖണ്ഡത്തിലെ ആദിമനിവാസികളിൽ ഏറ്റവും പഴക്കമുള്ള സമുദായങ്ങളെ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന ഒരു ആധുനികപദമാണ് ഗോത്രം. ഇന്ത്യയിലെ ഗോത്രങ്ങളെ പൊതുവായി നിർവചിക്കുന്നത് 'അവർ എന്തൊക്കെ ആയിരുന്നില്ല' എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഗോത്രവിഭാഗങ്ങൾക്ക് ഒരു ലിഖിതഗ്രന്ഥത്തോടുകൂടിയ മതമോ ഒരു രാഷ്ട്രമോ സാധാരണതരത്തിലുള്ള രാഷ്ട്രീയസംവിധാനമോ ഉണ്ടായിരുന്നില്ല. അവർക്കിടയിൽ തീക്ഷ്ണമായ വർഗവിഭജനങ്ങൾ നിലനിന്നിരുന്നില്ല. ഏറ്റവും പ്രധാനപ്പെട്ട കാര്യം അവർക്ക് ജാതിയുണ്ടായിരുന്നില്ല (അവർ ഹിന്ദുക്കളോ കർഷകരോ ആയിരുന്നില്ല) എന്നതാണ്. ഗോത്രമെന്ന പദം പരിചയപ്പെടുത്തിയത് കൊളോണിയൽ കാലഘട്ടത്തിലാണ്. ഈ പദം കൊളോണിയൽ ഗവൺമെന്റ് ഉപയോഗിച്ചത് ഭരണപരമായ സൗകര്യത്തിനായിരുന്നു.

### ഗോത്രസമൂഹങ്ങളുടെ വർഗീകരണങ്ങൾ (Classifications of Tribal Societies)

ഗോത്രങ്ങളെ അവരുടെ സ്ഥിരവും ആർജിതവുമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ വർഗീകരിച്ചിരിക്കുന്നു. സ്ഥിരമായ സവിശേഷതകളിൽ പ്രദേശം, ഭാഷ, ഭൗതികസ്വഭാവങ്ങൾ, പാരിസ്ഥിതിക വാസസ്ഥലം (Ecological Habitat) എന്നിവ ഉൾപ്പെടുന്നു.

**സ്ഥിരസവിശേഷതകൾ (Permanent Traits)**

ഇന്ത്യയിലെ ഗോത്രജനത പലഭാഗങ്ങളിലായി ചിതറിക്കിടക്കുകയാണെങ്കിലും ചില പ്രദേശങ്ങളിൽ അവരുടെ കേന്ദ്രീകരണവുമുണ്ട്. ഏതാണ്ട് 85 ശതമാനം ഇന്ത്യയുടെ

മധ്യഭാഗത്താണ്. പടിഞ്ഞാറുഭാഗത്തെ ഗുജറാത്തിൽനിന്നും രാജസ്ഥാനിൽനിന്നും കിഴക്ക് പശ്ചിമ ബംഗാളും ഒറീസയും വരെ നീണ്ടുകിടക്കുന്നു. മധ്യപ്രദേശ്, ഝാർഖണ്ഡ്, ഛത്തീസ്ഗഡ്, മഹാരാഷ്ട്രയുടെയും ആന്ധ്രപ്രദേശിന്റെയും ഭാഗങ്ങൾ എന്നിവ ഈ പ്രദേശത്തിന്റെ ഹൃദയഭാഗമാണ്. അവശേഷിക്കുന്ന 15 ശതമാനത്തിൽ 11 ശതമാനത്തിലധികം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും 3 ശതമാനത്തിലധികം ഇന്ത്യയുടെ ബാക്കിഭാഗങ്ങളിലും ജീവിക്കുന്നു. ഗോത്രജനസംഖ്യ സംസ്ഥാന അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലാണ്. ആസാം ഒഴികെയുള്ള സംസ്ഥാനങ്ങളിൽ 30 ശതമാനത്തിലേറെയും അരുണാചൽപ്രദേശ്, മേഘാലയ, മിസോറാം, നാഗാലാന്റ് എന്നീ സംസ്ഥാനങ്ങളിൽ 60 ശതമാനം മുതൽ 95 ശതമാനം വരെയും ഗോത്രജനസംഖ്യയുണ്ട്. രാജ്യത്തിന്റെ അവശേഷിക്കുന്ന ഭാഗങ്ങളിൽ ഗോത്രജനസംഖ്യ വളരെ ചെറുതാണ്. ഒറീസ, മധ്യപ്രദേശ് എന്നിവ ഒഴികെ എല്ലാ സംസ്ഥാനങ്ങളിലും 12 ശതമാനത്തിൽ കുറവാണ്. കുന്നുകൾ, വനങ്ങൾ, ഗ്രാമീണസമതലങ്ങൾ, നഗരങ്ങളിലെ വ്യാവസായിക മേഖലകൾ എന്നിവയെല്ലാം ഗോത്രവർഗക്കാരുടെ പാരിസ്ഥിതിക വാസസ്ഥലങ്ങളിൽപ്പെടുന്നു.

ഭാഷയുടെ അടിസ്ഥാനത്തിൽ ഗോത്രങ്ങളെ നാല് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഇതിൽ രണ്ടു ഭാഷകൾ – ഇൻഡോ-ആര്യനും ദ്രാവിഡവും – ഇന്ത്യയിലെ മറ്റു ജനങ്ങളും സംസാരിക്കുന്നുണ്ട്. ഇൻഡോ-ആര്യൻ ഭാഷ സംസാരിക്കുന്നവരിൽ ഒരു ശതമാനവും ദ്രാവിഡ ഭാഷ സംസാരിക്കുന്നവരിൽ മൂന്നുശതമാനവും ആണ് ഗോത്രജനത. ഗോത്രവർഗങ്ങൾ പ്രധാനമായും സംസാരിക്കുന്ന മറ്റു രണ്ടു ഭാഷകൾ ആസ്ട്രിക്കും ടിബറ്റോബർമനും ആണ്. ആസ്ട്രിക്ക് ഭാഷ സംസാരിക്കുന്നവരിൽ നൂറ് ശതമാനവും ടിബറ്റോബർമൻ ഭാഷ സംസാരിക്കുന്നവരിൽ 80 ശതമാനവും ഗോത്രജനതയാണ്. വംശീയവുമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ നെഗ്രിറ്റോ (Negrito), ആസ്ട്രലോയ്ഡ് (Astroloid), മംഗളോയ്ഡ് (Mangaloid), ദ്രാവിഡം (Dravidian), ആര്യൻ (Aryan) എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. ഇതിൽ അവസാനത്തെ വിഭാഗങ്ങൾ ഇന്ത്യയിലെ ബാക്കി ജനതയും പങ്കുവയ്ക്കുന്നുണ്ട്.

വലുപ്പത്തിന്റെ അടിസ്ഥാനത്തിൽ ഏകദേശം 7 മില്യൻ അംഗങ്ങളുള്ള വലിയ ഗോത്രങ്ങൾ മുതൽ ആന്തമാൻദ്വീപിലെ പോലെ 100ൽ താഴെ അംഗങ്ങളുള്ള ഗോത്രങ്ങൾ വരെയുണ്ട്. ഗോണ്ഡ്, ഭിൽ, സന്താൾസ്, ഒറാവോൻ, മീന, ബോഡോസ്, മുണ്ട എന്നിവയാണ് ഇന്ത്യയിലെ വലിയ ഗോത്രങ്ങൾ. ഗോത്രങ്ങളുടെ ആകെ സംഖ്യ ഏതാണ്ട് ഇന്ത്യയുടെ 8.2%മാണ്. അഥവാ 84 മില്യൻ (2001 സെൻസസ്). 2011 സെൻസസ് പ്രകാരം 8.6% (104 മില്യൻ) ആണിത്.


## ആർജിതസവിശേഷതകൾ (Acquired Traits)

ഗോത്രവർഗക്കാരുടെ ആർജിതസവിശേഷതകളെ അടിസ്ഥാനമാക്കിയുള്ള വർഗീകരണം രണ്ട് മാനദണ്ഡങ്ങൾ ഉപയോഗിച്ചാണ് – ഉപജീവനമാർഗങ്ങളും ഹൈന്ദവസമൂഹത്തിലേക്കുള്ള സംയോജനവും അല്ലെങ്കിൽ ഇവ രണ്ടിന്റെയും സങ്കലനവും.

ഉപജീവനമാർഗത്തിന്റെ അടിസ്ഥാനത്തിൽ ഗോത്രങ്ങളെ മീൻപിടിത്തക്കാർ, ഭക്ഷണം ശേഖരിക്കുന്നവർ, നായാട്ടുകാർ, മാറ്റക്കൃഷിക്കാർ (Shifting Cultivators), കർഷകർ, തോട്ടപ്പണിക്കാർ, വ്യവസായത്തൊഴിലാളികൾ എന്നിങ്ങനെ തരംതിരിക്കാം. ഹൈന്ദവസമൂഹത്തിലേക്കുള്ള സംയോജനമാണ് മുഖ്യമാനദണ്ഡമായി സമൂഹശാസ്ത്രത്തിലും രാഷ്ട്രീയത്തിലും പൊതുകാര്യങ്ങളിലും കൂടുതലായി ഉപയോഗിക്കുന്നത്. ഹൈന്ദവ സമൂഹത്തിലേക്കുള്ള ഗോത്രങ്ങളുടെ സ്വാംശീകരണത്തെ ഗോത്രങ്ങളുടെ വീക്ഷണത്തിലും ഹൈന്ദവ മുഖ്യധാരാവീക്ഷണത്തിലും വിലയിരുത്താം. ഗോത്രങ്ങളുടെ വീക്ഷണത്തിൽ ഹൈന്ദവസമൂഹത്തോടുള്ള മനോഭാവമാണ് പ്രധാന മാനദണ്ഡം. അവരിൽ ഹിന്ദുമതത്തോട് ചായ്‌വുള്ളവരും അതിനെ എതിർക്കുന്നവരുമുണ്ട്. സാമൂഹികസ്ഥാനത്തെ അടിസ്ഥാനമാക്കിയാണ് ഗോത്രങ്ങളെക്കുറിച്ചുള്ള മുഖ്യധാരാവീക്ഷണം രൂപപ്പെട്ടിരിക്കുന്നത്. ഇതിനനുസൃതമായി ചില ഗോത്രങ്ങൾക്ക് ഉയർന്ന പദവിയും ഭൂരിഭാഗത്തിനും പൊതുവെ താഴ്ന്ന പദവിയും കല്പിക്കുന്നവരുമുണ്ട്.

## ഗോത്രം: ഒരു സങ്കൽപ്പനത്തിന്റെ കാലഗതി (Tribe – The Career of a Concept)

1960–കളിൽ ഗോത്രം ജാതിയധിഷ്ഠിത (ഹിന്ദു) കർഷകസമൂഹത്തിന്റെ ഒരു തുടർച്ചയാണോ അല്ലെങ്കിൽ അവർ വ്യത്യസ്തതരത്തിലുള്ള ഒരു സമുദായമാണോ എന്നതിനെക്കുറിച്ച് പണ്ഡിതർക്കിടയിൽ ഒരു സംവാദമുണ്ടായി. ഗോത്രം കർഷകസമൂഹത്തിന്റെ തുടർച്ചയാണെന്നു വാദിച്ചവർ അവർക്ക് ജാതി-കർഷകസമൂഹത്തിൽനിന്ന് അടിസ്ഥാനപരമായി വ്യത്യാസമില്ലെന്ന് ചൂണ്ടിക്കാട്ടുകയും ഗോത്രങ്ങൾക്കിടയിൽ സാമൂഹികവിഭജനം കുറഞ്ഞ തോതിലേ നിലനിന്നിരുന്നുള്ളുവെന്നും വിഭവങ്ങളുടെ ഉടമസ്ഥാവകാശം വ്യക്തികൾക്കല്ല സമുദായങ്ങൾക്കായിരുന്നുവെന്നും വാദിച്ചു. ഗോത്രങ്ങൾ ജാതികളിൽനിന്നു പൂർണമായും വ്യത്യസ്തമായിരുന്നുവെന്നും ജാതിവ്യവസ്ഥയുടെ അടിസ്ഥാനമായ ശുദ്ധ-അശുദ്ധ സങ്കൽപ്പം അവരിൽ നിലനിൽക്കുന്നില്ലെന്നും മറ്റൊരു വിഭാഗം വാദിച്ചു.



ഒരു ഗോത്രവിഭാഗത്തിന്റെ ഗ്രാമോത്സവം

ചുരുക്കത്തിൽ, ഗോത്ര-ജാതി വ്യത്യാസങ്ങളുടെ സംവാദത്തിൽനിന്ന് ഹൈന്ദവജാതികളിലെ ശുദ്ധി-അശുദ്ധി സങ്കൽപ്പമോ ശ്രേണീകരണമോ ഗോത്രങ്ങളിൽ ഉണ്ടായിരുന്നില്ലെന്ന് മനസ്സിലാക്കാം. സമത്വാധിഷ്ഠിതവും ബന്ധുത്വാധിഷ്ഠിതവുമായ ഒരു സാമൂഹികസംവിധാനമാണ് അവർക്കുണ്ടായിരുന്നത്.

1970–കളോടെ ഗോത്രത്തെക്കുറിച്ചുള്ള എല്ലാ പ്രധാന നിർവചനങ്ങളും തെറ്റാണെന്നു കണ്ടുതുടങ്ങി. ജനസംഖ്യ, ഒറ്റപ്പെടൽ, മതം, ഉപജീവനമാർഗം തുടങ്ങിയ പൊതുമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലേ ഗോത്രവർഗങ്ങളെയും കർഷകസമൂഹങ്ങളെയും വേർതിരിച്ചറിയാനാവൂ എന്ന ധാരണ തെറ്റാണെന്നും ചൂണ്ടിക്കാട്ടപ്പെട്ടു. സന്താൾ, ഗോണ്ഡുകൾ, ഭില്ലുകൾ തുടങ്ങിയ ഗോത്രങ്ങൾ വളരെ വലുതും വ്യത്യസ്തമായ പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്നതുമാണ്. മുണ്ട, ഹോ മുതലായ ഗോത്രങ്ങൾ അധിവാസ I nÃj rl h y¯ rb rte ¡ v(Setteled Agriculture) തിരിഞ്ഞു. വേട്ടയാടിയും ഭക്ഷണം ശേഖരിച്ചും ജീവിച്ചിരുന്ന ബിഹാറിലെ ബിർഹോർസ് പോലെയുള്ള ഗോത്രങ്ങൾ കുട്ടനിർമാണം, എണ്ണയാട്ടൽ തുടങ്ങിയ ജോലികളിൽ ഏർപ്പെടാൻ തുടങ്ങി. അതേസമയം പല ജാതികളും (അല്ലെങ്കിൽ ഗോത്രേതര വിഭാഗങ്ങൾ) മറ്റു മാർഗങ്ങളില്ലാതെ ഉപജീവനത്തിനായി നായാട്ടിലേക്കും ഭക്ഷ്യശേഖരണത്തിലേക്കും തിരിഞ്ഞതായും ചൂണ്ടിക്കാണിക്കപ്പെടുന്നു.

ജാതി-ഗോത്ര വ്യത്യാസങ്ങളെക്കുറിച്ചുള്ള ചർച്ചകളെ തുടർന്ന് ഹൈന്ദവസമൂഹങ്ങളിലേക്ക് ഗോത്രങ്ങൾ ആഗിരണം ചെയ്യപ്പെട്ട രീതികളെപ്പറ്റി നിരവധി പഠനങ്ങൾ പുറത്തുവരുകയുണ്ടായി. പല കാലഘട്ടങ്ങളിലായി സംസ്കൃതവൽക്കരണം (Sanskritisation), സംസ്കാരസംക്രമണം (Acculturation) എന്നിങ്ങനെയുള്ള മാർഗങ്ങൾ ഇതിനായി ഉപയോഗിച്ചിരുന്നു. അവരുടെ ഭൂമികൾ അധിനിവേശം ചെയ്യപ്പെടുകയും വനങ്ങൾ വെട്ടിനശിപ്പിക്കുകയും ചെയ്തു. ആദ്യകാല നരവംശശാസ്ത്രജ്ഞർ ഗോത്രങ്ങളുടെ ഹിന്ദുമതത്തിലേക്കുള്ള ആഗിരണത്തിന്റെ സാംസ്കാരിക വശങ്ങൾക്കാണ് ഊന്നൽനൽകിയത്. എന്നാൽ പിൽക്കാല ശാസ്ത്രജ്ഞർ ചൂഷണാത്മകവും രാഷ്ട്രീയവുമായ പ്രകൃതത്തിനാണ് പ്രാധാന്യം നൽകിയത്.

ചില പണ്ഡിതർ ഗോത്രങ്ങളെ സംസ്കാരം മലിനപ്പെടുത്തിയിട്ടില്ലാത്ത അകളങ്കിത (Pristine) സമൂഹങ്ങളായി കണക്കാക്കുന്നതിൽ യാതൊരു അടിസ്ഥാനവുമില്ലെന്നു വാദിച്ചു. ഭരണകൂടങ്ങൾ ഇല്ലാതിരുന്ന, ബാഹ്യലോകവുമായി കാര്യമായ ബന്ധമൊന്നുമില്ലാതെ ജീവിച്ച് കൊളോണിയൽ ഗവൺമെന്റിന്റെ ചൂഷണത്തിനിരയായ ദ്വിതീയ (Secondary) പ്രതിഭാസങ്ങളായാണ് ഗോത്രങ്ങളെ കാണേണ്ടതെന്ന് അവർ നിർദേശിച്ചു. ബാഹ്യലോകവുമായുള്ള ഈ രീതിയിലുള്ള ബന്ധം ഗോത്രീയത (Tribalism) എന്ന ആശയത്തിന് രൂപം നൽകുകയും മറ്റുള്ളവരിൽനിന്ന് തങ്ങളെ വേർതിരിക്കുന്നതിനായി ഗോത്രവർഗക്കാർ എന്ന് സ്വയം വിശദീകരിക്കാൻ തുടങ്ങുകയും ചെയ്തു.

വളരെ കാലം മുമ്പുതന്നെ ഗോത്രങ്ങളുടെ ജീവിതരീതിയിൽ മാറ്റങ്ങൾ സംഭവിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിലും ഇവരെ ശിലായുഗക്കാരായ നായാടി-ഭക്ഷ്യശേഖരണ സമൂഹങ്ങളായി ഇപ്പോഴും കാണുന്ന പ്രവണത ശരിയല്ല. ആദിവാസികൾ ഇപ്പോഴത്തെപ്പോലെ എല്ലാ കാലത്തും അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളായിരുന്നില്ല. ആദിവാസികളായ ഗോണ്ഡുകൾക്ക് ഗർഹമണ്ഡല അഥവാ ചന്ദ (Garha Mandala or Chanda) എന്നിവപോലെ നിലനിന്നിരുന്ന സാമൂഹികശ്രേണീകരണ പ്രക്രിയയിലൂടെ നിരവധി രാജഭരണകൂടങ്ങൾ തന്നെ മധ്യ ഇന്ത്യയിലുണ്ടായിരുന്നു. മധ്യപശ്ചിമ ഇന്ത്യയിലെ പല രജപുത്രരാജ്യങ്ങളും ആദിവാസിസമുദായങ്ങൾക്കിടയിൽ നിന്ന് ഉയർന്നുവന്നതാണ്. തങ്ങളുടെ ശേഷിയും പ്രാദേശികസൈന്യങ്ങളുടെ സേവനവും ഉപയോഗപ്പെടുത്തി സമതലങ്ങളിലെ ജനതയുടെമേൽ അവർ പലപ്പോഴും ആധിപത്യം സ്ഥാപിച്ചിരുന്നു. വനോൽപ്പന്നങ്ങൾ, ഉപ്പ്, ആനകൾ എന്നിവ കച്ചവടം ചെയ്തുകൊണ്ട് വ്യാപാര രംഗത്തും ഒരു പ്രത്യേകസ്ഥാനം അവർ കരസ്ഥമാക്കിയിരുന്നു. ഇതിനെല്ലാം പുറമെ മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ ഭാഗമായി വനവിഭവങ്ങളും ധാതുക്കളും ചൂഷണംചെയ്തും ഗോത്രവർഗക്കാരെ കുറഞ്ഞ കൂലിയിൽ പണിയെടുപ്പിക്കാൻ തുടങ്ങിയും വളരെ കാലം മുമ്പുതന്നെ അവരെ മുഖ്യധാരാ സമൂഹങ്ങളുമായി ബന്ധപ്പെടുത്തിയിരുന്നു.

## ഗോത്രങ്ങളെക്കുറിച്ചുള്ള മുഖ്യധാരാ മനോഭാവങ്ങൾ (Mainstream Attitudes Towards Tribes)

കൊളോണിയലിസം ഗോത്രങ്ങളെ പാടെ മാറ്റിമറിച്ചെങ്കിലും ആ കാലഘട്ടത്തിലെ ആദ്യകാല നരവംശശാസ്ത്രഗ്രന്ഥങ്ങൾ ഒറ്റപ്പെട്ട കെട്ടുറപ്പുള്ള സമുദായങ്ങളായാണ് അവരെ ചിത്രീകരിച്ചത്. ഗോത്രസമൂഹങ്ങൾ പണമിടപാടുകാരുടെ കടന്നുകയറ്റമടക്കമുള്ള രാഷ്ട്രീയ - സാമ്പത്തിക മാറ്റങ്ങൾക്ക് വിധേയരായി, അവരുടെ ഭൂമിയും നഷ്ടമാകാൻ തുടങ്ങി. റിസർവ് വനങ്ങൾ രൂപീകരിക്കുക എന്ന നയവും വനമേഖലയിലെ ഖനനപ്രവർത്തനങ്ങളും ഗവൺമെന്റ് കൊണ്ടുവന്നു. മറ്റു മേഖലകളിൽനിന്നു ലഭിച്ചിരുന്ന പ്രധാന വരുമാനമാർഗം ഭൂനികുതിയായിരുന്നെങ്കിൽ ഗോത്രമേഖലകളിൽ (മലമ്പ്രദേശങ്ങൾ, വനപ്രദേശങ്ങൾ) നിന്ന് കൊളോണിയൽ ഗവൺമെന്റ് കൈക്കലാക്കിയിരുന്നത് പ്രകൃതിവിഭവങ്ങളായ വനോൽപ്പന്നങ്ങളും ധാതുക്കളുമായിരുന്നു. 18-ാം നൂറ്റാണ്ടിലും 19-ാം നൂറ്റാണ്ടിലും ഗോത്രപ്രദേശങ്ങളിലുണ്ടായ വിവിധ വിപ്ലവങ്ങളെത്തുടർന്ന് കൊളോണിയൽ ഗവൺമെന്റ് ഗോത്രമേഖലകളെ 'അന്യപ്രവേശനം ഇല്ലാത്തതും' (Excluded) 'ഭാഗികമായി അന്യപ്രവേശനം' (Partially Excluded) അനുവദിക്കുന്നതും എന്നിങ്ങനെ തരംതിരിക്കുകയും അവിടങ്ങളിലേക്ക് ഗോത്രേതരജനങ്ങളുടെ പ്രവേശനം നിഷേധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുകയുമുണ്ടായി. ഈ പ്രദേശങ്ങളിൽ പ്രാദേശിക രാജാക്കൻമാരുടെയോ മൂപ്പൻമാരുടെയോ പരോക്ഷഭരണമാണ് ബ്രിട്ടീഷുകാർ പ്രോത്സാഹിപ്പിച്ചത്.

ഗോത്രവർഗക്കാർ ബാഹ്യലോകത്തുനിന്നു ഒറ്റപ്പെട്ടുനിൽക്കുന്നു എന്ന ധാരണയുടെ മുകളിലാണ് 1940-ലെ വേർതിരിക്കൽ V/S ഉദ്ഗ്രഥനം എന്ന സംവാദം (Isolation Versus Integrations Debate) ഉയർന്നുവന്നത്. ഗോത്രവർഗക്കാരെ ഭൂരഹിത തൊഴിലാളികളാക്കി 'നിർഗോത്രീകരിക്കാൻ' (De-tribalise) ശ്രമിച്ചുകൊണ്ടിരിക്കുന്ന വ്യാപാരികൾ, പണമിടപാടുകാർ,

ഹിന്ദു-ക്രിസ്ത്യൻ മിഷണറിമാർ എന്നിവരിൽനിന്ന് അവർക്ക് സംരക്ഷണമേകണമെന്നും വേർതിരിക്കൽവാദികൾ വാദിച്ചു. നേരെ മറിച്ച്, ഗോത്രവർഗക്കാർ 'പിന്നാക്കഹിന്ദു'ക്കളാണെന്നും (Backward Hindus) അവരുടെ പ്രശ്നങ്ങൾ മറ്റു പിന്നാക്കവർഗക്കാരുടെ ചട്ടക്കൂടിനകത്തു നിന്നുകൊണ്ടാണ് കൈകാര്യം ചെയ്യേണ്ടതെന്നും ഉദ്ഗ്രഥനവാദികൾ വാദിച്ചു. ഇന്ത്യയുടെ ഭരണഘടനാനിർമാണസഭയിൽ ഈ സംവാദം ചർച്ചചെയ്യുകയും ഗോത്രവർഗക്കാരെ നിയന്ത്രിതമായ തോതിൽ മുഖ്യധാരാസമൂഹവുമായി ബന്ധിപ്പിക്കാൻ സാധ്യമാകുന്നതിനുള്ള ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. പഞ്ചവത്സരപദ്ധതികൾ, ഗോത്ര ഉപപദ്ധതികൾ, ഗോത്രക്ഷേമ ബ്ലോക്കുകൾ, പ്രത്യേക വിവിധോദ്ദേശ്യ പ്രദേശപദ്ധതികൾ എന്നിവ ഈ ചിന്താരീതിയെ മുറുകെ പിടിച്ചവയായിരുന്നു. എന്നാൽ ഗോത്രങ്ങളുടെ ഉദ്ഗ്രഥനം അടിസ്ഥാനപരമായി അവരുടെ സ്വന്തം ആവശ്യങ്ങളും ആഗ്രഹങ്ങളും അവഗണിച്ചു. ഈ ഉദ്ഗ്രഥനം അവരുടെ നേട്ടത്തിനപ്പുറം മുഖ്യധാരാസമൂഹത്തിനു വേണ്ടിയായി മാറി. ഗോത്രസമൂഹങ്ങൾക്ക് ഭൂമിയും വനങ്ങളും നഷ്ടപ്പെടുകയും വികസനത്തിന്റെ പേരിൽ അവർ തകർക്കപ്പെടുകയും ചെയ്തു.

### ദേശീയവികസനവും ഗോത്രവികസനവും (National development versus Tribal development)

ഗോത്രങ്ങളോടുള്ള രാഷ്ട്രത്തിന്റെ വീക്ഷണവും നയങ്ങളും രൂപപ്പെടുത്തിയത് വികസനത്തിന്റെ അടിയന്തരലക്ഷ്യങ്ങളാണ്. ദേശീയവികസനത്തിന്റെ ഭാഗമായി നെഹ്റുവിന്റെ കാലത്തു നടപ്പിലാക്കിയ പദ്ധതികളിൽ വൻകിട അണക്കെട്ടുകൾ, ഫാക്ടറികൾ, ഖനികൾ എന്നിവയുടെ നിർമാണവുമുണ്ടായിരുന്നു. പദ്ധതിപ്രദേശങ്ങൾ ഗോത്രവർഗക്കാരുടെ ധാതുസമ്പന്നവും വനനിബിഡവുമായ പ്രദേശങ്ങളിലായതുകൊണ്ട് ഇന്ത്യൻസമൂഹത്തിന്റെ വികസനത്തിനുവേണ്ടി ഗോത്രങ്ങൾ വലിയ വില നൽകേണ്ടിവന്നു. ഇത്തരത്തിലുള്ള വികസനം ഗോത്രവർഗങ്ങളുടെ ചെലവിൽ സമൂഹത്തിന്റെ മുഖ്യധാരയ്ക്കാണ് പ്രയോജനം ചെയ്തത്. ജലവൈദ്യുത പദ്ധതികളും മറ്റും സ്ഥാപിക്കുന്നതിന് ഗോത്രപ്രദേശങ്ങൾ തിരഞ്ഞെടുത്തുകൊണ്ട് അവരുടെ മണ്ണും വിഭവങ്ങളും ഉൾപ്പെടെ സർവതും നഷ്ടപ്പെട്ടു.

ഗോത്രസമുദായങ്ങൾ കാടുകളെ ആശ്രയിച്ച് ജീവിക്കുന്നവരായതുകൊണ്ട് കാടുകളുടെ നഷ്ടം അവർക്ക് കനത്ത ആഘാതമേൽപ്പിച്ചു. ബ്രിട്ടീഷ് കാലഘട്ടത്തിൽ കാടുകൾ ചൂഷണം ചെയ്യപ്പെട്ടിരുന്ന പ്രവണത സ്വാതന്ത്ര്യത്തിനു ശേഷവും തുടർന്നു. ഭൂമിയിൽ സ്വകാര്യ ഉടമസ്ഥാവകാശം നടപ്പിലാക്കിയപ്പോൾ ഭൂമി കൂട്ടായി കൈവശം വച്ചിരുന്ന ഗോത്രവർഗക്കാരെ അതു പ്രതികൂലമായി ബാധിച്ചു. ഉദാഹരണത്തിന്, നർമദയിൽ അണക്കെട്ടുകളുടെ ഒരു പരമ്പര നിർമ്മിച്ചപ്പോൾ അതിന്റെ നേട്ടവും കോട്ടവും വ്യത്യസ്ത സമുദായങ്ങൾക്കും പ്രദേശങ്ങൾക്കും ഒരേ അനുപാതത്തിലല്ല ലഭിച്ചത്.

വികസനത്തിന്റെ സമ്മർദത്തിൽ ഗോത്രേതരവിഭാഗങ്ങളുടെ കുടിയേറ്റത്തിലൂടെ ഗോത്രവർഗക്കാർ കേന്ദ്രീകരിച്ചിരുന്ന പല പ്രദേശങ്ങളും സംസ്ഥാനങ്ങളും വലിയ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഗോത്രജനസംഖ്യയിൽ വലിയ കുറവുവരുത്തിക്കൊണ്ട് ഗോത്ര സമുദായങ്ങൾക്കും അവരുടെ സംസ്കാരങ്ങൾക്കും അത് ശിഥിലീകരണഭീഷണി ഉയർത്തുന്നു. ഉദാഹരണത്തിന്, ഝാർഖണ്ഡിലെ വ്യാവസായികമേഖലകളിൽ കുടിയേറ്റത്തെ തുടർന്ന് ഗോത്രവർഗക്കാരുടെ സംഖ്യ സാരമായി കുറയുകയുണ്ടായി. എന്നാൽ ഏറ്റവും നാടകീയമായ രീതിയിൽ ഇതു സംഭവിച്ചത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലാണ്. ത്രിപുര പോലുള്ള സംസ്ഥാനങ്ങളിൽ ജനസംഖ്യയിലെ ഗോത്രവർഗത്തിന്റെ എണ്ണം ഒരു പതിറ്റാണ്ടിനുള്ളിൽ നേർ പകുതിയായി കുറഞ്ഞു. അരുണാചൽപ്രദേശിലും അത്തരമൊരു അവസ്ഥയാണ് കാണുന്നത്.

## ഗോത്രസ്വത്വം ഇന്ന് (Tribal Identity Today)

ഗോത്രസമുദായങ്ങളെ നിർബന്ധപൂർവം മുഖ്യധാരാപ്രക്രിയകളിൽ ഉൾപ്പെടുത്തിയത് അവരുടെ സംസ്കാരത്തെയും സമ്പദ്‌വ്യവസ്ഥയെയും സ്വാധീനിച്ചു. ഇന്നത്തെ ഗോത്രസ്വത്വങ്ങൾ (Tribal Identities) രൂപീകരിക്കപ്പെടുന്നത് അവരുടെ തനതുസവിശേഷതകളിൽനിന്നല്ല. മറിച്ച്,

മുഖ്യധാരാസമൂഹവുമായുള്ള പരസ്പരപ്രവർത്തനങ്ങളിലൂടെയാണ്. മുഖ്യധാരയുമായുള്ള പരസ്പരപ്രവർത്തനം ഗോത്രസമൂഹങ്ങൾക്ക് അനുകൂലമായിരുന്നില്ല. ഗോത്രേതരലോകത്തിന്റെ ശക്തിക്കെതിരെ അവർ ചെറുത്തുനിൽപ്പും പോരാട്ടവും ആരംഭിച്ചു.



സമരരംഗത്തെ ഗോത്രവർഗ വനിതകൾ

സുദീർഘമായ ഒരു പോരാട്ടത്തിലൂടെ സംസ്ഥാനപദവി നേടുന്നതിൽ ഗോത്രവർഗക്കാർ വിജയിച്ചു. എന്നാൽ തുടർന്നുകൊണ്ടിരുന്ന പ്രശ്നങ്ങൾ ഈ വിജയങ്ങളുടെ തിളക്കം കുറച്ചു. ഉദാഹരണത്തിന്, വടക്കുകിഴക്കൻ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും പൗരസ്വാതന്ത്ര്യം നിയന്ത്രിക്കുന്ന പ്രത്യേക നിയമങ്ങൾ പതിറ്റാണ്ടുകളോളം നിലനിന്നിരുന്നു. മണിപ്പൂർ, നാഗാലാന്റ് തുടങ്ങിയ സംസ്ഥാനങ്ങളിലെ ജനങ്ങൾക്ക് മറ്റു പൗരരെ പോലെ, അവകാശങ്ങൾ ഉണ്ടായിരുന്നില്ല. കാരണം, ആ സംസ്ഥാനങ്ങൾ 'അസ്വസ്ഥപ്രദേശങ്ങളായി' (Disturbed Areas) പ്രഖ്യാപിക്കപ്പെട്ടിരുന്നു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിരന്തരമായ സായുധകലാപങ്ങൾ ഉണ്ടാകുന്നത് അവയുടെ സമ്പദ്‌വ്യവസ്ഥയിലും സംസ്കാരത്തിലും സമൂഹത്തിലും വൻനഷ്ടങ്ങൾ വരുത്തിവയ്ക്കുകയുമുണ്ടായി. രാജ്യത്തിന്റെ മറ്റുഭാഗങ്ങളിലും, ഝാർഖണ്ഡ്, ഛത്തീസ്ഗഡ് എന്നീ പ്രദേശങ്ങൾക്കും പുതുതായി ലഭിച്ച സംസ്ഥാനപദവി മുഴുവനായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പൂർണമായ സ്വയംഭരണാധികാരം ഇല്ലാത്തതിനാൽ അത്തരമൊരു രാഷ്ട്രീയസംവിധാനത്തിൽ ഗോത്രവർഗക്കാർക്ക് അധികാരങ്ങൾ ഒന്നുമില്ല.

മറ്റൊരു പ്രധാനപ്പെട്ട സംഭവവികാസമാണ് ഗോത്രവർഗക്കാർക്കിടയിലെ അഭ്യസ്തവിദ്യരായ ഒരു മധ്യവർഗത്തിന്റെ ക്രമേണയുള്ള ആവിർഭാവം. രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും പ്രത്യേകിച്ച് വലിയ ഗോത്രസമുദായങ്ങൾക്കിടയിലും അംഗങ്ങളിൽ ഈ മാറ്റം കാണുന്നുണ്ട്. വിദ്യാഭ്യാസരംഗത്തെ സംവരണവും (അധ്യായം 5 പരാമർശിച്ചിട്ടുള്ളത് നോക്കുക) നാഗരികമായ ഒരു പ്രഫഷണൽ വിഭാഗത്തെ സൃഷ്ടിച്ചു. ഇതോടെ ഗോത്രസമുദായങ്ങൾക്കിടയിലെ വേർതിരിവുകളും വർധിച്ചുവന്നു. ഇത് 'ഗോത്രസ്വത്വം' ഉയർത്തിപ്പിടിക്കുന്ന വ്യത്യസ്ത തലങ്ങൾ വളർന്നുവരാൻ കാരണമായി.

ഗോത്രവർഗപ്രസ്ഥാനങ്ങൾ ഉയർന്നുവരുന്നതിന് രണ്ടു വിശാല കാരണങ്ങളാണുള്ളത്. ഭൂമി, വനം എന്നിവപോലുള്ള പ്രധാനപ്പെട്ട സാമ്പത്തികവിഭവങ്ങളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ടതും വംശീയ-സാംസ്കാരിക സ്വത്വവുമായി ബന്ധപ്പെട്ടതുമായ വിഷയങ്ങളാണവ. ഈ രണ്ടു പ്രശ്നങ്ങളും പലപ്പോഴും ഒരുമിച്ചാണ് പോകാറുള്ളതെങ്കിലും ഗോത്രസമൂഹത്തിലെ വ്യത്യാസമനുസരിച്ച് വേറിട്ടുനിന്നേക്കാം. ഗോത്രസമൂഹങ്ങളിലെ മധ്യവർഗങ്ങൾ അവരുടെ ഗോത്രസ്വത്വം ഉയർത്തിപ്പിടിക്കുന്ന കാരണങ്ങൾ ദരിദ്രരും നിരക്ഷരരുമായ ഗോത്രവർഗങ്ങൾ ഗോത്രപ്രസ്ഥാനങ്ങളിൽ അണിചേരുന്നതിന്റെ കാരണങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമായിരിക്കും. ഏതൊരു സമുദായത്തിലും ഇത്തരത്തിൽ ആന്തരികചലനാത്മകതയും ബാഹ്യബലങ്ങളും തമ്മിലുള്ള ബന്ധമാണ് ഭാവിയെ രൂപപ്പെടുത്തുന്നത്.

**Box 3.1**

ഇന്ന് ഗോത്രങ്ങളുടെ സ്വത്വബോധം ഉയർന്നുവരുന്നതായി കാണാം. ഇത് ഗോത്രസമുദായങ്ങളുടെ ഇടയിൽത്തന്നെയുള്ള 'മധ്യവർഗ'ക്കാരുടെ ഉദയം കൊണ്ടാകാം. സാംസ്കാരികപ്രശ്നങ്ങൾ, പാരമ്പര്യം, ജീവനോപാധികൾ, ഭൂമിയുടെയും മറ്റു സാധനങ്ങളുടെയും നിയന്ത്രണം, ആധുനികകാലത്തെ പദ്ധതികൾക്കുള്ള ആനുകൂല്യങ്ങൾ എന്നിവയെല്ലാം ഗോത്രവർഗക്കാരുടെ സ്വത്വബോധം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു. അതുകൊണ്ടുതന്നെ ഇത് മധ്യവർഗത്തിനിടയിൽ ഒരു പുതിയ അവബോധം ഉണ്ടാക്കിയിരിക്കുന്നു. സംവരണ നയനിയന്ത്രണത്തിലൂടെയുള്ള ആധുനികവിദ്യാഭ്യാസവും തൊഴിലുകളും ഗോത്രങ്ങളിൽ മധ്യവർഗക്കാരുടെ ഉദയത്തിനു കാരണമായി.

*(Source: Virginius Xaxa. 'Culture, Politics and Identity: The Case of the Tribes in India', in John et al 2006)*

## 3.3 കുടുംബവും ബന്ധുത്വവും (Family and Kinship)

നമ്മളോരോരുത്തരും ജനിച്ചത് കുടുംബത്തിലാണ്. കൂടാതെ മിക്കവരും ദീർഘകാലം കുടുംബത്തിനകത്ത് ചെലവഴിക്കുകയും ചെയ്യുന്നവരാണ്. കുടുംബത്തോട് നല്ല അടുപ്പം തോന്നുക സ്വാഭാവികമാണ്. നമ്മുടെ മാതാപിതാക്കന്മാർ, മുത്തച്ഛന്മാർ, മുത്തശ്ശിമാർ, സഹോദരങ്ങൾ, അമ്മാവന്മാർ, അമ്മായിമാർ, മാതാവിന്റെയോ പിതാവിന്റെയോ സഹോദര സന്താനങ്ങൾ എന്നിവരോടെല്ലാം നമുക്ക് നല്ല അടുപ്പം ഉണ്ടാകും. അതേസമയം മറ്റുള്ളവരോട് അടുപ്പം തോന്നുകയുമില്ല. അവരുടെ ഇടപെടലുകളെ നമ്മൾ എതിർക്കുമെങ്കിലും അവരിൽ നിന്ന് അകന്നുനിൽക്കുമ്പോൾ നഷ്ടബോധം അനുഭവപ്പെടുന്നു. കുടുംബം സ്നേഹത്തിന്റെയും ശ്രദ്ധയുടെയും ഇടമാണ്. അതേസമയം വഴക്കുകളുടെയും അനീതികളുടെയും ആക്രമണത്തിന്റെയും കേന്ദ്രംകൂടിയാണ്. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ശ്രദ്ധയുടെയും കഥകൾക്കൊപ്പം തന്നെ പെൺശിശുഹത്യ, സഹോദരങ്ങൾ തമ്മിലുള്ള സ്വത്തുതർക്കം, മോശമായ നിയമയുദ്ധങ്ങൾ തുടങ്ങിയവ കുടുംബത്തിന്റെയും ബന്ധുത്വത്തിന്റെയും ഭാഗമായി നിലനിൽക്കുന്നു.

ഒരു സാമൂഹികസ്ഥാപനമെന്ന നിലയിൽ സമൂഹത്തിലെ മറ്റു സ്ഥാപനങ്ങളുമായി കുടുംബത്തിനുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലും അതിന്റെ ഘടനയെക്കുറിച്ച് പഠിക്കാവുന്നതാണ്. കുടുംബം അണുകുടുംബമോ വിസ്തൃത കുടുംബമോ ആകാം. അത് പുരുഷമേധാവിത്വകുടുംബമോ സ്ത്രീമേധാവിത്വകുടുംബമോ ആകാം. കുടുംബത്തിന് വംശപാരമ്പര്യം പിതൃദായകമോ മാതൃദായകമോ ആകാം. കുടുംബത്തിന്റെ ഈ ആന്തരികഘടന സാധാരണയായി മറ്റു ഘടനകളായ രാഷ്ട്രീയം, സാമ്പത്തികം, സാംസ്കാരികം തുടങ്ങിയവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഹിമാലയൻപ്രദേശത്തെ ഗ്രാമങ്ങളിൽനിന്നുള്ള പുരുഷന്മാരുടെ കുടിയേറ്റം ഗ്രാമങ്ങളിൽ സ്ത്രീമേധാവിത്വകുടുംബങ്ങളുടെ ഉയർച്ചയ്ക്ക് കാരണമാകുന്നു. അതുപോലെ സോഫ്റ്റ്‌വെയർ കമ്പനികളിൽ ജോലിചെയ്യുന്ന ചെറുപ്പക്കാരുടെ മാതാപിതാക്കൾക്ക് മക്കളുടെ ജോലിയുമായി ബന്ധപ്പെട്ട കുടുംബക്രമീകരണത്തിനുവേണ്ടിയും തങ്ങളുടെ പേരക്കുട്ടികളുടെ (Grand Children) സംരക്ഷണത്തിനായും മാറിത്താമസിക്കേണ്ടിവരുന്നു. അങ്ങനെ കുടുംബത്തിന്റെ രൂപീകരണത്തിലും ഘടനയിലും മാറ്റമുണ്ടാകുന്നു. ഈ മാറ്റങ്ങളെല്ലാം സമൂഹത്തിലെ മറ്റു ഘടകങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് മനസ്സിലാക്കാൻ സാധിക്കും. കുടുംബം (സ്വകാര്യമണ്ഡലം) സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ (പൊതുമണ്ഡലങ്ങൾ) മണ്ഡലങ്ങളുമായി ബന്ധിതമാണ്.

കുടുംബം നമ്മുടെ ജീവിതത്തിലെ അവിഭാജ്യഘടകമാണ്. മറ്റുള്ളവരുടെ കുടുംബങ്ങളും നമ്മുടെ പോലെയാണെന്ന് നാം കരുതുന്നു (ഇതും കുടുംബത്തിന്റെ മറ്റു മാനങ്ങളും അധ്യായം 1 സമൂഹത്തെ പരിചയപ്പെടുത്തൽ എന്ന ഭാഗത്തു ചർച്ചചെയ്തിട്ടുണ്ട്). നമുക്കറിയാവുന്നതു

പോലെ കുടുംബങ്ങൾക്ക് വ്യത്യസ്ത ഘടനകളാണുള്ളത്. ഈ ഘടനകൾ മാറുകയും ചെയ്യുന്നു. ചിലപ്പോൾ ഈ മാറ്റങ്ങൾ യാദൃച്ഛികമായാണ് സംഭവിക്കുന്നത്. ഉദാഹരണത്തിന്, ഒരു യുദ്ധമുണ്ടാകുമ്പോൾ അല്ലെങ്കിൽ ജനങ്ങൾ തൊഴിൽ തേടി മറ്റുഭാഗങ്ങളിലേക്ക് കുടിയേറുമ്പോൾ ഇത്തരത്തിൽ സംഭവിക്കുന്നു. ചിലപ്പോൾ ഈ മാറ്റങ്ങൾ ബോധപൂർവം

**Box 3.2**

ഇന്നത്തെ പഠനം മുൾട്ടാണി ലോഹർ എന്നുവിളിക്കുന്ന മുസ്ലിം ബിരാദ്രി സമുദായത്തെക്കുറിച്ചാണ്. കർഖാനദാർ എന്നത് നിർമാണവ്യവസായങ്ങൾ സ്വന്തമായിട്ടുള്ളവരും അതിൽ മുഴുകുന്നതുമായ വ്യക്തികൾക്ക് പറയുന്ന പ്രാദേശിക പദമാണ്. ആഭ്യന്തരസാഹചര്യങ്ങളെ നിയന്ത്രിക്കുകയും അതുവഴി ജീവിതത്തിൽ പരിപാവനമായ ഫലങ്ങൾ ഉള്ളവരുമാണ് ഇവർ. താഴെപറയുന്ന കേസ് ചിത്രീകരിക്കുന്നതിതാണ്. മഹ്മൂദ് എന്ന 40 വയസ്സുകാരൻ തന്റെ രണ്ട് ഇളയ സഹോദരന്മാരോടൊപ്പമാണ് താമസിക്കുന്നത്. സഹോദരന്മാരിൽ ഒരാൾ വിവാഹിതനാണ്. മൂന്ന് കുട്ടികളുള്ള അദ്ദേഹമാണ് സങ്കീർണമായ ഗൃഹത്തിന്റെ തലവൻ. മൂന്ന് സഹോദരന്മാരും വ്യാവസായികസ്ഥാപനങ്ങളിലായി ജോലിചെയ്യുന്ന, പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരാണ്. കയറ്റുമതി നിരോധിച്ച ഒരു മോട്ടോർഭാഗത്തിന്റെ പ്രതിരൂപം മഹ്മൂദ് വിജയകരമായി ഉണ്ടാക്കിയെടുത്തു. അദ്ദേഹത്തിന് സ്വന്തമായി ഒരു കാർഖാന തുടങ്ങാൻ ഇത് പ്രചോദനമായി. പിന്നീട് ഒരു മോട്ടോർ ഉണ്ടാക്കാൻ രണ്ട് കാർഖാനകൾകൂടി സ്ഥാപിക്കാൻ തീരുമാനിച്ചു. അതിൽ ഒന്ന് മൂത്ത രണ്ട് സഹോദരങ്ങൾക്കും മറ്റേത് ഇളയവനും. അയാൾ വേറെ വീട് വച്ചു. റഷീദും ഭാര്യയും അവിവാഹിതരായ മൂന്നുമക്കളും വീടുമാറി താമസിച്ചു. അതുകൊണ്ട് വിവാഹിതരായ മൂന്ന് സഹോദരങ്ങൾ ഉൾപ്പെട്ട സങ്കീർണമായ ഗൃഹം ഒരു കൊച്ചുവീടായി മാറി. എല്ലാം പുതിയ സംരംഭകത്വത്തിന്റെയും അതിന്റെ അവസരങ്ങളുടെയും ഫലമായി.

Excerpted from S.M. Akram Rizvi, 'Kinship and Industry among the Muslim Karkhanedars in Delhi', in Imtiaz Ahmad, ed. *Family, Kinship and Marriage among Muslims in India*, New Delhi, Manohar, 1976, pp. 27-48.

കൊണ്ടുവരുന്നതാണ്. യുവജനങ്ങൾ അവരുടെ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കാൻ മുതിർന്നവരെ അനുവദിക്കുന്നതിനു പകരം സ്വന്തമായി തീരുമാനമെടുക്കുന്നതും സ്വവർഗാനുരാഗിയായ ഒരാൾ അത് പരസ്യമായി സമൂഹത്തിൽ പ്രകടിപ്പിക്കുന്ന സാഹചര്യവും ഇതിനുദാഹരണങ്ങളാണ്.

ഇത്തരത്തിലുള്ള മാറ്റങ്ങളിൽനിന്ന് വ്യക്തമാകുന്നത് കുടുംബഘടനകൾ മാത്രമല്ല, സാംസ്കാരിക ആശയങ്ങൾ, വഴക്കങ്ങൾ, മൂല്യങ്ങൾ എന്നിവയും മാറുന്നുവെന്നാണ്. എന്നാൽ ഈ മാറ്റങ്ങൾ കൊണ്ടുവരാൻ അത്രയെളുപ്പമല്ല. കുടുംബത്തിലും വിവാഹരീതികളിലും വരുന്ന മാറ്റങ്ങൾ വലിയ എതിർപ്പുകളെ നേരിടേണ്ടിവരുന്നത് ചരിത്രവും സമകാലികസമൂഹവും സാക്ഷ്യപ്പെടുത്തുന്നു.

കുടുംബത്തിനു പല മാനങ്ങളുണ്ട്. ഇന്ത്യയിൽ കുടുംബത്തെക്കുറിച്ചുള്ള ചർച്ചകൾ പലപ്പോഴും *അണുകുടുംബം, വിസ്തൃതകുടുംബം* എന്നിവയെ കേന്ദ്രീകരിച്ചാണു നടന്നിട്ടുള്ളത്.

## അണുകുടുംബവും വിസ്തൃതകുടുംബവും (Nuclear and Extended family)

മാതാപിതാക്കളും മക്കളും അടങ്ങുന്നതാണ് അണുകുടുംബം. വിസ്തൃതകുടുംബം (സാധാരണയായി കൂട്ടുകുടുംബം എന്നറിയപ്പെടുന്നു) പലതരത്തിലുണ്ട്. ഇത് ഒന്നിലധികം ദമ്പതികളും രണ്ടിലധികം തലമുറകളും ഒരുമിച്ചു ജീവിക്കുന്നതാവാം. മറ്റൊരുതരത്തിൽ വൃദ്ധദമ്പതിമാർ തങ്ങളുടെ മക്കളോടും മരുമക്കളോടും അവരുടെ കുടുംബങ്ങളോടും കൂടി താമസിക്കുന്നതുമാവാം. വിസ്തൃതകുടുംബത്തെ ഇന്ത്യയുടെ അടയാളമായാണ് പലപ്പോഴും കാണാറുള്ളത്. എന്നാൽ അതൊരിക്കലും പ്രബലമായ ഒരു കുടുംബമായിരുന്നില്ല. സമൂഹത്തിൽ ചില വിഭാഗങ്ങൾക്കിടയിലും ചില പ്രദേശങ്ങളിലും മാത്രമായി ഒതുങ്ങിനിൽക്കുകയായിരുന്നു അത്. കൂട്ടുകുടുംബം എന്ന പദം തദ്ദേശീയമായ ഒന്നല്ല; അത് ഏതെങ്കിലും ഒരു ഇന്ത്യൻ പദത്തിന്റെ

പരിഭാഷയല്ലെന്ന് ഐ. പി. ദേശായി നിരീക്ഷിക്കുന്നു. മിക്ക ഇന്ത്യൻ ഭാഷകളിലും കുടുംബം എന്നതിനായി ഉപയോഗിക്കുന്ന പദങ്ങൾ ഇംഗ്ലീഷ് ഭാഷയിലെ Joint family എന്ന വാക്കിന്റെ പരിഭാഷകൾക്ക് തുല്യമാണ് (Desai 1964:40).

## കുടുംബത്തിന്റെ വിവിധ രൂപങ്ങൾ (The diverse forms of the family)

ഇന്ത്യയിൽ വ്യത്യസ്തസമൂഹങ്ങളിൽ പലരൂപത്തിലുള്ള കുടുംബങ്ങളുണ്ടെന്ന് പഠനങ്ങൾ കാണിക്കുന്നു. വാസസ്ഥലത്തിന്റെ അടിസ്ഥാനത്തിൽ നവദമ്പതികൾ വധുവിന്റെ മാതാപിതാക്കളോടൊപ്പം താമസിക്കുന്നുവെങ്കിൽ മാതൃസ്ഥാനീയമെന്നും ദമ്പതിമാർ വരന്റെ മാതാപിതാക്കളോടൊപ്പമാണെങ്കിൽ പിതൃസ്ഥാനീയമെന്നും പറയുന്നു. വംശപാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ കുടുംബസ്വത്ത് മാതാവിൽനിന്ന് മകളിലേക്കാണ് കൈമാറ്റം ചെയ്യപ്പെടുന്നതെങ്കിൽ *മാതൃദായവും* പിതാവിൽനിന്ന് പുത്രനിലേക്കാണ് കൈമാറ്റം ചെയ്യപ്പെടുന്നതെങ്കിൽ *പിതൃദായകകുടുംബ*മെന്നും വിളിക്കുന്നു. അധികാരത്തിന്റെ അടിസ്ഥാനത്തിൽ പുരുഷൻമാർക്ക് അധികാരവും മേധാവിത്വവുമുള്ള കുടുംബത്തെ *പിതൃമേധാവിത്വ* കുടുംബമെന്നും സ്ത്രീകൾക്ക് അധികാരവും മേധാവിത്വവുമുള്ള കുടുംബത്തെ *മാതൃമേധാവിത്വ*കുടുംബമെന്നും വിളിക്കുന്നു. മാതൃമേധാവിത്വം എന്നത് പിതൃമേധാവിത്വത്തിൽ നിന്ന് വ്യത്യസ്തമായി ഒരു സൈദ്ധാന്തിക സങ്കൽപ്പനമാണെന്നും അനുഭവസിദ്ധമായ ഒരു യാഥാർഥ്യമല്ലെന്നും സമൂഹശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു. ഇതിന് ചരിത്രപരമോ നരവംശശാസ്ത്രപരമോ ആയ തെളിവുകളൊന്നുമില്ല. അതേസമയം സ്ത്രീകൾക്ക് അവരുടെ മാതാക്കളിൽനിന്ന് കുടുംബസ്വത്ത് പാരമ്പര്യമായി ലഭിക്കുന്ന മാതൃദായസമൂഹങ്ങൾ നിലനിന്നുവരുന്നുണ്ട്. സ്വത്ത് ലഭിക്കുമെങ്കിലും സ്ത്രീകൾക്ക് അവയുടെ മേൽ നിയന്ത്രണമോ പൊതുവിഷയങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം പോലുമോ ഇല്ല.



ഒരു പാഴ്സി മാതൃദായകകുടുംബം

**Box 3.3**

മേഘാലയയുടെ പിന്തുടർച്ചാവകാശനിയമത്തിന് (മേഘാലയയിലെ പുരുഷമേധാവിത്വമുള്ള നിയമസഭ പാസാക്കിയത്) 1986-ൽ രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചു. പിന്തുടർച്ചാവകാശ നിയമം ബാധിക്കുന്നത് പ്രധാനമായും മേഘാലയയിലെ ഖാസി, ജെൻഷ്യ എന്നീ ഗോത്രങ്ങളെയാണ്. കൂടാതെ ഇത് പിന്തുണയ്ക്കുന്നത് സ്വയം സമ്പാദിച്ച സ്വത്ത് സ്വമേധയാ വിഭജിച്ചു നൽകുന്നതിനുള്ള അവരുടെ അവകാശത്തെയാണ്. ഖാസിസമ്പ്രദായത്തിൽ ഇഷ്ടദാനം നൽകുന്ന പതിവില്ല. പാരമ്പര്യസ്വത്ത് സ്ത്രീകൾക്ക് വിഭജിച്ചു നൽകാനാണ് നിർദേശിക്കുന്നത്.

വിദ്യാസമ്പന്നരായ ഖാസിക്കാർക്കിടയിൽ ഒരു വിഷമമുള്ളത് ബന്ധുത്വവും അനന്തരാവകാശവും സ്ത്രീകൾക്കാണ് എന്നതാണ്. അല്ലെങ്കിൽ സ്ത്രീകളുടെ നിയന്ത്രണത്തിലാണ്. അതുകൊണ്ടുതന്നെ, ഈ നിയന്ത്രണം നീക്കം ചെയ്യുന്നതിന് ഖാസിപാരമ്പര്യത്തിലെ സ്ത്രീപക്ഷപാതിത്വം തിരുത്തുന്നതിനുള്ള ഒരു ശ്രമമായി പിന്തുടർച്ചാവകാശനിയമത്തെ കാണാം. ലിംഗഭേദവും ലിംഗവേഷങ്ങളും ഇത്ര കണ്ട് പ്രബലമായ ഈ സാഹചര്യത്തിൽ, ഖാസിസമുദായത്തിലെ പ്രബലമായ സ്ത്രീപക്ഷപാതത്തിന്റെ സാധുതയും മാതൃദായസംവിധാനവും വിലയിരുത്തേണ്ടത് അത്യാവശ്യമാണ്.

മാതൃദായസംവിധാനത്തിൽ അന്തർലീനമായ വൈരുധ്യങ്ങളെ പല പണ്ഡിതരും ഉയർത്തിക്കാണിച്ചിട്ടുണ്ട്. അതുപോലെയുള്ള വൈരുധ്യങ്ങളിലൊന്ന് ഉടലെടുക്കുന്നത് മുൻഗാമികളുടെ വേർപിരിയലിൽനിന്നും പാരമ്പര്യമായ അവകാശങ്ങളിൽനിന്നുമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, അധികാരഘടനയിൽനിന്നും അതിന് മറ്റുള്ളവയിലുള്ള നിയന്ത്രണത്തിൽനിന്നുമാണ്. ആദ്യത്തേത് അമ്മയിൽനിന്നു മകളിലേക്ക്, ഇത് രണ്ടാമത്തേതിന് വൈരുധ്യമായി വരുന്നു. അതായത്, ഇത് ബന്ധിപ്പിക്കുന്നത് അമ്മയുടെ സഹോദരനിൽനിന്നു സഹോദരിയുടെ മകനിലേക്കാണ്. (മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഒരു സ്ത്രീക്ക് പാരമ്പര്യമായി സ്വത്ത് കിട്ടുന്നത് അവളുടെ അമ്മയിൽനിന്നും പിന്നീട് അവളുടെ മകളിലേക്കുമാണ്. എന്നാൽ ഒരു പുരുഷൻ നിയന്ത്രിക്കുന്നത് അവന്റെ സഹോദരിയുടെ സ്വത്താണ്. അത് കൈമാറുന്നത് അവന്റെ സഹോദരിയുടെ മകനാണ്. അതുകൊണ്ട് വംശപാരമ്പര്യം കൈമാറുന്നത് അമ്മയിൽനിന്നു മകളിലേക്കും അതിന്റെ നിയന്ത്രണം കൈമാറുന്നത് അമ്മാവനിൽനിന്ന് മരുമകനിലേക്കുമാണ്). ഖാസി മാതൃദായകത്വം പുരുഷനിൽ തീവ്രമായ ധർമ്മസംഘട്ടനം ഉണ്ടാക്കുന്നു. അവർ ഒരുവശത്ത് ജന്മഗൃഹത്തോടുള്ള ഉത്തരവാദിത്വത്തെ ചൊല്ലിയും മറുവശത്ത് ഭാര്യയോടും കുട്ടികളോടുമുള്ള ഉത്തരവാദിത്വത്തെ ചൊല്ലിയും സംഘർഷത്തിലാവുന്നു. ഇത്തരത്തിലുള്ള വൈരുധ്യങ്ങൾ സൃഷ്ടിക്കുന്ന പ്രയാസങ്ങൾ ഖാസിസ്ത്രീകളെ ആഴത്തിൽ ബാധിക്കുന്നു. ഒരു സ്ത്രീക്ക് അവരുടെ ഭർത്താവിന്റെ സഹോദരിയുടെ വീട് തന്റെ വീടിനേക്കാൾ അഭിലഷണീയമായതാണെന്ന് ഒരിക്കലും ഉറപ്പിക്കാൻ കഴിയില്ല. അതുപോലെ സഹോദരിക്കും ഭയമുണ്ടാകും-എന്തെന്നാൽ, സഹോദരന് തന്റെ ക്ഷേമത്തിലുള്ള പ്രതിബദ്ധത സ്വന്തം വീടിനോടും ഭാര്യയും കുട്ടികളും അടങ്ങുന്ന കുടുംബത്തോടുമാകുമെന്ന പേടി. ഈ മാതൃദായസംവിധാനം സൃഷ്ടിക്കുന്ന വൈരുധ്യങ്ങൾ മോശമായി ബാധിക്കുന്നത് പുരുഷന്മാരെക്കാളേറെ സ്ത്രീകളെയാണ്. കാരണം നിയന്ത്രണാധികാരം പുരുഷനും സ്ത്രീ അതിനൊരു തടസ്സവുമാണ്. പക്ഷേ, നിയമം ലംഘിക്കപ്പെട്ടാൽ ഇത് പുരുഷന്മാർക്ക് അനുകൂലവുമാണ്. ഖാസിസമുദായത്തിൽ സ്ത്രീകൾക്ക് ടോക്കൺ അധികാരം മാത്രമേ കൈവശമായുള്ളൂ. പുരുഷന്മാരാണ് എല്ലാ വസ്തുക്കളുടെയും നിയന്ത്രണാധികാരി. (ഈ സംവിധാനം തീർച്ചയായും പുരുഷപിതൃബന്ധുത്വത്തേക്കാൾ പുരുഷമാതൃബന്ധുത്വത്തിന് അനുകൂലമാണ്). മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഖാസിസമുദായത്തിലെ മാതൃദായകസമ്പ്രദായത്തിൽ പുരുഷനാണ് അധികാരമെങ്കിലും അച്ഛന്റെ ബന്ധുക്കളെക്കാളേറെ അമ്മയുടെ ബന്ധുക്കൾക്കാണ് കൂടുതൽ പ്രാധാന്യം.

*(Source: Adapted from Tiplut Nongbri, 'Gender and the Khasi Family Structure' in Uberoi 1994.)*

ഇവിടെ, *ഖാസി* മാതൃദായകത്വം (ബോക്സ് 3.3) മാതൃദായകത്വവും പിതൃമേധാവിത്വവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നു. മാതൃമേധാവിത്വം ഉണ്ടാക്കിയ ഘടനാപരമായ സമ്മർദം ഖാസിസമൂഹത്തിലെ പുരുഷൻമാരിലും സ്ത്രീകളിലും ഇന്നും സ്വാധീനം ചെലുത്തുന്നു.



## ചോദ്യങ്ങൾ

1. ജാതിസമ്പ്രദായത്തിൽ വേർതിരിക്കൽ, അധികാരക്രമം എന്നീ ആശയങ്ങളുടെ പങ്ക് എന്താണ്?
2. ജാതിസമ്പ്രദായം നിർബന്ധമാകുന്ന ചില നിയമങ്ങൾ എഴുതുക.
3. ജാതിസമ്പ്രദായത്തിൽ കോളനിവാഴ്ച കൊണ്ടുവന്ന മാറ്റങ്ങൾ എന്തെല്ലാം?
4. 'ജാതി' പ്രബലജാതികൾക്ക് അദൃശ്യമാകുന്നത് ഏത് അർഥത്തിലാണ്?
5. ഇന്ത്യയിൽ ഗോത്രങ്ങളെ എങ്ങനെ വർഗീകരിച്ചിരിക്കുന്നു?
6. ഗോത്രങ്ങൾ മറ്റു സംസ്കാരങ്ങളിൽനിന്ന് മാറി 'ഒറ്റപ്പെട്ടു ജീവിക്കുന്ന പുരാതന സമുദായ'ങ്ങളാണ് – ഈ വാദത്തിനെതിരെയുള്ള തെളിവു നൽകുക.
7. സമകാലീന ഗോത്ര സ്വത്വവകാശവാദത്തിന് പിന്നിലുള്ള ഘടകങ്ങൾ എന്തെല്ലാം?
8. കുടുംബത്തിന്റെ വ്യത്യസ്ത രൂപങ്ങൾ ഏതെല്ലാം?
9. സമൂഹഘടനയിലുള്ള മാറ്റം കുടുംബഘടനയുടെ മാറ്റത്തിലേക്കു നയിച്ചത് ഏതൊക്കെ രീതിയിലാണ്?
10. മാതൃദായവും മാതൃമേധാവിത്വവും തമ്മിലുള്ള വ്യത്യാസങ്ങൾ വിശദമാക്കുക.



## REFERENCES


Deshpande, Satish. 2003. *Contemporary India: A Sociological View*. Penguin Books, New Delhi.

Gupta, Dipankar. 2000. *Interrogating Caste*. Penguin Books, New Delhi.

Sharma, K.L. ed. 1999. Social Inequality in India: *Profiles of Caste, Class and Social Mobility*. 2nd edition. Rawat Publications, Jaipur.

Sharma, Ursula. 1999. *Caste*. Open University Press, Buckingham & Philadelphia.

Beteille, Andre. 1991. 'The reproduction of inequality: Occupation, caste and family', in *Contributions to Indian Sociology*, N.S., Vol. 25, No.1, pp3 28.

Srinivas, M.N. 1994. *The Dominant Caste and Other Essays*. Oxford University Press, New Delhi.

Dumont, Louis. 1981. *Homo Hierarchicus: The Caste System and its Implications*. 2nd editon. University of Chicago Press, Chicago.

Ghurye, G.S. 1969. *Caste and Race in India*. 5th edition, Popular Prakashan, Mumbai.

John, Mary E., Jha, Pravin Kumar, and Jodhka, Surinder S. ed. 2006. *Contested Transformations: Changing Economies and Identities in Contemporary India*. Tulika, New Delhi.

Dirks, Nicholas. 2001. *Castes of Mind: Colonialism and the Making of Modern India*. Princeton University Press, Princeton.

Uberoi, Patricia. ed. 1994. *Family, Kinship and Marriage in India*. Oxford University Press, Delhi.

Xaxa, Virginius. 2003. 'Tribes in India' in Das, Veena. ed. *The Oxford India Companion to Sociology and Social Anthropology*. Oxford University Press, Delhi.




പാഠം 4

# വിപണി ഒരു സാമൂഹിക സ്ഥാപനമെന്ന നിലയിൽ

# THE MARKET AS A SOCIAL INSTITUTION

W6L6J7

വിപണി എന്നു കേൾക്കുമ്പോൾ നമ്മൾ മനസ്സിലാക്കുന്നത് സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന സ്ഥലം എന്നാണ്. 'ചന്ത' എന്ന ഈ പതിവുപ്രയോഗം നമുക്കറിയാവുന്ന ചില പ്രത്യേക തരം വ്യാപാരങ്ങളെ സൂചിപ്പിക്കുന്നു. അതായത് വഴിയരുകിലുള്ള വ്യാപാരം, പഴവ്യാപാരം, മൊത്തവ്യാപാരം എന്നിവ. ചിലപ്പോൾ ഈ പദം ആ വിപണിയുടെ പ്രത്യേക പ്രദേശത്തെ സൂചിപ്പിക്കുന്നില്ല. മറിച്ച്, അവിടെ എത്തുന്ന വിൽപ്പനക്കാരെയും ഉപഭോക്താക്കളെയും മാത്രം സൂചിപ്പിക്കുന്നു. ഉദാഹരണത്തിന്, പച്ചക്കറി ആഴ്ചച്ചന്തകൾ ആഴ്ചയിലെ പല ദിവസങ്ങളിലും പല സ്ഥലത്തായി കാണപ്പെടുന്നു. ചിലപ്പോഴവ അടുത്തുള്ള ഗ്രാമപ്രദേശങ്ങളിലോ നഗരപ്രദേശങ്ങളിലോ കാണാം. മറ്റൊരർഥത്തിൽ പറഞ്ഞാൽ വിപണി എന്നത് ചില പ്രത്യേക തരം വ്യാപാരത്തെയോ കച്ചവടത്തെയോ സൂചിപ്പിക്കുന്നു. അതായത് കാർവിപണി, വസ്ത്രവിപണി തുടങ്ങിയവ. ഒരു പ്രത്യേകതരം സാധനത്തിന്റെയോ സേവനത്തിന്റെയോ ആവശ്യകതയെയും വിപണി എന്ന പദം സൂചിപ്പിക്കുന്നു. ഉദാഹരണമായി കമ്പ്യൂട്ടർ വിദഗ്ധർക്കുള്ള വിപണി.

സന്ദർഭത്തിനനുസരിച്ച് മനസ്സിലാക്കാവുന്ന വിപണികളെയാണ് ഈ നിർവചനങ്ങളെല്ലാം പൊതുവേ സൂചിപ്പിക്കുന്നത്. പക്ഷേ, ഒരു പ്രത്യേക സ്ഥലത്തെയോ ഒരു കൂട്ടം ആളുകളെയോ കച്ചവടത്തെയോ സൂചിപ്പിക്കാതെ പൊതുവേ വിപണി എന്നതുകൊണ്ട് നാം അർഥമാക്കുന്നതെന്താണ്? മുകളിൽ പറഞ്ഞിരിക്കുന്ന പ്രത്യേക അർഥതലങ്ങൾ കൂടാതെ സാമ്പത്തികകാര്യങ്ങളും സ്ഥാപനങ്ങളും ഉൾപ്പെടുന്ന എല്ലാ ഗണത്തെയും ഈ പ്രയോഗം ഉൾക്കൊള്ളുന്നു.
വിപുലമായ അർഥത്തിൽ വിപണി എന്നത് സമ്പദ്‌വ്യവസ്ഥയ്ക്ക് തുല്യമായി വരുന്നു. വിപണിയെ ഒരു സാമ്പത്തികസ്ഥാപനമായി കണ്ടുശീലിച്ച നമുക്കത് ഒരു സാമൂഹികസ്ഥാപനം കൂടിയാണെന്ന് ഈ അധ്യായം വ്യക്തിമാക്കിത്തരുന്നു. മൂന്നാം അധ്യായത്തിൽ ചർച്ചചെയ്ത സാമൂഹികസ്ഥാപനങ്ങളായ ജാതി, വർഗം, കുടുംബം എന്നിവയുമായി വിപണിയെ അതിന്റേതായ രീതിയിൽ താരതമ്യപ്പെടുത്താവുന്നതാണ്.

## 4.1 വിപണിയും സമ്പദ്‌വ്യവസ്ഥയും: സാമൂഹികമായ പരിപ്രേക്ഷ്യം (Sociological Perspectives on Markets and the Economy)

ആധുനിക മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിൽ വിപണി എങ്ങനെ പ്രവർത്തിക്കുന്നു എന്നു മനസ്സിലാക്കാനും വിശദീകരിക്കാനുമാണ് സാമ്പത്തികശാസ്ത്രശാഖ ലക്ഷ്യമിടുന്നത്. ഉദാഹരണത്തിന്, വില എങ്ങനെ നിർണയിക്കപ്പെടുന്നു. പ്രത്യേക രീതിയിലുള്ള നിക്ഷേപങ്ങൾക്ക് മേലുണ്ടാകാവുന്ന സ്വാധീനം അല്ലെങ്കിൽ സമ്പാദിക്കാനും ചെലവു ചെയ്യാനും ആളുകളെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തെല്ലാം? തുടങ്ങിയ കാര്യങ്ങൾ. അപ്പോൾ സാമ്പത്തികശാസ്ത്രത്തിന് പറയാവുന്നതിനപ്പുറം വിപണിയെക്കുറിച്ചുള്ള പഠനത്തിലേക്ക് സമൂഹശാസ്ത്രത്തിന് എന്താണ് സംഭാവന ചെയ്യാനുണ്ടാവുക?

ഈ ചോദ്യത്തിന് ഉത്തരം കിട്ടാനായി നമുക്ക് പതിനെട്ടാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിലേക്ക്, അന്ന് രാഷ്ട്രീയസമ്പദ്‌വ്യവസ്ഥ എന്നറിയപ്പെട്ട ആധുനിക സാമ്പത്തികശാസ്ത്രത്തിന്റെ ആരംഭത്തിലേക്ക് പോകേണ്ടിയിരിക്കുന്നു. പ്രശസ്തനായ ആദ്യകാല രാഷ്ട്രീയ-സാമ്പത്തിക ശാസ്ത്രജ്ഞൻ ആഡം സ്മിത്ത് തന്റെ പുസ്തകമായ 'വെൽത്ത് ഓഫ് നേഷൻസിൽ' അന്ന് ദൃശ്യമായിരുന്ന വിപണിസമ്പദ്‌വ്യവസ്ഥയെ മനസ്സിലാക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. വിപണി സമ്പദ്‌വ്യവസ്ഥ സ്വയമേവ ചിട്ടയായ ഒരു വ്യവസ്ഥ സൃഷ്ടിക്കുന്ന വ്യക്തിപരമായ കൈമാറ്റങ്ങളുടെയും ഇടപാടുകളുടെയും തുടർച്ചയാണെന്ന് ആഡം സ്മിത്ത് വാദിക്കുന്നു. ലക്ഷക്കണക്കിന് ഇടപാടുകളിൽ ഉൾപ്പെട്ടിട്ടുള്ള ആരും തന്നെ മനപ്പൂർവം ഒരു വ്യവസ്ഥ സൃഷ്ടിച്ചെടുത്തിട്ടല്ല ഇത് സംഭവിക്കുന്നത്. ഓരോരുത്തരും അവനവന്റെ താൽപ്പര്യം സംരക്ഷിക്കുന്നു. പക്ഷേ, സ്വതാൽപ്പര്യസംരക്ഷണത്തിനു ശ്രമിക്കുമ്പോൾ സമൂഹത്തിന്റെ താൽപ്പര്യംകൂടി സംരക്ഷിക്ക



SYS 16/MAHADEVAN/ PLUS 2 SOCIOLOGY TB ML NEW/INDIAN SOCIETY/CHAPTER 4

പ്പെടുന്നുണ്ട്. ഈ അർഥത്തിൽ നോക്കുമ്പോൾ വ്യക്തികൾക്ക് ഗുണപരമായ കാര്യങ്ങൾ സമൂഹത്തിനു കൂടി ഗുണകരമാവുന്ന വിധത്തിൽ മാറ്റുന്ന പരോക്ഷമായ ഒരു ശക്തി പ്രവർത്തിക്കുന്നു എന്നു വരുന്നു. ഈ പരോക്ഷശക്തിയെ 'അദൃശ്യകരം' (Invisible hand) എന്നാണ് ആഡം സ്മിത്ത് വിളിക്കുന്നത്. ഇപ്രകാരം മുതലാളിത്തസമ്പദ്‌വ്യവസ്ഥയെ നയിക്കുന്നത് വ്യക്തിപരമായ താൽപ്പര്യങ്ങളാണെന്നും അത് നന്നായി പ്രവർത്തിക്കുന്നത് വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന വ്യക്തികൾ വിവേകപൂർണമായ തീരുമാനങ്ങൾ കൈക്കൊള്ളുമ്പോഴാണെന്നും സ്മിത്ത് വാദിക്കുന്നു. വ്യക്തികൾ അവരുടെ താൽപ്പര്യം സംരക്ഷിക്കുമ്പോൾ സമൂഹവും അഭിവൃദ്ധിപ്പെടുന്നതു എന്ന് സമർഥിക്കാനാണ് 'അദൃശ്യകരം' എന്ന തന്റെ ആശയം സ്മിത്ത് ഉപയോഗിച്ചിരിക്കുന്നത്. കാരണം, ഇത് സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുകയും കൂടുതൽ ധനം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ഇക്കാരണത്താൽ, 'സ്വതന്ത്രവിപണി' എന്ന ആശയത്തെ, അതായത് സംസ്ഥാനത്തിന്റേയോ മറ്റേതെങ്കിലും അധികാരകേന്ദ്രത്തിന്റേയോ ചട്ടങ്ങളിൽനിന്നു സ്വതന്ത്രമായ വിപണിയെ സ്മിത്ത് പിന്തുണയ്ക്കുന്നു. ഈ സാമ്പത്തികതത്ത്വശാസ്ത്രത്തിന് 'ലൈസെസ് ഫെയർ' (Laissz faire) എന്ന പേരു നൽകപ്പെട്ടു. ഈ ഫ്രഞ്ച് പദത്തിനർഥം 'സ്വതന്ത്രമായി വിടുക' അല്ലെങ്കിൽ 'തടയാതിരിക്കുക' എന്നെല്ലാമാണ്.

ആധുനിക സാമ്പത്തികശാസ്ത്രം വികസിച്ചിരിക്കുന്നത് ആഡം സ്മിത്തിനെ പോലുള്ള ആദ്യകാലചിന്തകരിൽനിന്നാണ്. സമൂഹത്തിൽ നിന്നു വേറിട്ട്, സാധാരണ വിപണി പ്രവർത്തിക്കുന്ന സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലം മാറ്റിനിർത്തി സ്വന്തമായ നിയമങ്ങളനുസരിച്ച് മുന്നോട്ടു പോവുന്ന സമ്പദ്‌വ്യവസ്ഥ പഠനവിധേയമാക്കണമെന്ന ആശയമാണ് ആധുനികസമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനം. ഇതിനു വിപരീതമായി, വിപുലമായ സാമൂഹികചട്ടക്കൂടിനുള്ളിൽനിന്നുകൊണ്ട് സാമ്പത്തികസ്ഥാപനങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയുംകുറിച്ച് പഠിക്കാനായി മറ്റൊരു മാർഗം വികസിപ്പിക്കാനാണ് (സാമൂഹികശാസ്ത്രജ്ഞർ) ശ്രമിച്ചത്.

## ആഡം സ്മിത്ത് (1723-90)




സമകാലിക സാമ്പത്തികചിന്തയുടെ ഉറവിടമായിട്ടാണ് ആഡം സ്മിത്ത് അറിയപ്പെടുന്നത്. സ്മിത്തിന്റെ ഖ്യാതി നിലനിൽക്കുന്നത് 'വെൽത്ത് ഓഫ് നേഷൻസ്' എന്ന അദ്ദേഹത്തിന്റെ അഞ്ച് -പുസ്തകപരമ്പരയിലാണ്. ഒരു സ്വതന്ത്രവിപണിയിൽ വിവേകപൂർണമായ താൽപ്പര്യങ്ങൾ എങ്ങനെ സാമ്പത്തിക ഉന്നമനത്തിലേക്കു നയിക്കുന്നു എന്ന് ഈ പുസ്തകത്തിൽ വിവരിക്കുന്നു.

സവിശേഷ സാംസ്കാരികതയിൽ നിർമിക്കപ്പെട്ടിട്ടുള്ള സാമൂഹികസ്ഥാപനങ്ങളായാണ് വിപണിയെ സമൂഹശാസ്ത്രജ്ഞർ കാണുന്നത്. ഉദാഹരണമായി, വിപണിയെ നിയന്ത്രിക്കുന്നത് മറ്റു സ്ഥാപനങ്ങളുമായും സാമൂഹികഘടനകളുമായും പ്രക്രിയകളുമായി ബന്ധപ്പെട്ടിരിക്കുന്ന പ്രത്യേക സാമൂഹികഗണങ്ങളാണ്. സമൂഹശാസ്ത്രജ്ഞർ ഈ ആശയത്തെ ആവിഷ്കരിക്കുന്നത് സമ്പദ്ഘടന സാമൂഹികമായി ഉറപ്പിക്കപ്പെട്ടതാണെന്ന് പറഞ്ഞുകൊണ്ടാണ്. ഇത് രണ്ട് ഉദാഹരണങ്ങൾ സഹിതം വിശദീകരിച്ചിരിക്കുന്നു. ഒന്നാമതായി, ഗോത്രമേഖലയിലെ ആഴ്ചച്ചന്തയും മറ്റൊന്ന് അവയുടെ പരമ്പരാഗത വ്യാപാരവിഭാഗങ്ങളും അവയുടെ കൊളോണിയൽ ഇന്ത്യയിലെ വ്യാപാരശൃംഖലയുമാണ്.

## ദൊരൈഗ്രാമത്തിലെ ആഴ്ച ഗോത്രവിപണി, ബസ്തർ, ഛത്തീസ്ഗഢ് (A weekly 'Tribal Market' in Dhorai Village, Bastar, Chattisgarh)

ലോകത്തിലെ കാർഷികസമൂഹത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വ്യവസ്ഥയുടെ മുഖ്യലക്ഷണമാണ് ക്രമമായ വിപണി. ആനുകാലികവിപണി തങ്ങളുടെ കാർഷിക ഉൽപ്പന്നങ്ങൾ വിൽക്കാനും സ്വന്തം ഗ്രാമങ്ങളിൽ ലഭിക്കാത്ത ഉൽപ്പന്നങ്ങൾ വാങ്ങാനുമെത്തുന്ന അടുത്തടുത്ത ഗ്രാമങ്ങളിലെ ആളുകളെ ആഴ്ച്ചച്ചന്തകൾ ഒന്നിച്ചുചേർക്കുന്നു. അവർ പ്രാദേശിക കച്ചവടക്കാരെയും പണം കടം കൊടുക്കുന്നവരെയും ആളുകളെ രസിപ്പിക്കുന്നവരെയും ജ്യോതിഷികളെയും മറ്റു സാധനങ്ങളും സേവനങ്ങളും നൽകുന്നവരെയും ആകർഷിക്കുന്നു.



ഗോത്രമേഖലയിലെ ആഴ്ചച്ചന്ത

ഗ്രാമീണ ഇന്ത്യയിൽ കൃത്യമായ ഇടവേളകളിൽ പ്രത്യേകതരം വിപണികളും ഉണ്ടാവാറുണ്ട്. ഉദാ: കാലിച്ചന്തകൾ. ഈ ആനുകാലിക വിപണികൾ പ്രാദേശിക സമ്പദ്‌വ്യവസ്ഥകളെ തമ്മിൽ ബന്ധിപ്പിക്കുന്നു. പിന്നീടവയെ കൂടുതൽ ബൃഹത്തായ ദേശീയസമ്പദ്‌വ്യവസ്ഥയുമായും നഗരങ്ങളുമായും പ്രധാന കേന്ദ്രങ്ങളുമായും ബന്ധിപ്പിക്കുന്നു.

വാരാന്ത 'ഹാറ്റു'കൾ ഇന്ത്യയിലെ ഗ്രാമ-നഗര പ്രദേശങ്ങളിലെ സ്ഥിരം കാഴ്ചയാണ്. വിപുലമായ കുടിയേറ്റം നടന്നിട്ടുള്ള, ഗതാഗത-വാർത്താവിനിമയ സംവിധാനങ്ങളുടെ അഭാവമുള്ള, സമ്പദ്‌വ്യവസ്ഥ വികസിച്ചിട്ടില്ലാത്ത വന-മലപ്രദേശങ്ങളിൽ (പ്രത്യേകിച്ച് ആദിവാസികൾ താമസിക്കുന്ന) വാരാന്തവിപണികൾ സാധനങ്ങളുടെ ക്രയവിക്രയത്തിന്റെയും സാമൂഹികവ്യവഹാരങ്ങളുടെയും മുഖ്യസ്ഥാപനങ്ങളാണ്. തദ്ദേശവാസികൾ തങ്ങളുടെ കാർഷിക-വനവിഭവങ്ങളുടെ വിൽപ്പനയ്ക്കായി വ്യാപാരികളെ സമീപിക്കുകയും അവിടെനിന്ന് അവർ അവശ്യവസ്തുക്കളായ ഉപ്പ്, കാർഷിക ഉപകരണങ്ങൾ, ഉപഭോഗവസ്തുക്കളായ വളകൾ, ആഭരണങ്ങൾ എന്നിവ വാങ്ങുന്നു. പക്ഷേ, ഇത്തരം ചന്തകളിലേക്കുള്ള പലരുടെയും വരവിന്റെ പ്രധാനലക്ഷ്യങ്ങൾ ബന്ധുക്കളെ കാണുക, കല്യാണങ്ങൾ ശരിയാക്കുക, പരദൂഷണം പറയുക എന്നിങ്ങനെയുള്ള സാമൂഹിക ഇടപെടലുകളാണ്.

ആദിവാസിമേഖലയിലെ ആഴ്ചച്ചന്തകൾ വളരെ പഴയ ഒരു സ്ഥാപനമാണെങ്കിലും അവയുടെ സ്വഭാവം കാലത്തിനനുസരിച്ച് മാറിവരുന്നുണ്ട്. ഉൾനാടൻ പ്രദേശങ്ങളെല്ലാം കൊളോണിയൻ ഭരണത്തിനു കീഴിൽ കൊണ്ടുവന്നതോടെ അവ ബൃഹത്തായ പ്രാദേശിക-ദേശീയ വിപണിയുടെ ഭാഗമായി മാറി. തദ്ദേശീയരായ ആളുകളെ സമാധാനിപ്പിച്ചുകൊണ്ടും 'ആദിവാസി ലഹളകൾ' എന്ന പേരിൽ പലരും റോഡുകൾ നിർമ്മിച്ചുകൊണ്ടും ആദിവാസിമേഖലകൾ തുറന്നിട്ടു. അതിലൂടെ വന-ധാതുസമ്പത്തും ചൂഷണം ചെയ്യപ്പെട്ടു. ഇത് സമതലപ്രദേശത്തുനിന്ന് ഇത്തരം മേഖലകളിലേക്ക് വ്യാപാരികളുടെയും പണമിടപാടുകാരുടെയും ആദിവാസി ഇതര സമൂഹത്തിന്റെയും കടന്നുകയറ്റത്തിനു കാരണമായി. വനവിഭവങ്ങൾ പുറംനാട്ടുകാർക്ക് വിൽപ്പന നടത്താൻ തുടങ്ങിയതോടെ തദ്ദേശീയ ആദിവാസി സമ്പദ്‌വ്യവസ്ഥ വലിയ പരിണാമത്തിന് വിധേയമായി. അതോടെ പണവും പുതിയ തരത്തിലുള്ള കച്ചവടവസ്തുക്കളും ഈ വ്യവസ്ഥയിലേക്കു കടന്നുവന്നു. കോളനിഭരണത്തിനുകീഴിലുള്ള ഖനികളിലും തോട്ടങ്ങളിലും പണിയെടുക്കാൻ ആദിവാസികളെ നിയമിക്കാൻ തുടങ്ങി. കൊളോണിയൽ കാലഘട്ടത്തിൽ ഗോത്രപരമായ തൊഴിലുകൾക്കായി ഒരു 'വിപണി' തന്നെ രൂപപ്പെട്ടു. ഇക്കാരണങ്ങളാൽ പ്രാദേശിക ഗോത്രസമ്പദ്‌വ്യവസ്ഥ ബൃഹത്തായ വിപണികളുമായി കൂട്ടിയിണക്കപ്പെട്ടു. സ്വാഭാവികമായും തദ്ദേശിയർക്ക് മോശമായ അനന്തരഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടുതന്നെ. ഉദാഹരണമായി, വ്യാപാരികളുടെയും പലിശക്കാരുടെയും കടന്നുകയറ്റം ആദിവാസികളുടെ ഭൂമി നഷ്ടമാവാനും തന്മൂലം അവരുടെ ദാരിദ്ര്യവൽക്കരണത്തിനും വഴിവച്ചു.

ബസ്തർ ജില്ലയിലെ വാരാന്തവിപണികളെക്കുറിച്ചുള്ള ഒരു പഠനം, വിപണിയെ ഒരു സാമൂഹികസ്ഥാപനമായും പ്രാദേശിക ഗോത്രസമ്പദ്‌വ്യവസ്ഥയെയും പുറംനാടിനെയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായും ആദിവാസികളെയും മറ്റുള്ളവരെയും ബന്ധിപ്പിക്കുന്ന ഒരു ചൂഷക സാമ്പത്തികവ്യവസ്ഥയായും വ്യാഖ്യാനിക്കുന്നു. ഈ ജില്ലയിൽ കൂടുതലായും ഗോണ്ടുകൾ (Gond) എന്ന ആദിവാസിവിഭാഗമാണ് അധിവസിക്കുന്നത്. വാരാന്തവിപണിയിൽ നിങ്ങൾക്ക് ആദിവാസികളും അല്ലാത്തവരുമായ തദ്ദേശീയരെയും (കൂടുതലായും ഹിന്ദുക്കൾ) പുറംനാട്ടുകാരെയും പ്രധാനമായും വ്യത്യസ്ത ജാതിയിൽപ്പെട്ട ഹിന്ദുവ്യാപാരികളെയും കാണാനാവും. വനം വകുപ്പിന് വേണ്ടി ജോലിചെയ്യുന്ന ആദിവാസികളുമായി കച്ചവടം ചെയ്യാൻ വനം വകുപ്പുദ്യോഗസ്ഥരും എത്താറുണ്ട്. വിവിധ സാധനങ്ങൾ ഈ വിപണികളെ ആകർഷമാക്കുന്നു. ഈ വിപണിയിൽ കൈമാറ്റം ചെയ്യപ്പെടുന്ന പ്രധാനപ്പെട്ട സാധനങ്ങൾ നിർമിതവസ്തുക്കൾ (ആഭര

ണങ്ങൾ, ക്ഷുദ്രാഭരണങ്ങൾ, പാത്രങ്ങൾ, കത്തികൾ എന്നിവ), തദ്ദേശീയമല്ലാത്ത ഭക്ഷ്യവസ്തുക്കൾ (ഉപ്പ്, മഞ്ഞൾ തുടങ്ങിയവ), തദ്ദേശീയ ഭക്ഷണം, കാർഷിക ഉൽപ്പന്നങ്ങൾ, നിർമ്മിത വസ്തുക്കൾ (മുളകൊണ്ടുള്ള കുട്ട, വന ഉൽപ്പന്നങ്ങൾ, പുളി, എണ്ണക്കുരുക്കൾ എന്നിവ) തുടങ്ങിയവയാണ്. ആദിവാസികൾ കൊണ്ടുവരുന്ന വനവിഭവങ്ങൾ വ്യാപാരികൾ വാങ്ങി നഗരങ്ങളിൽ എത്തിക്കുന്നു. വിപണിയിൽ ആദിവാസികൾ കൂടുതലും ഉൽപ്പന്നങ്ങൾ വാങ്ങുന്നവരും ഹിന്ദുക്കൾ വിൽപ്പനക്കാരുമാണ്. ആദിവാസികൾ വന-കാർഷിക ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെയും കൂലിപ്പണിയിലൂടെയുമാണ് പണം സമ്പാദിക്കുന്നത്. ഈ പണം വിലകുറഞ്ഞ ആഭരണങ്ങളും ക്ഷുദ്രാഭരണങ്ങളും വസ്ത്രങ്ങളും വാങ്ങാനായി വിപണിയിൽ ചെലവഴിക്കുന്നു.

ആൽഫ്രഡ് ഗെൽ (1982) എന്ന നരവംശശാസ്ത്രജ്ഞൻ 'ദൊരൈ'യിൽ നടത്തിയ പഠന പ്രകാരം വിപണിക്ക് അതിന്റെ സാമ്പത്തികധർമ്മത്തിനപ്പുറം പ്രാധാന്യമുണ്ട് എന്നു കണ്ടെത്തി. ഉദാഹരണത്തിന്, വിപണിയുടെ രൂപരേഖ ആ സ്ഥലത്തെ അധികാരക്രമത്തിനിടയിലെ സാമൂഹികബന്ധങ്ങളെ പ്രതീകവൽക്കരിക്കുന്നു. വ്യത്യസ്ത സാമൂഹികവിഭാഗങ്ങൾ ജാതിയിലും സാമൂഹികക്രമത്തിലുമുള്ള അവരുടെ സ്ഥാനമനുസരിച്ച് കേന്ദ്രീകരിക്കുന്നപോലെ വിപണിവ്യവസ്ഥയിലും സംഭവിക്കുന്നു. സമ്പന്നരായ ഉയർന്ന പദവിയിലുള്ള രജ്പുത് രത്നവ്യാപാരികളും ഇടത്തരം പദവിയിലുള്ള ഹിന്ദുവ്യാപാരികളും വിപണിയുടെ കേന്ദ്രസ്ഥാനത്തിരിക്കുകയും പച്ചക്കറിയും പ്രാദേശികചരക്കുകളും (കച്ചവടസാധനങ്ങൾ) വിൽക്കുന്ന ആദിവാസികൾ പുറംഭാഗത്തെ പ്രദേശങ്ങളിലിരിക്കുകയും ചെയ്യുന്നു. സാമൂഹികബന്ധങ്ങളുടെ ഗുണനിലവാരം വിൽപ്പ

**Box 4.1**

### ബസ്തറിലെ ഒരു ആദിവാസി ഗ്രാമവിപണി

ഛത്തീസ്ഗഡിലെ വടക്കേ ബസ്തർ ജില്ലയിലെ ഒരു ഉൾനാടൻ ഗ്രാമവിപണിയാണ് ദൊരൈ. വിപണി പ്രവർത്തിക്കാത്ത ദിവസങ്ങളിൽ ദൊരൈ ഒരു മയക്കം ബാധിച്ച, മരത്തണലിലെ കുഗ്രാമമാണ്. കെട്ടുപിണഞ്ഞുകിടക്കുന്ന റോഡ് കാട്ടിലൂടെ മുന്നോട്ടു പോകുന്നു. ദൊരൈയിലെ സാമൂഹികജീവിതം പുരാതനമായ രണ്ടു ചായക്കടകൾക്കു ചുറ്റും കറങ്ങുന്നു. അത്തരം നിസ്സാരമായ ഒരു സ്ഥലത്ത് വന്നെത്തിപ്പെട്ട ഹതഭാഗ്യരായ സംസ്ഥാന വനംവകുപ്പിലെ താണ പദവിയിലുള്ള ചില തൊഴിലാളികളാണ് അവിടത്തെ ഇടപാടുകാർ. വിപണി പ്രവർത്തിക്കാത്ത ദിവസങ്ങളിൽ- വെള്ളിയാഴ്ച ഒഴികെ മറ്റെല്ലാ ദിവസവും - ദൊരൈ അവിടെ നിലനിൽക്കുന്നു എന്നുപോലും തിരിച്ചറിയില്ല. പക്ഷേ, വിപണിദിവസങ്ങളിൽ അത് തീർത്തും വ്യത്യസ്തമായ ഒരു സ്ഥലമായിരിക്കും. നിർത്തിയിട്ട ട്രക്കുകൾകൊണ്ട് റോഡ് നിറഞ്ഞിരിക്കും. താഴ്ന്ന പദവിയിലിരിക്കുന്ന വനപാലകർ വടിവൊത്ത പുതിയ യൂണിഫോം ധരിച്ചുകൊണ്ട് ഓടിനടക്കുന്നതു കാണാം. അതേസമയം വനംവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ തങ്ങളുടെ വിശ്രമമന്ദിരത്തിന്റെ വരാന്തയിലിരുന്ന് എല്ലാ പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നു. അവർ ആദിവാസി തൊഴിലാളികൾക്ക് കൂലിയും വിതരണം ചെയ്യുന്നു.

ഉദ്യോഗസ്ഥർ അതിഥിമന്ദിരത്തിൽ കോടതി നടത്തുമ്പോൾ എല്ലാ ദിശകളിൽനിന്നും ആദിവാസികളുടെ നിര പ്രവഹിക്കാൻ തുടങ്ങും. അതിൽ അവരുടെ വനവിഭവങ്ങളും കൃഷിയിടങ്ങളിലെ ഉൽപ്പന്നങ്ങളും പിന്നെ അവരുടെ സ്വന്തം ഉൽപ്പന്നങ്ങളും നിറഞ്ഞിരിക്കും. അവരുടെ കൂടെ ഹിന്ദുക്കളായ പച്ചക്കറിക്കാരും നെയ്ത്തുകാരും കൊല്ലൻമാരും ചേർന്നു. സമ്പന്നവും സംഭ്രമജനകവുമായ ഒരു പൊതുധാരണ ഒരു മതാനുഷ്ഠാനവും ഒരു വിപണിയും അതിന്റെ നടപടിക്രമത്തിലാണ് എന്നാണ്. മുഴുവൻ ലോകവും ഒരു വിപണിയാണെന്നു വരുന്നു. വിപണിസ്ഥലം, 100 യാർഡിലുള്ള ഒരു സമചതുരപ്രദേശമാണ്. അതിന്റെ ഒത്ത നടുവിൽ പ്രൗഢമായ ഒരു ആൽമരമുണ്ട്. മേഞ്ഞുകെട്ടിയ ചന്തപ്പുരകൾ വൃത്താകൃതിയിൽ ക്രമീകരിച്ചിരിക്കുന്നു. അവ നേർത്ത തെരുവീഥികളാൽ വിഭജിക്കപ്പെട്ടിരിക്കുന്നു. അതിനൊപ്പം ഉപഭോക്താക്കൾ യുക്തിവൈഭവത്തോടെ അവർക്ക് ചെയ്യാവുന്ന ഏറ്റവും നല്ല പ്രവർത്തനം നടത്തുന്നു. അധികം അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത വ്യാപാരികളിൽനിന്ന് സാധനങ്ങൾ വാങ്ങാതിരിക്കാൻ അവർ ശ്രദ്ധിക്കുന്നു. അങ്ങനെയുള്ള വ്യാപാരികൾ തങ്ങളുടെ കച്ചവടക്കോപ്പുകൾ പ്രദർശിപ്പിക്കുന്നത്, സ്ഥിരമായ ചന്തപ്പുരകളുടെ മുക്കിലും മൂലയിലുമായി ഇരുന്നുകൊണ്ടാണ്.

*Source: Gell 1982:470-71.*

## Box 4.1 ന്റെ പ്രവർത്തനം

ബോക്സിനുള്ളിലെ ഭാഗം വായിച്ച് താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കാണുക.

1. ആദിവാസികൾക്കും ഭരണകൂടത്തിനുമിടയിലെ (വനംവകുപ്പ് ഉദ്യോഗസ്ഥർ പ്രതിനിധാനം ചെയ്യുന്ന ഭരണകൂടം) ബന്ധം എന്താണെന്നാണ് ഈ ഖണ്ഡിക നിങ്ങളോട് പറയുന്നത്? ആദിവാസിപ്രവിശ്യകളിൽ വനപാലകൻ പ്രധാനിയാവുന്നത് എന്തുകൊണ്ട്? എന്തുകൊണ്ടാണ് അവർ ആദിവാസിത്തൊഴിലാളികൾക്ക് കൂലി നൽകുന്നത്?
2. വിപണിയുടെ രൂപരേഖ അതിന്റെ സംഘാടനത്തെയും പ്രവർത്തനത്തെയും കുറിച്ച് നിങ്ങളോട് എന്താണ് പറയുന്നത്?ഏതു തരത്തിലുള്ള ആളുകൾക്കാണ് സ്ഥിരമായ ചന്തപ്പുരകൾ ഉള്ളത്? ആരൊക്കെയാണ് അംഗീകൃതവ്യാപാരികളുടെ ഗണത്തിൽപ്പെടാതെ നിലത്തിരുന്ന് കച്ചവടം ചെയ്യുന്നത്?
3. ആരൊക്കെയാണ് വിപണിയിലെ പ്രധാന ഉപഭോക്താക്കൾ? ആരൊക്കെയാണ് വിൽപ്പനക്കാർ? ഏതൊക്കെ തരത്തിലുള്ള സാധനങ്ങളാണ് വിപണിയിലൂടെ പ്രവഹിക്കുന്നത്? ഇത് പ്രാദേശിക സമ്പദ്‌വ്യവസ്ഥയുടെ സ്വഭാവത്തെക്കുറിച്ച് ആദിവാസികളുടെയും ബൃഹത്സമൂഹത്തിന്റെയും ബന്ധത്തെയും സമ്പദ്‌വ്യവസ്ഥയെയുംകുറിച്ച് എന്താണ് പറയുന്നത്?

നയ്ക്ക് കൊണ്ടുവരുന്ന സാധനങ്ങളിലും ഇടപാടുകൾ നടത്തുന്ന രീതിയിലും കാണാനാവും. ഉദാഹരണമായി, ആദിവാസിവ്യാപാരികളും ആദിവാസികളല്ലാത്ത വ്യാപാരികളും സംവദിക്കുന്ന രീതിയും അതേ സമുദായത്തിൽപ്പെട്ട ഹിന്ദുക്കളുമായുള്ളതിൽ നിന്നു വല്ലാതെ വ്യത്യാസപ്പെട്ടിരിക്കുന്നു. സാമൂഹിക ഐക്യത്തെക്കാൾ അധികാരക്രമവും സാമൂഹിക അന്തരങ്ങളുമാണ് അവിടെ പ്രകടമാവുന്നത്.

### ജാത്യാധിഷ്ഠിതവിപണിയും വ്യാപാരശൃംഖലയും ഇന്ത്യയിൽ - അധിനിവേശത്തിനു മുമ്പും പിമ്പും (Caste-based Markets and Trading Networks in Pre-colonial and Colonial India)

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ചരിത്രത്തെക്കുറിച്ചുള്ള ചില പരമ്പരാഗത വിവരണങ്ങളിൽ, ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയും സമൂഹവും മാറ്റമില്ലാതെ തുടരുകയാണ്. അധിനിവേശത്തിന്റെ തുടക്കത്തോടെയാണ് സാമ്പത്തികപരിവർത്തനം ആരംഭിക്കുന്നത് എന്നു കരുതപ്പെടുന്നു. താരതമ്യേന സ്വയംപര്യാപ്തമായ പുരാതന ഗ്രാമീണസമൂഹങ്ങളെയാണ് ഇന്ത്യ ഉൾക്കൊണ്ടിരുന്നതെന്ന് അനുമാനിക്കപ്പെടുന്നു. അവയുടെ സമ്പദ്ഘടന നിർമിക്കപ്പെട്ടത് വിപണിയിതര വിനിമയത്തെ അടിസ്ഥാനമാക്കിയാണ്. അധിനിവേശകാലത്തും ആദ്യകാല സ്വാതന്ത്ര്യാനന്തരകാലത്തും പ്രാദേശിക കാർഷികസമ്പദ്ഘടനയുടെ മേൽ കച്ചവടസമ്പദ്ഘടനയുടെ കടന്നുകയറ്റവും വിനിമയത്തിന്റെ ബൃഹത്തായ ശൃംഖലയിലേക്കുള്ള അവയുടെ സംയോജനവും നടന്നു. ഇത് ഗ്രാമീണ-നഗര സമൂഹത്തിൽ വിപ്ലവകരമായ സാമൂഹിക-സാമ്പത്തിക മാറ്റം വരുത്തിയതായി കരുതപ്പെടുന്നു. അധിനിവേശം വലിയ സാമ്പത്തികപരിവർത്തനങ്ങൾ കൊണ്ടുവന്നെങ്കിലും, ഉദാഹരണമായി, ഭൂനികുതി പണമായി അടയ്ക്കണമെന്നുള്ള നിർബന്ധം കാരണം അധിനിവേശത്തിനു മുമ്പേതന്നെ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ പണത്തെ അടിസ്ഥാനമാക്കി (പണം ഉപയോഗിച്ചുള്ള വ്യാപാരം) പ്രവർത്തിക്കുന്നതായി മാറിയെന്ന് ഈ അടുത്ത കാലത്തു നടന്ന ചരിത്രപഠനങ്ങൾ കാണിക്കുന്നു. പലതരത്തിലുള്ള വിപണിയിതര വിനിമയവ്യവസ്ഥകൾ നിലനിൽക്കുന്നതിനാൽ (ജജ്മാനി (Jajmani) വ്യവസ്ഥപോലുള്ളവ), മുൻകാല അധിനിവേശ കാലഘട്ടത്തിൽ ഗ്രാമങ്ങൾ വിശാല വിനിമയശൃംഖലകളുമായി സംയോജിക്കപ്പെടുകയും അതിലൂടെ കാർഷിക ഉൽപ്പന്നങ്ങളും മറ്റു വസ്തുക്കളും വിതരണം ചെയ്യപ്പെടുകയുമുണ്ടായി. (ബെയ്‌ലി 1983, സ്റ്റെയിൻ, സുബ്രഹ്മണ്യം 1996). പരമ്പരാഗതവും ആധുനികവുമായ (മുതലാളിത്തവും അതിനുമുമ്പുള്ളതും) സമ്പദ്‌വ്യവസ്ഥകൾക്കിടയിലൂടെ നമ്മൾ വരയ്ക്കുന്ന വര ശരിക്കും പറഞ്ഞാൽ അവ്യക്തമാണ്. ഈ അടുത്ത കാലത്തുനടന്ന ചരിത്രപഠനങ്ങൾ അധിനിവേശത്തിനു

മുമ്പത്തെ ഇന്ത്യയിൽ നിലനിന്നിരുന്ന സമഗ്രവും പരിഷ്കൃതവുമായ വ്യാപാരശൃംഖലയെയും പ്രാധാന്യത്തോടെ എടുത്തുകാട്ടുന്നുണ്ട്. നൂറ്റാണ്ടുകളായി ഇന്ത്യ കൈത്തറി തുണിത്തരങ്ങളുടെ (സാധാരണ പരുത്തിത്തുണികളും വിലയേറിയ പട്ടുകളും) ഒരു പ്രധാന ഉൽപ്പാദകരും കയറ്റുമതിക്കാരുമാണെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. അന്താരാഷ്ട്രവിപണിയിൽ പ്രത്യേകിച്ച് യൂറോപ്പിൽ വൻതോതിൽ ആവശ്യക്കാരുള്ള പല ഉൽപ്പന്നങ്ങളുടെയും (സുഗന്ധവ്യഞ്ജനങ്ങൾ പോലുള്ളവ) ഉറവിടം കൂടിയാണ് ഇന്ത്യ. അതിനാൽത്തന്നെ മുൻകാല അധിനിവേശ ഇന്ത്യയിൽ കൃത്യമായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഉൽപ്പാദനകേന്ദ്രങ്ങളും പരമ്പരാഗത കച്ചവടക്കാരും വ്യാപാരശൃംഖലകളും പണവ്യാപാരവ്യവസ്ഥകളും നിലനിന്നിരുന്നു എന്നത് ഒട്ടും ആശ്ചര്യകരമല്ല. ഇവയെല്ലാം തന്നെ ഇന്ത്യക്കകത്തും  ലോകത്തിന്റെ മറ്റുഭാഗങ്ങളും തമ്മിൽ വ്യാപാരം നടക്കാൻ ഇന്ത്യയെ പ്രാപ്തമാക്കി. ഈ പരമ്പരാഗത വ്യാപാരസമൂഹങ്ങൾക്ക് അല്ലെങ്കിൽ ജാതികൾക്ക് അവരുടേതായ പണവ്യാപാര-നിക്ഷേപവ്യവസ്ഥകളുണ്ടായിരുന്നു. ഉദാഹരണത്തിന്, ഒരു പ്രധാന നിക്ഷേപ കൈമാറ്റരേഖയായിരുന്നു 'ഹുണ്ടി' അല്ലെങ്കിൽ കൈമാറ്റപത്രിക/വിനിമയച്ചീട്ട് (നിക്ഷേപ രസീത് പോലെ ഒന്ന്). ഇത് കച്ചവടക്കാരെ വിദൂരവ്യാപാരത്തിൽ ഏർപ്പെടാൻ സഹായിച്ചു. കാരണം, വ്യാപാരം പ്രാഥമികമായി നടന്നത് ഈ സമുദായങ്ങളിലെ ഒരു ജാതിക്കുള്ളിലോ ബന്ധുക്കൾക്കിടയിലോ ആയിരുന്നു. അതിനാൽ രാജ്യത്തിന്റെ ഒരു ഭാഗത്തുള്ള കച്ചവടക്കാരന് 'ഹുണ്ടി' പ്രസിദ്ധീകരിക്കാനും മറുഭാഗത്തുള്ള ആൾക്ക് അത് അംഗീകരിക്കാനും കഴിഞ്ഞിരുന്നു.

തമിഴ്നാട്ടിലെ നാട്ടുകോട്ടൈ ചെട്ട്യാർമാർ (അല്ലെങ്കിൽ നകരത്താറുകൾ) എങ്ങനെ ഈ പരമ്പരാഗത വ്യാപാരശൃംഖല സംഘടിപ്പിച്ചു എന്നും പ്രവർത്തിക്കുന്നു എന്നും വളരെ രസകരമായി വിശദമാക്കുന്നുണ്ട്. അധിനിവേശകാലത്തു നടന്ന ഈ സമുദായത്തെക്കുറിച്ചുള്ള ഒരു പഠനം, എങ്ങനെയൊക്കെയാണ് പണമിടപാട്, വ്യാപാരപ്രവൃത്തികൾ എന്നിവ ആ സമുദായത്തിന്റെ സാമൂഹികഘടനയിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്നത് എന്ന് കാണിച്ചുതരുന്നു.  ജാതി, ബന്ധുത്വ, കുടുംബഘടനകൾ കച്ചവടപ്രവർത്തനങ്ങളിലേക്ക് കൊണ്ടുവരപ്പെട്ടു. ഈ സാമൂഹികഘടനയിലാണ് വാണിജ്യപ്രവർത്തനങ്ങൾ നടന്നുവന്നത്. മറ്റു മിക്ക 'പരമ്പരാഗത' കച്ചവടസമൂഹങ്ങളെയും പോലെ നകരത്താറുകളുടെ പണമിടപാടു കേന്ദ്രങ്ങൾ അടിസ്ഥാനപരമായി കൂട്ടുകുടുംബ സംരംഭങ്ങളായിരുന്നു. ആയതിനാൽ കച്ചവടസംരംഭത്തിന്റെ ഘടന കുടുംബഘടനയ്ക്ക് സമാനമായിരുന്നു. അതുപോലെ വ്യാപാര, പണമിടപാടു പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നത് ജാതി, കുടുംബബന്ധങ്ങളിലൂടെയാണ്. ഉദാഹരണത്തിന്, അവരുടെ വിശാലജാതൃധിഷ്ഠിത സാമൂഹികശൃംഖല ചെട്ട്യാർ വ്യാപാരികളെ തെക്കുകിഴക്കൻ ഏഷ്യയിലേക്കും സിലോണിലേക്കും തങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ സഹായിച്ചു. നകരത്താർമാ

**Box 4.2**

**തമിഴ്നാട്ടിലെ നകരത്താറുകൾക്കിടയിലെ ജാതൃധിഷ്ഠിത വ്യാപാരം**

**(Caste-based trade among the Nakarattars of Tamil Nadu)**

നകരത്താർ പണമിടപാടുസംവിധാനം പടിഞ്ഞാറൻശൈലിയിലെ പണമിടപാടു സംവിധാനത്തിലെ സാമ്പത്തികമാതൃകയ്ക്ക് സമാനമാണ് എന്നു പറയാനാവില്ല. നകരത്താറുകൾ പരസ്പരം കടമെടുക്കുകയും നിക്ഷേപം നടത്തുകയും ചെയ്യാറുണ്ട്. അതിനവർ അടിസ്ഥാനമാക്കുന്നത്, ജാതിയാൽ നിർവചിക്കപ്പെട്ട സാമൂഹികബന്ധങ്ങൾ അടിസ്ഥാനമാക്കിയുള്ള കച്ചവടപ്രവിശ്യകളെയും വാസസ്ഥലങ്ങളെയും വംശപരമ്പരകളെയും വിവാഹങ്ങളെയും പൊതുവിശ്വാസങ്ങളെയുമാണ്. ആധുനിക പടിഞ്ഞാറൻ പണമിടപാടു സംവിധാനത്തിൽനിന്നു വ്യത്യസ്തമായി, ഈ തത്ത്വങ്ങളിൽ അധിഷ്ഠിതമായ വിനിമയമണ്ഡലങ്ങളിലെ യശസ്സും തീരുമാനങ്ങളും കരുതൽധനവുമാണ് ഒരു ജാതിയുടെ പ്രതിനിധികളെന്ന നിലയിൽ നകരത്താറുകൾക്കു പൊതുജനവിശ്വാസം നേടിക്കൊടുത്തത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നകരത്താർ പണമിടപാടുസംവിധാനം ജാതൃധിഷ്ഠിതമായ ഒന്നാണ്. ഓരോ നകരത്താറും തങ്ങളുടെ ജീവിതം സജ്ജീകരിച്ചിരിക്കുന്നത് കരുതൽധനം ചേർത്തുവയ്ക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന വ്യത്യസ്ത സമുദായസ്ഥാപനങ്ങളുടെ പങ്കാളിത്തത്തിലും നടത്തിപ്പിലുമാണ്.

*Source: Rudner 1994:234.*

## Box 4.2 ന്റെ പ്രവർത്തനം


ബോക്സിൽ നിന്ന് 'കാസ്റ്റ് ആന്റ് കാപിറ്റലിസം ഇൻ കൊളോണിയൽ ഇന്ത്യ" (Rudner 1994) യിലെ ഭാഗം വായിച്ച് താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

1. ലേഖകന്റെ അഭിപ്രായത്തിൽ, നകരത്താർ പണമിടപാടുസംവിധാനവും ആധുനിക പാശ്ചാത്യപണമിടപാടുസംവിധാനവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാം?
2. ഏതെല്ലാം രീതികളിലാണ് നകരത്താർ വ്യാപാരവും പണമിടപാടുപ്രവർത്തനങ്ങളും മറ്റു സാമൂഹികഘടനകളുമായി ബന്ധപ്പെട്ടിരിക്കുന്നത്?
3. ആധുനിക മുതലാളിത്തസമ്പദ്‌വ്യവസ്ഥയിൽ സമാനരീതിയിൽ സാമ്പത്തിക പ്രവർത്തനങ്ങൾ സാമൂഹികഘടനയിൽ വേരൂന്നിയിരിക്കുന്നതിന് ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയുമോ?

രുടെ സാമ്പത്തികപ്രവർത്തനങ്ങൾ പ്രതിനിധാനം ചെയ്യുന്നത് ഒരു തരത്തിൽപ്പെട്ട തനത് മുതലാളിത്തവ്യവസ്ഥ വേറെ രീതിയിൽ നിലനിൽക്കുന്നുണ്ടോ അല്ലെങ്കിൽ നിലനിന്നിരുന്നോ എന്നൊരു ചോദ്യം ഉയർത്തിക്കൊണ്ടാണ് (റൂഡ്നർ 1994).

## വിപണിയുടെ സാമൂഹികസംഘാടനം - പരമ്പരാഗത വാണിജ്യസമുദായങ്ങൾ (Social Organisation of Markets – Traditional Business Communities)

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള മിക്ക സാമൂഹികശാസ്ത്രപഠനങ്ങളും ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത് നകരത്താറുകളെപ്പോലുള്ള പരമ്പരാഗത 'കച്ചവടസമുദായങ്ങളി'ലാണ്. നിങ്ങൾ മുമ്പു മനസ്സിലാക്കിയതുപോലെ ജാതിവ്യവസ്ഥയും സമ്പദ്‌വ്യവസ്ഥയും തമ്മിൽ കൈവശഭൂമിക്കും തൊഴിൽപരമായ വ്യത്യസ്തതകൾക്കും അനുസൃതമായി വളരെ അടുത്ത ബന്ധമുണ്ട്. വാണിജ്യത്തിന്റെയും വിപണിയുടെയും കാര്യത്തിലും ഇത് ശരിയാണ്. വാസ്തവത്തിൽ 'വൈശ്യർ' നാലു 'വർണ'ങ്ങളിൽ ഒന്നാണ്. ഇത് പുരാതനകാലം മുതലേ ഇന്ത്യൻ സമൂഹത്തിൽ കച്ചവടത്തിനും വാണിജ്യത്തിനും ഉണ്ടായിരുന്ന പ്രാധാന്യം കാണിക്കുന്നു. എങ്കിലും 'വൈശ്യർ' എന്നത് ഒരു നിശ്ചിതമായ പദവി അല്ലെങ്കിൽ സാമൂഹികപദവി എന്നതിനെക്കാൾ ആഗ്രഹിച്ചോ അവകാശം ഉന്നയിച്ചോ നേടിയ പദവിയാണ്. വളരെക്കാലമായി പരമ്പരാഗതതൊഴിലായി വാണിജ്യമോ വ്യാപാരമോ കൊണ്ടുനടക്കുന്ന വൈശ്യസമുദായം (വടക്കേ ഇന്ത്യയിലെ ബനിയകളെ പോലുള്ളവർ) ഉണ്ടെങ്കിലും, ചില പ്രത്യേക ജാതിവിഭാഗങ്ങൾ വാണിജ്യത്തിലേക്കു കടന്നുവന്നിട്ടുണ്ട്. അങ്ങനെയുള്ള വിഭാഗക്കാർ സമൂഹത്തിന്റെ ഉന്നതശ്രേണിയിലേക്കുള്ള പ്രയാണത്തിന്റെ ഭാഗമായി വൈശ്യപദവിക്ക് അവകാശവാദം ഉന്നയിക്കാറുണ്ട്. ജാതിസമൂഹങ്ങളുടെ ചരിത്രം നോക്കിയാൽ, ജാതിപദവിയുടെ അല്ലെങ്കിൽ സ്വത്വത്തിന്റെയും തൊഴിൽ ഉൾപ്പെടെയുള്ള ജാതിസമ്പ്രദായങ്ങളുടെയും ഇടയിൽ സങ്കീർണമായ ഒരു ബന്ധമുണ്ടെന്നു കാണാം. ഇന്ത്യയിലെ പരമ്പരാഗത കച്ചവടസമുദായങ്ങളിൽ വൈശ്യർ



ഗ്രാമത്തിലെ കാർഷികപ്രവൃത്തികൾ

മാത്രമല്ല ഉൾക്കൊള്ളുന്നത്. അവരെ കൂടാതെ വ്യത്യസ്ത മത, സമുദായസ്വത്വമുള്ള പാഴ്സികൾ, സിന്ധികൾ, ബൊഹ്റകൾ അല്ലെങ്കിൽ ജൈനർ എന്നീ വിഭാഗക്കാരും ഉൾപ്പെടുന്നു. കച്ചവടത്തിലേർപ്പെട്ട സമുദായങ്ങൾക്ക് സമൂഹത്തിൽ ഉയർന്ന പദവി നൽകപ്പെട്ടിരുന്നില്ല. ഉദാഹരണമായി അധിനിവേശകാലത്ത് ദൂരദേശങ്ങളിലേക്കുള്ള ഉപ്പുവ്യാപാരം നിയന്ത്രിച്ചിരുന്നത് ബൻജാരകൾ എന്ന പാർശ്വവൽക്കരിക്കപ്പെട്ട ഒരു ഗോത്രവിഭാഗമായിരുന്നു. ഓരോ സാഹചര്യത്തിലും സമുദായസ്ഥാപനങ്ങളുടെയും ആചാരവിചാരങ്ങളുടെയും പ്രത്യേക സ്വഭാവം വ്യത്യസ്ത സംഘാടനകൾക്കും കച്ചവടപ്രവർത്തനങ്ങൾക്കും തുടക്കം കുറിക്കുന്നു.

മുൻകാലങ്ങളിലെയും ഇന്നത്തെയും ഇന്ത്യയിലെ വിപണിപ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിന് എങ്ങനെയാണ് പ്രത്യേക സമുദായങ്ങൾ നിർദിഷ്ട കച്ചവടരംഗങ്ങൾ നിയന്ത്രിക്കുന്നത് എന്ന് പരിശോധിക്കേണ്ടതുണ്ട്. ഈ ജാത്യധിഷ്ഠിത വൈദഗ്ധ്യത്തിന് ഒരു പ്രധാന കാരണം, നമ്മൾ നകരത്താറുകളുടെ കാര്യത്തിൽ കണ്ടതുപോലെ, വാണിജ്യവ്യവഹാരങ്ങൾ എപ്പോഴും പ്രവർത്തിക്കുന്നത് ജാതി, ബന്ധുത്വശൃംഖലകളിലൂടെയാണെന്നതാണ്. കച്ചവടക്കാർക്ക് തങ്ങളുടെ സമുദായത്തിലുള്ളവരോടുള്ള കൂടിയ വിശ്വാസം കാരണം അവർ അത്തരം ശൃംഖലയിലെ ആളുകളുമായി കച്ചവടം നടത്താനുള്ള പ്രവണത കാണിക്കുന്നു. ഇത് കച്ചവടത്തിന്റെ ചില മേഖലകളിൽ ഒരു ജാതിക്കുത്തകതന്നെ സൃഷ്ടിക്കപ്പെടാൻ കാരണമാവുന്നു.




**4.1**

നിങ്ങൾ താമസിക്കുന്ന നഗരത്തിലെ ഒരു വിപണിപ്രദേശമോ കച്ചവടസ്ഥലമോ സന്ദർശിക്കുക. ആരൊക്കെയാണ് അവിടത്തെ പ്രധാന വ്യാപാരികൾ എന്നു കണ്ടെത്തുക. അവരേത് സമുദായത്തിൽപ്പെടുന്നു? പ്രത്യേക സമുദായങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന പ്രത്യേക കച്ചവടമേഖലകൾ അവിടെയുണ്ടോ, അതായത് ആഭരണക്കടകൾ, പലവ്യഞ്ജനക്കടകൾ, ലോഹസാധനങ്ങളുടെ വ്യാപാരം, മര ഉൽപ്പന്നങ്ങൾ നിർമിക്കുന്ന കടകൾ എന്നിവ. ഇത്തരം ചില കടകൾ സന്ദർശിച്ച് അവ നടത്തുന്ന വ്യാപാരികളെ കുറിച്ച് മനസ്സിലാക്കുക. അതെല്ലാം പാരമ്പര്യ കുടുംബവ്യാപാരങ്ങളാണോ?

## കോളനിവാഴ്ചയും പുതുവിപണിയുടെ ഉദയവും (Colonialism and the Emergence of New Markets)

അധിനിവേശത്തിന്റെ ആവിർഭാവം ഇന്ത്യൻ സമ്പദ്വ്യവസ്ഥയിൽ വൻ അട്ടിമറികൾ സൃഷ്ടിച്ചു. അത് ഉത്പ്പാദനത്തിലും വിപണിയിലും കാർഷികരംഗത്തും വിള്ളലുകൾ സൃഷ്ടിച്ചു. ഇംഗ്ലണ്ടിൽനിന്നുള്ള വിലകുറഞ്ഞ വസ്ത്രനിർമാണവിപണിയുടെ കുത്തൊഴുക്കുകാരണം നശിച്ച കൈത്തറിവ്യവസായം ഇതിനൊരു പ്രസിദ്ധമായ ഉദാഹരണമാണ്. അധിനിവേശപൂർവ ഇന്ത്യയിൽ നമുക്കൊരു സങ്കീർണപണാധിഷ്ഠിത സമ്പദ്വ്യവസ്ഥയുണ്ടെങ്കിലും മിക്ക ചരിത്രകാരരും അധിനിവേശകാലത്തെ ഒരു വഴിത്തിരിവായാണ് കാണുന്നത്. അധിനിവേശകാലഘട്ടത്തിൽ ഇന്ത്യ ലോക മുതലാളിത്തസമ്പദ്വ്യവസ്ഥയുമായി കൂടുതലായി ബന്ധപ്പെടാൻ തുടങ്ങി. ബ്രിട്ടീഷ് അധിനിവേശത്തിനുമുമ്പേ ഇന്ത്യ, ലോകവിപണിയിൽ ഉൽപ്പന്നങ്ങളുടെ ഒരു പ്രധാന വിതരണക്കാരായിരുന്നു. അധിനിവേശത്തിനു ശേഷം നാം അസംസ്കൃതപദാർഥങ്ങളുടെ ഉപഭോക്താവുമായി മാറി. ഇത് രണ്ടും ഇംഗ്ലണ്ടിന്റെ വ്യവസായവൽക്കരണത്തിന് പ്രയോജനം ചെയ്യാനായിരുന്നു. അതേസമയം പുതിയ വിഭാഗങ്ങൾ (പ്രത്യേകിച്ചും യൂറോപ്യർ) വിപണിയിലേക്കു കടന്നുവന്നു. ചിലപ്പോൾ നിലവിലെ കച്ചവടസമുദായങ്ങളുമായി സഹകരിച്ചുകൊണ്ടും മറ്റും ചിലപ്പോൾ അവരെ ബലമായി പുറത്താക്കിയുമായിരുന്നു ഇത്. പക്ഷേ, നിലവിലെ സാമ്പത്തികസ്ഥാപനങ്ങളെ കീഴ്മേൽ മറിക്കുന്നതിലുപരി, ഇന്ത്യൻ വിപണിയുടെ വികാസം ചില കച്ചവടസമുദായങ്ങൾക്ക് പുതിയ അവസരങ്ങൾ ലഭ്യമാക്കി. ഇത് സ്വയം നവീകരണത്തിലൂടെ പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് തങ്ങളുടെ സ്ഥാനം മെച്ചപ്പെടുത്താൻ അവരെ പര്യാപ്തരാക്കി. ചില സാഹചര്യങ്ങളിൽ, അധിനിവേശത്തിന്റെ സംഭാവനയായ സാമ്പത്തിക അവസരങ്ങൾ മുതലാക്കാനായി പുതിയ സമുദായങ്ങൾ ഉദയംകൊണ്ടു. അവർ സ്വാതന്ത്ര്യത്തിനുശേഷവും സാമ്പത്തിക അധികാരശക്തി തുടർച്ചയായി നിലനിർത്തി.

ഈ പ്രക്രിയയ്ക്ക് ഒരു നല്ല ഉദാഹരണമാണ് ഇന്ത്യയിൽ പരക്കെ അറിയപ്പെടുന്ന കച്ചവടസമുദായമായ മാർവാഡികൾ. 'ബിർള'മാരെ പോലെയുള്ള പ്രമുഖ വ്യവസായകുടുംബങ്ങൾ പ്രതിനിധാനം ചെയ്യുന്ന ഈ സമുദായം രാജ്യത്തെ കമ്പോളത്തിലെ ചില്ലറവിൽപ്പനക്കാരെയും



പുതിയ വിപണികൾ

ചെറുകിടകച്ചവടക്കാരെയും ഉൾക്കൊള്ളുന്നു. വിജയം വരിച്ച കച്ചവടക്കാരായി മാർവാഡികൾ മാറിയത് അധിനിവേശകാലത്താണ്. അന്നവർ കൽക്കട്ട പോലുള്ള അധിനിവേശനഗരങ്ങളിലെ പുതിയ അവസരങ്ങൾ മുതലെടുക്കുകയും കച്ചവടം ചെയ്യാനും പലിശയ്ക്ക് പണം കൊടുക്കാനുമായി രാജ്യത്ത് വിവിധ ഇടങ്ങളിൽ അധിവസിക്കാനും തുടങ്ങി. നകരത്താറുകളെ പോലെത്തന്നെ, മാർവാഡികളുടെ വിജയം നിലകൊള്ളുന്നത് അവരുടെ വിശാല സാമൂഹികശൃംഖലയിലാണ്. അതവർക്ക് അവരുടേതായ പണമിടപാടുസംവിധാനം ഒരുക്കി. മിക്ക മാർവാഡികളും പലിശയ്ക്ക് പണം കടം കൊടുക്കാൻ മാത്രമുള്ള ധനം സ്വരൂപിച്ചിരുന്നു. പിന്നെ പണമിടപാടുകാരെന്ന രീതിയിലെ പ്രവർത്തനം ബ്രിട്ടീഷ് ഇന്ത്യയിലെ സമ്പദ്‌വ്യവസ്ഥയുടെ വികാസത്തിനു സഹായിച്ചു. (Hargلove 2004). അധിനിവേശകാലഘട്ടത്തിന്റെ അന്ത്യത്തിലും സ്വാതന്ത്ര്യത്തിനുശേഷവും, ചില മാർവാഡി കുടുംബാംഗങ്ങൾ ആധുനികവ്യവസായികളായി സ്വയം പരിണമിച്ചു. ഇന്നും മറ്റേത് സമുദായത്തേക്കാളും ഇന്ത്യൻ വ്യവസായമേഖല നിയന്ത്രിക്കുന്നത് മാർവാഡികളാണ്. അധിനിവേശത്തിനു കീഴിൽ പുതിയതായി ഉയർന്നുവന്ന ഒരു കച്ചവടസമുദായവും ചെറിയ ദേശാടകവ്യാപാരികളിൽനിന്ന് വലിയ കച്ചവട പണമിടപാടുകാരും വ്യവസായികളുമായുള്ള അവരുടെ പരിണാമവും സാമൂഹികപശ്ചാത്തലത്തിലെ സാമ്പത്തികപ്രവർത്തനങ്ങളുടെ പ്രാധാന്യം വരച്ചുകാട്ടുന്നു.

## 4.2 മുതലാളിത്തത്തെ ഒരു സാമൂഹികസംവിധാനമായി മനസ്സിലാക്കൽ (Understanding Capitalism as a Social System)

ആധുനിക സാമൂഹികശാസ്ത്രത്തിന്റെ സ്ഥാപകരിലൊരാളായ കാൾ മാർക്സ് ആധുനിക മുതലാളിത്തത്തിന്റെ വിമർശകൻകൂടിയായിരുന്നു. കൂലിപ്പണിയിലൂടെ ഉൽപ്പന്നനിർമ്മാണത്തിന് അല്ലെങ്കിൽ വിപണിക്ക് വേണ്ടിയുള്ള ഉൽപ്പാദനത്തിനുള്ള ഒരു സംവിധാനമായാണ് മാർക്സ് മുതലാളിത്തത്തെ മനസ്സിലാക്കിയത്. നിങ്ങൾ മുമ്പു പഠിച്ചിട്ടുള്ളപോലെ, എല്ലാ സാമ്പത്തികസംവിധാനങ്ങളും സാമൂഹികസംവിധാനങ്ങൾ കൂടിയാണെന്ന് മാർക്സ് എഴുതിയിരിക്കുന്നു. ഓരോ നിർമ്മാണരീതിയും, നിർമ്മാണത്തിലെ പ്രത്യേകമായ പരസ്പരബന്ധത്തെ ഉൾക്കൊള്ളുന്നു. അത് ഒരു പ്രത്യേക വിഭാഗത്തിന്റെ ഘടന രൂപപ്പെടാൻ കാരണമാകുന്നു. സമ്പദ്‌വ്യവസ്ഥ ഉൾക്കൊള്ളുന്നത് 'സാധന'ങ്ങളെയല്ല (വിപണിയിൽ പ്രവഹിച്ചുകൊണ്ടിരിക്കുന്ന സാമാനങ്ങൾ) മറിച്ച്, അത് നിർമ്മിക്കപ്പെട്ടിരിക്കുന്നത് 'ആളുകൾക്കിടയിലെ ബന്ധങ്ങൾ' അടിസ്ഥാനമാക്കിയാണെന്നും അവർ നിർമ്മാണപ്രക്രിയയിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നും അദ്ദേഹം ഊന്നിപ്പറയുന്നു. മുതലാളിത്തരീതിയിലുള്ള ഉൽപ്പാദനത്തിൽ തൊഴിൽതന്നെ ഉൽപ്പന്നമായി മാറുന്നു. കാരണം, വിപണിയിൽ തൊഴിലാളികൾ അവരുടെ 'തൊഴിൽശേഷി' (Labour power) തന്നെ ഒരു വരുമാനത്തിനായി വിൽക്കേണ്ടിവരുന്നു. ഇത് രണ്ട് അടിസ്ഥാനവിഭാഗങ്ങളെ സൃഷ്ടിക്കുന്നു. ഒന്ന്, ഉൽപ്പാദനമാർഗങ്ങളുടെ (വ്യാവസായശാലകൾ പോലുള്ളവ) ഉടമകളായ മുതലാളികൾ. പിന്നെ തങ്ങളുടെ 'പ്രവർത്തനശേഷി' കൂലിക്കുവേണ്ടി മുതലാളിമാർക്കു വിൽക്കുന്ന തൊഴിലാളികൾ. ഇതിൽനിന്നു ലാഭമുണ്ടാക്കുന്നത് മുതലാളിമാരാണ്. കാരണം, തൊഴിലാളികൾക്ക് അവരുടെ ഉൽപ്പാദനക്ഷമതയേക്കാൾ കുറച്ച് മൂല്യം നൽകി അവരിൽനിന്ന് 'അധികമൂല്യം' ഊറ്റിയെടുത്ത് മുതലാളിമാർ ലാഭം കൊയ്യുന്നു. മാർക്സിന്റെ മുതലാളിത്ത സമ്പദ്‌വ്യവസ്ഥയെയും സമൂഹത്തെയും കുറിച്ചുള്ള സിദ്ധാന്തം പത്തൊമ്പത്, ഇരുപത് നൂറ്റാ

ണ്ടുകളിൽ മുതലാളിത്തത്തിന്റെ സ്വഭാവത്തെക്കുറിച്ചുണ്ടായ മറ്റനേകം തത്ത്വങ്ങൾക്കും സംവാദങ്ങൾക്കും പ്രചോദനമായി.

## ചരക്കുവൽക്കരണവും ഉപഭോഗവും (Commoditisation and Consumption)

ലോകമെമ്പാടും മുതലാളിത്തത്തിന്റെ വളർച്ച വിപണിയുടെ വ്യാപ്തിക്കു കാരണമായി. അത്, ഇന്നേവരെ കൈവയ്ക്കാത്ത സ്ഥലങ്ങളിലേക്കും ജീവിതവൃത്തങ്ങളിലേക്കും വ്യാപിച്ചു. ഇതേവരെ വിപണിയിലേക്ക് കച്ചവടം നടത്താൻ എത്താതെ വസ്തുക്കൾ ചരക്കുകളായി വരുമ്പോഴാണ് 'ചരക്കുവൽക്കരണം' നടക്കുന്നത്. ഉദാഹരണമായി, തൊഴിൽശേഷിയും നൈപുണിയും വാങ്ങാനോ വിൽക്കാനോ കഴിയാത്ത സാധനങ്ങളാണ്. മാക്സിന്റെയും മറ്റു മുതലാളിത്തവിമർശകരുടെയും അഭിപ്രായപ്രകാരം ചരക്കുവൽക്കരണത്തിന് നിഷേധാത്മകമായ സാമൂഹികഫലം ഉണ്ട്. തൊഴിൽശേഷിയുടെ ചരക്കുവൽക്കരണം ഒരു ഉദാഹരണമാണ്. പക്ഷേ, നമ്മുടെ സമകാലികസമൂഹത്തിൽ ഇതിന് മറ്റൊരുപാട് ഉദാഹരണങ്ങളുണ്ട്. അതിലൊന്നാണ് സമ്പന്നരായ രോഗികൾക്ക് വൃക്ക മാറ്റിവയ്ക്കുന്നതിനായി പാവപ്പെട്ടവർ വൃക്കവിൽപ്പന നടത്തുന്നത്. മിക്ക ആളുകളുടെയും അഭിപ്രായത്തിൽ, മനുഷ്യാവയവങ്ങൾ വിൽപ്പനച്ചരക്കുകളാക്കരുത്. പണ്ടു മനുഷ്യരെത്തന്നെ അടിമകളാക്കി വാങ്ങുകയും വിൽക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് മനുഷ്യരെ വിൽപ്പനച്ചരക്കായി കാണുന്നതിനെ സദാചാരവിരുദ്ധമായാണ് കണക്കാക്കുന്നത്. ആധുനികസമൂഹത്തിൽ, ഒരാളുടെ തൊഴിൽശേഷിയെ വാങ്ങാനും മറ്റു സേവനങ്ങളെയും നൈപുണിയെയും പണത്തിനു പകരമായി കൈമാറ്റം ചെയ്യാനും കഴിയുമെന്നത് മിക്ക ആളുകളും അംഗീകരിക്കുന്ന ഒരു വസ്തുതയാണ്. മാർക്സിന്റെ അഭിപ്രായത്തിൽ ഈ സാഹചര്യം മുതലാളിത്തസമൂഹത്തിൽ മാത്രം കാണുന്നതാണ്.



**4.2**

ചരക്കുവൽക്കരണം അല്ലെങ്കിൽ വിൽപ്പനച്ചരക്കാക്കൽ – ഏറെ സങ്കീർണമെന്നു തോന്നുന്ന വലിയ വാക്കുകളാണിവ. എന്നാൽ അവ പരാമർശിക്കുന്ന പ്രക്രിയകൾ പരിചിതമാണ്. മാത്രമല്ല, അവ നമ്മുടെ ദൈനംദിനജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതുമാണ്. വളരെ സാധാരണമായ ഒരു ഉദാഹരണമാണ് കുപ്പിവെള്ളവിൽപ്പന.

നഗരങ്ങളിലും മിക്ക ഗ്രാമപ്രദേശങ്ങളിലും രണ്ടു ലിറ്റർ, ഒരു ലിറ്റർ അല്ലെങ്കിൽ അതിലും കുറഞ്ഞ അളവിൽ, മുദ്ര വച്ച പ്ലാസ്റ്റിക്കുപ്പികളിൽ വെള്ളം ലഭ്യമാണ്. ഈ കുപ്പികൾ വിപണിയിലെത്തിക്കുന്ന പലതരം കമ്പനികളും അവയ്ക്ക് അനേകം ബ്രാൻഡ് നാമങ്ങളുമുണ്ട്. പക്ഷേ, ഇത് പത്തിരുപതുവർഷം മാത്രം പഴക്കമുള്ള ഒരു പ്രതിഭാസമാണ്. കുപ്പിവെള്ളം കാണാനേ ഇല്ലായിരുന്ന ഒരു കാലം നിങ്ങൾക്കും ഓർമ്മ കാണും. പ്രായമായവരോട് ചോദിക്കുക. കുപ്പിവെള്ളം വിശാലമായ രീതിയിൽ ലഭ്യമാക്കിത്തുടങ്ങിയ സമയത്തെ പുതുമ, നിങ്ങളുടെ അച്ഛനമ്മമാരുടെ തലമുറ വ്യക്തമായി ഓർക്കുന്നുണ്ടാവും. നിങ്ങളുടെ മുത്തശ്ശൻമാരുടെ കാലത്ത് കുടിവെള്ളം വിൽപ്പനയ്ക്ക് വയ്ക്കുക, അതിന് കാശ് ഈടാക്കുക എന്നതൊന്നും ചിന്തിക്കാനേ പറ്റില്ലായിരുന്നു. ഇന്ന് കുപ്പിവെള്ളത്തെ, അതിപരിചയം കൊണ്ട് വളരെ സാധാരണമായ, സൗകര്യപ്രദമായ ഒരു സാധനമായി, നമുക്ക് വാങ്ങാവുന്ന ഒരു ഉൽപ്പന്നമായി കണക്കാക്കുന്നു.

ഈ ചരക്കുവൽക്കരണം/വിൽപ്പനച്ചരക്കാക്കൽ, ഒരു വ്യാപാരച്ചരക്കല്ലാത്തതിനെ അതാക്കുകയും വിപണിസമ്പദ്‌വ്യവസ്ഥയുടെ ഭാഗമാക്കുകയും ചെയ്യുന്ന പ്രക്രിയയാണ്. ഇത്തരത്തിൽ അടുത്തകാലത്ത് കച്ചവടവൽക്കരിക്കപ്പെട്ട വേറെന്തെങ്കിലും ഒന്നിനെക്കുറിച്ച് നിങ്ങൾക്ക് ചിന്തിക്കാമോ? ഓർക്കുക, ഒരു വിൽപ്പനച്ചരക്ക് എന്നത് ഒരു സാധനംതന്നെ ആവണമെന്നില്ല, അതൊരു സേവനവുമാവാം. ഇന്ന് വിൽപ്പനച്ചരക്കല്ലാത്ത ഭാവിയിൽ അതായേക്കാവുന്ന സാധനങ്ങളെക്കുറിച്ച് ചിന്തിക്കാൻ ശ്രമിക്കുക. ഇങ്ങനെ സംഭവിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്? അവസാനമായി, മുമ്പ് വിൽപ്പനച്ചരക്കായിരുന്ന, ഇന്നതല്ലായി മാറിയ ഉൽപ്പന്നങ്ങളെക്കുറിച്ചും (അതായത് മുമ്പു വിപണിമൂല്യമുണ്ടായിരുന്നതും ഇപ്പോഴില്ലാത്തതുമായ) ചിന്തിക്കുക. എപ്പോൾ എന്തുകൊണ്ട്?


LOADED. FULLY ADDICTIVE.
SAMSUNG C100
DNIe™
Digital Natural Image engine
erfection

ഇതേവരെ വിപണിക്കൈമാറ്റത്തിന്റെ ഭാഗമാകാതിരുന്ന പല വസ്തുക്കളും വിൽപ്പനച്ചരക്കുകളാകുന്ന അവസ്ഥ സമകാലിക ഇന്ത്യയിൽ നമുക്ക് കാണാവുന്ന ഒരു കാര്യമാണ്. ഉദാഹരണമായി, പരമ്പരാഗതമായി കല്യാണങ്ങൾ ഏർപ്പാടു ചെയ്തിരുന്നത് കുടുംബാംഗങ്ങളായിരുന്നു. ഇന്ന് പ്രതിഫലം കൊടുത്താൽ വരനെയും വധുവിനെയും കണ്ടുപിടിക്കാൻ സഹായിക്കുന്നതിന് അത് പ്രത്യേക തൊഴിലായി ഏറ്റെടുത്തിട്ടുള്ള കല്യാണ ബ്യൂറോകളും വെബ്സൈറ്റുകളുമുണ്ട്. വ്യക്തിത്വവികസനത്തിനും ഇംഗ്ലീഷ് സംസാരം മെച്ചപ്പെടുത്താനും അതുപോലുള്ള മറ്റ് കോഴ്സുകൾ പഠിപ്പിക്കുന്നതിനുമായുള്ള സ്വകാര്യസ്ഥാപനങ്ങൾ മറ്റൊരു ഉദാഹരണമാണ്. അവർ വിദ്യാർഥികളെ (കൂടുതലും മധ്യവർഗയുവാക്കൾ) സമകാലികലോകത്തെ ജീവിതവിജയത്തിനാവശ്യമായ സാമൂഹിക-സാംസ്കാരിക നൈപുണികളാണ് പഠിപ്പിക്കുന്നത്. മുൻകാലങ്ങളിൽ, സാമൂഹികനൈപുണികളായ നല്ല പെരുമാറ്റവും ഉപചാരക്രമവും പകർന്നുനൽകിയിരുന്നത് പ്രധാനമായും കുടുംബങ്ങളായിരുന്നു. അതിനാലാണ് സ്വകാര്യവിദ്യാലയങ്ങളുടെയും കലാലയങ്ങളുടെയും പരിശീലനക്ലാസുകളുടെയും വളർച്ചയെ വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണമായി നമുക്കു കാണാവുന്നത്.



## 4.3


**പരസ്യങ്ങളുടെ വ്യാഖ്യാനം**

പത്രങ്ങളിൽനിന്നും മാസികകളിൽനിന്നും പരസ്യങ്ങൾ ശേഖരിക്കുക. ഈ ശേഖരത്തിൽ നിന്ന് ഏറ്റവുമധികം താൽപ്പര്യമുണർത്തുന്ന രണ്ടോ മൂന്നോ പരസ്യങ്ങൾ തിരഞ്ഞെടുക്കുക. ആ ഓരോ പരസ്യത്തിനും വേണ്ടി താഴെക്കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരം കാണുക.

1. ഏത് ഉൽപ്പന്നമാണ് പരസ്യവൽക്കരിച്ചത്? ആ ഉൽപ്പന്നത്തിന്റെ ഏതു തരം പ്രതിച്ഛായയാണ് സൃഷ്ടിച്ചിരിക്കുന്നത്?
2. എങ്ങനെയാണ് പരസ്യം ചെയ്യുന്ന ആൾ ആ ഉൽപ്പന്നത്തെ അഭികാമ്യമായ ഒരു ജീവിതരീതിയോടും സാമൂഹികപദവിയോടും ബന്ധപ്പെടുത്തിയിരിക്കുന്നത്?

മുതലാളിത്തസമൂഹത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഉപഭോഗം കൂടുതൽ പ്രധാനമാകുന്നു എന്നതാണ്. അത് സാമ്പത്തികകാരണങ്ങളാൽ മാത്രമല്ല, അതിന് പ്രതീകാത്മകമായി ഒരു അർഥംകൂടിയുണ്ട്. ആധുനികസമൂഹത്തിൽ സാമൂഹിക അന്തരം സൃഷ്ടിക്കുന്നതിന് ഉപഭോഗം ഒരു പ്രധാന മാർഗമാണ്. സാധനങ്ങൾ വാങ്ങുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നതിലൂടെ ഉപഭോക്താവ് തങ്ങളുടെ സാമൂഹിക-സാമ്പത്തികപദവിയെക്കുറിച്ചുള്ള ഒരു സന്ദേശമാണ് പകരുന്നത്. ഇത്തരം സംസ്കാരത്തിന്റെയോ പദവിയുടെയോ ബിംബങ്ങളെ ആകർഷിക്കുന്ന രീതിയിലാണ് കമ്പനികളും അവരുടെ സാധനങ്ങൾ വിൽക്കുന്നത്. നമ്മൾ ദിവസേന ടി.വി.യിൽ കാണുന്ന പരസ്യങ്ങളും റോഡിന്റെ ഓരത്ത് കാണുന്ന പരസ്യഫലകങ്ങളും ശ്രദ്ധിക്കുക. പരസ്യം നൽകുന്നവർ അവ വിറ്റുപോകാനായി എന്തെല്ലാം അർഥതലങ്ങളാണ് ഉപഭോഗവസ്തുക്കളുടെ മേൽ കൂട്ടിച്ചേർക്കുന്നതെന്നും ശ്രദ്ധിക്കുക.

ആളുകൾ വാങ്ങുകയും ഉപയോഗിക്കുകയും ചെയ്യുന്ന സാധനങ്ങൾ അവരുടെ സാമൂഹികപദവിയുമായി അടുത്തു ബന്ധപ്പെട്ടിരിക്കുന്നു എന്ന് സമൂഹശാസ്ത്രത്തിന്റെ സ്ഥാപകരിലൊരാളായ മാക്സ് വെബർ അഭിപ്രായപ്പെട്ടു. ഈ ബന്ധം വിശദീകരിക്കാനായി 'സാമൂഹികപദവി ചിഹ്നം' (Status symbol) എന്ന വാക്ക് ആദ്യം ഉപയോഗിച്ചത് അദ്ദേഹമാണ്. ഉദാഹരണമായി, ഇന്ത്യൻ മധ്യവർഗത്തിനിടയിൽ ഇന്ന് ഒരു സെൽഫോണിന്റെ ബ്രാൻഡ്, അല്ലെങ്കിൽ കാറിന്റെ മോഡൽ എന്നിവയാണ് അവരുടെ സാമൂഹിക-സാമ്പത്തിക പദവിയുടെ അടയാളം. 'ജീവിതരീതി' (Life styles) യുടെ അടിസ്ഥാനത്തിൽ എങ്ങനെയാണ് ഓരോ വിഭാഗവും സാമൂഹികപദവി വിഭാഗത്തിൽനിന്നും വ്യത്യാസപ്പെടുന്നത് എന്നും വെബർ എഴുതിയിട്ടുണ്ട്. ഉപഭോഗം ജീവിതരീതിയുടെ ഒരു പ്രത്യേക വശമാണ്. പക്ഷേ, അത് നിങ്ങൾ വീടലങ്കരിക്കുന്ന രീതിയും വസ്ത്രം ധരിക്കുന്ന രീതിയും, നിങ്ങളുടെ ഒഴിവുസമയപ്രവർത്തനങ്ങളും ദൈനംദിനജീവിതത്തിന്റെ മറ്റനേകം വശങ്ങളും ഉൾക്കൊള്ളുന്നു. സമൂഹശാസ്ത്രജ്ഞർ ഉപഭോഗമാതൃകയും ജീവിതരീതികളും പഠിക്കുന്നുണ്ട്. ഇതിനു കാരണം ആധുനികജീവിതത്തിൽ അതിനുള്ള സാമൂഹികവും സാംസ്കാരികവുമായ പ്രാധാന്യമാണ്.




വിവിധ മേഖലകളിലെ സാങ്കേതികവികാസം

## 4.3 ആഗോളീകരണം - തദ്ദേശീയ, പ്രാദേശിക, ദേശീയ, അന്താരാഷ്ട്ര വിപണിയുടെ പരസ്പരബന്ധം (Globalisation – Interlinking of Local, Regional, National and International Markets)

ആഗോളീകരണത്തിന്റെ ഒരു വിശേഷലക്ഷണം ലോകത്തെമ്പാടുമുള്ള വിപണിയുടെ വർധിച്ച രീതിയിലുള്ള വിപുലീകരണവും ഏകീകരണവുമാണ്. ഈ ഏകീകരണം എന്നതുകൊണ്ട് അർഥമാക്കുന്നത് ഭൂഗോളത്തിന്റെ ഒരു ഭാഗത്തെ വിപണിയിലുണ്ടാകുന്ന മാറ്റങ്ങൾ ദൂരെയുള്ള മറ്റൊരു ഭാഗത്ത് തീവ്രമായ പ്രഭാവം ഉളവാക്കുന്നു എന്നതാണ്. ഉദാഹരണമായി, അമേരിക്കയിലെ സമ്പദ്‌വ്യവസ്ഥ മോശമാവുമ്പോൾ (ന്യൂയോർക്കിലെ ലോകവ്യാപാരകേന്ദ്രത്തിൽ 9/11 ആക്രമണത്തിനുശേഷം ഉണ്ടായ അവസ്ഥ) അത് ഇന്ത്യയിലെ അതിവേഗം വളർന്നുവരുന്ന സോഫ്റ്റ്‌വെയർ വ്യവസായത്തിൽ കച്ചവടമാന്ദ്യം വരാൻ കാരണമാവുന്നു. ഇത് ഇവിടെ കച്ചവ

ടത്തിലും തൊഴിലിലും നഷ്ടം വരുത്തുന്നു. സോഫ്റ്റ്‌വെയർ സേവനവ്യവസായവും കച്ചവടപ്രക്രിയയിലെ പുറംപണിക്കാർ (ബി.പി.ഒ.) വ്യവസായവും ഇന്ത്യയെ അന്താരാഷ്ട്ര സമ്പദ്‌വ്യവസ്ഥയുമായി ബന്ധിപ്പിക്കുന്ന പ്രധാന ഉപാധികളാണ്. ഇന്ത്യയിൽ അടിത്തറയുള്ള കമ്പനികൾ, പാശ്ചാത്യലോകത്തെ വികസിതരാജ്യങ്ങളിലെ ഉപഭോക്താക്കൾക്ക് ചെലവു കുറഞ്ഞ സേവനങ്ങളും തൊഴിൽക്ഷമതയും ലഭ്യമാക്കുന്നു. ഇന്ത്യൻ സോഫ്റ്റ്‌വെയർ തൊഴിലിനും മറ്റു സേവനങ്ങൾക്കും ആവശ്യക്കാരായി വലിയൊരു ആഗോളവിപണി ഇന്നുണ്ട് എന്ന് നമുക്ക് പറയാം.

1980 ന്റെ അന്ത്യത്തോടെ, ഇന്ത്യ സാമ്പത്തികചരിത്രത്തിലെ ഒരു പുതിയ കാലഘട്ടത്തിലേക്കു കടന്നു. അതുവരെ നിലനിന്നിരുന്ന ഭരണകൂടത്താൽ നയിക്കപ്പെട്ട സാമ്പത്തികനയത്തിൽ നിന്ന് 'ഉദാരവൽക്കരണ'ത്തിലേക്ക് ഒരു മാറ്റം വന്നു. ഈ മാറ്റം ആഗോളീകരണത്തിലേക്കുള്ള ചുവടുവയ്പ്പായി. ആഗോളീകരണകാലത്ത് ലോകം വളരെ പെട്ടന്ന് തമ്മിൽ കൂട്ടിയിണക്കപ്പെടുന്നു. സാമ്പത്തികമായി മാത്രമല്ല, സാംസ്കാരികമായും രാഷ്ട്രീയമായും കൂടി ഈ കൂട്ടിയിണക്കൽ നടക്കുന്നു. ആഗോളീകരണം എന്ന പദം അനേകം പ്രവണതകൾ ഉൾക്കൊള്ളുന്നു. പ്രത്യേകിച്ചും ഉൽപ്പന്നങ്ങളുടെ അന്തർദേശീയ വ്യവഹാരം, പണം, വിവരങ്ങൾ, സാങ്കേതികതയിലെ വികസനം (കമ്പ്യൂട്ടർ, വാർത്താപ്രക്ഷേപണം, ഗതാഗതം തുടങ്ങിയ), മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നിവയിലെ വർധന ഈ വ്യവഹാരത്തിന് ആക്കംകൂട്ടി.

## സാങ്കൽപ്പികവിപണി – സമയവും സ്ഥലവും പിടിച്ചടക്കുന്നുണ്ടോ? (The Virtual Market – Conquering Time and Space?)

**Box 4.3**

**മൈസൂരിൽനിന്ന് നാസ്ദാക് മണിമുഴക്കുന്നു.**

**ഇൻഫോസിസിന്റെ വിദൂര ഉദ്യമരേഖ റെക്കോഡാവുന്നു.**

**യു.എസ്. വിപണി തുറക്കുന്നു.**

**മൈസൂർ:** ഭൂമി പരന്നതാണെന്ന് നിങ്ങളിപ്പോഴും വിശ്വസിക്കുന്നില്ല എങ്കിൽ, ഇതു പരിഗണിക്കു: ഇൻഫോസിസ് ടെക്നോളജീസ് മൈസൂരിൽനിന്ന് രാത്രി 7 മണിക്ക് NASDAK ന്റെ പ്രാരംഭത്തിനായുള്ള മണിമുഴക്കി. (യു.എസ്. സമയം രാവിലെ 9 മണിക്ക്). ന്യൂയോർക്കിലെ ടൈം സ്ക്വയറിൽ, മാർക്കറ്റ് സൈറ്റ് ടവറിലുള്ള നാസ്ദാക്കിലെ തിങ്കളാഴ്ചവിപണി സമയം, ഇൻഫോസിസിന്റെ അധ്യക്ഷനും പ്രധാന ഉപദേഷ്ടാവുമായ എൻ.ആർ. നാരായണ മൂർത്തി നിർവഹിച്ചത് ഒരു ബട്ടൺ അമർത്തിക്കൊണ്ടാണ്. നാസ്ദാക്കിന്റെ സാങ്കൽപ്പികവിപണിമാതൃകയുടെ അന്തസ്സാരത്തെയാണ് ഈ ഉദ്ഘാടന മണിമുഴക്കം എന്ന ആചാരപരമായ കാര്യം പ്രതിനിധീകരിക്കുന്നത്. നാസ്ദാക്കിന്റെ പ്രവർത്തനങ്ങളെല്ലാം ഇലക്ട്രോണിക് വിദ്യ ഉപയോഗിക്കുന്നതാണെങ്കിലും ലോകത്തെ ഏതു സ്ഥലത്തുവച്ചും അത് തുറക്കാനാവും. ഓരോ വിപണിദിവസത്തിലും നിക്ഷേപകരെയും വിപണിപങ്കാളികളെയും പ്രതീകാത്മകമായി ഇത് ഒരുമിച്ചുകൊണ്ടുവരുന്നു.

***Source:*** *News item in the* Times of India, *Bangalore, August 1, 2006*


## Box 4.3 ന്റെ പ്രവർത്തനം

ന്യൂയോർക്കിൽ അടിത്തറയുള്ള ഒരു പ്രധാന ഇലക്ട്രോണിക് ഓഹരിവിപണികേന്ദ്രത്തിന്റെ പേരാണ് NASDAK. കമ്പ്യൂട്ടർവൽകൃത ഇലക്ട്രോണിക് വാർത്താവിനിമയത്തിലൂടെയാണ് അതു പ്രവർത്തിക്കുന്നത്. ഇതു ലോകത്തിലെ ഓഹരിയിടപാടുകാരെയും നിക്ഷേപകരെയും അവർ പട്ടികയിൽപ്പെടുത്തിയ കമ്പനികളിൽനിന്ന് ഓഹരികൾ വാങ്ങാനും വിൽക്കാനും അനുവദിക്കുന്നു. ഈ ഇടപാടുകൾ നടക്കുന്നതു ശരിയായ ക്രമത്തിലാണ്. അതായത് അവ നിമിഷങ്ങൾക്കുള്ളിൽ ഫലമുണ്ടാക്കുന്നു. അവ ഒരിക്കലും കടലാസ് ഉപയോഗിക്കുന്നില്ല. കടലാസുകൊണ്ടുള്ള പ്രമാണങ്ങളോ കറൻസിയോ ഉപയോഗിക്കുന്നില്ല. വാർത്താശകലം ശ്രദ്ധയോടെ വായിച്ച്, താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

1. ഓഹരിവിപണിയിലെ (NASDAK അല്ലെങ്കിൽ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് പോലുള്ളവ) കച്ചവടം മറ്റു വിപണികളിലെ കച്ചവടത്തിൽ നിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്നു? സ്റ്റോക്ക് എക്സ്ചേഞ്ചിനെ കുറിച്ച് കൂടുതലായി നിങ്ങൾക്ക് പത്രങ്ങളിൽനിന്നോ മാസികകളിൽ നിന്നോ ഇന്റർനെറ്റിൽനിന്നോ മനസ്സിലാക്കാവുന്നതാണ്.

2. ഈ സംഭവം- അതായത് ന്യൂയോർക്കിലെ നാസ്ദാക് വിപണി മൈസൂരിൽ ഇൻഫോസിസ് അധ്യക്ഷൻ നാരായണമൂർത്തി ഉദ്ഘാടനം ചെയ്ത കാര്യം ഇന്നത്തെ ലോകത്തെ വിപണിയുടെ (പ്രത്യേകിച്ചും ഓഹരി, ധനകാര്യസംബന്ധമായ വിപണി) സ്വഭാവത്തെക്കുറിച്ചും ആഗോളസമ്പദ്‌വ്യവസ്ഥയുമായുള്ള ഇന്ത്യയുടെ ബന്ധത്തെക്കുറിച്ചും എന്താണ് നിങ്ങളോടു പറയുന്നത്?

3. ഈ ലേഖനം വിപണിയുടെ പ്രാരംഭം കുറിച്ച സംഭവത്തെ 'ആചാരപരം'/ 'ഔപചാരികം' എന്നാണ് വിശദീകരിക്കുന്നത്. സമാനമായ, മറ്റു വിപണികളിൽ പ്രധാനമായ മറ്റ് ആചാരപമായ പ്രവൃത്തികളെ അല്ലെങ്കിൽ ചടങ്ങുകളെക്കുറിച്ച് വിശദീകരിക്കുക.






Sys 16/MAHADEVAN/ PLUS 2 SOCIOLOGY TB ML NEW/INDIAN SOCIETY/CHAPTER 4

**ഒരു വിപണിതന്നെ ഉൽപ്പന്നമായി മാറുമ്പോൾ: പുഷ്കർ ഒട്ടകമേള**

**Box 4.4**


കാർത്തികമാസത്തിൽ വരുക... കാർത്തികപൂർണിമ സമയത്ത്, തങ്ങളുടെ 'മരുഭൂമിയിലെ കപ്പലു'കൾ അലങ്കരിച്ചുകൊണ്ട് ഒട്ടകങ്ങളുടെ സാരഥികൾ പുഷ്കറിലേക്കുള്ള ദൂരയാത്ര തുടങ്ങുന്നു. ഓരോ വർഷവും 2,00,000 ഓളം ആളുകൾ അവിടെ ഒത്തുകൂടുന്നു. കൂടെ 50,000 വരെ ഒട്ടകങ്ങളെയും കാലികളെയും കൊണ്ടുവരുന്നു. അതോടെ ആ സ്ഥലം നിറങ്ങളും ശബ്ദവും ആൾക്കൂട്ടത്തിന്റെ സഞ്ചാരവുംകൊണ്ട് നിറയുന്നു.

സംഗീതക്കാർ, യോഗികൾ, വിനോദസഞ്ചാരികൾ, കച്ചവടക്കാർ, മൃഗങ്ങൾ, ഭക്തർ എന്നിവരുടെ സാന്നിധ്യം ഇതിന് ആക്കംകൂട്ടുന്നു. അവിശ്വസനീയമാംവിധം അലങ്കരിച്ച മുടിയുടെ ഭംഗിയും കാൽത്തളയും ചിത്രത്തുന്നലും കൈത്തോക്കുകളും ചേർന്ന ഒരു ഒട്ടകപരിചരണ നിർവാണമാണത്.

ഒട്ടകമേളയോടൊപ്പം, വന്യമായ ഒരു മാന്ത്രികസുഗന്ധത്തിന്റെ മൂർദ്ധന്യത്തിൽ മതപരമായ സംഗതി/സംഭവം കൂടി രൂപപ്പെടുന്നു. മേളയുടെ അവസാനരാത്രി സ്തുതിഗീതത്തോടെ, ഘോഷയാത്ര നടത്തി, ആയിരക്കണക്കിന് ഭക്തർ തങ്ങളുടെ പാപങ്ങൾ തടാകത്തിലെ ഒരു കുളിയിലൂടെ കഴുകിക്കളഞ്ഞതായി വിശ്വസിച്ചുകൊണ്ട് വിശുദ്ധജലത്തിൽ ദീപങ്ങൾ ഒഴുക്കിവിടുന്നു.

*(From the* Lonely Planet *tourist guidebook for* India. *11th edition)*

## Box 4.4 ന്റെ പ്രവർത്തനം



പുഷ്കറിലെ കന്നുകാലി ഒട്ടകമേള

വിദേശസഞ്ചാരികളെ ഉദ്ദേശിച്ച് തയാറാക്കിയ ഒരു ഗൈഡിൽ നിന്നെടുത്ത് ബോക്സ് 4.4 ൽ കൊടുത്തത് വായിക്കുക. ഈ ഖണ്ഡിക കാണിച്ചുതരുന്നത് ഒരു വിപണി എങ്ങനെയാണ് (ഇവിടെ അത് പുഷ്കറിലെ പരമ്പരാഗത വാർഷിക കാലിവിപണിയും മേളയുമാണ്) മറ്റൊരു വിപണിയിലെ വിൽപ്പനയ്ക്കുള്ള ഉൽപ്പന്നമാവുന്നത് എന്നാണ്. ഇവിടെ വിനോദസഞ്ചാര വിപണിയാണത്. (അപരിചിതമായ വാക്കുകൾക്കായി ഒരു നിഘണ്ടുവിൽ അന്വേഷിക്കുക. നിങ്ങളുടെ അറിവിലേക്കായി- 'കോൺറോസ്' എന്നു പറയുന്നത് ഒരുതരം കേശാലങ്കാരരീതിയാണ്, ഈ ഖണ്ഡികയിൽ, ഒട്ടകത്തിന്റെ മുടിപിന്നുന്നതിന്റെ മോടിയെയാണ് അത് സൂചിപ്പിക്കുന്നത്. 'ഡൗസിങ് ഡേ' എന്നാൽ പുഷ്കർ തടാകത്തിൽ ഭക്തർ പരിശുദ്ധസ്നാനം നടത്തുന്ന ദിവസത്തെയാണ് സൂചിപ്പിക്കുന്നത്). നിങ്ങൾ ഉത്തരം കണ്ടുപിടിക്കുന്നതിനു മുമ്പ് ഈ ഖണ്ഡിക ക്ലാസിൽ ചർച്ചചെയ്യണം.

1. എന്തൊക്കെയാണ് അന്താരാഷ്ട്ര വിനോദസഞ്ചാരമണ്ഡലത്തിന്റെ ഭാഗമായ പുഷ്കറിൽ സൃഷ്ടിക്കപ്പെട്ട സാധനങ്ങൾ, സേവനങ്ങൾ, പണം, ആളുകൾ എന്നിവയുടെ പുതുമണ്ഡലങ്ങൾ?
2. എങ്ങനെയാണ് വൻതോതിലുള്ള വിദേശ-ഇന്ത്യൻ വിനോദസഞ്ചാരികളുടെ വരവ് ഈ മേളയുടെ പ്രവർത്തനത്തെ മാറ്റിയത്?
3. എങ്ങനെയാണ് ഈ പ്രദേശത്തെ മതപരത അതിന്റെ വാണിജ്യപരതയ്ക്ക് മുതൽക്കൂട്ടാവുന്നത്? ഇന്ത്യയിലെ ആത്മീയതയ്ക്ക് ഒരു വിപണിയുണ്ടെന്ന് നമുക്കു പറയാൻ കഴിയുമോ?
4. പാരമ്പര്യവും മതവും ജ്ഞാനവും ചിത്രങ്ങളും (ഉദാഹരണമായി, പരമ്പരാഗതവേഷമണിഞ്ഞ ഒരു രാജസ്ഥാനിസ്ത്രീ) ആഗോളവിപണിയിൽ ഉൽപ്പന്നങ്ങളായി മാറുന്ന മറ്റേതെങ്കിലും ഉദാഹരണങ്ങൾ നിങ്ങൾക്ക് കണ്ടെത്താമോ?

ആഗോളവൽക്കരണത്താൽ പണവും സാധനങ്ങളും മാത്രമല്ല, മനുഷ്യരും സാംസ്കാരിക ഉൽപ്പന്നങ്ങളും ചിഹ്നങ്ങളും ലോകം മുഴുവൻ ചംക്രമണം ചെയ്യപ്പെട്ട് പുതിയ കൈമാറ്റവ്യവസ്ഥയിലേക്കു പ്രവേശിക്കുകയും പുതിയ വിപണി സൃഷ്ടിക്കപ്പെടുകയും ചെയ്തു. മുമ്പ് വിപണിക്ക് പുറത്തായിരുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും അല്ലെങ്കിൽ സംസ്കാര ഘടകങ്ങളും വിപണിയിലേക്ക് ഉൾച്ചേർക്കപ്പെട്ടു. പാശ്ചാത്യനാടുകളിൽ ഇന്ത്യയിലെ യോഗയും ആയുർവേദവും പോലെയുള്ള ജ്ഞാനസംഹിതകളെയും ഇന്ത്യൻ ആധ്യാത്മികതയെയും വിപണനം ചെയ്യുന്നത് ഒരു ഉദാഹരണമാണ്. വളർന്നുവരുന്ന അന്താരാഷ്ട്ര വിനോദസഞ്ചാരം സംസ്കാരത്തെതന്നെ ഒരു ഉൽപ്പന്നമായി (ചരക്കായി) മാറ്റുന്നതായി ചൂണ്ടിക്കാട്ടുന്നു. രാജസ്ഥാനിലെ പ്രശസ്തമായ പുഷ്കർമേള ഉദാഹരണമാണ്. നാടോടികളും വ്യാപാരികളും തങ്ങളുടെ ഒട്ടകങ്ങളെയും വളർത്തുമൃഗങ്ങളെയും വാങ്ങാനും വിൽക്കാനുമായി ദൂരദേശത്തു നിന്നുപോലും എത്തിച്ചേരുന്നു. നാട്ടുകാർക്ക് പുഷ്കർമേള സാമൂഹിക-സാമ്പത്തിക ഇടപാടിന്റെ സന്ദർഭമാണെങ്കിലും അന്താരാഷ്ട്രതലത്തിൽ അത് ഒരു പ്രധാന വിനോദസഞ്ചാര അവസരമായി ഉയർത്തിക്കാട്ടപ്പെടുന്നു. കാർത്തികപൂർണിമ ആഘോഷത്തിന്റെ ഭാഗമായി പുഷ്കർ തടാകത്തിൽ കുളിക്കാനായി ആയിരക്കണക്കിന് ഹിന്ദുമതവിശ്വാസികൾ ഒത്തുചേരുന്നതും വിനോദസഞ്ചാരികളെ ആകർഷിക്കുന്നു. അങ്ങനെ ഹിന്ദുതീർഥാടകരും ഒട്ടകവ്യാപാരികളും വിദേശ വിനോദസഞ്ചാരികളും ഇവിടെ ഒത്തുചേർന്ന് വളർത്തുമൃഗങ്ങളെയും സമ്പത്തും പരസ്പരം കൈമാറുക മാത്രമല്ല, സാംസ്കാരികചിഹ്നങ്ങളും മതപരമായ മേന്മകളും പങ്കുവയ്ക്കുകയും ചെയ്യുന്നു.

*(From the* Lonely Planet *tourist guidebook for* India. *11th edition)*

## ഉദാരവൽക്കരണത്തെക്കുറിച്ചുള്ള സംവാദം-വിപണിയും രാഷ്ട്രവും (Debate on Liberalisation – Market versus State)

ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ ആഗോളവൽക്കരണം പ്രാഥമികമായി കടപ്പെട്ടിരിക്കുന്നത് 1980 കളുടെ അവസാനഘട്ടത്തിൽ ആരംഭിച്ച ഉദാരവൽക്കരണനയങ്ങളോടാണ്. ഉദാരവൽക്കരണം എന്നത് പൊതുമേഖലാസ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം (സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികളെ സ്വകാര്യകമ്പനികൾക്ക് വിൽക്കൽ), മൂലധനം, വ്യാപാരം, തൊഴിൽ തുടങ്ങിയവയിലെ സർക്കാർ നിയന്ത്രണങ്ങളിൽ അയവുവരുത്തൽ, ചുങ്കത്തിലും ഇറക്കുമതിത്തീരുവയിലും ഇളവുകൾ നൽകൽ, തദ്വാരാ വിദേശചരക്കുകളുടെ ഇറക്കുമതി കൂടുതൽ ലളിതമാക്കൽ, വിദേശകമ്പനികൾക്ക് ഇന്ത്യയിൽ വ്യവസായങ്ങൾ തുടങ്ങുന്നതിന് അനായാസമാർഗങ്ങൾ അനുവദിക്കൽ തുടങ്ങിയവയുടെ ഒരു ശ്രേണിതന്നെ ഉൾക്കൊള്ളുന്നതാണ്. മറ്റൊരർഥത്തിൽ ഇത്തരം മാറ്റങ്ങളെ കമ്പോളവൽക്കരണമെന്നോ കമ്പോളങ്ങളുടെ ഉപഭോഗമെന്നോ സാമൂഹികമോ രാഷ്ട്രീയമോ സാമ്പത്തികമോ ആയ പ്രശ്നപരിഹാരത്തിനായുള്ള കമ്പോളാധിഷ്ഠിത പരിണാമക്രിയ (സർക്കാർ നിയന്ത്രണങ്ങളെയോ നയങ്ങളെയോ അപേക്ഷിച്ച്) യെന്നോ വിളിക്കാം. സാമ്പത്തികനിയന്ത്രണങ്ങളുടെ തുടച്ചുനീക്കൽ അഥവാ മോചനം (നിയന്ത്രണം എടുത്തുകളയൽ), വ്യവസായങ്ങളുടെ സ്വകാര്യവൽക്കരണം, കൂലിയിലും വിലയിലുമുള്ള സർക്കാർ നിയന്ത്രണങ്ങൾ ഒഴിവാക്കൽ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. സ്വകാര്യവ്യവസായം സർക്കാർ ഉടമസ്ഥയിലുള്ള വ്യവസായമേഖലകളെക്കാൾ കൂടുതൽ സാമ്പത്തികവളർച്ചയെ പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു എന്ന് കമ്പോളവൽക്കരണത്തിന്റെ വക്താക്കൾ വിശ്വസിക്കുന്നു.

ഉദാരവൽക്കരണപരിപാടികളുടെ കീഴിൽ വരുത്തിയ ആ മാറ്റങ്ങൾ സാമ്പത്തികവളർച്ചയെ ബലവത്താക്കുകയും ഇന്ത്യൻവിപണിയെ വിദേശകമ്പനികൾക്ക് തുറന്നുകൊടുക്കുകയും ചെയ്യുന്നുണ്ട്. ഉദാഹരണത്തിന്, നേരത്തേ ലഭ്യമല്ലാതിരുന്ന നിരവധി വിദേശ വാണിജ്യമുദ്രയുള്ള ഉൽപ്പന്നങ്ങൾ ഇന്ന് വിറ്റഴിക്കപ്പെടുന്നുണ്ട്. വർധിച്ചുവരുന്ന വിദേശനിക്ഷേപങ്ങൾ സാമ്പത്തിക വളർച്ചയ്ക്കും തൊഴിൽ അഭിവൃദ്ധിക്കും നിദാനമാകുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം അവയുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും സർക്കാരിന് ഇത്തരം കമ്പനി

കൾ നടത്തിക്കൊണ്ടുപോകുന്നതിലെ ക്ലേശം കുറയ്ക്കുന്നതിനും സഹായകമാകുന്നുണ്ട്. എങ്ങനെയായാലും ഉദാരവൽക്കരണവും ആഗോളവൽക്കരണവും ആത്യന്തികമായി നിഷേധാത്മകമായ ആഘാതമാണ് ഇന്ത്യയിൽ സൃഷ്ടിക്കുക എന്നാണ് വലിയൊരു വിഭാഗം ആളുകളും വാദിക്കുന്നത്. അതായത് ചെലവും ചേതവും ആദായത്തെയും നേട്ടത്തെയും അപേക്ഷിച്ച് വളരെ കൂടുതലാണ്. ഇന്ത്യൻ വ്യവസായത്തിന്റെ ചില മേഖലകളിൽ (സോഫ്റ്റ്‌വെയറും വിവരസാങ്കേതിക വിദ്യയുംപോലെ) അല്ലെങ്കിൽ കാർഷികമേഖലയിൽ (മത്സ്യം, പഴവർഗം പോലെ) ആഗോളവിപണിയിൽ നേട്ടങ്ങളുണ്ടാക്കാൻ സാധ്യതയുണ്ട്. എന്നാൽ മറ്റു മേഖലകളിൽ (മോട്ടോർ വാഹനങ്ങൾ, ഇലക്ട്രോണിക്സ്, എണ്ണക്കുരു പോലെയുള്ളവ) നഷ്ടമായിരിക്കും ഉണ്ടാവുക. കാരണം, അവയ്ക്ക് വിദേശ ഉൽപ്പാദകരോട് കിടപിടിക്കാനാവില്ല എന്നതുതന്നെ.

ഉദാഹരണമായി, ഇന്ത്യൻ കർഷകർ ഇന്ന് മറ്റു രാജ്യങ്ങളിലെ കർഷകരിൽനിന്നുള്ള മത്സരത്തെ കുറിച്ച് അറിവുള്ളവരാണ്. കാരണം കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതി അനുവദനീയമാണ്. മുമ്പ് ഇന്ത്യൻ കൃഷിയെ ആഗോളവിപണയിൽനിന്നു സഹായധനവും നൽകി സംരക്ഷിച്ചിരുന്നു. കർഷകർക്ക് നിശ്ചിത വരുമാനം ഉറപ്പിക്കാൻ സഹായവിലകൾ സഹായിക്കുന്നു. കാരണം കാർഷികോൽപ്പന്നങ്ങൾ വാങ്ങാൻ സർക്കാർ തയാറാകുന്നു. താങ്ങുവിലകൾ കൃഷി ചെയ്യാൻ ആവശ്യമായ ചെലവ് കുറയ്ക്കുന്നു. കാരണം, കൃഷിയാവശ്യത്തിനുള്ള വിലയുടെ ഒരു ഭാഗം (വളങ്ങൾ അല്ലെങ്കിൽ ഡീസൽ, എണ്ണ) സർക്കാർ നൽകുന്നു. ഉദാരവൽക്കരണം വിപണിയിലെ സർക്കാറിടപെടലിന് എതിരാണ്. അതിനാൽ താങ്ങുവിലയും സബ്സിഡിയും മറ്റും കുറയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നു. ഇത് അർഥമാക്കുന്നത് മിക്ക കൃഷിക്കാർക്കും കൃഷിയിൽനിന്ന് മാന്യമായ ഒരു ജീവിതം നയിക്കാനാകുന്നില്ല എന്നാണ്. അതുപോലെ ചെറുകിട കച്ചവടക്കാർക്ക് ആഗോളതലത്തിൽ വിദേശ ഉൽപ്പന്നങ്ങളോട് മത്സരിക്കാൻ അവസരം തുറന്നുകൊടുക്കുകയും പുതിയ ആഗോള ബ്രാന്റുകൾ വിപണിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്, എന്നാൽ ചില ബ്രാന്റുകൾ മത്സരാധിഷ്ഠിതവുമല്ല. സ്വകാര്യവൽക്കരണവും പൊതുമേഖലാ വ്യവസായങ്ങളുടെ അടച്ചുപൂട്ടലും ചില മേഖലകളിൽ തൊഴിൽനഷ്ടത്തിലേക്കു നയിച്ചു, സംഘടിതമേഖലയുടെ തകർച്ചയിൽനിന്ന് അസംഘടിതമേഖലയിലെ തൊഴിൽസാഹചര്യങ്ങൾ വർധിച്ചു. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇത് ഹാനികരമാണ്. കാരണം, സംഘടിതമേഖല സാധാരണയായി കൂടുതൽ വേതനവും അല്ലെങ്കിൽ സ്ഥിരജോലി വാഗ്ദാനവും ചെയ്യുന്നു (12-ാംക്ലാസിലെ കാർഷികമാറ്റവും വ്യവസായവും, സാമൂഹികമാറ്റവും ഇന്ത്യയിലെ വ്യവസായവും എന്നീ അധ്യായങ്ങൾ കാണുക).

ഈ അധ്യായത്തിൽ വിവിധതരത്തിലുള്ള കമ്പോളങ്ങൾ സമകാലിക ഇന്ത്യയിൽ ഉണ്ടെന്ന് നാം കണ്ടു. ഗ്രാമീണഹാറ്റ് (Haat) മുതൽ സാങ്കൽപ്പിക മൂലധനവിപണിവരെ. ഈ വിപണികൾ സ്വയം സാമൂഹികസ്ഥാപനങ്ങളാണ്. ജാതിയും വർഗവും ഉൾക്കൊണ്ടുള്ള വിവിധ സാമൂഹിക ഘടകങ്ങളുമായും ഇതു ബന്ധപ്പെട്ടിരിക്കുന്നു. ഇതുകൂടാതെ പെട്ടെന്നുള്ള സാമ്പത്തിക ഉദ്ദേശ്യത്തിനപ്പുറം കൈമാറ്റത്തിന് സാമൂഹികവും പ്രതീകാത്മകവുമായ പ്രാധാന്യമുണ്ടെന്ന് നമ്മൾ പഠിച്ചിട്ടുണ്ട്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലെ ഉദാരവൽക്കരണവും സാധനങ്ങളും സേവനങ്ങളും കൈമാറ്റം ചെയ്യപ്പെടുന്നതും പ്രവേശിക്കുന്നതും ത്വരിതഗതിയിലാക്കി. സാധനങ്ങൾ, സേവനങ്ങൾ, സാംസ്കാരികചിഹ്നങ്ങൾ, പണം തുടങ്ങിയവ വിവിധരീതികളിലും തലങ്ങളിലും പ്രവഹിക്കുന്നു അതായത് ഗ്രാമങ്ങളിലെയും പട്ടണങ്ങളിലെയും പ്രദേശികവിപണികളിൽനിന്ന് നാസ്ദാക് പോലെയുള്ള ആഗോളവ്യാപാര ശൃംഖലയിലേക്കും പ്രവഹിക്കുന്നു. മാറ്റങ്ങളുടെ ഇന്നത്തെ ലോകത്തെ വിപണി മാറിക്കൊണ്ടിരിക്കുന്നത് എങ്ങനെയെന്ന് മനസ്സിലാക്കേണ്ടത് വളരെ പ്രധാനമാണ്. കാരണം, വിശാലമായ അർഥത്തിൽ സാമ്പത്തിക-സാമൂഹിക പരിണതഫലങ്ങൾ ഈ മാറ്റങ്ങളുണ്ടാക്കുന്നുണ്ട്.



**അൽപ്പംകൂടി...**

### ഉപഭോഗസമൂഹം (Consumer Society)

ജീൻ ബോഡ്രിലാർഡിന്റെ ഉപഭോഗത്തെക്കുറിച്ചുള്ള (Consumerism) പ്രശസ്തമായ വ്യാഖ്യാനമാണ് നമ്മൾ കാണാൻ ശ്രമിക്കുന്നത്. ഒരു ഉപഭോക്താവ് വാങ്ങുന്നത് ആ വസ്തുവിനെക്കാൾ ഉപരിയായ ഒന്നിനെയാണ്. വാങ്ങുന്ന വസ്തുവിനു തീർച്ചയായും ഒരു ഉപയോഗമൂല്യുണ്ട്. എന്നിരുന്നാലും അതിന് ഉപഭോക്താവിന്റെ മാന്യത (Prestige), പങ്ക് (Role), സ്ഥാനം (Rank), സാമൂഹികപദവി (Social Status) എന്നിവ സൂചിപ്പിക്കുക എന്ന ഒരു കടമകൂടി നിർവഹിക്കാനുണ്ട്.

സാമൂഹികവിവേചന വ്യവസ്ഥയിലൂടെ (Social Discrimination System) വ്യക്തി മറ്റുള്ളവരിൽനിന്നു വ്യതിരിക്തമായിരിക്കാൻ ആഗ്രഹിക്കുന്നു. ആദിമനിവാസികൾ അലങ്കാരങ്ങളിലൂടെയും തൂവലുകൾ, ടാറ്റൂ (പച്ചകുത്ത്) എന്നിവ ഉപയോഗിച്ചും അതു ചെയ്യുന്നു. ആധുനികോത്തര സമൂഹത്തിൽ വ്യക്തി തന്റെ വസ്തുക്കളുടെ പ്രദർശനത്തിലൂടെ സ്വയം സാമൂഹികമായി വേറിട്ട് അവതരിപ്പിക്കുന്നു. സാധനങ്ങൾ വാങ്ങുക എന്നത് സ്വാഭാവിക ആവശ്യമാണ് എന്നത് ഏതാണ്ട് അവസാനിച്ചിരിക്കുന്നു. അത് ഒരേസമയം ഉപഭോക്താവിനെ ഒരു പ്രത്യേക സംഘത്തിൽനിന്നു വ്യതിരിക്ത (Differentiate) മാക്കുകയും അതേസമയം സമാനതയാർന്ന മറ്റൊരു സംഘത്തിലേക്ക് ഒരേ തരത്തിൽ ഉപഭോഗം നടത്തുന്നവർ സംയോജിപ്പിക്കുകയും (Integrate) ചെയ്യുന്നു. വസ്തുക്കൾ അവയുടെ ഉപയുക്തതയിലും (Utility) സ്ഥിരതയിലും (Stability) അല്ല, പകരം അതിന്റെ സൂചകത്തിൽ നിലനിൽക്കുന്നു. അതിന്റെ ചിഹ്നമാണ് വിൽക്കപ്പെടുന്നത്. വസ്തുക്കളുടെ ഉടമസ്ഥത (Ownership) ഒരുവനെ പുതിയ സാമൂഹിക തലത്തിലേക്ക് എത്താൻ സഹായിക്കുന്നു, ജനിച്ച ജാതിയോ വർഗമോ ലിംഗമോ തടസ്സമാവാതെ.

Jean Baudrillard (2017, 'The Consumer Society Myths and Structure', Sage Publication, Chennai



## ചോദ്യങ്ങൾ

1. അദൃശ്യമായ കൈ എന്ന പദത്തിന്റെ അർഥതലമെന്താണ്?
2. വിപണിയെക്കുറിച്ചുള്ള സമൂഹശാസ്ത്ര കാഴ്ചപ്പാട് സാമ്പത്തികശാസ്ത്ര കാഴ്ചപ്പാടിൽനിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു ?
3. ഏതു വിധത്തിലാണ് ഒരു കമ്പോളം - അതായത് ഒരു പ്രതിവാര ഗ്രാമീണവിപണി-സാമൂഹികസ്ഥാപനമാകുന്നത്?
4. ജാതിയും ബന്ധുക്കളും ഒരു ബിസിനസ് വിജയത്തിന് എങ്ങനെയാണ് സംഭാവന നൽകുന്നത്?
5. കോളനിവൽക്കരണത്തിനുശേഷം ഇന്ത്യൻ സമ്പദ്വ്യവസ്ഥ എങ്ങനെ മാറ്റത്തിനു വിധേയമായി ?
6. ചരക്കുവൽക്കരണം എന്ന വാക്കിന്റെ അർഥം ഉദാഹരണസഹിതം വിശദമാക്കുക.
7. 'പദവിചിഹ്നം' എന്നാലെന്താണ്?
8. ആഗോളവൽക്കരണമെന്നതിൽ അടങ്ങിയിരിക്കുന്ന പ്രക്രിയകളിൽ ചിലത് എന്തൊക്കെയാണ്?
9. 'ഉദാരവൽക്കരണം' എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?
10. നിങ്ങളുടെ അഭിപ്രായത്തിൽ ഉദാരവൽക്കരണത്തിന്റെ ദീർഘകാല ആനുകൂല്യങ്ങൾ അതിന്റെ ചെലവിനേക്കാൾ കൂടുതലാകുമോ? കാരണങ്ങളും വ്യക്തമാക്കുക.



## REFERENCES


Bayly, C.A. 1983 *Rulers, Townsmen and Bazaars; North Indian Society in the Age of British Expansion, 1770-1870*. Oxford University Press. Delhi.

Durkheim. Emile. 1964 (1933). *The Division of Labour in Society*. Free Press. New York.

Gell, Alfred. 1982. 'The market wheel: symbolic aspects of an Indian tribal market,' *Man (N.S.)*. 17(3):470-91.

Hardgrove. Anne. 2004. *Community and Public Culture; The Marwaris in Calcutta*. Oxford University Press. New Delhi.

Malinowski. Bronislaw. 1961 (1921). *Argonauts of the Western Pacific*. E.P. Dutton and Company. New York.

Mauss. Marcel. 1967. *The Gift: Forms and Functions of Exchange in Archaic Societies*. W.W. Norton & Company. New York.

Polanyi, Karl. 1944. *The Great Transformation*. Beacon Press. Boston.

Rudner. David. 1994. *Caste and Capitalism in Colonial India; The Nattukottai Chettiars*. University of California Press. Berkeley.

Stein, Burton and Subrahmanyam, Sanjay. ed. 1996. *Institutions and Economic Change in South Asia*. Oxford University Press. New Delhi.



പാഠം 5

# സാമൂഹിക അസമത്വത്തിന്റെയും ബഹിഷ്കരണത്തിന്റെയും രീതികൾ

# PATTERNS OF SOCIAL INEQUALITY AND EXCLUSION

കഴിഞ്ഞ രണ്ടധ്യായങ്ങളിൽ കുടുംബം, ജാതി, വിപണി എന്നീ സാമൂഹികസ്ഥാപനങ്ങളെയാണ് പരിഗണിച്ചിരുന്നത്. മൂന്നും നാലും അധ്യായങ്ങളിൽ ഈ സ്ഥാപനങ്ങൾ സമുദായരൂപീകരണത്തിനു പുറമേ, സമൂഹത്തെ എങ്ങനെ സുസ്ഥിരമായി നിലനിർത്തുന്നു എന്നും വിശദീകരിച്ചു. ഈ അധ്യായത്തിൽ ഈ സ്ഥാപനങ്ങൾ അസമത്വത്തിന്റെയും ബഹിഷ്കരണത്തിന്റെയും രീതികൾ എങ്ങനെ സൃഷ്ടിക്കുന്നുവെന്നും നിലനിർത്തുന്നുവെന്നും വിശദീകരിക്കുന്നു.

ഇന്ത്യയിൽ ജനിച്ച് ഇവിടെ ജീവിക്കുന്ന ഭൂരിപക്ഷം ആളുകൾക്കും സാമൂഹിക അസമത്വവും ബഹിഷ്കരണവും ഒരു ജീവിതയാഥാർഥ്യമാണ്. നമുക്ക് റെയിൽവേസ്റ്റേഷനിലും തെരുവുകളിലും ഭിക്ഷക്കാരെ കാണാൻ സാധിക്കും. ചായക്കടകളിലും തട്ടുകടകളിലും (ധാബകൾ) നിർമ്മാണപ്രവർത്തനങ്ങളിൽ സഹായികളായും വീട്ടുവേലക്കാരായും ശുചീകരണവേല ചെയ്യുന്നവരായും കുട്ടികളെ കാണാം. നഗരങ്ങളിലെ ഇടത്തരം കുടുംബങ്ങളിൽ കൊച്ചുകുട്ടികളെ വേലക്കാരായി നിർത്തുന്നതും ഇവർ അവരെക്കാൾ മുതിർന്ന കുട്ടികളുടെ സ്കൂൾ ബാഗുകൾ ചുമക്കുന്നതും കാണുമ്പോഴും നമുക്ക് അദ്ഭുതം തോന്നാറില്ല. ചില കുട്ടികളെ വിദ്യാഭ്യാസത്തിൽ നിന്ന് മാറ്റിനിർത്തുന്നത് നീതിനിഷേധമായി നമുക്ക് പെട്ടെന്നു തോന്നിയെന്നു വരില്ല. നമ്മളിൽ ചിലർ വിദ്യാലയങ്ങളിലെ ജാതിവിവേചനങ്ങളെക്കുറിച്ച് വായിച്ചറിഞ്ഞവരും ചിലർ അനുഭവമുണ്ടായവരുമാകാം. അതുപോലെ നിത്യജീവിതത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ചും ഭിന്നശേഷിക്കാരെക്കുറിച്ചും ന്യൂനപക്ഷങ്ങളെക്കുറിച്ചുമുള്ള ധാരണകളും വാർത്തകളും പത്രങ്ങളിൽ വായിച്ചറിഞ്ഞിട്ടുണ്ടാവും.

നിത്യസംഭവങ്ങളായ ഇത്തരം സാമൂഹികബഹിഷ്കരണങ്ങളും അസമത്വങ്ങളും ചിലപ്പോൾ ഒഴിച്ചുകൂടാൻ പറ്റാത്തതും സ്വാഭാവികവുമായി പരിഗണിക്കപ്പെടുന്നു. ചിലപ്പോൾ ഇത് ഒഴിച്ചുകൂടാൻ പറ്റാത്തവ അല്ലെന്ന് കാണാറുണ്ടെങ്കിലും ഇത് അവർ അർഹിക്കുന്നതാണെന്നു കരുതി അതിനെ ന്യായീകരിക്കുകയാണ് മറ്റൊരർഥത്തിൽ ചിലർ ചെയ്യുന്നത്. പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും അങ്ങനെയായിത്തീർന്നത് അവർക്ക് കഴിവില്ലാത്തതിനാലും അവരുടെ നില മെച്ചപ്പെടുത്താൻ ശ്രമിക്കാത്തിനാലുമാണെന്ന് ചിലർ വാദിക്കുന്നു. ബുദ്ധിശൂന്യതയും കഠിനാധ്വാനശീലമില്ലായ്മയുമാണ് അവരുടെ ഈ അവസ്ഥയ്ക്ക് കാരണമെന്നും കുറ്റപ്പെടുത്തുന്നു.

സൂക്ഷ്മമായി പരിശോധിച്ചാൽ സമൂഹത്തിലെ താഴെ തട്ടിലുള്ളവരേക്കാൾ കഠിനാധ്വാനം ചെയ്യുന്നവരായി വളരെ കുറച്ചുപേർ മാത്രമേ കാണുകയുള്ളൂ. ഒരു തെക്കേ അമേരിക്കൻ പഴഞ്ചൊല്ലിൽ സൂചിപ്പിക്കുന്നതുപോലെ, 'കഠിനാധ്വാനം നല്ല കാര്യമാണെങ്കിൽ പണക്കാർ അത് അവർക്ക് മാത്രമായി സൂക്ഷിച്ചുവയ്ക്കുമായിരുന്നു'. ലോകത്തെല്ലായിടത്തും കല്ലുപൊട്ടിക്കൽ, ഭൂമി കുഴിക്കൽ, ഭാരം ചുമക്കൽ, റിക്ഷകളും കൈവണ്ടികളും വലിക്കൽ എന്നിങ്ങനെ നട്ടെല്ലൊടിക്കുന്ന ജോലികൾ മിക്കവാറും ദരിദ്രരാണ് ചെയ്യുന്നത്. എന്നാലും അവരുടെ ജീവിതാവസരങ്ങൾ മെച്ചപ്പെടുന്നില്ല. ഒരു സാധാരണ നിർമാണത്തൊഴിലാളി ചെറിയ കരാറുകാരനായി വളരുന്നത് എത്രമാത്രം അസാധാരണമാണ്? ഒരു തെരുവുബാലൻ വലിയ വ്യവസായിയായിത്തീരുന്നത് സിനിമയിൽ മാത്രം കാണുന്നു. ഇത്തരം നാടകീയവളർച്ചപോലും വളഞ്ഞ വഴിയിലൂടെയും നിയമാനുസൃതമല്ലാതെയും സംഭവിക്കുന്നതായിട്ടാണ് സിനിമയിലും മറ്റും കാണിക്കാറുള്ളത്.



**5.1**

നിങ്ങളും നിങ്ങളുടെ കുടുംബവും ബന്ധപ്പെടുന്ന പണക്കാരുടെയും പാവപ്പെട്ടവരുടെയും പട്ടിക തയാറാക്കുക. (ഉദാഹരണത്തിന്, റിക്ഷ വലിക്കുന്നവർ, തലച്ചുമടെടുക്കുന്നവർ, വീട്ടുജോലി ചെയ്യുന്നവർ, സിനിമാശാലയുടെ ഉടമ, നിർമാണക്കരാറുകാരൻ, ഡോക്ടർ, ഹോട്ടലുടമ, ... അല്ലെങ്കിൽ നിങ്ങളുടെ ചുറ്റുപാടിലുമുള്ളവർ.) ഓരോ വിഭാഗത്തിലെയും ഒരാളുമായി സംസാരിച്ച് അവരുടെ ദിനചര്യകൾ മനസ്സിലാക്കുക. ഓരോ വ്യക്തിയും

ഒരു തൊഴിൽദിനത്തിൽ എപ്പോൾ എഴുന്നേൽക്കുന്നു, എപ്പോൾ ഉറങ്ങുന്നു എന്നിങ്ങനെയുള്ള വിവരങ്ങൾ ഒരു ഡയറിയിൽ എഴുതുക. ഈ അറിവുകളിൽനിന്ന് താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

- ഓരോ വ്യക്തിയും ഒരുദിവസം എത്രമണിക്കൂർ തൊഴിലിനായി ചെലവിടുന്നു? ഏതു തരത്തിലുള്ള ജോലിയാണ് അവർ ചെയ്യുന്നത്? ഏതു രീതിയിലാണ് അവരുടെ തൊഴിൽ സന്തോഷമുള്ളതും ഇല്ലാത്തതും സമ്മർദ്ദമേറിയതും ക്ഷീണിപ്പിക്കുന്നതുമാകുന്നത്? മറ്റുള്ളവരുമായി ഏതുതരത്തിലുള്ള ബന്ധമാണവർ വച്ചുപുലർത്തുന്നത്? അവർ മറ്റുള്ളവരാൽ ബഹുമാനിതരാണോ? ആജ്ഞാപിക്കുന്ന, അനുസരിക്കുന്നവരാണോ? സഹകരണം കാംക്ഷിക്കുന്നവരാണോ? അച്ചടക്കം അടിച്ചേൽപ്പിക്കുന്നവരാണോ? തൊഴിലിൽ ബന്ധപ്പെടുന്നവരിൽനിന്നു ബഹുമാനം ലഭിക്കുന്നവരാണോ? അതോ, അവർ മറ്റുള്ളവരോട് ബഹുമാനം പ്രകടിപ്പിക്കുന്നവരാണോ?

പാവപ്പെട്ടവരിലും ചിലപ്പോൾ പണക്കാരിലും ചിലർ ശരിയായ 'തൊഴിലില്ലാത്തവരോ' 'തൊഴിലെടുക്കുന്നവരോ' ആണ്. അങ്ങനെയെങ്കിൽ അവരുടെ ദിനചര്യകൾ മനസ്സിലാക്കുക. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതാൻ ശ്രമിക്കുക.

- എന്തുകൊണ്ടാണ് വ്യക്തികൾ തൊഴിൽരഹിതരാകുന്നത്? അവനോ/അവളോ തൊഴിൽ തേടുന്നുണ്ടോ? അവനോ/അവളോ എങ്ങനെയാണ് ജീവിക്കുന്നത്? തൊഴിലില്ലായ്മ ഇവരെ എങ്ങനെയാണ് ബാധിക്കുന്നത്? തൊഴിലുള്ളവരുടെ ജീവിതരീതിയിൽ നിന്ന് ഇല്ലാത്തവരുടെ ജീവിതരീതിക്ക് വ്യത്യാസമുണ്ടോ?

■

പ്രവർത്തനം : 5.1 കഠിനാധ്വാനം മാത്രമാണ് ഒരു വ്യക്തിയുടെ ജീവിതസാഹചര്യങ്ങളെ മാറ്റാൻ കാരണമാകുന്നതെന്ന സാമാന്യകാഴ്ചപ്പാടിന്റെ പുനർചിന്തയിലേക്കെത്തിക്കുന്നതാണ് ഇത്. ഇതിൽ കഠിനാധ്വാനത്തിനും വ്യക്തിഗത കഴിവിനും പങ്കുണ്ടെന്നത് ശരിയാണ്. എല്ലാ കാര്യങ്ങളിലും തുല്യമാണെങ്കിൽ വ്യക്തിയുടെ പരിശ്രമം, കഴിവ്, ഭാഗ്യം എന്നിവ വ്യക്തികൾ തമ്മിലുള്ള വ്യത്യാസത്തിന് തീർച്ചയായും കാരണമാകുന്നു. എന്നാൽ എല്ലാം തുല്യമല്ല. ഈ വ്യക്ത്യേതരവും സംഘപരവുമായ വ്യത്യാസങ്ങൾ സാമൂഹികബഹിഷ്കരണത്തെയും അസമത്വത്തെയും വിശദീകരിക്കുന്നു.

## 5.1 സാമൂഹിക അസമത്വത്തിന്റെയും ബഹിഷ്കരണത്തിന്റെയും സാമൂഹികത എന്താണ്?
## What Is Social About Social Inequality and Exclusion?

ഈ ഭാഗത്ത് ഉന്നയിക്കപ്പെടുന്ന ചോദ്യത്തിനുള്ള മൂന്ന് ഉത്തരങ്ങൾ താഴെ പറയുന്ന വിധത്തിലാണ്. ഒന്ന്, സാമൂഹിക അസമത്വവും ബഹിഷ്കരണവും സാമൂഹികമാണ്. കാരണം, അതു വ്യക്തികളെ കുറിച്ചുള്ളവയല്ല, സംഘങ്ങളെപ്പറ്റിയുള്ളവയാണ്. രണ്ട്, അതിന് സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങളുമായി ശക്തമായ ബന്ധമുണ്ടെങ്കിലും, അത് സാമ്പത്തികമെന്നതിനെക്കാൾ സാമൂഹികമാണ്. അവ വ്യവസ്ഥാപിതവും ഘടനാപരവുമാണ്. സാമൂഹിക അസമത്വങ്ങൾക്ക് നിശ്ചിത മാതൃകയുണ്ട്. സാമൂഹികതയുടെ ഈ മൂന്ന് വിശാല ധാരണകളും താഴെ വിവരിക്കുന്നു.

### സാമൂഹിക അസമത്വം (Social inequality)

എല്ലാ സമൂഹങ്ങളിലും ഒരു ചെറിയ വിഭാഗത്തിന് മറ്റുള്ളവരേക്കാൾ പണവും സ്വത്തും വിദ്യാഭ്യാസവും ആരോഗ്യവും ശക്തിയും ഉണ്ടായിരിക്കും. സാമൂഹികവിഭവങ്ങളെ മൂന്നു മൂലധനങ്ങളായി തരംതിരിക്കാം. ഭൗതികസ്വത്തുക്കളും വരുമാനവുമെന്ന സാമ്പത്തികമൂലധനം (Economic capital), വിദ്യാഭ്യാസയോഗ്യതയും പദവിയുമെന്ന സാംസ്കാരികമൂലധനം

(Cultural capital), ബന്ധങ്ങളുടെ ശൃംഖലകളും സാമൂഹികബന്ധങ്ങളും സംഘടനകളുമെന്ന സാമൂഹികമൂലധനം (Social capital) (Bourdieu 1986). ഈ മൂന്നു മൂലധനങ്ങളും പരസ്പരം ഇടകലരുന്നതും പലപ്പോഴും ഒന്നിൽനിന്ന് മറ്റൊന്നിലേക്കു പരിവർത്തനം സംഭവിക്കുന്നതുമാണ്. ഉദാഹരണത്തിന്, സാമ്പത്തികശേഷിയുള്ള ഒരു കുടുംബത്തിലെ (സാമ്പത്തികമൂലധനം) വ്യക്തിക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള ചെലവു വഹിക്കാൻ കഴിയുന്നതിനാൽ വിദ്യാഭ്യാസമൂലധനം അഥവാ സാംസ്കാരികമൂലധനം നേടാൻ സാധിക്കുന്നു. ചിലർക്ക് തങ്ങളുടെ സ്വാധീനമുള്ള സുഹൃത്തുക്കൾ അല്ലെങ്കിൽ ബന്ധുക്കളുടെ (സാമൂഹികമൂലധനം) ഉപദേശവും ശുപാർശയും വഴി നല്ല ശമ്പളമുള്ള ജോലി ലഭിക്കുന്നു.

വിഭവങ്ങളുടെ പ്രാപ്യത അതുല്യമായിരിക്കുന്ന സാമൂഹിക അവസ്ഥയെയാണ് 'സാമൂഹിക അസമത്വം' എന്നു വിശേഷിപ്പിക്കുന്നത്. ചില സാമൂഹിക അസമത്വങ്ങൾ ജന്മസിദ്ധമായ വ്യത്യാസങ്ങൾ കാണിക്കുന്നു. ഉദാഹരണം, ചിലർ കഴിവുള്ളവരും പരിശ്രമിക്കുന്നവരും മറ്റുചിലർ അല്ലാത്തവരുമാണ്. ചിലർ അതിബുദ്ധിയുള്ളവരും കഴിവുള്ളവരും അല്ലെങ്കിൽ പദവിക്കും ധനത്തിനുമായി കഠിനാധ്വാനം ചെയ്യുന്നവരുമായിരിക്കും. എന്നാൽ സാമൂഹിക അസമത്വം ജന്മസിദ്ധമായതോ അല്ലെങ്കിൽ സഹജമായ വ്യത്യാസത്തിന്റെയോ അടിസ്ഥാനത്തിലല്ല, അവർ ജീവിക്കുന്ന സമൂഹത്തിന്റെ സൃഷ്ടിയാണ്. സമൂഹത്തിലെ ആളുകളെ അവരുടെ പദവിക്കനുസരിച്ച് പല തട്ടുകളായി തരംതിരിക്കുന്നതിനെ സൂചിപ്പിക്കാനാണ് സമൂഹശാസ്ത്രജ്ഞർ സാമൂഹികശ്രേണീകരണം എന്ന പദം ഉപയോഗിക്കുന്നത്. ഈ ശ്രേണിയാണ് അവരുടെ വ്യക്തിത്വം, അനുഭവങ്ങൾ, മറ്റുള്ളവരുമായുള്ള ബന്ധം, വിഭവങ്ങൾ ലഭിക്കാനുള്ള സാധ്യത എന്നിവ തീരുമാനിക്കുന്നത്. സാമൂഹികശ്രേണീകരണത്തെ വിശദീകരിക്കാൻ മൂന്നു പ്രധാന തത്ത്വങ്ങളുണ്ട്.

1. സാമൂഹികശ്രേണീകരണം സമൂഹത്തിന്റെ ഒരു സവിശേഷതയാണ്. അത് കേവലം വ്യക്തികൾ തമ്മിലുള്ള അന്തരം മാത്രമല്ല (Social stratification is a characteristic of society, not simply a function of individual differences): സാമൂഹികശ്രേണീകരണം സാമൂഹികവിഭവങ്ങൾ തുല്യമല്ലാതെ വ്യത്യസ്ത വിഭാഗങ്ങളിൽ വിതരണം ചെയ്യുന്ന സമൂഹവ്യാപകമായ ഒരു സമ്പ്രദായമാണ്. സാങ്കേതികവിദ്യ പ്രാകൃതമായിരുന്ന ഒരു സമൂഹത്തിൽ (വേട്ടയാടിയും ശേഖരിച്ചും ജീവിച്ചിരുന്ന സമൂഹം) ഉൽപ്പാദനം കുറവായതിനാൽ ശ്രേണീകരണം നാമമാത്രമായിരുന്നു. സാങ്കേതികമായി വലിയ പുരോഗതിയുണ്ടായ സമൂഹങ്ങളിൽ അടിസ്ഥാനാവശ്യങ്ങളെക്കാൾ കൂടുതൽ ഉൽപ്പാദിപ്പിച്ചിരുന്നു. എന്നാൽ ജനങ്ങളുടെ ജന്മസിദ്ധമായ കഴിവുകൾ പരിഗണിക്കാതെ സാമൂഹികവിഭവങ്ങൾ വ്യത്യസ്ത വിഭാഗങ്ങൾക്കിടയിൽ അസമമായി വിതരണം ചെയ്യപ്പെട്ടു.

2. സാമൂഹികശ്രേണീകരണം തലമുറകളായി നിലനിൽക്കുന്നു (Social stratification persists over generations): ഇത് കുടുംബവുമായും ഒരു തലമുറയിൽനിന്ന് മറ്റൊരു തലമുറയിലേക്കു പാരമ്പര്യമായി ലഭിക്കുന്ന സാമൂഹികവിഭവവുമായും ബന്ധപ്പെട്ടിരിക്കുന്നു. ഒരു വ്യക്തിയുടെ സാമൂഹികപദവി ചുമത്തപ്പെട്ടതാണ് (Ascribed). അതായത് കുട്ടികൾക്ക് അവരുടെ മാതാപിതാക്കളുടെ സാമൂഹികപദവി ലഭിക്കുന്നു. ജാതിവ്യവസ്ഥയിൽ, തൊഴിൽ നിർണയിക്കുന്നത് ജാതിയാണ്. ഒരു ദലിതൻ പരമ്പരാഗത കൃഷിപ്പണി, തോട്ടിപ്പണി, തുകൽപ്പണി എന്നിവയിൽ ഒതുങ്ങേണ്ടിവരുന്നതിനാൽ ഉയർന്ന ശമ്പളമുള്ള വെള്ളക്കോളർ ജോലി ലഭിക്കുന്നതിനുള്ള സാധ്യത വളരെ കുറവാണ്. സ്വഗണസമ്പ്രദായങ്ങൾ ഇത്തരത്തിലുള്ള സാമൂഹിക അസമത്വത്തെ ശക്തിപ്പെടുത്തി. ഇത് ഓരോ ജാതിയിൽപ്പെട്ട അംഗങ്ങൾക്കിടയിൽ മാത്രം വിവാഹം ഒതുക്കിനിർത്തുന്നതിനാൽ, മിശ്രവിവാഹത്തിലൂടെ ജാതിയുടെ അതിർവരമ്പുകൾ മുറിക്കാനുള്ള സാധ്യത ഇല്ലാതാക്കുന്നു.

3. സാമൂഹികശ്രേണീകരണത്തെ വിശ്വാസത്തിന്റെ അല്ലെങ്കിൽ പ്രത്യയശാസ്ത്രത്തിന്റെ രീതികൾ പിന്തുണയ്ക്കുന്നു (Social stratification is supported by patterns of belief, or ideology): ഒഴിച്ചുകൂടാനാവാത്തതും വ്യാപകമായി അംഗീകരിക്കപ്പെടാത്തതുമായ ഒരു

സമൂഹികശ്രേണീകരണവും നിലനിൽക്കില്ല. ജാതിവ്യവസ്ഥ അംഗീകരിക്കപ്പെട്ടത് ശുദ്ധി-അശുദ്ധ സിദ്ധാന്തത്തിനടിസ്ഥാനത്തിലാണ്. ജന്മംകൊണ്ട് ബ്രാഹ്മണർ ഉന്നതരും ദലിതർ താഴ്ന്നവരുമാണെന്ന് കണക്കാക്കപ്പെട്ടു. എന്നാൽ അസമത്വത്തെ എല്ലാവരും നിയമാനുസൃതമാണെന്നു കരുതുന്നില്ല. വിശേഷാവകാശങ്ങൾ ലഭിക്കുന്ന ജാതിയും വംശവും സാമൂഹികശ്രേണീകരണത്തെ പിന്തുണയ്ക്കുമ്പോൾ താഴെ തട്ടിലുള്ളവർ അതിനെ എതിർക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്നു.

സാധാരണയായി നമ്മൾ സാമൂഹികബഹിഷ്കരണവും വിവേചനവും സാമ്പത്തികവിഭവത്തിലുള്ള വ്യത്യാസത്തിൽ മാത്രം നിലനിൽക്കുന്നുവെന്ന് വിവക്ഷിക്കുന്നു. ഇത് ഭാഗികമായി മാത്രം ശരിയാണ്. ലിംഗം, മതം, വംശീയത, ഭാഷ, ജാതി, പരിമിതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ചിലപ്പോൾ ബഹിഷ്കരണവും വിവേചനവും അഭിമുഖീകരിക്കേണ്ടിവരുന്നു. ഉയർന്ന പശ്ചാത്തലത്തിൽനിന്നു വരുന്ന സ്ത്രീകൾ ചിലപ്പോൾ പൊതുസ്ഥലങ്ങളിൽ ലൈംഗിക പീഡനം അഭിമുഖീകരിക്കുന്നു. ന്യൂനപക്ഷമതത്തിൽപ്പെട്ടതോ വംശീയവിഭാഗത്തിൽപ്പെട്ടതോ ആയ മധ്യവർഗ ഉദ്യോഗസ്ഥർക്ക് വൻനഗരത്തിലെ മധ്യവർഗ കോളനിയിൽ പോലും താമസിക്കാൻ ഇടം കിട്ടണമെന്നില്ല. ജനങ്ങൾ മറ്റു വിഭാഗങ്ങളെക്കുറിച്ച് മുൻധാരണ വച്ചുപുലർത്തുന്നു. ഒരു സമുദായത്തിലെ അംഗമെന്ന നിലയിൽ നാം വളരുന്ന സമുദായത്തിന്റെ, ജാതിയുടെ, വംശത്തിന്റെ അല്ലെങ്കിൽ ലിംഗത്തിന്റെ ആശയം എന്നതു കൂടാതെ നമ്മൾ മറ്റുള്ളവരുടേതു കൂടി സ്വായത്തമാക്കുന്നു. ഇത് പലപ്പോഴും മുൻവിധികളായി പ്രതിഫലിക്കുന്നു.

ഒരു സംഘത്തിലെ അംഗങ്ങൾക്ക് മറ്റു വിഭാഗങ്ങളെക്കുറിച്ച് മുമ്പേയുള്ള അഭിപ്രായങ്ങളെയും മനോഭാവങ്ങളെയും 'മുൻധാരണകൾ' എന്നു സൂചിപ്പിക്കുന്നു. ഇവിടെ പദാർഥം - മുൻവിധി (Prejudice) എന്നാണ്. അതായത്, ലഭ്യമായ ഒരു തെളിവും കൂടാതെ, വസ്തുതയുമായി മുൻപരിചയമില്ലാതെയെടുക്കുന്ന അഭിപ്രായമാണിത്. മുൻവിധികൾ വച്ചുപുലർത്തുന്ന വ്യക്തിയുടെ മുൻധാരണകൾ പലപ്പോഴും നേരിട്ടുള്ള തെളിവുകളേക്കാൾ കേട്ടുകേൾവി അടിസ്ഥാനത്തിലായിരിക്കുകയും പുതിയ അറിവുകൾക്കനുസരിച്ച് മാറുന്നതിനെ എതിർക്കുകയും ചെയ്യുന്നു. മുൻധാരണകൾ ഗുണാത്മകവും ഋണാത്മകവുമാവാം. എന്നിരുന്നാലും ഈ പദം നിഷേധാത്മക അർത്ഥത്തിലാണ് പൊതുവെ ഉപയോഗിക്കപ്പെടുന്നത്. ഇത് അനുകൂല അർത്ഥത്തിലും ഉപയോഗിക്കാം. ഉദാഹരണത്തിന്, ഒരു വ്യക്തി ഒരു തെളിവുമില്ലാതെ തന്റെ ജാതിയിലെയോ സംഘത്തിലെയോ അംഗങ്ങൾ മറ്റു ജാതിയിലെയോ സംഘത്തിലെയോ അംഗങ്ങളേക്കാൾ ഉയർന്നവരാണ് എന്ന് മുൻധാരണ വച്ചുപുലർത്തുന്നത് അനുകൂലാത്മക മുൻവിധിയാണ്.

ഒരു സംഘം ആളുകളുടെ ഉറച്ചതും മാറ്റമില്ലാത്തതുമായ സ്ഥിരരൂപ സ്വഭാവരീതികളാണ് (Stereotype) മുൻധാരണകളുടെ അടിസ്ഥാനം. വംശങ്ങൾ, വർഗങ്ങൾ, സ്ത്രീകൾ എന്നിവരിൽ സ്ഥിരധാരണകൾ പലപ്പോഴും പ്രയോഗിക്കപ്പെടുന്നു. വർഷങ്ങളോളം കോളനിവൽക്കരിക്കപ്പെട്ട ഇന്ത്യയെപ്പോലുള്ള രാജ്യത്ത് പല സ്ഥിരധാരണകളും ഭാഗികമായി കൊളോണിയൽ സൃഷ്ടിയാണ്. ചില സമുദായങ്ങളെ സൈനികവംശമായും മറ്റു ചിലരെ ഭീരുക്കളായും ചതിയരായും ചിത്രീകരിച്ചു. ഇന്ത്യക്കാരുടെയും ബ്രിട്ടീഷുകാരുടെയും രചനകളിൽ ചില വിഭാഗങ്ങളെ മൊത്തമായി അലസരും സുത്രശാലികളുമായി വർഗീകരിച്ചിരിക്കുന്നു. ചില വ്യക്തികൾ ചില സമയങ്ങളിൽ മടിയരും സൂത്രശാലികളും ധൈര്യശാലികൾ അല്ലെങ്കിൽ ഭീരുക്കളും ആകുന്നുവെന്നത് ശരിയാണ്. എന്നാൽ, അത്തരത്തിലുള്ള വ്യക്തികൾ എല്ലാ സംഘത്തിലുമുണ്ട്. അതു കൂടാതെ ഇത്തരം വ്യക്തികൾ എല്ലായ്പ്പോഴും ഒരുപോലെയാകണമെന്നുമില്ല. സ്ഥലകാലങ്ങൾക്കനുസരിച്ചുള്ള വ്യക്തികളുടെ വ്യത്യാസങ്ങൾ കണക്കിലെടുക്കാമെങ്കിൽ, സ്ഥിരധാരണകൾ മൊത്തം സംഘത്തെ ഒരു ഏകവിഭാഗമായി കണക്കാക്കുന്നു. മുഴുവൻ സമുദായത്തെയും ഒരേ സ്വഭാവവും രീതിയുമുള്ള ഒരു വ്യക്തിയായിട്ടാണ് പരിഗണിക്കുന്നത്.

മുൻധാരണ ഒരു കാഴ്ചപ്പാടിനെയും അഭിപ്രായത്തെയുമാണ് സൂചിപ്പിക്കുന്നതെങ്കിൽ, വിവേചനം (Discrimination) മറ്റൊരു സംഘത്തോടോ വ്യക്തിയോടോ ഉള്ള യഥാർത്ഥ പെരുമാറ്റത്തെയാണു സൂചിപ്പിക്കുന്നത്. ജാതി, മതം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരു സംഘ



**5.2**

- സിനിമ, നോവൽ എന്നിവയിൽനിന്ന് മുൻധാരണകളുടെ ഉദാഹരണങ്ങൾ കണ്ടെത്തുക.
- നിങ്ങളും സുഹൃത്തുക്കളും ശേഖരിക്കുന്ന ഉദാഹരണങ്ങൾ ചർച്ചചെയ്യുക. സംഘത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള മുൻധാരണകൾ എങ്ങനെയാണ് പ്രതിഫലിപ്പിക്കപ്പെടുന്നത്? ഒരു പ്രത്യേകതരത്തിലുള്ള വർണ്ണന മുൻധാരണയാണെന്ന് നമുക്കെങ്ങനെ തീരുമാനിക്കാം?
- നിങ്ങൾക്ക് മനപ്പൂർവവും (ഒരു സിനിമാ സംവിധായകനോ എഴുത്തുകാരനോ (മുൻധാരണയെ സൂചിപ്പിച്ചിരുന്ന പോലെ) അല്ലാത്തതുമായ മുൻധാരണകൾക്കുള്ള സന്ദർഭങ്ങൾ വേർതിരിക്കാൻ സാധിക്കുമോ?

ത്തിലെ അംഗങ്ങളുടെ അവസരങ്ങൾ നിഷേധിക്കുന്നതിനെയും ഒരു വ്യക്തിയുടെ ജോലി നിഷേധിക്കുന്നതിനെയുമെല്ലാം വിവേചനമായി കണക്കാക്കാം. വിവേചനകാരണം തുറന്നുപറയാത്തതിനാൽ അതു തെളിയിക്കാൻ പ്രയാസമാണ്. നീതിയുക്തമായ കാരണങ്ങളാൽ വിവേചനത്തെയും മുൻധാരണകളെയും മറച്ചുവയ്ക്കുന്നു. ഉദാഹരണത്തിന്, ജാതിയടിസ്ഥാനത്തിൽ ജോലി നിഷേധിക്കപ്പെട്ടതിനു കാരണമായി പറയുന്നത് യോഗ്യതയുടെ കുറവാണെന്നും തിരഞ്ഞെടുപ്പ് പൂർണമായും യോഗ്യതയുടെ അടിസ്ഥാനത്തിലാണെന്നുമാണ്.

## സാമൂഹികബഹിഷ്കരണം (Social exclusion)

വ്യക്തികളെ സമൂഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളിൽ നിന്നും അകറ്റിനിർത്തുന്നതിനെ സാമൂഹികബഹിഷ്കരണം എന്നു സൂചിപ്പിക്കുന്നു. ഭൂരിഭാഗം ജനങ്ങൾക്കും ലഭിക്കുന്ന അവസരങ്ങൾ വ്യക്തികൾക്കും സംഘങ്ങൾക്കും നിഷേധിക്കുന്ന ഘടകങ്ങളിൽ ഇത് കൂടുതൽ ശ്രദ്ധ നൽകുന്നു. പൂർണവും പ്രവർത്തനാത്മകവുമായ ജീവിതം ലഭിക്കണമെങ്കിൽ വ്യക്തികൾക്ക് ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ മാത്രമല്ല, അവർക്ക് അവശ്യവസ്തുക്കൾ, വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, ഇൻഷുറൻസ്, സാമൂഹികസുരക്ഷ, ധനകാര്യം, പോലീസ്-നീതിന്യായവകുപ്പ് എന്നീ സേവനങ്ങൾകൂടി ആവശ്യമാണ്. സാമൂഹികബഹിഷ്കരണം അപ്രതീക്ഷിതമായിട്ടുള്ളതല്ല. ഇത് വ്യവസ്ഥാപിതവും സമൂഹത്തിന്റെ ഘടനയുമായി ബന്ധപ്പെട്ടതുമാണ്.

സാമൂഹികബഹിഷ്കരണം ഇഷ്ടാനുസരണം സംഭവിക്കുന്ന ഒന്നല്ല എന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതായത് പുറന്തള്ളപ്പെടുന്നവരുടെ ഇഷ്ടങ്ങൾ കണക്കിലെടുക്കാതെയാണതു സംഭവിക്കുന്നത്. ആയിരക്കണക്കിന് ദരിദ്രർ തെരുവുകളിലും പാലങ്ങൾക്കടിയിലും കിടന്നുറങ്ങുന്നതുപോലെ പണക്കാരെ നമുക്ക് കാണാൻ സാധിക്കില്ല. ഇതിന്റെ അർഥം സമ്പന്നർ തെരുവുകളിൽനിന്നും പാർക്ക് ബെഞ്ചുകളിൽനിന്നും പുറന്തള്ളപ്പെട്ടവരാണെന്നല്ല. അവർക്ക് ഇഷ്ടമുണ്ടെങ്കിൽ തീർച്ചയായും അവിടം നേടാവുന്നതേയുള്ളൂ. പക്ഷേ, അവർ അത് തിരഞ്ഞെടുക്കുന്നില്ല. പുറന്തള്ളപ്പെട്ടവർക്ക് താൽപ്പര്യമില്ലാത്തതിനാലാണ് പ്രവർത്തനങ്ങളിൽ ഏർപ്പെടാത്തതെന്ന വാദത്തിൽ സാമൂഹികബഹിഷ്കരണത്തെ തെറ്റായി ചിലപ്പോൾ ന്യായീകരിക്കുന്നു. ഇത്തരം തർക്കങ്ങൾ നമുക്ക് അഭികാമ്യമായ ഒന്നിലേക്കുള്ള പ്രവേശനം തടയുന്നതിനെയാണ് സാമൂഹികബഹിഷ്കരണമെന്നു പറയുന്നത്. അതിനാൽ അത്തരം തർക്കങ്ങൾ സത്യമല്ല (തെരുവുകളിൽ ഉറങ്ങാൻ ആരും ആഗ്രഹിക്കുന്നില്ല.)

നിരന്തരമായ വിവേചനം അവഹേളനവും ബഹിഷ്കൃതവിഭാഗത്തിൽ പലപ്പോഴും പ്രതികരണങ്ങൾ ഉണ്ടാക്കുകയും ഉൾപ്പെടാനുള്ള (Inclusion) ശ്രമം ഉപേക്ഷിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, ഉയർന്നവരെന്നു വിളിക്കപ്പെടുന്ന വിഭാഗത്തിലുള്ള ഹിന്ദുസമുദായം താഴ്ന്നവരാക്കപ്പെട്ട വിഭാഗത്തിൽപ്പെട്ടവർക്ക്, പ്രത്യേകിച്ചും ദലിതർക്ക് ക്ഷേത്രപ്രവേശനം നിഷേധിച്ചിരുന്നു. പതിറ്റാണ്ടുകളായുള്ള ഈ പെരുമാറ്റം, ദലിത് വിഭാഗങ്ങൾ സ്വന്തമായി ക്ഷേത്രങ്ങൾ നിർമിക്കുന്നതിലേക്കും ബുദ്ധമതം, ക്രിസ്തുമതം, ഇസ്ലാം എന്നിവയിലേക്ക് പരിവർത്തനം നടത്തുന്നതിലേക്കും പ്രേരിപ്പിച്ചു. ഇതിനുശേഷം അവർ ഹിന്ദുക്ഷേത്രങ്ങളിൽ പോകാനോ മതചടങ്ങു

കളിൽ പങ്കെടുക്കാനോ ആഗ്രഹമില്ലാത്തവരായി. സാമൂഹികബഹിഷ്കരണം നടക്കുന്നില്ലെന്ന് ഇതിനർഥമില്ല. ബഹിഷ്കൃതവിഭാഗത്തിന്റെ ആഗ്രഹങ്ങൾക്ക് വിരുദ്ധമായാണ് സാമൂഹികബഹിഷ്കരണങ്ങൾ നടക്കുന്നതെന്നു സൂചിപ്പിക്കുന്നു.

മറ്റു സമൂഹങ്ങളിലെന്നതുപോലെ ഇന്ത്യയിലും സാമൂഹികബഹിഷ്കരണങ്ങളും വിവേചനങ്ങളും വലിയ തോതിൽ നടക്കുന്നു. ചരിത്രത്തിന്റെ പല കാലഘട്ടങ്ങളിലും, ജാതിയുടെയും ലിംഗത്തിന്റെയും മതത്തിന്റെയും പേരിലുള്ള വിവേചനത്തിനെതിരെ പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്. മുൻധാരണകൾ ഇപ്പോഴും നിലനിൽക്കുകയും പുതിയവ പലപ്പോഴും ഉയരുകയും ചെയ്യുന്നു. അതുകൊണ്ട് നിയമനിർമാണത്തിനുമാത്രം സമൂഹത്തെ പരിഷ്കരിക്കാനോ മാറ്റം വരുത്താനോ കഴിയില്ല. സ്ഥിരമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെയും സംവേദനങ്ങളിലൂടെയും മാത്രമേ വിവേചനം അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ.

സാമ്രാജ്യത്വഭരണം ഇന്ത്യൻസമൂഹത്തിലുണ്ടാക്കിയ പ്രതിഫലനത്തെക്കുറിച്ച് നിങ്ങൾ നേരത്തേ മനസ്സിലാക്കി. സാമൂഹികബഹിഷ്കരണങ്ങളും വിവേചനവും വിശേഷാവകാശമുള്ള ഇന്ത്യക്കാരിലേക്ക് വന്നത് ബ്രിട്ടീഷ് സാമ്രാജ്യത്വശക്തികളിൽനിന്നാണ്. ഇത് വിവേചനത്തിനു വിധേയമായ സംഘങ്ങളായ സ്ത്രീകൾ, ദലിത്, അടിച്ചമർത്തപ്പെട്ട ജാതി, വർഗം എന്നിവയിലും സാധാരണയായി അനുഭവപ്പെടുന്നുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൽനിന്നുള്ള അവഹേളനവും അതേസമയംതന്നെ ജനാധിപത്യം, നീതി എന്നീ ആശയങ്ങളും ധാരാളം ആളുകളെ സാമൂഹികപരിഷ്കരണപ്രസ്ഥാനത്തിൽ പങ്കെടുപ്പിക്കുന്നതിനുള്ള കാരണമായി.

തീവ്രമായ സാമൂഹിക അസമത്വവും ബഹിഷ്കരണവും നേരിടുന്ന ദലിത് അല്ലെങ്കിൽ പഴയ തൊട്ടുകൂടാത്ത ജാതികൾ, ആദിവാസികൾ, സ്ത്രീകൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങൾക്കാണ് ഈ അധ്യായത്തിൽ കൂടുതൽ പ്രാധാന്യം നൽകുന്നത്. ഈ വിഭാഗങ്ങളുടെ പോരാട്ടങ്ങളും നേട്ടങ്ങളും മനസ്സിലാക്കാൻ ശ്രമം നടത്തുകയാണിവിടെ.

## 5.2 ജാതിയും ഗോത്രവും-അസമത്വം ന്യായീകരിക്കുകയും നിലനിർത്തുകയും ചെയ്യുന്ന വ്യവസ്ഥകൾ (Caste and Tribe – Systems Justifying and Perpetuating Inequality)

### ജാതിവ്യവസ്ഥ ഒരു വിവേചനവ്യവസ്ഥ എന്ന നിലയിൽ (The caste system as a discriminatory system)

ഒരു പ്രത്യേക ജാതിയിൽ ജനിച്ചവരോടു വിവേചനം കാണിക്കാൻ പ്രേരിപ്പിക്കുകയും അത് നിയമാനുസൃതമാക്കുകയും ചെയ്യുന്ന സാമൂഹികസ്ഥാപനമാണ് ജാതി. വിവേചനാത്മകവും അവഹേളനപരവും നിഷേധാത്മകവും ചൂഷണാത്മകവുമാണ് ഈ സമ്പ്രദായം.

ചരിത്രപരമായി ജാതിവ്യവസ്ഥ ജനങ്ങളെ തൊഴിലിന്റെയും പദവിയുടെയും അടിസ്ഥാനത്തിൽ വേർതിരിച്ചു. ഓരോ ജാതിയും ഓരോ തൊഴിലുമായി ബന്ധപ്പെട്ടുകിടക്കുന്നു. അതായത് ഒരു ജാതിയിൽ ജനിച്ച വ്യക്തി ആ ജാതിയുമായി ബന്ധപ്പെട്ടിരിക്കുന്ന തൊഴിൽ ചെയ്യാൻ കൂടി ജനിച്ചു എന്നാണർഥം. മറ്റു തൊഴിൽ തിരഞ്ഞെടുക്കാനുള്ള സാധ്യത അത് നിഷേധിക്കുന്നു. ഓരോ ജാതിക്കും അതിന്റെ ശ്രേണിയിൽ പ്രത്യേകം സാമൂഹികപദവിയുണ്ട്. അതിനാൽ ഓരോ തൊഴിൽവിഭാഗത്തിലും വീണ്ടും സാമൂഹികപദവിക്കനുസരിച്ചുള്ള ശ്രേണീസ്ഥാനമുണ്ടാകുമെന്നത് പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. വേദഗ്രന്ഥങ്ങളിലെ കർശനനിയമങ്ങളിൽ പദവിയും സാമ്പത്തികസ്ഥിതിയും കൃത്യമായി വേർതിരിച്ചിരിക്കുന്നു. ഉദാഹരണത്തിന്, അനുഷ്ഠാനപരമായി ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിയിലുള്ള ബ്രാഹ്മണർ സമ്പത്ത് ശേഖരിക്കാറില്ല. അവർ ക്ഷത്രിയവിഭാഗത്തിലുള്ള രാജാക്കന്മാരുടെ അധികാരത്തെ അംഗീകരിക്കുക

യാണ് ചെയ്യുന്നത്. അതേസമയം ഉന്നതമായ മതേതര-സാമ്പത്തിക പദവിയുണ്ടെങ്കിലും രാജാവ് അനുഷ്ഠാന മതമണ്ഡലങ്ങളിൽ ബ്രാഹ്മണരുടെ കീഴെയാണ്. (5.1 ൽ നൽകിയിട്ടുള്ള വർണവിവേചന വ്യവസ്ഥിതിയുമായി താരതമ്യം ചെയ്യുക).

യഥാർഥ ജീവിതത്തിൽ സാമ്പത്തികപദവിയും സാമൂഹികപദവിയും വേർതിരിച്ചുകാണുന്നില്ല. അതുകൊണ്ട് സാമൂഹിക (ജാതി) പദവിയും സാമ്പത്തികപദവിയും തമ്മിൽ അടുത്ത ബന്ധവുമുണ്ട്. ഉയർന്നവരെന്നു പറയുന്ന ജാതി സാധാരണയായി ഉയർന്ന സാമ്പത്തികപദവിയിലും താഴ്ന്നവരാക്കപ്പെട്ട ജാതിയിലുള്ളവർ താഴ്ന്ന സാമ്പത്തികപദവിയിലുമാണ്. ആധുനികകാലഘട്ടത്തിൽ, പ്രത്യേകിച്ച് 19-ാം നൂറ്റാണ്ടിൽ ജാതിയും തൊഴിലും തമ്മിലുള്ള ബന്ധം കുറഞ്ഞു. മത-ആചാരപ്രകാരമുള്ള തൊഴിൽമാറ്റത്തിനുള്ള നിരോധനം ഇന്ന് എളുപ്പത്തിൽ നടപ്പിലാക്കാൻ സാധിക്കില്ലെന്നു മാത്രമല്ല, തൊഴിൽമാറ്റം എന്നത്തേക്കാളും എളുപ്പവുമാണ്. നൂറോ നൂറ്റൻപതോ വർഷങ്ങൾക്കു മുമ്പുള്ള അവസ്ഥയുമായി താരതമ്യപ്പെടുത്തുമ്പോൾ സാമ്പത്തികപദവിയും ജാതിയും തമ്മിലുള്ള ബന്ധത്തിനും കുറവുണ്ട്. എന്നാൽ സ്ഥൂലതലത്തിൽ (Macro level) ജാതിയും വർഗവും തമ്മിലുള്ള ബന്ധം ഇന്നും നിലനിൽക്കുന്നുവെന്നത് എടുത്തുപറയേണ്ടതുതന്നെയാണ്. വ്യവസ്ഥയുടെ കാഠിന്യം കുറഞ്ഞതിനാൽ വിശാലാർഥത്തിൽ ഒരേ സാമൂഹിക-സാമ്പത്തികപദവിയിലുള്ള ജാതികൾ തമ്മിലുള്ള വ്യത്യാസം കുറഞ്ഞു. എന്നിരുന്നാലും വിഭിന്ന സാമൂഹിക-സാമ്പത്തിക വിഭാഗങ്ങൾക്കിടയിലുള്ള വ്യത്യാസങ്ങൾ ഇന്നും തുടരുന്നുണ്ട്.

കാര്യങ്ങൾ വളരെയധികം മാറിയിട്ടുണ്ടെങ്കിലും സ്ഥൂലതലത്തിൽ അതിന് വലിയ മാറ്റം ഉണ്ടായിട്ടില്ല. വിശേഷാവകാശങ്ങളുള്ള (ഉയർന്ന സാമ്പത്തികപദവിയുള്ള വിഭാഗം) ഇപ്പോഴും മേൽജാതിക്കാരും ദുർബലരായ (താഴ്ന്ന സാമ്പത്തികപദവി) വിഭാഗങ്ങൾ കൂടുതലും താഴ്ന്നവരാക്കപ്പെട്ട ജാതിയിലുള്ളവരുമാണ്. ജനസംഖ്യയിൽ ദരിദ്രജനങ്ങളുടെ ശതമാനം വ്യത്യസ്ത ജാതിതലങ്ങളിൽ വ്യത്യസ്തമായിരിക്കും (പട്ടിക ഒന്ന്, രണ്ട് എന്നിവ കാണുക). ചുരുക്കത്തിൽ, ഒരു നൂറ്റാണ്ടിലെ സാമൂഹികപ്രസ്ഥാനങ്ങൾക്കും പ്രവർത്തനങ്ങൾക്കുംശേഷവും ഉൽപ്പാദന പ്രക്രിയയിലെ വലിയ മാറ്റങ്ങൾക്കുമപ്പുറം ജാതിയുടെ പൊതുജീവിതത്തിലെ നേരിട്ടുള്ള പ്രവർത്തനങ്ങളെ സ്വാതന്ത്ര്യാനന്തരം അടിച്ചമർത്തിയിട്ടും 21-ാം നൂറ്റാണ്ടിലും ജാതി ഇന്ത്യൻ ജനതയുടെ സാധ്യതകളെ സ്വാധീനിക്കുന്നു.

ബോക്സ് 5.1

### വംശവും ജാതിയും – അന്തർസാംസ്കാരിക താരതമ്യം
### Race and Caste – A Cross-Cultural Comparison

ഇന്ത്യയിൽ ജാതിയെന്നപോലെ തെക്കേ ആഫ്രിക്കയിൽ വംശം (Race) സമൂഹത്തെ ശ്രേണികളാക്കുന്നു. എന്നാൽ ന്യൂനപക്ഷ വെള്ളക്കാർ അധികാരവും ധനവും കൈവശംവയ്ക്കുന്നു. ഏഴിൽ ഒരു ആഫ്രിക്കക്കാരന് യൂറോപ്യൻ പാരമ്പര്യമാണുള്ളത്. 17-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ കച്ചവടക്കാർ ആഫ്രിക്കയിൽ സ്ഥിരതാമസക്കാരായി. 19-ാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ഡച്ചുകാരെ പുറന്തള്ളി. ബ്രിട്ടീഷുകാർ ആഫ്രിക്ക കോളനിയാക്കി. 20-ാം നൂറ്റാണ്ടിൽ ആദ്യകാലത്ത് ബ്രിട്ടീഷുകാർ നിയന്ത്രണം നേടുകയും അത് കോളനിയുടെ ഭാഗമാക്കുകയും പിന്നീട് റിപ്പബ്ലിക്കാവുകയും ചെയ്തു.

രാഷ്ട്രീയാധികാരം ഉറപ്പുവരുത്തുന്നതിനായി യൂറോപ്യൻ ന്യൂനപക്ഷം വർണവിവേചനം അല്ലെങ്കിൽ വംശങ്ങൾക്കിടയിൽ വേർതിരിവുനയം (Apartheid) സ്വീകരിച്ചു. അനൗപചാരിക പ്രവർത്തനത്തിൽപ്പെട്ട വർണവിവേചനം 1948 ൽ നിയമമായി. ഇത് ഭൂരിപക്ഷ കറുത്തവർഗക്കാർക്ക് ആഫ്രിക്കയിൽ പൗരത്വവും ഭൂവുടമാവകാശവും ഭരണത്തിൽ ഔപചാരികപ്രാതിനിധ്യവും നിഷേധിച്ചു. എല്ലാ വ്യക്തികളെയും വംശാടിസ്ഥാനത്തിൽ വേർതിരിക്കുകയും മിശ്രവിവാഹം നിരോധിക്കുകയും ചെയ്തു. കറുത്തവർഗത്തിലുള്ളവർക്ക് ഏകദേശം ഒരു വെള്ളക്കാരന് ലഭിക്കുന്നതിനേക്കാൾ കാൽഭാഗം കൂലിമാത്രം ലഭിക്കുന്ന തൊഴിൽ ലഭിച്ചു. 2010 നൂറ്റാണ്ടിന്റെ മധ്യമായപ്പോഴേക്കും മില്യൺ കണക്കിന് കറുത്തവർഗക്കാർ

വീടില്ലാത്തവരായി. വൃത്തിയുള്ള കെട്ടിടങ്ങളോ തൊഴിലോ തൊഴിൽശാലകളോ ഇല്ലാത്ത ജില്ലകളിലേക്ക് അവർ മാറ്റപ്പെട്ടു. രാജ്യത്തിന്റെ 80 ശതമാനം വരുന്ന കറുത്തവർഗക്കാരുടെ ആകെ ഭൂമി സൗത്ത് ആഫ്രിക്കയുടെ 14 ശതമാനം മാത്രമായി. പട്ടിണിയും ബുദ്ധിമുട്ടുകളും സാർവത്രികമായി. ചുരുക്കത്തിൽ, വജ്രവും വിലപിടിച്ച ധാതുക്കളുമടങ്ങിയ പ്രകൃതിവിഭവങ്ങളുള്ള ആഫ്രിക്കയിലെ ഭൂരിപക്ഷം ആളുകളും ദാരിദ്ര്യത്തിൽ ജീവിച്ചു.

കറുത്തവർഗക്കാരെ അധമരായി കണ്ട സമ്പന്നരായ വെള്ളക്കാർ തങ്ങളുടെ വിശിഷ്ടാവകാശങ്ങൾ സംരക്ഷിച്ചു നിർത്തി. അവർ അധികാരം നിലനിർത്താൻ ശക്തമായ പട്ടാളത്തെ ഉപയോഗിച്ചു. കറുത്തവർഗക്കാരായ പ്രക്ഷോഭകരെ ജയിലിലടയ്ക്കുകയും ഉപദ്രവിച്ചു കൊല്ലുകയും ചെയ്തു. ഈ ഭീകരഭരണത്തിലും ആഫ്രിക്കൻജനത ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിൽ അണിനിരന്ന് നെൽസൺ മണ്ടേലയുടെ നേതൃത്വത്തിൽ ദശാബ്ദങ്ങളോളം സമരംചെയ്തു. 1994-ൽ അവർ വിജയിക്കുകയും ഒരു സർക്കാരുണ്ടാക്കുകയും ചെയ്തു. വർണവിവേചനത്തിനുശേഷമുള്ള ഭരണഘടന വംശീയവിവേചനം നിരോധിച്ചെങ്കിലും സാമ്പത്തികമൂലധനം വെള്ളക്കാരന്റെ കൈവശംതന്നെ കേന്ദ്രീകരിക്കപ്പെട്ടു. കറുത്തവർഗക്കാരെ ശാക്തീകരിക്കുക എന്നത് പുതിയ സമൂഹത്തിനും ഒരു വെല്ലുവിളിയാണ്.

''ഞാൻ വെള്ളക്കാരന്റെ ആധിപത്യത്തിനെതിരെ പോരാടി. ഞാൻ കറുത്തവർഗക്കാരന്റെ ആധിപത്യത്തിനെതിരെയും പോരാടി. എല്ലാവർക്കും സഹവർത്തിത്വവും തുല്യാവസരവുമുള്ള ജനാധിപത്യ-സ്വതന്ത്രസമൂഹം ഞാനാഗ്രഹിക്കുന്നു. ജീവിക്കാനും നേടാനും പറ്റിയ മാതൃക അതാണെന്ന് ഞാൻ കരുതുന്നു. ആവശ്യമെങ്കിൽ ആ മാതൃകയ്ക്കുവേണ്ടി മരിക്കാൻ വരെ ഞാൻ തയാറാണ്.''

*Nelson Mandela. 20 April 1964, Rivonia Trial.*

## പട്ടിക - 1: ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനസംഖ്യയുടെ ശതമാനം (2011-2012)

| ജാതി/സമുദായ ഗ്രൂപ്പുകൾ | ഇന്ത്യൻ ഗ്രാമങ്ങൾ | ഇന്ത്യൻ നഗരങ്ങൾ |
|---|---|---|
| | പ്രതിമാസം പ്രതിശീർഷം **327** രൂപ വരെ ചെലവാക്കുന്നവർ | പ്രതിമാസം പ്രതിശീർഷം **454** രൂപ വരെ ചെലവാക്കുന്നവർ |
| പട്ടികവർഗം | 45.3 | 24.1 |
| പട്ടികജാതി | 31.5 | 21.7 |
| ഒ ബി സി | 22.7 | 15.4 |
| ഉന്നതജാതി-മുസ്ലീം | 26.9 | 22.1 |
| ഉന്നതജാതി-ഹിന്ദു | 25.6 | 12.1 |
| ഉന്നതജാതി-ക്രിസ്ത്യൻ | 22.2 | 05.5 |
| ഉന്നതജാതി-സിഖ് | 06.2 | 05.0 |
| എല്ലാ ഗ്രൂപ്പുകളും | 25.4 | 13.7 |

Note: ഒ.ബി.സി = മറ്റു പിന്നോക്കവിഭാഗങ്ങൾ - 'ഉന്നതജാതി' = പട്ടികജാതി/പട്ടികവർഗം/-ഒ.ബി.സി അല്ലാത്തവർ

*Source: Report of NITI Aayog, 2014*

**പട്ടിക – 2: ജനസംഖ്യയിലെ ധനാഢ്യരുടെ ശതമാനം**

**1999–2000**

| ജാതി/സമുദായ ഗ്രൂപ്പുകൾ | ഇന്ത്യൻ ഗ്രാമങ്ങൾ | ഇന്ത്യൻ നഗരങ്ങൾ |
|---|---|---|
| | പ്രതിമാസം പ്രതിശീർഷം 1000 രൂപയോ വരെ ചെലവാക്കുന്നവർ | പ്രതിമാസം പ്രതിശീർഷം 2000 രൂപയോ വരെ ചെലവാക്കുന്നവർ |
| പട്ടികവർഗം | 1.4 | 1.8 |
| പട്ടികജാതി | 1.7 | 0.8 |
| ഒ.ബി.സി | 3.3 | 2.0 |
| ഉന്നതജാതി-മുസ്ലീം | 2.0 | 1.6 |
| ഉന്നതജാതി-ഹിന്ദു | 8.6 | 8.2 |
| ഉന്നതജാതി-ക്രിസ്ത്യൻ | 18.9 | 17.0 |
| ഉന്നതജാതി-സിഖ് | 31.7 | 15.1 |
| ഉന്നതജാതി-മറ്റുള്ളവർ | 17.9 | 14.4 |
| എല്ലാ ഗ്രൂപ്പുകളും | 4.3 | 4.5 |

Note: ഒ.ബി.സി = മറ്റു പിന്നോക്കവിഭാഗങ്ങൾ – 'ഉന്നതജാതി' = പട്ടികജാതി/പട്ടികവർഗം/-ഒ.ബി.സി അല്ലാത്തവർ

*Source: Computed from NSSO 55th Round (1999-2000) unit-level data on CD*

### പട്ടിക 1, 2 പ്രവർത്തനങ്ങൾ

2011–2012–ൽ ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്ന ജാതി അല്ലെങ്കിൽ സമുദായം, ജനസംഖ്യാശതമാനം സൂചിപ്പിക്കുന്നു. ഗ്രാമത്തിനും നഗരത്തിനും വ്യത്യസ്ത ഭാഗങ്ങളുണ്ട്. രണ്ടാമത്തെ പട്ടിക ദാരിദ്ര്യത്തേക്കാളുപരി സമ്പന്നജീവിതം നയിക്കുന്ന ജനതയുടെ ശതമാനക്കണക്കാണ് നൽകിയിരിക്കുന്നത്. ഗ്രാമത്തിൽ ഒരു വ്യക്തി മാസത്തിൽ 1000/-രൂപയും നഗരത്തിൽ 2000/-രൂപയും ചെലവഴിക്കുന്നുവെന്നതാണ് സമ്പന്നതയായി നിർവചിക്കപ്പെട്ടിരിക്കുന്നത്. ഇത് ഗ്രാമത്തിൽ ഒരു അഞ്ചംഗ കുടുംബം മാസത്തിൽ 5000/- രൂപയും നഗരത്തിൽ 10000/- രൂപയും ചെലവാക്കുന്നതിന് തുല്യമാണ്. കുറച്ചു സമയം പട്ടികകൾ പഠിക്കുന്നതിന് ഉപയോഗിച്ച് താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരുടെ ജനസംഖ്യാശതമാനം കണക്കാക്കുക.

   1) ഗ്രാമീണ ഇന്ത്യയിൽ 2) ഇന്ത്യൻ നഗരങ്ങളിൽ

2. ഏതു ജാതി/സമുദായമാണ് ദരിദ്രരുടെ ഏറ്റവും വലിയ ഭാഗമായിവരുന്നത്?

   1) ഗ്രാമത്തിൽ 2) നഗരത്തിൽ

   ഏതു ജാതി/സമുദായമാണ് കുറഞ്ഞ ദാരിദ്ര്യശതമാനം സൂചിപ്പിക്കുന്നത്?

3. ദേശീയശരാശരിയുടെ എത്ര മടങ്ങു വലുതാണ് താഴ്ന്നവരെന്നു വിളിക്കപ്പെടുന്ന ജാതികളുടെ (എസ്.സി., എസ്.ടി, ഒ.ബി.സി) ദാരിദ്ര്യശതമാനം? ഗ്രാമ-നഗര വ്യത്യാസത്തിന് ഇതിൽ എന്തെങ്കിലും പ്രാധാന്യമുണ്ടോ?

4. ഏതു ജാതി/സമുദായമാണ് ഗ്രാമ-നഗരങ്ങളിലെ സമ്പന്നതയിൽ ജീവിക്കുന്നവരിൽ കുറഞ്ഞ ശതമാനമുള്ളവർ?

   ഇത് ദേശീയശരാശരിയുമായി താരതമ്യം ചെയ്യുക.

5. ഹിന്ദുക്കളിൽ ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിവിഭാഗങ്ങളിൽ സമ്പന്നരുടെ ശതമാനം താഴ്ന്നവരെന്നു വിളിക്കപ്പെട്ട ജാതികളിലെ ശതമാനത്തേക്കാൾ (എസ്.സി., എസ്.ടി, ഒ.ബി.സി) എത്ര മടങ്ങ് വലുതാണ്?

6. ഈ പട്ടികകൾ ഒ.ബി.സി. വിഭാഗത്തിന്റെ ആപേക്ഷികസ്ഥാനത്തെക്കുറിച്ച് എന്ത് അറിവാണ് നൽകുന്നത്? ഗ്രാമ-നഗരസമൂഹങ്ങൾക്കിടയിൽ കാര്യമായ വ്യത്യാസം ഇതിനുണ്ടോ?

## അസ്പൃശ്യത (Untouchability)

'അസ്പൃശ്യത' ജാതിവ്യവസ്ഥയിലെ തീവ്രമായ ദുരാചാരരീതിയാണ്. ഇത് ശുദ്ധ-അശുദ്ധ അളവുകോലിന്റെ അടിസ്ഥാനത്തിൽ അടിത്തട്ടിലുള്ള ജാതിയിലെ അംഗങ്ങളിൽ കടുത്ത സാമൂഹികനിയന്ത്രണങ്ങൾ വയ്ക്കുന്നു. കൃത്യമായി പറഞ്ഞാൽ അസ്പൃശ്യവിഭാഗം ജാതിശ്രേണിയുടെ പുറത്താണ്. അവർ അശുദ്ധരായി കണക്കാക്കപ്പെടുന്നതിനാൽ അവരുമായുള്ള സമ്പർക്കം മറ്റു ജാതിയിലുള്ളവരെ അശുദ്ധരാക്കുന്നു. ഇതിനു കാരണമായവർക്ക് വലിയ ശിക്ഷ ലഭിക്കുകയും അശുദ്ധരാക്കപ്പെട്ടവർ ശുദ്ധീകരണ അനുഷ്ഠാനങ്ങൾക്കു വിധേയരാവുകയും ചെയ്യുന്നു. ഇന്ത്യയുടെ പല ഭാഗങ്ങളിലും (പ്രത്യേകിച്ച് തെക്കൻ ഭാഗത്ത്) അസ്പൃശ്യതയുടെ സാന്നിധ്യം അല്ലെങ്കിൽ അവരുടെ നിഴൽ പോലും മറ്റുള്ളവരെ അശുദ്ധരാക്കും എന്ന സങ്കൽപ്പമായ തീണ്ടാപ്പാടകലം (Distance pollution) നിലനിൽക്കുന്നു. അസ്പൃശ്യത എന്നത് ശാരീരികസ്പർശനങ്ങളിൽ മാത്രമുള്ള വിലക്കല്ല. അത് ധാരാളം സാമൂഹിക അനുമതികൾകൂടി ഉൾപ്പെടുന്നതാണ്.

അസ്പൃശ്യതയുടെ മൂന്ന് മാനങ്ങളായ ബഹിഷ്കരണം, അവഹേളനം-അധീനമാക്കൽ, ചൂഷണം എന്നിവയുടെ നിർവചനം പ്രാധാന്യമർഹിക്കുന്നു. മറ്റു കീഴ്ജാതിക്കാരാക്കപ്പെട്ടവർ (തൊട്ടുകൂടാത്തവരല്ല അവർ) അവഹേളനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരായിരുന്നുവെങ്കിലും അവർ ഒരിക്കലും അസ്പൃശ്യരെപ്പോലെ തീവ്രമായ ബഹിഷ്കരണം അനുഭവിച്ചവരല്ല. ദലിതർ മറ്റൊരു സംഘവും അനുഭവിച്ചിട്ടില്ലാത്ത പ്രത്യേകതരത്തിലുള്ള ബഹിഷ്കരണത്തിനു വിധേയരായവരാണ്. പൊതുകിണറുകളിലെ കുടിവെള്ളം പങ്കുവയ്ക്കുന്നതിലും പൊതു മതചടങ്ങുകളിൽ പങ്കെടുക്കുന്നതിലും സാമൂഹികചടങ്ങുകളിലോ ആഘോഷങ്ങളിലോ പങ്കെടുക്കുന്നതിനും അവരെ അനുവദിച്ചിരുന്നില്ല. അതേസമയം മതപരമായ ചടങ്ങുകളിൽ-ചെണ്ടകൊട്ടുന്നതുപോലുള്ള വിധേയത്വപങ്കുകളിൽ അവരെ നിർബന്ധപൂർവം ഉൾക്കൊള്ളിക്കുകയും ചെയ്തു. അസ്പൃശ്യതയുടെ പ്രധാനപ്പെട്ട ഭാഗമായ അവഹേളനവും വിധേയത്വവും പൊതുസ്ഥലങ്ങളിൽ എല്ലാവരും കാൺകെ ചെയ്യേണ്ട പ്രവൃത്തിയായിരുന്നു. പ്രത്യേകമായ ശരീരഭാഷ അടിച്ചേൽപ്പിക്കുന്നതും (തലപ്പാവ് മാറ്റുക, ചെരുപ്പ് കൈയിൽ എടുപ്പിക്കുക, തലകുനിച്ചു നിൽക്കുക, വൃത്തിയും ഭംഗിയുമുള്ള വസ്ത്രധാരണം അനുവദിക്കാതിരിക്കൽ) ശകാരിക്കുന്നതും കളിയാക്കുന്നതും കൂലി നൽകാതെ (അല്ലെങ്കിൽ കുറഞ്ഞ കൂലിക്ക്) തൊഴിലെടുപ്പിക്കുക, സ്വത്തു പിടിച്ചെടുക്കുക തുടങ്ങിയവയും അസ്പൃശ്യതയുടെ ഭാഗമായുള്ള സാമ്പത്തികചൂഷണ രീതികളാണ്. അസ്പൃശ്യത ഇന്ത്യയൊട്ടുക്കുമുള്ള പ്രതിഭാസമാണ്. എന്നിരുന്നാലും സാമൂഹിക-ചരിത്രപശ്ചാത്തലവും പ്രദേശവുമനുസരിച്ച് അതിന്റെ രീതികൾ വ്യത്യാസപ്പെട്ടിരിക്കും.




பெண்கள் பொது நவீன கழிப்பிடம்
மூளிக்குளம்





ബോക്സ് 5.2

**ഒരു ദലിത് തോട്ടിപ്പണിക്കാരന്റെ ദൈനംദിന അഗ്നിപരീക്ഷണം**
**(The Everyday Ordeal of a Dalit Scavenger)**

ഇന്ത്യയിലെ എട്ടു ദശലക്ഷം തോട്ടിപ്പണിക്കാരിൽ ഒരാളായ നാരായണമ്മ ആന്ധ്രപ്രദേശിലെ അനന്തപൂർ മുനിസിപ്പാലിറ്റിയിലെ 400 പൊതുശൗചാലയങ്ങളിൽ ജോലിചെയ്യുന്നു. സ്ത്രീകൾ ശൗചാലയം ഉപയോഗിച്ച് പുറത്തിറങ്ങുന്ന ഓരോ സമയത്തും നാരായണമ്മയും അവരുടെ സഹപ്രവർത്തകരും ശൗചാലയത്തിനുൾഭാഗം വൃത്തിയാക്കാൻ നിയോഗിക്കപ്പെടും. ഇവിടെ ശക്തമായ ജലപ്രവാഹിനിസംവിധാനം (Flush) ഇല്ല. മലം ഓരോ ഇരിപ്പിടത്തിലും കുനയായിക്കിടക്കും, അല്ലെങ്കിൽ അഴുക്കുചാലിലേക്ക് ഒഴുക്കിയിരിക്കും. ഒരു ചൂലുകൊണ്ട് ഇത് പരന്ന ടിൻപാത്രത്തിൽ ശേഖരിച്ച് ബക്കറ്റിൽ കുട്ടിവയ്ക്കുക എന്നത് നാരായണമ്മയുടെ ജോലിയാണ്. ബക്കറ്റ് നിറഞ്ഞാൽ അര കിലോമീറ്റർ ദൂരത്ത് കാത്തുകിടക്കുന്ന ട്രാക്ടറിൽ തലയിൽ ചുമന്ന് എത്തിക്കുന്നു. വീണ്ടും ശൗചാലയത്തിൽനിന്നുള്ള വിളിക്കായി കാത്തുനിൽക്കുന്നു. ഇത് രാവിലെ പത്തുമണിവരെ തുടരുകയും സ്വയം വൃത്തിയായി വീട്ടിലേക്ക് തിരിച്ചുപോവുകയും ചെയ്യുന്നു.

"ഹേയ്... മുൻസിപ്പാലിറ്റീ, ഇവിടെവന്ന് ഇത് വൃത്തിയാക്കൂ" എന്നാണ് സാധാരണ നാരായണമ്മയും കൂട്ടാളികളും റോഡിലൂടെ നടന്നുപോകുമ്പോൾ മറ്റുള്ളവർ വിളിച്ചുപറയാറുള്ളത്. "ഞങ്ങൾക്ക് ഒരു പേരില്ല. പലപ്പോഴും മൂക്ക് മറച്ചുകെട്ടി ആളുകളെ കടന്നുപോകുമ്പോൾ അവർ ഞങ്ങളെ നാറുന്നപോലെ മൂക്ക് പൊത്തിപ്പിടിക്കുന്നു. ഞങ്ങൾ തൊട്ടാൽ അശുദ്ധമാകാത്ത ഒരു മുനിസിപ്പാലിറ്റി പൈപ്പിനെയോ കൈപ്പമ്പിനെയോ ഞങ്ങൾ വെള്ളമെടുക്കാൻ ആശ്രയിക്കുന്നു. ചായക്കടയിൽ മറ്റുള്ളവർക്കൊപ്പം ഇരിക്കില്ല. ഞങ്ങൾ താഴെ നിലത്തിരിക്കും. ഇപ്പോഴും പൊട്ടിയ ഗ്ലാസിൽ ചായ നൽകുന്നു, ഇത് ഞങ്ങൾതന്നെ കഴുകി പ്രത്യേകസ്ഥലത്ത് മാറ്റിവയ്ക്കുന്നു." സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലുള്ളതുപോലെ അനന്തപൂർ അതിർത്തികളിൽ ഇത് ഇന്നും നിലനിൽക്കുന്നു.

*Source: Adapted from Mander 2001: 38-39.*

ഈ അസ്പൃശ്യർ പൊതുവായി പല പേരുകളിലും അറിയപ്പെടുന്നു. എല്ലാ പേരുകളും അപകീർത്തികരവും ആക്ഷേപകരവുമായി കുറ്റം ചുമത്തുന്ന അർഥമുള്ളവയുമാണ്. ഇത്തരം പദങ്ങൾ ഉപയോഗിക്കുന്നത് കുറ്റകരമാണെങ്കിൽപ്പോലും വാസ്തവത്തിൽ ഇന്നും ഇതിൽ പലതും ശകാരത്തിനായി ഉപയോഗിക്കപ്പെടുന്നു. ജാതിപ്പേരുകൊണ്ട് അവഹേളിക്കപ്പെടുന്നത് ഇല്ലാതാക്കാൻ മഹാത്മാഗാന്ധി 1930 ൽ ഹരിജൻ (ദൈവത്തിന്റെ മക്കൾ) എന്ന പദം പ്രചരിപ്പിച്ചു.

ഇത്തരം പഴയ അസ്പൃശ്യസംഘത്തെ സൂചിപ്പിക്കാൻ അവർ ഇന്ന് ഏറ്റവും പ്രചാരത്തിലുള്ള ദലിത് എന്ന മറ്റൊരു പേരാണ് ഉപയോഗിക്കുന്നത്. ശബ്ദാർഥപ്രകാരം ഇന്ത്യൻ ഭാഷകളിൽ ദലിതർ എന്ന പദം അടിച്ചമർത്തപ്പെട്ടവർ എന്ന രീതിയാണ് ഉപയോഗിക്കപ്പെടുന്നത്. ഡോ. അംബേദ്കർ ഈ പദം ഉപയോഗിച്ചിരുന്നില്ല. എന്നാലും അദ്ദേഹം നയിച്ച ശാക്തീകരണപ്രസ്ഥാനത്തിൽ പലപ്പോഴും ഈ പദം പ്രതിധ്വനിക്കുന്നുണ്ട്. 1970 ലെ തുടക്കത്തിൽ ബോംബെയിൽ നടന്ന ജാതിലഹളയിൽ ഈ പദത്തിന് വലിയ പ്രാധാന്യം ലഭിച്ചു. പടിഞ്ഞാറേ ഇന്ത്യയിൽ അക്കാലത്ത് ഉയർന്നുവന്ന ദലിത് പാന്തേഴ്സ് (Dalit Panthers) എന്ന വിപ്ലവസംഘം അവകാശവും അന്തസ്സും നേടുന്നതിനുള്ള സമരത്തിൽ അവരുടെ വ്യക്തിത്വം ഉയർത്തിക്കാണിക്കാൻ ഈ നാമം ഉപയോഗിച്ചു.

## ജാതി-ഗോത്ര വിവേചനത്തിനെതിരെ രാഷ്ട്ര-രാഷ്ട്രേതര നടപടികൾ (State and Non-State Initiatives Addressing Caste and Tribe Discrimination)

സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ പട്ടികജാതിക്കും വർഗത്തിനുമായി ഇന്ത്യ പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിരുന്നു. 1935 ൽ ബ്രിട്ടീഷ് ഗവൺമെന്റ് വലിയതോതിൽ വിവേചനത്തിന് വിധേയമായ പ്രത്യേക പരിഗണന ലഭിക്കേണ്ട ജാതിയെയും വർഗത്തെയും പട്ടികവിഭാഗത്തിൽ ഉൾപ്പെടുത്തി. സ്വാതന്ത്ര്യലബ്ധിക്കുശേഷവും അതേ നയം തുടരുകയും പുതിയ ധാരാളം വിഭാഗങ്ങളെ കൂട്ടിച്ചേർക്കുകയും ചെയ്തു. 1990 മുതൽ മറ്റു പിന്നാക്കവിഭാഗങ്ങൾക്ക് (ഒ.ബി.സി) വേണ്ടിയുള്ള പ്രത്യേക പദ്ധതികളുടെ വ്യാപനം ഉണ്ടാക്കിയത് കൂട്ടിച്ചേർക്കലുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്.

ഇപ്പോഴും പഴയകാലത്തും നടന്നിട്ടുള്ള ജാതിവിവേചനങ്ങൾക്കുള്ള നഷ്ടപരിഹാരമായി രാഷ്ട്രം തുടക്കം കുറിച്ച ഏറ്റവും പ്രധാനപ്പെട്ട നടപടിയാണ് സംവരണം (Reservation). പൊതുജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ പട്ടികവിഭാഗത്തിനും പട്ടികജാതിക്കും ചില സ്ഥാനങ്ങൾ അല്ലെങ്കിൽ ഇരിപ്പിടം (Seat) മാറ്റിവയ്ക്കുന്നതിനെയാണിത് സൂചിപ്പിക്കുന്നത്. കേന്ദ്ര - സംസ്ഥാന നിയമനിർമാണസഭകളിൽ സ്ഥാനങ്ങൾ നീക്കിവയ്ക്കുന്നതും (സംസ്ഥാന നിയമസഭ, ലോകസഭ, രാജ്യസഭ) എല്ലാ സർക്കാർ വകുപ്പുകളിലും ജോലിസംവരണം നടപ്പാക്കുന്നതിനും പൊതുവ്യവസായശാലകളിലും വിദ്യാലയങ്ങളിലും സംവരണം നടപ്പാക്കുന്നതും ഇതിലുൾപ്പെടും. ജനസംഖ്യയിലെ മൊത്തം പട്ടികജാതി-വർഗവിഭാഗത്തിന് ആനുപാതികമായ തരത്തിലാണ് സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഒ.ബി.സിക്ക് ഈ അനുപാതം നടപ്പിലാക്കിയിരിക്കുന്നത് വ്യത്യസ്തമായ രീതിയിലാണ്. സർക്കാരിന്റെ മറ്റു പുരോഗമനപദ്ധതികൾക്കും അതേ തത്ത്വം പിന്തുടരുന്നു. ചില പദ്ധതികൾ പട്ടികജാതി-വർഗങ്ങൾക്കുമാത്രമായി മാറ്റിവച്ചു. മറ്റു പദ്ധതികളിൽ അവർക്ക് മുൻഗണന നൽകുകയും ചെയ്തു.

സംവരണത്തിനുപുറമെ ധാരാളം നിയമങ്ങൾ അസ്പൃശ്യതപോലുള്ള ജാതിവിവേചനങ്ങൾ തടയുന്നതിനും ശിക്ഷിക്കുന്നതിനും പാസാക്കിയിട്ടുണ്ട്. 1850-ൽ പാസാക്കിയ ജാതിവൈകല്യ നിവാരണ നിയമം (Caste Desabilities Removal Act) ഇതിൽ പഴയതാണ്. ജാതിയോ മതമോ മാറിയതിന്റെ പേരിൽ മാത്രം പൗരരുടെ അവകാശങ്ങൾ വെട്ടിക്കുറയ്ക്കാൻ പറ്റില്ലെന്നാണ് ഈ നിയമം വ്യവസ്ഥചെയ്യുന്നത്. 2005 ലെ ഭരണഘടനാ ഭേദഗതി (93) ഇതിൽ ഏറ്റവും പുതിയതാണ്. 2006 ജനുവരി 23-നാണ് ഇത് നിയമമായത്. സാന്ദർഭികമായി 1850-ലെ നിയമവും 2006 ലെ ഭേദഗതിയും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടിരിക്കുന്നു. 93-ാം ഭേദഗതി മറ്റു പിന്നാക്കവിഭാഗങ്ങൾക്ക് ഉന്നതവിദ്യാഭ്യാസരംഗത്ത് സംവരണം നൽകുന്നതിനാണെങ്കിൽ, 1850 ലെ നിയമം സർക്കാർ വിദ്യാലയങ്ങളിൽ ദലിതർക്ക് പ്രവേശനത്തിനുള്ളതായിരുന്നു. ഈ കാലത്തിനുള്ളിൽ ധാരാളം നിയമങ്ങൾ ഉണ്ടായെങ്കിലും 1950 ൽ പാസാക്കിയ ഭരണഘടനയും 1989 ലെ പട്ടികജാതി-പട്ടികവർഗ (അതിക്രമനിയന്ത്രണ) നിയമവുമാണ് പ്രധാനപ്പെട്ടവ. ഭരണഘടന അസ്പൃശ്യത ഇല്ലാതാക്കുകയും (ആർട്ടിക്കിൾ-17) മുകളിൽ പറഞ്ഞ സംവരണം നടപ്പിലാക്കുകയും ചെയ്തു.

ദലിതർക്കും ആദിവാസികൾക്കുമെതിരെയുള്ള അവഹേളനത്തെയും അതിക്രമത്തെയും ശിക്ഷാനടപടികൾകൊണ്ട് നേരിടാനുള്ള നിയമനടപടികൾക്ക് 1989 ലെ അതിക്രമനിയന്ത്രണ നിയമം ശക്തിനൽകി. പലപ്രാവശ്യം നിയമനിർമാണം നടത്തിയെന്നത്, നിയമത്തിനുമാത്രം ഒരു സാമൂഹികതിന്മയെ നിയന്ത്രിക്കാൻ സാധിക്കില്ലെന്നതിനു തെളിവാണ്. ഇന്നും ഇന്ത്യയിലെല്ലായിടത്തും ആദിവാസികൾക്കെതിരെയും ജാതികൾക്കെതിരെയുമുള്ള അതിക്രമങ്ങൾ ഉൾപ്പെടെയുള്ള വിവേചനങ്ങൾ നടക്കുന്നുവെന്നത് പത്രമാധ്യമങ്ങളിൽ നാം കാണുന്നുണ്ട്.

ബോക്സ് 5-3 ൽ നൽകിയത് പത്രമാധ്യമങ്ങളിൽ വരുന്ന നൂറുകണക്കിനു സംഭവങ്ങളിൽ ഒന്നു മാത്രമാണ്.

രാഷ്ട്രത്തിന്റെ നടപടിയിലൂടെ മാത്രം സാമൂഹികമാറ്റം ഉറപ്പുവരുത്താൻ സാധിക്കില്ല. ഒരു പ്രശ്നത്തിലും അടിച്ചമർത്തപ്പെട്ടവരോ അല്ലെങ്കിൽ പിന്നാക്ക സാമുദായികസംഘം മാത്രമോ ഇരകളാകുന്നില്ല. മനുഷ്യർ അവരുടെ ആവശ്യങ്ങൾക്കും സമൂഹത്തിലെ പ്രശ്നങ്ങൾക്കുമെതിരെ സമരംചെയ്ത് നീതിയും ആത്മാഭിമാനവും ലഭിക്കാനായി സംഘടിക്കുന്നു. രാഷ്ട്രീയ, സമര, സാംസ്കാരികമുന്നണികളിൽ ദലിതരും സജീവമായിക്കൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യത്തിനു മുൻപ് ജ്യോതിബായ് ഫൂലെ, ഇയ്യോതിദാസ്, അംബേദ്കർ തുടങ്ങിയവർ നയിച്ച സാമൂഹികപ്രസ്ഥാനങ്ങൾ മുതൽ (അധ്യായം-3 കാണുക) സമകാലിക രാഷ്ട്രീയസംഘടനകളായ ഉത്തർപ്രദേശിലെ ബഹുജൻ സമാജ് പാർട്ടി, കർണാടകയിലെ ദലിത് സംഘർഷ സമിതി എന്നിവ ദലിതരുടെ രാഷ്ട്രീയശക്തി സ്ഥാപിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. ബോക്സ് 5-3 ൽ നൽകിയിരിക്കുന്ന സമകാലികസമരം കാണുക. ദലിതർ പല ഇന്ത്യൻ ഭാഷാസാഹിത്യരംഗത്തും പ്രത്യേകിച്ച് മറാഠി, കന്നഡ, തമിഴ്, തെലുങ്ക്, ഹിന്ദി ഭാഷകളിൽ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. (മറാഠി ദലിത് സാഹിത്യകാരൻ ദയാപവാറിന്റെ ഒരു രചന ബോക്സ് 5-4 ൽ നൽകിയിരിക്കുന്നു).

**5.3**



ഇന്ത്യൻ ഭരണഘടനയുടെ പകർപ്പ് നിങ്ങൾക്ക് ഇന്റർനെറ്റിൽനിന്നോ ലൈബ്രറിയിൽ നിന്നോ പുസ്തകശാലയിൽ നിന്നോ ലഭിക്കും. (http://indiacode.nic.in). പട്ടികജാതി-പട്ടികവർഗത്തെ സംബന്ധിച്ച അല്ലെങ്കിൽ അസ്പൃശ്യതയെ സംബന്ധിച്ച എല്ലാ നിയമങ്ങളുടെയും ആർട്ടിക്കിളുകളുടെയും പട്ടിക തയാറാക്കുക.

വളരെ പ്രധാനപ്പെട്ട നിയമങ്ങളുടെ ഒരു ചാർട്ട് തയാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കാം.

**ബോക്സ് 5.3**

### ഡി എന്നാൽ ദലിത് എന്നും പ്രതിരോധമെന്നും (D for Dalit, D for Defiance)

പുരോഗതികൾ വാഗ്ദാനം ചെയ്യുന്ന ധാരാളം പരസ്യപ്പലകകളുള്ള ഹരിയാനയിലെ സോനാപാട്-റോത്തക് ഹൈവേയിലുള്ള പൊടിനിറഞ്ഞ ചെറിയ നഗരമാണ് ഗഹാന. 2005 ആഗസ്റ്റ് 31 ന് ചാരത്തിൽനിന്ന് ഉയർന്നുവന്ന ഗഹാന നഗരപ്രദേശത്തിന്റെ അയൽപക്കമായി വാല്മീകികോളനി സ്ഥിതിചെയ്യുന്നു. അവിടെ ഒരു കൂട്ടം ദലിത് യുവാക്കളുമായുള്ള സംഘട്ടനത്തിനിടെ ജാട്ട് യുവാവ് മരിക്കുകയും തുടർന്ന് ഒരു സംഘം ജാട്ടുകൾ വാല്മീകികോളനി കൊള്ളയടിക്കുകയും കത്തിക്കുകയും ചെയ്തു. കൊലപാതകത്തെ തുടർന്ന് ജാട്ടുകളുടെ ആക്രമണത്തെ ഭയന്ന് ദലിതുകൾ അവരുടെ വീടുവിട്ടുപോയി. 54 ദലിത് വീടുകൾ അഗ്നിക്കിരയാക്കി. ലഹളക്കൂട്ടത്തെ തടയാൻ പോലീസ് ശ്രമിച്ചില്ല. തീവയ്പ്പ് ദലിതരെ ഒരു പാഠം പഠിപ്പിക്കുന്നതിനുള്ള ജാട്ടുകളുടെ ഒരു രീതിയാണെന്ന് വിനോദ്കുമാർ പറഞ്ഞു. വിനോദ്കുമാറിന്റെ വീട് അഗ്നിക്കിരയായിരുന്നു. ഭരണകൂടത്തിലും പോലീസിലും ജാട്ടുകൾക്ക് മുൻതൂക്കമുണ്ടായിരുന്നതിനാൽ അവർ വീടുകൾ കത്തുന്നത് നോക്കിനിന്നു.

അഞ്ചു മാസത്തിനുശേഷം, കത്തിച്ച വീടുകൾ പുനർനിർമിക്കപ്പെട്ടു. ഇതിന്റെ മുൻവശം തിളക്കമേറിയ പിങ്ക്, ചുവപ്പ്, പച്ച എന്നിങ്ങനെ ചായം പൂശിയിരുന്നു. ദലിത് സ്വത്വം ഉറപ്പിക്കുന്നതിനായി മാർബിളിൽ വാല്മീകിയുടെ ചിത്രങ്ങൾ മുൻവശത്തു പതിച്ചിരുന്നു. "ഞങ്ങൾ തിരിച്ചുവരും. ഇത് ഞങ്ങളുടെ വീടാണ്" - നീലനിറത്തിൽ ചായം പൂശിയ തന്റെ സ്വീകരണമുറിയിലെ സോഫയിൽ ഇരുന്നുകൊണ്ട് വിനോദ് പറഞ്ഞു. വാല്മീകികോളനിയിലെ ദലിതർക്ക് വിധിക്കപ്പെട്ടതുപോലെ പരമ്പരാഗത തോട്ടിപ്പണിയിൽ ഒതുങ്ങിനിൽക്കാൻ വിനോദ് തയാറായില്ല. അദ്ദേഹം ഒരു ഇൻഷുറൻസ് കമ്പനിയിലെ സീനിയർ അസിസ്റ്റന്റായി ജോലിചെയ്തു. മിക്ക ദലിതരും വിദ്യാഭ്യാസം നേടി, ജാതിവ്യവസ്ഥയുടെ കടമ്പ കടന്നു. തങ്ങളിൽ പലരും ഡിഗ്രിയുള്ളവരും ഗവൺമെന്റിലും സ്വകാര്യമേഖലയിലും ജോലിചെയ്യുന്നവരുമാണ്. തങ്ങളുടെ മിക്ക ആൺകുട്ടികളും പോകുന്നതുപോലെ പെൺകുട്ടികളും സ്കൂളിൽ പോകുന്നുവെന്ന് അദ്ദേഹം പറഞ്ഞു. വാല്മീകികോളനിയിലെ യുവജനങ്ങൾ മാറ്റങ്ങൾ ഉൾക്കൊള്ളാത്തവരോ വിധേയത്വസ്വഭാവമുള്ളവരോ പാരമ്പര്യമായി പ്രതീക്ഷിക്കപ്പെടുന്ന കാര്യങ്ങളുമായി ഏറ്റുമുട്ടുന്നവരോ അല്ല. അവർ ബ്രാൻഡഡ് ഷൂസുകളും ജീൻസും ധരിച്ചവരും തളരാത്ത ശരീരഭാഷയുള്ളവരുമാണ്. എന്നാൽ ഹരിയാനയിലെ ഭൂരഹിതരായ ദലിതരുടെ സാമൂഹിക ഉന്നമനം ഇപ്പോഴും ബുദ്ധിമുട്ടേറിയതാണ്. മിക്ക കുട്ടികളും ഹൈസ്കൂൾ പഠനം ദാരിദ്ര്യ

ത്താൽ ഉപേക്ഷിക്കുന്നുവെന്ന് ഒരു ബഹുരാഷ്ട്രസ്ഥാപനത്തിൽ അസിസ്റ്റന്റ് എൻജിനീയറായി ജോലി ചെയ്യുന്ന സുരേഷ് കടാരിയ പറഞ്ഞു. വ്യാവസായിക പരിശീലനസ്ഥാനത്തുനിന്ന് ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ ഡിപ്ലോമയെടുത്ത ആളാണ് ഇദ്ദേഹം. ഐ.ടി.ഐയിലെ അദ്ദേഹത്തിന്റെ സുഹൃത്തായ ഗുരശേൺ ബന്ധുവിന്റെ വിവാഹത്തിന് തന്റെ സ്വത്വം വെളിപ്പെടുത്താതെ പങ്കെടുക്കാൻ ക്ഷണിച്ചു. "വിവാഹച്ചടങ്ങിനിടെ എന്റെ ജാതി ചോദിച്ചപ്പോൾ ഞാൻ കള്ളം പറഞ്ഞു. എന്നാൽ ഗ്രാമം ഏതെന്ന് ചോദിച്ചപ്പോൾ ഞാൻ സത്യം പറഞ്ഞു. അദ്ദേഹത്തിന് എന്റെ ഗ്രാമം ദലിത് ഗ്രാമമാണെന്ന് അറിയാമായിരുന്നു. ആതിഥേയനും അതിഥിയും തമ്മിൽ ഒരു യുദ്ധം നടന്നു. എങ്ങനെ ഒരു ദലിതനെ അകത്തു പ്രവേശിപ്പിക്കാനാകും? അവർ ഞാനിരുന്ന കസേര കഴുകുകയും എന്നെ പുറത്തേക്കെറിയുകയും ചെയ്തു." കടാരിയ ഓർത്തു.

ദലിതർക്ക് പുതിയ ജീവിതം വേണമെന്ന് കടാരിയ ആവശ്യപ്പെട്ടു. മറ്റു വിദ്യാസമ്പന്നരായ ദലിതർക്കൊപ്പം ഗ്രാമം മുഴുവൻ സമരപ്രവർത്തനം നടത്തി. "ഞങ്ങളുടെ ജനങ്ങൾ ഉയർന്നുവരും, ശക്തിയും അധികാരവും നേടും, ഞങ്ങൾ ഒരുമിക്കേണ്ടതുണ്ട്. ഒരിക്കൽ ഒരുമിച്ചാൽ ഞങ്ങൾ തിരിച്ചടിക്കും. ഗോഹനാസും ജജാറും* ഒരിക്കലുമുണ്ടാവില്ല".

*(Source: Adapted from an article by* Basharat Peer. *in* Tehelka *February 18, 2006)*

*Gohana and Jhajar - Districts in Hariyana

**ബോക്സ് 5.4**

**നഗരം**

*ദയാ പവാർ*

ഒരിക്കൽ ഒരാൾ ഇരുപതാംനൂറ്റാണ്ടിലെ ഒരു നഗരത്തെ ഖനനം ചെയ്തുനോക്കിയപ്പോൾ കണ്ടെത്തിയത് കൗതുകകരമായൊരു ലിഖിതമാണ് : 'ഈ വെള്ള ടാപ്പ് എല്ലാ ജാതിക്കും മതത്തിനുമായി തുറന്നുകൊടുത്തിരിക്കുന്നു.' ഇത് എന്തായിരിക്കും അർഥമാക്കുന്നത്? ഈ സമൂഹം വിഭജിക്കപ്പെട്ടിരുന്നോ? ചിലർ ഉയർന്നവരും മറ്റുള്ളവർ താഴ്ന്നവരും എന്നാണോ? ശരി, ഈ പട്ടണം തീർച്ചയായും കുഴിച്ചുമൂടേണ്ടതാണ്.

എന്തുകൊണ്ടാണ് ഈ യന്ത്രയുഗം 20-ാം നൂറ്റാണ്ടിലെ ശിലായുഗം പോലെ തോന്നുന്നത്?

## മറ്റു പിന്നാക്കവിഭാഗങ്ങൾ (The Other Backward Classes)

സാമൂഹികവിവേചനത്തിന്റെ ഏറ്റവും പ്രത്യക്ഷവും വ്യാപകവുമായ രീതിയാണ് അസ്പൃശ്യത. അസ്പൃശ്യതയാൽ താഴ്ന്ന പദവിയുള്ള വലിയ വിഭാഗം ജാതികൾക്ക് പലതരത്തിലുള്ള വിവേചനങ്ങളും അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. സേവകരും കൈത്തൊഴിലെടുക്കുന്നവരുമായ ജാതികളാണ് ശ്രേണീകരണത്തിന്റെ അവസാനത്തെ തട്ടിൽ വരുന്നത്. ഇന്ത്യൻ ഭരണഘടന പട്ടികജാതി-പട്ടികവർഗങ്ങളെ കൂടാതെ, സാമൂഹികപിന്നാക്കാവസ്ഥയുള്ള മറ്റു വിഭാഗങ്ങളുടെ സാധ്യത കണ്ടെത്തിയിരുന്നു. ഈ വിഭാഗം സാധാരണയായി ജാതിയുടെ അടിസ്ഥാനത്തിലാണെങ്കിലും ആ അടിസ്ഥാനത്തിൽ മാത്രമല്ലാതെ അവരെ സാമൂഹിക-വിദ്യാഭ്യാസ പിന്നാക്കാവസ്ഥയുള്ള വർഗങ്ങളായാണ് കണക്കാക്കുന്നത്. ഭരണഘടനാടിസ്ഥാനത്തിൽ മറ്റു പിന്നാക്കവിഭാഗങ്ങൾ (ഒ.ബി.സി) എന്ന പേരാണ് സാധാരണ ഉപയോഗിക്കുന്നത്.

പട്ടികവിഭാഗത്തെപ്പോലെ (അധ്യായം മൂന്ന് കാണുക) ഒ.ബി.സികളെയും അവർ 'എന്തല്ല' എന്ന രീതിയിൽ ഋണാത്മകമായാണ് നിർവചിച്ചിട്ടുള്ളത്. അവർ പദവിയുടെ ഉയർന്ന വിഭാഗത്തിലെ മുന്നാക്കക്കാരെന്നു പറയപ്പെടുന്ന ജാതിയുടെ ഭാഗമോ അവഗണന അനുഭവിക്കുന്ന ദലിതരുടെ ഭാഗമോ അല്ല. ജാതി ഹിന്ദുവിൽ മാത്രം ഒതുങ്ങാതെ ഇന്ത്യയിലെ മറ്റു മതങ്ങളിലേക്കും കടന്നുകയറിയതിനാൽ, മറ്റു മതത്തിൽ ഉൾപ്പെടുന്ന പിന്നാക്കവിഭാഗങ്ങളിലും ഇതേ തൊഴിൽപാരമ്പര്യവും താഴ്ന്ന സാമൂഹിക-സാമ്പത്തിക പദവിയുമുള്ളവരും ഉണ്ടായിരിക്കും.

ഈ കാരണങ്ങളാൽ ഒ.ബി.സി.കൾ ദലിത് അല്ലെങ്കിൽ ആദിവാസിസംഘങ്ങളിൽനിന്ന് വ്യത്യസ്ത വിഭാഗങ്ങളാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുശേഷം ജവഹർലാൽ നെഹ്റുവിന്റെ

നേതൃത്വത്തിലുണ്ടായ ആദ്യത്തെ സർക്കാർ ഒ.ബി.സി.കളുടെ ക്ഷേമത്തിനായി ഒരു കമ്മിഷനെ നിയോഗിച്ചു.

കാക്കാ കലേൽക്കറുടെ (Kaka Kalelkar) കീഴിലുള്ള ഒന്നാമത്തെ പിന്നാക്കവർഗ കമ്മിഷൻ 1953 ൽ റിപ്പോർട്ട് സമർപ്പിച്ചു. എന്നാൽ അന്നത്തെ രാഷ്ട്രീയചുറ്റുപാട് റിപ്പോർട്ട് പാർശ്വവൽക്കരിക്കപ്പെടുന്നതിന് കാരണമായി. 1950 തുകളുടെ മധ്യത്തിൽ ഒ.ബി.സി.കളുടെ പ്രശ്നം കേന്ദ്ര പ്രശ്നമെന്നതിനെക്കാൾ ഒരു പ്രാദേശികപ്രശ്നമായി മാറി.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ 19-ാം നൂറ്റാണ്ടിന്റെ ആദ്യകാലത്തുതന്നെ ആരംഭിച്ച പിന്നാക്കജാതി-രാഷ്ട്രീയ സമരങ്ങൾക്ക് ദീർഘകാലചരിത്രമുണ്ട്. ഇത്തരം ശക്തമായ സാമൂഹികപ്രസ്ഥാനങ്ങളാൽ ഇന്ത്യക്കു വടക്കുഭാഗത്തുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഒ.ബി.സി. കളുടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന നയങ്ങൾ ഇവിടെയുണ്ടായി. അടിയന്തരാവസ്ഥയ്ക്കു ശേഷം 1970 ൽ ജനതാപാർട്ടി അധികാരത്തിൽ വന്നപ്പോഴാണ് ഒ.ബി.സി. പ്രശ്നം വീണ്ടും കേന്ദ്രതലത്തിൽ വന്നത്. 1970 ൽ ബി.പി. മണ്ഡലിന്റെ നേതൃത്വത്തിൽ രണ്ടാം പിന്നാക്കവർഗ കമ്മിഷൻ നിലവിൽ വന്നു. എന്നാൽ പത്തുവർഷം പഴക്കമുള്ള കമ്മിഷൻ റിപ്പോർട്ട് കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ കൊണ്ടുവരുന്നത് 1990-ൽ മാത്രമാണ്. അപ്പോഴേക്കും ദേശീയരാഷ്ട്രീയത്തിൽ ഇതു വലിയ പ്രശ്നമായി മാറിക്കഴിഞ്ഞിരുന്നു.

1990 കൾക്കുശേഷം വടക്കേയിന്ത്യയിൽ മറ്റു പിന്നാക്കവിഭാഗങ്ങളുടെയും താഴ്ന്നവരാക്കപ്പെട്ട ജാതിയുടെയും ദലിതരുടെയും പ്രസ്ഥാനങ്ങൾ ഉയിർത്തെഴുന്നേറ്റു. അടുത്തകാലത്തെ സർവേയിലെ ദേശീയ ജനസംഖ്യയുടെ 41 ശതമാനം ഒ.ബി.സി. ആണെന്ന കണക്ക് രാഷ്ട്രീയത്തിൽ സ്വാധീനം ചെലുത്താൻ ഒ.ബി.സി. കൾ ഉപയോഗിച്ചു. കാക്കാ കലേൽക്കർ റിപ്പോർട്ട് പാർശ്വവൽക്കരിക്കപ്പെട്ടതും മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞതും ഇതിനുമുൻപ് ഇവർക്കതിനു സാധിച്ചില്ല എന്നതിന് തെളിവാണ്.

ഉയർന്ന ഒ.ബി.സി.കളും (ഇന്ത്യയിലെ പലഭാഗങ്ങളിലും ഭൂവുടമകളായി ഗ്രാമങ്ങളിൽ ആധിപത്യമുണ്ടായിരുന്ന ജാതികൾ) താഴ്ന്ന ഒ.ബി.സി.കളും (ദലിതരിൽ നിന്ന് സാമൂഹിക-സാമ്പത്തിക തലങ്ങളിൽ വ്യത്യാസമുള്ള, എന്നാൽ പാവപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള) തമ്മിലുള്ള വലിയ വ്യത്യാസങ്ങൾ രാഷ്ട്രീയവിഭാഗമായി പ്രവർത്തിക്കുന്നതിന് പ്രയാസമുണ്ടാക്കി. എന്നാൽ രാഷ്ട്രീയപ്രാതിനിധ്യത്തിലും (എം.എൽ.എമാരും എം.പിമാരും ധാരാളം ഉണ്ടായിരുന്നു) ഭൂവുടമസ്ഥതയിലും ഒഴിച്ച് എല്ലാ മണ്ഡലങ്ങളിലും ഒ.ബി.സി.കളുടെ പ്രാതിനിധ്യം കുറവായിരുന്നു. ഉയർന്ന ഒ.ബി.സികൾ ഗ്രാമങ്ങളിൽ ആധിപത്യം പുലർത്തി. നഗരങ്ങളിൽ അവരുടെ സ്ഥിതി പരിതാപകരമായിരുന്നു. അത് പട്ടികജാതിവർഗത്തിന് തുല്യമായിരുന്നു.

## ആദിവാസിസമരങ്ങൾ (Adivasi Struggles)

പട്ടികജാതികളെപ്പോലെ, പ്രത്യേകിച്ചും ദാരിദ്ര്യം, അധികാരമില്ലായ്മ, അപമാനമുദ്ര (Social Stigma) എന്നീ കാരണങ്ങളാൽ ഭരണഘടന പ്രത്യേകം അടയാളപ്പെടുത്തിയിട്ടുള്ള ഒരു വിഭാഗമാണ് പട്ടികവർഗം. ജന (Jana) അഥവാ ഗോത്രങ്ങൾ അവരുടെ കാടും മലയും അടങ്ങുന്ന ഒരു ആവാസവ്യവസ്ഥയിലധിഷ്ഠിതമായ സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ സവിശേഷതയുള്ളവരാണ്. എന്നാൽ പാരിസ്ഥിതികമായി ഒറ്റപ്പെട്ടവരാണെന്നത് പൂർണമായും ശരിയല്ല. ഹിന്ദുസമൂഹത്തോടും സംസ്കാരത്തോടും ദീർഘകാലബന്ധം ഗോത്രങ്ങൾക്കുള്ളതിനാൽ ജാതിയും ഗോത്രവും തമ്മിൽ നേർത്ത വ്യത്യാസം മാത്രമാണുള്ളത്. (അധ്യായം മൂന്നിലെ ഗോത്രമെന്ന സങ്കൽപ്പത്തിന്റെ ചർച്ച ഓർമ്മിക്കുക.)

ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്കുള്ള ജനങ്ങളുടെ ചലനം ആദിവാസികളുടെ അവസ്ഥ കൂടുതൽ സങ്കീർണമാക്കി. വടക്കുകിഴക്കൻ സംസ്ഥാനങ്ങളൊഴിച്ച്, രാജ്യത്ത് ഒരു











*A Dalit village*

സ്ഥലത്തും ഗോത്രജനത പ്രത്യേക മേഖലയായി താമസിക്കുന്നില്ല. മറിച്ച്, പട്ടികവർഗ സാന്ദ്രത കൂടിയ പ്രദേശമായേയുള്ളൂ. 19-ാംനൂറ്റാണ്ടിന്റെ മധ്യത്തിൽത്തന്നെ ഗോത്രേതര വിഭാഗം മധ്യേന്ത്യയുടെ ഗോത്രവർഗ ജില്ലകളിലേക്കു കുടിയേറാൻ തുടങ്ങി. എന്നാൽ അതേ ജില്ലയിലുള്ള ഗോത്രവർഗങ്ങൾ തോട്ടങ്ങൾ, ഖനികൾ, ഫാക്ടറികൾ എന്നിവയുള്ള പ്രദേശങ്ങളിലേക്ക് തൊഴിൽ തേടി കുടിയേറുകയും ചെയ്തു.

ഗോത്രവർഗങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന സ്ഥലങ്ങളിൽ അവരുടെ സാമ്പത്തികവും സാമൂഹികവുമായ സ്ഥിതിഗതികൾ ഗോത്രേതര വിഭാഗങ്ങളേക്കാൾ മോശമായിരുന്നു. ബ്രിട്ടീഷ് കോളനിക്കാലത്തും അതിനുശേഷവും സ്വതന്ത്ര ഇന്ത്യയിലും വിഭവങ്ങളുടെ ചൂഷണരീതിയുടെ ചരിത്രം മനസ്സിലാക്കിയാൽ ആദിവാസിവിഭാഗത്തെ ചൂഷണം ചെയ്തതിന്റെയും ദുർബലരാക്കിയതിന്റെയും സാഹചര്യം മനസ്സിലാക്കാൻ കഴിയും. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കൊളോണിയൽ സർക്കാർ മിക്ക വനഭൂമിയും അവരുടെ സ്വന്തം ഉപയോഗത്തിനായി റിസർവ് വനങ്ങളായി പ്രഖ്യാപിച്ചു. ഇത് മാറ്റക്കൃഷിക്കും (Shifting cultivation) വനവിഭവങ്ങൾ ശേഖരിക്കാനുമുള്ള ആദിവാസികളുടെ അവകാശങ്ങൾ നഷ്ടമാക്കി. തടിയുൽപ്പാദനം വർധിപ്പിക്കുന്നതിനായി വനങ്ങൾ സംരക്ഷിക്കപ്പെട്ടു. ഈ നയം ആദിവാസികളുടെ മുഖ്യമായ ജീവിതമാർഗം ഇല്ലാതാക്കുകയും കൂടുതൽ ദാരിദ്ര്യവും അരക്ഷിതാവസ്ഥയും ഉണ്ടാവുകയും ചെയ്തു. കാടുകളിലേക്കും കൃഷിഭൂമിയിലേക്കുമുള്ള പ്രവേശനം നിഷേധിച്ചപ്പോൾ കാടുകൾ നിയമവിരുദ്ധമായി ഉപയോഗിക്കുന്നതിന് അവർ നിർബന്ധിതരാവുകയോ (അവരെ ഉപദ്രവിക്കുകയും അതിക്രമിച്ചുകടക്കുന്നവരും കള്ളന്മാരുമായി കണക്കാക്കുകയും ചെയ്തു) കൂലി ലഭിക്കുന്ന മറ്റ് തൊഴിലുകളിലേക്കു കുടിയേറുകയോ ചെയ്യേണ്ടിവന്നു.

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ആദിവാസികളുടെ സ്ഥിതി മാറേണ്ടതായിരുന്നുവെങ്കിലും അതും സംഭവിച്ചില്ല. ഒന്നാമതായി ഭരണകൂടത്തിന് വനങ്ങൾക്കുമേലുള്ള കുത്തകാവകാശം നിലനിർത്തി, മുമ്പത്തേക്കാൾ കാടിന്റെ ചൂഷണം വർധിച്ചു. രണ്ടാമതായി മുതലാളിത്തതീവ്രതയുള്ള വ്യവസായവൽക്കരണനയം ഇന്ത്യ ഗവൺമെന്റ് സ്വീകരിച്ചപ്പോൾ ധാതുവിഭവങ്ങൾക്കും ഊർജലഭ്യതയ്ക്കും ആദിവാസിമേഖലകൾ കേന്ദ്രീകരിക്കപ്പെട്ടു. ഖനനത്തിനും അണക്കെട്ടുകൾക്കുമായി ആദിവാസിഭൂമികൾ പിടിച്ചെടുത്തു. മതിയായ നഷ്ടപരിഹാരം നൽകാതെയും പുനരധിവാസം നടത്താതെയും ദശലക്ഷക്കണക്കിന് ആദിവാസികളെ കുടിയിറക്കി. ഈ നയങ്ങൾ രാജ്യത്തിനുള്ളിലുള്ള കൊളോണിയലിസം പോലെ ആദിവാസികളെ കീഴ്പ്പെടുത്തി. അവർ ആശ്രയിച്ചിരുന്ന വിഭവങ്ങളിൽനിന്ന് അന്യവൽക്കരിച്ചു. എല്ലാറ്റിനെയും ദേശീയവികസനത്തിന്റെയും സാമ്പത്തികവളർച്ചയുടെയും പേരിൽ ന്യായീകരിച്ചു. പടിഞ്ഞാറേ ഇന്ത്യയിലെ നർമ്മദാനദിയിലെ സർദാർ സരോവർ അണക്കെട്ടും ആന്ധ്രപ്രദേശിലെ ഗോദാവരിനദിയിലെ പൊളാവരം അണക്കെട്ടും പതിനായിരക്കണക്കിന് ആദിവാസികളെ കുടിയിറക്കുകയും അവരെ വലിയ ദുരന്തത്തിലേക്കു തള്ളിവിടുകയും ചെയ്തു. ഈ പ്രക്രിയ തുടരുകയും 1990-ൽ സാമ്പത്തിക ഉദാരവൽക്കരണനയം ഔദ്യോഗികമായി സ്വീകരിച്ചപ്പോൾ കൂടുതൽ ശക്തിയാർജിക്കുകയും ചെയ്തു. ഇപ്പോൾ വൻകിട കമ്പനികൾക്ക് വലിയ ഭൂപ്രദേശം ആദിവാസികളെ ഒഴിപ്പിച്ച് നേടുന്നതിൽ പ്രയാസമില്ല.

ദലിത് എന്ന പദത്തെപ്പോലെ 'ആദിവാസി' എന്നതും രാഷ്ട്രീയബോധവും അവകാശപ്രഖ്യാപനങ്ങളും പ്രതിഫലിപ്പിക്കുന്നു (Inhabitant). 1930-കളിൽ കൊളോണിയൻ ഭരണം, പുറത്തുനിന്ന് വന്നവർ, പണമിടപാടുകാർ എന്നീ നുഴഞ്ഞുകയറ്റക്കാരോട് ആദിവാസികൾ നടത്തിയ സമരം ഇവരെ യഥാർഥ നിവാസികൾ (Original inhabitants) എന്ന അർഥത്തിൽ സൂചിപ്പിക്കുന്നതിന് കാരണമായി. ആദിവാസികൾ എന്നാൽ വികസനപദ്ധതിയുടെ പേരിൽ കാടു നഷ്ടപ്പെട്ടവർ, ഭൂമിയിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ടവർ, തുടർച്ചയായി സ്ഥാനമാറ്റം നടന്നവർ എന്നീ അനുഭവങ്ങളുള്ളവരാണ്. സ്വാതന്ത്ര്യത്തിനുശേഷം പുരോഗമനപ്രവർത്തനത്തിന്റെ പേരിൽ പലതവണ കുടിയിറക്കപ്പെട്ടവരാണവർ. അവർക്കെതിരെയുള്ള അസാധാരണ കാര്യങ്ങളും പാർശ്വ

വൽക്കരണവും പല ആദിവാസിസംഘങ്ങളും അന്യർക്കെതിരെയും (Dikus) രാഷ്ട്രത്തിനെതിരെയും സമരം നയിക്കാൻ സാഹചര്യമുണ്ടാക്കി. സ്വാതന്ത്ര്യത്തിനുശേഷം ആദിവാസികൾ നടത്തിയ കലാപങ്ങളിലെ പ്രധാനപ്പെട്ട നേട്ടങ്ങളിൽ ശ്രദ്ധേയമായത് ഝാർഖണ്ഡ്, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങൾ നേടിയെടുത്തു എന്നുള്ളതാണ്. ഇവ യഥാക്രമം ബിഹാർ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ ഭാഗമായിരുന്ന ആദിവാസിമേഖലകളായതിനാൽ ആദിവാസികൾ പ്രത്യേക സംസ്ഥാനം എന്ന ആവശ്യമുന്നയിച്ചു. ഇത് ദലിത് സമരങ്ങളിൽ ആദിവാസിസമരത്തെ വ്യത്യാസപ്പെടുത്തുന്നു.

**ബോക്സ് 5.5**

### പുരോഗതിയുടെ പേരിൽ - ആദിവാസികൾ അപകടമുനയിൽ
### (In the Name of Development — Adivasis in the Line of Fire)

പുതുവർഷം ഒറീസയ്ക്ക് മരണം കൊണ്ടുവന്നു. 2006 ജനുവരി 2 ന് പോലീസ് ആദിവാസിസംഘത്തിനു നേരെ നിറയൊഴിച്ചു. പന്ത്രണ്ടു പേർ മരിക്കുകയും ധാരാളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കാരണം, 23 ദിവസമായി കലിംഗനഗരിയിലെ സംസ്ഥാനപാത ആദിവാസികൾ തടഞ്ഞിരിക്കുകയായിരുന്നു. ഒരു സ്റ്റീൽകമ്പനി തങ്ങളുടെ കൃഷിസ്ഥലം പിടിച്ചെടുത്തതിനെതിരെ അവർ സമാധാനപരമായി പ്രതിഷേധിക്കുകയായിരുന്നു. ആദിവാസികൾ ഭൂമി വിട്ടുകൊടുക്കാൻ വിസമ്മതിച്ചത് ഭരണകൂടത്തിന് അതിവേഗത്തിൽ വ്യാവസായികപുരോഗതി കൊണ്ടുവരുന്നതിന് ചുവന്നനാടപോലെയായിത്തീർന്നു (തടസ്സം സൃഷ്ടിച്ച ഒന്നാണ്). ഇത് ചെറിയ ഭാഗം ഭൂമിയുടെ പ്രശ്നമായിരുന്നില്ല. സർക്കാർ ആദിവാസികളുടെ ആവശ്യം അനുസരിച്ചാൽ വ്യാവസായികവികസനം ത്വരിതപ്പെടുത്തുക എന്ന നയം പോലും പ്രയാസത്തിലാകും. ഹൈവേ ബലപ്രയോഗത്തിലൂടെ ഒഴിപ്പിച്ചെടുക്കാൻ പോലീസിനെ നിയോഗിച്ചു. അതിനെ തുടർന്നുണ്ടായ ഏറ്റുമുട്ടൽ ആദിവാസികളായ 12 പുരുഷന്മാരുടെയും ഒരു സ്ത്രീയുടെയും ജീവനെടുത്തു. ധാരാളം ആളുകൾക്ക് പിന്തിരിഞ്ഞോടുമ്പോൾ വെടിയേറ്റു. ആദിവാസികളുടെ മൃതശരീരം വീടുകളിൽ കൊണ്ടുവന്നപ്പോൾ കൈകൾ വെട്ടിയെടുത്ത നിലയിലായിരുന്നു. പുരുഷന്മാരുടെ ജനനേന്ദ്രിയങ്ങളും സ്ത്രീകളുടെ മാറിടങ്ങളും മുറിച്ചുമാറ്റിയിരുന്നു. മൃതശരീരത്തെ വികൃതമാക്കിയത് ഒരു മുന്നറിയിപ്പോടുകൂടിയായിരുന്നു.

മറ്റു സംഭവങ്ങളെപ്പോലെ കലിംഗനഗർ പ്രശ്നവും പ്രധാന വാർത്തയാക്കുകയും പിന്നീട് അപ്രത്യക്ഷമാവുകയും ചെയ്തു. പാവപ്പെട്ട ആദിവാസികളുടെ ജീവിതവും മരണവും വിസ്മൃതിയിലാണ്ടു. ഇത്തരം സമരങ്ങൾ തുടരുന്നു. ഇതിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ നമ്മെ അനീതി ഓർമിപ്പിക്കുക മാത്രമല്ല, ഇന്ത്യയിൽ നടക്കുന്ന വികസനപ്രവർത്തനങ്ങൾ ഉണ്ടാക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങളിലേക്കും എത്തിക്കുന്നു. ഇന്ത്യയിലെ ആദിവാസി ആധിപത്യമുള്ള മറ്റു പ്രദേശങ്ങളെപ്പോലെ മധ്യ ഒറീസയിലെ ജയ്പുർ ജില്ലയിലെ കലിംഗനഗർ ഒരു വിരോധാഭാസമാണ്. പ്രകൃതിവിഭവങ്ങളുടെ സമ്പത്ത് തദ്ദേശവാസികളുടെ (പ്രത്യേകിച്ചും കൃഷിക്കാരുടെയും തൊഴിലാളികളുടെയും) ദാരിദ്ര്യവുമായി വലിയ തോതിൽ വൈരുധ്യപൂർണമാണ്.

ഇവിടെ ഇരുമ്പയിരുനിക്ഷേപമുണ്ട്. ഇത് സംസ്ഥാനത്തിന്റെ സ്വത്താണ്. ഇവിടെ വികസനത്തിന് ചെറിയ ഭിക്ഷ നൽകി ആദിവാസിഭൂമി പിടിച്ചെടുക്കേണ്ടതുണ്ട്. കുറച്ച് തദ്ദേശീയർക്ക് വ്യവസായശാലയിൽ താഴ്ന്ന ജോലി ലഭിക്കും. കൂടുതൽ പേരും വീണ്ടും ക്ഷീണിതരാവുകയും കൂലിപ്പണിക്കാരായി പട്ടിണിയിൽ ജീവിക്കേണ്ടിവരുകയും ചെയ്യുന്നു. 1947 ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം മൂന്ന് കോടിയിലേറെ പേരെ (കാനഡയിലെ ജനസംഖ്യയേക്കാൾ) സർക്കാർനയത്തിന്റെ ഭാഗമായി കുടിയൊഴിപ്പിച്ചു. (Fernandes 1991). ഇതിൽ 75 ശതമാനം ആളുകളെ ഇതുവരെ പുനരധിവസിപ്പിച്ചിട്ടില്ലെന്ന് സർക്കാർ തന്നെ സമ്മതിക്കുന്നു. ഭൂമി പിടിച്ചെടുക്കൽ വ്യാവസായിക ഉൽപ്പാദനവും അടിസ്ഥാനസൗകര്യങ്ങളും വർധിപ്പിച്ചു. സാമ്പത്തികവളർച്ചയെന്ന പൊതുതാൽപ്പര്യത്തിനാണെന്ന ന്യായീകരണത്താൽ ഇത് ദേശീയവളർച്ചയ്ക്ക് അത്യാവശ്യമാണെന്ന് വാദിക്കുന്നു. ഈ വാദത്തോട് പുതിയ ന്യായീകരണങ്ങൾ കൂട്ടിച്ചേർത്തു. 1990 നുശേഷം ഇന്ത്യാ ഗവൺമെന്റ് പുതിയ സാമ്പത്തിക

ഉദാരവൽക്കരണനയം സ്വീകരിച്ചു. ഇതിന്റെ ഭാഗമായി രാഷ്ട്രം ക്ഷേമനിധികൾ കുറച്ചു, സ്വകാര്യമേഖലകൾക്കു മേലുള്ള നിയന്ത്രണങ്ങൾ എടുത്തുമാറ്റി. സാമ്പത്തികനയങ്ങൾ പരിഷ്കരിക്കുകയും വിദേശവിനിമയനേട്ടങ്ങൾ ലക്ഷ്യമിട്ട് പ്രവർത്തിക്കുകയും ചെയ്തു. ഇന്ത്യൻ കമ്പനികൾക്ക് നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ സൗകര്യവും സഹായധനവും നൽകി. സ്റ്റീലിന്റെ ആവശ്യത്തിലുള്ള വളർച്ച കലിംഗനഗരത്തിലെ ഇരുമ്പയിരിനും ഒരു സ്റ്റീൽകമ്പനിക്കും ആവശ്യകത വർധിച്ചു. ഇത് ഒറീസ സർക്കാരിൽ നിന്ന് ഭൂമി വാങ്ങാനും ഫാക്ടറി സ്ഥാപിക്കുന്നതിനും ചുറ്റും മതിൽ കെട്ടുന്നതിനും അവകാശം നേടി. ഈ മതിലാണ് പ്രതിഷേധത്തിന് തിരികൊളുത്തിയതും ആദിവാസികളെ കൊല്ലുന്നതിന് കാരണമായതും. ഒരു ഏക്കറിന് ആയിരങ്ങൾ മാത്രം നൽകി സർക്കാർ ഈ ഭൂമി ഇവരിൽനിന്നു വർഷങ്ങൾക്കുമുമ്പ് കൈക്കലാക്കിയിരുന്നു. ഈ നഷ്ടം പുതിയ ജീവിതം തുടങ്ങാൻ പര്യാപ്തമല്ലാത്തതിനാൽ നിയമപരമായി അധികാരമില്ലാത്ത സ്ഥലത്ത് അവർ കൃഷിചെയ്യുകയും ജീവിക്കുകയും ചെയ്തു (ഭൂമി പിടിച്ചെടുത്തിട്ടും ഭരണകൂടം ഒന്നും ചെയ്തിരുന്നില്ല). 2005 ഡിസംബറിൽ ഈ സ്ഥലം അടച്ചുകെട്ടി ആദിവാസികൾക്ക് ജീവിക്കാനുള്ള ഇടം പോലും നിഷേധിച്ചു. അവർക്ക് ലഭിച്ച നഷ്ടപരിഹാരത്തിന്റെ പത്തിരട്ടി വിലയ്ക്ക് കമ്പനിക്ക് സർക്കാർ ഭൂമി നൽകിയത് അവരുടെ നിരാശ കോപമായി മാറുന്നതിന് കാരണമായി. ആദിവാസികൾ നഗരങ്ങളിലേക്കിറങ്ങി. അവരുടെ അവശേഷിക്കുന്ന ഭൂമി വിട്ടുനൽകുന്നതിൽ അവർ എതിർപ്പു പ്രകടിപ്പിച്ചു.

ഒറീസയിലെ ആദിവാസിസമരങ്ങളും അതിന്റെ അടിച്ചമർത്തലുകളും ഇന്ത്യയുടെ വികസനത്തിന് ഭൂമിതർക്കങ്ങളും അതുമായി ബന്ധപ്പെട്ട പാരിസ്ഥിതികപ്രശ്നങ്ങളും എങ്ങനെ വെല്ലുവിളികളാകുന്നുവെന്ന് സൂചിപ്പിക്കുന്നു. നർമ്മദ, സിൻഗ്രോളി, തെഹ്റി, ഹിരാക്കുഡ്, കോയൽക്കാരോ, സുവർണരേഖ, നാഗർഹോൽ, പ്ലാച്ചിമട തുടങ്ങിയവയോടൊപ്പം കലിംഗനഗറും ഇന്ത്യയുടെ പാരിസ്ഥിതിക സംഘർഷസ്ഥലങ്ങളിൽ സ്ഥാനംപിടിച്ചു.

To read more about the Kalinganagar issue see: Frontline, v. 23, n.1, Jan 14-27, 2006 or the People's Union for Civil Liberties report at http://www.pucl.org/Topics/Dalit-tribal/2006/kalinganagar.htm

## 5.3 സ്ത്രീകളുടെ സമത്വത്തിനും അവകാശങ്ങൾക്കുമുള്ള സമരങ്ങൾ (Struggle for women's equality and rights)

സ്ത്രീയും പുരുഷനും തമ്മിലുള്ള സ്പഷ്ടമായ ശാരീരികവും ജീവശാസ്ത്രപരവുമായ വ്യത്യാസങ്ങൾ ലിംഗഭേദത്തെ സ്വാഭാവികം എന്നു കണക്കാക്കുന്നു. എന്നാൽ പ്രത്യക്ഷ കാഴ്ചയേക്കാൾ ചിന്തകർ സ്ത്രീ-പുരുഷ അസമത്വങ്ങൾ സ്വാഭാവികമെന്നതിനേക്കാൾ സാമൂഹികമാണെന്ന് ചൂണ്ടിക്കാണിക്കുന്നു. ഉദാഹരണത്തിന്, ചില സ്ത്രീകൾ പൊതുസ്ഥാപനങ്ങളിൽ വന്നതിന് ഒരു ജീവശാസ്ത്ര വിശദീകരണവും നൽകാൻ സാധിക്കില്ല. സ്ത്രീകൾക്ക് കുടുംബത്തിൽനിന്ന് കുറഞ്ഞ അളവിൽ അല്ലെങ്കിൽ ഒട്ടുംതന്നെ സ്വത്ത് ലഭിക്കാത്തതിന്റെ സ്വാഭാവികകാരണവും പറയാൻ സാധ്യമല്ല. എന്നാൽ ഇതിനെതിരെ അതിശക്തമായ വാദങ്ങൾ ഉയർന്നുവന്നിട്ടുള്ളത് സാധാരണരീതിയിൽനിന്ന് വ്യത്യസ്തമായ സമൂഹങ്ങളിൽനിന്നാണ്. കുടുംബസ്വത്ത് ലഭിക്കാനും കുടുംബത്തലവരാകാനും സ്ത്രീകൾ അയോഗ്യരാണെങ്കിൽ മാതൃദായകകുടുംബങ്ങൾ (കേരളത്തിലെ നായന്മാരെയും മേഘാലയയിലെ ഖാസികളെയും പോലെ) ഇപ്പോഴും നിലനിൽക്കുന്നതെന്തുകൊണ്ടാണ്? ചില ആഫ്രിക്കൻ സമൂഹങ്ങളിൽ എങ്ങനെയാണ് സ്ത്രീകൾക്ക് മികച്ച കൃഷിക്കാരും കച്ചവടക്കാരുമാവാൻ സാധിക്കുന്നത്? ചുരുക്കിപ്പറഞ്ഞാൽ, സ്ത്രീ-പുരുഷ അസമത്വത്തിൽ ജീവശാസ്ത്രപരമായി ഒന്നുംതന്നെയില്ല. ലിംഗഭേദവിചാരമെന്നത് ജാതിയിലും വർഗത്തിലുമുള്ളതുപോലെ സാമൂഹിക അസമത്വവും ബഹിഷ്കരണവുമാണ്. എന്നാൽ അതിന് പ്രത്യേക സവിശേഷതകളുമുണ്ട്. ഈ ഭാഗത്ത് ഇന്ത്യൻ സാഹചര്യത്തിൽ ലിംഗ അസമത്വം എങ്ങനെയെന്ന് നമ്മൾ മനസ്സിലാക്കുന്നു.

19-ാം നൂറ്റാണ്ടിലെ മധ്യവർഗ സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങളുടെ ഭാഗമായാണ് സ്ത്രീകളുടെ പ്രശ്നങ്ങൾ ആധുനിക ഇന്ത്യയിൽ ഉയർന്നുവന്നത്. ഈ പ്രസ്ഥാനങ്ങളുടെ സ്വഭാവം പ്രാദേശികമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ഇത് പലപ്പോഴും മധ്യവർഗസാമൂഹിക പരിഷ്കരണപ്രസ്ഥാനം എന്നു മാത്രം കണക്കാക്കി. കാരണം, ഇതിൽ മിക്കതും പാശ്ചാത്യവിദ്യാഭ്യാസം ലഭിച്ച പുതിയ മധ്യവർഗസമൂഹത്തിലാണ് ഉദയംകൊണ്ടത്. ഇത് ഒരേസമയം പാശ്ചാത്യജനാധിപത്യ ആശയങ്ങളാലും ഭൂതകാല ജനാധിപത്യ പാരമ്പര്യ ആശയങ്ങളിലെ അഭിമാനബോധത്താലും സ്വാധീനിക്കപ്പെട്ടു. പലരും ഈ രണ്ടു വിഭവങ്ങളും സ്ത്രീകളുടെ അവകാശങ്ങൾക്കായി സമരം ചെയ്യാൻ ഉപയോഗിച്ചു. നമുക്കിവിടെ ഉദാഹരണസഹിതം വിശദീകരിക്കാൻ സാധിക്കും. സതിക്കെതിരെ രാജാറാം മോഹൻ റായ് ബംഗാളിലും ബോംബെ പ്രസിഡൻസിയിൽ വിധവാവിവാഹത്തിനായി റാനഡെയും അതേസമയം ജാതിക്കും ലിംഗപരമായ അടിച്ചമർത്തലിനും എതിരെ ജ്യോതിബാ ഫൂലെയും സർ സെയ്ദ് അഹമ്മദ് ഖാൻ മുസ്‌ലിം സാമൂഹികപരിഷ്കരണപ്രസ്ഥാനത്തിലും സ്ത്രീകളുടെ അവകാശത്തിനായി പോരാടി. സമൂഹം, മതം, സ്ത്രീകളുടെ പദവി എന്നിവ പരിഷ്കരിക്കുന്നതിനായി രാജാറാം മോഹൻ റായിയുടെ ശ്രമം 19-ാം നൂറ്റാണ്ടിൽ ബംഗാളിലെ സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങളുടെ തുടക്കമായി കണക്കാക്കാം. ബ്രഹ്മസമാജം 1828 ൽ സ്ഥാപിക്കുന്നതിന് പത്തുവർഷം മുമ്പുതന്നെ റായ് ഏറ്റെടുത്ത സതിക്കെതിരെയുള്ള സമരം സാമൂഹികശ്രദ്ധ പിടിച്ചുപറ്റിയ ആദ്യത്തെ സ്ത്രീകളുടെ പ്രശ്നമായി കണക്കാക്കുന്നു.

റാം മോഹൻ റായിയുടെ ആശയം പാശ്ചാത്യയുക്തിചിന്തയുടെയും ഇന്ത്യൻ പാരമ്പര്യവാദത്തിന്റെയും കൗതുകകരമായ ഒരു മിശ്രിതമാണ്. ഈ രണ്ടു രീതികളും കൊളോണിയലിസത്തിന്റെ പ്രതികരണമാണ്. റാം മോഹൻ സതിയെന്ന ആചാരത്തെ ആക്രമിച്ചത് മാനവികതയുടെയും സഹജ അവകാശപ്രമാണത്തിന്റെയും അതോടൊപ്പം ഹിന്ദുശാസ്ത്രങ്ങളുടെയും അടിസ്ഥാനത്തിലാണ്. ഉയർന്നവരെന്നു വിളിക്കപ്പെട്ട ജാതിയിലെ വിധവകളോടുള്ള കഠിനമായ അനീതിയോടെയുള്ള പെരുമാറ്റം വലിയ പ്രശ്നമായി സാമൂഹികപരിഷ്കർത്താക്കൾ ഏറ്റെടുത്തു. ഇതിനായി റാനഡെ ബിഷപ്പ് ജോസഫ് ബട്‌ലറുടെ Analogy of Religion, Three sermons on Human Nature Dominated, 1860 ലെ ബോംബെ സർവകലാശാലയിലെ തത്ത്വശാസ്ത്ര പാഠ്യപദ്ധതി എന്നിവയോടൊപ്പം എം. ജി. റാനഡെയുടെ രചനകളായ The texts of Hindu law, Lawfulness of the remarriage of widows, vedic authorities for widow marriage എന്നിവയും വിധവാവിവാഹത്തിന് ശാസ്ത്രങ്ങളുടെ പിന്തുണയുണ്ടെന്ന് സമർഥിക്കാൻ ഉപയോഗിച്ചു.

എന്നാൽ രാജാറാം മോഹൻ റായിയും റാനഡെയും 19-ാം നൂറ്റാണ്ടിലെ ഹിന്ദുക്കളിലെ ഉയർന്ന വർഗത്തിലും മധ്യവർഗത്തിലും പെട്ട പരിഷ്കരണവാദികളായിരുന്നു. ജ്യോതിബാ ഫൂലെ സാമൂഹികമായി ബഹിഷ്കരിക്കപ്പെട്ട വിഭാഗത്തിൽനിന്നു വന്നതിനാൽ ജാതി-ലിംഗ വിവേചനങ്ങൾക്കെതിരെ പോരാടി. അദ്ദേഹം സത്യശോധക് സമാജം സ്ഥാപിച്ചതിന്റെ പ്രഥമലക്ഷ്യം സത്യാന്വേഷണ (Truthseeking) മായിരുന്നു. ഫൂലെയുടെ ആദ്യത്തെ പ്രായോഗിക സാമൂഹികപരിഷ്കരണലക്ഷ്യം ബ്രാഹ്മണസംസ്കാരത്തിൽ താഴ്ന്നവരെന്ന് കണക്കാക്കിയ രണ്ടുവിഭാഗങ്ങളായ സ്ത്രീകളെയും അസ്പൃശ്യരെയും സഹായിക്കുക എന്നതായിരുന്നു. (അധ്യായം -3 കാണുക). മറ്റ് സാമൂ

**5.4**



- നിങ്ങളുടെ പ്രദേശത്ത് സാമൂഹികപരിഷ്കരണത്തിനു പ്രവർത്തിച്ച ആരെങ്കിലുമുണ്ടെങ്കിൽ കണ്ടെത്തുക. അദ്ദേഹത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.
- ഒരു സാമൂഹികപരിഷ്കർത്താവിന്റെ ആത്മകഥ വായിക്കുക.
- അവർ പഠിപ്പിച്ച ഏതെങ്കിലും ആശയം നമ്മുടെ നിത്യജീവിതത്തിലോ ഭരണഘടനയിലോ നിലനിൽക്കുന്നുണ്ടോ എന്നു നോക്കുക.


Dalit women and girls



5.5

- സ്ത്രീകൾ ഉൾപ്പെടുന്ന ജോലികളുടെ ഒരു പട്ടിക തയാറാക്കുക.
- സ്ത്രീകളെ തടഞ്ഞു നിർത്തുന്ന ഏതെങ്കിലും വിദ്യാഭ്യാസമേഖല നിങ്ങൾക്ക് കണ്ടെത്താനാമോ?

ഹിക പരിഷ്കർത്താക്കളെപ്പോലെ സർ സെയ്ദ് അഹമ്മദ്ഖാനും ആധുനിക ആശയങ്ങളും വിശുദ്ധവചനങ്ങളും മുസ്ലിംസമുദായത്തെ പരിഷ്കരിക്കാൻ ഉപയോഗിച്ചു. അദ്ദേഹം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് നിലകൊണ്ടെങ്കിലും അത് വീടിന്റെ അതിർത്തിക്കുള്ളിൽ ആവണമെന്ന് ആവശ്യപ്പെട്ടു. ആര്യസമാജസ്ഥാപകൻ ദയാനന്ദസരസ്വതിയെപ്പോലുള്ളവർ സ്ത്രീവിദ്യാഭ്യാസപദ്ധതിയിൽ മതതത്ത്വങ്ങൾ, ഗൃഹഭരണത്തിനുള്ള അറിവുകൾ, കൈത്തൊഴിലുകൾ, കുട്ടികളെ വളർത്തൽ എന്നിവ ഉൾപ്പെടുത്തണമെന്ന് നിർദേശിച്ചു. സ്ത്രീകളുടെ വിദ്യാഭ്യാസ അവകാശങ്ങൾ ഒരിക്കൽ അംഗീകരിക്കപ്പെടുകയും അവസാനം സ്ത്രീകൾക്ക് ചില പ്രത്യേക തരം വിദ്യാഭ്യാസം മാത്രം നൽകുക എന്ന ആശയത്തിൽ ഒതുങ്ങുകയും ചെയ്യുന്നു.

സ്ത്രീകളുടെ അവകാശങ്ങൾക്കായി പോരാടിയത് പുരുഷന്മാരായ പരിഷ്കർത്താക്കളാണെന്നും സ്ത്രീസമത്വമെന്ന ആശയം ഇറക്കുമതിയാണെന്നും പലപ്പോഴും പറയാറുണ്ട്. ഈ കാഴ്ചപ്പാട് തെറ്റാണെന്നു തെളിയിക്കാൻ സ്ത്രീകളെഴുതിയ രണ്ടു പുസ്തകങ്ങളുടെ ഭാഗങ്ങൾ വായിച്ചാൽ മതി. 1882 ൽ 'സ്ത്രീപുരുഷതുലന'യും 1905ൽ എഴുതിയ 'സുൽത്താനയുടെ സ്വപ്നവും'.

'സ്ത്രീപുരുഷതുലന (സ്ത്രീയുടെയും പുരുഷന്റെയും താരതമ്യം) മഹാരാഷ്ട്രയിലെ വീട്ടമ്മയായ താരാബായി ഷിൻഡെയാണ് എഴുതിയത്. പുരുഷമേധാവിത്വസമൂഹത്തിന്റെ ഇരട്ടനീതിക്കെതിരെയുള്ള പ്രതിഷേധമാണ് ഈ പുസ്തകം. വിധവയായ ഒരു ബ്രാഹ്മണയുവതി നിയമവിരുദ്ധമായി ജനിച്ച തന്റെ കുട്ടിയെ കൊന്നതിന് കോടതി മരണശിക്ഷയ്ക്ക് വിധിക്കുന്നു. എന്നാൽ ഇതിനു കാരണക്കാരനായ പുരുഷനെ കണ്ടെത്താനോ ശിക്ഷിക്കാനോ ശ്രമിക്കുന്നില്ല. 'സ്ത്രീപുരുഷതുലന' പ്രസിദ്ധീകരിച്ചപ്പോൾ വലിയ വാർത്ത സൃഷ്ടിക്കപ്പെട്ടു. ബീഗം റുഖിയ സകാവത് ഹുസൈൻ ബംഗാളിലെ സമ്പന്ന മുസ്ലിംകുടുംബത്തിലാണ് ജനിച്ചത്. ഉദാരവീക്ഷണമുള്ള ഭർത്താവ് ആദ്യം ഉറുദുവും പിന്നീട് ബംഗാളി, ഇംഗ്ലീഷ് എന്നീ ഭാഷകളും പഠിക്കുന്നതിന് അവർക്ക് പ്രോത്സാഹനം നൽകിയത് വലിയ ഭാഗ്യമായിരുന്നു. ഉറുദുവിലും ബംഗാ

ബോക്സ് 5.6

### സ്ത്രീപുരുഷതുലനം 1882

"നിങ്ങൾ അത്തരം പേരുകൾ നൽകിയ സ്ത്രീകൾ ആരാണ്? ആരുടെ ഗർഭപാത്രത്തിൽ നിങ്ങൾ ജനിച്ചു? ആര് ഒമ്പതുമാസം നിങ്ങളുടെ ഭാരം ചുമന്നു? ഏതു സന്ന്യാസി നിങ്ങളുടെ കണ്ണുകളിൽ വെളിച്ചം പകർന്നു? നിങ്ങളുടെ അമ്മയെ കുറിച്ച് ആരെങ്കിലും പറഞ്ഞാൽ നിങ്ങൾക്ക് എന്തു തോന്നും?

അൽപ്പംകൂടി വിദ്യാഭ്യാസം ലഭിച്ച് പുതിയ ഓഫീസിൽ ജോലിയിൽ സ്ഥാനക്കയറ്റം കിട്ടിയാൽ നിങ്ങൾക്ക് ആദ്യഭാര്യയിൽ അതൃപ്തി തോന്നുന്നു. പണം നിങ്ങളിൽ സ്വാധീനം ചെലുത്തുന്നു. നിങ്ങൾ നിങ്ങളോടുതന്നെ ചോദിക്കുന്നു: ഈ ഭാര്യ എന്തിനാണ്? അവർക്ക് അൽപ്പം പണം നൽകി ഒരു വേലക്കാരിയെ പോലെ വീട്ടിൽ നിർത്തിയാലോ? നിങ്ങൾ അവരെ അടിമകളെപ്പോലെ കണക്കാക്കുന്നു. നമ്മുടെ ഒരു കുതിര ചത്താൽ അതിനു പകരം വയ്ക്കുന്നു. പുതിയ ഭാര്യയെ ലഭിക്കാൻ വലിയ ബുദ്ധിമുട്ടില്ല."

### 'സുൽത്താനയുടെ സ്വപ്ന'ത്തിൽ നിന്ന് (1905)

**ബോക്സ് 5.7**

പുരുഷന്മാരെവിടെയാണെന്നറിയാൻ ഞാൻ ജിജ്ഞാസയുള്ളവളായിരുന്നു. നൂറുകണക്കിന് സ്ത്രീകളെ ഞാൻ കണ്ടു. പക്ഷേ, ഒരു പുരുഷനെയും കണ്ടില്ല.

"പുരുഷന്മാർ എവിടെയാണ്?" ഞാൻ അവളോടു ചോദിച്ചു.

"അവരുടെ യോജിച്ച സ്ഥലത്ത്. അവർ എവിടെയാണോ വേണ്ടത് അവിടെ."

"നീ അവരുടെ യോജിച്ച സ്ഥലം എന്നതുകൊണ്ട് എന്നാണ് അർഥമാക്കുന്നതെന്ന് അറിയാൻ അനുവദിച്ചാലും."

"ഓ, എനിക്ക് എന്റെ തെറ്റു മനസ്സിലായി, നിനക്ക് ഞങ്ങളുടെ രീതി അറിയില്ലല്ലോ. ഇതിനുമുമ്പ് നീ ഇവിടെ വന്നിട്ടില്ലല്ലോ."

"ഞങ്ങൾ പുരുഷന്മാരെ വീട്ടിൽ അടച്ചിട്ടിരിക്കുകയാണ്."

"ഞങ്ങളെ സെനാനയിൽ അടച്ചിട്ടപോലെ."

"തീർച്ചയായും അതുപോലെ."

എത്ര രസകരം എനിക്ക് ചിരിപൊട്ടി. സഹോദരി സാറയും ചിരിച്ചു.

ളിയിലും പ്രശസ്ത രചയിതാവായ റുഖിയയുടെ 'സുൽത്താനയുടെ സ്വപ്നം' അവരുടെ ഇംഗ്ലീഷിലുള്ള കഴിവ് തെളിയിച്ച പുസ്തകമാണ്. ഈ ശ്രദ്ധേയമായ ചെറുകഥ ചിലപ്പോൾ ആദ്യത്തെ ഇന്ത്യൻ ശാസ്ത്രകഥയും സ്ത്രീരചയിതാവെഴുതിയ ലോകത്തിലെ ആദ്യത്തേതുമാകാം.

സ്വപ്നത്തിൽ സുൽത്താന ഒരു മാന്ത്രികരാജ്യം സന്ദർശിക്കുന്നു. അവിടെ ലിംഗപങ്കുകൾ നേർവിപരീതമായിരുന്നു. പുരുഷന്മാർ വീട്ടിൽ ഒതുങ്ങിക്കൂടുന്നു, അവർ പർദ്ദ ധരിച്ചിരുന്നു. എന്നാൽ സ്ത്രീകൾ മേഘത്തെയും മഴയെയും നിയന്ത്രിക്കുന്ന യന്ത്രങ്ങൾ നിർമ്മിക്കുന്നു. വായുവിൽ പറക്കുന്ന കാറുകൾ നിർമ്മിക്കുന്ന ശാസ്ത്രജ്ഞരായും കാണപ്പെട്ടു.

പഴയകാല സ്ത്രീവാദ കാഴ്ചപ്പാടു കൂടാതെ 20-ാം നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ പ്രാദേശികമായതും ദേശീയതലത്തിലും സ്ത്രീസംഘടനകൾ ഉദയംകൊണ്ടു. ദേശീയപ്രസ്ഥാനത്തിലും സ്ത്രീകൾ പങ്കെടുത്തു. സ്ത്രീകളുടെ അവകാശങ്ങൾ ദേശീയകാഴ്ചപ്പാടിന്റെ ഭാഗമായിത്തീർന്നു.

1931-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കറാച്ചിസമ്മേളനം ഇന്ത്യൻ പൗരരുടെ മൗലികാവകാശങ്ങളെക്കുറിച്ച് പ്രഖ്യാപനം നടത്തുക വഴി സ്ത്രീകളുടെ സമത്വം ഏറ്റെടുത്തു. പ്രഖ്യാപനങ്ങൾ താഴെ പറയും വിധമായിരുന്നു.

1. ജാതി, മത, വർഗ, ലിംഗ വ്യത്യാസമില്ലാതെ എല്ലാ പൗരരും നിയമത്തിനുമുന്നിൽ തുല്യരാണ്.
2. ഒരു പൗരനും അയാളുടെ /അവളുടെ മതത്തിന്റെയോ ജാതിയുടെയോ സമൂഹത്തിന്റെയോ ലിംഗത്തിന്റെയോ പേരിൽ പൊതു ഉദ്യോഗമോ അധികാരസ്ഥാനങ്ങളോ ബഹുമതികളോ വഹിക്കുന്നതിന് യാതൊരു അയോഗ്യതയും ഉണ്ടാകില്ല. ഇഷ്ടമുള്ള തൊഴിൽ ചെയ്യാനും അയാൾക്ക്/അവൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും.

**5.6**



- ദേശീയതലത്തിലും നിങ്ങളുടെ പ്രദേശത്തും ഉദയം കൊണ്ടിട്ടുള്ള വനിതാ സംഘടനകളുടെ പട്ടിക തയാറാക്കുക.
- ഗോത്ര, കർഷക, തൊഴിൽ, സ്വാതന്ത്ര്യപ്രസ്ഥാനങ്ങളിൽ പങ്കുചേരുന്ന സ്ത്രീകളുടെ പേരെഴുതുക.
- വിവേചനത്തിനെതിരെയുള്ള സ്ത്രീകളുടെ സമരം സൂചിപ്പിക്കുന്ന നോവലുകൾ, ചെറുകഥകൾ, നാടകങ്ങൾ എന്നിവ കണ്ടെത്തുക.



**5.7**

നിങ്ങളുടെ ക്ലാസിനെ അഞ്ച് ഗ്രൂപ്പുകളാക്കുക. ഓരോ ഗ്രൂപ്പിനും സ്ത്രീകളുടെ അവകാശത്തെക്കുറിച്ചുള്ള ഒരു വിഷയം തിരഞ്ഞെടുക്കാം. ഇതിനെക്കുറിച്ച് പത്രവാർത്തകൾ, റേഡിയോ, ടെലിവിഷൻ അല്ലെങ്കിൽ മറ്റ് ഉറവിടങ്ങൾ എന്നിവയിൽനിന്ന് വിവരങ്ങൾ ശേഖരിക്കുക. നിങ്ങളുടെ കണ്ടെത്തലുകൾ സുഹൃത്തുക്കളുമായി ചർച്ചചെയ്യുക. സാധ്യതയുള്ള വിഷയങ്ങൾ താഴെ തന്നിരിക്കുന്നതുമാവാം.

- തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാനങ്ങളിലേക്ക് സ്ത്രീകൾക്ക് 33 ശതമാനം സംവരണം
- ഗാർഹികപീഡനം
- തൊഴിലെടുക്കാനുള്ള അവകാശം.... ധാരാളം വിഷയങ്ങൾ ഉള്ളതിനാൽ നിങ്ങൾക്ക് താൽപ്പര്യമുള്ളത് എടുക്കുക.

3. വോട്ടവകാശം സാർവത്രിക പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലായിരിക്കും.
4. സ്ത്രീകൾക്ക് വോട്ടുചെയ്യാനും പ്രതിനിധാനം ചെയ്യാനും പൊതു പദവികൾ വഹിക്കാനുമുള്ള അവകാശമുണ്ടായിരിക്കും.

സ്വാതന്ത്ര്യം ലഭിച്ച് രണ്ടു ദശാബ്ദത്തിനുശേഷം 1970-ൽ സ്ത്രീകളുടെ പ്രശ്നങ്ങൾ വീണ്ടും ഉടലെടുത്തു. 19-ാം നൂറ്റാണ്ടിലെ പരിഷ്കരണപ്രസ്ഥാനങ്ങൾ സതി, ശൈശവവിവാഹം, വിധവകളോടുള്ള മോശമായ പെരുമാറ്റം എന്നിവയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി. 1970 ൽ ആധുനികപ്രശ്നങ്ങൾക്കാണ് ഊന്നൽ നൽകിയത്. പോലീസ് തടങ്കലിൽ ബലാത്സംഗം, സ്ത്രീധനകൊലപാതകം, പ്രശസ്ത മാധ്യമങ്ങളിലെ സ്ത്രീകളുടെ പ്രാതിനിധ്യം, അസമമായ പുരോഗതിയിലെ ലിംഗ അസമത്വം എന്നീ പ്രശ്നങ്ങൾക്ക് പ്രാധാന്യമുണ്ടായി.

1980-കളിൽ നിയമപരിഷ്കരണങ്ങൾക്കായിരുന്നു പ്രാധാന്യം ലഭിച്ചത്. 19-ാം നൂറ്റാണ്ടിനുശേഷം സ്ത്രീകളെ സംബന്ധിക്കുന്ന നിയമങ്ങൾക്കു മാറ്റമൊന്നും ഉണ്ടായിട്ടില്ല എന്നു കണ്ടെത്തിയതിനുശേഷമാണ് ഇത് സംഭവിച്ചത്. 21-ാം നൂറ്റാണ്ടിലേക്കു പ്രവേശിക്കുമ്പോൾ ലിംഗ അനീതിയുടെ പുതിയ ഇടങ്ങൾ ഉയർന്നുവന്നു. നിങ്ങൾ അധ്യായം രണ്ടിലെ സ്ത്രീ-പുരുഷ അനുപാതത്തിന്റെ കുറവിനെ കുറിച്ചുള്ള ചർച്ച ഓർക്കുന്നുണ്ടായിരിക്കും. കുത്തനെ കുറഞ്ഞുകൊണ്ടിരിക്കുന്ന ശിശു ലിംഗാനുപാതം പെൺകുട്ടികളോടുള്ള സമൂഹത്തിന്റെ മുൻവിധികളെ സൂചിപ്പിക്കുന്നു. ഇത് ലിംഗ അസമത്വമെന്ന പുതിയ വെല്ലുവിളി ഉണ്ടാക്കുന്നു.

സ്ത്രീകളുടെ അവകാശം അല്ലെങ്കിൽ മറ്റേതെങ്കിലും പ്രശ്നത്താലുള്ള സാമൂഹികമാറ്റം ഒരു തവണകൊണ്ട് വിജയിച്ച യുദ്ധമല്ല. മറ്റു സാമൂഹിക പ്രശ്നങ്ങളെപ്പോലെ ഇത് ദീർഘമായ സമരമാണ്. ഇന്ത്യയിലെ സ്ത്രീകളുടെ സമരത്തിന് ശക്തമായി പോരാടേണ്ടിവരും. കൂടാതെ പുതിയ പ്രശ്നങ്ങളുണ്ടാകുന്ന പക്ഷം ഏറ്റെടുക്കേണ്ടിയും വരും.

## 5.4 ഭിന്നശേഷിക്കാരുടെ പോരാട്ടങ്ങൾ (The Struggles of the Disabled)

ഭിന്നശേഷിക്കാർ അംഗഭംഗം വന്നവരാകുന്നത് അവരുടെ ശാരീരികവും മാനസികവുമായ കുറവുകൊണ്ട് മാത്രമല്ല. മറിച്ച്, അവരുടെ ആവശ്യങ്ങൾക്കു നേരെ മുഖംതിരിക്കുന്ന രീതിയിൽ നിർമിക്കപ്പെട്ടിരിക്കുന്ന ഒരു സമൂഹമുള്ളതുകൊണ്ടാണെന്നു പറയാം. ആദിവാസികളുടെയും സ്ത്രീകളുടെയും അവകാശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾക്ക് അടുത്തകാലത്താണ് അംഗീകാരം ലഭിച്ചത്. ഭിന്നശേഷിക്കാർ ചരിത്രത്തിന്റെ എല്ലാ ഘട്ടത്തിലും എല്ലാ സമൂഹത്തിലുമുണ്ടായിരുന്നു. ഇന്ത്യൻ സാഹചര്യത്തിലെ മുഖ്യ സാമൂഹിക പ്രവർത്തകയും പണ്ഡിതയുമായ അനിതാ ഘായി (Anitha Ghai) ഭിന്നശേഷിയുടെ അദൃശ്യത റാൽഫ് എല്ലിസന്റെ (Ralp Ellison) അദൃശ്യമനുഷ്യൻ (Invisible man) എന്ന നോവലിനോടാണ് താരതമ്യപ്പെടുത്തിയത്. എല്ലിസന്റെ നോവൽ അമേരിക്കയിലെ ആഫ്രിക്കൻ പൗരരോടുള്ള വംശീയവിദ്വേഷത്തിനുമേലുള്ള പഴിചാരലാണ്.

*ഞാൻ അദൃശ്യനാണെന്ന് മനസ്സിലാക്കുന്നു, കാരണം ജനങ്ങൾ എന്നെ കാണാനാഗ്രഹിക്കുന്നില്ല. ചിലപ്പോൾ ശരീരമില്ലാത്ത തലകൾ നിങ്ങൾ സർക്കസിൽ കാണുന്നതുപോലെ ഇത് വികൃതമാക്കുന്ന കണ്ണാടികൾ എനിക്ക് ചുറ്റുമുള്ളതുപോലെയാണ്.*

*അവർ എന്നെ സമീപിക്കുമ്പോൾ അവർ എന്റെ ചുറ്റുപാടുകളെ, അവരെത്തന്നെ, അവരുടെ ഭാവനകളുടെ നുറുങ്ങുകളെയാണ് കാണുന്നത്. തീർച്ചയായും എല്ലാം, എന്നും എന്നെ ഒഴിച്ച്. (എല്ലിസൺ 1952 :3)*

ഭിന്നശേഷിക്കാർ എന്ന പദം പ്രാധാന്യമുള്ളതാണ്. കാരണം അത് പൊതുജനത്തിന് അവരെക്കുറിച്ച് അവർക്കുള്ള പൊതുധാരണയെ ചോദ്യം ചെയ്യപ്പെടേണ്ടതാണെന്നതിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. ഭിന്നശേഷിക്കാരെക്കുറിച്ച് ലോകത്താകമാനം നിലനിൽക്കുന്ന ചില വീക്ഷണങ്ങൾ താഴെ തന്നിരിക്കുന്നു.

- ഭിന്നശേഷി ജീവശാസ്ത്രപരമായി ലഭിച്ചതാണെന്നു കരുതുന്നു.
- ഭിന്നശേഷിയുള്ളവർ എപ്പോഴെല്ലാം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ടോ, അതെല്ലാം അവന്റെ/അവളുടെ പരിമിതിയിൽ നിന്ന്, അഥവാ കുറവുകളിൽ നിന്നുണ്ടാകുന്നതാണ്.
- ഭിന്നശേഷിയുള്ള വ്യക്തിയെ ഇരയായി കാണക്കാക്കുന്നു.
- ഭിന്നശേഷി വ്യക്തിയുടെ ആത്മ അവബോധവുമായി ബന്ധപ്പെട്ടതാണ്.
- ഭിന്നശേഷി (വൈകല്യം)എന്ന ആശയംതന്നെ അവർ സഹായം ആവശ്യമുള്ളവരാണെന്നു തോന്നിപ്പിക്കുന്നു.

ഇന്ത്യയിൽ ഭിന്നശേഷിക്കാരെ അംഗപരിമിതർ, ചലനപരിമിതിയുള്ളവർ, കാഴ്ച-കേൾവി പരിമിതർ എന്നിങ്ങനെ സമാനാർഥമായി ഉപയോഗിക്കുന്നു. പലപ്പോഴും ഈ പദങ്ങൾ ആളുകളെ കളിയാക്കാനും ഉപയോഗിക്കുന്നു. ശാരീരികപൂർണതയ്ക്ക് പ്രാധാന്യം നൽകുന്ന സംസ്കാരത്തിൽ പൂർണശരീരത്തിൽനിന്നുള്ള എല്ലാ മാറ്റത്തെയും വിചിത്രമായതും കുറവായും നാശമാക്കപ്പെട്ടതായും കണക്കാക്കപ്പെടുന്നു. 'ബെചാര' (Poor thing) പോലുള്ള വിശേഷണങ്ങൾ അവരെ പാവം ഇരയെന്ന പരിഗണനയിലെത്തിക്കുന്നു. ഇത്തരം നിലപാടുകളുടെ അടിസ്ഥാനം, ശാരീരികപരിമിതികൾക്കു കാരണം വിധിയാണെന്ന സാംസ്കാരിക കാഴ്ചപ്പാടാണ്. വിധിയെ കുറ്റക്കാരനാക്കി ഇവിടെ വ്യക്തിയെ ഇരയായി കാണുന്നു. സാധാരണ കാഴ്ചപ്പാടിൽ രക്ഷപ്പെടാനാകാത്ത പഴയ കർമ (Action) ത്തിന്റെ പകരം വീട്ടലായാണ് കാണുന്നത്. ഇന്ത്യയുടെ സാംസ്കാരികനിർമിതി കുറവുകളെ വ്യക്തിയുടെ സവിശേഷതയായാണ് കാണുന്നത്. ഇന്ത്യൻ ഐതിഹ്യങ്ങളിലും പുരാണങ്ങളിലും പരിമിതികളെ നിഷേധാത്മകമായാണ് ചിത്രീകരിച്ചിട്ടുള്ളത്.




**5.8**

- പാരമ്പര്യവും മിത്തോളജിയും പരിമിതികളെ എങ്ങനെ ചിത്രീകരിച്ചുവെന്ന് കണ്ടെത്തുക. നിങ്ങൾക്ക് ഏതെങ്കിലും ഇന്ത്യൻ പ്രാദേശിക നാടൻസാഹിത്യം, മിത്തോളജി, പരമ്പരാഗത കഥ, അല്ലെങ്കിൽ ലോകത്തിലെ ഏതെങ്കിലും ഭാഗത്തെയും ശേഖരിക്കാം.
- ഭിന്നശേഷിക്കാരെ ഊനാത്മകമായി കാണുന്ന പഴഞ്ചൊല്ലുകളുടെ ഒരു പട്ടിക തയാറാക്കുക.

ഭിന്നശേഷിയുള്ളവർ എന്ന പദം ഈ അനുമാനങ്ങളെയെല്ലാം വെല്ലുവിളിക്കുന്നു. മാനസികവെല്ലുവിളികളുള്ളവർ (Mentally challenged), കാഴ്ചപരിമിതർ (Visually impared), ശാരീരികപരിമിതിയുള്ളവർ (Phyically impaired) എന്നീ പദങ്ങൾ മന്ദത (Retarded), മുടന്ത് (Crippled) അല്ലെങ്കിൽ ഞൊണ്ടിയായ (Lame) എന്നിവയ്ക്ക് പകരം വച്ചു. ഭിന്നശേഷിക്കാരെ അങ്ങനെയാക്കിയത് ജീവശാസ്ത്രപരമായി പരിമിതികളുള്ളവരായതിനാലല്ല, മറിച്ച് സമൂഹിക കാഴ്ചപ്പാടുകളാണ്.

*നമ്മൾക്കു കടക്കാൻ പറ്റാത്ത രീതിയിൽ രൂപകൽപ്പന ചെയ്ത നിർമിതികൾ നമ്മെ ഭിന്നശേഷിയുള്ളവരാക്കി. ഇത് നമ്മുടെ വിദ്യാഭ്യാസം, തൊഴിൽ നേടുന്നതിനുള്ള സാധ്യതകൾ, നമ്മുടെ സാമൂഹികജീവിതം തുടങ്ങിയവയിലേക്ക് അവശതകൾ ഉണ്ടാക്കി. സമൂഹനിർമിതിയിലാണ് ഭിന്നശേഷിയുള്ളത്. അല്ലാതെ വ്യക്തിയുടെ ശാരീരിക അവസ്ഥയിലല്ല (Briasenden 1996 : 176).*







ഭിന്നശേഷിയുടെ സാമൂഹികനിർമിതിക്ക് മറ്റൊരു തലമുണ്ട്. അംഗപരിമിതികൾക്കും ദാരിദ്ര്യത്തിനും അടുത്ത ബന്ധമുണ്ട്. പോഷകാഹാരക്കുറവ്, അമ്മമാരുടെ തുടർച്ചയായ പ്രസവം, രോഗപ്രതിരോധ പദ്ധതികളുടെ അഭാവം, ഇടുങ്ങിയ ഭവനങ്ങളിലെ അപകടങ്ങൾ എന്നിവ സൗകര്യങ്ങളേറെയുള്ള സാഹചര്യത്തിൽ ജീവിക്കുന്നവരെക്കാൾ പാവപ്പെട്ട ജനങ്ങളിൽ ശാരീരിക പരിമിതികളുമുണ്ടാകുന്നതിന് കാരണമാകുന്നു.

ഇവ കാരണമുണ്ടാകുന്ന ഒറ്റപ്പെടുത്തലുകളും സാമ്പത്തിക ബുദ്ധിമുട്ടുകളും ദാരിദ്ര്യം വർധിപ്പിക്കുന്നു. ഇത് വ്യക്തിയെ മാത്രമല്ല, കുടുംബത്തെയും ബാധിക്കുന്നു. രാജ്യത്തെ ദരിദ്രരിൽ ദരിദ്രരായിട്ടുള്ളവരിൽ ഇത്തരം അവസ്ഥ കൂടുതലാണെന്ന് സംശയിക്കുന്നു.



**5.9**

നിങ്ങൾ 'ഇഖ്ബാൽ' എന്ന സിനിമ കണ്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കാണാൻ ശ്രമിക്കുക. കാണാനും കേൾക്കാനും സാധിക്കാത്ത ഒരു ആൺകുട്ടിയുടെ ബൗളറാകണമെന്ന ആഗ്രഹം ദൃഢനിശ്ചയത്തിലൂടെ യാഥാർഥ്യമാവുന്ന കഥയാണത്. ഇത് ഇഖ്ബാലിന്റെ സമരം മാത്രമല്ല, ഒരു ഭിന്നശേഷിക്കാരന്റെ ഉറച്ച തീരുമാനങ്ങളുടെ വിവിധ അർഥങ്ങളാണ് നൽകുന്നത്.

**ബോക്സ് 5.8**

### കാനേഷുമാരി 2011 ൽ ഭിന്നശേഷിക്കാർക്കായി സ്വീകരിച്ച സമീപനം (Approach adopted for the disabled in Census 2011)

- 2011 ലെ കാനേഷുമാരി ഘട്ടത്തിൽ ഭിന്നശേഷിക്കാരെക്കുറിച്ചുള്ള വിവരശേഖരണം ഗാർഹികപട്ടികയിൽ ഉൾപ്പെടുത്തിയാണു നടത്തിയത്.
- ഭിന്നശേഷിയെക്കുറിച്ചുള്ള ചോദ്യങ്ങൾ കുടുംബത്തിലെ എല്ലാ വ്യക്തികളോടും ചോദിച്ചു.
- ഭിന്നശേഷിയുള്ളവരെ വീടുകളിൽച്ചെന്ന് നേരിൽ കണ്ട് വിവരങ്ങൾ ശേഖരിക്കാൻ എന്യുമറേറ്റർമാർക്ക് നിർദേശം നൽകി.
- എല്ലാ സ്ഥാപനങ്ങളും വീടുകളും ദേശീയതലത്തിൽ ഉൾപ്പെടുത്തി.
- ഭിന്നശേഷിയെക്കുറിച്ചുള്ള ചോദ്യങ്ങളും നിർദേശങ്ങളും തിരഞ്ഞെടുത്തത് ഫീൽഡിൽ പരീക്ഷിച്ചതിനുശേഷമാണ്. തിരഞ്ഞെടുത്ത പ്രദേശങ്ങളിലെ ഭിന്നശേഷിക്കാർ, പൗരസമൂഹസംഘടനകൾ, നോഡൽ മന്ത്രാലയം തുടങ്ങി എല്ലാ സംസ്ഥാനങ്ങളിലെയും നഗര-ഗ്രാമ സാമ്പിൾ ഉൾക്കൊള്ളുന്ന എല്ലാ മാതൃകാചോദ്യങ്ങളും പ്രീടെസ്റ്റ് ഉൾപ്പെടെ വിപുലമായ ചർച്ച നടത്തി നിശ്ചയിച്ചു.
- ഭിന്നശേഷിനില കണ്ടെത്തുന്നതിനുള്ള ഒരു ഫിൽറ്റർ ചോദ്യം ഉൾപ്പെടുത്തി.
- 2001 കാനേഷുമാരിപ്രകാരം എട്ടു തരം ഭിന്നശേഷികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാൻ ശ്രമിച്ചു.
- കാനേഷുമാരി പട്ടികയിലെ ഭിന്നശേഷിയെക്കുറിച്ചുള്ള ചോദ്യത്തിന്റെ ക്രമം മാറ്റുകയും അവയ്ക്ക് മുൻഗണന നൽകുകയും ചെയ്തു.
- പരിധി മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക ശ്രമങ്ങൾ നടത്തി. വിവരശേഖരണം നടത്തുന്നവർക്കായി വിപുലമായ പരിശീലനപരിപാടികളും പ്രചാരണരീതികൾ ഉൾപ്പെടെയുള്ളവയും നടപ്പിലാക്കി.

ഈ സാഹചര്യങ്ങൾ പരിഹരിക്കാനുള്ള ശ്രമം ഭിന്നശേഷിക്കാരിൽ നിന്നുതന്നെ ഉണ്ടായത് ശ്രദ്ധേയമാണ്. ബോക്സ് 5-8 ൽ തന്നിരിക്കുന്ന വിജ്ഞാപനവുമായി സർക്കാറിന് പ്രതികരിക്കേണ്ടിവന്നു. സമൂഹത്തിൽ ഭിന്നശേഷിയെക്കുറിച്ച് വീണ്ടുവിചാരമുണ്ടാകണമെന്നതിൽ ഈയിടെ മാത്രമാണ് അവരുടെ ഭാഗത്തുനിന്ന് പരിശ്രമമുണ്ടായത്. ഇത് അടുത്ത പേജിൽ നൽകിയ പത്രവാർത്തയിൽ കാണാം.

പൊതുവിദ്യാഭ്യാസ വ്യവഹാരത്തിൽ ഭിന്നശേഷിക്കാരെ അംഗീകരിച്ചും സജീവ പരിഗണന നൽകിയും മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ചരിത്രപരമായ വിദ്യാഭ്യാസവ്യവസ്ഥ പിന്തുടരുന്ന രീതിയിൽ ഭിന്നശേഷിക്കാർ, അല്ലാത്തവർ എന്നു വേർതിരിക്കുന്നതുതന്നെ പാർശ്വവൽക്കരണമാവും.

**ബോക്സ് 5.9**

**ഭിന്നശേഷീ സൗഹൃദമല്ലാത്ത കോടതികൾ (Disabled-unfriendly' Courts)**

ശാരീരികഭിന്നശേഷിക്കാരെ ന്യായാധിപനായി കണക്കാക്കാത്തത് ഉയർന്ന കോടതികളുടെ പ്രത്യേക നയമാണെന്ന് ഉയർന്ന പദവിയിലുള്ള ഒരു അഭിഭാഷകൻ പറഞ്ഞു. അംഗപരിമിതരെ അവഗണിക്കുകവഴി നിയമപ്രകാരമുള്ള ആജ്ഞയെ അവഗണിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഹൈക്കോടതി കെട്ടിടംതന്നെ അംഗപരിമിതർക്ക് അപ്രാപ്യമാണ്. കെട്ടിടത്തിന്റെ പ്രധാന കവാടത്തിൽ ധാരാളം പടികളുണ്ട്. ഒരു സ്ഥലത്തും ചരിവുള്ള പ്രതലങ്ങളില്ല. ചുരുങ്ങിയത് ഒരു ലിഫ്റ്റ് പോലുമില്ല. അവർ ധാരാളം പടികൾ കയറേണ്ടിവരുന്നു. അപകട പരാതികൾ തീർപ്പാക്കുന്നതിന് നഗരത്തിലെ സിവിൽ കോടതിയിൽ വരുന്ന അപകടം പറ്റിയവരുടെയും ഭിന്നശേഷിക്കാരുടെയും സ്ഥിതി വളരെ മോശമാണ്. ഭിന്നശേഷിക്കാരെയും പരിക്കുപറ്റിയവരെയും പ്രായം ചെന്നവരെയും അവരുടെ ചങ്ങാതിമാർ പടികളിലൂടെ ചുമന്നുകൊണ്ടു പോകുന്നത് കാണാമെന്ന് ഒരു അഭിഭാഷകൻ പറഞ്ഞു.

*ദ ഹിന്ദു, 2 ആഗസ്റ്റ്–2006*

ഈ അധ്യായത്തിൽ ജാതി, ഗോത്രം, ലിംഗം, ഭിന്നശേഷി എന്നിവ സ്ഥിരമായ അസമത്വവും ബഹിഷ്കരണവും ഉണ്ടാക്കുന്നതിനെക്കുറിച്ച് മനസ്സിലാക്കി. എന്നാൽ അത് അസമത്വത്തിനെതിരെ സമരം ഇളക്കിവിടുന്നതിനും കാരണമാകുന്നു. സമൂഹശാസ്ത്രത്തിൽ അസമത്വം മനസ്സിലാക്കുന്നതിന് വർഗം, ഗോത്രം, സമീപകാലത്തായി ലിംഗഭേദം എന്നീ ആശയങ്ങൾക്ക് ആധിപത്യമുണ്ട്. പിന്നീടാണ് ജാതിയുടെയും ഗോത്രത്തിന്റെയും സങ്കീർണത ശ്രദ്ധേയമായത്. ഇന്ത്യൻ സാഹചര്യത്തിൽ ജാതിക്കും ഗോത്രത്തിനും ലിംഗത്തിനും അതിന്റേതായ ശ്രദ്ധ ലഭിക്കുന്നുണ്ട്. പക്ഷേ, മതങ്ങളാലും മറ്റു വിഭാഗങ്ങളാലും പാർശ്വവൽക്കരിക്കപ്പെട്ടവർ ഇന്നും ശ്രദ്ധിക്കപ്പെടാതെ തുടരുന്നുണ്ട്. ജാതിയും മതവും ലിംഗഭേദവും മതവും അല്ലെങ്കിൽ ജാതിയും പ്രാദേശികതയും എന്നീ നിലയിൽ നിർവചിക്കപ്പെട്ട സങ്കീർണമായ സംഘങ്ങൾ ഭാവിയിൽ ശ്രദ്ധിക്കപ്പെടേണ്ടിവരും. സച്ചാർ കമ്മിറ്റി സൂചിപ്പിച്ച മുസ്ലിം സമൂഹം ഇതിനുദാഹരണമാണ്.

**ബോക്സ് 5.10**

5-14 വരെ പ്രായമുള്ള കുട്ടികളിൽ പകുതിപേർ വിദ്യാലയത്തിന് പുറത്തുള്ള ഒരു രാജ്യത്ത് ഭിന്നശേഷിക്കാർക്ക് എങ്ങനെ സ്ഥാനമുണ്ടാകും? പ്രത്യേകിച്ചും, അകറ്റിനിർത്തുന്ന വിദ്യാഭ്യാസം അവർക്ക് നിർദേശിക്കപ്പെടുമ്പോൾ! നിയമവ്യവസ്ഥ ശുഭാപ്തിവിശ്വാസത്തോടെ എല്ലാ ഭിന്നശേഷികുട്ടികൾക്കും വിദ്യാഭ്യാസം നൽകാൻ ശ്രമിക്കുമ്പോഴും, ഗ്രാമീണർ തങ്ങളുടെ ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്വന്തം കാലിൽ നിൽക്കാനിത് കാരണമാകുമെന്ന് കരുതുന്നില്ല. അവർ കൂടുതൽ താൽപ്പര്യം ഒരുപക്ഷേ കാണിക്കുക കുട്ടിയുടെ അഭിവൃദ്ധിക്കായി കിണറിൽനിന്ന് വെള്ളം കൊണ്ടുവരുന്നതിനാണ്. അതുപോലെ നഗരചേരിയിലെ ആളുകൾ തങ്ങളുടെ കുട്ടികളുടെ അടിസ്ഥാനജീവിതം മെച്ചപ്പെടുത്തുന്ന തൊഴിൽ ലഭിക്കാനായുള്ള വിദ്യാഭ്യാസത്തിലാണ് താൽപ്പര്യം കാണിക്കുന്നത്.

*Source: Anita Ghai 'Disability in the Indian Context'. 2002:93*

**5.10**



- മുകളിൽ തന്നിട്ടുള്ള ഉദ്ധരണി വായിച്ച് ഭിന്നശേഷിപ്രശ്നങ്ങൾ എങ്ങനെയെല്ലാമാണ് സാമൂഹികമായി രൂപീകരിക്കപ്പെട്ടതെന്ന് ചർച്ചചെയ്യുക.



**അൽപ്പംകൂടി...**

**ട്രാൻസ്ജെൻഡറുകൾ (Trans Genders)**

കേരളം തയാറാക്കിയ തനതായ നയരേഖകൾ ട്രാൻസ്ജെൻഡറുകളുടെ ജീവിതത്തിനു താങ്ങായിരിക്കുന്നു. എങ്കിലും ലോകമെമ്പാടുമുള്ള തങ്ങളുടെ സഹജരെപ്പോലെ ഇപ്പോഴും സ്വത്വം (Identity) തേടിയുള്ള അലച്ചിൽ അവർക്ക് അവസാനിപ്പിക്കാറായിട്ടില്ല.

ഇന്ത്യയിൽ ട്രാൻസ്ജെൻഡറുകൾക്കായുള്ള നയം രൂപീകരിച്ച ആദ്യസംസ്ഥാനമായി 2015-ൽ കേരളം മാറി. സ്ത്രീയിൽനിന്നു പുരുഷനായവരും (Trans Genderd Men) പുരുഷനിൽനിന്നു സ്ത്രീയായവരും (Trans Genderd Women) അന്തർലിംഗ (Inter Sex) വിഭാഗക്കാരും അടങ്ങുന്ന ട്രാൻസ്ജെൻഡറിലെ എല്ലാതരത്തിലുള്ളവർക്കും ഈ നയം ബാധകമാകുന്നു. സുപ്രീം കോടതി വിധിയുടെ പിൻബലത്തിൽ ഒരാൾക്ക് സ്വയം താൻ പുരുഷനാണെന്നോ സ്ത്രീയാണെന്നോ അല്ലെങ്കിൽ ട്രാൻസ്ജൻഡറാണെന്നോ തീരുമാനിക്കാനുള്ള അവകാശം നൽകുന്നു. 60 വയസ്സിനു മുകളിലുള്ളവർക്ക് 2016-17 കേരള ബജറ്റിൽ മാസപെൻഷനുള്ള അവസരം ഒരുക്കിയത് അവർക്ക് പൊതുധാരയിലേക്ക് കടന്നുവരാനുള്ള അവസരം സൃഷ്ടിച്ചു. ആശുപത്രികൾ ലിംഗപുനർനിർണയ ശസ്ത്രക്രിയകൾ 2017 മുതൽ ആരംഭിച്ചു. കേരള ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് രൂപീകരണം അവർക്കുനേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സംരക്ഷിക്കുന്നതിനും സഹായിച്ചു. സൗജന്യ നിയമസഹായം ഇവിടെ നിന്നു ലഭിക്കുന്നു.

കൊച്ചി മെട്രോ അതിന്റെ പ്രവർത്തനങ്ങളിൽ ട്രാൻസ്ജെൻഡറുകളെ ഉൾപ്പെടുത്തിയിരിക്കുന്നു. അവരുടെ പൂർണനിയന്ത്രണത്തിലുള്ള ടാക്സികളും കേരളത്തിന്റെ നിരത്തുകളിൽ നമുക്ക് കാണാൻ സാധിക്കും. (https://amp.indiatimes.com)

## ചോദ്യങ്ങൾ



1. വ്യക്തിഗത അസമത്വത്തിൽനിന്ന് സാമൂഹിക അസമത്വത്തിനുള്ള വ്യത്യാസമെന്ത്?
2. സാമൂഹികശ്രേണീകരണത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
3. അഭിപ്രായങ്ങൾ അല്ലെങ്കിൽ വിശ്വാസങ്ങളിൽനിന്നു മുൻവിധികളെ നിങ്ങളെ എങ്ങനെ വേർതിരിക്കും?
4. സാമൂഹികബഹിഷ്കരണം എന്നാലെന്ത്?
5. സാമ്പത്തിക അസമത്വവും ജാതിയും തമ്മിലുള്ള ഇന്നത്തെ ബന്ധം എന്താണ്?
6. എന്താണ് അസ്പൃശ്യത?
7. ജാതി അസമത്വത്തെ അഭിസംബോധനചെയ്യുന്ന ചില നയങ്ങൾ വിശദീകരിക്കുക.
8. മറ്റു പിന്നാക്കവിഭാഗങ്ങൾ ദലിതരിൽനിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
9. ആദിവാസികളുമായി ബന്ധപ്പെട്ട ഇന്നത്തെ പ്രധാന പ്രശ്നങ്ങൾ ഏവ?
10. സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രത്തിൽ, അവർ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ എന്താണ്?
11. ഭിന്നശേഷികൾ ശാരീരികം എന്നതുപോലെ സാമൂഹികമാണെന്ന് എങ്ങനെ വിശദീകരിക്കും?



## References


Bourdieu. Pierre. 1986. 'The Forms of Capital'. in Richardson, John G. ed. *Handbook of Theory and Research in the Sociology of Education.* Greenwood Press. New York.

Brisenden. Simon. 1986. 'Independent Living and the Medical Model of Disability', in *Disability, Handicap and Society.* V.1, n.2, pp. 173 78.

Deshpande, Satish. 2003. *Contemporary India: A Sociological View.* Penguin Books. New Delhi.

Ellison, R. 1952. *Invisible Man.* Modern Library. New York.

Fernandes, Walter. 1991. 'Power and Powerlessness: Development Projects and Displacement of Tribals'. in *Social Action.* 41:243 270.

Fuller. C.J. ed. 1996. *Caste Today.* Oxford University Press. New Delhi.

Ghai, Anita. 2002. 'Disability in The Indian Context'. in Corker. Marian. and Shakespeare, Tom. ed. *Disability/Postmodernity: Embodying Disability Theory.* Continuum. London, pp. 88 100.

Ghai, Anita. 2002. 'Marginalisation and Disability: experiences from the third world'. in Priestly. M. ed. *Disability and the Life Course: Global Perspectives.* Cambridge University Press. Cambridge.

Giddens, Anthony. 2001. *Sociology.* 4th edition. Polity Press. Cambridge.

Jeffery. Craig. Jeffery, Roger. and Jeffery, Patricia. 2005. 'Broken Trajectories:

Dalit Young Men and Formal Education'. in Chopra, Radhika. and Jeffery. Patricia. ed. *Educational Regimes in Contemporary India.* Sage Publications. New Delhi.

Karna. G.N. 2001. *Disability Studies in India: Retrospect and Prospects.* Gyan Publishing House. New Delhi.

Macionis, John J. 1991. *Sociology.* Prentice-Hall. Englewood Cliffs. New Jersey.


Mander, Harsh. 2001. *Unheard Voices: Stories of Forgotten Lives.* Penguin India. New Delhi.

Shah. Ghanshyam. Mander. Harsh. Thorat, Sukhadeo. Deshpande, Satish. and Baviskar. Amita. 2006. *Untouchability in Rural India.* Sage Publications. New Delhi.

Sharma. Ursula. 1999. *Caste (Concepts in the Social Sciences Series).* Open University Press. Buckingham and Philadelphia.

Srinivas, M.N. ed. 1996. *Caste: Its Modern Avatar.* Viking Penguin. Delhi.

Zaidi, A.M. and Zaidi. S.G. 1984. 'A fight to Finish'. in *Annual Report of the Indian National Congress 1939-1940.* Vol. 11.1936-1938: and 12. 1939-1946.



പാഠം 6

# സാംസ്കാരിക വൈവിധ്യത്തിന്റെ വെല്ലുവിളികൾ

# THE CHALLENGES OF CULTURAL DIVERSITY

കുടുംബം മുതൽ വിപണി വരെ പലതരത്തിലുള്ള സാമൂഹികസ്ഥാപനങ്ങൾക്ക് ജനങ്ങളെ ഒന്നിച്ചു നിർത്താനും സാമൂഹികമായ ഒരുമ സൃഷ്ടിക്കാനും കഴിയുമെന്ന് 3, 4 അധ്യായങ്ങളിൽ നിങ്ങൾ പഠിച്ചുവല്ലോ. എന്നാൽ 4, 5 അധ്യായങ്ങളിൽ ഇതേ സ്ഥാപനങ്ങൾതന്നെ അസമത്വത്തിന്റെയും ബഹിഷ്കരണത്തിന്റെയും ഉറവിടങ്ങളായി മാറുന്നതും കാണാം. ഈ അധ്യായത്തിൽ സാംസ്കാരികവൈവിധ്യങ്ങളുമായി ബന്ധപ്പെട്ട ചില സമ്മർദങ്ങളും പ്രയാസങ്ങളുമാണ് ചർച്ച ചെയ്യുന്നത്. എന്താണ് സാംസ്കാരികവൈവിധ്യം എന്നതുകൊണ്ട് അർഥമാക്കുന്നത്? എന്തുകൊണ്ടാണ് അതിനെ ഒരു വെല്ലുവിളിയായി കാണുന്നത്?

വൈവിധ്യം (Diversity) എന്ന പദം ഊന്നൽ നൽകുന്നത് വ്യത്യാസങ്ങളെയാണ്, അസമത്വങ്ങളെയല്ല. ഇന്ത്യ മഹത്തായ സാംസ്കാരികവൈവിധ്യമുള്ള ദേശമാണെന്ന് നാം പറയുമ്പോൾ അർഥമാക്കുന്നത് ഇവിടെ പലതരത്തിലുള്ള സാമൂഹികവിഭാഗങ്ങളും സമുദായങ്ങളും ജീവിക്കുന്നുണ്ടെന്നാണ്. ഭാഷ, മതം, വിഭാഗം, വംശം, ജാതി എന്നിങ്ങനെയുള്ള സാംസ്കാരികചിഹ്നങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ സമുദായങ്ങൾ നിർവചിക്കപ്പെടുന്നത്. വ്യത്യസ്തമായ ഈ സമുദായങ്ങൾ ഒരു രാഷ്ട്രത്തിന്റെ ഭാഗമായി ഒരുമിച്ചുനിൽക്കുമ്പോൾ സ്വാഭാവികമായും അവർക്കിടയിലെ മത്സരവും സംഘട്ടനങ്ങളും പ്രയാസങ്ങളുണ്ടാക്കുന്നു.

സാംസ്കാരികവൈവിധ്യം കടുത്ത വെല്ലുവിളികൾ ഉയർത്തുന്നതിന്റെ കാരണം ഇതാണ്. സാംസ്കാരികസ്വത്വങ്ങൾ വളരെ കരുത്തുറ്റതായതുകൊണ്ട് തീവ്രമായ അഭിനിവേശമുണർത്താനും വലിയ തോതിൽ ജനങ്ങളെ അണിനിരത്താനും അവയ്ക്ക് സാധിക്കുന്നു. ചിലപ്പോൾ സാംസ്കാരികവൈവിധ്യങ്ങളെപിൻപറ്റി സാമ്പത്തിക-സാമൂഹിക അസമത്വങ്ങളും എത്തുന്നത് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാക്കുന്നു. ഒരു സമുദായം നേരിടുന്ന അസമത്വങ്ങൾക്കും അനീതികൾക്കുമെതിരെ എടുക്കുന്ന നടപടിക്രമങ്ങൾ മറ്റു സമുദായങ്ങളെ പ്രകോപിപ്പിക്കാറുണ്ട്. ദുർലഭവിഭവങ്ങളായ നദീജലം, തൊഴിൽ, അല്ലെങ്കിൽ സർക്കാർ ധനസഹായങ്ങൾ തുടങ്ങിയവ പങ്കിടേണ്ടിവരുമ്പോൾ സാഹചര്യം കൂടുതൽ വഷളായിത്തീരും.

ദിനപത്രങ്ങൾ വായിക്കുമ്പോഴും ടെലിവിഷൻ വാർത്ത കാണുമ്പോഴും ഇന്ത്യയുടെ ഭാവിയിൽ നിങ്ങൾ നിരാശയുള്ളവരായേക്കാം. വർഗീയലഹളകൾ, പ്രാദേശീയ വാദപ്രക്ഷോഭം, ജാതിയുദ്ധം തുടങ്ങിയ നിരവധി പ്രശ്നങ്ങൾ നമ്മുടെ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും തകർക്കുന്നതിന് പ്രയത്നിച്ചുകൊണ്ടിരിക്കുന്നതായി കാണാൻ ഇടയാകുന്നു. നിങ്ങൾക്കും സഹപാഠികൾക്കും ഉള്ളതുപോലെയുള്ള രാജ്യസ്നേഹവും വൈകാരിക അടുപ്പവും ഗണ്യമായ ഒരു വിഭാഗം ജനങ്ങൾക്ക് ഇല്ല എന്ന തോന്നൽ ഒരുപക്ഷേ നിങ്ങളെ കൂടുതൽ നിരാശരാക്കിയേക്കാം. എന്നാൽ ആധുനിക ഇന്ത്യയുടെ ചരിത്രവും വർഗീയത, പ്രാദേശികത പോലുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന പുസ്തകങ്ങൾ (ഉദാഹരണത്തിന്, Brass 1974) പരിശോധിക്കുമ്പോൾ ഈ പ്രശ്നങ്ങളൊന്നും പുതിയവയല്ലെന്ന് നമുക്ക് മനസ്സിലാക്കാനാകും. ഇന്ന് നമ്മുടെ രാജ്യത്തിന്റെ വിഭാഗീയതയ്ക്ക് കാരണമാകുന്ന പ്രധാന പ്രശ്നങ്ങളെല്ലാം സ്വാതന്ത്ര്യത്തിനു ശേഷവും അതിനു മുമ്പും ഇവിടെ നിലനിന്നിരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും ഇന്ത്യ ഒരു ദേശമായി മാത്രമല്ല, ദേശരാഷ്ട്രമായി നിലകൊള്ളുന്നു.

വായിക്കാൻ നിങ്ങൾ തയാറെടുക്കുമ്പോൾ ഓർക്കുക, ഈ അധ്യായത്തിൽ എളുപ്പത്തിൽ ഉത്തരം ലഭിക്കാൻ പ്രയാസമുള്ള പ്രശ്നങ്ങളാണ് ചർച്ചചെയ്യുന്നത്. എന്നാൽ ചില ഉത്തരങ്ങൾ മറ്റുള്ളവയെക്കാൾ മെച്ചപ്പെട്ടതാണ്. ചരിത്രപരവും സാമൂഹികവുമായ പശ്ചാത്തലങ്ങളുടെ പരിമിതികളിൽ നിന്നുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട ഉത്തരം കണ്ടെത്തുക എന്നത് പൗരർ എന്ന നിലയിൽ നമ്മുടെ കർത്തവ്യമാണ്. വൈവിധ്യമാർന്ന സംസ്കാരങ്ങളും ജനങ്ങളും നൽകുന്ന വലിയ വെല്ലുവിളികളുണ്ടെങ്കിലും മറ്റു രാജ്യങ്ങളെക്കാൾ താരതമ്യേന മെച്ചപ്പെട്ട രീതിയിൽ ഇന്ത്യ പുരോഗമിക്കുന്നു. അതേസമയം കാര്യമായ പരിമിതികളും നമുക്കുണ്ട്. ഒരുപാട് മേഖലകൾ മെച്ചപ്പെടാനുള്ളതുകൊണ്ട് ഭാവിയിലുണ്ടാകാവുന്ന വെല്ലുവിളികൾ നേരിടുന്നതിന് തയാറെടുപ്പുകൾ നമുക്ക് ആവശ്യമാണ്.

## 6.1 സാംസ്കാരികസമുദായങ്ങളും ദേശരാഷ്ട്രവും (Cultural Communities and the Nation-state)

ഇന്ത്യൻ വൈവിധ്യം നേരിടുന്ന പ്രധാന വെല്ലുവിളികൾ ചർച്ചചെയ്യുന്നതിനു മുമ്പ് - പ്രാദേശികവാദം, വർഗീയത, ജാതീയത തുടങ്ങിയ പ്രശ്നങ്ങൾ - ദേശരാഷ്ട്രങ്ങളും സാംസ്കാരികസമുദായങ്ങളും തമ്മിലുള്ള ബന്ധം എന്നിവ മനസ്സിലാക്കേണ്ടതുണ്ട്. എങ്ങനെയാണ് മതം, പ്രദേശം, വംശം, ജാതി തുടങ്ങിയ സാംസ്കാരികസ്വത്വങ്ങളിൽ ജനങ്ങൾ അംഗങ്ങളാകുന്നത് എന്നതു വലിയ പ്രാധാന്യം അർഹിക്കുന്നത് എന്തുകൊണ്ടാണ്. ഒരാളുടെ സമുദായത്തിന് ഏതെങ്കിലും ഭീഷണിയോ പരിഹാസമോ അന്യായമോ നേരിടുമ്പോൾ എന്താണ് അമിത മനഃക്ഷോഭം ഉടലെടുക്കുന്നത്? എന്തുകൊണ്ടാണ് ഇങ്ങനെയുള്ള വികാരങ്ങൾ ദേശരാഷ്ട്രത്തിന് പ്രശ്നങ്ങളുണ്ടാക്കുന്നത്?

### സാമുദായികസ്വത്വത്തിന്റെ പ്രാധാന്യം (The Importance of Community Identity)

ഓരോ മനുഷ്യനും ഈ ലോകത്തു പ്രവർത്തനനിരതമാകുന്നതിന് അടിയുറച്ച ഒരു സ്വത്വ ബോധം (Sense of Stable Identity) ഉണ്ടായിരിക്കണം. ഞാൻ ആരാണ്? മറ്റുള്ളവരിൽനിന്ന് ഞാൻ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? മറ്റുള്ളവർ തന്നെ എങ്ങനെയാണ് മനസ്സിലാക്കുന്നതും ഉൾക്കൊള്ളുന്നത്, തനിക്ക് ഏതുതരത്തിലുള്ള ആഗ്രഹങ്ങളും ലക്ഷ്യങ്ങളും ഉണ്ടാകണം. ഇങ്ങനെയുള്ള ചോദ്യങ്ങൾ സ്ഥിരമായി നമ്മുടെ ജീവിതത്തിൽ കുട്ടിക്കാലം മുതൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കും. നമ്മൾ ഏതു രീതിയിലാണ് സാമൂഹീകരിക്കപ്പെട്ടത് നമ്മൾ എങ്ങനെ ജീവിക്കണമെന്ന് കുടുംബവും സമുദായവും പഠിപ്പിച്ചതിനാലാണ് പല ചോദ്യങ്ങൾക്കും ഉത്തരം ലഭിച്ചത്. (പതിനൊന്നാം ക്ലാസിൽ സാമൂഹീകരണം പഠിച്ചത് ഓർക്കുക). സാമൂഹീകരണ പ്രക്രിയയിൽ തുടർച്ചയായ സംഭാഷണങ്ങളും ഇടപെടലുകളും ഉണ്ടാകും. ചിലപ്പോൾ നമ്മുടെ രക്ഷിതാക്കൾ, കുടുംബം, ബന്ധുത്വം, സമുദായം എന്നീ പ്രധാനപ്പെട്ടവരുമായുള്ള സംഘർഷങ്ങളും ഉണ്ടാകാം. നമ്മുടെ സമുദായം ലോകത്തെക്കുറിച്ചു മനസിലാക്കാൻ സാംസ്കാരികമൂല്യങ്ങളും നമ്മുടെ ഭാഷ (മാതൃഭാഷ) യും നൽകുന്നു. ഇത് നമ്മുടെ സ്വത്വത്തിന് അടിത്തറ ഉറപ്പിക്കുന്നു.

സാമുദായികസ്വത്വത്തിന്റെ അടിസ്ഥാനം ചില ആർജിത യോഗ്യതകളോ നേട്ടങ്ങളോ അല്ല. മറിച്ച് അവ ജനനത്തെയും ഉൾച്ചേർക്കലിനെയും ആശ്രയിക്കുന്നു. ഇവിടെ ഒരു വ്യക്തി എന്തായിത്തീരുന്നു എന്നതിനേക്കാൾ എന്താണ് എന്നതിനാണ് പ്രാധാന്യം. ഒരു സമുദായത്തിൽ ജനിക്കാൻ നമുക്കൊന്നും ചെയ്യാനില്ല. ആർക്കും തന്നെ അവർ ജനിക്കുന്ന കുടുംബമോ സമുദായമോ രാജ്യമോ നിർണയിക്കാനുള്ള അവസരമില്ല എന്നത് വസ്തുതയാണ്. ഇത്തരത്തിലുള്ള സ്വത്വങ്ങളെ ആരോപിതം (Ascriptive) എന്നു പറയുന്നു. അതായത് ഒരു വ്യക്തിയുടെ ജനനം ആകസ്മികമായതുകൊണ്ട് ആ വ്യക്തിക്ക് അതിൽ പങ്കൊന്നുമില്ല. അംഗത്വം ആകസ്മികമാണെങ്കിലും വ്യക്തിക്ക് അവർ ഉൾപ്പെട്ട സമുദായത്തിൽ സുരക്ഷിതത്വവും സംതൃപ്തിയും തോന്നുന്നു എന്നത് വിചിത്രമാണ്. അർഹിക്കുന്നതായി ഒന്നും ചെയ്തിട്ടില്ലെങ്കിലും നാം പലപ്പോഴും സമുദായത്തിൽ അംഗീകരിക്കപ്പെടുന്നത് പരീക്ഷ ജയിക്കുകയോ കഴിവു തെളിയിക്കുകയോ ചെയ്തിട്ടല്ല. ഡോക്ടറോ വാസ്തുശിൽപ്പിയോ ആവണമെങ്കിൽ വ്യക്തികൾ പരീക്ഷയിൽ ജയിക്കുകയോ കഴിവു തെളിയിക്കുകയോ ചെയ്യേണ്ടതുണ്ട്. കായികരംഗത്തുപോലും ഒരുപരിധിവരെ കഴിവുകളുടെ പ്രകടനവും നൈപുണ്ണിയും അനിവാര്യ ഉപാധികളാണ്. എന്നാൽ കുടുംബത്തിൽ അംഗമാകുന്നതിനോ മതത്തിലോ പ്രാദേശിക സമുദായത്തിലോ അംഗമാകുന്നതിനോ യാതൊരുവിധ മുൻഉപാധികളും ആവശ്യമില്ല. യാഥാർഥത്തിൽ ചുമത്തപ്പെട്ട സ്വത്വങ്ങൾ നമ്മൾ തിരഞ്ഞെടുക്കുന്നതല്ലെങ്കിൽ പോലും അതിൽനിന്ന് വ്യതിചലിക്കാൻ വളരെ പ്രയാസമാണ്. സ്വന്തം സ്വത്വത്തെ എത്ര തന്നെ തള്ളിക്കളയാൻ നമ്മൾ ശ്രമിച്ചാലും നമ്മിലുള്ള സ്വത്വ അടയാളങ്ങളിലൂടെ തന്നെയാണ് മറ്റുള്ളവർ നമ്മെ തിരിച്ചറിയുന്നത്.

ഒരുപക്ഷേ ആകസ്മികവും ഉപാധികളില്ലാത്തതും രക്ഷപ്പെടാൻ കഴിയാത്തതുമായ ഉൾച്ചേർക്കൽ കൊണ്ടുമാകാം സാമുദായികസ്വത്വത്തോടുള്ള വൈകാരികമായ അടുപ്പം നമ്മൾക്ക് ഉണ്ടാകുന്നത്. ഈ സാമുദായികബന്ധങ്ങളുടെ (കുടുംബം, സ്വത്വം, ജാതി, വർഗീയത, ഭാഷ,

പ്രദേശം, മതം) കൂടിച്ചേരലും വികാസവും നമ്മുടെ ചുറ്റുപാടിന് അർത്ഥം നൽകുകയും നമ്മൾ ആരാണെന്ന സ്വത്വബോധം ഉണ്ടാവുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെയാണ് ജനങ്ങൾ അവരുടെ സാമുദായികസ്വത്വത്തിന് എപ്പോഴെങ്കിലും ഒരു ഭീഷണി ഉള്ളതായി തിരിച്ചറിയുമ്പോൾ വൈകാരികമായും അക്രമാസക്തമായും പ്രതികരിക്കുന്നത്.



## 6.1

നമ്മുടെ സ്വത്വം രൂപപ്പെടുത്തുന്ന സാമുദായിക കെട്ടുപാടുകളുടെ വികസനമണ്ഡലങ്ങളെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കുന്നതിന് നിങ്ങൾക്ക് കളിരൂപത്തിൽ ചെറിയ ഒരു സർവേ ചെയ്യാവുന്നതാണ്. ഞാൻ ആരാണ്? എന്നെക്കുറിച്ച് മറ്റുള്ളവർ എന്തുചിന്തിക്കും? ഈ രണ്ടു ചോദ്യങ്ങൾ ഉപയോഗിച്ച് നിങ്ങൾക്ക് നിങ്ങളുടെ സുഹൃത്തുക്കളെ അഭിമുഖം നടത്താം. പക്ഷേ, ഉത്തരം ഒരു പദമോ ചെറിയ വാക്യമോ ആവണം. അതിൽ പേരുകളൊന്നും ഉൾപ്പെടാൻ പാടില്ല (നിങ്ങളുടെയോ നിങ്ങളുടെ രക്ഷിതാക്കളുടെയോ പേര്, സ്കൂൾ തുടങ്ങിയവ). അഭിമുഖം വ്യക്തിഗതമായി നടത്തണം സ്വകാര്യവുമായിരിക്കണം. അതായത് അഭിമുഖം നടത്തപ്പെടേണ്ട അവർ പറയുന്നത് കേൾക്കാനിടയാവരുത്. (അഭിമുഖം നടത്തുന്ന രണ്ടുപേർ ഒരാളെത്തന്നെ തിരഞ്ഞെടുക്കരുത്). ഉത്തരം രേഖപ്പെടുത്തുകയും പിന്നീട് വിശകലനം ചെയ്യാവുന്നതുമാണ്. ഏതു സ്വത്വമാണ് പ്രബലമായി നിലനിൽക്കുന്നത്? ഏതായിരുന്നു പൊതുവായി തിരഞ്ഞെടുത്തത്? മിക്കവാറും ലഭിച്ച അവസാനത്തെ ഉത്തരം ഏതായിരുന്നു? ഉത്തരത്തിന് എന്തെങ്കിലും ക്രമമുണ്ടായിരുന്നോ? ഞാൻ ആരാണ് എന്ന ചോദ്യത്തിന്റെ ഉത്തരത്തിന് എന്നെക്കുറിച്ച് മറ്റുള്ളവർ എന്തു ചിന്തിക്കും എന്ന ചോദ്യത്തിന്റെ ഉത്തരവുമായി വലിയ അന്തരങ്ങളുണ്ടോ?

ആരോപിതസ്വത്വത്തിന്റെയും സാമുദായികബോധത്തിന്റെയും രണ്ടാമത്തെ സവിശേഷത അതിന്റെ സാർവത്രികതയാണ്. എല്ലാവർക്കും ഒരു ജന്മനാടും മാതൃഭാഷയും കുടുംബവും. ഒരു വിശ്വാസവും ഉണ്ടാകും. എല്ലാ വ്യക്തികളുടെയും കാര്യത്തിൽ ഇത് കൃത്യമായും ശരിയാകണമെന്നില്ല. പക്ഷേ, പൊതുവായ അർത്ഥത്തിൽ ഇത് ശരിയാണ്. കൂടാതെ, നമ്മളെല്ലാവരും അവരവരുടെ സ്വത്വത്തോട് തുല്യമായി പ്രതിജ്ഞാബദ്ധവും കൂറുപുലർത്തുന്നവരായിരിക്കും. അതുകൊണ്ടുതന്നെ സമുദായങ്ങൾ (രാഷ്ട്രം, ഭാഷ, മതം, ജാതി, ദേശം തുടങ്ങിയവ) ഉൾപ്പെടുന്ന സംഘർഷങ്ങൾ കൈകാര്യം ചെയ്യാൻ വളരെ പ്രയാസമാണ്. ഓരോ പക്ഷത്തുള്ളവരും മറുഭാഗത്തെ വെറുക്കപ്പെട്ട ശത്രുവായി കാണുകയും തങ്ങളുടെ ഗുണഗണങ്ങളും എതിർപക്ഷത്തിന്റെ തിന്മകളും പെരുപ്പിച്ചു കാണിക്കാനുള്ള പ്രവണതയുണ്ടാവുകയും ചെയ്യും. രണ്ടു രാഷ്ട്രങ്ങൾ തമ്മിൽ യുദ്ധമുണ്ടാകുമ്പോൾ ഓരോ രാഷ്ട്രത്തിലും രാജ്യസ്നേഹികൾ മറുഭാഗത്തെ ആക്രമണകാരിയായ ശത്രുവായി കാണുന്നു. ദൈവവും സത്യവും അവരുടെ കൂടെയാണെന്ന് ഓരോപക്ഷവും വിശ്വസിക്കുന്നു. ഈ നിമിഷത്തിൽ ഇരുവിഭാഗത്തിനും അവരുണ്ടാക്കുന്ന മത്സരം അവർക്കു നേരെതന്നെ തിരിച്ചു പിടിച്ചിരിക്കുന്ന കണ്ണാടിയിലൂടെയാണ് കാണുന്നത് എന്ന് കാണാൻ പ്രയാസമാണ്.

ഒരു രാജ്യവും ഒരു വിഭാഗവും അസത്യത്തിനും അനീതിക്കും അസമത്വത്തിനുമായി പോരാടാൻ അതിന്റെ ജനങ്ങളെ സജ്ജരാക്കാറില്ല എന്നത് ഒരു സാമൂഹികവസ്തുതയാണ്. എല്ലാവരും എപ്പോഴും പോരാടുന്നത് സത്യത്തിനും നീതിക്കും തുല്യതയ്ക്കുമാണ്. എല്ലാ പോരാട്ടത്തിലും ഇരുപക്ഷത്തിന്റെയും നിലപാടുകൾ ശരിയാണ് എന്നല്ല ഇതിനർത്ഥം. അല്ലെങ്കിൽ അവിടെ ശരിയും തെറ്റും സത്യവുമില്ല എന്നുമല്ല. ചിലപ്പോൾ ഇരുപക്ഷത്തിന്റെയും ഭാഗത്ത് ന്യായമുണ്ടായിരിക്കാം. അല്ലെങ്കിൽ ഇരുപക്ഷവും തെറ്റുമായിരിക്കാം. മറ്റു ചിലപ്പോൾ ഒരുഭാഗത്തുള്ളവർ അക്രമികളും മറുഭാഗത്തുള്ളവർ ഇരകളുമായിരിക്കുമെന്ന് ചരിത്രം വിലയിരുത്തിയേക്കാം. പക്ഷേ, ഇത് മനസ്സിലാക്കപ്പെടുന്നത് പോരാട്ടം ആറിത്തണുത്തതിന് ശേഷമായിരിക്കും.

സത്യം ഇരുകൂട്ടരും പരസ്പരം അംഗീകരിക്കുക എന്നത് വളരെ ബുദ്ധിമുട്ടാണ്. ഒരു വിഭാഗം അവരുടെ തെറ്റുകൾ സമ്മതിക്കുന്നത് പലപ്പോഴും ദശാബ്ദങ്ങളോ നൂറ്റാണ്ടുകളോ കഴിഞ്ഞായിരിക്കും. (ബോക്സ് 6.1 കാണുക).

ബോക്സ് 6.1

**വിജയി ക്ഷമാപണം നടത്തിയപ്പോൾ (When 'Victors' Apologise)**

യുദ്ധത്തിൽ പരാജയപ്പെട്ട വിഭാഗം ക്ഷമാപണം നടത്തുവാൻ നിർബന്ധിക്കപ്പെടുന്നത് അപൂർവകാഴ്ചയല്ല. എന്നാൽ ജയിച്ചവർ അപൂർവമായി മാത്രമേ അവരുടെ തെറ്റിൽ കുറ്റബോധം പ്രകടിപ്പിക്കാറുള്ളു. എന്നാൽ അടുത്തകാലത്തായി അങ്ങനെയുള്ള ഉദാഹരണങ്ങൾ നമുക്ക് ലോകത്തു കാണാൻ സാധിക്കും. ദേശങ്ങളും അഥവാ സമുദായങ്ങളും വിജയികളുടെ ഭാഗത്തുനിന്ന്, അല്ലെങ്കിൽ പ്രബലരുടെ സ്ഥാനത്തായിരിക്കുമെങ്കിലും അവരും അനീതിയുടെ ഉത്തരവാദിത്വങ്ങൾ സ്വീകരിച്ചുകൊണ്ട് പ്രതികൂലമായി ബാധിച്ച സമൂഹത്തോട് ക്ഷമാപണം നടത്തി തുടങ്ങി. ആസ്ട്രേലിയയിലെ ഔദ്യോഗിക ക്ഷമാപണത്തെക്കുറിച്ച് വലിയ സംവാദങ്ങൾ നടന്നു (അവിടെ ജനസംഖ്യയുടെ വലിയ അളവ് ഇന്നു യൂറോപ്യന്മാരായ വെള്ളക്കാരാണ്). അവിടത്തെ തദ്ദേശവാസികളെ ബലമായി കോളനിവൽക്കരിക്കപ്പെട്ടതിന് ക്ഷമാപണം നടത്തിക്കൊണ്ട് മിക്കവാറും സംസ്ഥാന സർക്കാറുകൾ പ്രമേയം പാസാക്കുകയും ചെയ്തു.

നമ്മൾ ആസ്ട്രേലിയയിലെ ജനങ്ങൾ പലസ്ഥലത്തുനിന്നും വന്നവർ ഒരുമയോടുകൂടി യോജിച്ചുപോകുന്നു. ഭൂരിഭാഗവും വെളുത്തവർഗക്കാരാണ്. അവിടത്തെ ആദിമനിവാസികളും (Aboriginal) ടൊറസ് കടലിടുക്കുദ്വീപിൽ വസിക്കുന്ന ജനങ്ങൾ ഭൂമിയുടെയും ജലാശയങ്ങളുടെയും യഥാർഥ ഉടമസ്ഥരായി അംഗീകരിക്കുന്നു. ഉടമ്പടികളോ ധാരണകളോ ഇല്ലാതെയാണ് ഭൂമിയും ജലവും കോളനിവൽക്കരിക്കപ്പെട്ടത് എന്ന് നമ്മൾ തിരിച്ചറിയുന്നു. സത്യങ്ങൾ തിരിച്ചറിഞ്ഞ് ഇന്നലകളുടെ ഈ മുറിവുകൾ ഉണക്കി ഒരുമിച്ച് സമാധാനത്തോടെ മുൻപോട്ട് നീങ്ങണമെന്ന് നമ്മുടെ രാഷ്ട്രം ധൈര്യപൂർവം ബോധ്യപ്പെടണം. ഒരുമിച്ച് നീങ്ങുമ്പോൾ ഒരുഭാഗം തങ്ങൾക്ക് പറ്റിയ തെറ്റുകൾ അംഗീകരിച്ചും ചെയ്ത അനീതികളിൽ ആത്മാർഥമായി ഖേദിച്ചും മറു വിഭാഗം അതു ഉൾക്കൊണ്ടും നീങ്ങണം. തദ്ദേശവാസികളോട് അനീതിക്ക് രാഷ്ട്രം മാപ്പുപറയാനും അനുരഞ്ജനത്തോടെ മുന്നോട്ടുപോകാനും തീരുമാനിച്ചു.

അമേരിക്ക തദ്ദേശവാസികളോടും ആഫ്രിക്കൻ അടിമകളോടും കാണിച്ച ക്രൂരതയ്ക്കും വിവേചനത്തിനും മാപ്പുപറയണമെന്ന ആവശ്യവും ചർച്ചചെയ്യപ്പെടുകയുണ്ടായി. കോളനിവൽക്കരണത്തിന്റെയും യുദ്ധത്തിന്റെയും ഭാഗമായി കൊറിയയുടെയും ചൈനയുടെയും ചില ഭാഗങ്ങൾ കൈയടക്കുകയും ജനങ്ങളോട് ക്രൂരതകാണിക്കുകയും ചെയ്ത ജപ്പാൻ പിന്നീട് ക്ഷമചോദിച്ചിട്ടുണ്ട്. ആഫ്രിക്കയിൽ വെളുത്ത ന്യൂനപക്ഷം ഭൂരിപക്ഷം വരുന്ന കറുത്തവർഗക്കാരോടു കാണിച്ച അനീതിക്കും അക്രമത്തിനും മാപ്പുപറയണമെന്ന ആവശ്യവും ഉയർന്നിരുന്നു. അവിടെ കോളനിവൽക്കരണവും അടിമവ്യാപാരവും പ്രോത്സാഹിപ്പിച്ചതിനു ബ്രിട്ടൻ പിന്നീട് ക്ഷമാപണം നടത്തി.

*Sources:*
*http://en.wikipedia.org/wiki/Bringing_Them_Home#Apologies*
*http://www.kantei.go.jp/foreign/koizumispeech/2005/08/15danwa_e.html*



## 6.2

ബോക്സ് 6.1 വായിക്കുക. ഇങ്ങനെയുള്ള ക്ഷമാപണങ്ങൾകൊണ്ട് എന്ത് ഉദ്ദേശ്യമാണ് നടക്കുന്നത്? അടിച്ചമർത്തലിന്റെയും ചൂഷണത്തിന്റെയും യഥാർഥ ഇരകൾ നേരത്തേ മരിച്ചിട്ടുണ്ടായിരിക്കാം. അവർക്ക് നഷ്ടപരിഹാരമോ ശിക്ഷയോ നൽകാൻ കഴിയില്ല. പിന്നെ ആർക്കുവേണ്ടിയാണ് അത്തരം ക്ഷമാപണങ്ങൾ നടത്തുന്നത്? അല്ലെങ്കിൽ ചർച്ചചെയ്യുന്നത്?

അജ്ഞാതരായ സാധാരണജനങ്ങളെ (പ്രശസ്തിയോ അധികാരമോ ഇല്ലാത്തവർ) പൊതുവായ രീതിയിൽ ഓർക്കുകയോ ആദരിക്കുകയോ ചെയ്യപ്പെടുന്ന ഉദാഹരണങ്ങൾ ഓർക്കാൻ കഴിയുമോ? സ്മരണകളും സ്മാരകങ്ങളും വഹിക്കുന്ന പങ്ക് എന്താണ്? ഉദാഹരണത്തിന്, ഡൽഹിയിലെ ഇന്ത്യാ ഗേറ്റ് സ്മാരകം -ആർക്കാണ് ഈ സ്മാരകം സമർപ്പിക്കുന്നത്? നിങ്ങൾക്കറിയില്ലെങ്കിൽ കണ്ടെത്താൻ ശ്രമിക്കുക.

ഇന്ത്യൻ പശ്ചാത്തലത്തിൽ ബോക്സ് 6-1 ൽ സൂചിപ്പിച്ചതരത്തിൽ ക്ഷമാപണരംഗങ്ങളെ കുറിച്ച് ചിന്തിച്ചു നോക്കൂ. അങ്ങനെയുള്ള കാര്യം നിങ്ങൾ ചെയ്യേണ്ടി വന്നാൽ ഏത് സംഘത്തോടും സമുദായത്തോടും ആണ് ഒരു രാഷ്ട്രമെന്നനിലയിൽ ക്ഷമായാചനം ചെയ്യേണ്ടത്. ഇത് ക്ലാസിൽ ചർച്ചചെയ്ത് ഒരു സമവായത്തിലെത്താൻ ശ്രമിക്കുക. എന്തെല്ലാം വാദങ്ങളും പ്രതിവാദങ്ങളുമാണ് വ്യത്യസ്ത ഗ്രൂപ്പുകൾ നൽകുക? ഈ ചർച്ചയ്ക്ക്ശേഷം ഇങ്ങനെയുള്ള ക്ഷമാപണത്തെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായത്തിൽ എന്തെങ്കിലും മാറ്റം ഉണ്ടാകുമോ?

## സമുദായങ്ങൾ, ദേശങ്ങളും ദേശരാഷ്ട്രവും (Communities, Nations and Nation-States)

ലളിതമായ തലത്തിൽ ഒരുതരത്തിലുള്ള വിപുലമായ ഒരു സമുദായമാണ് ദേശം (Nation). സമുദായങ്ങളുടെ സമുദായമാണിത്. ഒരു ദേശത്തിലെ അംഗങ്ങൾ ഒരേ രാഷ്ട്രീയകൂട്ടായ്മയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്നു. രാഷ്ട്രീയ ഐക്യത്തിനുവേണ്ടിയുള്ള ഈ ആഗ്രഹം ഒരു രാഷ്ട്രം രൂപീകരിക്കാനുള്ള അഭിലാഷമായി പ്രകടിപ്പിക്കപ്പെടുന്നു. ഒരു പ്രത്യേക ഭൂപ്രദേശത്തിന്റെയും അവിടെ ജീവിക്കുന്ന ജനങ്ങളുടെയും മേൽ നിയന്ത്രണം ഏർപ്പെടുത്തുന്ന രാഷ്ട്രീയവും നിയമപരവുമായ സ്ഥാപനങ്ങളാണ് രാഷ്ട്രം. ഒരു പ്രത്യേക പ്രദേശത്ത് നിയമാനുസൃതമായ ബലപ്രയോഗത്തിനുള്ള കുത്തക വിജയകരമായി അവകാശപ്പെടുന്ന ഒരു സംഘത്തെയാണ് മാക്സ് വെബർ രാഷ്ട്രം എന്നു നിർവചിച്ചത് (1970 : 78).

ദേശം എന്നത് വിശദീകരിക്കാൻ എളുപ്പവും നിർവചിക്കാൻ പ്രയാസവുമുള്ള ഒരുതരം സമുദായമാണ്. പൊതു സംസ്കാരം, ചരിത്രപരവും രാഷ്ട്രീയ സ്ഥാപനങ്ങളുടേയും ഉദാഹരണമായ മതത്തിന്റേയും ഭാഷയുടേയും പ്രാദേശിക സംസ്കാരത്തിന്റേയും അടിസ്ഥാനത്തിൽ സ്ഥാപിതമായ രാഷ്ട്രങ്ങളെ നമുക്കറിയാനും വിശദീകരിക്കാനും സാധിക്കും. എന്നാൽ ദേശങ്ങൾക്ക് ഉണ്ടായിരിക്കേണ്ട സവിശേഷതകൾ നിർവചിക്കാൻ പ്രയാസമാണ്. ഏതൊരു സാധ്യമായ മാനദണ്ഡത്തിനും അപവാദങ്ങളും എതിർ ഉദാഹരണങ്ങളും ഉണ്ടാകും. ഉദാഹരണത്തിന്, എല്ലാവരും പങ്കിടുന്ന ഒരു ഏകഭാഷയോ മതമോ വംശീയതയോ പല ദേശങ്ങളിലും നിലനിൽക്കുന്നില്ല. എന്നാൽ അവിടെ പല ഭാഷകളും മതങ്ങളും വംശീയതകളുമുണ്ട്. പക്ഷേ, ഇത് ഒരിക്കലും ഇംഗ്ലീഷ് സംസാരിക്കുന്നവരെന്നോ ബുദ്ധമതക്കാരെന്നോ പോലെയുള്ള ഒരു ഏകരാഷ്ട്ര നിർമിതിയിലേക്കു നയിക്കുന്നില്ല.

ദേശം മറ്റു സമുദായങ്ങളിൽനിന്നു വ്യത്യസ്തമാകുന്നുതെങ്ങനെ? വംശീയവിഭാഗം (ഭാഷയും സംസ്കാരവും അടക്കമുള്ള പൊതുവായ സ്വഭാവങ്ങൾക്കു പുറമെ വംശപാരമ്പര്യത്തിന്റെ കൂടെ അടിസ്ഥാനത്തിൽ), മതസമുദായം, പ്രാദേശികസമുദായം എന്നിവയിൽ നിന്നു ദേശം വ്യത്യസ്തമാണോ? ആശയപരമായി വേർതിരിവുകൾ ഒന്നും കാണാൻ സാധിക്കില്ല. ഏതൊരു



**6.3**

എല്ലാ രാഷ്ട്രങ്ങൾക്കും ഒരു പൊതുസ്വഭാവമില്ല എന്നുള്ളത് യഥാർഥത്തിൽ ശരിയാണോ? ക്ലാസിൽ ചർച്ചചെയ്യുക. ഒരു രാഷ്ട്രത്തെ നിർവചിക്കാനുള്ള സാധ്യമായ മാനദണ്ഡങ്ങളുടെയും സ്വഭാവങ്ങളുടെയും ഒരു പട്ടിക തയാറാക്കുക. ഈ ഓരോ മാനദണ്ഡവും പാലിക്കപ്പെടുന്നതും എതിരായി പ്രവർത്തിക്കുന്നതുമായ രാഷ്ട്രങ്ങളുടെ പട്ടിക തയാറാക്കുക. മാനദണ്ഡങ്ങളിൽ നിശ്ചിത ഭൂപ്രദേശം പരിഗണിക്കുന്നുവെങ്കിൽ താഴെപറയുന്നവ കൂടി പരിഗണിക്കുക.

- അലാസ്കയും യുണൈറ്റഡ് സ്റ്റേറ്റ് ഓഫ് അമേരിക്കയും
- പാക്കിസ്ഥാൻ 1971 നു മുമ്പ് (പടിഞ്ഞാറൻ പാകിസ്ഥാൻ കിഴക്കൻ പാക്കിസ്ഥാൻ)
- മാൽവിയൻ / ഫാൽലാക്കിയാൻഡ് ദ്വീപുകളും യു.കെയും
- ഓസ്ട്രിയയും ജർമ്മനിയും
- ഇക്വഡോർ, കൊളംബിയ, വെനിസ്വല
- യെമൻ, സൗദി അറേബ്യ, കുവൈത്ത്, യുണൈറ്റഡ് അറബ് എമിറേറ്റ്സ്

(സൂചന ആദ്യത്തെ മൂന്നെണ്ണം ഒരു രാഷ്ട്രത്തിന്റെതന്നെ അകലെയുള്ള ഭൂപ്രദേശങ്ങൾക്ക് ഉദാഹരണങ്ങളാണ്. അവസാനത്തെ മൂന്നും വ്യത്യസ്ത ദേശ-രാഷ്ട്രങ്ങൾ ആണെങ്കിലും ഒരേ ഭാഷയും സംസ്കാരവും പങ്കുവയ്ക്കുന്ന അടുത്തടുത്തുള്ള ഭൂപ്രദേശങ്ങളാണ്).

സമുദായത്തിനും ഒരു ദിവസം ഒരു ദേശം രൂപീകരിക്കാം. അതേസമയം ഒരു പ്രത്യേക സമുദായത്തിന് ദേശം രൂപീകരിക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു ഉറപ്പുമില്ലതാനും.

ദേശമെന്നതിനെ തിരിച്ചറിയാനുള്ള ഏറ്റവും ചേർന്നു നിൽക്കുന്ന സവിശേഷ മാനദണ്ഡം രാഷ്ട്രമാണ്. സ്വന്തമായി ഒരു രാഷ്ട്രമുള്ള സമുദായങ്ങളാണ് ദേശങ്ങൾ. അതുകൊണ്ടാണ് ദേശത്തെയും രാഷ്ട്രത്തെയും ഒരു ഹൈഫൻ (-) ഉപയോഗിച്ച് നാം ദേശ-രാഷ്ട്രമെന്ന പദം രൂപീകരിച്ചത്. അടുത്തകാലത്തായി ഇവ തമ്മിലുള്ള പരസ്പരബന്ധം കൂടുതൽ വർധിച്ചിട്ടുണ്ട് (ഒരു ദേശം ഒരു രാഷ്ട്രം ഒരു രാഷ്ട്രം ഒരു ദേശം). ഇതൊരു പുതിയ സംഭവവികാസമാണ്. ദേശത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു ഏക രാഷ്ട്രം മുമ്പ് നിലനിന്നിരുന്നില്ല. അല്ലെങ്കിൽ ഓരോ ദേശത്തിനും ഓരോ രാഷ്ട്രം മുമ്പുണ്ടായിരുന്നില്ല. ഉദാഹരണത്തിന്, പഴയ സോവിയറ്റ് യൂണിയൻ ഭരിച്ചിരുന്നത് അനേകം ദേശങ്ങളെയാണ്. സോവിയറ്റ് യൂണിയനകത്ത് നൂറിലധികം ദേശീയവിഭാഗങ്ങൾ ഉണ്ടായിരുന്നുവെന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതുപോലെ ഒരു ദേശത്തിന്റെ ഭാഗമായ ജനങ്ങൾ വിവിധ രാഷ്ട്രങ്ങളിലെ പൗരരോ നിവാസികളോ ആകാം. ഉദാഹരണത്തിന്, ജമൈക്കയിൽ ഉള്ളതിനേക്കാൾ കൂടുതൽ ജമൈക്കക്കാർ പുറത്ത് താമസിക്കുന്നുണ്ട്. ഇതിന്റെ മറ്റൊരു ഉദാഹരണമാണ് ഇരട്ടപൗരത്വനിയമങ്ങൾ. ഒരു രാഷ്ട്രത്തിലെ പൗരന് ഒരേസമയം മറ്റൊരു രാഷ്ട്രത്തിലെ പൗരത്വംകൂടി സ്വീകരിക്കാൻ ഈ നിയമം അനുവദിക്കുന്നു. ജൂതന്മാരായ അമേരിക്കൻ ജനത ഒരേസമയം അമേരിക്കയിലെയും ഇസ്രായേലിലെയും പൗരരാണ്. അവർക്ക് മറ്റൊരു രാജ്യത്തെ പൗരത്വം നഷ്ടപ്പെടാതെതന്നെ ഒരു രാജ്യത്തിന്റെ സൈന്യത്തിൽ പോലും സേവനമനുഷ്ഠിക്കാം.

ചുരുക്കത്തിൽ, സ്വന്തമായ ഒരു രാഷ്ട്രം സ്ഥാപിക്കുന്നതിൽ വിജയിച്ച ഒരു സമുദായമാണ് ദേശമെന്നതിലപ്പുറം ദേശത്തെ നിർവചിക്കുക പ്രയാസമാണ്, വിപരീതമായതും സത്യമായി ഭവി



ക്കുന്നു എന്നതും രസാവഹമാണ്. ദേശീയ വിഭാഗങ്ങൾ രാഷ്ട്രീയ രൂപീകരണത്തിനു വേണ്ടി കൂടുതൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടംകൂടിയാണിത്. അതുകൊണ്ടുതന്നെ ഒരു ദേശത്തെ പ്രതിനിധാനം ചെയ്യുന്നവരാണ് തങ്ങൾ എന്ന അവകാശവാദം ഉന്നയിക്കാൻ നിലവിലുള്ള രാഷ്ട്രങ്ങളും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആധുനിക കാലഘട്ടത്തിന്റെ ഒരു പ്രധാന സവിശേഷത, രാഷ്ട്രീയപരമാധികാരത്തിന്റെ ഉയർന്ന സ്രോതസ്സായി ജനാധിപത്യത്തെയും ദേശീയതയെയും സ്ഥാപിക്കപ്പെട്ടുവെന്നതാണ്. (ഒന്നാം വർഷത്തിലെ 'സമൂഹത്തെ മനസ്സിലാക്കുക' എന്ന പുസ്തകത്തിലെ നാലാമത്തെ അധ്യായത്തിലെ ആധുനികത എന്ന വിശദീകരണം ഓർക്കുക). ഇന്ന് ദേശം രാഷ്ട്രത്തിന് ഏറ്റവും സ്വകാര്യമായ രൂപമാണ്. അതേസമയം ദേശത്തിന്റെ നിയമപരമായ അടിസ്ഥാനസ്രോതസ് ജനങ്ങളാണ്. മറ്റൊരർഥത്തിൽ ദേശത്തിന് രാഷ്ട്രത്തിനെ ആവശ്യമുള്ളതിനേക്കാൾ കൂടുതൽ രാഷ്ട്രത്തിന് ദേശത്തെ ആവശ്യമാണ്.

പക്ഷേ, മുമ്പുള്ള ഖണ്ഡികകളിൽ ദേശ-രാഷ്ട്രവും അതിന്റെ അടിസ്ഥാനപരമായ വിവിധ സമുദായങ്ങളും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് ചരിത്രപരവും യുക്തിപരവുമായ ധാരണകളൊന്നും നൽകിയില്ല. ദേശരാഷ്ട്രത്തിലെ രാഷ്ട്രം എങ്ങനെ ദേശരൂപീകരണത്തിലെ വ്യത്യസ്ത സമുദായങ്ങളെ കൈകാര്യം ചെയ്യണമെന്ന ചോദ്യത്തിന് മുൻകൂട്ടിയുള്ള ഉത്തരമില്ല. ബോക്സ് 6.2 സൂചിപ്പിച്ചപോലെ (2004-ലെ സംസ്കാരവും ജനാധിപത്യവും എന്ന റിപ്പോർട്ടിൽ United Nation Development Programme- UNDPയെ അടിസ്ഥാനമാക്കി) സാംസ്കാരിക വൈവിധ്യങ്ങളെ മിക്ക രാഷ്ട്രങ്ങളും സംശയത്തോടെയാണ് നോക്കിക്കാണുന്നത്. അതിനാൽ അവയെ കുറച്ചുകൊണ്ടുവരാനോ ഇല്ലാതാക്കാനോ ആണ് രാഷ്ട്രങ്ങൾ ശ്രമിക്കുന്നത്. അങ്ങനെയാണെങ്കിലും ഇന്ത്യയെപ്പോലുള്ള ചില വിജയിച്ച ഉദാഹരണങ്ങൾ സാംസ്കാരിക വൈവിധ്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ ദേശ- രാഷ്ട്രത്തിന് കരുത്തോടെ മുന്നേറാൻ കഴിയുമെന്ന് തെളിയിച്ചു

**ബോക്സ് 6.2**

**സാമുദായികസ്വത്വങ്ങളുടെ ഭീഷണിയിൽ, രാഷ്ട്രം സാംസ്കാരികവൈവിധ്യം ഇല്ലാതാക്കാൻ ശ്രമിക്കുന്നു (Threatened by community identities, states try to eliminate cultural diversity).**

ചരിത്രപരമായി രാഷ്ട്രനിർമ്മാണപ്രക്രിയകളിലൂടെ നിയമാനുസൃത രാഷ്ട്രീയ അധികാരം സ്ഥാപിക്കാൻ രാഷ്ട്രം ശ്രമിച്ചിരുന്നു. അവർ പൗരരുടെ രാഷ്ട്രത്തോടുള്ള വിധേയത്വവും അനുസരണയും സ്വാംശീകരണ ഉദ്ഗ്രഥന നയങ്ങളിലൂടെ നേടിയെടുക്കാൻ ശ്രമിച്ചു. ഈ ലക്ഷ്യങ്ങൾ നേടുക എന്നത് അത്ര എളുപ്പമല്ല. പ്രത്യേകിച്ച് സാംസ്കാരികവൈവിധ്യങ്ങളുടെ പശ്ചാത്തലത്തിൽ. പൗരർ രാഷ്ട്രത്തിന്റെ സ്വത്വബോധത്തിന് പുറമെ അവരുടെ സമുദായസ്വത്വത്തിനോടും കൂറുള്ളവരാണ്- വംശീയത, മതം, ഭാഷ തുടങ്ങിയവ, മിക്ക രാഷ്ട്രങ്ങളും സാമൂഹിക അപൂർണതയ്ക്കും അതുവഴി പൊരുത്തമുള്ള ഒരു സമൂഹനിർമ്മാണത്തിനും ഇത് തടസ്സമാകുമെന്ന് ഭയപ്പെട്ടിരുന്നു. അത്തരം സ്വത്വ രാഷ്ട്രീയം രാഷ്ട്ര ഐക്യത്തിന് ഭീഷണിയായി പരിഗണിക്കപ്പെട്ടു. ഇതിനു പുറമെ ഇത്തരം വൈവിധ്യങ്ങൾ രാഷ്ട്രീയമായി വെല്ലുവിളിക്കുന്നവയാണ്. അതിനാൽ മിക്കവാറും രാഷ്ട്രങ്ങൾ ഇത് അടിച്ചമർത്തുകയോ അവഗണിക്കുകയോ ചെയ്യുകയുമാണ്. സ്വാംശീകരണനയങ്ങൾ

പലപ്പോഴും വംശീയം, മതം, ഭാഷ തുടങ്ങിയ സാംസ്കാരികവൈവിധ്യങ്ങളെ കാർന്നുതിന്നാൻ ശ്രമിച്ചിരുന്നു. ഉദ്ഗ്രഥനനയങ്ങൾ ഏകരാഷ്ട്രസ്വത്വം അവകാശപ്പെടുകയും വംശീയ-ദേശീയ സാംസ്കാരികവൈവിധ്യങ്ങൾ പൊതുരംഗങ്ങളിൽ നിന്നും രാഷ്ട്രീയരംഗങ്ങളിൽനിന്നും ഇല്ലാതാക്കാൻ ശ്രമിക്കുകയും അത് സ്വകാര്യമണ്ഡലങ്ങളിൽ അനുവദിക്കുകയും ചെയ്തു.

സ്വാംശീകരണ-ഉദ്ഗ്രഥനനയങ്ങൾ ഏകദേശ സ്വത്വം സ്ഥാപിക്കാൻ വ്യത്യസ്ത ഇടപെടലുകൾ നടത്തുന്നുണ്ട്.

- അധികാര കേന്ദ്രീകരണത്തിന് വേദിയുണ്ടാക്കി അവിടെ പ്രബല ഭൂരിപക്ഷത്തെ ഉൾക്കൊള്ളിച്ച് പ്രാദേശികന്യൂനപക്ഷത്തെ ഒഴിവാക്കാൻ ശ്രമിക്കുന്നു.
- പ്രബലരുടെ പാരമ്പര്യം കണക്കിലെടുത്തുകൊണ്ട് ഏകനിയമവ്യവസ്ഥ അടിച്ചേൽപ്പിക്കുകയും മറ്റുള്ളവരുടെ വ്യവസ്ഥകൾ ഇല്ലാതാക്കുകയും ചെയ്യുന്നു.
- പ്രബലരുടെ ഭാഷ ഔദ്യോഗിക ദേശീയഭാഷയാക്കുകയും അത് എല്ലാ സ്ഥാപനങ്ങളിലും നിർബന്ധമാക്കുകയും ചെയ്യുന്നു.
- പ്രബലരുടെ ഭാഷയും സംസ്കാരവും ദേശീയസ്ഥാപനങ്ങളിലൂടെയും രാഷ്ട്രം നിയന്ത്രിക്കുന്ന മാധ്യമങ്ങളിലൂടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും പ്രോത്സാഹിപ്പിക്കുന്നു.
- പ്രബല സംഘങ്ങളുടെ ചരിത്രവും സംസ്കാരവും പ്രതിഫലിക്കുന്ന രീതിയിൽ ഗ്രാമപാതകൾക്ക് പേരു നൽകുകയും ദേശീയ അവധിദിവനങ്ങൾ തീരുമാനിക്കുകയും രാഷ്ട്രപ്രതീകങ്ങൾ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.
- ന്യൂനപക്ഷത്തിന്റേയും, തദ്ദേശീയരുടേയും സ്ഥലവും കാടും മത്സ്യവ്യവസായവും പിടിച്ചെടുക്കുകയും ദേശീയ സ്വത്തായി പ്രഖ്യാപിക്കുകയും ചെയ്യുന്നു.

*Source: Adapted from UNDP Human Development Report 2004. Ch.3. Feature 3.1*

ബോക്സ് 6.2 പറയുന്നത് സ്വാംശീകരണനയങ്ങളും ഉദ്ഗ്രഥനനയങ്ങളുമാണ് (Assimilationist & Integrationist policies). സ്വാംശീകരണനയങ്ങൾ എല്ലാവർക്കും സമാനമായ സംസ്കാര മൂല്യങ്ങളും ചട്ടങ്ങളും വേണമെന്നതിനെ പ്രോത്സാഹിപ്പിക്കുന്നു. ഈ മൂല്യങ്ങളും ചട്ടങ്ങളും സാധാരണമായും പ്രധാനമായും പ്രബല സാമൂഹികസംഘത്തിന്റേതാണ്. താഴ്ന്നവരെന്നു വിളിക്കപ്പെട്ട വിഭാഗങ്ങൾക്ക് അവരുടേതായ സാംസ്കാരികമൂല്യങ്ങൾ ഉപേക്ഷിക്കേണ്ടിവരുകയും പ്രബലവിഭാഗമെന്ന് കരുതപ്പെടുന്നവർ നിർദേശിക്കുന്ന മൂല്യങ്ങൾ സ്വീകരിക്കേണ്ടിവരുകയും ചെയ്യുന്നു. ഉദ്ഗ്രഥനനയങ്ങൾക്ക് വ്യത്യസ്ത രീതികൾ ആണെങ്കിലും അതിന്റെ ആത്യന്തികലക്ഷ്യമായി പൊതുസംസ്കാരത്തെ ദേശീയ സംസ്കാരമായി പരിമിതപ്പെടുത്തുകയും ദേശീയസംസ്കാരം അല്ലാത്തവയെ സ്വകാര്യമണ്ഡലത്തിലേക്ക് തരംതാഴ്ത്തുകയും ചെയ്യുന്നു. ഇതിലൂടെ പ്രബലവിഭാഗത്തിന്റെ സംസ്കാരം ദേശീയ സംസ്കാരമായി പരിഗണിക്കുന്ന അപകടം സംഭവിക്കുന്നു.

ഇപ്പോൾ എന്താണ് പ്രശ്നമെന്ന് മിക്കവാറും നിങ്ങൾക്ക് കാണാൻ കഴിയും. ആധുനിക രാഷ്ട്രരൂപവും സമുദായത്തിന്റെ പ്രത്യേക രൂപങ്ങളും തമ്മിൽ അവശ്യബന്ധങ്ങളില്ല. സാമൂഹിക സ്വത്വത്തിന്റെ അടിസ്ഥാനങ്ങൾ ഏതെങ്കിലും (ഭാഷ, മതം, വംശീയത തുടങ്ങിയവ) ദേശ രൂപീകരണത്തിലേക്കു നയിക്കുന്നുണ്ടോ ഇല്ലയോ എന്ന് യാതൊരുറപ്പുമില്ല. സാമുദായിക സ്വത്വങ്ങൾ ദേശരൂപീകരണത്തിന് അടിസ്ഥാനമായി വരുന്നതുകൊണ്ട് നിലവിലുള്ള രാഷ്ട്രങ്ങൾ സാമുദായികസ്വത്വത്തെ അപകടകരമായ എതിരാളികളായി കാണുന്നു. അതുകൊണ്ടാണ് ഒരു ഏകദേശീയസ്വത്വത്തെ രാഷ്ട്രം പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ സാംസ്കാരികവൈവിധ്യങ്ങളെ അടിച്ചമർത്തുന്ന രാഷ്ട്രങ്ങൾ ന്യൂനപക്ഷസമുദായങ്ങളെ ദേശീയേതര (Non-National) മായി കാണുന്നതും ഈ വിഭാഗങ്ങളെ രാഷ്ട്രത്തിൽനിന്ന് അകറ്റാൻ കാരണമാകുന്നു. കൂടാതെ, ഈ ശ്രമങ്ങൾ പലപ്പോഴും സാമുദായികസ്വത്വത്തെ ഇല്ലാതാക്കുന്നതിനു പകരം അതിനെ

ശക്തിപ്പെടുത്തുന്നു. അതുകൊണ്ട് സാംസ്കാരികവൈവിധ്യങ്ങളെ പ്രോത്സാഹിപ്പിക്കുകയോ ചുരുങ്ങിയ പക്ഷം അനുവദിക്കുകയോ ചെയ്യുക എന്നതാണ് ഏറ്റവും പ്രായോഗികമായ മാർഗം.

## സാംസ്കാരികവൈവിധ്യവും ഇന്ത്യൻ ദേശ-രാഷ്ട്രവും – ഒരു പൊതു അവലോകനം (Cultural diversity and the Indian nation-state – An overview)

സാമൂഹികമായും സാംസ്കാരികമായും ഏറ്റവും വൈവിധ്യമുള്ള ലോകരാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യൻ ദേശ-രാഷ്ട്രം. 2011 കാനേഷുമാരിയിൽ 1.21 ബില്യൻ ജനങ്ങളുള്ള ഇന്ത്യ ജനസംഖ്യയുടെ കാര്യത്തിൽ ലോകത്ത് രണ്ടാംസ്ഥാനത്തു നിൽക്കുകയും അധികം താമസിയാതെ ഒന്നാം സ്ഥാനത്തേക്ക് എത്തുമെന്ന് കരുതപ്പെടുകയും ചെയ്യുന്നു. ഈ ജനങ്ങൾ 1632 വ്യത്യസ്തങ്ങളായ ഭാഷകളും ഭാഷാഭേദങ്ങളും (Dialects) സംസാരിക്കുന്നു. ഇതിൽ 18 ഭാഷകളെ ഔദ്യോഗികമായി അംഗീകരിക്കുകയും ഭരണഘടനയുടെ എട്ടാം പട്ടികയിൽ ഉൾപ്പെടുത്തി നിയമപദവി ഉറപ്പാക്കുകയും ചെയ്തു. മതത്തിന്റെ അടിസ്ഥാനത്തിൽ ജനസംഖ്യയിൽ 80.5% ഹിന്ദുക്കളാണ്. അവർ പ്രാദേശിക പ്രത്യേകതയും വ്യത്യസ്തങ്ങളായ വിശ്വാസങ്ങളും ആചാരങ്ങളും ജാതികളും ഭാഷകളും ഉള്ളവരാണ്. ജനസംഖ്യയിലെ 13.4% മുസ്ലിംകളായ ഇന്ത്യ പാക്കിസ്ഥാനും ഇന്തോനേഷ്യക്കും ശേഷം ലോകത്തിൽ മുസ്ലിംങ്ങളുള്ള മൂന്നാമത്തെ രാജ്യമാണ്. ക്രിസ്ത്യാനികൾ (2.3%), സിഖുകാർ (1.9%), ബുദ്ധമതക്കാർ (0.8%), ജൈനമതക്കാർ (0.4%) എന്നിങ്ങനെയാണ് മറ്റു മതസമുദായങ്ങൾ. ഇന്ത്യ വലിയ ജനസംഖ്യയുള്ള രാജ്യമായതിനാൽ ഈ ചെറിയ ശതമാനം പോലും ആളുകളുടെ എണ്ണം പരിഗണിക്കുമ്പോൾ വലിയ സംഖ്യയാണ്.

സാമുദായികസ്വത്വങ്ങളുമായുള്ള ദേശ-രാഷ്ട്രത്തിന്റെ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യ സ്വാംശീകരണനയങ്ങളോടോ ഉദ്ഗ്രഥനങ്ങളോടോ പൂർണമായും യോജിക്കുന്നില്ലെന്ന് ബോക്സ് 6.2 വിവരിക്കുന്നു. സ്വതന്ത്ര ഇന്ത്യൻ രാഷ്ട്രം തുടക്കം മുതൽക്കുതന്നെ സ്വാംശീകരണമാതൃകയെ തള്ളിക്കളഞ്ഞു. പ്രബല ഹിന്ദുസമുദായത്തിലെ ചില വിഭാഗങ്ങൾ സ്വാംശീകരണമാതൃക നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇന്ത്യ ദേശീയോദ്ഗ്രഥനത്തിനാണ് ഊന്നൽ നൽകിയത്. ബോക്സ് 6.2 വിവരിക്കുന്നതുപോലെ ഇന്ത്യ ഒരു സ്വാംശീകരണസംവിധാനമല്ല. ഭരണഘടന ഇന്ത്യയെ ഒരു മതനിരപേക്ഷരാജ്യമായി പ്രഖ്യാപിക്കുന്നുണ്ടെങ്കിലും ജാതി, ഭാഷ പോലുള്ള ഘടകങ്ങൾ ഇപ്പോഴും പൊതുമണ്ഡലങ്ങളിൽനിന്നു പുറത്തല്ല. രാഷ്ട്രം മതന്യൂനപക്ഷങ്ങൾക്ക് ശക്തമായ ഭരണഘടനാപരമായ സംരക്ഷണം വാഗ്ദാനം ചെയ്യുന്നു. പൊതുവിൽ ഇന്ത്യ നേരിടുന്ന പ്രശ്നം നിയമങ്ങളുടേയോ തത്ത്വങ്ങളുടെയോ കാര്യത്തിലല്ല, അവ നടപ്പിലാക്കുന്നതിലും പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിലുമാണ്. ദേശ-രാഷ്ട്രത്തിന്റെ പരിമിതികളേറെയുണ്ടെങ്കിലും ഇന്ത്യയെ ദേശ-രാഷ്ട്രത്തിന്റെ നല്ല ഒരു ഉദാഹരണമായി പരിഗണിക്കാവുന്നതാണ്.

**ബോക്സ് 6.3**

### ദേശീയൈക്യവും സാംസ്കാരികവൈവിധ്യവും – ഒരു ജനാധിപത്യ ദേശ-രാഷ്ട്രനിർമാണം (National unity with cultural diversity – Building a democratic "state-nation")

ദേശരാഷ്ട്രത്തിന് പകരം – വ്യത്യസ്ത വംശം, മതം, ഭാഷ അല്ലെങ്കിൽ തദ്ദേശീയസ്വത്വങ്ങൾ ഉൾച്ചേർന്ന് രാഷ്ട്രദേശമെന്ന രീതിയിൽ – ഒരു രാഷ്ട്രത്തിന്റെ ഭാഗമായി സമാധാനപരമായും സഹകരിച്ചും സഹവർത്തിക്കുന്നു.

കേസ് സ്റ്റഡികളും വിശകലനങ്ങളും വിശദീകരിക്കുന്നത് ബഹുസ്വരസംസ്കാരത്തിൽ ശക്തമായ ജനാധിപത്യം സ്ഥാപിക്കാൻ കഴിയുമെന്നതാണ്. വ്യത്യസ്ത വിഭാഗങ്ങളോടുള്ള സാംസ്കാരിക അവഗണന അവസാനിപ്പിക്കാനും ബഹുസ്വര പൂരകസ്വത്വങ്ങളുണ്ടാക്കിയെടുക്കാനും വ്യക്ത

മായ ശ്രമങ്ങൾ ആവശ്യമാണ്. ഇത്തരം പ്രതികരണനയങ്ങൾ 'നാനാത്വത്തിൽ ഏകത്വം' എന്ന വികാരമുണ്ടാക്കാൻ സഹായിക്കുന്നു - രാഷ്ട്രവും മറ്റ് സാംസ്കാരിക സ്വത്വങ്ങളുമായിട്ടുള്ള പൗരന്റെ സ്ഥാപിതവും രാഷ്ട്രീയവുമായ സ്ഥാനം കണ്ടെത്താൻ കഴിയുന്നതോടൊപ്പം പൊതുസ്ഥാപനങ്ങളിൽ വിശ്വാസവും ജനാധിപത്യ രാഷ്ട്രീയത്തിൽ പങ്കെടുക്കാനും പിന്തുണക്കാനും കഴിയുന്നു. ജനാധിപത്യത്തെ ആഴമേറിയതാക്കാനും നിലനിൽക്കുന്ന ദേശ-രാഷ്ട്ര നിർമ്മാണത്തിനും ആവശ്യമായ മുഖ്യഘടകങ്ങളാണിവ.

ഇന്ത്യൻ ഭരണഘടനയിലും ഈ ആശയം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇന്ത്യ സാംസ്കാരികവൈവിധ്യമുള്ള രാജ്യമാണെങ്കിലും ദീർഘകാല ജനാധിപത്യത്തെക്കുറിച്ചുള്ള താരതമ്യ സർവേയിൽ ഐക്യമുള്ള രാജ്യമായാണ് ഇന്ത്യയെ കണക്കാക്കുന്നത്. പക്ഷേ, ആധുനിക ഇന്ത്യ ഈ ഭരണഘടനാപരമായ ബാധ്യതയോട് പൂരകമാകുന്നതിനാൽ, ഏക ഹിന്ദുസ്വത്വം എന്നത് അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന കൂട്ടങ്ങളുള്ളപ്പോൾ, വെല്ലുവിളികളെ ധീരമായി നേരിടുന്നു. ഈ ഭീഷണികൾ ഇന്ന് ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ലംഘിക്കപ്പെടാനും ഉൾക്കൊള്ളുക എന്ന ആശയം ക്ഷയിപ്പിക്കാനും കാരണമായി. അടുത്തകാലത്തുണ്ടായ വർഗീയകലാപങ്ങൾ സാമുഹികപൊരുത്തത്തെ കാര്യമായി ബാധിക്കുകയും രാജ്യത്തിന്റെ മുൻ നേട്ടങ്ങളെ ക്ഷയിപ്പിക്കുകയും അവയ്ക്കു ഭീഷണിയാവുകയും ചെയ്തു.

ഈ നേട്ടങ്ങളെല്ലാം പരിഗണിക്കാവുന്നതാണ്. ചരിത്രപരമായി ഇന്ത്യയുടെ ഭരണഘടനാരൂപം വ്യത്യസ്ത സംഘങ്ങളുടെ അവകാശങ്ങളെ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നതോടൊപ്പം, പ്രാദേശിക, ഭാഷാ, സാംസ്കാരിക വൈരുധ്യങ്ങൾക്കൊപ്പം രാജ്യത്തെ ഒരുമിച്ചുനിർത്താനും ശ്രമിക്കുന്നുണ്ട്. ഇന്ത്യയുടെ തിരിച്ചറിയൽ സൂചകങ്ങളുടെ പ്രകടനത്തിൽനിന്നും പൗരർ വൈരുധ്യമുള്ള ശ്രേണീകരിക്കപ്പെട്ട സമൂഹമായിട്ടുപോലും ജനാധിപത്യത്തോടും രാജ്യത്തോടും അഗാധമായ കൂറു വച്ചുപുലർത്തുന്നവരാണെന്ന് കാണാം. ഈ പ്രകടനം മതിപ്പുളവാക്കുന്നത് ദീർഘകാലം നിലനിൽക്കുന്ന മറ്റ് സമ്പന്ന ജനാധിപത്യവുമായി താരതമ്യം ചെയ്യുമ്പോഴാണ്.


ഈ വെല്ലുവിളികളെല്ലാം, ബഹുസ്വരതയേയും സ്ഥാപന സമരസപ്പെടലിനേയും ജനാധിപത്യരീതിയിൽ ചൈതന്യവക്തമാക്കാൻ ഇന്ത്യ കുടുതൽ പ്രതിജ്ഞാബദ്ധമാക്കാനാണ്. ബഹുസ്വര ജനാധിപത്യനിർമിതിയിൽ നിർണായകമാവുന്നത് ചരിത്രപരമായ ദേശനിർമിതി പ്രക്രിയയുടെ പരിമിതികളും ബഹുമുഖവും പൂരകസ്വത്വങ്ങളുടെ മേന്മകളെക്കുറിച്ചുള്ള തിരിച്ചറിവുമാണ്. തിരിച്ചറിവ്, വിശ്വാസം, പിന്തുണ എന്നിവയിലൂടെ സമൂഹത്തിലെ വിഭാഗങ്ങൾ തമ്മിലുള്ള വിധേയത്വമുണ്ടാക്കാനുള്ള പരിശ്രമം പ്രധാനപ്പെട്ടതാണ്. വൈരുധ്യത്തെ തരംതാഴ്ത്തി ഏകസ്വത്വം അടിച്ചേൽപ്പിക്കുന്നത് ദേശീയഐക്യത്തിന് ആവശ്യമില്ല. രാഷ്ട്ര-ദേശ നിർമാണത്തിന് വിജയകരമായ രീതികൾക്ക് സാംസ്കാരിക തിരിച്ചറിവിനുവേണ്ടിയുള്ള പ്രതികരണനയങ്ങൾ നിർമിച്ചുകൊണ്ടേ സമരസപ്പെടാൻ സാധിക്കൂ. അവയാണ് സാമൂഹികപൊരുത്തത്തിനും രാഷ്ട്രീയനിലനിൽപ്പിനുമുള്ള ദീർഘകാലലക്ഷ്യങ്ങൾ ഉറപ്പിക്കാനുള്ള ഫലവത്തായ പരിഹാരം.

*Source: Adapted from UNDP Human Development Report 2004, Ch.3, Feature 3.1*



### ചാർട്ട് 1: സാംസ്കാരിക വൈവിധ്യം സംരക്ഷിക്കുന്നതിലൂടെ ഇന്ത്യൻ രാഷ്ട്രത്തിൽ വിശ്വാസം വർധിക്കുന്നു

### (Fostering Cultural Diversity Strengthens faith in the Indian State)





*Source: UNDP Human Development Report 2004, Ch.3, Feature 3.1, Figure 2.*

## 6.2 ഇന്ത്യൻ സാഹചര്യത്തിലെ പ്രാദേശികവാദം (Regionalism in the Indian context)

ഇന്ത്യയിലെ വൈവിധ്യമാർന്ന ഭാഷകൾ, സംസ്കാരങ്ങൾ, ഗോത്രങ്ങൾ എന്നിവയിൽ നിന്നാണ് പ്രാദേശികവാദം ഉദ്ഭവിക്കുന്നത്. ഇവയെല്ലാം ഒരു പ്രത്യേക പ്രദേശത്തു കേന്ദ്രീകരിക്കുമ്പോൾ പ്രാദേശികവാദം അതിവേഗം വളരുന്നു. പ്രാദേശികമായ പരിഗണന കുറയുന്നു എന്ന തോന്നൽ ഇതിന് എണ്ണ പകരുന്നു. ഈ പ്രാദേശികവികാരങ്ങളെ ഉൾക്കൊള്ളുന്നതാണ് ഇന്ത്യൻ കേന്ദ്രഭരണവ്യവസ്ഥ (Federalism). (Bhattacharyya 2005).

ബ്രിട്ടീഷ് ഭരണകാലത്ത് പ്രസിഡൻസികൾ (ബോംബെ, മദ്രാസ്, കൽക്കത്ത എന്നിവയായിരുന്നു മൂന്ന് പ്രധാന പ്രസിഡൻസികൾ. ഈ മൂന്ന് നഗരങ്ങളും പിന്നീട് പേരു മാറ്റുകയുണ്ടായി) എന്നു വിളിച്ചിരുന്ന വലിയ പ്രവിശ്യകളായി വിഭജിച്ചിരുന്ന രീതി സ്വതന്ത്ര ഇന്ത്യയും തുടക്കത്തിൽ പിന്തുടർന്നിരുന്നു. അവിടെ ധാരാളം ബഹുവംശീയ-ബഹുഭാഷാ സംസ്ഥാനങ്ങൾ




ഉണ്ടാവുകയും അത് ഇന്ത്യയിലെ വലിയ രാഷ്ട്രീയ -ഭരണപര ഘടകമായി മാറുകയും ചെയ്തു. ഉദാഹരണത്തിന്, പഴയ ബോംബേ സംസ്ഥാനം (ഇത് ബോംബെ പ്രസിഡൻസിയുടെ തുടർച്ച യായിരുന്നു) മറാത്തി, ഗുജറാത്തി, കന്നഡ, കൊങ്കിണി എന്നീ ഭാഷകൾ സംസാരിക്കുന്ന ഒരു ബഹുഭാഷാ സംസ്ഥാനമായിരുന്നു. അതുപോലെ മദ്രാസിൽ തമിഴ്, തെലുങ്ക്, കന്നഡ, മലയാളം എന്നീ ഭാഷകൾ സംസാരിക്കുന്ന ജനങ്ങളുണ്ടായിരുന്നു. ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണ ത്തിനു കീഴിലുള്ള പ്രസിഡൻസികൾക്കും പ്രവിശ്യകൾക്കും പുറമേ ഇന്ത്യയിൽ ധാരാളം രാജ ഭരണപ്രദേശങ്ങൾ ഉണ്ടായിരുന്നു. മൈസൂർ, കാശ്മീർ, ബറോഡ എന്നിവ വലിയ നാട്ടുരാജ്യങ്ങ ളായിരുന്നു. ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന് അധികം താമസിയാതെ ശക്തമായ ബഹുജന പ്രക്ഷോഭങ്ങളെ തുടർന്ന് ഈ നാട്ടുരാജ്യങ്ങളെ വംശീയഭാഷാ സംസ്ഥാനങ്ങളായി പുനസ്സം ഘടിപ്പിക്കുകയായിരുന്നു.

**ബോക്സ് 6.4**

### ഇന്ത്യയുടെ ഐക്യം ശക്തിപ്പെടുത്തുന്നതിൽ ഭാഷാസംസ്ഥാനങ്ങൾ ഏറെ സഹായിച്ചു (Linguistic States Helped Strengthen Indian Unity)

1956 നവംബർ 1 ന് നിലവിൽവന്ന രാജ്യപുനസ്സംഘടനാ കമ്മീഷൻ (S.R.C) റിപ്പോർട്ട് രാജ്യത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ ജീവിതം മാറ്റിമറിക്കുന്നതിൽ പങ്കുവഹിച്ചു.

SRC യുടെ പശ്ചാത്തലം തുടർന്ന് വിശദമാക്കുന്നതുപോലെയാണ്. 1920 കളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഭാഷാപരമായ അതിരുകളുടെ കാര്യത്തിൽ പുനർനിയമനിർമാണം കൊണ്ടുവന്നു. ഈ പ്രവിശ്യകൾ ഇപ്പോൾ പിന്തുടരുന്നത് ഭാഷായുക്തിയാണ് - ഒന്ന് മറാത്തി സംസാരിക്കുന്നവർക്ക്, മറ്റൊന്ന് ഒറിയ സംസാരിക്കുന്നവർക്ക് എന്നിങ്ങനെ. ഒരേസമയം സ്വാതന്ത്ര്യത്തിനുശേഷം രാജ്യം പുതിയ ഭാഷാതത്ത്വങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രവിശ്യകളായിരിക്കുമെന്ന് മഹാത്മജിയും മറ്റു നേതാക്കളും അനുയായികൾക്ക് ഉറപ്പുനൽകിയിരുന്നു.

എന്നിരുന്നാലും, അവസാനം 1947 ൽ ഇന്ത്യ സ്വതന്ത്രമായപ്പോൾ വിഭജിക്കപ്പെടുകയുണ്ടായി. ഇന്ന് ഭാഷാസംസ്ഥാനങ്ങളുടെ ഉപജ്ഞാതാക്കൾ ഈ വാഗ്ദാനം പാലിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ കോൺഗ്രസ് ശങ്കിച്ചുനിന്നു. ഭാഷയുടെയും വിശ്വാസങ്ങളുടെയും അടിസ്ഥാനത്തിൽ വിഭജിക്കുമ്പോൾ അത് എത്രമാത്രം വിഭജനങ്ങളിലേക്കു നയിക്കും? അതുകൊണ്ട്, നെഹ്റുവും പട്ടേലും രാജാജിയും അടങ്ങിയ കോൺഗ്രസ് നേതാക്കൾ ഇതിനെക്കുറിച്ച് ആഴത്തിൽ ചിന്തിച്ചു.

മറുവശത്ത്, മറ്റു കോൺഗ്രസ് നേതാക്കളെല്ലാം ഭാഷാടിസ്ഥാനത്തിൽ ഇന്ത്യയുടെ ഭൂപടം തയാറാക്കുന്ന തിരക്കിലായിരുന്നു. കന്നഡ, മറാത്തി ഭാഷക്കാരുടെയിടയിൽ ശക്തമായ പ്രസ്ഥാനങ്ങൾ ഉടലെടുത്തു. ഇത് പിന്നീട് വിവിധ രാഷ്ട്രീയ ഭരണവ്യവസ്ഥകളായ ബോംബെ, മദ്രാസ് പ്രവിശ്യകളിലേക്കും മുമ്പത്തെ നാട്ടുരാജ്യങ്ങളായ മൈസൂർ, ഹൈദരാബാദ് എന്നിവിടങ്ങളിലേക്കും വ്യാപിച്ചു. എങ്കിലും, ഏറ്റവും ശക്തമായ പ്രതിഷേധങ്ങളുണ്ടായത് സാമാന്യം വലിയ സമുദായമായ തെലുങ്കുകാരിൽനിന്നാണ്. ഗാന്ധിയനായിരുന്ന പോറ്റി ശ്രീരാമലു 1953 ഒക്ടോബറിൽ നിരാഹാരമനുഷ്ഠിച്ചു മരണമടഞ്ഞു. പോറ്റി ശ്രീരാമലുവിന്റെ രക്തസാക്ഷിത്വം വലിയരീതിയിൽ അക്രമാസക്തമായ പ്രതിഷേധത്തിന് കാരണമായി. അത് 1956 ൽ ആന്ധ്രപ്രദേശ് എന്ന സംസ്ഥാനത്തിന്റെ രൂപീകരണത്തിലേക്കു നയിച്ചു.

1950 കളുടെ തുടക്കത്തിൽ പ്രധാനമന്ത്രിയായിരുന്ന നെഹ്റു ഉൾപ്പെടെ പലരും ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങൾ വീണ്ടും ഇന്ത്യയുടെ വിഭജനത്തിന് വഴിയൊരുക്കുമോ എന്നു ഭയപ്പെട്ടു. യഥാർഥത്തിൽ അതിന് വിപരീതമായാണ് സംഭവിച്ചത്. അഖണ്ഡതയെ ക്ഷയിപ്പിക്കുന്നതിനു പകരം ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങൾ ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും ശക്തിപ്പെടുത്തി. കന്നഡക്കാരനായ ഇന്ത്യക്കാരൻ, ബംഗാളിയായ ഇന്ത്യക്കാരൻ എന്നിങ്ങനെയായി മാറി സമ്പൂർണമായ ഐക്യം തെളിയിച്ചുകൊണ്ടിരുന്നു.

ഭാഷാപരമായ ഈ സംസ്ഥാനങ്ങൾ ചിലപ്പോൾ പരസ്പരം കലഹിക്കുന്നുണ്ടെന്ന് ഉറപ്പിച്ചുപറയാം. ഈ മത്സരങ്ങൾ അത്ര നല്ലതല്ലെന്ന് മാത്രമല്ല, ഇവയ്ക്ക് കാര്യങ്ങൾ കൂടുതൽ വഷളാക്കാനും സാധിക്കും. സംസ്ഥാന പുനസ്സംഘടനാ കമ്മീഷൻ ഇന്ത്യയുടെ ഭൂപടം ഭാഷയുടെ അടിസ്ഥാനത്തിൽ മാറ്റിവരയ്ക്കാൻ തീരുമാനിച്ച അതേവർഷം, 1956 ൽ ശ്രീലങ്കൻ പാർലമെന്റ് തമിഴ്വംശജരുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് സിംഹളഭാഷയെ രാജ്യത്തിന്റെ ഔദ്യോഗികഭാഷയായി പ്രഖ്യാപിച്ചു. ഒരു ഇടതുപക്ഷക്കാരനായ സിംഹള രാജ്യസഭാംഗം, രാജ്യസ്നേഹികളോട് ഒരു സൂചനാമുന്നറിയിപ്പായി ഇങ്ങനെ പറഞ്ഞു: "ഒരു ഭാഷ, രണ്ട് രാജ്യങ്ങൾ, അല്ലെങ്കിൽ രണ്ടു ഭാഷകൾ, ഒരു രാജ്യം."

1983-ൽ തുടങ്ങിയ ശ്രീലങ്കയിലെ ആഭ്യന്തരയുദ്ധത്തിന് ആധാരമായത് ന്യൂനപക്ഷക്കാരുടെ അവകാശങ്ങൾ ഭൂരിപക്ഷക്കാർ തിരസ്കരിച്ചതാണ്. ഇന്ത്യയുടെ മറ്റൊരു അയൽരാജ്യമായ പാകിസ്ഥാൻ 1971-ൽ വിഭജിക്കാനുണ്ടായ കാരണവും പടിഞ്ഞാറുഭാഗത്തെ പഞ്ചാബി-ഉർദു ഭാഷക്കാർ കിഴക്കൻഭാഗത്തുള്ള ബംഗാളികൾക്ക് അർഹിക്കുന്ന ബഹുമാനം കൊടുക്കാത്തതിനാലാണ്. ഇങ്ങനെയുള്ള വളരെ മോശകരമായ ഒരു വിധിയിൽനിന്ന് ഇന്ത്യയെ രക്ഷപ്പെടുത്തുന്നത് ഭാഷാടിസ്ഥാനത്തിലുള്ള ഈ സംസ്ഥാനരൂപീകരണമാണ്. ഭാഷാസമുദായങ്ങളുടെ അഭിലാഷങ്ങൾ തിരസ്കരിക്കപ്പെട്ടിരുന്നെങ്കിൽ, ഇന്ന് നമുക്കിവിടെ ഉണ്ടാകുമായിരുന്നത് - 'ഒരു ഭാഷയും പതിനാലോ പതിനഞ്ചോ രാജ്യങ്ങളും' ആയിരുന്നേനേ.

*Adapted from an article by* Ramachandra Guha *in the Times of India, 1 November 2006.*

ഇന്ത്യൻ വംശ-ദേശ-സ്വത്വ രൂപീകരണത്തിന് ശക്തമായ ഉപകരണമായി മാറിയത് മതമല്ല മറിച്ച് പ്രാദേശിക, ഗോത്രസ്വത്വത്തോടൊപ്പം ഭാഷ കൂടിച്ചേർന്നാണ്. എല്ലാ ഭാഷാസമുദായങ്ങൾക്കും സംസ്ഥാന പദവി ലഭിച്ചു എന്ന് ഇത് അർഥമാക്കുന്നില്ല. 2000-ൽ ഛത്തീസ്ഗഢ്, ഉത്തരാഞ്ചൽ, ഝാർഖണ്ഡ് എന്നീ മൂന്നു സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെടുന്നതിൽ ഭാഷയ്ക്ക് വലിയ പങ്കൊന്നുമുണ്ടായിരുന്നില്ല. വംശീയത അടിസ്ഥാനമാക്കിയുള്ള ഗോത്രസ്വത്വം, ഭാഷ, പ്രാദേശിക നഷ്ടബോധം, പരിസ്ഥിതി എന്നിവയെല്ലാം ഒത്തുചേർന്ന് പ്രാദേശികവാദത്തെ ശക്തിപ്പെടുത്തുകയും അത് സംസ്ഥാനരൂപീകരണത്തിൽ പര്യവസാനിക്കുകയും ചെയ്തു. ഇപ്പോൾ ഇന്ത്യൻ ദേശ-രാഷ്ട്രത്തിൽ 28 സംസ്ഥാനങ്ങളും ഏഴ് കേന്ദ്രഭരണപ്രദേശങ്ങളുമുണ്ട്.

പ്രാദേശികവികാരങ്ങൾ മാനിക്കപ്പെടുക എന്നത് സംസ്ഥാനങ്ങളുടെ രൂപീകരണം കൊണ്ടുമാത്രം സംഭവിക്കില്ല. വിപുലമായ ഫെഡറൽ ഘടനയിൽ സ്വയംഭരണ ഏകകം എന്ന നിലയിൽ നില നിൽക്കാനുള്ള സ്ഥാപനവൽക്കരിത പിന്തുണ കൂടി അവയ്ക്ക് വേണം. ഇന്ത്യയിൽ ഇതു



1880 മുതൽ 1930 വരെയുള്ള വിവിധ പ്രദേശങ്ങളിലെ ദമ്പതികൾ. ഇടത്ത മുകളിൽ നിന്ന് – ഗുജറാത്ത്, ത്രിപുര, ബോംബെ, അലിഗഢ്, ഹൈദരാബാദ്, ഗോവ, കൽക്കട്ട (*From Malavika Karlekar, Visualising Indian Women. 1875-1947*, Oxford University Press, New Delhi).



**6.4**

നിങ്ങളുടെ സ്വന്തം സംസ്ഥാനത്തിന്റെ ഉത്ഭവം കണ്ടെത്തുക. എന്നാണ് അത് രൂപീകൃതമായത്? എന്തൊക്കെ മാനദണ്ഡങ്ങളാണ് അതിന് നിദാനമായത്? – ഭാഷയാണോ? വംശീയപരമായ/ഗോത്രപരമായ സ്വത്വമാണോ? പ്രാദേശിക അധസ്ഥിതാവസ്ഥയാണോ, പാരിസ്ഥിതികമായ വ്യത്യാസമാണോ? അതോ, മറ്റെന്തെങ്കിലും മാനദണ്ഡമാണോ? ഇന്ത്യാമഹാരാജ്യത്ത് ഇതിനെ എങ്ങനെ മറ്റു സംസ്ഥാനങ്ങളുടേതുമായി താരതമ്യപ്പെടുത്താം?

രൂപീകരണത്തിന്റെ മാനദണ്ഡമനുസരിച്ച് ഇന്ത്യയിലെ സംസ്ഥാനങ്ങളെ തരംതിരിക്കാൻ ശ്രമിക്കുക.

പുതിയ സംസ്ഥാനരൂപീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഏതെങ്കിലും സമകാലിക പ്രക്ഷോഭങ്ങളെക്കുറിച്ച് നിങ്ങൾക്ക് ധാരണയുണ്ടോ? ഈ പ്രസ്ഥാനങ്ങൾ കൈക്കൊണ്ട മാനദണ്ഡങ്ങൾ കണ്ടെത്താൻ ശ്രമിക്കൂ.

(സൂചന: തെലുങ്കാന, വിദർഭ പ്രസ്ഥാനങ്ങളും നിങ്ങളുടെ പ്രദേശത്തുള്ള മറ്റുള്ളവയും പരിശോധിക്കുക),

നൽകുന്നത് രാഷ്ട്രത്തിന്റെയോ കേന്ദ്രത്തിന്റെയോ അധികാരം നിർവചിച്ചിരിക്കുന്ന ഭരണഘടനാ നിർദേശങ്ങളാണ്. കേന്ദ്രഗവൺമെന്റിന് അധികാരമുള്ള കേന്ദ്രലിസ്റ്റും സംസ്ഥാന ഗവൺമെന്റിന് പൂർണാധികാരമുള്ള സംസ്ഥാന ലിസ്റ്റുമുണ്ട്. കൂടാതെ കൺകറന്റ് ലിസ്റ്റിൽ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യ അധികാരമുണ്ട്. പാർലമെന്റിന്റെ ഉപരിമണ്ഡലമായ രാജ്യസഭയിലേക്ക് സംസ്ഥാന നിയമസഭയാണ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. ഇതിനെല്ലാം പുറമെ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ നിർണയിക്കുന്ന കമ്മിറ്റികളും കമ്മീഷനുകളുമുണ്ട്. ഉദാഹരണത്തിന്, ഓരോ പത്തുവർഷം കൂടുംതോറും നികുതിവരുമാനം കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ എങ്ങനെ പങ്കുവയ്ക്കണമെന്ന് തീരുമാനിക്കാൻ ഒരു ധനകാര്യകമ്മീഷനെ നിയമിക്കുന്നു. ഓരോ പഞ്ചവത്സരപദ്ധതി തയാറാക്കുമ്പോഴും സംസ്ഥാനങ്ങളിലെ ആസൂത്രണകമ്മീഷനുകൾ തയാറാക്കി സമർപ്പിച്ച വിശദമായ പദ്ധതികളുണ്ടാവാറുണ്ട്.

ഫെഡറൽ സംവിധാനം മൊത്തത്തിൽ തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും പല തർക്കങ്ങളും നിലനിൽക്കുന്നുണ്ട്. ഉദാരവൽക്കരണകാലം (1990 കളിൽ) നയംരൂപീകരിക്കുന്നവരും രാഷ്ട്രീയക്കാരുമായ പണ്ഡിതർക്കിടയിൽ പ്രാദേശിക സാമ്പത്തികഘടനാപരമായ അസമത്വത്തെക്കുറിച്ച് ഉത്കണ്ഠ ഉണ്ടായിരുന്നു. സ്വകാര്യനിക്ഷേപകർ (വിദേശികളും ഇന്ത്യക്കാരും) സാമ്പത്തികവികസനത്തിനു വേണ്ടി മുതൽമുടക്കുമ്പോൾ പ്രാദേശികസമത്വത്തിന് പരിഗണന ലഭിക്കാതെയായി. സ്വകാര്യനിക്ഷേപകർ നല്ല അടിസ്ഥാനസൗകര്യമുള്ള വികസിതമായ രാജ്യങ്ങളിൽ മാത്രം മുതൽമുടക്കാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. സ്വകാര്യ നിക്ഷേപത്തിൽനിന്നു വ്യത്യസ്തമായി സർക്കാരിന് ലാഭ വർധനവ് എന്നതിനു പകരം പ്രാദേശികസമത്വത്തിനും ചില പരിഗണനകൾ (മറ്റു ലക്ഷ്യങ്ങൾക്കും) കൊടുക്കേണ്ടതുണ്ട്. വിപണിസമ്പദ്‌വ്യവസ്ഥ അങ്ങനെ തന്നെ സ്വതന്ത്രമായി വിട്ടാൽ വികസിത പ്രദേശങ്ങളും പിന്നാക്കപ്രദേശങ്ങളും തമ്മിലുള്ള വിടവ് വർധിപ്പിക്കുന്നു. പൊതുമേഖല മുൻകൈയെടുത്താൽ മാത്രമേ ഈ പ്രവണത മറികടക്കാൻ കഴിയുകയുള്ളൂ.

## 6.3 ദേശ-രാഷ്ട്രവും മതസംബന്ധിയായ പ്രശ്നങ്ങളും സ്വത്വങ്ങളും (The Nation-state and Religion-related Issues and Identities)

സാംസ്കാരികവൈവിധ്യത്തിലെ വലിയ വിവാദവിഷയം മതസമുദായങ്ങളുമായും മതാടിസ്ഥാനത്തിലുള്ള സ്വത്വങ്ങളുമായും ബന്ധപ്പെട്ടതാണ്. ഈ പ്രശ്നങ്ങളെ രണ്ടായി തരംതിരിക്കാം - മതേതരത്വ-വർഗീയ വാദഗണം ഭൂരിപക്ഷ - ന്യൂനപക്ഷഗണം. മതേതരത്വ-വർഗീയവാദ പ്രശ്നങ്ങൾ ഉയർത്തുന്ന ചോദ്യങ്ങൾ രാഷ്ട്രത്തിന് തങ്ങളുടെ പ്രാഥമിക സ്വത്വം മതമായി പരിഗണിക്കുന്ന മതവുമായും രാഷ്ട്രീയപ്രസ്ഥാനങ്ങളുമായുമുള്ള ബന്ധത്തെക്കുറിച്ചുള്ളവയാണ്. ഭൂരിപക്ഷ -ന്യൂനപക്ഷപ്രശ്നങ്ങൾ എണ്ണത്തിന്റെയും അധികാരത്തിന്റെയും

അടിസ്ഥാനത്തിൽ തുല്യമല്ലാത്ത വിവിധ മത-വംശീയ സമുദായങ്ങളെ രാഷ്ട്രം എങ്ങനെ കൈകാര്യം ചെയ്യണമെന്നതുമായി ബന്ധപ്പെട്ടതാണിത് (സാമൂഹിക- സാമ്പത്തിക- രാഷ്ട്രീയ അധികാരങ്ങളുൾപ്പെടെ).

## ന്യൂനപക്ഷാവകാശങ്ങളും രാഷ്ട്രനിർമാണവും (Minority Rights and Nation Building)

ഇന്ത്യൻ ദേശീയതയുടെ പ്രബല പ്രവണത ഉൾക്കൊള്ളൽ വീക്ഷണവും ജനാധിപത്യ കാഴ്ചപ്പാടും അടയാളപ്പെടുത്തുന്നു. അത് ഉൾക്കൊള്ളലാകുന്നത് വൈവിധ്യങ്ങളും ബഹുസ്വരതയും അംഗീകരിക്കുന്നതിനാലാണ്. ജനാധിപത്യം എന്നതുകൊണ്ട് ഉദ്ദേശിച്ചത് വിവേചനവും ബഹിഷ്കരണവും ഒഴിവാക്കി നീതിയും സമത്വവുമുള്ള സമൂഹം പടുത്തുയർത്തുക എന്നാണ്. ജനങ്ങൾ എന്ന പദത്തെ മതം, വംശം, ജാതി, വർഗം തുടങ്ങിയ ഏതെങ്കിലുമൊരു പ്രത്യേക വിഭാഗത്തെ സൂചിപ്പിക്കുന്ന ഒന്നായല്ല പറയുന്നത്. ഇന്ത്യൻ ദേശീയവാദികളെ മാനവികാശയങ്ങൾ സ്വാധീനിക്കുകയും ഇടുങ്ങിയ ദേശീയതയുടെ വികൃതമായ വശങ്ങളെ മഹാത്മാഗാന്ധി, രവീന്ദ്രനാഥ ടാഗോർ എന്നിവരെപ്പോലുള്ള നേതാക്കൾ കടുത്ത രീതിയിൽ വിമർശിക്കുകയും ചെയ്തു

ഉൾക്കൊള്ളൽ ദേശീയത (Integrationist Nationalism) എന്ന ആശയം ഭരണഘടനയിൽ ഉൾപ്പെടുത്തേണ്ടിവന്നു. നേരത്തെ ചർച്ചചെയ്ത ഭാഗം 6.1 ലേതുപോലെ പ്രബലവിഭാഗം അവരുടെ

**സങ്കുചിതദേശീയതയുടെ തിന്മകളെക്കുറിച്ച് രവീന്ദ്രനാഥ ടാഗോർ (Rabindranath Tagore on the evils of exclusive nationalism)**


**ബോക്സ് 6.5**

എവിടെയാണോ പാശ്ചാത്യദേശീയതയുടെ പൊരുൾ നിലനിൽക്കുന്നത് അവിടെ കുട്ടിക്കാലം മുതൽ തന്നെ ജനങ്ങൾ പറയപ്പെടുന്ന എല്ലാതരത്തിലുമുള്ള വെറുപ്പും ആഗ്രഹങ്ങളും പോഷിപ്പിക്കാൻ പഠിപ്പിക്കുന്നു - ചരിത്രത്തിൽ അസത്യങ്ങളും അർധസത്യങ്ങളും ഉണ്ടാക്കിക്കൊണ്ട്, അവരോട് അനുകൂലമനോഭാവമല്ലാത്ത വരോടും, വർഗങ്ങൾ, സംസ്കാരം എന്നിവയോടും പ്രാതിനിധ്യമില്ലായ്മ... മറ്റുള്ളവരുടെ മേൽ ഉളവാക്കുന്ന മുറിവ് നിങ്ങളെ ബാധിക്കുന്നില്ലെന്ന് ഒരു നിമിഷംപോലും ചിന്തിക്കാതെ, അല്ലെങ്കിൽ നിങ്ങളുടെ വീടിനു ചുറ്റും നിങ്ങൾ വിതക്കുന്ന ശത്രുത വരാൻപോകുന്ന സമയങ്ങളിൽ നിങ്ങൾക്കു ഒരു സുരക്ഷിതത്വത്തിന്റെ മതിലാണെന്ന ചിന്ത എല്ലാ മനുഷ്യരുടെയും മനസ്സുകളെ തങ്ങളുടെതന്നെ വിലക്ഷണമായ മേൽക്കോയ്മയുടെ പൊങ്ങച്ചത്തെ ഉപയോഗപ്പെടുത്തി ഉത്തേജിപ്പിക്കുന്നു. കഠിനഹൃദയമൂല്യബോധത്തിനും തെറ്റായ വഴിയിൽ അഭിമാനം കൊള്ളാനും സമ്പത്തുകൊണ്ടും ശാശ്വതമാക്കുന്ന മാനഹാനി ഉണർത്താൻ തോൽപ്പിക്കപ്പെട്ട ദേശത്തെ യുദ്ധത്തിൽ ജയിച്ച സമ്മാനങ്ങൾ പ്രദർശിപ്പിച്ചും, പാശ്ചാത്യരെ അനുകരിക്കുന്ന മറ്റുള്ളവരോടു വെറുപ്പു ഉളവാക്കുന്ന കുട്ടികളുടെ മനസ്സ് വളർത്തുവാൻ വിദ്യാലയങ്ങളെ ഉപയോഗിക്കാൻ ...


*Source: On Nationalism* by Rabindranath Tagore. First published in 1917. Reprint Edition of Macmillan. Madras 1930.

സംസ്കാരവും ഭാഷയും ദേശ-രാഷ്ട്രത്തിന്റേതാണ് എന്ന് അനുമാനിക്കാനുള്ള പ്രവണതശക്തമാണ്. എന്നാൽ കരുത്തുറ്റൊരു രാഷ്ട്രം സ്ഥാപിക്കുന്നതിന് എല്ലാ വിഭാഗങ്ങൾക്കും, പ്രത്യേകിച്ച് ന്യൂനപക്ഷവിഭാഗങ്ങൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്ന ഭരണഘടനാപരമായ പ്രത്യേക വ്യവസ്ഥകൾ ആവശ്യമായിരുന്നു. ശക്തവും ഏകീകൃതവും ജനാധിപത്യപരവുമായ ഒരു രാഷ്ട്രം പടുത്തുയർത്തുന്നതിന് ന്യൂനപക്ഷ നിർവചനം അവരുടെ അവകാശങ്ങൾ അംഗീകരിക്കപ്പെടേണ്ടതിന്റെ അനിവാര്യതയെ ബോധ്യപ്പെടുത്തുന്നു.

ന്യൂനപക്ഷവിഭാഗങ്ങൾ എന്ന സങ്കൽപ്പം സമൂഹശാസ്ത്രത്തിൽ കേവലം അക്കത്തിലുള്ള വ്യത്യാസത്തിനപ്പുറം വ്യാപകമായി ഉപയോഗിക്കുന്ന ഒരു പദമാണ്. ഇതിന് സാധാരണ ചില പ്രതികൂലതകളും അടങ്ങിയിട്ടുണ്ട്. സമ്പന്നരെപ്പോലെ വിശേഷഭാഗ്യമുള്ള ന്യൂനപക്ഷത്തെ



ന്യൂനപക്ഷങ്ങൾ എന്നു വിളിക്കാൻ കഴിയില്ല. അവരെ വിശേഷാവകാശങ്ങളുള്ള ന്യൂനപക്ഷങ്ങൾ (Privileged Minorities) എന്ന് വിശേഷിപ്പിക്കാം. അവശത അനുഭവിക്കുന്ന താരതമ്യേന ചെറിയ വിഭാഗത്തെയാണ് ന്യൂനപക്ഷങ്ങൾ എന്ന് ഉദ്ദേശിക്കുന്നത്.



കാശ്മീരി പെൺകുട്ടി

സമൂഹശാസ്ത്ര അർഥത്തിൽ ന്യൂനപക്ഷവിഭാഗത്തിലെ അംഗങ്ങൾ ഒരു കൂട്ടായ്മ രൂപീകരിക്കും. അതായത് അവർക്കിടയിൽ ശക്തമായ സംഘബോധവും ഐക്യവും ഒത്തൊരുമയുമുണ്ടായിരിക്കും. ഈ വിഭാഗങ്ങളോടുള്ള മുൻവിധിയും വിവേചനവും മറ്റു ദുരനുഭവങ്ങളുമാണ് അവർക്കിടയിൽ പരസ്പരം വിധേയത്വവും താൽപ്പര്യങ്ങളും ഉണർത്തിയത്. (Giddens 2001:248). സ്ഥിതിവിവരക്കണക്ക് പ്രകാരമുള്ള ഇടതുകൈയൻമാരും ഫെബ്രുവരി 29 നു ജനിച്ചവരും ന്യൂനപക്ഷങ്ങളല്ല. സമൂഹശാസ്ത്ര അർഥത്തിൽ അവർ കൂട്ടായ്മ രൂപീകരിച്ചിട്ടില്ല.

അതേസമയം ഒരു തലത്തിൽ അവഗണന അനുഭവിക്കുന്നവരും മറ്റൊരു തലത്തിൽ മെച്ചപ്പെട്ട അവസ്ഥയുമുള്ള ന്യൂനപക്ഷങ്ങളുണ്ട്. ഉദാഹരണത്തിന് പാഴ്സികളും സിഖുകാരും സാമ്പത്തികമായി താരതമ്യേന മെച്ചപ്പെട്ടവരാണെങ്കിലും സാംസ്കാരികതലത്തിൽ അവരുടെ എണ്ണം ചെറുതാണ്. ഭൂരിപക്ഷത്തിന്റെ ജനസംഖ്യയുടെ മേധാവിത്വം കാരണം മതം അല്ലെങ്കിൽ സാംസ്കാരിക ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക സംരക്ഷണം ആവശ്യമാണ്. ജനാധിപത്യരാഷ്ട്രീയത്തിൽ ഭൂരിപക്ഷത്തിന് അവരുടെ സംഖ്യാബലം ഉപയോഗിച്ച് തിരഞ്ഞെടുപ്പിലൂടെ രാഷ്ട്രീയാധികാരം കൈയടക്കാൻ സാധിക്കും. അതിനാൽ മത-സാംസ്കാരിക ന്യൂനപക്ഷങ്ങൾക്ക് അവരുടെ സാമ്പത്തിക -സാമൂഹികസ്ഥാനം പരിഗണിക്കാതെ രാഷ്ട്രീയമായി മുറിവേൽക്കുന്നു. ഈ സാഹചര്യത്തിൽ ഭൂരിപക്ഷ സമുദായം രാഷ്ട്രീയാധികാരം പിടിച്ചെടുക്കുകയും ഭരണസംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ന്യൂനപക്ഷക്കാരുടെ മതത്തെയും സാംസ്കാരികസ്ഥാപനങ്ങളെയും അടിച്ചമർത്തുകയും ചെയ്തേക്കാം. അന്തിമമായി അവരുടെ സ്വത്വം ഉപേക്ഷിക്കാൻവരെ ന്യൂനപക്ഷങ്ങൾ നിർബന്ധിതരായേക്കാം.



ഇടതു വശത്ത് ഇന്ത്യയുടെ വിവിധ ഭാഗത്തുനിന്നുള്ള ഭക്ഷണം. വലത്ത് മുകളിൽ കാശ്മീരി വസ്ത്രം ധരിച്ച പെൺകുട്ടി. താഴെ: വ്യത്യസ്ത സംസ്ഥാനങ്ങളിലെ വസ്ത്രം ധരിച്ച പാവക്കുട്ടികൾ.

**ബോക്സ് 6.6**

**മതന്യൂനപക്ഷത്തിന്റെ ആപേക്ഷിക വലുപ്പവും വിതരണവും (Relative size and distribution of religious minorities)**

ഹിന്ദുവിഭാഗം ഇന്ത്യയിലെ മുഖ്യ ഭൂരിപക്ഷമാണെന്ന് നിങ്ങൾക്കറിയാം. 2001-ലെ കാനേഷുമാരി പ്രകാരം 828 മില്യൻ ജനസംഖ്യയുള്ള ഹിന്ദുജനത മൊത്തം ജനസംഖ്യയുടെ 80.5% വരുന്നു. ഹിന്ദുജനത മൊത്തം ന്യൂനപക്ഷ ജനസംഖ്യയുടെ നാലുമടങ്ങും വലിയ ന്യൂനപക്ഷമായ മുസ്ലിംകളുടെ 6 മടങ്ങും വരുന്നു.

മറ്റെല്ലാ വലിയ മതങ്ങളെപ്പോലെയും ഹിന്ദുക്കൾ ഒരേപോലെയുള്ള സംഘങ്ങളല്ല, അവർ ജാതികളായി വേർതിരിഞ്ഞവരാണ്. എങ്കിലും വലുതുതന്നെയാണ്. 2001–ലെ സെൻസസ്പ്രകാരം 138 മില്യൻ ജനങ്ങളുള്ള ഇന്ത്യയുടെ മൊത്തം ജനസംഖ്യയുടെ 13.4% വരുന്ന മുസ്ലിംകൾ ഇന്ത്യയുടെ രണ്ടാമത്തെ ഏറ്റവും വലിയ ന്യൂനപക്ഷമാണ്. അവർ ഇന്ത്യയിൽ ആകമാനം ചിതറിക്കിടക്കുന്നു. ജമ്മുകാശ്മീരിൽ ഭൂരിപക്ഷവും വെസ്റ്റ് ബംഗാളിന്റെ ചില ഭാഗങ്ങളിലും ഉത്തർപ്രദേശ്, കേരളം, ആന്ധ്രപ്രദേശ്, കർണാടക, രാജസ്ഥാൻ എന്നിവിടങ്ങളിലെയും ജനസംഖ്യയുടെ പ്രധാന ഭാഗവുമാണ്.

ക്രിസ്ത്യാനികൾ മൊത്തം ജനസംഖ്യയുടെ 2.3% (24 മില്യൻ) വരുന്നു. തെക്കുകിഴക്കും തെക്കൻ സംസ്ഥാനങ്ങളിൽ ചില ഇടങ്ങളിലും അവർ കേന്ദ്രീകരിച്ചിരിക്കുന്നു. ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള സംസ്ഥാനങ്ങൾ നാഗാലാന്റ് (90%), മിസോറാം (87%), മേഘാലയ (70%) എന്നിവയാണ്. കാര്യമായ ക്രിസ്ത്യൻ ജനസംഖ്യ ഗോവയിലും (27%), കേരളത്തിലും (19%) കാണുന്നു.

ധാരാളം ചെറിയ മതസംഘങ്ങളുമുണ്ട്. ബുദ്ധമതം (8 മില്യൻ–0.8%), ജൈനമതം (4 മില്യൻ-0.4%), പേർഷ്യൻ (7 മില്യനുതാഴെ-0.7%) എന്നിവയാണവ. ഏറ്റവും കൂടുതൽ ബുദ്ധമതക്കാറുള്ളത് സിക്കിമിലും (28%), അരുണാചൽപ്രദേശിലും (13%). വലിയ സംസ്ഥാനങ്ങളിൽ മഹാരാഷ്ട്രയിലാണ് ബുദ്ധമതക്കാർ ഏറ്റവും കൂടുതലുള്ളത്. ഇത് 6% ആണ്. ഏറ്റവും കൂടുതൽ ജൈനമതക്കാരുള്ളത് മഹാരാഷ്ട്രയിലാണ് (1.3%), രാജസ്ഥാനിൽ 1.2% ഉം ഗുജറാത്തിൽ ഇത് 1.% വുമാണ്.

ബ്രിട്ടീഷ് കോളനിവാഴ്ചയ്ക്കെതിരായ സമരകാലത്ത് ഇന്ത്യൻ ദേശീയവാദികൾ രാജ്യത്തിന്റെ വൈവിധ്യം അംഗീകരിക്കേണ്ടതിന്റെയും ബഹുമാനിക്കേണ്ടതിന്റെയും ആവശ്യകത മനസ്സിലാക്കിയിരുന്നു. നാനാത്വത്തിൽ ഏകത്വം (Unity in Diversity) എന്ന ആശയം ഉയർത്തിക്കൊണ്ടുവന്നത് ഇതിനു വേണ്ടിയാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പല വേദികളിലും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തുകയും ഭരണഘടനയിൽ അതിന്റെ ഫലം പ്രകടമാക്കുകയും ചെയ്തു (Zaidi 1984).


**ബോക്സ് 6.7**

**ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തെക്കുറിച്ച് ഡോ. അംബേദ്കർ (Dr. Ambedkar on protection of minorities)**


ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനെതിരെയുള്ള ഒരുതരം ഉന്മത്തമായ പിടിവാശിയെക്കുറിച്ച് ഞാൻ രണ്ടു കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. ഒന്ന് ന്യൂനപക്ഷത്തിന് രാഷ്ട്രീയത്തിൽ സ്ഫോടനാത്മക അടിത്തറയുണ്ടെന്നത് വസ്തുതയാണ്. യൂറോപ്പിന്റെ ചരിത്രം ഇതിന് ഭയാനക തെളിവുകൾ യഥേഷ്ടമായി തരുന്നു. രണ്ടാമത്തേത് ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്ക് അവരുടെ നിലനിൽപ്പ് ഭൂരിപക്ഷങ്ങളുടെ കൈകളിൽ ഏൽപ്പിക്കാൻ സമ്മതമാണ്. അയർലാൻഡിന്റെ വിഭജനകാലത്ത് നിലനിന്നിരുന്ന ധാരണകളുടെ ചരിത്രത്തിൽ റെഡ്മെൻഡ് കാർസനോട് പറയുന്നു: "പ്രതിഷേധിക്കുന്ന ന്യൂനപക്ഷത്തിന് എന്ത് പരിരക്ഷയും ആവശ്യപ്പെടാം. പക്ഷേ, നമ്മൾക്ക് ഒരു ഐക്യമുള്ള അയർലൻഡ് വേണം". കാർസന്റെ മറുപടി ഇതായിരുന്നു: "നിങ്ങളുടെ സുരക്ഷ നശിച്ചാലും, ഞങ്ങൾ നിങ്ങളാൽ ഭരിക്കപ്പെടാൻ ആഗ്രഹിക്കുന്നില്ല". ഇന്ത്യയിലെ ഒരു ന്യൂനപക്ഷവും ഈ നിലപാടെടുത്തിട്ടില്ല.

[John Redmond. Catholic majority leader; Sir Edward Carson, Protestant minority leader]
*(Source: Constituent Assembly Debates 1950: 310-311. cited in Narang 2002:63)*

## ഭീം റാവു അംബേദ്കർ (1891-1956)



ബുദ്ധമതപ്രചാരകനും നിയമവിദഗ്ധനും പണ്ഡിതനും രാഷ്ട്രീയ നേതാവുമായ ബി.ആർ. അംബേദ്കർ ഇന്ത്യൻ ഭരണഘടനയുടെ മുഖ്യശിൽപ്പിയാണ്. ജനിച്ചത് തൊട്ടുകൂടായ്മ നിലനിന്നിരുന്ന നിർദ്ദന സമുദായത്തിലായതുകൊണ്ട് അദ്ദേഹത്തിന്റെ ജീവിതം ചെലവഴിച്ചത് തൊട്ടുകൂടായ്മയ്ക്കും ജാതിവ്യവസ്ഥയ്ക്കും എതിരെ പോരാടാനായിരുന്നു.



പാർലമെന്റ് മന്ദിരം

എല്ലാ ജനവിഭാഗങ്ങൾക്കും അവരുടെ മതാനുഷ്ഠാനത്തിനും സംസ്കാരവും ഭാഷയും വികസിപ്പിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ടെങ്കിൽ മാത്രമേ ശക്തവും ഐക്യവുമുള്ള ഒരു രാഷ്ട്രം കെട്ടിപ്പടുക്കാൻ സാധിക്കുകയുള്ളൂ എന്ന് ഇന്ത്യൻ ഭരണഘടനയുടെ ശിൽപ്പികൾക്ക് അറിയാമായിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ മുഖ്യശിൽപ്പിയായ ഡോ. ബി.ആർ. അംബേദ്കർ ഇക്കാര്യം കോളം 6.7ൽ കാണിച്ചപോലെ നിയമനിർമാണസഭയിൽ വ്യക്തമായി ചൂണ്ടിക്കാണിച്ചിരുന്നു.

കഴിഞ്ഞ മൂന്നുപതിറ്റാണ്ട് അവകാശലംഘനങ്ങൾക്കെതിരെ ജനങ്ങൾ പോരാടിയപ്പോൾ രാജ്യത്തിന്റെ ദേശീയ ഐക്യത്തെതന്നെ ബാധിച്ചതെങ്ങനെയെന്ന് നമ്മൾ സാക്ഷ്യം വഹിച്ചു. പാകിസ്ഥാനിലെ ജനങ്ങളുടെ സാംസ്കാരികവും ഭാഷാപരവുമായ അവകാശങ്ങൾ അംഗീകരിക്കാൻ ഭരണകൂടം വിസമ്മതിച്ചതാണ് ബംഗ്ലാദേശിന്റെ രൂപീകരണത്തിന് വഴിയൊരുക്കിയത്.

**ബോക്സ് 6.8**

**ന്യൂനപക്ഷങ്ങളെയും സാംസ്കാരികവൈവിധ്യത്തേയും കുറിച്ച് ഇന്ത്യൻ ഭരണഘടന (The Indian Constitution on minorities and cultural diversity)**

ആർട്ടിക്കിൾ 29: **(Article 29)**

(1) ഇന്ത്യയുടെ ഭൂപ്രദേശത്ത് താമസിക്കുന്ന ഏതു വിഭാഗം പൗരന്മാർക്കും പ്രത്യേക ഭാഷയോ പ്രമാണങ്ങളോ സംസ്കാരങ്ങളോ ഉള്ള വിഭാഗങ്ങൾക്ക് അതു സംരക്ഷിക്കാനുള്ള അവകാശമുണ്ടായിരിക്കും.

(2) രാഷ്ട്രം നിലനിർത്തുന്നതോ രാഷ്ട്രത്തിന്റെ ധനസഹായം ലഭിക്കുന്നതോ ആയ ഒരു വിദ്യാഭ്യാസസ്ഥാപനത്തിലും മതം, വർഗം, ജാതി, ഭാഷ എന്നിവയുടെ അടിസ്ഥാനത്തിൽ ഒരു പൗരനും പ്രവേശനം നിഷേധിക്കപ്പെടാൻ പാടില്ല.

ആർട്ടിക്കിൾ 30: **(Article 30)**

(1) എല്ലാ ന്യൂനപക്ഷങ്ങൾക്കും മതത്തിന്റേയോ ഭാഷയുടെയോ അടിസ്ഥാനത്തിൽ, അവരുടെ ഇഷ്ടത്തിനനുസരിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്താനുമുള്ള അവകാശമുണ്ട്.

(2) രാഷ്ട്രം വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ധന സഹായം നൽകുന്നതിൽ (മതത്തിന്റേയോ ഭാഷയുടെയോ അടിസ്ഥാനത്തിലെങ്കിലും) ന്യൂനപക്ഷ മാനേജ്മെന്റിന്റെ ഒരു വിദ്യാഭ്യാസസ്ഥാപനത്തോടും വിവേചനം ഉണ്ടായിരിക്കില്ല.

ശ്രീലങ്കയിലെ വംശീയപ്പോരാട്ടത്തിന്റെ ഒരു പ്രധാന കാരണം സിംഹളഭാഷയെ ദേശീയഭാഷയായി അടിച്ചേൽപ്പിച്ചതാണ്. അതുപോലെ ഒരു ഭാഷയോ മതമോ ഏതെങ്കിലും ജനവിഭാഗങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചാൽ അത് വൈവിധ്യങ്ങളെ അംഗീകരിക്കലിനെ അടിസ്ഥാനപ്പെടുത്തിയ ഇന്ത്യയുടെ ദേശീയ ഐക്യത്തെ ദുർബലപ്പെടുത്തും. ഈ വസ്തുത ഇന്ത്യൻ ദേശീയത അംഗീകരിക്കുകയും ഇന്ത്യൻ ഭരണഘടന ഉറപ്പായി പറയുകയും ചെയ്യുന്നു. (കോളം 6.8)

ഇന്ത്യയിൽ മാത്രമല്ല, ലോകത്തെല്ലായിടത്തും ന്യൂനപക്ഷങ്ങൾ നിലനിൽക്കുന്നുണ്ട്. മിക്ക ദേശ-രാഷ്ട്രങ്ങളിലും സാംസ്കാരികമായോ വംശീയമായോ വർഗപരമായോ മതപരമായോ മേധാവിത്വം പുലർത്തുന്ന ഒരു പ്രബല സാമൂഹികവിഭാഗം ഉണ്ടായിരിക്കും. സമാന സാംസ്കാരികവിഭാഗം മാത്രമുള്ള ഒരു ദേശ-രാഷ്ട്രവും ലോകത്തിലില്ല. ഒരേ സംസ്കാരം നിലനിൽക്കുന്ന (ഐസ്‌ലാന്റ്, സ്വീഡൻ, ദക്ഷിണ കൊറിയ) രാജ്യങ്ങളിൽ പോലും ആധുനിക മുതലാളിത്തവും കൊളോണിയലിസവും വൻതോതിലുള്ള കുടിയേറ്റവും ധാരാളം ജനവിഭാഗങ്ങളെ ഇവിടേക്ക് എത്തിക്കുകയും വൈവിധ്യങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ചെറിയ രാഷ്ട്രങ്ങളിൽ പോലും മതപരമായോ വംശീയമായോ ഭാഷാപരമായോ വർഗപരമായോ വൈവിധ്യവും നിലനിൽക്കുന്നുണ്ട്.



## 6.5

ഒരിക്കൽ ഭൂരിപക്ഷമായവർ പിന്നീട് ന്യൂനപക്ഷമായിമാറുന്ന പല സന്ദർഭങ്ങളുമുണ്ട്. മറിച്ചും ഇത് സംഭവിക്കാം. ഇതിനുള്ള മൂർത്തമായ ഉദാഹരണങ്ങൾ കണ്ടെത്തി അതിന്റെ ഫലം ചർച്ചചെയ്യുക. സമൂഹശാസ്ത്ര സങ്കൽപ്പനത്തിലെ ന്യൂനപക്ഷം എണ്ണത്തിലുള്ള വ്യത്യാസമല്ല, അധികാരവുമായി ബന്ധപ്പെട്ടതാണെന്ന് ഓർക്കുക.

(നിർദേശം: വർണവിവേചനത്തിനു മുമ്പും പിമ്പുമുള്ള ദക്ഷിണാഫ്രിക്ക, കാശ്മീരിലെ ഹിന്ദു, ഗുജറാത്തിലെ മുസ്‌ലിം, ഹിന്ദുക്കളിലെ ഉയർന്നവരെന്നു വിളിക്കപ്പെടുന്ന ജാതിക്കാർ, വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലെ ഗോത്രങ്ങൾ)


## വർഗീയതയും മതനിരപേക്ഷതയും ദേശ-രാഷ്ട്രവും (Communalism, Secularism and the Nation-state)

### വർഗീയത (Communalisum)

സാധാരണഭാഷയിൽ വർഗീയത എന്നതുകൊണ്ട് അർഥമാക്കുന്നത് മതപരമായ സ്വത്വത്തെ അടിസ്ഥാനമാക്കിയുള്ള ആക്രമണോൽസുകമായ സങ്കുചിതത്വത്തെയാണ് (Aggressive Chauvinism). ഇതുപ്രകാരം ഒരു മതവിഭാഗത്തിൽപ്പെട്ടവർ സ്വന്തം വിഭാഗം മാത്രമാണ് നിയമാനുസൃതമായത് എന്നും അല്ലെങ്കിൽ യോഗ്യമായത് എന്നു വിശ്വസിക്കുകയും മറ്റു വിഭാഗങ്ങളെ താഴ്ന്നവരും നിയമവിരുദ്ധരും എതിരാളികളുമായി കാണുകയും ചെയ്യുന്നു. ലളിതമായി പറഞ്ഞാൽ മതവുമായി ബന്ധപ്പെട്ട ആക്രമണോൽസുകമായ ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രമാണ് വർഗീയത. സാധാരണ ഇംഗ്ലീഷ് പദാർഥത്തിൽനിന്നു വ്യത്യസ്തമായി വർഗീയത എന്നതിന് ഒരു ഇന്ത്യൻ അല്ലെങ്കിൽ ദക്ഷിണേന്ത്യൻ അർഥമുണ്ട്. ഇംഗ്ലീഷ് ഭാഷയിൽ കമ്മ്യൂണൽ (Communal) എന്നാൽ വ്യക്തി എന്നതിൽനിന്നു വ്യത്യസ്തമായി സമുദായവുമായി



*വിവിധ ആരാധനാകേന്ദ്രങ്ങൾ*



വർഗീയകലാപങ്ങൾ

ബന്ധപ്പെട്ടത് അല്ലെങ്കിൽ കൂട്ടായ്മ എന്നാണ് അർത്ഥമാക്കുന്നത്. വർഗീയതയുടെ ഇംഗ്ലീഷ് പദം നിഷ്പക്ഷമാണ്. എന്നാൽ ദക്ഷിണേന്ത്യൻ അർഥം കൽപ്പിതമാണ് (Strongly Charged). കൽപ്പിതം അനുകൂലമോ പ്രതികൂലമോ ആകാം. വർഗീയതയോട് സഹാനുഭൂതി പുലർത്തിയാൽ അത് അനുകൂലവും എതിർത്താൽ പ്രതികൂലവും.

വർഗീയത പ്രധാനമായും ഊന്നൽ നൽകുന്നത് രാഷ്ട്രീയത്തിനാണ്. മതത്തിൽ അല്ല. വർഗീയതയുടെ ഉള്ളടക്കം പൂർണമായും രാഷ്ട്രീയമാണ്. വർഗീയവാദി മതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടെങ്കിലും വ്യക്തിപരമായ വിശ്വാസവും വർഗീയതയും തമ്മിൽ ബന്ധം ഉണ്ടായിക്കൊള്ളണമെന്നില്ല. ഒരു വർഗീയവാദി വിശ്വാസിയോ അവിശ്വാസിയോ ആകാം. എല്ലാ വർഗീയവാദികളും മതത്തെ അടിസ്ഥാനമാക്കിയുള്ള ഒരു രാഷ്ട്രീയസ്വത്വത്തിൽ വിശ്വസിക്കുന്നു. അതേസമയം മറ്റു സ്വത്വങ്ങളിൽ വിശ്വസിക്കുന്നവരോടുള്ള മനോഭാവമാണ് പ്രധാന പ്രശ്നം. വർഗീയവാദികൾ അക്രമാസക്തമായ ഒരു രാഷ്ട്രീയസ്വത്വം വളർത്തിയെടുക്കുന്നു. തങ്ങളുടെ സ്വത്വത്തെ സ്വീകരിക്കാത്തവരെ അവർ നിന്ദിക്കാനും ആക്രമിക്കാനും തയാറാവുകയും ചെയ്യുന്നു.

വർഗീയതയുടെ ഒരു ലക്ഷണമാണ് മതസ്വത്വം എല്ലാറ്റിനും മുകളിലെന്ന് അവകാശപ്പെടുന്നത്. ഒരാൾ ധനികനോ പാവപ്പെട്ടവനോ ആണെന്നതോ ജോലിയോ രാഷ്ട്രീയവിശ്വാസങ്ങളോ ഉണ്ടെന്നതോ പ്രധാനമല്ല. അയാളുടെ മതം മാത്രമാണ് എണ്ണപ്പെടുന്നത്. മുസ്‌ലിംകളും സിഖുകാരും  ഒരുപോലെ എന്ന രീതിയിൽ എല്ലാ ഹിന്ദുക്കളും ഒരുപോലെയാണ്. കൂടാതെ വിവിധ മതവിഭാഗങ്ങൾക്കിടയിലെ സമാനതകളെ ഇത് നിഷേധിക്കുന്നു. ഇതു പ്രകാരം കേരളത്തിലെ മുസ്‌ലിം-ഹിന്ദു-ക്രിസ്ത്യൻ മതങ്ങളിൽ പരസ്പരം ഉള്ളതിനേക്കാളും കൂടുതൽ സാമ്യം അതത് മതത്തിനിടയിൽ മറ്റു സംസ്ഥാനങ്ങളായ കാശ്മീർ, ഗുജറാത്ത്, നാഗാലാൻഡ് തുടങ്ങിയവയിലുള്ള ഒരേ ജാതിയിൽ ഉള്ളവരുമായാണെന്ന് കരുതുന്നു. കൂടാതെ ഭൂമി ഇല്ലാത്ത കർഷകത്തൊഴിലാളികൾ (അല്ലെങ്കിൽ വ്യവസായികൾ) വ്യത്യസ്ത മതവും പ്രദേശങ്ങളുമാണെങ്കിലും അവർ തമ്മിൽ പരസ്പരം സാമ്യമുണ്ടെന്ന കാര്യവും നിഷേധിക്കുന്നു.

വർഗീയത ഇന്ത്യയിലെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. കാരണം, അത് സംഘർഷങ്ങളുടെയും ആക്രമണങ്ങളുടെയും ഉറവിടമാണ്. വർഗീയലഹളകളുടെ കാലത്ത് ഓരോ സമുദായത്തിലെയും അംഗങ്ങൾക്ക്  അവരുടെ മനുഷ്യത്വം നഷ്ടപ്പെടുന്നു. സ്വന്തം സമുദായത്തെ സംരക്ഷിക്കാനും അതിന്റെ ആത്മാഭിമാനം വീണ്ടെടുക്കാനും മറ്റു സമുദായങ്ങളിലെ അംഗങ്ങളെ കൊല്ലാനും മാനഭംഗപ്പെടുത്താനും കൊള്ളയടിക്കാനും അവർ ശ്രമിക്കും. തങ്ങളുടെ മതവിഭാഗങ്ങളിൽ പെട്ടവർക്ക് മുൻകാലങ്ങളിലോ അല്ലെങ്കിൽ മറ്റെവിടെയെങ്കിലുമോ സഹിക്കേണ്ടിവന്ന മാനഹാനിക്കും മരണങ്ങൾക്കും പകരം വീട്ടുകയാണ് ചെയ്യുന്നതെന്ന് ന്യായവാദങ്ങൾ അവർ ഉന്നയിക്കുകയും ചെയ്യുന്നു. ഒരു പ്രദേശവും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ വർഗീയ അക്രമങ്ങളിൽനിന്നു മുക്തമല്ല. ഓരോ മതസമൂഹവും കുറഞ്ഞ അളവിലോ കൂടിയ അളവിലോ ഇത്തരം വർഗീയകലാപങ്ങൾക്ക് ഇരയായിട്ടുണ്ടെങ്കിലും ഏറ്റവും കൂടുതൽ നേരിടേണ്ടി വന്നിട്ടുള്ളത് ന്യൂനപക്ഷസമുദായങ്ങൾക്കാണ്. സർക്കാരുകൾക്കും ഭരണകൂടങ്ങൾക്കും ഇതിൽ ഉത്തരവാദിത്തമില്ല എന്ന് അവകാശപ്പെടാനാവില്ല. ഏറ്റവും ഭീകരമായ രണ്ടു വർഗീയകലാപങ്ങളും നടന്നത് രണ്ടു പ്രധാന രാഷ്ട്രീയ കക്ഷികൾ ഭരണത്തിൽ ഇരിക്കുമ്പോഴാണ്. 1984-ലെ ഡൽഹിയിലുള്ള സിഖ് വിരുദ്ധ കലാപങ്ങൾ കോൺഗ്രസ് ഭരണത്തിനു കീഴിലാണ് സംഭവിച്ചത്. അതുപോലെ 2002-ൽ ഗുജറാത്തിലുണ്ടായ ഭീകരമായ മുസ്‌ലിം വിരുദ്ധ കലാപങ്ങൾ ബി.ജെ.പി. ഗവൺമെന്റിന് കീഴിലാണ് നടന്നത് .

ബ്രിട്ടീഷ് ഭരണാധികാരികൾ കൊണ്ടുവന്ന ഭിന്നിപ്പിച്ചു ഭരിക്കൽ നയങ്ങളുടെ ഭാഗമായി കോളനിവാഴ്ചയുടെ കാലത്തുതന്നെ ഇന്ത്യയിൽ വർഗീയലഹളകൾ ആരംഭിച്ചുകഴിഞ്ഞിരുന്നു.

**കബീർദാസ് - എക്കാലത്തെയും സമന്വിത പാരമ്പര്യദർശനങ്ങളുടെ അടയാളം (Kabir Das – A Lasting Symbol of Syncretic Traditions)** ബോക്സ് 6.9

കബീറിന്റെ ഈരടികൾ ഹിന്ദുവിനെയും മുസൽമാനെയും ഭക്തിയുടെ സങ്കലനം ബഹുസ്വരതയെ സൂചിപ്പിക്കുന്നു:

സുഹൃത്തേ, നീ എവിടെയാണ് എന്നെ തിരയുന്നത്?
ഞാൻ നിന്നോടൊപ്പം ഉണ്ട്.
തീർഥാടനങ്ങളിലോ വിഗ്രഹങ്ങളിലോ
ഏകാന്തതയിൽപ്പോലുമോ നിനക്കെന്നെ കാണാൻ കഴിയില്ല.
ക്ഷേത്രങ്ങളിലോ പള്ളിയിലോ?
കബയിലും, കൈലാസത്തിലും കാണാൻ സാധിക്കില്ല.
മനുഷ്യാ ഞാൻ നിന്റെ അടുത്താണ്.
ഞാൻ നിന്റെ കൂടെയുണ്ട്.

എന്നാൽ സമുദായങ്ങൾ തമ്മിലുള്ള കലാപങ്ങൾ ബ്രിട്ടീഷുകാരുടെ സൃഷ്ടിയല്ല. ബ്രിട്ടീഷ് ഭരണത്തിനു മുമ്പും ഇന്ത്യയിൽ സാമുദായിക സംഘർഷങ്ങൾ നിലനിന്നിരുന്നതുകൊണ്ട് സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ ഉണ്ടായ ലഹളകൾക്കും കൊലപാതകങ്ങൾക്കും ബ്രിട്ടീഷുകാരെ കുറ്റപ്പെടുത്തുന്നതിൽ അർഥമില്ല. വാസ്തവത്തിൽ ഇന്ത്യാചരിത്രത്തിൽ എക്കാലത്തും മത-സാംസ്കാരിക-പ്രാദേശിക-വംശീയ സംഘട്ടനങ്ങളുടെ സന്ദർഭങ്ങൾ കാണാൻ കഴിയും. പക്ഷേ, അനേകം മതങ്ങൾ ഒത്തൊരുമയോടെ കഴിഞ്ഞ ഒരു ദീർഘപാരമ്പര്യവും നമുക്കുണ്ടെന്ന് നാം മറക്കരുത്. മതങ്ങൾ തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വം, പരസ്പരം ഇഴുകിച്ചേരൽ, മതാശയങ്ങളുടെ സംയോജനം എന്നിവയെല്ലാം നമ്മുടെ പാരമ്പര്യത്തിന്റെ ഭാഗമായിരുന്നു. ഭക്തി-സൂഫി പ്രസ്ഥാനങ്ങളുടെ ഭക്തിഗാനങ്ങളിലും കവിതകളിലും ഇതുകാണാം. ബോക്സ് 6.9 ഇത് വ്യക്തമാക്കുന്നുണ്ട്. ചുരുക്കത്തിൽ, ചരിത്രം നല്ലതും ചീത്തയുമായ ഉദാഹരണങ്ങൾ നമുക്ക് നൽകുന്നുണ്ട്. ഇതിൽ ഏതു പഠിക്കണം എന്നു തീരുമാനിക്കേണ്ടത് നമ്മൾ തന്നെയാണ്.



**6.6**

നിങ്ങളുടെ കുടുംബത്തിലെ മുതിർന്നവർ, രക്ഷിതാക്കൾ എന്നിവരോട് സംസാരിച്ച് മതബഹുസ്വരത അല്ലെങ്കിൽ സാമുദായിക സഹവർത്തിത്വം എന്നിവയെക്കുറിച്ചുള്ള കവിത, ചെറുകഥകൾ, പാട്ടുകൾ എന്നിവ ശേഖരിക്കുക. ക്ലാസിൽ അവതരിപ്പിക്കുക. നമ്മുടെ മതബഹുസ്വരതയുടെ പാരമ്പര്യം നിങ്ങളെ അദ്ഭുതപ്പെടുത്തും. ഒപ്പം, എങ്ങനെയാണ് വ്യത്യസ്ത ഭാഷാസംഘങ്ങളും പ്രദേശത്തിലും മതങ്ങളിലും പങ്കുവഹിക്കുന്നതെന്ന് പഠിക്കുക.

### മതനിരപേക്ഷത (Secularism)

പിൻതുണയ്ക്കുന്നവരുടെയും എതിർക്കുന്നവരുടെയും കയ്പാർന്ന ഏറ്റുമുട്ടലുകൾ നിലനിൽക്കുമ്പോഴും വർഗവും വർഗീയതയും കൃത്യമായും നിർവചിക്കപ്പെടുകയും വേർതിരിക്കപ്പെടുകയും ചെയ്യാൻ കഴിയുന്നു വർഗീയതപോലെത്തന്നെ വിവാദപരമായ ഒരു സങ്കൽപ്പമാണ് മതനിരപേക്ഷതയും. എന്നാൽ നിർവചിക്കാൻ പ്രയാസമാണ്. സാമൂഹിക-രാഷ്ട്രീയ സിദ്ധാന്തങ്ങളിലെ ഏറ്റവും സങ്കീർണമായ പദങ്ങളിലൊന്നാണ് മതനിരപേക്ഷത. പാശ്ചാത്യരാജ്യങ്ങളിൽ സഭയെയും രാഷ്ട്രത്തെയും വേർതിരിക്കുന്ന അർഥത്തിലാണ് ഈ പദം ഉപയോഗിച്ചിരുന്നത്. മതാധികാരവും രാഷ്ട്രീയാധികാരവും തമ്മിലുള്ള വേർതിരിവ് പാശ്ചാത്യ സാമൂഹികചരിത്രത്തിലെ ഒരു സുപ്രധാന ഘട്ടമാണ്. ഈ വേർതിരിവ് മതനിരപേക്ഷതയുമായി ബന്ധപ്പെട്ട ഒരു പ്രക്രിയയായിരുന്നു. അഥവാ പൊതുജീവിതത്തിൽ നിന്നുള്ള മതത്തിന്റെ പുരോഗമനപരമായ പിന്മാറ്റമായിരുന്നു. കൂടാതെ, അത് നിർബന്ധിത കടപ്പാടിൽനിന്നു സ്വമേധയായുള്ള വ്യക്തിചര്യയിലേക്കുള്ള മാറ്റമായിരുന്നു. മതനിരപേക്ഷത ആധുനികത, ശാസ്ത്രം, യുക്തിബോധം എന്നിവയുടെ ഉദയവുമായി ബന്ധപ്പെട്ട സങ്കൽപ്പവും ലോകത്തെ മനസ്സിലാക്കുന്നതിനുള്ള മതപരമായ മാർഗങ്ങൾക്കുള്ള ഒരു യുക്തിപരമായ ബദൽമാർഗം കൂടിയായിരുന്നു.

ഇന്ത്യയിൽ മതേതരം, മതേതരത്വം എന്നീ പദങ്ങൾക്ക് പാശ്ചാത്യ അർഥവും മറ്റ് അർഥങ്ങളുമുണ്ട്. വർഗീയതയുടെ വിപരീതം എന്ന അർഥത്തിലാണ് സാധാരണയായി ഈ പദം ഉപയോഗിക്കാറുള്ളത്. അതുകൊണ്ട് ഒരു മതേതരവ്യക്തി അല്ലെങ്കിൽ രാഷ്ട്രം എന്നത് ഏതെങ്കിലും പ്രത്യേക മതത്തോട് മറ്റൊന്നിനേക്കാൾ കൂടുതൽ മമത കാണിക്കാത്തവർ എന്നാണ് അർഥമാക്കുന്നത്. ഈ അർഥത്തിൽ മതനിരപേക്ഷത മതപരമായ സങ്കുചിതത്വത്തിന് എതിരായതും മതത്തിനോട് യാതൊരു ശത്രുതയുമില്ലാത്തതുമായ ഒരു സങ്കൽപ്പമാണ്. ഇത്തരത്തിലുള്ള മതേതരത്വ സങ്കൽപ്പപ്രകാരം മതവും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തിന് അടിസ്ഥാനം എല്ലാ മതങ്ങളോടുമുള്ള തുല്യ ആദരവാണ്. ഉദാഹരണത്തിന്, എല്ലാ മതങ്ങളുടെയും ആഘോഷദിനങ്ങൾ സൂചിപ്പിക്കാൻ ഇന്ത്യൻ മതേതരരാഷ്ട്രം അവധിദിനങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

രാഷ്ട്രം എല്ലാ മതങ്ങളിൽനിന്നും അകന്നുനിൽക്കണമെന്ന മതനിരപേക്ഷതയെ കുറിച്ചുള്ള പാശ്ചാത്യസങ്കൽപ്പനവും എല്ലാ മതങ്ങൾക്കും തുല്യമായ ആദരവു നൽകണമെന്ന ഇന്ത്യൻ മതേതരത്വസങ്കൽപ്പനവും പലപ്പോഴും ആശയക്കുഴപ്പങ്ങളും പ്രശ്നങ്ങളും സൃഷ്ടിക്കുന്ന പരസ്പരവിരുദ്ധമായ കാഴ്ചപ്പാടുകളാണ്. രാഷ്ട്രം ഈ ആശയങ്ങളിൽ ഏതെങ്കിലുമൊന്ന് പിന്തുടർന്നാൽ മറുഭാഗത്തിന്റെ എതിർപ്പിനു കാരണമാകുന്നു. ഒരു മതനിരപേക്ഷരാജ്യം ഹജ്ജ് തീർഥാടനത്തിന് ധനസഹായം നൽകുന്നതിൽ തെറ്റുണ്ടോ? അല്ലെങ്കിൽ തിരുപ്പതി തിരുമല ക്ഷേത്രസമുച്ചയത്തിന്റെ നടത്തിപ്പ് മേൽനോട്ടം പാടുണ്ടോ? ഹിമാലയത്തിലെ പുണ്യകേന്ദ്രങ്ങളിലേക്കുള്ള തീർഥാടനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിൽ തെറ്റുണ്ടോ? സ്വാതന്ത്ര്യദിനവും റിപ്പബ്ലിക് ദിനവും ഗാന്ധിജയന്തിയും അംബേദ്കർ ജയന്തിയും മാത്രം അവധി ദിവസങ്ങളാക്കി മതപരമായ അവധിദിവസങ്ങൾ മുഴുവനും നിർത്തലാക്കണോ? പശു ഒരു പ്രത്യേക മതത്തിന്റെ പുണ്യ മൃഗമായതിനാൽ രാഷ്ട്രം ഗോവധം നിരോധിക്കേണ്ടതുണ്ടോ? ഗോവധം നിരോധിച്ചാൽ മറ്റൊരു മതത്തിന് കഴിക്കാൻ പാടില്ലാത്തത് ആയതുകൊണ്ട് പന്നിയെ വധിക്കുന്നതും നിരോധിക്കേണ്ടി വരില്ലേ? സൈന്യത്തിലെ സിഖ് യോദ്ധാക്കൾക്ക് താടിയും തലപ്പാവും ധരിക്കാമെങ്കിൽ എന്തുകൊണ്ട് ഹിന്ദുയോദ്ധാക്കളെ തലമുണ്ഡനം ചെയ്യാൻ അനുവദിച്ചുകൂടാ? അല്ലെങ്കിൽ മുസ്‌ലിം പട്ടാളക്കാരെ താടി നീട്ടിവളർത്താൻ അനുവദിച്ചുകൂടേ? ഇത്തരം ചോദ്യങ്ങൾ വിയോജിപ്പുകളും ഭിന്നാഭിപ്രായങ്ങളും സൃഷ്ടിക്കും. അവ ഒത്തുതീർപ്പാക്കാൻ പ്രയാസമാണ്.

ഇന്ത്യൻ രാഷ്ട്രം ഒരേസമയം മതനിരപേക്ഷതയോടും ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തോടും പ്രതിബദ്ധത പുലർത്തുന്നത് മറ്റൊരു സങ്കീർണമായ പ്രശ്നമാണ്. ന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം നൽകണമെങ്കിൽ അവർക്ക് പ്രത്യേക പരിഗണന നൽകേണ്ടത് ആവശ്യമാണ്. ഭൂരിപക്ഷവുമായി താരതമ്യം ചെയ്യുമ്പോൾ ന്യൂനപക്ഷത്തിന് പ്രതികൂലമായ അവസര രാഷ്ട്രീയമായി നിലനിൽക്കുന്നു. ന്യൂനപക്ഷങ്ങളെ പ്രീണിപ്പിച്ചുകൊണ്ടുള്ള ഈ മതേതരത്വം അവരുടെ വോട്ടും പിന്തുണയും നേടാനുള്ള തന്ത്രമാണെന്ന് എതിരാളികൾ വാദിക്കുന്നു. എന്നാൽ അത്തരം സംരക്ഷണം നൽകിയില്ലെങ്കിൽ ഭൂരിപക്ഷസമുദായത്തിലെ മൂല്യങ്ങൾ ന്യൂനപക്ഷങ്ങളുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുമെന്നും മതേനിരപേക്ഷത ഇതിനുള്ള ഒഴിവുകഴിവായി മാറുമെന്നും അനുകൂലികൾ വാദിക്കുന്നു.

രാഷ്ട്രീയകക്ഷികളും സാമൂഹികപ്രസ്ഥാനങ്ങളും അവരുടെ സ്ഥാപിതതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി പ്രശ്നങ്ങളെ സജീവമായി നിർത്താൻ ശ്രമിക്കുന്നതുകൊണ്ട് ഇത്തരം വിവാദങ്ങൾ പരിഹരിക്കാൻ പ്രയാസമായിരുന്നു. ഈ അടുത്തകാലത്ത് എല്ലാ മതങ്ങളിലുംപെട്ട വർഗീയവാദികൾ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാക്കാൻ ശ്രമിച്ചു. ഹിന്ദു വർഗീയവാദികൾക്ക് ഭൂരിപക്ഷമുള്ള രാഷ്ട്രീയകക്ഷികൾ അധികാരം നേടിയപ്പോൾ പ്രശ്നങ്ങളുടെ സങ്കീർണത കൂടുതൽ രൂക്ഷമായി. ഈ സാഹചര്യത്തിൽ മതനിരപേക്ഷതയെ കുറിച്ചുള്ള തത്ത്വങ്ങളും ആചാരങ്ങളുമടങ്ങുന്ന നമ്മുടെ ധാരണകൾ മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഇങ്ങനെയൊക്കെയാണെങ്കിലും വർഗീയത സൃഷ്ടിച്ച വിവിധ പ്രശ്നങ്ങൾ ഫലപ്രദമായി

കൈകാര്യം ചെയ്യാൻ ഇന്ത്യയുടെ ഭരണഘടനയ്ക്കും നിയമവ്യവസ്ഥയ്ക്കും സാധിച്ചുവെന്നത് വ്യക്തമാണ്.

സ്വതന്ത്ര ഇന്ത്യയിലെ ആദ്യ തലമുറയിൽപ്പെട്ട നേതാക്കളാണ് (അവരിൽ മിക്കവരും ഹിന്ദുക്കളും ഉയർന്നവരെന്നു വിളിക്കപ്പെട്ട ജാതിക്കാരുമായിരുന്നു) ജനാധിപത്യഭരണഘടനയോടുകൂടിയ ഒരു ഉദാര മതേതരരാഷ്ട്രത്തിന് രൂപംനൽകിയത്. പ്രാദേശിക രാഷ്ട്രീയ സമുദായത്തിലെ അടക്കം മുഴുവൻ പൗരർക്കും തുല്യപ്രാധാന്യം നൽകുന്ന സാംസ്കാരികമായി നിഷ്പക്ഷമായ ഒരു രാഷ്ട്രത്തെയാണ് അവർ വിഭാവനം ചെയ്തത്. രാഷ്ട്രനിർമാണത്തെ സാമ്പത്തികവികസനത്തിനും സാമൂഹികമാറ്റത്തിനുമുള്ള ഒരു പ്രക്രിയയായാണ് അവർ കണ്ടത്. എല്ലാവർക്കും പൗരാവകാശങ്ങൾ നൽകുകയും വിവിധ സാംസ്കാരിക ബഹുസ്വരതകളെ തിരഞ്ഞെടുപ്പുപോലുള്ള രാഷ്ട്രീയമത്സരങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്താൽ പുതിയ പൗര സമവാക്യങ്ങൾ വംശസമുദായങ്ങൾ (ethnic communities) ക്കിടയിലും അവർക്കും രാഷ്ട്രത്തിനും ഇടയിലും രൂപംകൊള്ളുമെന്ന് കരുതുന്നു. എന്നാൽ പ്രതീക്ഷിച്ചപോലെ ഇവ യാഥാർഥ്യമായില്ല. എന്നിരുന്നാലും ഇന്ത്യയിലെ ജനങ്ങൾ സ്വാതന്ത്ര്യത്തിനുശേഷം രാഷ്ട്രീയപങ്കാളിത്തത്തിലൂടെയും തിരഞ്ഞെടുപ്പുവിധികളിലൂടെയും ഒരു മതേതരഭരണഘടനയ്ക്കുള്ള അവരുടെ പിന്തുണ ആവർത്തിച്ച് പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ ശബ്ദം പരിഗണിക്കപ്പെടേണ്ടതാണ്.

## 6.4 രാഷ്ട്രവും പൗരസമൂഹവും (State and Civil Society)

ഈ അധ്യായം ഏതാണ്ട് മുഴുവനായി പ്രാധാന്യം നൽകിയത് രാഷ്ട്രത്തിനാണെന്നത് നിങ്ങൾ ശ്രദ്ധിച്ചുകാണും. ഒരു ദേശത്തിലെ സാംസ്കാരികവൈവിധ്യത്തെ കൈകാര്യം ചെയ്യുമ്പോഴാണ് രാഷ്ട്രം ഏറ്റവും നിർണായകമായ ഒരു സ്ഥാപനമായിത്തീരുന്നത്. രാഷ്ട്രം ദേശത്തെയും ജനങ്ങളെയുമാണ് പ്രതിനിധാനം ചെയ്യുന്നതെങ്കിലും ഇവ രണ്ടിൽ നിന്നും സ്വതന്ത്രമാകാനും രാഷ്ട്രത്തിനു കഴിയും. രാഷ്ട്രഘടനയ്ക്ക് - നിയമനിർമ്മാണം, ഉദ്യോഗസ്ഥവൃന്ദം, നീതിന്യായ കോടതി, സന്നദ്ധസേന, പോലീസ് എന്നിവ ജനങ്ങളിൽനിന്ന് പ്രത്യേകമാക്കപ്പെടുത്തുന്നു. ഇതിന് സ്വേച്ഛാധിപത്യത്തിലേക്ക് മാറാനുള്ള കരുത്തുണ്ട്. ഒരു സ്വേച്ഛാധിപത്യരാഷ്ട്രം ജനാധിപത്യരാഷ്ട്രത്തിന്റെ വിപരീതമാണ്. അതിൽ ജനങ്ങൾക്ക് യാതൊരു പങ്കാളിത്തവുമില്ല. അധികാരത്തിലിരിക്കുന്നവർ ആരെയും കണക്കിലെടുക്കില്ല. ഈ രാഷ്ട്രങ്ങൾ പൗരാവകാശങ്ങളായ അഭിപ്രായ സ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, രാഷ്ട്രീയപ്രവർത്തന സ്വാതന്ത്ര്യം, അധികാര ദുരുപയോഗത്തിൽ നിന്നുള്ള സംരക്ഷണാവകാശം, നിയമപ്രക്രിയകൾക്കുള്ള അവകാശം തുടങ്ങിയവ പരിമിതപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നു. കൂടാതെ അഴിമതി, കെടുകാര്യസ്ഥത, വിഭവദൗർലഭ്യം എന്നിങ്ങനെയുള്ള ജനങ്ങളുടെ ആവശ്യങ്ങളോട് പ്രതികരിക്കാൻ രാഷ്ട്രത്തിന്റെ സ്ഥാപനങ്ങൾക്ക് കഴിവോ സമ്മതമോ ഇല്ലാത്ത സാഹചര്യത്തിൽ എത്തിക്കുന്നു. ചുരുക്കത്തിൽ, പലകാരണങ്ങളാൽ രാഷ്ട്രം പലപ്പോഴും അതിന്റെ ലക്ഷ്യങ്ങളിൽനിന്ന് വ്യതിചലിക്കുന്നു. ഇത്തരം സന്ദർഭങ്ങളിലാണ് രാഷ്ട്രേതരപ്രവർത്തനങ്ങൾക്കും സ്ഥാപനങ്ങൾക്കും പ്രാധാന്യം വർധിക്കുന്നത്. അവർ രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും അതിന്റെ അനീതിക്കെതിരെ പ്രതിഷേധിക്കാനും അല്ലെങ്കിൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തു പരിഹരിക്കാനും തയാറാകുന്നു.

കുടുംബത്തിന്റെ സ്വകാര്യമണ്ഡലത്തിന് അപ്പുറമുള്ള, രാഷ്ട്രത്തിനും വിപണിക്കും പുറത്തുള്ള ഒരു വിശാലമായ മേഖലയെയാണ് പൗരസമൂഹം (Civil Society) എന്നു വിളിക്കുന്നത്. പൗരസമൂഹമെന്നത് രാഷ്ട്രേതര, വിപണിയേതര പൊതുമണ്ഡലത്തിന്റെ ഭാഗമാണ്. ഇതിൽ വ്യക്തികൾ സ്വമേധയാ ഒത്തുചേരുകയും സ്ഥാപനങ്ങളും സംഘടനകളും രൂപീകരിക്കുകയും ചെയ്യുന്നു. പൗരർ സജീവമായി പ്രവർത്തിക്കുന്ന പൗരസമൂഹത്തിൽ വ്യക്തികൾ സാമൂഹികപ്രശ്നങ്ങൾ ഏറ്റെടുക്കുകയും രാജ്യത്തിനുമേൽ സ്വാധീനം ചെലുത്താൻ ശ്രമിക്കുകയും ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു. പൗരസമൂഹത്തിൽ സന്നദ്ധസംഘടനകളും പൗരവിഭാഗങ്ങൾ രൂപീകരിച്ച മറ്റു സംഘടനകളും ഉൾപ്പെടുന്നു. രാഷ്ട്രീയകക്ഷികൾ, മാധ്യമസ്ഥാപനങ്ങൾ, തൊഴിലാളിസംഘടനകൾ, ഗവൺമെന്റേതര സംഘടനകൾ (Non-Governmental Organizations), മതസംഘടനകൾ

തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. പൗരസമൂഹത്തിൽ ഉൾപ്പെടുന്നതിനുള്ള പ്രധാന മാനദണ്ഡം അത് രാഷ്ട്രത്തിന്റെ നിയന്ത്രണത്തിലുള്ള സംഘടനയാകരുത് എന്നതാണ്. അതുപോലെ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളും പൗരസമൂഹത്തിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ട് ദൂരദർശൻ പൗരസമൂഹത്തിന്റെ ഭാഗമല്ല. എന്നാൽ മറ്റു സ്വകാര്യചാനലുകളെല്ലാം പൗരസമൂഹത്തിലുൾപ്പെടുന്നു. അതുപോലെ ഒരു കാർനിർമാണ കമ്പനി പൗരസമൂഹത്തിന്റെ ഭാഗമല്ല. എന്നാൽ തൊഴിലാളികളെ ഉൾക്കൊള്ളുന്ന യൂണിയനുകൾ അതിന്റെ ഭാഗമാണ്. എങ്കിലും ഈ മാനദണ്ഡങ്ങളിൽ ചില പഴുതുകളുണ്ട്. ഉദാഹരണത്തിന്, ഒരു പത്രം വാണിജ്യസംരംഭമാകാം. അതുപോലെ ഗവൺമെന്റ് ഇതര സംഘടനകൾക്ക് സർക്കാറിന്റെധനസഹായം ലഭിക്കുന്നുമുണ്ടാകാം.

ഇന്ത്യയിൽ ജനങ്ങൾക്ക് സ്വേച്ഛാധിപത്യഭരണത്തിന്റെ അനുഭവമായാണ്. 1975 ജൂൺ മുതൽ 1977 ജനുവരി വരെയുള്ള അടിയന്തരാവസ്ഥയെ കണക്കാക്കുന്നത്. പാർലമെന്റ് താൽക്കാലികമായി പിരിച്ചുവിടുകയും പുതിയ നിയമങ്ങൾ ഗവൺമെൻറ് തന്നെ നേരിട്ട് നിർമ്മിക്കാൻ തുടങ്ങി. പൗരസ്വാതന്ത്ര്യം വെട്ടിച്ചുരുക്കുകയും നിരവധി പ്രധാന രാഷ്ട്രീയപ്രവർത്തകരെ അറസ്റ്റ് ചെയ്ത് വിചാരണ പോലും ചെയ്യാതെ തടവിലാക്കുകയുമുണ്ടായി. മാധ്യമങ്ങളുടെമേൽ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുകയും ഗവൺമെൻറ് ഉദ്യോഗസ്ഥരെ സാധാരണ നടപടി ക്രമങ്ങൾ ഒന്നുമില്ലാതെ പിരിച്ചുവിടുകയും ചെയ്തു. ഗവൺമെന്റ് താഴ്ന്ന പദവികളിലുള്ള ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി പരിപാടികൾ പെട്ടെന്ന് നടപ്പിലാക്കാൻ തുടങ്ങി. അതിൽ ഏറ്റവും കുപ്രസിദ്ധമായ നിർബന്ധിത വന്ധ്യംകരണപ്രവർത്തനങ്ങളിൽ ശസ്ത്രക്രിയയിലെ അപാകതമൂലം നിരവധിപേർ മരിക്കുകയും ചെയ്തു. 1977ൽ അപ്രതീക്ഷിത തിരഞ്ഞെടുപ്പ്

**ബോക്സ് 6.10**

**ജനങ്ങളോടു പ്രതികരിക്കാൻ രാജ്യത്തെ നിർബന്ധമാക്കി: വിവരാവകാശനിയമം**

**(Forcing the State to Respond to the People: The Right to Information Act)**




വിവരാവകാശനിയമം 2005 [Act No. 22/2005]: ഇന്ത്യക്കാർക്ക് (സ്വന്തമായി പ്രത്യേക നിയമമുളള ജമ്മു-കശ്മീർ സംസ്ഥാനം ഒഴികെ) സർക്കാരിന്റെ രേഖകൾ ലഭിക്കാൻ ലോകസഭ പാസാക്കിയ നിയമമാണിത്. ഈ നിയമത്തിന്റെ ചട്ടമനുസരിച്ച് ഏതൊരു വ്യക്തിക്കും പൊതു അധികാരിയിൽനിന്ന് വിവരങ്ങൾ ആവശ്യപ്പെടാവുന്നതാണ് (സർക്കാർ അല്ലെങ്കിൽ രാഷ്ട്രവുമായി ബന്ധപ്പെട്ടവ). ഇതിന്മേൽ അവിളംബിതമായി അല്ലെങ്കിൽ മുപ്പതുദിവസത്തിനുള്ളിലോ മറുപടി നൽകിയിരിക്കണം. ചില പ്രത്യേക വിവരങ്ങൾ മറച്ചുവയ്ക്കാതെ അവ കമ്പ്യൂട്ടറുകളിൽ രേഖപ്പെടുത്തി, പ്രദർശിപ്പിക്കുകവഴി ജനങ്ങൾക്ക് ഏറ്റവും ചെലവു കുറഞ്ഞ രീതികളിലൂടെ വിവരങ്ങൾക്കായി ഔപചാരികമായി അപേക്ഷിക്കാൻ സാധിക്കണമെന്ന് ഈ നിയമം അനുശാസിക്കുന്നു.

ഈ നിയമം ലോകസഭ 2005 ജൂൺ 15 ന് പാസാക്കിയെങ്കിലും 2005 ഓക്ടോബർ 13 ന് പ്രാബല്യത്തിൽ വന്നത്. 1923 ലെ ഔദ്യോഗികസ്വകാര്യതാനിയമം അനുസരിച്ച് വിവരങ്ങൾ പുറത്തുവിടുന്നതു നിയന്ത്രിച്ചിരുന്നു. പുതിയ വിവരാവകാശനിയമം ഇതിനെ മറികടന്നു.

ഈ നിയമം പൗരരുടെ അവകാശങ്ങളെ സൂചിപ്പിക്കുന്നു.

- ഏതു വിവരത്തിനും അപേക്ഷിക്കാം (നിർവചിച്ചതുപോലെ).
- രേഖകളുടെ പകർപ്പ് ലഭ്യമാക്കും.
- മുദ്രണം ചെയ്ത പ്രവൃത്തികളുടെ പകർപ്പ് ലഭിക്കും.
- വിവരങ്ങൾ അച്ചടിച്ച രീതിയിൽ, ഫ്ളോപ്പികൾ, ഡിസ്ക് ടേപ്പുകൾ, വീഡിയോ അല്ലെങ്കിൽ ഏതെങ്കിലും ഇലക്ട്രോണിക്ക് രീതിയിൽ ലഭിക്കുന്നു.

നടന്നപ്പോൾ ഭരണകക്ഷിയായ കോൺഗ്രസിനെതിരെ ജനങ്ങൾ ആവേശത്തോടെ വോട്ട് ചെയ്തു.

അടിയന്തരാവസ്ഥ ജനങ്ങൾക്ക് ആഘാതമായിത്തീരുകയും 1970-കളിൽ, നിരവധി പൗര സമൂഹങ്ങളുടെ ആവിർഭാവത്തിന് വഴിയൊരുക്കുകയും ചെയ്തു. വനിതാപ്രസ്ഥാനങ്ങൾ, പരിസ്ഥിതിപ്രസ്ഥാനങ്ങൾ, മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ, ദലിത് പ്രസ്ഥാനങ്ങൾ തുടങ്ങി നിരവധി സാമൂഹിക പ്രസ്ഥാനങ്ങൾ ഇക്കാലത്ത് ഉയർന്നുവന്നു. ഇന്ന് ദേശീയവും അന്തർദേശീയവുമായ ഏജൻസികളെ സ്വാധീനിക്കാനുള്ള പ്രവർത്തനങ്ങൾ മുതൽ ജനകീയപ്രശ്നങ്ങളിലുള്ള സജീവപങ്കാളിത്തം വരെ പൗരസമൂഹ സംഘടനകളുടെ വ്യാപ്തി വർധിച്ചിട്ടുണ്ട്. ആദിവാസികളുടെ ഭൂമിയുടെ അവകാശസമരങ്ങൾ, നഗരഭരണത്തിന്റെ വികേന്ദ്രീകരണത്തിനു വേണ്ടിയുള്ള സമരങ്ങൾ, ബലാൽസംഗത്തിനും സ്ത്രീകൾക്കു നേരെയുള്ള ആക്രമങ്ങൾക്കുമെതിരെയുള്ള പ്രവർത്തനങ്ങൾ, അണക്കെട്ട് പോലുള്ള വികസന പദ്ധതികൾമൂലം മാറ്റിപ്പാർപ്പിക്കപ്പെട്ടവരുടെ പുനരധിവാസം, യന്ത്രവൽകൃത മത്സ്യബന്ധനത്തിനെതിരെയുള്ള മത്സ്യത്തൊഴിലാളികളുടെ സമരങ്ങൾ, ആക്രിക്കച്ചവടക്കാരുടെയും വഴിയോരത്തു താമസിക്കുന്നവരുടെയും പുനരധിവാസത്തിനും ചേരിനിർമാർജനത്തിനെതിരെയും പാർപ്പിട അവകാശത്തിനുള്ള പോരാട്ടങ്ങൾ, പ്രാഥമികവിദ്യാഭ്യാസ പരിഷ്കരണം, ദലിതർക്ക് ഭൂമി വിതരണം ചെയ്യൽ മുതലായവ പൗരസമൂഹ സംഘടനകൾ ഏറ്റെടുക്കുന്ന വൈവിധ്യമാർന്ന പ്രശ്നങ്ങളും പ്രവർത്തനങ്ങളുമാണ്. പൗരസ്വാതന്ത്ര്യ പ്രസ്ഥാനങ്ങൾ രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചു കൊണ്ടിരിക്കുകയും ഇത് നിയമാനുസൃതമായി പ്രവർത്തിക്കാൻ രാഷ്ട്രത്തെ ബാധ്യസ്ഥമാക്കുകയും ചെയ്യുന്നു. മാധ്യമങ്ങൾ, പ്രത്യേകിച്ച് ദൃശ്യമാധ്യമങ്ങൾ ഇതിൽ സജീവമായി പങ്കുവഹിക്കുന്നുണ്ട്.



**6.9**

നമ്മുടെ ചുറ്റുപാടുമുള്ള പ്രവർത്തനരഹിതമായ പൗരസമൂഹം, സർക്കാരിതര സംഘടനകൾ എന്നിവ കണ്ടെത്തുക. അവർ ഏതൊക്കെ തരത്തിലുള്ള പ്രശ്നങ്ങൾ ഏറ്റെടുക്കുന്നു? ഏതു തരത്തിലുള്ള ജനങ്ങളാണ് അതിൽ പ്രവർത്തിക്കുന്നത്?

എങ്ങനെ, ഏതറ്റംവരെ ഈ സംഘടനകൾ സർക്കാർ സംഘടനകളിൽ നിന്നും വാണിജ്യസംഘടനകളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് വിശദീകരിക്കുക.



**അൽപ്പംകൂടി...**

**ഒരു ദേശമെന്ന നിലയിൽ**

ജാതി-മത-വർഗ-ഭാഷ-പ്രദേശം എന്നിവയ്ക്കപ്പുറത്ത് ഒരു ദേശമെന്ന ചേതനയാണ് ദേശീയോദ്ഗ്രഥനം. സമൂഹങ്ങളും സമുദായങ്ങളും തമ്മിൽ ഐക്യത്തിന്റെയും മൈത്രിയുടെയും വികാരം ഉണർത്തുന്നത് രാജ്യത്തിന്റെ ശക്തിക്കും പുരോഗതിക്കും അനിവാര്യമാണ്. രാജ്യത്ത് ജീവിക്കുന്ന ജനങ്ങൾക്കിടയിൽ ആഴത്തിലുള്ള പരസ്പരബന്ധങ്ങൾ വളർത്തിയെടുക്കാൻ സാധിക്കണം. ദേശീയോദ്ഗ്രഥനം ദേശീയസ്വത്വത്തെ ശക്തിപ്പെടുത്തുന്നു. വൈവിധ്യവും വിപുലവുമായ ഒരു രാജ്യമെന്ന നിലയിൽ ഇന്ത്യക്ക് ഉദ്ഗ്രഥനം അനിവാര്യമാണ്. ഇന്ത്യൻ ജനതയെ ഉദ്ഗ്രഥനത്തെക്കുറിച്ച് കൂടുതൽ ബോധമുള്ളവരാക്കാനായി ദേശീയോദ്ഗ്രഥനവാരം അല്ലെങ്കിൽ ഖൗമി ഏകതാ വാരം (Quami Ekta Week) എല്ലാ നവംബറിലും 19 മുതൽ 25 വരെ കൊണ്ടാടുന്നു. ഇന്ത്യയുടെ ആദ്യ വനിതാ പ്രധാനമന്ത്രിയായ ഇന്ദിരാഗാന്ധിയുടെ ജന്മദിനമായ നവംബർ 19 ദേശീയോദ്ഗ്രഥന ദിനമായി ആചരിക്കുന്നു.


പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ 1961 ഒക്ടോബറിൽ നിലവിൽ വന്ന ദേശീയോദ്ഗ്രഥന കൗൺസിൽ ദേശീയോദ്ഗ്രഥനത്തിനു നൽകുന്ന നിർവചനമിതാണ്:

> 'മനശ്ശാസ്ത്രപരവും വിദ്യാഭ്യാസപരവുമായ പ്രക്രിയകളിലൂടെ ജനഹൃദയങ്ങളിൽ ഏകതയും (Unity) ആദർശ ഐക്യവും (Solidarity) പരസ്പരബന്ധവും (Choesion) വളർത്തുകവഴി സൃഷ്ടിക്കപ്പെടുന്ന പൗരത്വവും (Citizenship) രാഷ്ട്രത്തോടുള്ള വിധേയത്ത്വവുമടങ്ങുന്നതാണ് ദേശീയോദ്ഗ്രഥനം.'

പൗരസമൂഹത്തിന്റെ ഏറ്റവും ശ്രദ്ധിക്കപ്പെട്ട മറ്റൊരു പ്രവർത്തനത്തിന് തുടക്കമായിരുന്നു വിവരാവകാശത്തിനു വേണ്ടിയുള്ള സമരങ്ങൾ. രാജസ്ഥാനിലെ ഗ്രാമപ്രദേശങ്ങളിൽ ഗവൺമെന്റ് ഗ്രാമവികസനത്തിനായി ചെലവഴിച്ച തുകയെക്കുറിച്ചുള്ള ചില രേഖകൾ ആവശ്യപ്പെട്ടതോടെയാണ് ഇതിനു തുടക്കംകുറിച്ചത്. ഇത് പിന്നീട് ദേശവ്യാപകമായി വളർന്നു. ഒടുവിൽ ഉദ്യോഗസ്ഥവൃന്ദത്തിന്റെ ശക്തമായ എതിർപ്പ് വകവയ്ക്കാതെ ഒരു വിവരാവകാശനിയമം കൊണ്ടുവരാൻ സർക്കാർ നിർബന്ധിതമായി. (ബോക്സ് 6.10). ദേശത്തോടും ജനങ്ങളോടും രാഷ്ട്രത്തിന് ഉത്തരവാദിത്വമുണ്ടെന്ന ബോധം ഉറപ്പുവരുത്തുന്നതിൽ പൗരസമൂഹങ്ങളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണെന്ന് ഈ ഉദാഹരണങ്ങളിൽനിന്നു വ്യക്തമാണ്.



1. സാംസ്കാരികവൈവിധ്യം എന്നതുകൊണ്ട് അർഥമാക്കുന്നതെന്താണ്? എന്തുകൊണ്ടാണ് ഇന്ത്യ വളരെ വൈവിധ്യമുള്ള രാജ്യമാണെന്ന് പറയുന്നത്?
2. സാമുദായികസ്വത്വം എന്നാലെന്ത്? ഇത് എങ്ങനെ രൂപപ്പെടുന്നു?
3. ദേശത്തെ നിർവചിക്കാൻ പ്രയാസമാണ്- എന്തുകൊണ്ട്? ആധുനികസമൂഹത്തിൽ എങ്ങനെയാണ് ദേശവും രാഷ്ട്രവും ബന്ധപ്പെട്ടിരിക്കുന്നത്?
4. സാംസ്കാരികവൈവിധ്യത്തിൽ രാഷ്ട്രം പലപ്പോഴും സംശയത്തിൽ നിൽക്കുന്നതെന്തുകൊണ്ട്?
5. പ്രാദേശികത എന്നാലെന്ത്? സാധാരണയായി ഇതിന്റെ അടിസ്ഥാനഘടകങ്ങൾ എന്തെല്ലാമാണ്?
6. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനർരൂപീകരണം നിങ്ങളുടെ അഭിപ്രായത്തിൽ ഇന്ത്യക്ക് ഗുണമോ, ദോഷമോ?
7. ന്യൂനപക്ഷം എന്നാൽ എന്തെന്ന് നിർവചിക്കുക? എന്തുകൊണ്ടാണ് ന്യൂനപക്ഷങ്ങൾക്ക് രാഷ്ട്രത്തിന്റെ സുരക്ഷ ആവശ്യമായിവരുന്നത്?
8. വർഗീയത എന്നാൽ എന്ത്?
9. മതനിരപേക്ഷതയുടെ വിവിധ അർഥങ്ങൾ എന്തെല്ലാം?
10. ഇന്ന് പൗരസമുദായസംഘടനകളുടെ പ്രസക്തി എന്താണ്?



## REFERENCES


Bhargava, Rajeev. 1998. 'What is Secularism for?', in Bhargava, Rajeev. ed. *Secularism and its Critics*. Oxford University Press, New Delhi.

Bhargava, Rajeev. 2005. *Civil Society, Public Sphere and Citizenship*. Sage Publications, New Delhi.


Bhattacharyya, Harihar. 2005. *Federalism and Regionalism in India: Institutional Strategies and Political Accommodation of Identities*. working paper No. 27, South Asia Institute, Dept of Political Science, University of Heidelberg, Heidelberg.

Brass, Paul. 1974. *Language, Religion and Politics in North India*. Vikas Publishing House, Delhi.

Chandra, Bipan. 1987. *Communalism in Modern India*. Vikas Publishing House, New Delhi.

Miller, David. 1995. *On Nationality*. Clarendon Press, Oxford.

Sheth, D.L. 1999. 'The Nation State and Minority Rights', in Sheth, D.L. and Mahajan, Gurpreet. ed. *Minority Identities and the Nation-State*. Oxford University Press, New Delhi.



പാഠം 7

# പ്രോജക്ട് പ്രവർത്തനങ്ങൾക്കുള്ള നിർദേശങ്ങൾ

# Suggestions for Project Works

I4C1G2

നിങ്ങൾക്ക് പരിഗണിക്കാവുന്ന ചെറിയ ഗവേഷണപ്രബന്ധത്തിന്/പദ്ധതിക്കുള്ള ചില സൂചനകളാണ് ഈ പാഠഭാഗത്ത് നിർദേശിച്ചിട്ടുള്ളത്. ഗവേഷണങ്ങളെക്കുറിച്ച് വായിച്ചറിയുന്നതും അത് യഥാർഥത്തിൽ പ്രവൃത്തിയിൽ എത്തിക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. ഒരു ചോദ്യത്തിന് ഉത്തരം നൽകുന്നതിന്റെ പ്രായോഗിക അനുഭവവും തെളിവുകൾ വ്യവസ്ഥാപിതമായി ശേഖരിക്കുന്നതും അമൂല്യമായ അനുഭവമാണ്. ഈ അനുഭവം സമൂഹശാസ്ത്ര ഗവേഷണത്തിന്റെ ആവേശത്തെയും ചില പ്രയാസങ്ങളെയും നിങ്ങൾക്ക് പരിചിതമാക്കും എന്ന് പ്രതീക്ഷിക്കുന്നു. ഈ പാഠഭാഗം വായിക്കുന്നതിന് മുമ്പായി പതിനൊന്നാം ക്ലാസിലെ സമൂഹശാസ്ത്രത്തിന് ഒരു ആമുഖം (Introducing Sociology) എന്നതിലെ 5-ാം പാഠ (സമൂഹശാസ്ത്ര പഠനം- ഗവേഷണരീതികൾ (Doing Sociology Research Methods)) ഭാഗത്തിലൂടെ കടന്നുപോവുക.

വൈവിധ്യമാർന്ന സാഹചര്യങ്ങളിലുള്ള വ്യത്യസ്ത വിദ്യാലയങ്ങളിലെ നിരവധി കുട്ടികൾ ഈ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ നേരിട്ടേക്കാവുന്ന പ്രശ്നങ്ങളെയും നിർദേശിക്കപ്പെടുന്ന മേഖലകളെയും ഗവേഷണപദ്ധതികൾ മുൻകൂട്ടി കാണാൻ ശ്രമിച്ചിട്ടുണ്ട്. ഗവേഷണത്തിന്റെ ഒരു അനുഭവം നൽകുക എന്നത് മാത്രമാണ് ഇതിന്റെ ലക്ഷ്യം. ഒരു 'യഥാർഥ' ഗവേഷണം തീർച്ചയായും നിങ്ങളുടെ സാഹചര്യത്തിൽ ചെയ്തുതീർക്കാൻ കഴിയുന്നതിനെക്കാൾ കൂടുതൽ വിപുലവും ഏറെ സമയവും പ്രയത്നവുമെടുക്കുന്നതുമാണ്. ഇവിടെ നൽകിയിരിക്കുന്നത് നിർദേശങ്ങൾ മാത്രമാണ്. നിങ്ങളുടേതായ ആശയങ്ങൾ സ്വാതന്ത്ര്യത്തോടെ ചിന്തിച്ച് കണ്ടെത്തുകയും അധ്യാപകരുമായി കൂടിയാലോചിക്കുകയും ചെയ്യുക.

എല്ലാ ഗവേഷണ ചോദ്യങ്ങൾക്കും സന്ദർഭോചിതമായ ഗവേഷണ രീതിശാസ്ത്രം (Research methodology) അനിവാര്യമാണ്. ഉന്നയിക്കപ്പെട്ട ഒരു ചോദ്യത്തിന് ഒന്നിലധികം രീതിശാസ്ത്രങ്ങൾ ഉപയോഗിച്ച് ഉത്തരം കണ്ടെത്താം. എന്നാൽ തന്നിരിക്കുന്ന ഒരു രീതിശാസ്ത്രം എല്ലാ ചോദ്യങ്ങൾക്കും അനുഗുണമായിരിക്കണമെന്നില്ല. മറ്റൊരു രീതിയിൽ പറഞ്ഞാൽ, മിക്കവാറും ചോദ്യങ്ങൾക്കെല്ലാം തിരഞ്ഞെടുക്കപ്പെടാവുന്ന സാധ്യമായ അനവധി രീതിശാസ്ത്രങ്ങൾ ഉണ്ടാവാം. എന്നാൽ സാധാരണ അവ പരിമിതമാണ് എന്നു മാത്രം. സൂക്ഷ്മതയോടെ ഗവേഷണ ചോദ്യം നിർണയിച്ചശേഷം അനുയോജ്യമായ രീതിശാസ്ത്രം തിരഞ്ഞെടുക്കുക എന്നതാണ് ഗവേഷകന്റെ ആദ്യ കടമ. സാങ്കേതിക മാനദണ്ഡങ്ങളനുസരിച്ച് (അതായത് ചോദ്യവും ഗവേഷണ രീതിശാസ്ത്രവും തമ്മിലുള്ള പൊരുത്തം (ഔചിത്യം) മാത്രമല്ല, പ്രായോഗികതകൂടി പരിഗണിച്ചു വേണം ഈ തിരഞ്ഞെടുപ്പ് നടത്തേണ്ടത്. ഗവേഷണപ്രവർത്തനത്തിനുള്ള സമയം, ആളുകളുടെയും വിഭവങ്ങളുടെയും ലഭ്യത, ഗവേഷണനടത്തിപ്പിന്റെ സാഹചര്യങ്ങൾ, സന്ദർഭങ്ങൾ തുടങ്ങിയവയും പിന്നീട് ഇതിലേക്ക് ഉൾച്ചേർത്തേക്കാം.

ഉദാഹരണത്തിന്, ആൺകുട്ടികൾക്കോ പെൺകുട്ടികൾക്കോ മാത്രമായ വിദ്യാലയങ്ങളെയും മിശ്രവിദ്യാലയങ്ങളെയും (Co-education) താരതമ്യം ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്നു എന്നിരിക്കട്ടെ. തീർച്ചയായും ഇത് ഒരു വിശാലമായ പ്രതിപാദ്യവിഷയമാണെന്നിരിക്കെ നിങ്ങൾ ശരിയായ ഉത്തരം ലഭ്യമാക്കാൻ സുവ്യക്തമായ ഒരു ചോദ്യം ആദ്യംതന്നെ രൂപീകരിക്കണം. ഉദാഹരണത്തിന്, മിശ്രവിദ്യാലയങ്ങളിലെ കുട്ടികൾ പഠനത്തിൽ ആൺകുട്ടികൾമാത്രമോ പെൺകുട്ടികൾമാത്രമോ ഉള്ള വിദ്യാലയത്തിലെ വിദ്യാർഥികളെക്കാൾ മികവ് പുലർത്തുന്നുണ്ടോ? ആൺകുട്ടികൾ മാത്രമുള്ള വിദ്യാലയം കായിക ഇനങ്ങളിൽ മിശ്രവിദ്യാലയത്തെക്കാൾ എപ്പോഴും മുന്നിട്ടു നിൽക്കുന്നുണ്ടോ? ഏകലിംഗവിദ്യാലയത്തിലെ കുട്ടികൾ മിശ്രവിദ്യാലയത്തിലെ കുട്ടികളെക്കാൾ സന്തോഷമുള്ളവരാണോ? അല്ലെങ്കിൽ ഇതുപോലെയുള്ള ചോദ്യങ്ങൾ. നിശ്ചിതമായ ചോദ്യം തീരുമാനിച്ചശേഷം അനുയോജ്യമായ രീതിശാസ്ത്രം തിരഞ്ഞെടുക്കുക എന്നതാണ് അടുത്ത പടി.

'ഏകലിംഗവിദ്യാലയത്തിലെ കുട്ടികൾ കൂടുതൽ സന്തോഷമുള്ളവരാണോ' എന്ന അവസാന ചോദ്യം ഉദാഹരണമായെടുത്താൽ, വിവിധ വിദ്യാലയങ്ങളിലെ വിദ്യാർഥികളുമായുള്ള അഭിമുഖം (Interview) രീതിശാസ്ത്രമായി തിരഞ്ഞെടുക്കാം. അഭിമുഖത്തിൽ കുട്ടികളോട് നിങ്ങൾ വിദ്യാലയത്തെ എങ്ങനെ കാണുന്നു എന്ന് നേരിട്ടു ചോദിക്കാം (ഇഷ്ടപ്പെടുന്നുവോ ഇല്ലയോ എന്ന്).

വിവിധതരം വിദ്യാലയത്തിലെ കുട്ടികളുടെ പ്രതികരണങ്ങൾ ശേഖരിച്ച് അവ തമ്മിൽ എന്തെങ്കിലും വ്യത്യാസങ്ങൾ ഉണ്ടോ എന്നു വിശകലനം ചെയ്യാം. നിങ്ങളുടെ ഗവേഷണ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ നേരിട്ടുള്ള നിരീക്ഷണം (Direct observation) എന്ന മറ്റൊരു രീതിശാസ്ത്രം വേറിട്ടവഴിയായി പരിഗണിക്കാം. അതായത് നിങ്ങൾ മിശ്രവിദ്യാലയത്തിലും ഏകലിംഗവിദ്യാലയത്തിലും കുട്ടികളുടെ പെരുമാറ്റം എങ്ങനെ എന്നുള്ള നിരീക്ഷണത്തിനായി സമയം ചെലവഴിക്കണം. കുട്ടികൾ വിദ്യാലയത്തിൽ ഏതാണ്ട് സന്തോഷമുള്ളവരാണെന്ന് കണ്ടെത്താനുള്ള ഏതെങ്കിലും മാനദണ്ഡങ്ങൾ നിങ്ങൾ തീരുമാനിക്കണം. വ്യത്യസ്തതരം വിദ്യാലയങ്ങളെ മതിയായ അത്രയും സമയം നിരീക്ഷിച്ച ശേഷം നിങ്ങളുടെ ചോദ്യത്തിന് ഉത്തരം നൽകാൻ കഴിയുമെന്ന് നിങ്ങൾക്ക് പ്രതീക്ഷിക്കാം. സർവേ (Survey) എന്നത് മൂന്നാമത് ഒരു രീതിശാസ്ത്രമാണ്. കുട്ടികൾക്ക് വിദ്യാലയം എങ്ങനെ അനുഭവപ്പെടുന്നു എന്നതു സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്ന ചോദ്യാവലി തയാറാക്കൽ ഇതിൽ ഉൾപ്പെടുന്നു. ഓരോ തരം വിദ്യാലയത്തിലും തുല്യ എണ്ണം കുട്ടികൾക്ക് ഈ ചോദ്യാവലി പ്രതികരണത്തിനായി വിതരണം ചെയ്യുന്നു. പൂരിപ്പിച്ചവ തിരികെ വാങ്ങി വിശകലനം ചെയ്യുന്നു.

ഇത്തരത്തിലുള്ള ഗവേഷണങ്ങൾ ചെയ്യുമ്പോൾ നിങ്ങൾ നേരിട്ടേക്കാവുന്ന ചില പ്രായോഗിക വിഷമതകളുടെ ഉദാഹരണങ്ങളാണ് ഇനി പറയുന്നത്. നിങ്ങൾ ഒരു സർവേ നടത്താൻ തീരുമാനിച്ചുവെങ്കിൽ ചോദ്യാവലിയുടെ മതിയായ എണ്ണം പകർപ്പുകൾ തയാറാക്കണം. ഇതിന് സമയവും ധനവും പ്രയത്നവും ഏറെ വേണ്ടിവരുന്നു. കുട്ടികൾക്ക് ക്ലാസിൽ ചോദ്യാവലി വിതരണം ചെയ്യണമെങ്കിൽ അധ്യാപകരുടെ അനുവാദം വാങ്ങണം. ആദ്യ അവസരത്തിൽത്തന്നെ അനുവാദം ലഭ്യമാകണമെന്നില്ല. ചിലപ്പോൾ പിന്നീട് വരാൻ നിർദേശം ലഭിച്ചേക്കാം. ചോദ്യാവലി വിതരണം ചെയ്തു കഴിഞ്ഞാലോ, അവർ തിരികെ നൽകിയില്ലെന്നു വരാം. അല്ലെങ്കിൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകിയിട്ടുണ്ടാവില്ല. അങ്ങനെ പല പ്രശ്നങ്ങളും ഉയർന്നുവരാം. ഈ പ്രശ്നങ്ങളെ എങ്ങനെ നേരിടണമെന്ന് തീരുമാനിക്കണം. പ്രതികർത്താക്കളിലേക്ക് (Respondents) തിരികെച്ചെന്ന് അവരവരുടെ ചോദ്യാവലി പൂർണമാക്കി തരാൻ അഭ്യർഥിക്കാം. അല്ലെങ്കിൽ പൂർണമായവ മാത്രം പരിഗണിച്ച് അപൂർണമായവ ഉപേക്ഷിക്കാം. അങ്ങനെ ഗവേഷണവഴിയിൽ പലതും നേരിടാൻ നിങ്ങൾ തയാറായിരിക്കണം.

## 7.1 വ്യത്യസ്ത രീതികൾ (Variety of Methods)

സമൂഹശാസ്ത്രം പരിചയപ്പെടൽ (Introducing sociology) എന്ന XI പാഠപുസ്തകത്തിലെ അഞ്ചാം അധ്യായത്തിലെ ഗവേഷണരീതികളെക്കുറിച്ചുള്ള ചർച്ചകൾ നിങ്ങൾ ഓർക്കുന്നുണ്ടാകും. ആ പാഠഭാഗം പുനർവായിച്ച് നിങ്ങളുടെ ഓർമപുതുക്കാൻ പറ്റിയ സമയമാണിത്.

### സർവേരീതി (Survey Method)

സറിരപ്പെടുത്തി തയാറാക്കിയ ഒരുകൂട്ടം ചോദ്യങ്ങൾ താരതമ്യേന വളരെയേറെ ആളുകളോട് (30,10,2000 തുടങ്ങിയ എണ്ണം- പഠനവിഷയത്തിന്റെ സാഹചര്യവും തരവും ആശ്രയിച്ചാണ് വലുപ്പം നിർണയിക്കുന്നത്) ചോദിക്കുക എന്നതാണ് സാധാരണയായി സർവേ ചെയ്യുന്നത്. പ്രതികർത്താക്കളോട് അന്വേഷകർ വ്യക്തിപരമായി ചോദ്യങ്ങൾ നേരിട്ട് വായിച്ചു കേൾപ്പിച്ച് അവരുടെ മറുപടി അദ്ദേഹം തന്നെ രേഖപ്പെടുത്തുന്നു. അല്ലെങ്കിൽ പ്രതികർത്താക്കൾക്ക് ചോദ്യാവലി നൽകി അവർതന്നെ വായിച്ച് അവയ്ക്കുള്ള മറുപടികൾ സ്വയം രേഖപ്പെടുത്തി തിരിച്ചു നൽകുന്നു. വളരെയധികം ആളുകളിൽനിന്ന് പ്രതികരണം ലഭ്യമാകുന്നു എന്നതും അതുകൊണ്ടുതന്നെ ജനസഞ്ചയത്തിന്റെ (Population) അല്ലെങ്കിൽ പ്രസക്തമായ സംഘത്തിന്റെ യഥാർഥ പഠനഫലം ലഭ്യമാകുന്നു എന്നതുമാണ് ഇതിന്റെ പ്രധാന മേന്മ. എന്നാൽ ചോദിക്കുന്ന ചോദ്യങ്ങൾ നേരത്തേ തന്നെ ഉറപ്പിച്ചവയാണെന്നതാണ് പ്രധാന പോരായ്മ. യാതൊരു സ്ഥാനികമാറ്റം വരുത്തലുകളും സാധ്യമല്ല. ആയതിനാൽ പ്രതികർത്താവ് ചോദ്യങ്ങൾ തെറ്റിദ്ധരിച്ചാൽ തെറ്റായ പ്രതികരണം ലഭ്യമായേക്കാം. ഫലമോ, തെറ്റായ മാർഗദർശനം ലഭിക്കുന്നു. ഒരു പ്രതികർത്താവ് താൽപ്പര്യജനകമോ രസാവഹമോ ആയ ഉത്തരം നൽകിയാൽ അത് പിൻപറ്റി കൂടുതൽ അറിവ് നേടുന്നതിലേക്കുള്ള തുടർചോദ്യങ്ങൾ ചോദിക്കാൻ സാധിക്കാതെവരുന്നു. കാരണം, തീരുമാ

നിക്കപ്പെട്ട ചോദ്യഘടനയിൽനിന്ന് മാറാൻ നിങ്ങൾക്ക് കഴിയില്ല. ഒരു പ്രത്യേക നിമിഷത്തിലെ (ഞൊടിയിടയിലുള്ള) പെട്ടെന്നുള്ള പാഠം പോലെയാണ് ചോദ്യാവലി. പഠനസാഹചര്യം പിന്നീട് മാറിയേക്കാം. ഒരുപക്ഷേ മുമ്പ് വ്യത്യസ്തവും ആയിരുന്നിരിക്കാം, എന്നാൽ സർവേ അത് കണ്ടെത്തിയെന്നു വരില്ല.

## അഭിമുഖം (Interview)

വ്യക്തിപരവും വളരെക്കുറച്ചുപേരിൽ മാത്രം നടപ്പിലാക്കുന്നു എന്ന രീതിയിലും അഭിമുഖം സർവേയിൽനിന്നു തികച്ചും വ്യത്യസ്തമാണ് (സാധാരണ 5 മുതൽ 40 വരെ. അതിൽ കൂടുതൽ പേരിൽ നടത്താറില്ല). ചിട്ടപ്പെടുത്തിയ (Structured) അഭിമുഖങ്ങളുണ്ട്. അവയിൽ മുൻ നിശ്ചയിച്ച ക്രമത്തിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുന്നു. മറ്റു ചിലപ്പോൾ ചിട്ടപ്പെടുത്താത്ത (Unstructured) അഭിമുഖങ്ങൾ ഉപയോഗിക്കപ്പെടും. അതിൽ വിഷയങ്ങൾ മാത്രം മുൻ നിശ്ചയിക്കപ്പെടുന്നു. അഭിമുഖം പുരോഗമിക്കുന്ന സമയത്ത് ചോദ്യങ്ങൾ രൂപപ്പെടുന്നു. അഭിമുഖത്തിന്റെ തീവ്രതയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും. ചിലപ്പോൾ അത് 2 മുതൽ 4 മണിക്കൂർ വരെ നീണ്ടുനിൽക്കാം. അല്ലെങ്കിൽ ആവർത്തിക്കപ്പെടുന്ന സന്ദർശനങ്ങളിലൂടെ അവരുടെ കഥയുടെ യഥാർഥ അർഥതലം മനസ്സിലാക്കിയെടുക്കുകയും ചെയ്യാം.

നിശ്ചിതവിഷയത്തെ കൂടുതൽ ആഴത്തിൽ പിന്തുടരാൻ കഴിയുന്നു എന്നത് അഭിമുഖത്തിന്റെ മേന്മയാണ്. അഭിമുഖത്തിനിടയിൽത്തന്നെ ചോദ്യങ്ങൾ പരിഷ്കരിക്കപ്പെടുകയോ തെളിമയാർന്നതാക്കുകയോ ചെയ്യാം. കൂടുതൽ വ്യക്തതവരുത്താൻ അവസരം ലഭ്യമാവുകയും ചെയ്യുന്നു. വളരെയെറെ ആളുകളിൽനിന്ന് വിവരശേഖരണത്തിന് അവസരമില്ല എന്നതും തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം ആളുകളുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കാൻ മാത്രമേ കഴിയുകയുള്ളൂ എന്നതും അഭിമുഖത്തിന്റെ പോരായ്മയാണ്.

## നിരീക്ഷണം (Observation)

ഗവേഷണത്തിനായി തിരഞ്ഞെടുക്കപ്പെട്ട സന്ദർഭത്തിലോ സാഹചര്യത്തിലോ സംഭവിക്കുന്ന കാര്യങ്ങളെ വ്യവസ്ഥാനുസൃതമായി കാണുകയും രേഖപ്പെടുത്തുകയും ചെയ്യുന്ന രീതിയാണ് നിരീക്ഷണം. കേൾക്കുമ്പോൾ ലളിതമെന്നു തോന്നുന്നുണ്ടെങ്കിലും പ്രായോഗികതയിൽ അത്ര നിസ്സാരമായ കാര്യമല്ല ഇത്. പഠനത്തിന് എന്താണ് ആവശ്യമെന്നും ആവശ്യമില്ലാത്തതെന്നുമുള്ള മുൻധാരണ വച്ചുപുലർത്താതെ സൂക്ഷ്മതയോടെ വേണം സംഭവവികാസങ്ങളെ നിരീക്ഷിക്കാൻ. എന്താണ് സംഭവിക്കാത്തത് എന്നത് സംഭവിക്കുന്നവയെക്കാൾ ചില സന്ദർഭത്തിൽ നിർണായകമോ താൽപ്പര്യം ജനിപ്പിക്കുന്നവയോ ആയി മാറിയേക്കാം. പൊതുസ്ഥലങ്ങൾ അല്ലെങ്കിൽ തുറസ്സായ സ്ഥലങ്ങൾ വ്യത്യസ്തവർഗത്തിലുള്ളവർ എങ്ങനെ ഉപയോഗിക്കുന്നു എന്ന ഗവേഷണചോദ്യം നിങ്ങൾ എടുത്തിരിക്കുന്നു എന്നു കരുതുക. ഇവിടെ ചില വർഗങ്ങൾ അല്ലെങ്കിൽ സംഘങ്ങൾ ഒരിക്കലും (പാവപ്പെട്ടവരോ മധ്യവർഗങ്ങളോ) അവിടെ പ്രവേശിക്കുകയോ അല്ലെങ്കിൽ അവിടം കാണുകയോ ചെയ്തിട്ടുണ്ടാവില്ല.

## ഒന്നിലധികം രീതികളുടെ സംയോജനങ്ങൾ (Combinations of more than one method)


ഒരു ഗവേഷണ ചോദ്യത്തെ വ്യത്യസ്ത കോണുകളിലൂടെ സമീപിക്കാൻ നിങ്ങൾക്ക് വ്യത്യസ്ത രീതികൾ സംയോജിപ്പിക്കാം. സത്യത്തിൽ ഇതാണ് കൂടുതലും ശുപാർശ ചെയ്യപ്പെടുന്നത്. ഉദാഹരണത്തിന്, സാമൂഹികജീവിതത്തിൽ പത്രങ്ങൾ, ടെലിവിഷൻ എന്നീ സമൂഹമാധ്യമങ്ങളുടെ മാറുന്ന ഇടങ്ങൾ/സാധ്യതകൾ എന്നതാണ് നിങ്ങളുടെ ഗവേഷണമെങ്കിൽ ചരിത്രരേഖാലയ പരിശോധനരീതിയും (Archival methods) സർവേയും സംയുക്തമായി ഉപയോഗിക്കാം. ഇന്ന് സംഭവിക്കുന്ന കാര്യങ്ങളെ അഭിമുഖം അനാവരണം ചെയ്യുമ്പോൾ ചരിത്രരേഖാലയ പരിശോധനരീതി ആഴ്ചപ്പതിപ്പുകൾ, മാസികകൾ, വാർത്താപത്രങ്ങൾ, ടി.വി. എന്നിവയിലൂടെ ഇന്നലകളെ കാട്ടിത്തരുന്നു.

## 7.2 ലഘുഗവേഷണപദ്ധതികൾക്കുള്ള സാധ്യമായ വിഷയങ്ങളും പ്രമേയങ്ങളും (Possible themes and subjects for small research projects)

ഇവിടെ ചില ചെറിയ ഗവേഷണവിഷയങ്ങൾ പരിചയപ്പെടാം. നിങ്ങളുടെ അധ്യാപികയുമായി ചേർന്ന് അവയിൽനിന്ന് വിഷയം തിരഞ്ഞെടുക്കാം. ഇവ ചർച്ചാവിഷയങ്ങളോ പ്രതിപാദ്യവിഷയങ്ങളോ മാത്രമാണെന്നത് ഓർക്കുക. അവയിൽനിന്നു നിശ്ചിതമായ ഗവേഷണ ചോദ്യങ്ങൾ തിരഞ്ഞെടുക്കുക എന്നത് നിങ്ങളുടെ പ്രാഥമികകടമയാണ്. ഏതാണ്ട് എല്ലാ പഠനരീതികളും എല്ലാ വിഷയങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. എങ്കിലും നിങ്ങൾ തിരഞ്ഞെടുത്ത ഗവേഷണ ചോദ്യത്തിന് അനുഗുണമായ ഗവേഷണരീതിതന്നെ കണ്ടെത്തുന്നു എന്നത് ഉറപ്പാക്കണം. പഠനരീതികൾ പലതും സംയുക്തമായി ഉപയോഗിക്കുകയുമാവാം. അവതരിപ്പിക്കുന്ന വിഷയങ്ങൾ നിശ്ചിതമായ ക്രമത്തിലല്ല. നിങ്ങളുടെ പാഠപുസ്തകത്തിൽ പ്രത്യക്ഷമോ പരോക്ഷമോ ആയി അവതരിപ്പിക്കപ്പെട്ടവയ്ക്കല്ല ഇവിടെ ഊന്നൽ നൽകിയിരിക്കുന്നത്. ഇത് നിങ്ങൾക്ക് അധ്യാപകരുടെ സഹകരണത്തോടെ സ്വതന്ത്രവും സുഗമവുമായി പാഠപുസ്തകവുമായി ബന്ധപ്പെടുത്തി തനതായ ഗവേഷണപദ്ധതി തിരഞ്ഞെടുക്കാൻ അവസരം ഒരുക്കുന്നു.

### 1. പൊതുഗതാഗതം (Public Transport)

മനുഷ്യരുടെ ജീവിതത്തിൽ പൊതുഗതാഗതത്തിന് എന്ത് പങ്കാണുള്ളത്? ഇത് ആർക്കാണാവശ്യം? എന്തുകൊണ്ട്? വ്യത്യസ്ത തരത്തിലുള്ള ജനങ്ങൾ പൊതുഗതാഗത മാർഗങ്ങളെ എത്രമാത്രം ആശ്രയിക്കുന്നു? പൊതുഗതാഗതവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളും വിവാദങ്ങളും ഏതൊക്കെ തരത്തിലുള്ളവയാണ്? പൊതുഗതാഗതരംഗത്തെ കാലാനുസൃതമായ മാറ്റങ്ങളെന്തെല്ലാമാണ്? പൊതുഗതാഗതം പ്രാപ്യമാകുന്നതിലുള്ള വിവേചനങ്ങൾ സാമൂഹികപ്രശ്നങ്ങളിലേക്ക് നയിക്കുമോ? പൊതുഗതാഗതം ആവശ്യമില്ലാത്ത സംഘങ്ങൾ ഉണ്ടോ? എന്താണ് പൊതുഗതാഗത രംഗത്തോടുള്ള അവരുടെ മനോഭാവം? കുതിര/കാളവണ്ടി, സൈക്കിൾ റിക്ഷ, തീവണ്ടി തുടങ്ങിയ പ്രത്യേക ഗതാഗതമാർഗങ്ങളെയും നിങ്ങൾക്ക് പഠനവിധേയമാക്കാം. നിങ്ങളുടെ ഗ്രാമത്തിലെ/പട്ടണത്തിലെ അവയുടെ ചരിത്രത്തെക്കുറിച്ച് എഴുതാം. എന്തെല്ലാം മാറ്റങ്ങളിലൂടെയാണ് അവ കടന്നുവന്നത്? എന്തൊക്കെയായിരുന്നു അവയുടെ പ്രധാന പ്രതിയോഗികൾ? എതിരാളികളോട് പരാജയപ്പെട്ടോ, അതിജീവിച്ചുവോ? എന്തു കാരണംകൊണ്ട്? ഇവയുടെ ഭാവി എന്താകാനാണ് സാധ്യത? ആർക്കെങ്കിലും അവയെക്കുറിച്ച് നഷ്ടബോധമുണ്ടാകുമോ?



നിങ്ങൾ കൊച്ചിയിലാണെങ്കിൽ, കൊച്ചിൻ മെട്രോയെക്കുറിച്ച് കൂടുതലറിയുക. ഒരു ശാസ്ത്രകൽപ്പിതകഥയെന്ന (Science fiction) നിലയിൽ അമ്പതുവർഷത്തിനു ശേഷം മെട്രോ എങ്ങനെ ആയേക്കാം എന്ന് എഴുതുക (2069–2070). ഒരു കൽപ്പിത ശാസ്ത്രകഥ എഴുതുക അത്ര എളുപ്പമായ കാര്യമല്ല എന്ന് ഓർക്കുക. നിങ്ങൾ സങ്കൽപ്പിക്കുന്ന കാര്യങ്ങൾക്ക് ന്യായീകരണങ്ങൾ എഴുതണം, ഭാവിയിലെ ആ കാര്യങ്ങൾ ഇപ്പോഴുള്ള, നിലനിൽക്കുന്ന കാര്യങ്ങളുമായോ ബന്ധങ്ങളുമായോ സാഹചര്യങ്ങളുമായോ യുക്തിയുക്തമായി ചേർന്നുനിൽക്കണം. ആയതിനാൽ ആധുനികസാഹചര്യങ്ങൾ മുൻനിർത്തി പൊതുഗതാഗതസംവിധാനങ്ങൾ എങ്ങനെ ഭാവിയിൽ പരിണമിക്കും എന്ന് സങ്കൽപ്പിക്കണം. ഭാവിയിൽ മെട്രോയുടെ പങ്ക് ഇന്നത്തെ സാഹചര്യങ്ങളുമായി താരതമ്യം ചെയ്ത് അവതരിപ്പിക്കുകയും വേണം.

## 2. സാമൂഹികജീവിതത്തിൽ ആശയവിനിമയമാധ്യമങ്ങളുടെ പങ്ക് (Role of communication media in social life)

ആശയവിനിമയ മാധ്യമങ്ങളെന്നത് വർത്തമാനപത്രങ്ങൾ, ടെലിവിഷൻ, സിനിമ, ഇന്റർനെറ്റ് തുടങ്ങിയവയാണ്. അതായത് ആശയവിതരണം നടത്തുകയും വളരെയധികം പേർക്ക് പ്രാപ്യമായതുമായ മാധ്യമങ്ങൾ. ആളുകൾ പരസ്പരം ആശയവിനിമയത്തിന് ഉപയോഗിക്കുന്ന ടെലിഫോൺ, കത്തുകൾ, മൊബൈൽഫോൺ, ഇ-മെയിൽ, ഇന്റർനെറ്റ് എന്നിവയും ഇതിൽപ്പെടുന്നു. സാമൂഹികജീവിതത്തിൽ ബഹുജനമാധ്യമങ്ങളുടെ മാറുന്ന സ്ഥാനം, അച്ചടി, റേഡിയോ, ടെലിവിഷൻ തുടങ്ങിയവയുടെ രൂപഘടന, വ്യതിചലനങ്ങൾ തുടങ്ങിയ മേഖലകളെക്കുറിച്ച് നിങ്ങൾക്ക് പഠനം നടത്താം. പുസ്തകങ്ങൾ, സിനിമകൾ എന്നിവയോട് ചില പ്രത്യേക വിഭാഗങ്ങൾക്ക് (വർഗം, പ്രായം, ലിംഗഭേദം) ഉള്ള താൽപ്പര്യത്തെയും താൽപ്പര്യക്കുറവിനെയും കുറിച്ച് പലതരത്തിലുള്ള ചോദ്യങ്ങൾ ചോദിക്കാൻ ശ്രമിക്കാം. ആധുനിക ആശയവിനിമയ ഉപാധിക



ളായ മൊബൈൽഫോൺ, ഇന്റർനെറ്റ് തുടങ്ങിയവയെ ജനങ്ങൾ എങ്ങനെ മനസ്സിലാക്കുന്നു എന്നു പരിശോധിക്കാം. മനുഷ്യരുടെ ജീവിതത്തിൽ അവയുടെ സ്ഥാനം നിരീക്ഷിക്കുന്നതിലൂടെയും അന്വേഷിക്കുന്നതിലൂടെയും എന്തു പഠിക്കാൻ കഴിയുന്നു? പ്രസ്താവിക്കപ്പെട്ടതും യഥാർഥവുമായ പെരുമാറ്റങ്ങൾ തമ്മിൽ (ഉണ്ടെങ്കിൽ) എന്തെങ്കിലും വ്യതിയാനങ്ങൾ ഉണ്ടോ എന്ന് നിരീക്ഷണങ്ങളിലൂടെ കണ്ടെത്താൻ സഹായിക്കുന്നു. (എത്രസമയം ടെലിവിഷൻ കാണാറുണ്ട് എന്നത് എത്രസമയം കാണുന്നതിനായി അവർക്ക് താൽപ്പര്യമുണ്ട് എന്നതിൽനിന്നു

വ്യത്യസ്തമാണ്. അല്ലെങ്കിൽ എത്രസമയം കാണുന്നതാണ് യുക്തം എന്നു കരുതുന്നത് എന്നും). പ്രവർത്തന രൂപഘടനയിൽ ഉണ്ടാകുന്ന വ്യതിയാനത്തിന്റെ അനന്തരഫലം എന്തായിരിക്കും? (ഉദാഹരണത്തിന്, ടെലിവിഷൻ പത്രമാധ്യമത്തിന്റെയും റേഡിയോയുടെയും പ്രാധാന്യം കുറച്ചിട്ടുണ്ടോ?). അതോ ഒരു രൂപത്തിൽ അതിന്റെ യുക്തമായ (അനുയോജ്യമായ സ്ഥാനം) സ്ഥാനം നിലനിർത്താനാവുമോ? ഒന്നല്ലെങ്കിൽ മറ്റൊന്നിനെ എന്തുകൊണ്ടാണ് ജനം കൂടുതൽ അഭിലഷണീയമായി പരിഗണിക്കുന്നത്?

വിദ്യാലയങ്ങൾ, പഠനം, പരിസ്ഥിതി, ജാതി-മതസംഘർഷങ്ങൾ, കായികയിനങ്ങൾ, പ്രാദേശികവും ദേശീയവുമായ വാർത്തകൾ എന്നിവയെ വാർത്താപത്രങ്ങൾ, മാസികകൾ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങൾ പരിഗണിച്ചിരിക്കുന്നതിന്റെ ഉള്ളടക്കവിശകലനം (Content analysis) നടത്തുന്ന ഗവേഷണപദ്ധതിയും നിങ്ങൾക്ക് പകരമായി പരിഗണിക്കാം.

## 3. ഗൃഹോപകരണങ്ങളും ഗാർഹികജോലിയും (House hold Appliances and Domestic Work)




ഗ്യാസ്, മണ്ണെണ്ണ സ്റ്റൗ, മിക്സി, ഗ്രൈൻഡർ, വ്യത്യസ്തതരം ആട്ടുയന്ത്രങ്ങളും അരവുയന്ത്രങ്ങളും, വൈദ്യുതി ഉപയോഗിക്കുന്നതും അല്ലാത്തതുമായ തേപ്പുപെട്ടികൾ, അലക്കുയന്ത്രങ്ങൾ, ഓവനുകൾ, പ്രഷർ കുക്കറുകൾ തുടങ്ങിവയാണ് ഇവിടെ പ്രതിപാദിക്കുന്നത്. കാലാനുസൃതമായി ഗാർഹികജോലികളിൽ ഉണ്ടായ മാറ്റങ്ങളെന്തെല്ലാം? ഈ ഉപകരണങ്ങളുടെ വരവ് വീട്ടുജോലികളുടെ സ്വഭാവത്തിൽ എന്തു മാറ്റം വരുത്തി, പ്രത്യേകിച്ച് ഗൃഹത്തിലെ തൊഴിൽ വിഭജനത്തിൽ? ഈ ഉപകരണങ്ങൾ ആരാണ് ഉപയോഗിക്കുന്നത്? അത് കൂടുതലും പുരുഷനോ

സ്ത്രീയോ ചെറുപ്പക്കാരോ പ്രായമായവരോ കൂലികിട്ടുന്നവരോ അല്ലാത്തവരോ ഉപയോഗിക്കുന്നത്? ഇത് ഉപയോഗിക്കുന്നവർക്ക് അവയെക്കുറിച്ച് എന്തു തോന്നുന്നു? അവ ശരിക്കും ജോലി ലഘൂകരിച്ചുവോ? വീട്ടിനുള്ളിൽ പ്രായബന്ധിത ജോലികളിൽ എന്തെങ്കിലും മാറ്റം സംഭവിച്ചുവോ? (അതായത് മുൻപുള്ളതിൽ നിന്നു വ്യത്യസ്തമായി പ്രായമായവർ/ചെറുപ്പക്കാർ, ചെയ്യുന്ന ജോലികളിൽ എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ?)

ഗാർഹികജോലികൾ ആര്, എന്തു ചെയ്യുന്നു എന്നും അടുത്തിടെയായി അവയിൽ എന്തെങ്കിലും മാറ്റങ്ങളുണ്ടായിട്ടുണ്ടോ എന്നും പരിശോധിക്കുന്നതിലൂടെ വീട്ടുജോലികൾ എങ്ങനെയൊക്കെ അംഗങ്ങൾക്കിടയിൽ വിഭജിച്ചു നൽകപ്പെട്ടിരിക്കുന്നു എന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതും മറ്റൊരു സാധ്യതയാണ്.

## 4. പൊതു ഇടങ്ങളുടെ ഉപയോഗം (The use of public space)

തുറസ്സായ സ്ഥലങ്ങൾ, നടപ്പാതകൾ, വഴിയോരങ്ങൾ, ഹൗസിങ് കോളനികളിലെ ഒഴിഞ്ഞു കിടക്കുന്ന ഇടങ്ങൾ, പൊതു ഓഫീസുകളുടെ സ്ഥലങ്ങൾ തുടങ്ങിയ പൊതു ഇടങ്ങളുടെ വിവിധ ഉപയോഗത്തെക്കുറിച്ചാണ് ഈ ഗവേഷണവിഷയം. വാഹനം നിർത്തിയിട്ടുള്ള സ്ഥലങ്ങൾ, ചെറിയ താൽക്കാലിക കടകൾ, വഴിയോരക്കച്ചവടം എന്നിവ ചെറുകിടവ്യാപാരത്തിനായി ചില പൊതുസ്ഥലങ്ങൾ ഉപയുക്തമാക്കുന്നത് ഉദാഹരണമായി എടുക്കാം. മറ്റു സ്ഥലങ്ങൾ പ്രത്യക്ഷത്തിൽ ശൂന്യമായി തോന്നാമെങ്കിലും വിവാഹം, മതചടങ്ങുകൾ, പൊതുയോഗങ്ങൾ എന്നിവ നടത്തുന്ന ഇടങ്ങളാവാം. അല്ലെങ്കിൽ മാലിന്യനിക്ഷേപണ സ്ഥലമായും ഉപയോഗപ്പെടുത്തിയേ



ക്കാം. ഏറെ സ്ഥലവും പാവപ്പെട്ട പാർപ്പിടരഹിത കുടുംബങ്ങൾ അവരുടെ വീടുകൾക്കുള്ള ഇടമായി കുടിയേറിയേക്കാം. ഇത്തരം പൊതുവായ മേഖലകളിലെ ഗവേഷണചോദ്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ ശ്രമിക്കുക. പാവപ്പെട്ടവർ, മധ്യവർഗം, ധനാഢ്യർ എന്നിവർ പൊതു ഇടങ്ങളുടെ ഉപയോഗരീതികളെക്കുറിച്ച് ചിന്തിക്കുന്നത് എന്താണ്? അവിടങ്ങൾ ഈ ഓരോ വിഭാഗങ്ങൾക്കും എന്ത് സ്രോതസ്സായി ഭവിക്കുന്നു? കാലക്രമേണ നിങ്ങളുടെ അയൽപക്കങ്ങളിലെ തുറന്ന സ്ഥലങ്ങളുടെ ഉപയോഗം മാറിമറിയുന്നത് എങ്ങനെ? അവ സംഘർഷങ്ങൾക്കോ ഉരസലുകൾക്കോ കാരണമായോ? ഈ സംഘർഷങ്ങൾക്ക് കാരണമെന്ത്?

## 5. വിവിധ പ്രായഘടനയിലുള്ളവരുടെ മാറുന്ന അഭിലാഷങ്ങൾ

നിങ്ങളുടെ ജീവിതത്തിലുടനീളം ഒരേ അഭിലാഷം മാത്രമായിരുന്നുവോ? മിക്കവാറും ആളുകൾ അവരുടെ ലക്ഷ്യങ്ങൾ മാറ്റാറുണ്ട്. പ്രത്യേകിച്ചും യുവാക്കൾ. ഈ മാറ്റങ്ങൾ എന്തെല്ലാമാണ്? വ്യത്യസ്ത സംഘങ്ങളിൽ മാറ്റങ്ങൾക്ക് എന്തെങ്കിലും ക്രമങ്ങൾ (Patterns) ഉണ്ടോ? വ്യത്യസ്ത വിദ്യാലയങ്ങൾ, ലിംഗവിഭാഗങ്ങൾ, പ്രായഘടനയിലുള്ളവർ, വ്യത്യസ്ത രക്ഷാകർതൃ പശ്ചാത്തലമുള്ളവർ തുടങ്ങിയ സംഘങ്ങളെ ഗവേഷണത്തിന് പരിഗണിച്ച് അവർക്കിടയിലെ മാറ്റങ്ങളിൽ എന്തെങ്കിലും ക്രമങ്ങൾ ഉയർന്നുവരുന്നുണ്ടോ എന്ന് നിങ്ങൾക്ക് പഠിക്കാൻ ശ്രമിക്കാം. മുതിർന്നവരെ ഗവേഷണത്തിൽ ഉൾപ്പെടുത്തി ഇത്തരത്തിലുള്ള എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായതായി ഓർക്കുന്നത് കണ്ടെത്തുക. വിദ്യാലയകാലത്തിനുശേഷം ഉണ്ടായ മാറ്റങ്ങളെ വിദ്യാലയത്തിൽ പോയിരുന്ന കാലത്തുണ്ടായവയുമായി താരതമ്യം ചെയ്ത് മാറ്റത്തിന് എന്തെങ്കിലും ക്രമമുണ്ടോ എന്ന് പരിശോധിക്കുക.

## 6. ഒരു ക്രയവസ്തുവിന്റെ ജീവചരിത്രം (The Biography of a Commodity)

നിങ്ങളുടെ സ്വന്തം ഉപഭോഗവസ്തുക്കളായ ടെലിവിഷൻ, മോട്ടോർ സൈക്കിൾ, കാർപറ്റ് അല്ലെങ്കിൽ ഒരു ഗൃഹോപകരണം എന്നിവയെക്കുറിച്ച് ചിന്തിക്കുക. ആ വസ്തുവിന്റെ ജീവചരിത്രം എന്തായിരിക്കുമെന്ന് സങ്കൽപ്പിക്കുക. നിങ്ങൾ ആ ഉപഭോഗവസ്തുവാണെന്ന് കരുതി ഒരു ആത്മകഥ എഴുതുക. അത് ഇപ്പോൾ എത്തിച്ചേർന്നിടത്ത് എത്തിപ്പെടാൻ ഏതെല്ലാം കൈമാറ്റത്തിന്റെ പ്രദക്ഷിണവഴിയിലൂടെ (Circuits) കടന്നുവന്നിരിക്കാം. ആ വസ്തു ഉൽപ്പാദിപ്പിക്കപ്പെട്ടതും വ്യാപാരം ചെയ്യപ്പെട്ടതും വാങ്ങിയതും ഏതെല്ലാം സാമൂഹികബന്ധങ്ങളിലൂടെയാണ് എന്നു കണ്ടെത്താൻ നിങ്ങൾക്ക് കഴിയുമോ? നിങ്ങൾക്കും കുടുംബത്തിനും സമുദായത്തിനും അതിന്റെ ഉടമ എന്ന നിലയിലുള്ള പ്രതീകാത്മക അർഥമെന്താണ്? (Symbolic Significance)

നിങ്ങളുടെ ടെലിവിഷനോ സോഫാസെറ്റിക്കോ വാഹനത്തിനോ ചിന്തിക്കാനും സംസാരിക്കാനും കഴിയുമായിരുന്നെങ്കിൽ അവർ കണ്ടതോ അനുഭവിച്ചതോ ആയ ആളുകളെക്കുറിച്ച് എന്താവും പറയാനുണ്ടാവുക? (നിങ്ങളുടെ കുടുംബത്തെക്കുറിച്ച്, മറ്റു കുടുംബങ്ങളെക്കുറിച്ച്, നിങ്ങൾക്ക് സങ്കൽപ്പിക്കാവുന്ന തരത്തിൽ എഴുതുക).



| ഗവേഷണവിഷയം/മേഖല | ഗവേഷണരീതിശാസ്ത്രം/ സാങ്കേതികപദ്ധതി | | |
|---|---|---|---|
| | നിരീക്ഷണം | സർവേ | |
| ഗതാഗതമാർഗങ്ങൾ, പ്രാദേശിക റെയിൽവേ അല്ലെങ്കിൽ ബസ് സ്റ്റേഷൻ | പെരുമാറ്റരീതി/ പ്രതീക്ഷിത ആചാരക്രമം/മര്യാദ/സ്ഥലംപങ്കുവയ്ക്കൽ | കാലാനുസൃതമായ മാറ്റങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ, അനുഭവങ്ങൾ, പ്രയാസങ്ങൾ മുതലായവ. | |
| ഗൃഹോപകരണങ്ങൾ, പാചകമാർഗങ്ങൾ/ഇന്ധനം; ഫാൻ, കൂളർ, എ.സി, തേപ്പുപെട്ടി, ഫ്രിഡ്ജ്, മിക്സി....) | ഉപയോഗക്രമം; വീടുകളിലെ തൊഴിൽവിഭജനം, ലിംഗഭേദ കാഴ്ചപ്പാട് | വിവിധതരം ഉപകരണങ്ങളെക്കുറിച്ചുള്ള മനോഭാവങ്ങളും ഓർമ്മകളും. | |
| പൊതു ഇടങ്ങളുടെ ഉപയോഗം (വഴിയരുകിലെ ശൂന്യമായ ഇടങ്ങൾ തുടങ്ങിയവ). | വിവിധ പ്രദേശങ്ങളിലെ തുറസ്സായ ഇടങ്ങളുടെ ഉപയോഗം എത്രമാത്രം താരതമ്യം ചെയ്യാമെന്ന് നിരീക്ഷിക്കുക. | നിശ്ചിത പൊതുസ്ഥലങ്ങളുടെ വ്യത്യസ്ത ഉപയോഗത്തെക്കുറിച്ചുള്ള ജനങ്ങളുടെ ഒരു പരിച്ഛേദത്തിന്റെ അഭിപ്രായം. | |
| പല പ്രായത്തിലുള്ള സ്കൂൾകുട്ടികളുടെ മാറുന്ന അഭിലാഷങ്ങൾ (ഉദാ: 5,8,11 ക്ലാസുകളിലുള്ളവർ) | അനുയോജ്യമല്ല | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വ്യത്യസ്ത തലമുറകളിലെ മുതിർന്നവരുടെ ഓർമ്മകളിൽനിന്നും. | |
| സാമൂഹികജീവിതത്തിലെ ആശയവിനിമയ മാർഗങ്ങളുടെ ഇടങ്ങൾ. (മൊബൈൽഫോണിൽനിന്ന് സാറ്റലൈറ്റ് ടി.വിയിലേക്ക്) | പൊതുയിടങ്ങളിൽ ആളുകൾ മൊബൈൽഫോൺ ഉപയോഗിക്കുന്നത് ശ്രദ്ധിക്കുക. - അവരുടെ ജീവിതത്തിൽ ഈ ഉപകരണത്തിന്റെ സ്ഥാനമെന്താണ്? | പലതരക്കാരായ ആളുകൾ എത്രമാത്രം ടി.വി. കാണുന്നു? അവർ ഇഷ്ടപ്പെടുന്ന പരിപാടി ഏതൊക്കെയാണ്? | |

| | ചരിത്രരേഖകൾ | അഭിമുഖം | അഭിപ്രായങ്ങളും നിർദേശങ്ങളും |
|---|---|---|---|
| | മാറ്റത്തിന്റെ ചരിത്രം ഉൾക്കൊള്ളുന്ന പത്രമാധ്യമങ്ങളും മറ്റു വിവരസ്രോതസ്സുകളും. | സ്ഥിരം ഉപയോഗിക്കുന്നവരുടെയും വല്ലപ്പോഴും ഉപയോഗിക്കുന്നവരുടെയും, ആൺ vs പെൺ. | വലിയ പട്ടണങ്ങൾക്ക് മാത്രം അനുയോജ്യം. |
| | വ്യത്യസ്തതരം ഉപകരണങ്ങളുടെ പരസ്യക്രമം. | നിശ്ചിത ഉപകരണങ്ങളോടുള്ള വ്യത്യസ്ത തരം മനുഷ്യരുടെ പ്രതികരണങ്ങൾ. | ഇത് ചെയ്യാൻ ആൺകുട്ടികളെയും നിർബന്ധിക്കണം. പെൺകുട്ടികളുടെ വിഷയം മാത്രമാവരുത്. |
| | പല കാലങ്ങളായി ഒരു പ്രത്യേക സ്ഥലത്തിന്റെ വ്യത്യസ്ത ഉപയോഗങ്ങൾ എന്തെല്ലാമായിരുന്നു? | സ്ഥലത്തിന്റെ ഉപയോഗത്തെ സംബന്ധിച്ച് വിവിധ സാമൂഹികവർഗങ്ങൾക്ക് വൈവിധ്യമാർന്ന കാഴ്ചപ്പാടുകൾ ഉണ്ടോ? | ജനങ്ങൾക്ക് അടുത്തറിയാവുന്നതും ബന്ധപ്പെട്ടതുമായ നിശ്ചിത ഇടങ്ങൾ തിരഞ്ഞെടുക്കുക. |
| | പഴയകാലത്തെ വസ്തുക്കളുടെ ലഭ്യത അനുസരിച്ച് (ഈ വിഷയങ്ങളിലെ വിദ്യാലയലേഖനങ്ങൾ തുടങ്ങിയവ) | ഒരു സംഘത്തോട് അവരുടെ പരിണാമത്തെക്കുറിച്ച് സംസാരിക്കുക. അല്ലെങ്കിൽ വ്യത്യസ്ത പ്രായത്തിലുള്ള ആളുകളുടെ സംഘങ്ങളോട്. | സ്വന്തം വിദ്യാലയത്തിൽനിന്ന് അഭിമുഖം പാടില്ല. |
| | എന്തെങ്കിലും ശ്രദ്ധേയമായ സമകാലികവിഷയത്തിന്റെ ഉള്ളടക്കത്തിന്റെയും മാധ്യമ പരിഗണനയുടെയും വിശകലനം. | ഫോണുകളുടെ വ്യാപനത്തോടെ കത്തെഴുത്തു കുറയുന്നതിനെക്കുറിച്ചുള്ള ജനങ്ങളുടെ വിചാരങ്ങൾ. | പ്രശ്നത്തെ മുൻവിധിയോടെ സമീപിക്കാൻ ശ്രമിക്കരുത്. (ഉദാ: കത്തെഴുത്ത് കുറഞ്ഞത് സങ്കടകരമാണ് തുടങ്ങിയവ) ചോദിക്കുക, പറയരുത്. |

# കുറിപ്പുകൾ

## Glossary

**Arithmetic progression:** See 'progression - arithmetic'

**Assimilation:** A process of cultural unification and homogenisation by which newly entering or subordinate groups lose their distinctive culture and adopt the culture of the dominant majority. Assimilation may be forced or voluntary, and usually remains incomplete or blocked where the subordinate or entering group is not accorded full membership on equal terms. For example, if an immigrant community is discriminated against by the dominant majority, and is not allowed to intermarry.

**Authoritarianism:** A system of government that does not derive its legitimacy from the people. Not a democratic or republican form of government.

**Birth Control:** The use of techniques of contraception to prevent conception and birth.

**BPO (Business Process Outsourcing):** A practice whereby a particular part of the production process or component of a service industry is contracted out to be performed by a third party. For example, a telephone company that provides phone lines and services, may outsource its customer service division, i.e., get another smaller company to handle all calls and complaints by customers.

**Capital:** An accumulated fund of investible resources. Usually used for 'active' funds, i.e., funds that are not just being hoarded or saved, but are being held for investment. Capital seeks to grow, to add to itself – this is the process of accumulation.

**Capitalism:** A mode of production based on generalised commodity production, or a social system where (a) private property and the market have penetrated all sectors, converting everything including labour power into a saleable commodity; (b) two main classes exist – a mass of wage labourers who own nothing but their labour power (their capacity to perform labour), and a class of capitalists who, in order to survive as capitalists, must invest their capital and earn ever increasing profits in a competitive market economy.

**Checks - positive:** A term used by T.R. Malthus to refer to constraints on the rate of population growth that are imposed by nature regardless of the wishes of human beings. Examples of such checks include – famines, epidemics and other natural disasters.

**Checks - preventive:** A term used by T.R. Malthus to refer to constraints on the rate of population growth that are voluntarily imposed on themselves by human beings. Examples of such checks include – postponing marriage; and practicing celibacy or birth control.

**Civil Society:** The sphere of society that lies beyond the family but is not part of either state or market. The arena of voluntary associations and organisations formed for cultural, social, religious or other non-commercial and non-state collective pursuits.

**Class:** An economic grouping based on common or similar position in the social relations of production, levels of income and wealth, life style and political preferences.

**Colonialism:** The ideology by which a country seeks to conquer and colonise (forcibly settle, rule over) another. The colony becomes a subordinate part of the coloniser's country, and is exploited in various ways for the colonising country's gain. Related to imperialism, but involves a more sustained interest in settling down to live in and govern the colony (i.e., exercising detailed and local control) rather than (as with imperialism) plundering and departing, or ruling from a distance.

**Commodification** (or **commoditisation**): The transformation of a non-commodity (i.e., something that is not bought and sold for money in a market) into a commodity.

**Commodity:** A good or service that may be bought or sold in the market.

**Commodity fetishism:** A condition under capitalism under which social relations become expressed as relations between things.

**Communalism:** Chauvinism based on religious identity. The belief that religion supersedes all other aspects of a person's or group's identity. Usually accompanied by an aggressive and hostile attitude towards persons and groups of other religious (or non-religious) identities.

**Community:** A general term for any disctinctive group whose members are connected to each other by consciously recognised commonalities and bonds of kinship, language, culture and so on. Belief in these commonalities is more important than actual proof of their existence.

**Consumption:** Final use of goods and services by people who have purchased them (consumers).

**Democracy:** A form of government which derives its legitimacy from the people, and relies on explicit popular endorsement through elections or other method of ascertaining the people's opinion.

**Discourse:** The framework of thinking in a particular area of social life. For instance, the discourse of criminality means how people in a given society think about criminality.

**Discrimination:** Practices, acts or activities resulting in the unjustified exclusion of the members of a particular group from access to goods, services, jobs, resources, etc., that are normally accessible to others. Discrimination has to be distinguished from prejudice, although the two are usually quite closely associated.

**Diversity (Cultural Diversity):** The presence within the larger national, regional or other context of many different kinds of cultural communities such as those defined by language, religion, region, ethnicity and so on. A multiplicity or plurality of identities.

**Dominant Caste:** A middle or upper-middle ranking caste with a large population and newly acquired land ownership rights. This combination makes these castes politically, economically and therefore socially dominant in the countryside in many regions of India. Dominant castes replace the older castes which exercised dominance; unlike these earlier castes, these are not 'twice born' castes (i.e., not from the brahmin, kshatriya or vaishya varnas.

**Economic anthropology:** A subfield of socio-cultural anthropology that studies the entire range of economies and cultures found in the prehistoric, historic and ethnographic records, especially non-market economic systems.

**Embedded:** (As in 'socially embedded') Existing within a larger context of society or culture which 'frame' or contextualise the process or phenomenon in question. To say that the economic institutions are embedded in society is to say that they exist within society and are able to function because of the background rules and arrangements made possible by society.

**Endogamy:** Requires an individual to marry within a culturally defined group of which he or she is already a member, as for example, caste.

**Enumeration:** Literally, 'numbering'; refers to processes of counting and measurement, specially those relating to people, such as a census or survey.

**Epidemic:** Derived from the Greek (epi = upon; demos = the people). Refers to a sudden increase in the rate at which a disease affects the people of a given geographic area at a specific time. The key factor here is that the rate of incidence (the number of fresh cases reported per unit of time, such as a day, week, or month) has to be substantially higher than the 'normal' rate. This can be a partly subjective judgement. If a disease has a high but constant rate of incidence in a specific geographical area (i.e., there is no sudden increase) it is called an *endemic* disease. An epidemic that is not restricted to a given geographical area but is more widespread (i.e., it is at a national, international or even global level) is called a *pandemic*.

**Ethnic cleansing**: The creation of ethnically homogenous territories through the mass expulsion of other ethnic populations.

**Ethnicity:** An ethnic group is one whose members share a distinct awareness of a common cultural identity, separating them from other groups around them.

**Exogamy:** Requires the individual to marry outside of his/her own group.

**Family:** Is a group of persons directly linked by kin connections, the adult members of which assume responsibility of caring for children.

**Fertility:** In the context of human population, this refers to the ability of human beings to reproduce. Since reproduction is primarily a female-centred process, fertility is calculated with reference to the female population, that is, in the child-bearing age group.

**Gender:** In social theory, the term reserved for the socially and culturally produced differences between men and women. (As different from 'sex' which refers to the physical-biological differences between men and women) Nature creates sexes, society creates genders.

**Geometric progression:** See 'progression – geometric'

**Globalisation**: A complex series of economic, social, technological, cultural and political changes that have increased the interdependence, integration, and interaction among people and economic actors (companies) in disparate locations.

**Integration:** A process of cultural unification whereby cultural distinctions are relegated to the private domain and a common public culture is adopted for all groups. This usually involves the adoption of the dominant culture as the official culture. Expressions of cultural difference or distinctiveness are not encouraged or sometimes even prohibited in the public domain.

***Jajmani* system:** Non-market exchange of produce, goods, and services within the (north) Indian village, without the use of money, based on the caste system and customary practices.

***Jati*:** The word for caste; a region-specific hierarchical ordering of castes that marry within their boundaries, pursue hereditary occupations and are fixed by birth. This is the traditional system, but it has undergone many changes over time.

**Kinship:** Ties are connections between individuals, established either through marriage or through the lines of descent that connect blood relatives (mothers, fathers, siblings, offspring, etc.)

**Labour power:** Capacity for labour; the mental and physical capabilities of human beings that are used in the process of production. (As different from labour, which is work performed)

***Laissez-faire*:** (French; literally, 'let be' or 'leave alone') – an economic philosophy that advocates free market system and minimal government intervention in economic matters.

**Liberalisation:** The process whereby state controls over economic activity are relaxed and left to the market forces to decide. In general, a process of making laws more liberal or permissive.

**Lifechances:** The potential opportunities or possible achievements available to a person during their life.

**Lifestyle:** A way of life; more concretely, the specific kinds and levels of consumption that define the everyday life of particular social groups.

**Marketisation:** The use of market based solutions to solve social, political, or economic problems.

**Marriage:** A socially acknowledged and approved sexual union between two adult individuals. When two people marry, they become *kin* to one another.

**Minority groups:** A group of people in a minority in a given society who, because of their distinct physical or cultural characteristics, find themselves in situations of inequality within that society. Such groups include ethnic minorities.

**Mode of production:** In Marx's historical materialism, a specific combination of forces of production and relations of production that create a historically distinct social formation.

**Reciprocity:** Informal, culturally regulated exchange (trade) of goods and services in a non-market economy.

**Role Conflict:** Conflict between the different social roles that the same individual is expected to play. For example, a working father may experience a role conflict between his role as a worker and his role as a father or husband.

**Monogamy:** Restricts the individual to one spouse at a time. Under this system, at any given time a man can have only one wife and a woman can have only one husband.

**Natal family:** The family into which one is born, family of birth. (As different from the family into which one is married.)

**Nation:** A community that believes itself to be a community, based on several shared characteristics such as: common language, geographical location, history, religion, race, ethnicity, political aspirations, etc. However, nations may exist without one or more of such characteristics. A nation is comprised of its people, who are the ultimate guarantors of its existence, meaning and powers.

**Nation - state:** A particular type of state, characteristic of the modern world, in which a government has sovereign power within a defined territorial area, and the mass of the population are citizens who know themselves to be part of a single nation. Nation-states are closely associated with the rise of nationalism, although nationalist loyalties do not always conform to the boundaries of specific states that exist today. Nation-states developed as part of an emerging nation-state system, originating in Europe, but in current times spanning the whole globe.

**Nationalism:** Commitment, usually passionate commitment, to one's nation and everything related to it. Putting the nation first, being biased in its favour, etc. The ideology that commonalities of language, religion, history, race, ethnicity, etc., make the community distinctive and unique.

**Prejudice:** The holding of preconceived ideas about an individual or group, ideas that are resistant to change even in the face of new information. Prejudice may be either positive or negative, but the common usage is for negative or derogatory preconceptions.

**Preventive - checks:** See 'checks - preventive'

**Productivity of agriculture:** The amount of agricultural output (i.e., quantity of foodgrains or other crops) produced per unit area (e.g., acre, hectare, bigha, etc.). Increases in productivity refer to increases in agricultural output obtained solely through changes in the methods of farming and the quality of inputs, but without any expansion of the cultivated area. Examples of such changes include use of tractors, fertilisers, improved seeds, etc.

**Progression - arithmetic:** A series or sequence of numbers that may start with any number, but where each succeeding number is obtained by *adding* a fixed amount (number) to the preceding number. For example: 6, 10, 14, 18 and so on, where 6 is an arbitrary starting point, but 10 = 6 + 4; 14 = 10 + 4; 18 = 14 + 4; and so on.

**Progression - geometric:** A series or sequence of numbers that may start with any number, but where each succeeding number is obtained by *multiplying* the preceding number by a constant multiple. For example: 4, 20, 100, 500 and so on, where 4 is an arbitrary starting point, but 20 = 4 x 5; 100 = 20 x 5; 500 = 100 x 5; and so on.

**Reflexive:** Literally, turning back on oneself. A reflexive (or self-reflexive) theory is one that seeks to explain not only the world but also its own operations within the world. Thus, a reflexive sociology will try to explain sociology itself as a social phenomenon, along with the other things it seeks to explain. Normally, theories seek to explain their object, not themselves.

**Regionalism:** The ideology of commitment to a particular regional identity which could be based on language, ethnicity and other characteristics in addition to geography.

**Relations of production:** Relations between people and groups with regard to production, especially those related to property and labour.

**Replacement level:** The level of fertility at which the existing generation produces just enough children to replace itself , so that the next generation is of the same size (total population) as the current one. This translates to the rule of thumb that a woman needs to have approximately 2.1 children to ensure that she and her spouse are 'replaced' (the extra 0.1 is required to compensate for the risk of unforeseen or accidental deaths). In other words, the replacement level of the total fertility rate is usually said to be 2.1.

**Sanskritisation:** A term invented by M.N. Srinivas to refer to the process by which middle or lower castes seek upward social mobility by imitating the ritual and social behaviour/practices of castes above themselves, usually brahmins or kshatriyas, also known as *Dwija*.

**Scavenging:** The practice of manual cleaning of human excreta and other garbage and waste products. Still practiced where sewerage systems are not in place. This can also be a service that the untouchable castes are forced to perform.

**Secularism:** There are different versions: (a) The doctrine by which the state is kept strictly separate from religion, i.e., separation of 'church and state' as in western societies. (b) The doctrine by which the state does not discriminate between different religions and shows equal respect to all. (c) The popular sense of the anti-thesis of communalism, i.e., an attitude that is not biased in favour of or against any religion.

**Social constructionism:** The perspective that emphasises society over nature in explaining reality. It views social relations, values and interactions – rather than biology or nature – as being decisive in determining the meaning and content of reality. (For example, social constructionism believes that things like gender, old age, famine, etc., are more social than physical or natural.)

**Social exclusion:** The combined outcome of deprivation and discrimination, which prevent individuals or groups from participating fully in the economic, social and political life of the society in which they live. Social exclusion is structural, i.e., the result of social processes and institutions rather than individual action.

**Son preference:** The social phenomenon where members of a community prefer to have sons rather than daughters, i.e., they value sons more than daughters. The existence of son preference can be established by observing social behaviour towards sons and daughters, or by asking people directly about their preferences and perceptions.

**State:** An abstract entity consisting of a set of political-legal institutions claiming control over a particular geographical territory and the people living in it. A set of interlinked institutions for maintaining a monopoly over the use of legitimate violence in a specified territorial area. Includes institutions like the legislature, judiciary, executive, the army, policy and administration. In another sense, the name given to a regional government within a larger national structure, as in state government of Tamil Nadu, etc.

**Stereotype:** A fixed and inflexible characterisation of a group of people.

**Stratification:** The hierarchical arrangement of different segments of society into 'strata' or sub-groups whose members share the same general position in the hierarchy. Stratification implies inequality; egalitarian societies are in theory lacking in strata, though they may have other forms of sub-grouping which are not arranged in hierarchical terms.

**Stock Market:** A market for 'stocks' or shares in companies. Joint stock companies raise capital by selling shares – a share is a specified portion of the company's assets. Share holders pay money to own shares in a company, and the company uses this money to conduct its business. The shareholders are paid dividends, or a share of the profits made by the company that is distributed according to the number of shares held by each shareholder. A stock market is the place or mechanism for the buying and selling of such shares.

**Surplus value:** Increase in the value of investment, or return to capital; under capitalism, surplus value is derived from surplus labour, or labour performed that is in excess of what is needed to equal the wage paid to the labourer.

**Syncretism:** A cultural phenomenon characterised by the inter-mingling or mixing of different religions or traditions. A hybrid of two distinct religious or cultural traditions.

**Transgression:** The violation of some rule or norm; going beyond socially or culturally determined rules and customs; breaking a social or cultural 'law' (which may not be a legal or formally written law).

**Tribe:** A social group consisting of collections of families and lineages (or clans) based on shared ties of kinship, ethnicity, common history or territorial-political organisation. Distinguished from a caste in that caste is a hierarchical system of mutually exclusive castes whereas a tribe is a single inclusive grouping (though it may have divisions based on clans or lineages).

**Untouchability:** A social practice within the caste system whereby members of the lowest castes are considered to be ritually impure to such an extent that they cause pollution by mere touch. Untouchable castes are at the bottom of the social scale and are excluded from most social institutions.

**Varna:** Literally, 'colour'; a nation-wide version of the caste system dividing society into four hierarchically ordered varnas or caste groups named – brahmin, kshatriya, vaishya and shudra.

**Virtual market:** A market that exists only electronically, and conducts transactions via computers and telecommunication media. The market does not exist in a physical sense, but only in terms of data that are stored electronically.

**Will:** Literally, volition or desire (the will to live, etc.). But as a noun, refers to a legal document specifying the wishes of person as to what should be done with her/his property after death. Usually involves inheritance – specification of the person to whom ownership of the dead person's assets are to be transferred.